രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ്സ് റിപ്പോർട്ട്

2023 - 2024



Information & Public Relations Department
Government of Kerala


രണ്ടാം പിണറായി വിജയൻ
സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട്

2023 - 2024

# എൽ ഡി എഫ് പ്രകടനപത്രികയിലെ 900 വാഗ്ദാനങ്ങളുടെ നിർവ്വഹണപുരോഗതി

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



സർക്കാർ കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ വിശദമായി ചേർത്തിട്ടുണ്ട്. ഞങ്ങൾ വാഗ്ദാനം ചെയ്തതുപോലെ എല്ലാവർഷവും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പാക്കാൻ കഴിഞ്ഞുവെന്നതിന്റെ റിപ്പോർട്ട് ഈ വർഷവും സമർപ്പിക്കുകയാണ്.

# മുഖവുര

***സാമൂഹ്യസുരക്ഷയ്ക്കും പശ്ചാത്തലസൗകര്യവികസനത്തിനും ഊന്നൽ നൽകുന്ന വികസന മുന്നേറ്റമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.***

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനസമക്ഷം അവതരിപ്പിച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി മന്ത്രിസഭയുടെ മൂന്നാം വാർഷിക വേളയിൽ പ്രസിദ്ധീകരിക്കുകയാണ്.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യം ലോകശ്രദ്ധയാകർഷിച്ച ഒന്നാണ്. കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സംവദിക്കാനും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ വിവിധ മേഖലകളിൽ ലോക പ്രശസ്തരായ വിദഗ്ധർ കേരളീയം 2023 ന്റെ ഭാഗമായി നടന്ന സെമിനാറുകളിൽ പങ്കെടുക്കുകയുണ്ടായി. ഇവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നടപ്പിൽവരുത്തുവാനായി വിവിധ വകുപ്പുകൾ ശ്രദ്ധാപൂർവ്വം നടപടികൾ സ്വീകരിച്ചുവരികയാണ്.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തെക്കുറിച്ച് സംവദിക്കാനും വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും സംസ്ഥാനത്തെ മന്ത്രിസഭാ അംഗങ്ങൾ ഒന്നാകെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളുമായി സംവദിക്കാൻ 140 നിയസഭാ മണ്ഡലങ്ങളിലും യാത്ര നടത്തി. നല്ല സ്വീകാര്യതയാണ് യാത്രയുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട നവകേരള സദസ്സുകൾക്ക് ലഭിച്ചത്.

സാമൂഹ്യസുരക്ഷയ്ക്കും പശ്ചാത്തലസൗകര്യവികസനത്തിനും ഊന്നൽ നൽകുന്ന വികസന മുന്നേറ്റമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. മാനവവിഭവ ശേഷി സൂചികകളിൽ രാജ്യത്ത് ഒന്നാം സ്ഥാനം തുടർച്ചയായി കേരളത്തിന് നിലനിർത്താൻ കഴിയുന്നതിൽ നമുക്ക് ഏവർക്കും അഭിമാനിക്കാവുന്നതാണ്.

സാമൂഹ്യക്ഷേമ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം 2016 ൽ അധികാരത്തിൽ വന്ന സർക്കാർ ഏർപ്പെടുത്തി. കേന്ദ്ര നടപടികളുടെ ഭാഗമായുണ്ടായ സാമ്പത്തിക ഞെരുക്കത്തിനിടയിലും ക്ഷേമപെൻഷനുകളുടെ വിതരണം ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ച ലൈഫ് പദ്ധതി മുഖേന 2016 ൽ മുൻ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 4,03,811 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 ന് ശേഷം 1,41,680 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ പല നിയന്ത്രണങ്ങളും നിലവിലുള്ളപ്പോഴാണ് ഈ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നത്.

കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന മലയോര-തീരദേശ ഹൈവേകളുടെ പ്രവർത്തനങ്ങൾ പുരോഗ

മിച്ചുവരികയാണ്. ദേശീയപാത വികസനത്തിന്റെ പ്രവർത്തനങ്ങൾ നാല് റീച്ചുകൾ പൂർത്തീകരിച്ചു. മറ്റു റീച്ചുകൾ അതിവേഗം പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം സാമ്പത്തിക വിഹിതം നൽകുന്നത് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളാണ് ദേശീയപാത വികസനം യാഥാർത്ഥ്യമാക്കിയത്.

നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായതും പരിസ്ഥിതി സൗഹൃദമായതുമായ വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016 ന് ശേഷം 4,945 സ്റ്റാർട്ടപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടികളുടെ ഭാഗമായി സർക്കാർ മുൻകയ്യെടുത്ത് 2023 ൽ സംരംഭകത്വവർഷമായി ആചരിച്ചു. 2021 മുതൽ നാളിതുവരെ 2,44,702 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 15,559.84 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. 5,20,945 പേർക്ക് തൊഴിൽ ലഭ്യമായി.പി.എസ്.സി വഴി നിയമനം നൽകുന്ന കാര്യത്തിൽ സർക്കാരിന് ഉറച്ച നിലപാടാണുള്ളത്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 37,124 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കാർഷികോൽപാദനവർദ്ധനയും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കലും ലക്ഷ്യമിട്ട് 2022 ഏപ്രിൽ മാസം മുതൽ സർക്കാർ നടപ്പാക്കി വരുന്ന ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലൂടെ 2024 മെയ് മാസം വരെ 2,36, 344 തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. നാലുവർഷ ബിരുദ കോഴ്സുകൾ, ക്യാമ്പസ്സുകളിൽ സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കൽ, ഗവേഷണ ഫലങ്ങൾ സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ പരിവർത്തനം ചെയ്യാനുള്ള ട്രാൻസിലേഷണൽ ഗവേണഷ കേന്ദ്രങ്ങൾ വിവിധ സർവ്വകലാശാലകളിൽ ആരംഭിക്കൽ എന്നിവയ്ക്കുള്ള നടപടികൾ പൂർത്തീകരിച്ചു. ഇതിനുപുറമെ ആരോഗ്യ, പൊതുവിദ്യാഭ്യാസ, പരിസ്ഥിതി മേഖലകളിൽ മിഷൻ മാതൃകയിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്. കേരള സർക്കാർ ജനാധിപത്യം മതനിരപേക്ഷത ഉൾപ്പെടെയുള്ള ഭരണഘടനാമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും അവ ഭാവിതലമുറയ്ക്ക് പകർന്നു നൽകാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സുഗമമായി ലഭ്യമാക്കാൻ ഓൺലൈൻ പ്ലാറ്റ് ഫോമുകൾ വികസിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ കെ-സ്മാർട്ട് വഴി ലഭ്യമാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന് അംഗീകരിക്കുകയും അവ സുതാര്യമായി ലഭ്യമാക്കാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

നിങ്ങൾക്ക് ഏവർക്കും അറിയാവുന്നതുപോലെ 2021 ന് ശേഷം സംസ്ഥാനം പല വെല്ലുവിളികളും നേരിടുകയാണ്. വായ്പാ പരിധിയിൽ കേന്ദ്രസർക്കാർ കുറവ് വരുത്തുമ്പോഴും ചെലവുകൾ ക്രമീകരിച്ചും തനത് വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക ഞെരുക്കത്തെ നേരിടുവാനുള്ള ശക്തമായ നടപടികൾ സംസ്ഥാനം കൈക്കൊള്ളുകയുണ്ടായി. മറിച്ചുള്ള പ്രചരണങ്ങൾ ഉണ്ടെങ്കിലും കേരളം നേരിടുന്ന പ്രശ്നങ്ങളെ ജനപിന്തുണയോടെ അതിജീവിക്കുന്നതിനും നവകേരള സൃഷ്ടി എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ പദ്ധതി തയ്യാറാക്കി വിജയകരമായി നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സർക്കാർ കൈവരിച്ച പുരോഗതിയുടെ വകുപ്പ് തലത്തിലുള്ള വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. എല്ലാ വർഷവും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം സർക്കാരിന് നടപ്പാക്കാൻ കഴിഞ്ഞുവെന്നതിന്റെ റിപ്പോർട്ട് ഈ വർഷവും സമർപ്പിക്കുകയാണ്. നിങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഫലപ്രദമായ രീതിയിൽ പരിപാടികൾ നടപ്പാക്കാൻ അത് ഞങ്ങളെ ഏറെ സഹായിക്കും.

സ്നേഹപൂർവ്വം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# ഉള്ളടക്കം

## I

20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും........8
ഇന്നവേഷൻ അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം........10
സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം........13
ഐ.ടി വ്യവസായം........15
ഇലക്ട്രോണിക് വ്യവസായം........21
ബയോടെക്നോളജി വ്യവസായം........26
നാനോ സാങ്കേതികവിദ്യ........27
ഫാർമസ്യൂട്ടിക്കൽ വ്യവസായം........28
പൊതുമേഖല........29
ടൂറിസം........36
പ്രവാസികൾ........46
ആധുനിക ചെറുകിട വ്യവസായം........49

## II

15 ലക്ഷം ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കും........52
തൊഴിലുറപ്പ് പദ്ധതി........54
അയ്യങ്കാളി പദ്ധതി........54
കാർഷിക തൊഴിലവസരങ്ങൾ........55
കയർ........55
കശുവണ്ടി........58
കൈത്തറി........59
ഖാദി........60
മറ്റു പരമ്പരാഗത വ്യവസായങ്ങൾ........62
നിർമ്മാണ മേഖല........64
വാണിജ്യ മേഖല........64

## III

ദാരിദ്ര്യനിർമ്മാർജ്ജനം........66
പട്ടികവർഗ്ഗക്ഷേമം........72
പരിവർത്തിത ക്രൈസ്തവർ........77
പിന്നാക്ക സമുദായക്ഷേമം........78
ന്യൂനപക്ഷ ക്ഷേമം........79
മത്സ്യമേഖല........82
ഭിന്നശേഷിക്കാർ........95
വയോജനങ്ങൾ........102
ഭക്ഷ്യസുരക്ഷ........106

## IV

കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും........112
പച്ചക്കറി........116
നെല്ല്........118
നാളികേരം........120
റബ്ബർ........122
മറ്റു തോട്ടവിളകൾ........123
മലയോര കൃഷിഭൂമി........125
ജലസേചനം........127
മൃഗപരിപാലനം........132

## V

പൊതുസേവനങ്ങൾ ലോകോത്തരമാക്കും........139
ഉന്നതവിദ്യാഭ്യാസം........151
പൊതുജനാരോഗ്യം........161
മെഡിക്കൽ കോളേജ്........171
ആയുഷ്........179
കുടിവെള്ളം........183
സുസ്ഥിരതാ പദ്ധതി........183
പാർപ്പിടം........186
കായികരംഗം........187
ഭാഷ, കല, സംസ്കാരം, മാധ്യമം........193

## VI

രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യമുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തും...200

വൈദ്യുതി ........................................................ 201
പൊതുമരാമത്ത് .............................................. 207
കെ എസ് ആർ ടി സി ........................................ 213
തുറമുഖം ......................................................... 216
ഉൾനാടൻ ജലഗതാഗതം ................................ 218
റെയിൽവേ ...................................................... 220
വ്യോമഗതാഗതം ............................................. 222
ഇടനാഴികളും ഹബ്ബുകളും ............................ 222
പ്രധാന കിഫ്ബി പദ്ധതികൾ ........................ 224


## VII


തദ്ദേശഭരണം പുതിയ വിതാനത്തിലേക്ക് ഉയർത്തും ...................... 229
പതിനാലാം പഞ്ചവത്സര പദ്ധതി ................ 229
ജനകീയതയും സുതാര്യതയും ................... 231
ഭരണനിർവ്വഹണം ......................................... 233
ഇ-ഗവേണൻസ് ............................................... 234
നീർത്തടാധിഷ്ഠിത ആസൂത്രണം ............... 234
ശുചിത്വകേരളം .............................................. 236
നഗരവികസനം ............................................... 239


## VIII


കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കും .......... 240
ഇ-വാഹനങ്ങൾ .............................................. 241
നിർമ്മാണ പ്രവർത്തികൾ ............................ 242
വനം ................................................................. 243
കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ് ............................... 245
വയനാട് കാർബൺ ന്യൂട്രൽ കോഫി ....... 247
ഹൈറേഞ്ച് ....................................................... 248
മലബാറിന്റെ പിന്നോക്കാവസ്ഥ .................. 249


## IX


കേരളത്തെ സ്ത്രീ സൗഹൃദമാക്കും .......... 250
കുടുംബശ്രീ .................................................... 253
ശിശുക്ഷേമം ................................................... 254
ട്രാൻസ്ജെൻഡർ ............................................ 256


## X


ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും ........................................... 258
നികുതിഭരണം ................................................ 258
കേരള ബാങ്ക് .................................................. 261
സഹകരണം ...................................................... 263
കെ എസ് എഫ് ഇ ........................................... 264
സ്റ്റേറ്റ് ഇൻഷുറൻസ് ....................................... 265


## XI


അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും ഭരണപരിഷ്കാരം ........................................... 266
അഴിമതിവിമുക്ത കേരളം ............................ 269
യൂണിഫോമ്ഡ് ഫോഴ്സസ് ........................ 270
മറ്റു റെഗുലേറ്ററി വകുപ്പുകൾ ....................... 280
ഭരണഘടനാ സ്ഥാപനങ്ങൾ ........................ 282
സംസ്ഥാന ഭാഗ്യക്കുറി .................................. 284
ദേവസ്വം ........................................................... 286
സംസ്ഥാന ആസൂത്രണ ബോർഡ് ............. 287
സംവരണനയം ............................................... 287
മദ്യനയം .......................................................... 288
ജീവനക്കാർ ..................................................... 290
തൊഴിൽനയം ................................................... 290
പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്ക് പുറമെ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ........................................ 294


തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ ക്രമനമ്പരാണ് പ്രോഗ്രസ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്

# I
# 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും

1. തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്കു ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ഒരു ബൃഹത്തായ തൊഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കും. കൊവിഡ് പകർച്ചവ്യാധിമൂലം വീടുകളിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം ഗണ്യമായി ഉയർന്നു. അടുത്ത അഞ്ചുവർഷത്തിനകം ആഗോളതലത്തിൽ ഇവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്ക്. ആഗോള ഡിജിറ്റൽ വ്യവസായ മേഖലയിലെ ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

   നിർമ്മിതബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യ രൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങളുടെ വിവരം ലഭ്യമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി കരാറിൽ ഒപ്പിട്ടിട്ടുണ്ട്. ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പ്രകാരം 1,08,242 പേർക്ക് തൊഴിൽ നൽകി.

## ഉന്നതതൊഴിലുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം

2. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാല അടിസ്ഥാനത്തിൽ നൽകും. ഇതിനായി ഒരു സ്കിൽമിഷൻ രൂപീകരിക്കും. മിഷനു കീഴിൽ അസാപ്, കേയ്സ്, ഐ.സി.ടി അക്കാദമി എന്നീ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും നൈപുണ്യ പരിശീലനം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യും. 50 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകും.

   പ്ലാറ്റ്ഫോം കോ ഓപ്പറേറ്റിവ് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ഹാർവാർഡ് ഓപ്പൺ സ്കൂളുമായി ചേർന്നു നടപ്പിലാക്കി. വർക്ക് നിയർ ഹോം പത്തു കേന്ദ്രങ്ങളിൽ നടപ്പാക്കാൻ ആരംഭിച്ചു. തൊഴിൽ വകുപ്പുമായി ചേർന്നു ഇതിനായി നിയമ നിർമ്മാണം നടത്താൻ ശ്രമിക്കുന്നു.

3. തൊഴിലന്വേഷകരായ നൈപുണ്യ പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരെക്കുറിച്ചുള്ള വിവരങ്ങൾ നിർമ്മിത ബുദ്ധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. അവരിൽ നിന്ന് ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിന് ആഗോള

കമ്പനികൾക്ക് അവസരമൊരുക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ കേരളത്തിലെ വ്യവസായ പാർക്കുകളിലോ, മറ്റു വികേന്ദ്രീകൃത മിനി പാർക്കുകളിലോ അല്ലെങ്കിൽ വീട്ടിൽത്തന്നെ ഇരുന്നോ ജോലി ചെയ്യും.

19.04.2024 വരെ 18,307 അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകി. നൂതന മാതൃകയിൽ ഫീസ് മുൻകൂർ വാങ്ങിക്കാതെ ജോലി ലഭിച്ച ശേഷം ഫീസ് വാങ്ങിക്കുന്ന തരത്തിലുള്ള നൈപുണ്യം നടപ്പിലാക്കാൻ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രാദേശികമായ ഹെൽപ് ഡെസ്കുകൾ വഴി ചെലവ് കുറഞ്ഞ പരിശീലനം-ക്യൂറേഷൻ സംവിധാനങ്ങൾ പത്തനംതിട്ടയിൽ പരീക്ഷിക്കുന്നു.

4. തൊഴിൽ ലഭിക്കുന്നവരുടെ പി.എഫ് അടക്കമുള്ള സാമൂഹ്യ സുരക്ഷാ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും. ഉപകരണങ്ങൾ വാങ്ങാനുള്ള വായ്പ ലഭ്യമാക്കും. സഹായവാടകയ്ക്ക് വീടിനടുത്ത് ജോലി ചെയ്യാനുള്ള സൗകര്യം സൃഷ്ടിക്കും.

ഇനം 1 ലെ വിവരങ്ങൾ കാണുക

5. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കിഫ്ബി പോലെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമായി കേരള ഡെവലപ്പ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) മാറ്റും. ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുക, നൈപുണ്യ പരിശീലനങ്ങളെ ഏകോപിപ്പിക്കുക, ഉന്നതവിദ്യാഭ്യാസ പുനഃസംഘടനയെ സഹായിക്കുക ഇന്നവേഷൻസിനെ പ്രോത്സാഹിപ്പിക്കുക എന്നിവ കെ ഡിസ്കിന്റെ ചുമതലകളായിരിക്കും.

വർക്ക് നിയർ ഹോം പദ്ധതിയിൽ, സർക്കാർ ഉത്തരവ് പ്രകാരം SPV യെ നിയോഗിക്കുകയും 10 പൈലറ്റ് ലൊക്കേഷൻസ് തെരഞ്ഞെടുകുകയും ചെയ്തു. SPV തിരഞ്ഞെടുത്ത ഓപ്പറേറ്റിംഗ് പാർട്ണർസ് 10 സ്ഥലങ്ങളിലെയും DPR തയാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

6. ബ്ലോക്ക് മുൻസിപ്പൽ തലത്തിൽ വർക്ക് നിയർ ഹോം വർക്ക് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ഒരു സ്കീമിന് രൂപം നൽകും. 5000 ചതുരശ്രയടി കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ അവയെ വർക്ക് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്.

K-DISC-ൽ ഒരു Result Based Management (RBM) ചട്ടക്കൂട് സ്ഥാപിക്കുന്നു. ഇതിനായി Zoho People , Zoho Projects വഴി Time logging, പ്രൊജക്റ്റ് മോണിറ്ററിങ്ങും നടത്തുന്ന ആദ്യ പൊതുമേഖലാ സ്ഥാപനമാണ് കെ-ഡിസ്ക്. പുതിയ പ്രതിഭകളെ ഉൾപ്പെടുത്തി കെ-ഡിസ്ക്കിനെ ശക്തിപ്പെടുത്തുന്നു. ശേഷി വർധിപ്പിക്കൽ, ദീർഘകാല കാലാവധി, പ്രോത്സാഹന സംവിധാനങ്ങൾ എന്നിവയിലൂടെ നിലവിലുള്ള മനുഷ്യശക്തിയുടെ പ്രകടനം മെച്ചപ്പെടുത്തുന്നു. വർക്ക് നിയർ ഹോം പദ്ധതി നടപ്പാക്കുന്നതിലേക്കായി 50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. വർക്ക് നിയർ ഹോം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായും, പദ്ധതിയുടെ നിർമ്മാണ നിർവഹണം നടത്തുന്നതിലേക്കുമായി ULCCS -UL INSIGHT, INNER SPACE COWORKING എന്നീ രണ്ട് സ്ഥാപനങ്ങളെ K-DISC ദർഘാസ്

നടപടികളിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി തിരഞ്ഞെടുത്ത 10 സ്ഥലങ്ങളിലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി 37.5 കോടി രൂപ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

7. ഐആർ 4.0 സാങ്കേതികവിദ്യയുടെ പ്രാദേശികതല പ്രയോഗത്തിനും, സംരംഭസൃഷ്ടിക്കും പ്രത്യേക ഊന്നൽ നൽകും. ഇതിനാവശ്യമായ സംരംഭവികസന പരിപാടികൾക്ക് കെ-ഡിസ്ക് മുൻകൈയ്യെടുക്കും.

Industrial Revolution 4.0 ത്തിന്റെ ഭാഗമായി One Local Government One Idea എന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

ഐ.സി.ടി. അക്കാദമി ഓഫ് കേരള വിദ്യാർത്ഥികൾ, യുവജനങ്ങൾ, കമ്പനികൾ തുടങ്ങിയവർക്ക് വിവിധ IR 4.0 അധിഷ്ഠിത നൈപുണ്യ പരിശീലന കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. കൂടാതെ AI/ML, സൈബർ സുരക്ഷ, റോബോട്ടിക്സ്, ഓട്ടോമേഷൻ, ക്ലൗഡ് കംപ്യൂട്ടിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകിവരുന്നു.

## ഇന്നവേഷൻ അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം

8. ആഗോള കമ്പനികൾക്കുവേണ്ടി കേരളത്തിലിരുന്ന് പണിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം കേരളത്തിൽ നൂതനവിദ്യകളെ അടിസ്ഥാനമാക്കിയുള്ള പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കും. ഇതിന് ഇന്നവേഷൻസിനെ അഥവാ നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സമൂഹമായി കേരളം മാറണം.

SPV തിരഞ്ഞെടുത്ത ഓപ്പറേറ്റിംഗ് പാർട്ണേഴ്സ് 10 സ്ഥലങ്ങളിലെയും DPR തയാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

9. ഉന്നതവിദ്യാഭ്യാസ മേഖലയിലും മറ്റും സൃഷ്ടിക്കപ്പെടുന്ന പുതിയ അറിവുകൾ സാമ്പത്തിക മേഖലയിലെ സങ്കേതങ്ങളോ പ്രക്രിയയോ ഉൽപന്നമോ സംഘാടന വിപണന രീതിയോ ആയി രൂപാന്തരം പ്രാപിക്കുന്നതിനെയാണ് ഇന്നവേഷൻ അഥവാ നൂതനവിദ്യ എന്നു വിളിക്കുന്നത്. സാമ്പത്തിക ഭരണമേഖലയുടെ എല്ലാ തലങ്ങളിലും നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ ആവിഷ്കരിക്കുക.

2022-23 പ്ലാൻ ഗൈഡ്‌ലൈനിൽ വർക്ക് നിയർ ഹോം വർക്ക് സ്റ്റേഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

10. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ മൂന്നുതട്ടുകളിലായി സംഘടിപ്പിക്കും. ആദ്യ തട്ടിൽ മുഴുവൻ വിദ്യാർത്ഥികൾക്കോ സംഘങ്ങൾക്കോ പങ്കെടുക്കാൻ അവസരമുണ്ടാകും. അതിൽ ഏറ്റവും മികവുള്ള നൂതനവിദ്യകൾ മുന്നോട്ടു വയ്ക്കുന്ന 10,000 പേരെ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും. 2000 പേരെങ്കിലും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കും. സംസ്ഥാനതല വിജയികൾക്ക് തങ്ങളുടെ നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ



ഹഡിൽ കേരള

വികസിപ്പിക്കുന്നതിനുള്ള എല്ലാ സഹായവും സർക്കാർ ലഭ്യമാക്കും. മൂന്നുതട്ടിലെ മത്സരാർത്ഥികൾക്കും സാമ്പത്തിക പ്രോത്സാഹന സഹായം നൽകും.

യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ചു. ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം എന്ന പരിപാടിയുടെ ഭാഗമായി മാലിന്യമുക്ത കേരളം ഹാക്കത്തോണുകൾ നടപ്പാക്കി. 7 മേഖലകളിൽ ഇടപെടൽ പരിപാടികൾ തയ്യാറായി. ഒരു ജില്ല ഒരു ആശയം പരിപാടിയിൽ 7 ക്ലസ്റ്ററുകളുടെ രൂപരേഖ തയ്യാറായിട്ടുണ്ട്.

11. തങ്ങളുടെ ചുറ്റുപാടുമുള്ള ഏതു മേഖലയിലെയും പ്രശ്നങ്ങൾക്ക് നൂതനവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതനവിദ്യ ഡിജിറ്റലായി രജിസ്റ്റർ ചെയ്യാം. ഇവ പരിശോധിച്ച് മികവുറ്റതാക്കാനുള്ള സഹായം നൽകും. പൂർണ്ണതയിൽ എത്തിയാൽ ടെണ്ടറില്ലാതെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും വാങ്ങാൻ അനുവാദമുണ്ടാകും. സ്വകാര്യ വ്യക്തികൾ വാങ്ങിയാൽ സബ്സിഡിയും നൽകും. ഇതിന് പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതാണ്.

ഈ ഇനത്തിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

12. തദ്ദേശ ഭരണസ്ഥാപനങ്ങൾ വിവിധ മേഖലകളിൽ രൂപം നൽകുന്ന നൂതനവിദ്യ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്ക് മത്സരാടിസ്ഥാനത്തിൽ

പ്രോത്സാഹന സഹായം നൽകുന്നതാണ്.

'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയിൽ 1692 ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ അദ്ധ്യക്ഷൻമാരേയും സെക്രട്ടറിമാരേയും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ പരിശീലനം നൽകി. 474 ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥർക്കും 340 ബ്ലോക്ക് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കും 1473 ഗ്രാമപഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥർക്കം പരിശീലനം നൽകി. 7564 തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്ഥാപനതല വാർഡ് മെമ്പർമാർക്കുള്ള പരിശീലനവും നൽകി.

13. സർക്കാർ വകുപ്പുകളിൽ നൂതനവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നവേഷൻ സോൺ എന്ന പ്രത്യേക സംവിധാനത്തിനു രൂപം നൽകുന്നതാണ്.

ആരോഗ്യം, പോലീസ്, ഗതാഗതം, കൃഷി എന്നീ വകുപ്പുകളിൽ ഈ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഗതാഗത നിയന്ത്രണ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിക്കുന്ന എഐ/എംഎൽ അധിഷ്ഠിത മാർഗങ്ങൾ സ്വീകരിക്കാനാവശ്യമായ പിന്തുണ, കേരള പോലീസിന്, ഐസിടി അക്കാദമി ഓഫ് കേരള നൽകിവരുന്നു.

14. ഇന്നോവേഷൻ മത്സരങ്ങളെ കേവലം ചടങ്ങുകളായി അവസാനിക്കാത്ത വിധത്തിൽ തുടർച്ചയായ നൂതാനാശയ വികസനത്തിൽ ഊന്നി ആയിരിക്കും സംഘടിപ്പിക്കുക. ഇതിനു സഹായകരമാംവിധം ഹബ് ആൻഡ് സ്പോക് മാതൃകയിൽ കേരളത്തിലെ ഗവേഷണ അക്കാദമിയിൽ സ്ഥാപനങ്ങളെ ഈ പ്രക്രിയയുമായി ബന്ധിപ്പിക്കും. ഈ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും വ്യാവസായിക സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും ചേർത്ത് കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റീസുകൾക്കും ഷെൽഫ് ഓഫ് പ്രോജക്റ്റുകൾക്കും രൂപംനൽകും.

കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ഈ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ളതാണ്.

15. ഇന്നവേഷൻ മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് ഡിസൈൻ തിങ്കിംഗ്, റിസർച്ച് മെത്തഡോളജി, പ്രോഡക്റ്റ് ഡിസൈൻ, സോഷ്യൽ ഇംപാക്റ്റ് മെത്തേഡ്സ്, മോഡലിംഗ്, സിമുലേഷൻ എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്. ഇതോടൊപ്പം ഓരോ വിദ്യാർത്ഥിക്കും അവർ വികസിപ്പിക്കുന്ന നൂതനാശയത്തിന്റെ മേഖലയിൽ ആഴത്തിൽ പരിശോധനകൾ നടത്തുന്നതിനുതകുംവിധം മെന്ററിംഗ് സംവിധാനങ്ങളും ഉറപ്പുവരുത്തുന്നതാണ്.

മെന്ററിംഗ് ആരംഭിച്ചിട്ടുണ്ട്. തുടർപിന്തുണക്കായി വൈ.ഐ.പി ഇ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്.

16. ചെറുകിട സൂക്ഷ്മസംരംഭങ്ങളുടെ മേഖലയിൽ ഇന്നോവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കെ-ഡിസ്ക് തയ്യാറാക്കിയ കർമ്മപരിപാടി വ്യവസായ പ്രോത്സാഹന ഏജൻസികളുടെയും കുടുംബശ്രീയുടെയും സഹായത്തോടെ വിപുലമാക്കും.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഒരു ശൃംഖല വികസിപ്പിക്കുകയാണ് വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ പ്രോഗ്രാം വിഭാവനം ചെയ്യുന്നത്. മെൻറർ സ്ഥാപനങ്ങളുമായി മൂന്ന് ഘട്ടങ്ങളിലായി അവലോകനങ്ങൾ നടത്തി 52 ഇന്നൊവേഷൻ ക്ലസ്റ്ററുകളെ അടയാളപ്പെടുത്തിയിട്ടുണ്ട്. മെൻറർ സ്ഥാപനങ്ങൾക്കുള്ള ആദ്യ സെറ്റ് പരിശീലനം ഡിജിറ്റൽ സർവ്വകലാശാലയാണ് നടത്തിയത്.

17. തിരുവനന്തപുരത്തെ കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബാക്കി ഉയർത്തും. കേരള സർവ്വകാലശാല, സാങ്കേതിക സർവ്വകലാശാല, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഐസിറ്റി അക്കാദമി തുടങ്ങിയ ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളുടെയും ടെക്നോ പാർക്കിന്റെയും കൂട്ടായ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുത്തു വികസിപ്പിക്കും. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ഏകോപിപ്പിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച കേരളത്തിലെ ആദ്യത്തെ AI ചിപ്പ് – കൈരളി ചിപ്പ് –അതിന്റെ പരീക്ഷണങ്ങൾ പുരോഗമിച്ചു വരികയാണ്. KSUM-ന്റെ ഏകോപനത്തിൽ, സ്ത്രീ ശാക്തീകരണത്തിനുള്ള WISE പ്രോജക്റ്റ് വഴി, DUK, കോളേജ് വിദ്യാർത്ഥികൾക്ക് സംരംഭകത്വ സ്റ്റാർട്ടപ്പ് സൗകര്യം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

## സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം

18. നൂതനവിദ്യകളെ ആസ്പദമാക്കിയുള്ള പുതിയ സംരംഭങ്ങൾക്കാണ് സ്റ്റാർട്ട് അപ്പ് എന്നു പറയുന്നത്. വലിയ മുതൽമുടക്കിനു കഴിവൊന്നും ഇല്ലാത്തതും എന്നാൽ നൂതന ആശയങ്ങളും വിദ്യകളുമുള്ള യുവജനങ്ങളാണ് സ്റ്റാർട്ട് അപ്പുകൾക്ക് രൂപം നൽകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ 300 സ്റ്റാർട്ട് അപ്പുകളാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 3,900 ആയി വർദ്ധിച്ചു. 32,000 പേർക്ക് തൊഴിൽ ലഭിച്ചു. ഇന്ത്യയിൽ സ്റ്റാർട്ട് അപ്പുകൾക്ക് ഏറ്റവും നല്ല അന്തരീക്ഷമുള്ള സംസ്ഥാനമായി കേരളത്തെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് 15,000 സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കും. ഒരു ലക്ഷം പേർക്ക് പുതുതായി ജോലി ലഭ്യമാക്കും.

തുടർപടികൾ പുരോഗമിച്ചുവരുന്നു. ഇതുവരെ 5300 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതിലൂടെ 55,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2026 ഓടെ 15000 സ്റ്റാർട്ട് അപ്പുകൾ രജിസ്റ്റർ ചെയ്യുക വഴി ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നൂതനാശയങ്ങൾ കണ്ടെത്തി ഹാക്കത്തോൺ, ഐഡിയാ ഡേ, ഐഡിയത്തോൺ എന്നീ പരിപാടികൾ വഴി മികച്ച സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ തുടരും. നൂതനാശയങ്ങൾക്കും മികച്ച സ്റ്റാർട്ടപ്പുകൾക്കും ഇന്നവേഷൻ ഗ്രാന്റ്, സീഡ് ലോൺ എന്നിവയും ലഭ്യമാണ്. സെക്ടർ/ഡൊമൈൻ/ വിഷയം/ഘട്ടം എന്നിവ അടിസ്ഥാനമാക്കിയായിരിക്കും സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം ലഭ്യമാക്കുക. ഇതുവരെ 800ൽ പരം സ്റ്റാർട്ടപ്പുകൾക്ക് 25 കോടിയോളം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

19. സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കാൻ കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കും. ഏതെങ്കിലും സ്റ്റാർട്ട് അപ്പ് പുറത്തുനിന്ന് നിക്ഷേപം ആകർഷിക്കുകയാണെങ്കിൽ ഈ ഫണ്ടിൽ നിന്ന് മാച്ചിംഗ് നിക്ഷേപം നടത്തും.

സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ഇൻവെസ്റ്റ്മെന്റ് നേടാനും വെഞ്ചർ ക്യാപിറ്റൽ ഫണ്ടുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും സംസ്ഥാന സർക്കാർ രൂപീകരിച്ച കോർപ്പസ് ഫണ്ട് ആണ് ഫണ്ട് ഓഫ് ഫണ്ട്. സെബി (SEBI) അംഗീകാരമുള്ള Alternative Investment Fund (AIF) കളുമായി സഹകരിച്ചാണ് ഈ പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സർക്കാർ നടപ്പിലാക്കുന്നത്. 2021–22 സാമ്പത്തിക വർഷം 11.26 കോടി രൂപയും 2022–23 ൽ 5.18 കോടി രൂപയും ഫണ്ടുകൾ നിക്ഷേപിക്കുകയും പദ്ധതിയാരംഭിച്ച 2018–19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്റ്റാർട്ടപ്പുകൾക്ക് പ്രസ്തുത ഫണ്ടുകൾ 86.5 കോടി രൂപ നിക്ഷേപമായി നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിന് പുറമെയാണ് കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചത്. കിഫ്ബി (KIIFB) മുഖേനയാണ് പ്രസ്തുത ഫണ്ടിംഗ് നടപ്പിലാക്കുന്നത്.

20. സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്ന വായ്പയിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകും.

സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയുടെ പലിശയിന്മേൽ കെഎഫ്സി 2% സബ്സിഡി അനുവദിച്ചുവരുന്നു. സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സെബി അംഗീകാരമുള്ള ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി നിക്ഷേപത്തിന്റെ ഇരട്ടിയിൽ കുറയാത്ത തുക സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന 'ഫണ്ട് ഓഫ് ഫണ്ട്' പദ്ധതി നടപ്പിലാക്കി വരുന്നു.

21. സർക്കാരിന്റെ വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നൂതന പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിന് ഒരു കോടി രൂപ വരെ ഈടില്ലാതെ ഫണ്ട് ലഭ്യമാക്കും.

വർക്ക് ഓർഡറുകളുടെ അടിസ്ഥാനത്തിൽ കെഎസ്ഐഡിസി, കെഎഫ്സി എന്നീ സ്ഥാപനങ്ങൾ വായ്പ നൽകിവരുന്നു.

22. സ്റ്റാർട്ട് അപ്പുകൾക്ക് വർക്ക് ഓർഡറിന്റെ ഈടിൽ ഉദാരമായി വായ്പ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കും.

ഈ പദ്ധതിക്കായി ഇതിനകം 6 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

24. സ്റ്റാർട്ട് അപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം സ്ഥാപിക്കാൻ പ്രത്യേക സംവിധാനത്തിന് രൂപം നൽകും.




ഹഡിൽ കേരള

സ്റ്റാർട്ട് അപ്പ് ഇൻഫിനിറ്റി പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ ദുബായിൽ ആദ്യ ഇൻഫിനിറ്റി കേന്ദ്രം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. പദ്ധതി ബെൽജിയം, ഓസ്ട്രേലിയ, യു.എസ്.എ എന്നീ രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നു. സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കൽ, നിക്ഷേപം, പുതിയ പദ്ധതികൾ, വിപണി വിപുലീകരണം എന്നിവ ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി സാധ്യമാക്കും.

## ഐ.ടി വ്യവസായം

26. **കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഐ.ടി മേഖലയിൽ 60.47 ലക്ഷം ചതുരശ്രയടി ഐ.ടി പാർക്കുകളും, അരലക്ഷത്തോളം തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കുന്നതിനും സാധിച്ചു. നാം സ്വീകരിച്ച മുൻകൈകൾ ഫലപ്രാപ്തിയിലേയ്ക്ക് വരുന്ന വേളയിലാണ് കോവിഡിന്റെ തിരിച്ചടിയുണ്ടായത്. അടുത്ത അഞ്ചുവർഷം കേരളത്തിലെ ഐ.ടി വ്യവസായത്തിൽ 2 കോടി ചതുരശ്രയടി ഐ.ടി പാർക്കുകളും, 2 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കും. 2 ലക്ഷം അഭ്യസ്തവിദ്യർക്ക് ഐ.ടി മേഖലയിൽ മാത്രം തൊഴിൽ നൽകുന്നതാണ്.**

മൂന്ന് ഐ.ടി പാർക്കുകളിലുമായി 65,200 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാരിന്റെ കാലയളവിൽ മാത്രം 30,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2016 ന് ശേഷം മൂന്ന് ഐ.ടി പാർക്കുകളിലുമായി ഐ.ടി സ്പേസ് 91.69 ലക്ഷം ചതുരശ്ര അടി വർദ്ധിച്ചിട്ടുണ്ട്. കണ്ണൂർ ഐടി പാർക്കിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. എൻഎച്ച് 66 ൽ 72 ഐടി കോറിഡോറുകൾ കെഎസ്ഐഡിസി കണ്ടെത്തിയിട്ടുണ്ട്.

27. **ഇപ്പോൾ കേരളത്തിൽ ടി.സി.എസ്, യു.എസ്.ടി ഗ്ലോബൽ, ഇൻഫോസിസ്, ഇ.എൻ.വൈ, അലയൻസ്, നിസാൻ, ഐ.ബി.എസ്, സൺടെക്, ഇൻവെസ്റ്റ്നെറ്റ്, നാവിഗന്റ്, ഒറക്കിൾ, ക്വെസ്റ്റ് ഗ്ലോബൽ, കോഗ്നിസെന്റ്, വിപ്രോ, കെ.പി.എം.ജി, തുടങ്ങിയ ആഗോള കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രമുഖ കമ്പനികളെക്കൂടി കേരളത്തിലേയ്ക്കു കൊണ്ടുവരും.**

മേൽപ്പറഞ്ഞത് നടപ്പിലാക്കാനായി ഹൈ പവർ കമ്മിറ്റി പുനഃസംഘടിപ്പിച്ചു. അതിന്റെ കീഴിൽ നാല് സബ് കമ്മിറ്റികൾ (പോളിസി, ഇൻഫ്ലുവൻഷ്യൽ മാർക്കറ്റിങ്, ടാലെന്റ്, സ്റ്റാർട്ട്അപ്പ്) രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി നിർവഹിക്കുവാൻ പ്രാപ്തിയുള്ള അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടിംഗ് കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇൻഫോപാർക്കിൽ ടെക് മഹീന്ദ്ര, ഐബിഎം തുടങ്ങിയ ആഗോള കമ്പനികൾ പ്രവർത്തനം ആരംഭിച്ചു.

കേരളാ ഐ.ടി എന്ന മുഖ്യ ബ്രാൻഡിനെയും അതിനു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 12 സബ് ബ്രാൻഡുകളെയും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ബ്രാൻഡിംഗ്, റീബ്രാൻഡിംഗ്, മാർക്കറ്റിംഗ് പദ്ധതി തയ്യാറായി. പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയുള്ള ക്രിയേറ്റീവ് ഏജൻസിയെ കണ്ടെത്തിയതിനു ശേഷം പദ്ധതി ആരംഭിക്കും. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ കേരളാ ഐ.ടി പാർക്കുകൾക്ക് ദേശീയതലത്തിലും ആഗോളതലത്തിലും ശ്രദ്ധയാകർഷിക്കുന്നതിനു വേണ്ടി ദൃശ്യ മാധ്യമങ്ങളിലൂടെയും, സമൂഹമാധ്യമങ്ങളിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

Ernst and Young (EY)-യുമായി സഹകരിച്ച്, കരിയർ ബ്രേക്ക് വന്ന സ്ത്രീകളെ തൊഴിൽ സജ്ജരാക്കാനായി പ്രത്യേക പരിശീലന പരിപാടികൾ കഴിഞ്ഞ മൂന്ന് വർഷമായി ഐ.സി.ടി. അക്കാദമി ഓഫ് കേരള സംഘടിപ്പിക്കുന്നു.

28. **കെ-ഫോണിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. 2021ൽ പദ്ധതി പൂർത്തീകരിക്കും. കെ-ഫോൺ പദ്ധതിയുടെ പ്രയോജനം എല്ലാതലത്തിലും ലഭ്യമാക്കും വിധം വിപുലീകരിക്കും. യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ടിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം ലഭ്യമാക്കും. കെ-ഫോണിന്റെ അപ്ഗ്രഡേഷനും ശാക്തീകരണവും നടത്തും.**

കെ-ഫോൺ പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായി വരുന്നു. വിവിധ ജില്ലകളിലായി 29,216 ഓഫീസുകളിൽ കെ-ഫോൺ പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ 21,311 സർക്കാർ സ്ഥാപനങ്ങളിൽ/ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

വാണിജ്യ അടിസ്ഥാനത്തിലുള്ള പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (ente KFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി ലാസ്റ്റ് മൈൽ നെറ്റ്വർക്ക് പ്രൊവൈഡർ (LNP) മാരുടെ സേവനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ




കെ ഫോൺ

സ്വീകരിച്ചുവരികയാണ്. കെ–ഫോൺ ലിമിറ്റഡിന് NLD (National Long Distance) ലൈസൻസ് ലഭ്യമായിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതിക മേഖലകളെ പരിചയപ്പെടുത്തുന്നതിനും വികസന പരിപാടികൾ വാഗ്ദാനം ചെയ്യുന്നതിനുമായി Skill Delivery Platform of Kerala (SDPK.)-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കെ–ഫോൺ പദ്ധതിയിട്ടിട്ടുണ്ട്. KSITIL-നോടൊപ്പം ഐ.സി.ടി. അക്കാദമി ഓഫ് കേരള SDPK-യുടെ പ്രവർത്തന പങ്കാളിയാണ്.

29. കെ–ഫോൺ ഉപയോഗിച്ച് ഡാറ്റാ സെന്റർ പാർക്കുകളെയും ബിസിനസ്സുകളെയും പ്രോത്സാഹിപ്പിക്കും. ഇതിനായി ഡാറ്റാ സെന്റർ ഇ പോളിസി നടപ്പിലാക്കും.

ഡിജിറ്റൽ സർവ്വകലാശാലയുടെ കീഴിൽ സ്മാർട്ട് ഡാറ്റ സെന്റർ സ്ഥാപിക്കാൻ നടപടി കൾ പുരോഗമിച്ചുവരുന്നു.

30. ബി.പി.എൽ കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5856 കുടുംബങ്ങൾക്ക് കെ–ഫോൺ കണക്ഷൻ സൗജന്യമായി നിലവിൽ നൽകിയിട്ടുണ്ട്. കൂടുതൽ സൗജന്യ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

32. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, കെറ്റിയു, കെഡിഐഎസ്സി ചേർന്നു കേരളത്തിലെ കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായങ്ങൾ,

**ടൂറിസം, സേവനമേഖലകൾ എന്നിവയുടെ സമഗ്ര ഡിജിറ്റൽ പരിവർത്തനത്തിനു മുൻകൈയെടുക്കാനുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കും.**

ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപീറ്റൻസി ഡെവലപ്മെന്റ് (എബിസിഡി), ഒരു പഞ്ചായത്ത് ഒരു ആശയം, ഒരു ജില്ലാ ഒരു ആശയം, മികവിന്റെ കേന്ദ്രങ്ങൾ – മൈക്രോ ബയോം, ന്യൂട്രാക്യൂട്ടിക്കൽസ്, ജീനോമിക്സ് പ്രൊജെക്ടുകളും കെ-ഡിസ്ക് നടപ്പിലാക്കി വരുന്നു. ഡിജിറ്റൽ ട്രാൻസ്ഫോർമേഷനായി ഒരു ഇന്നോവേഷൻ പ്രോഗ്രാം വഴി KTU യുടെയും യൂണിവേഴ്സിറ്റികളുടെയും കോഴ്സുകൾ മാറ്റാനായി ഇടപെടുന്നുണ്ട്.

34. **ഐ.എസ്.ആർ.ഒയുടെ സഹായത്തോടെ സ്പേസ്, എയ്റോ സ്പേസ് ടെക്നോളജികൾക്കായി മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററുകൾ രൂപീകരിക്കും. UCTന്റെ ടെക്നോസിറ്റിയിലെ ഡിഫെൻസ് എയ്റോ സ്പേസ് കേന്ദ്രം ഇതിന് അനുബന്ധമായി പ്രവൃത്തിക്കും.**

കേരള സ്പേസ് പാർക്ക് (കെ-സ്പേസ്) 29/03/2023ൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. കെ-സ്പെയ്സ് വെബ്സൈറ്റ് www.kspace.kerala.gov.in പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു.

35. **എആർവിആർ, ഒറ്റിറ്റി എന്നീ നവമാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.**

ഇതിനകം തന്നെ 3 മികവിന്റെ കേന്ദ്രങ്ങൾ ASAP ആയി ചേർന്ന് കെ-ഡിസ്ക് നടപ്പിലാക്കി വരുന്നു. സംസ്ഥാന AVGC വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗമായി കെ-ഡിസ്ക്കും സ്റ്റാർട്ടപ്പ് മിഷനും പ്രവർത്തിച്ചു വരുന്നു. ARVR, MR എന്നീ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിനും ഗവേഷണത്തിനും വികസനത്തിനും വേണ്ടി DUK യില് ഒരു ARVR സ്റ്റുഡിയോ സജ്ജമാക്കി വരുന്നു.

OTT Platform develop ചെയ്യുവാനായി technical evaluation ലൂടെ start up നെ കണ്ടെത്തുകയും, തുടർനടപടികൾ സ്വീകരിക്കാനായി KSUM നെ ചുമതലപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ സർവ്വകലാശാലകൾക്കായി AVGC കോഴ്സുകൾ നൽകുന്നതിനായി പ്രമുഖ ടെക് കമ്പനികളുമായി ഐ.സി.ടി. അക്കാദമി ഓഫ് കേരള സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

36. **മെഷീൻ ലേർണിംഗ്, ഡാറ്റാ സയൻസ്, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഐ.സി.റ്റി അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കും.**

ഐ.സി.റ്റി അക്കാദമി ഈ മേഖലകളിൽ പ്രാവീണ്യത്തിനായി കോഴ്സുകൾ നടത്തുന്നുണ്ട്. പ്രസ്തുത മേഖലകളിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ഈ മേഖലകളിൽ കഴിവുറ്റ അദ്ധ്യാപകരെ നിയമിച്ച് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

REPLACE മികവിന്റെ കേന്ദ്രമായി ഐ.സി.ടി. അക്കാദമിയെ ഉയർത്തുന്നതിലേക്കായി ഒരു സ്കിൽ പാർക്ക് സ്ഥാപിക്കാൻ ആവശ്യമായ വിശദമായ പദ്ധതി ഐ.സി.ടി. അക്കാദമി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.




റോബോട്ടിക് കിറ്റ്

കേരളത്തിന്റെ വിവിധ ഐ.ടി. പാർക്കുകളിലുള്ള വ്യാവസായിക പങ്കാളികളുമായി സഹകരിച്ച് നൂതന ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ മേഖലകളിൽ ഐ.സി.ടി. അക്കാദമി പ്രവർത്തിച്ചു വരുന്നു. ആഗോളതലത്തിൽ മുൻനിരയിലുള്ള ടെക്നോളജി കമ്പനികളുമായി ചേർന്ന് വിവിധ പരിശീലന പരിപാടികൾ ഐ.സി.ടി. അക്കാദമി നടത്തിവരുന്നുണ്ട്.

**38. മാഗ്നറ്റിക് മെറ്റീരിയൽസ്, പ്രിന്റബിൾ സർക്യൂട്ടുകൾക്കു വേണ്ടിയുള്ള ഓർഗാനിക് ഇങ്കുകൾ, പ്രകൃത്യാ നാരുകൾ കൊണ്ടുള്ള കോമ്പോസിറ്റ് മെറ്റീരിയലുകൾ, വെയറബിൾസ് എന്നിവയിൽ മെറ്റീരിയൽ ടെക്നോളജി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കും.**

നൂതന സാമഗ്രികളുടെ വികസനത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുക എന്ന കാഴ്ചപ്പാടോടെ, ഡിജിറ്റൽ സർവ്വകലാശാല, സെന്റർ ഫോർ മെറ്റീരിയൽസ് ഇൻ ഇലക്ട്രോണിക് ടെക്നോളജീസുമായി സഹകരിച്ച്, ഗ്രാഫീനിനായുള്ള ഇന്ത്യ ഇന്നൊവേഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്.

**39. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേന്ദ്രമാക്കി മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കും.**

ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനകം തന്നെ ബ്ലോക്ക്ചെയിൻ ടെക്നോളജിയിൽ ഒരു മികവിന്റെ കേന്ദ്രം രൂപീകരിച്ചിട്ടുണ്ട് കൂടാതെ കഴിഞ്ഞ 3 വർഷത്തിനിടെ 20,000–ലധികം ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. NVIDIA യുമായി ചേർന്ന് ഒരു ആർട്ടിഫിഷ്യൽ ഇന്റലിജെന്റ് സെന്ററും, ബിഗ് ഡാറ്റ അനലിറ്റിക്സ് ലാബും, ജിയോസ്പേഷ്യൽ അനലിറ്റിക്സ് സെന്ററും, സൈബർ സെക്യൂരിറ്റി സെന്ററും, Kerala Security Audit and Assurance ലാബും സ്ഥാപിച്ചിട്ടുണ്ട്. ദേശീയ, പ്രാദേശിക സർക്കാർ ഏജൻസികൾക്കായി ഡാറ്റാ അനലിറ്റിക്സ്, ജിയോ

സ്പേഷ്യൽ അനലിറ്റിക്സ് എന്നിവയിൽ നിരവധി പ്രൊജക്റ്റുകൾ ഇതിനകം തന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റി നടപ്പിലാക്കിയിട്ടുണ്ട്.

ABCD പ്രോഗ്രാമിന്റെ ഭാഗമായി, അർഹരായ ഉദ്യോഗാർത്ഥികൾക്കായി ടെക്നോളജി ബ്രിഡ്ജിംഗ് കോഴ്സുകൾ ഐ.സി.ടി. അക്കാദമി ഓഫ് കേരള സംഘടിപ്പിച്ചു.

40. **സൈബർ ടെക്, സൈബർ ഡോം, ഹൈടെക് സൈബർ സെൽ എന്നിവ സംയുക്തമായി സൈബർ സുരക്ഷയുള്ള സമഗ്രമായ ഒരു സംവിധാനം സൃഷ്ടിക്കും.**

കേരള സ്റ്റേറ്റ് ഐ.ടി മിഷൻ തയ്യാറാക്കി സമർപ്പിച്ച 'സൈബർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ' സർക്കാർ പരിശോധിച്ചു വരുന്നു. സൈബർ ഇടങ്ങൾ ശക്തിപ്പെടുത്തുന്നതിനായി, CERT-K ദേശീയ സൈബർ കോർഡിനേഷൻ സെന്ററുമായി (NCCC) ചേർന്ന് പ്രവർത്തിച്ചു വരുന്നു. സൈബർ സുരക്ഷയ്ക്കും ഇ-ഗവേണൻസ് ആപ്ലിക്കേഷനും വേണ്ടിയുള്ള ഇ-ലേണിംഗ് മാനേജ്മെന്റ് പോർട്ടൽ നവീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സൈബർ സുരക്ഷാ അവബോധം കൂടുതൽ തലങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, ജോലി സ്ഥലങ്ങൾ, വ്യവസായ തലങ്ങളിൽ ശിൽപശാലകൾ, വെബിനാറുകൾ, മത്സരങ്ങൾ എന്നിവ നടത്താൻ പദ്ധതി തയാറാക്കി വരുന്നു.

41. **അന്താരാഷ്ട്ര ഡിസൈൻ കോൺഫറൻസുകൾ തുടർന്നും സംഘടിപ്പിക്കും. കളമശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷനുമായി ചേർന്നുകൊണ്ട് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന കേന്ദ്രം സ്ഥാപിക്കും. കൊല്ലത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയും കണ്ണൂരിലെ ടെക്സ്റ്റൈൽ ഡിസൈൻ കേന്ദ്രത്തെയും കൂടുതൽ മികവുറ്റതാക്കും.**

അന്താരാഷ്ട്ര ഡിസൈൻ കോൺഫറൻസുകൾ തുടർന്നും സംഘടിപ്പിക്കും. കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷനുമായി ചേർന്ന് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന കേന്ദ്രം സ്ഥാപിക്കും. കൊല്ലത്തെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയും കണ്ണൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയെയും (NIFT) കൂടുതൽ മികവുറ്റതാക്കും. ഡിസൈൻ ഇൻക്യുബേഷൻ കേന്ദ്രവും ഡിസൈൻ സെന്റർ ഓഫ് എക്സലെൻസും സ്ഥാപിക്കുന്നതിനായി അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവെച്ചു.

42. **ഓപ്പൺഡാറ്റ പോളിസിയും നയവും ഇടപെടൽ സംവിധാനവും സൃഷ്ടിക്കും. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നിർവ്വഹണത്തിനുമായി ഒരു അപ്പക്സ് സംവിധാനം സൃഷ്ടിക്കും.**

ഏകീകൃത വിവര സംവിധാനം (യൂണിഫൈഡ് രജിസ്ട്രി) നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ഡാറ്റാ പോളിസി കരട് തയാറാക്കിയിട്ടുണ്ട്.


ഐ ടി ഇൻഫ്രാ സ്ട്രക്ചർ

## ഇലക്ട്രോണിക് വ്യവസായം

43. കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി മാറ്റും. കെൽട്രോണിന്റെ പുനരുദ്ധാരണമായിരിക്കും ഈ മേഖലയിലെ ഏറ്റവും പ്രധാന ലക്ഷ്യം. നിലവിലുള്ള ഉൽപാദനശേഷി നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിനോടൊപ്പം കെൽട്രോൺ ആഗോള കമ്പനികളുമായി സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കും. ഇപ്പോൾ പൊതുസ്വകാര്യ മേഖലകളിലെ ആകെ ഉൽപാദനം 2,500 കോടി രൂപയാണ്. അഞ്ചുവർഷം കൊണ്ട് കേരളത്തിലെ ഹാർഡ്വെയർ ഉൽപാദനം 10,000 കോടി രൂപയായി ഉയർത്തും. അഞ്ചുവർഷം കൊണ്ട് 1000 കോടി രൂപയുടെ അധികനിക്ഷേപം ഈ മേഖലയിൽ നടക്കും.

പ്രതിരോധ മേഖലയിൽ ഉത്പാദനശേഷി വിപുലീകരണത്തിനും പുതിയ സാങ്കേതികവിദ്യ പ്രാപ്യമാക്കുന്നതിനും സംയുക്ത സംരംഭം ആരംഭിച്ച് തുടർപ്രവർത്തനം നടത്തിവരുന്നു. കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി നവീകരണം എന്നിവയ്ക്കൊപ്പം ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് പ്രോഡക്ട്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിലൂന്നിയ പദ്ധതികൾ ആരംഭിക്കുന്നതിന് 395 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി.

44. വൻകിട പാർക്കുകൾ സ്ഥാപിക്കുന്നതിനോടൊപ്പം ഊരാളുങ്കൽ ലേബർ സഹകരണ സംഘം പോലുള്ള സാമൂഹ്യ സ്ഥാപനങ്ങളേയും പബ്ലിക് പീപ്പിൾ പാർട്ണർഷിപ്പ് മാതൃകകളെയും ഉപയോഗപ്പെടുത്തും. 15 ഏക്കർ ഭൂപരിധി നിയമത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വകാര്യ ഐ.ടി പാർക്കുകൾ സ്ഥാപിക്കാനാവും.

ടെക്നോപാർക്ക് ഫേസ് 1 ൽ ബ്രിഗേഡിന്റെ ഐ.ടി പാർക്കും ഇൻഫോപാർക്ക് ഫേസ് 1 ൽ ജിയോയുടെ ഐ.ടി പാർക്കും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

45. **ആമ്പലൂർ പാർക്ക് ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ മാനുഫാക്റ്ററിംഗ് പാർക്കായി വികസിപ്പിക്കും. മൂന്നു വർഷത്തിനുള്ളിൽ ഇത് പൂർത്തീകരിക്കാൻ ഉതകുംവിധം ഭൂമി ഏറ്റെടുക്കുകയും നിർമ്മാണ പ്രവൃത്തികൾ നടത്തുകയും ചെയ്യും.**

ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റെടുത്ത 21.05 ഏക്കർ ഭൂമി ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ അക്വാ പാർക്ക്/അക്വാ കൾച്ചർ പ്രൊജക്റ്റ് നടപ്പിലാക്കും.

46. **കേരളത്തിലെ നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്കു സഹായമാക്കുന്നവിധം ഇലക്ട്രോണിക്സ് കംപോണന്റ് ഇക്കോസിസ്റ്റം രൂപീകരിക്കും. ഇതിനായി ചെറുകിട മാനുഫാക്ചറിംഗ് ക്ലസ്റ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾ റൂമുകൾ, ഡിസൈൻ ഹോക്സുകൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ സൃഷ്ടിക്കും.**

ഔട്ട്സോഴ്സ് ചെയ്ത അർധചാലക അസംബ്ലി & ടെസ്റ്റിംഗ് ഫെസിലിറ്റി, പി സി ബി മാനുഫാക്ചറിങ് ഫെസിലിറ്റി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി പ്രീഫീസിബിലിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. ടെക്നോളജി പാർട്ണറേയും പ്രൈവറ്റ് ഇൻവെസ്റ്ററേയും കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു .

47. **സിഡാക്കിന്റെ നാഷണൽ മിഷൻ ഓൺ പവർ ഇലക്ട്രോണിക്സിന്റെയും കേരളത്തിലെ പ്രമുഖ ഇലക്ട്രോണിക്സ് സെന്ററുകളെയും സഹായത്തോടെ കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സിന്റെ ഹബ്ബായി വികസിപ്പിക്കും.**

കെൽട്രോണിന്റെ കരകുളം യൂണിറ്റിനെ പവർ ഇലട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ പടിയായി ടെസ്റ്റിംഗ് എക്യുപ്മെന്റ്സും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു.

48. **ഓപ്പൺ ഹാഡ്‌വെയർ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക സ്കീമുകൾ നടപ്പിലാക്കുന്നതാണ്. ഓപ്പൺ ഐ.ഒ.റ്റി ചിപ് ഡിസൈൻ ഇലക്ട്രോണിക്സ് കൺട്രോളുകൾ എന്നിവ വികസിപ്പിക്കുന്നതിന് ഐസിഫോസ്‌ലെയും ട്രസ്റ്റ് പാർക്കിലെയും, സെന്റർ ഓഫ് എക്സലൻസ് വിപുലീകരിക്കും.**

സ്വതന്ത്ര സോഫ്റ്റ്‌വെയർ സൊല്യൂഷനുകളിലെ പ്രായോഗിക ഗവേഷണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഐസിഫോസിൽ ഓപ്പൺ ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ ലാബും ഡൊമെയ്ൻ അധിഷ്ഠിത അപ്ലിക്കേഷൻ ബിൽഡിംഗിന് വേണ്ടി ഇ-ഗവ ലാബും സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ സ്വതന്ത്ര ഹാർഡ് വെയർ ലാബായ സെൻറർ ഫോർ ഓപ്പൺ ഹാർഡ് വെയർ ലാബ് ഐസിഫോസിൽ സ്ഥാപിച്ചു.

49. ഇലക്ട്രിക്കൽ മൊബിലിറ്റി മേഖലയിലുള്ള ട്രസ്റ്റ് പാർക്കിലെ നിലവിലുള്ള സെന്റർ ഓഫ് എക്സലൻസിനെ വികസിപ്പിക്കും. ആധുനിക ബാറ്ററി ടെക്നോളജി വികസിപ്പിക്കുന്നതിനായി വിഎസ്എസ്സി, സി-ഡാക്, കെ-ഡിസ്ക്, ട്രസ്റ്റ് പാർക്ക് എന്നിവ ചേർന്നുള്ള കൺസോർഷ്യം ശക്തിപ്പെടുത്തും.

വിഎസ്എസ്സി, കെ-ഡിസ്ക്, റ്റിറ്റിപി, ട്രസ്റ്റ്പാർക്ക്, സി-ഡാക് മുതലായ സ്ഥാപനങ്ങൾ ചേർന്ന് കൺസോർഷ്യം ആരംഭിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദ്യഘട്ടമായി വി.എസ്.എസ്.സിയും റ്റിറ്റിപിയും സംയുക്തമായി ലിഥിയം ടൈറ്റനേറ്റ് പ്രോട്ടോടൈപ്പ് ബാറ്ററി വികസിപ്പിച്ചു. സി-ഡാകിന്റെ നേതൃത്വത്തിൽ ബാറ്ററി മാനേജ്മെൻറ് സിസ്റ്റം, ട്രസ്റ്റ് പാർക്കിന്റെ നേതൃത്വത്തിൽ ഇല്ക്ട്രിക് ഡ്രൈവ് എന്നിവ പുരോഗമിക്കുന്നു.

50. കെ-ഡിസ്കും കേരളത്തിലെ ശാസ്ത്രസാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളും സംസ്ഥാന ഐ.റ്റി മിഷനും ടെക്നോപാർക്കുമായി കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഐ.സി.ടി ഇന്നൊവേഷൻ സംവിധാനത്തിനു രൂപംനൽകും. കേരളത്തിലെ വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.റ്റി ഉൾച്ചേർക്കുന്നത് ആയിരിക്കും ഈ ഇന്നവേഷൻ കൂട്ടായ്മയുടെ മുഖ്യലക്ഷ്യം.

ഐ.സി.ടി ഇന്നൊവേഷൻ സംവിധാനം രൂപകൽപന ചെയ്തു.

51. തിരുവനന്തപുരം ടെക്നോ സിറ്റിയിൽ വി.എസ്.എസ്.സിയുമായി സഹകരിച്ചുകൊണ്ടുള്ള സ്പേസ് പാർക്ക് പ്രാവർത്തികമാക്കും. സൈബർ ഫിസിക്കൽ ഡിജിറ്റൽ ടെക്നോളജികളിലുള്ള കുതിച്ചുചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, റോബോട്ടിക്സ്, ബ്ലോക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ അനലിറ്റിക്സ്, ഗെയിമിംഗ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർച്വൽ റിയാലിറ്റി, ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റംസ്, ജിയോ സ്പേഷ്യൽ സിസ്റ്റംസ്, ക്വാണ്ടം ടെക്നോളജി ആന്റ് ആപ്ലിക്കേഷൻസ്, സ്പെയ്സ് ടെക്നോളജീസ്, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, എഡ്ജ് കമ്പ്യൂട്ടിംഗ് എന്നിവയിൽ ഊന്നിയുള്ള മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.

കേരളത്തെ നവസാങ്കേതിക വിദ്യാ ഹബ്ബാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ തിരുവനന്തപുരം ടെക്നോസിറ്റിയിൽ ലോകോത്തര നിലവാരത്തിലുള്ള എമേർജിങ് ടെക്നോളജി ഹബ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇലക്ട്രിക്ക് വെഹിക്കിൾസ് (EV) ബാറ്ററി വികസനത്തിനായി കെ-ഡിസ്ക് VSSC യുമായി സഹകരിച്ച് ഒരു പ്രോഗ്രാമിന് നേതൃത്വം നൽകുന്നു.

53. കേരളം നെറ്റ് ന്യൂട്രാലിറ്റിക്ക് വേണ്ടി സ്വീകരിച്ചിട്ടുള്ള നിലപാട് തുടരും. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ ഇന്ത്യയിൽ ശ്രദ്ധേയമായ സ്ഥാനം നേടിക്കഴിഞ്ഞു. ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്ക് ICFOSS ആണ് നേതൃത്വം നൽകുന്നത്. സംസ്ഥാന സർക്കാറിന്റെ ഇ-ഗവേണൻസിൽ സ്വതന്ത്ര സോഫ്റ്റുവെയർ കൂടുതൽ ഉപയോഗപ്പെടുത്തും.

വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ ഒട്ടേറെ മേഖലകൾ പൂർണമായും ഇന്ന് സ്വതന്ത്ര സോഫ്റ്റുവെയറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ ഐ.ടി ഉപയോഗം വ്യാപിപ്പിക്കാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കും.

ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

2019 ൽ പ്രവർത്തനമാരംഭിച്ച സ്വതന്ത്ര ഇൻകുബേറ്റർ മുഖാന്തരം 12 കമ്പനികൾക്ക് ഇൻകുബേഷൻ നൽകുകയും അതുവഴി 140 ൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കാഴ്ചപരിമിതിയുള്ള സമൂഹത്തിനു വേണ്ടിയുള്ള അക്ഷി പദപ്രശ്ന ഉപകരണത്തിന്റെയും, അക്ഷി ബ്രെയിൽ ലെർണർ ഉപകരണത്തിന്റെയും വികസന പ്രവർത്തനങ്ങൾ പൂർത്തിയായി. സ്മാർട്ട് സിറ്റി തിരുവനന്തപുരത്തിന്റെ സഹായത്തോടെ, ഈ ഉപകരണങ്ങൾ കേരളത്തിലെ കാഴ്ചപരിമിതർക്കായുള്ള വിദ്യാലയങ്ങളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൽ നിലവിൽ നടത്തുന്നു.

ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡറുകൾ ബാധിച്ച കുട്ടികളുടെ ഫൈൻ മോട്ടോർ കഴിവുകൾ വർധിപ്പിക്കാനുള്ള ഉപകരണത്തിന്റെ ആദ്യ മാതൃക പൂർത്തിയായി.

പഠനവൈകല്യമുള്ള കുട്ടികൾക്ക് അക്ഷരങ്ങൾ തിരിച്ചറിയാനും, അക്ഷരങ്ങളുടെ ആകൃതികൾ ഉറപ്പിക്കാനുമുള്ള ഉപകരണങ്ങളുടെ ബേസ് പ്രോഡക്ടുകൾ പൂർത്തിയായി. ഇവ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ബെനിഫിഷ്യറി ടെസ്റ്റിംഗ് നടത്തുന്നു. ഇത്തരം കുട്ടികൾക്ക് അക്ഷരങ്ങൾ എഴുതാനുള്ള ഉപകരണത്തിന്റെ പ്രോട്ടോടൈപ്പും പൂർത്തിയായി.

ഇ-ഗവേണന്സ് കൺസൾട്ടൻസി പ്രവർത്തനങ്ങളുടെ ഭാഗമായി, കേരള മീഡിയ അക്കാദമി, അനെർട്ട്, കുടുംബശ്രീ-എൻ.ആർ.ഒ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ്, ഇ-ഹെൽത്ത്, കെഎസ്ഇബി തുടങ്ങിയ സർക്കാർ / PSU സ്ഥാപനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ പരിവർത്തനം നടത്തുന്നതിന് വേണ്ടിയുള്ള കൺസൾട്ടന്റായി പിന്തുണ നൽകിവരുന്നു. സാങ്കേതികവിദ്യയും ഭാഷാ കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങളുടെ ഭാഗമായി 2500 സാങ്കേതിക പദങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഐടി ഗ്ലോസറി (പദകോശം) വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് 3 ലക്ഷം വാക്കുകൾ ഉൾപ്പെടുത്തി ഓൺലൈൻ മലയാളം നിഘണ്ടു വികസിപ്പിക്കുകയും ചെയ്തു.

54. ഇ-ഗവേണൻസ് ശൃംഖലയിൽ സുപ്രധാന കണ്ണിയാണ് അക്ഷയ കേന്ദ്രങ്ങൾ. അവയെ കൂടുതൽ ശക്തിപ്പെടുത്തും.

അക്ഷയ കേന്ദ്രങ്ങൾ മുഖേന പൗരന്മാർക്ക് നൽകി വരുന്ന സ്ഥിരം സേവനങ്ങൾ കൂടാതെ, 2023-24 സാമ്പത്തിക വർഷത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ-സ്മാർട്ട്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ ക്ഷേമ



ഐ ടി ഇൻഫ്രാ സ്ട്രക്ചർ

പെൻഷനുകൾ എന്നിവയുടെ മസ്റ്ററിംഗ് (കിടപ്പ് രോഗികൾക്ക് വേണ്ടിയുള്ള വാതിൽപ്പടി സേവനം ഉൾപ്പെടെ), സ്മാർട്ട് റേഷൻ കാർഡ്, സുനീതി പോർട്ടൽ, ക്ഷീരശ്രീ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ രേഖകളുടെ ഡിജിറ്റലൈസേഷൻ (ഡിജിലോക്കർ മുഖേന), കെ-ഡിസ്ക് മുഖേന ഓൺലൈൻ ജോലി തേടുന്നവരുടെ രജിസ്ട്രേഷൻ, തൊഴിലാളി ക്ഷേമ നിധി ബോർഡിന് കീഴിലുള്ള 64 ലക്ഷം തൊഴിലാളികളുടെ ആധാർ സീഡിംഗ് മുതലായ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപൂർവ്വം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 55. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കും. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരശേഖരം ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കും.

സർക്കാരിന് കീഴിലുള്ള ഡാറ്റാ സെന്റർ ശേഷി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 25 കോടി രൂപ മുതൽമുടക്കിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കാമ്പസിൽ ഒരു ഹൈബ്രിഡ് ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് സർക്കാർ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഡാറ്റാസെന്റർ സംസ്ഥാനത്തെ ശാസ്ത്ര അക്കാദമിക് സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഉയർന്ന ശേഷിയുള്ള കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യും. ഈ ഡാറ്റാ സെന്ററിന്റെ ആദ്യ ഘട്ടം 2022 പകുതിയോടെ പ്രവർത്തനക്ഷമമാകും. സ്റ്റേറ്റ് ഡാറ്റ സെൻറർ 2 സെർവർ ഫാം ഏരിയ വിപുലീകരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐടി മിഷൻ നടപടി സ്വീകരിച്ചുവരുന്നു.

### 56. അനെർട്ടിന്റെയും കെ.എസ്.ഇ.ബിയുടെയും സഹായത്തോടെ സോളാർ അടിസ്ഥാനമാക്കിയുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും.

സൗരോർജ്ജ നിലയത്തോട് കൂടിയ ചാർജിംഗ് സ്റ്റേഷൻ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ സ്ഥാപിച്ചു.

അനർട്ടും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി വിവിധ എംവിഡി ഓഫീസുകളിലായി 15 ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിക്കും. മൂന്ന് ചാർജ്ജിങ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. 12 ചാർജ്ജിങ് സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

57. അത്യാധുനിക ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക് ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കും.

പ്രതിരോധ വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഇല്കട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്താനുള്ള എൻഎബിഎൽ അക്രിഡിറ്റേഷനോടുകൂടിയുള്ള ലാബ് സ്ഥാപിക്കുന്നതിന് 45 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ കെൽട്രോൺ സമർപ്പിച്ചു. 2024-25 ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിച്ചു.

ആലപ്പുഴ ജില്ലയിൽ മീറ്റർ ടെസ്റ്റിംഗ് & സ്റ്റാൻഡേർഡ്സ് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചു.

## ബയോടെക്നോളജി വ്യവസായം

58. തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെയും കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളുടെയും വൈവിദ്ധ്യവത്കരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ബയോടെക്നോളജി ഉപയോഗപ്പെടുത്തും.

80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ്, ലബോറട്ടറി എന്നിവ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി.

59. വ്യവസായ യൂണിറ്റുകൾക്കുള്ള സ്ഥലസൗകര്യം മാത്രമല്ല, ഗവേഷണത്തിനും മറ്റും വേണ്ടിയുള്ള പൊതുസൗകര്യവും പാർക്കുകളിൽ സൃഷ്ടിക്കും.

ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാം ഘട്ടത്തിൽ 4.25 ഏക്കർ സ്ഥലത്ത് 2,85,973 ചതുരശ്ര അടി വിസ്തീർണമുള്ള അത്യാധുനിക ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

60. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും.

മെഡിക്കൽ ഉപകരണ പാർക്കിന്റെ (മെഡ്സ്പാർക്ക്) ഭാഗമായി അനിമൽ ഹൗസ് പ്രോട്ടോടൈപ്പ് ഇൻക്യൂബേഷൻ സെന്റർ തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

62. ആയുർവേദത്തിന്റെയും ജൈവവൈവിദ്ധ്യത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ബയോ ഇൻഫോമാറ്റിക്സ്, കമ്പ്യൂട്ടേഷണൽ ബയോളജി, ബയോ മാനുഫാക്ചറിംഗ്, ബയോ പ്രോസസിംഗ്, ജനറ്റിക് എഞ്ചിനീയറിംഗ്, സെൽ ആൻഡ് മോളിക്യൂലാർ

ബയോളജി, സിസ്റ്റംസ് ബയോളജി, ഫാർമക്കോളജി തുടങ്ങിയ മേഖലകളിൽ ഊന്നിക്കൊണ്ടുള്ള പഠനഗവേഷണ കേന്ദ്രം അനിവാര്യമാണ്. ജിനോമിൽ കൗൺസലിംഗ്, അഡ്വാൻസ്ഡ് ബയോ ഇൻഫർമാറ്റിക്സ് എന്നീ മേഖലകളിൽ പുതിയ കോഴ്സുകൾ ഐസിറ്റി അക്കാദമിയുടെ നേതൃത്വത്തിൽ ആരംഭിക്കും. ഇവയുടെ സാധ്യതകൾ വിദഗ്ധ പരിശോധ നയിലാണ്.

63. ടിഷ്യു കൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ കൃത്രിമ പ്രജനനം വ്യാപകമായി ഉപയോഗപ്പെടുത്തും.

കേരളത്തിലെ കർഷകർക്ക് ഇപ്രകാരം കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കും.

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജെഎൻടിബിജിആർഐയിലും കെഎഫ്ആർഐയിലും കെഎഫ്ആർഐയുടെ കുഴൂർ സബ്സെന്ററിലും ഔഷധസസ്യങ്ങൾ ടിഷ്യുകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രജനനം നടത്തിവരുന്നു. ഇവ ഔഷധ സസ്യ കർഷകർക്ക് കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്നു.

64. തിരുവനന്തപുരത്തെ അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം ഒരു സുപ്രധാന കാൽവെപ്പാണ്. ഔഷധ രംഗത്ത് ജീനോമിക്സ്/പ്രോട്ടക്കോമികസ് സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തും.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഡയഗണോസ്റ്റിക് ടെസ്റ്റിംഗ് ആരംഭിച്ചിട്ടുണ്ട്. വൈദ്യശാസ്ത്ര ശാഖയായ Human Microbiomes നെക്കുറിച്ച് പഠനം നടത്തുന്ന മികവ് കേന്ദ്രം പ്രവര്ത്തനം ആരംഭിച്ചിട്ടുണ്ട്.

## നാനോ സാങ്കേതികവിദ്യ

65. സർവകലാശാലകളിൽ നാനോസാങ്കേതികവിദ്യക്ക് പ്രത്യേകവകുപ്പുകൾ ഇപ്പോഴുണ്ട്. തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യാ കോഴ്സുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കും. വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളിൽ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരണത്തിനും വിപുലീകരണസാധ്യതകൾ ഒട്ടേറെയുണ്ട്. നാനോസാങ്കേതികവിദ്യയെ ആസ്പദമാക്കി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

സർവകലാശാലകളിൽ നിന്നും ലഭ്യമാകുന്ന നാനോ സാങ്കേതിക വിദ്യകൾ കൂടി ഉൾപ്പെടുത്തി സയൻസ്പാർക്കുകൾ ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കണ്ണൂർ സയൻസ് പാർക്കിന്റെ ക്യാമ്പസ് മാസ്റ്റർ പ്ലാൻ തയാറാക്കിവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും അക്യുസിഷൻ നടപടികൾ ആരംഭിച്ചു. ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കാൻ അനുമതി നൽകി.

## ഫാർമസ്യൂട്ടിക്കൽ വ്യവസായം

66. **കോവിഡ് പ്രതിരോധത്തിൽ കേരളത്തിന് ലഭിച്ചിരിക്കുന്ന അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വ്യവസായത്തെപ്പോലെ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിനും വലിയ സാധ്യതകളുണ്ട്. മൂന്നാംലോക രാജ്യങ്ങൾക്ക് മാതൃകയായിരുന്ന ഇന്ത്യയിലെ പൊതുമേഖലാ ഔഷധ വ്യവസായ സ്ഥാപനങ്ങൾ തകർന്നു കഴിഞ്ഞു. കേരളത്തിന്റെ കെ.എസ്.ഡി.പി മാത്രമാണ് അപവാദം. 2015-16 ൽ വെറും 20 കോടി രൂപ ഉൽപാദനം മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 2020-21ൽ 150 കോടിയാണ് ഉൽപാദനം. അഞ്ചുവർഷം കൊണ്ട് 500 കോടി രൂപയുടെ ഉൽപാദനമുള്ള വൻകിട ഫാക്ടറിയായി കെ.എസ്.ഡി.പിയെ വളർത്തും. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ അടുക്കള ഫാക്ടറി ആയിരിക്കുമ്പോൾ തന്നെ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും മൂന്നാംലോക രാജ്യങ്ങളിലേയ്ക്കും മരുന്ന് വിതരണം ചെയ്യും.**

കെ.എസ്.ഡി.പിയെ വൻകിട മരുന്നു നിർമ്മാണ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നോൺബീറ്റാ ലാക്റ്റം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് പൂർത്തീകരിച്ച് വ്യാവസായിക ഉല്പാദനം ആരംഭിച്ചു. 40 ഇനം പുതിയ മരുന്നുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതോടെ കെഎസ്ഡിപി ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ എണ്ണം 52ൽ നിന്ന് 92 ഇനങ്ങളായി വർദ്ധിച്ചു. അവയവമാറ്റ ശസ്ത്രക്രിയ മരുന്നകളുടെ ബയോ ഇക്യുവലൻസ് സ്റ്റഡി പൂർത്തീകരിച്ച് ലൈസൻസ് ലഭിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചു.

67. **ആലപ്പുഴയിൽ ക്യാൻസർ മരുന്നു നിർമ്മാണ ഫാക്ടറി സ്ഥാപിക്കും. കൊച്ചിയിൽ പുതിയ ഫാർമ പാർക്ക് സ്ഥാപിക്കും.**

ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കുന്നതിന് 231.06 കോടി രൂപ ചെലവ് വരുന്ന ഓങ്കോളജി പാർക്ക് കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഓങ്കോളജി ഫാർമ പാർക്കിന്റെ പുതുക്കിയ ഡിപിആർ സർക്കാരിന്റെ പരിഗണനയിലാണ്.

69. **ജനറ്റിക്സ് ജീനോമിക്സ് തുടങ്ങിയ ശാസ്ത്രശാഖകളിൽ ഉണ്ടായിട്ടുള്ള കുതിച്ചുചാട്ടങ്ങളെ അടിസ്ഥാനമാക്കി ജനറ്റിക്സ് മെഡിസിൻ സ്റ്റംസെൽ ബയോളജി മെഡിക്കൽ ഇമേജിങ് ബയോമെഡിക്കൽ ഫോട്ടോണിക്സ് മെഡിക്കൽ ദേവീസ്സ് ആൻഡ് മോഡലിംഗ് ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസ് എപ്പിഡമോളജി അസിസ്റ്റീവ് ടെക്നോളോജിസ് ജീനോമിക്സ് ഇൻ മെഡിസിൻ അഗ്രിജീനോമിക്സ് എന്നീ മേഖലകളിൽ ഊന്നിക്കൊണ്ടുള്ള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപികേണ്ടതുണ്ട്.**

കേരള ജെനോമിക്സ് ഡാറ്റ സെന്ററിന്റെ ഡിപിആറിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിന് 100 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. മൈക്രോബയോം മികവ് കേന്ദ്രത്തിന്റെ ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിക്ക് വർക്ക് ഓർഡർ നൽകികഴിഞ്ഞു. ന്യൂട്രാസ്യൂട്ടിക്കൽ മികവ് കേന്ദ്രത്തിന് ധനവകുപ്പിന്റെ തത്വത്തിലുള്ള അനുമതി

ലഭ്യമായിട്ടുണ്ട്. ഗ്രാഫീൻ ഉദ്പാദനത്തിന്റെ പൈലറ്റ് പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പൊതുമേഖല

70. **എല്ലാ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെയും സംരക്ഷിക്കും. ഓരോന്നിന്റെയും വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.**

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനൊപ്പം വൈവിധ്യവൽക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും സ്ഥാപനങ്ങളുടെ സുസ്ഥിരമായ വളർച്ച ലക്ഷ്യമിട്ട് ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ 9,467.35 കോടി രൂപയുടെ പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കി. സ്റ്റാറ്റ്യൂട്ടറി ബാധ്യതകൾ തീർപ്പാക്കി ധനസഹായം ഉറപ്പു വരുത്താൻ 2024-25 സാമ്പത്തിക വർഷം 28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. ബഡ്ജറ്റ് വിഹിതത്തിനു പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള പഠനത്തിനായി 5 കോടി രൂപ 2024-25 ബഡ്ജറ്റിൽ വകയിരുത്തി.

71. **പൊതുമേഖലയ്ക്കുള്ള പദ്ധതി അടങ്കൽ എല്ലാ സ്ഥാപനങ്ങൾക്കും തുല്യതോതിൽ വീതം വയ്ക്കുന്നതിനു പകരം നിക്ഷേപത്തിന് മുൻഗണന നിശ്ചയിക്കും. വികസന സാധ്യതകൾ പൂർണമായും കൈവരിക്കുന്നതിന് ആവശ്യമായ മുതൽമുടക്ക് ഒരുമിച്ച് നടത്തുന്നതാണ് അഭികാമ്യം. സാങ്കേതിക നവീകരണം, മാനേജ്മെന്റ് പരിഷ്കാരം, തൊഴിൽ പരിശീലനം, പുതിയ മാർക്കറ്റിംഗ് രീതി, ധനപരമായ പുനസംഘാടനം എന്നിവയെല്ലാം അടങ്ങുന്ന പാക്കേജായിരിക്കും ഈ ഇടപെടൽ. തുടർന്നുള്ള കാലത്ത് വാണിജ്യ അടിസ്ഥാനത്തിൽ ബാങ്ക് വായ്പയെ ആശ്രയിച്ച് സ്ഥാപനത്തിനു വളരാനാകണം. കെൽട്രോണാണ് ഇത്തരത്തിൽ ഏറ്റവും മുൻഗണനയോടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നത്.**

2023-24 സാമ്പത്തിക വർഷം 266.90 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. ഫ്ലാഗ്ഷിപ്പ് പദ്ധതികൾക്കായി 25 കോടി രൂപയും വകയിരുത്തി. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പഞ്ഞി അതിന്റെ സീസൺ സമയത്ത് കുറഞ്ഞ നിരക്കിൽ വാങ്ങി സംഭരിക്കുന്നതിന് കോട്ടൺ ബോർഡ് സ്ഥാപിച്ചു. ഇതിലേക്കായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. 70 കോടി എൻസിഡിസി വഴി ലോൺ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി.

72. **കോട്ടയത്ത് വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ റബ്ബർ അധിഷ്ഠിത വ്യവസായ കേന്ദ്രം സ്ഥാപിക്കും. 26 ശതമാനം ഓഹരിയോടെ കേരള റബ്ബർ ലിമിറ്റഡ് രൂപീകരിക്കും.**

മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ




കിൻഫ്ര

ലിമിറ്റഡ് രൂപീകരിച്ച് ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

74. കാർഷിക മൂല്യവർദ്ധനയ്ക്കായി എല്ലാ ജില്ലാഫാമുകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക്. ചേർത്തലയിലേയും പാലക്കാട്ടേയും ഹൈറേഞ്ചിലെയും മെഗാ ഫുഡ് പാർക്കുകൾ, മുട്ടത്തെ സ്പൈസസ് പാർക്ക്, കുറ്റ്യാടിയിലെ നാളികേര പാർക്ക് എന്നിവയാണ് മറ്റു പ്രധാന അഗ്രോ പാർക്കുകൾ.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. വയനാട് കോഫി പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

10 മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കിൻഫ്ര സാധ്യത പഠനം നടത്തി.

കേരള റൈസ് ലിമിറ്റഡിനായി പാലക്കാട് കിൻഫ്ര മെഗാഫുഡ് പാർക്കിലെ 5 ഏക്കർ ഭൂമിയിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

ആലപ്പുഴ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്ന് കൈമാറി കിട്ടിയ 5.18 ഏക്കർ ഭൂമിയിൽ റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുന്നതിന് 20 ഏക്കർ ഭൂമി കൽപറ്റ വില്ലേജിൽ കണ്ടെത്തി. കേരള കോഫി ലിമിറ്റഡ് കമ്പനിയുടെ

ആഭിമുഖ്യത്തിൽ കാപ്പി കർഷകരെ സംഘടിപ്പിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു.

75. **കേരളം കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഫുഡ് സയൻസ് ആൻഡ് ടെക്നോളോജിസ് ഫുഡ് പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളുമായി ബന്ധപെട്ട് ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും.**

സെന്റർ ഫോർ എക്സലെൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിച്ചു.

76. **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. നവീകരിക്കും. മാലിന്യ സംസ്ക്കരണ പ്ലാന്റ് പൂർത്തീകരിക്കും. മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കും.**

ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ നവീകരണം പൂർത്തിയാക്കി മാലിന്യ സംസ്കരണത്തിന് കൊപ്പറാസ് റിക്കവറി പ്ലാന്റ് നിർമ്മാണം പൂർത്തിയായി. കമ്പനി പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 238 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. അഞ്ചു സമ്പുകൾ, പമ്പിങ് സിസ്റ്റം, ഫ്ലാഷ് മിക്സർ ടാങ്ക്, ഖര മാലിന്യം വേർതിരിക്കുന്നതിനായി ഫിൽറ്റർ സംവിധാനം എന്നിവ 2023 ൽ കമ്മീഷൻ ചെയ്തു.

77. **ടൈറ്റാനിയം മെറ്റൽ അടക്കം ഉൽപാദിപ്പിക്കുന്ന കോംപ്ലക്സ് ആയി കേരള മിനറൽ ആൻഡ് മെറ്റൽസിനെ ഉയർത്തും. അതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും.**

സിർക്കോണിയം കാർബോണറ്റ്, പെർലൈസെന്റ് ടൈറ്റാനിയം ഡയോക്സിഡ് പിഗ്മെന്റ് പ്ലാന്റിന്റെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

78. **കുണ്ടറയിലെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ സ്മാർട്ട് എനർജി മീറ്റർ നിർമ്മിക്കും. മാമല യൂണിറ്റിൽ ഇ.എം.യു ട്രാൻസ്ഫോമർ, റെയിൽവേയ്ക്കു വേണ്ടിയുള്ള വിവിധ ട്രാൻസ്ഫോർമറുകൾ എന്നിവയുടെ ഉത്പാദനം ആരംഭിക്കും. യുണൈറ്റഡ് ഇലക്ട്രിക്കൽസിലെ നിലവിലുള്ള പ്ലാന്റിൽ പോളിമർ ഇൻസുലേറ്റർ യൂണിറ്റ് ആരംഭിക്കും. ടെൽക്കിനെ ആധുനികവത്കരിക്കുകയും പുതിയ പ്ലാന്റ് ആരംഭിക്കുകയും ചെയ്യും. ഭെൽമെൽ ഏറ്റെടുത്ത് പുനരുദ്ധരിക്കും.**

ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമറുകളുടെ ഉൽപാദനം ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭെൽമെൽ കേന്ദ്ര സർക്കാരിൽ നിന്ന് പൂർണമായും ഏറ്റെടുത്ത് കെൽമെൽ എന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി. ഭെൽമെൽ 77.03 കോടി രൂപയുടെ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. പ്രവർത്തനം മെച്ചപ്പെട്ടു. കയറ്റുമതി ഓർഡറുകൾ ലഭ്യമായി. ടെൽക്കിന്റെ ആധുനികവൽക്കരണവും പ്ലാന്റിന്റെ നവീകരണവും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കെൽ വൈദ്യുത വിതരണ കമ്പനികളുടെ നിർദ്ദേശാനുസരണമുള്ള മീറ്ററുകൾക്ക് ആവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

യുണൈറ്റഡ് ഇലക്ട്രിക്കൽസ് പോളിമർ ഇൻസുലേറ്റർ നിർമ്മിക്കാനാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയായി. പുതിയതായി സ്ഥാപിച്ച മെഷിനറി ഉപയോഗിച്ച് ഉൽപാദിപ്പിച്ച പോളിമർ ഇൻസുലേറ്ററിന്റെ സർട്ടിഫിക്കേഷൻ നടന്നുവരുന്നു.

79. ഓട്ടോക്കാസ്റ്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. ആധുനിക മെഷീൻ ഷോപ്പ് സ്ഥാപിക്കും. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗിന് സൗകര്യം സൃഷ്ടിക്കും. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് വൈവിധ്യവത്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യും. സിൽക്ക്, അഴീക്കലിൽ ഡ്രൈ ഡോക് നിർമ്മിക്കുകയും മറ്റു യൂണിറ്റുകളിലെ യന്ത്രങ്ങൾ നവീകരിക്കുകയും ചെയ്യും.

ഓട്ടോകാസ്റ്റ് കപ്പാസിറ്റി വർദ്ധനവിന്റെ ഭാഗമായി 5 എംറ്റി എആർസി ഫർണസ്സിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചു. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗുകൾ നിർമ്മിക്കാനുള്ള പദ്ധതികൾക്ക് മാസ്റ്റർ പ്ലാൻ തയ്യറായി വരുന്നു. സ്റ്റീൽ കാസ്റ്റിംഗ് ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ ആട്ടോകാസ്റ്റിന്റെ സ്ഥാപിത ശേഷി വർധിപ്പിച്ചു. ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ കാസ്നബ് ബോഗി ഫ്രെയിമുകൾ നിർമ്മിക്കുന്നതിനുള്ള യോഗ്യത നേടി.

മെഷീൻ ഷോപ്പ് ആദ്യഘട്ടം പൂർത്തിയായി. കാംകോ, ഇന്ത്യൻ റെയിൽവേ എന്നിവയ്ക്കുള്ള കാസ്റ്റിംഗുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ നിർമ്മിച്ച് വരുന്നു.

എസ്ഐഎഫ്എൽ ആധുനികവൽക്കരണം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 3 കംപ്രസർ ഹെവി ഡ്യൂട്ടി ഡൈ സിങ്കിങ് മെഷീൻ (സിഎൻസി) എന്നിവയുടെ ഇൻസ്റ്റലേഷൻ പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു. ഷൊർണ്ണൂർ, മെഷിനിങ് യൂണിറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി 4 മെഷിണറികൾ പ്രവർത്തനസജ്ജമായി.

സിൽക്ക് അഴീക്കൽ യൂണിറ്റിൽ ഡ്രയ്ഡോക്കിങ് സ്ലിപ്‌വേ, ജനറൽ എഞ്ചിനീയറിംഗ് വർക്കുകൾ, തുറവൂർ യൂണിറ്റിൽ മെഷീനുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചു.

80. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പഴയ കാസ്റ്റിക് സോഡ പ്ലാന്റ് നവീകരിക്കും. 75 ടി.പി.ഡി ഉൽപാദനശേഷിയുള്ള പുതിയ കാസ്റ്റിക് സോഡാ പ്ലാന്റ് ആരംഭിക്കും. എച്ച്.സി.എൽ സിന്തസിസ് യൂണിറ്റ് ആരംഭിക്കും. 60 ടൺ ഉൽപാദന ശേഷിയോടെ സോഡാ ബ്ലീച്ച് പ്ലാന്റ് ആരംഭിക്കും.

75 ടി പി ഡി ഉല്പാദന ശേഷിയുള്ള പുതിയ കാസ്റ്റിക്സോഡാ പ്ലാന്റും എച്ച് സി എൽ സിന്തെസിസ് യൂണിറ്റും ആരംഭിച്ചു. 90 ടി പി ഡി ഉൽപാദന ശേഷിയുള്ള പ്ലാന്റും എച്ച് സി എൽ സിന്തെസിസ് യൂണിറ്റും ആരംഭിക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. സോഡ ബ്ലീച്ച് പ്ലാന്റ് കമ്പനി ഉൾപ്പെടുന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കൽ പുരോഗമിക്കുന്നു.

81. ട്രാക്കോ കേബിൾ കമ്പനിയുടെ നിലവിലുള്ള പ്ലാന്റ് ആധുനീകരിക്കും.

എല്ലാ ഉൽപ്പന്നങ്ങളും സമാന്തരമായി ഉൽപ്പാദിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിച്ചു. ഉൽപ്പാദന ശേഷി 6,000 എംറ്റിയിൽ നിന്നും 9,000 എംറ്റിയായി ഉയർത്തി.

82. മലബാർ സിമന്റ്സിന്റെ കപ്പാസിറ്റി ഗണ്യമായി ഉയർത്തും. സിമന്റ് പാക്കിംഗ് പ്ലാന്റ് ആരംഭിക്കും. ട്രാവൻകൂർ സിമന്റ്സിന്റെ 700 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഗ്രേസിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കും.

മലബാർ സിമന്റ്സിന്റെ പുതിയ ഉൽപ്പന്നമായ മലബാർ ഡ്രൈ മിക്സ് സിമന്റ് പ്ലാസ്റ്റർ വിപണിയിലിറക്കി. ട്രാവൻകൂർ സിമന്റ്സിൽ ഉത്പാദന വൈവിദ്ധ്യവൽകരണത്തിന്റെ ഭാഗമായി വാൾപുട്ടി യൂണിറ്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് 4.98 കോടി രൂപയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

83. ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ പഞ്ഞി മൊത്തത്തിൽ വാങ്ങുന്നതിനും എസ്ക്രൂ മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ മില്ലുകൾക്ക് നൽകുന്നതിനും ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും ആഭിമുഖ്യത്തിൽ ഒരു റോമെറ്റീരിയൽ കൺസോർഷ്യം ആരംഭിക്കും. നിലവിലുള്ള പ്ലാന്റുകളിലെ കാലഹരണപ്പെട്ട യന്ത്രങ്ങൾ നവീകരിക്കും.

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പഞ്ഞി അതിന്റെ സീസൺ സമയത്ത് കുറഞ്ഞ നിരക്കിൽ വാങ്ങി സംഭരിക്കുന്നതിന് കോട്ടൺ ബോർഡ് സ്ഥാപിച്ചു. ഇതിലേക്കായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. 70 കോടി എൻസിഡിസി വഴി ലോൺ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി. കെ.എസ്.ടി.സി യുടെ യൂണിറ്റുകളിലെ കാലഹരണപ്പെട്ട മെഷീനുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

84. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, പ്രിയദർശിനി മിൽ, കോട്ടയം ടെക്സ്റ്റൈൽസ്, തൃശൂർ സഹകരണ മിൽ, എന്നിവിടങ്ങളിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കും. കോമളപുരം സ്പിന്നിംഗ് മിൽസിൽ നോൺ വീവിംഗ് ഫാബ്രിക്സ് ഉൽപാദിപ്പിക്കും. സൈസിംഗ് ആൻഡ് വാർപിംഗ് യൂണിറ്റ് ആരംഭിക്കും. മലപ്പുറം കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ നവീകരിക്കുകയും സർജിക്കൽ കോട്ടൺ ഉൽപാദിപ്പിക്കുകയും ചെയ്യും. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കും. പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ വിപുലീകരിക്കും. നാടുകാണി ടെക്സ്റ്റൈലിൽ ഡിജിറ്റൽ പ്രിന്റിംഗ് സെന്റർ ആരംഭിക്കും. ചാത്തന്നൂർ (കൊല്ലം) സ്പിന്നിംഗ് മിൽ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തും.

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ വനിതാ ഗാർമെന്റ് യൂണിറ്റ് പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

മലപ്പുറം സ്പിന്നിംഗ് മിൽ നവീകരണത്തിന്റെ ഭാഗമായി ഡബിൾ ഡെലിവറി ഡ്രോയിങ്ങും ഓട്ടോകോണെർ മെഷീനും സ്ഥാപിച്ചു.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകി.

പിണറായി ഹൈടെക് വീവിങ് മിൽ വിപുലീകരിക്കുവാനുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

നാടുകാണി ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കി. തുടർനടപടികളുടെ ഭാഗമായി പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയോഗിച്ചു.

ചാത്തന്നൂർ സ്പിന്നിംഗ് മിൽ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഷിനറികൾ സ്ഥാപിച്ചു.

കോമളപുരം സ്പിന്നിംഗ് മില്ലിൽ നോൺവോവൻ ഫാബ്രിക് ഉൽപാദനത്തിനും ഡൈയിംഗ് ആൻഡ് വാർപിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

85. കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡ് ഉൽപന്നങ്ങളെ വൈവിദ്ധ്യവത്കരിക്കുകയും പ്ലാന്റ് നവീകരിക്കുകയും ചെയ്യും. പാപ്പിനിശേരിയിലെ മൈനിംഗ് തടസപ്പെട്ടതുകൊണ്ട് ഇന്റഗ്രേറ്റഡ് കോക്കനട്ട് കയർ കോംപ്ലക്സുകളിലേയ്ക്ക് വൈവിദ്ധ്യവത്കരിക്കും. ഇവിടെ ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കും.

കേരള സെറാമിക്സ് ലിമിറ്റഡ് പ്ലാന്റ് നവീകരണം പൂർത്തിയാക്കി. പ്രതിമാസ ഉൽപാദനം 1220 ടണ്ണായി ഉയർത്തി. ഉൽപാദനശേഷി 1,500 ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

കയർ ഡീഫൈബറിംഗ് യൂണിറ്റും, ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റും പ്രവർത്തനമാരംഭിച്ചു.

86. ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ ഡിസൈൻ സ്റ്റുഡിയോ, ഫർണിച്ചർ നിർമ്മാണ ട്രെയിനിംഗ് സെന്റർ, മര ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ടെസ്റ്റിംഗ് സെന്റർ എന്നിവ ആരംഭിക്കും.

ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കുന്ന പദ്ധതി മാസ്റ്റർ പ്ലാനിന്റെ മീഡിയം ടേം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

87. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ ഇന്റർനാഷണൽ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ നവീകരിക്കും.

കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ നവീകരിച്ച് അനായാസേന കാർഗോ കൈകാര്യം ചെയ്യുവാനും സർവീസ് മെച്ചപ്പെടുത്തുവാനും വേഗത കൈവരിക്കുവാനും അവസരമൊരുക്കി.

88. കേരള ഓട്ടോ മൊബൈൽസ് സ്വന്തമായി ഒരു ഇലക്ട്രിക് മൊബിലിറ്റി പ്രൊഡക്ഷൻ ലൈൻ ലഭ്യമാക്കും. ഇലക്ട്രിക് പിക്ക്അപ്പ് വാൻ, ഇ ലോഡർ, ഇലക്ട്രിക് കാർ, ഇ സ്കൂട്ടർ എന്നിവ ഉൽപാദിപ്പിക്കും.

കേരളാ ആട്ടോ മൊബൈൽസ് ഇ-ആട്ടോയുടെയും ഇ-കാർട്ടിന്റേയും

ഉത്പാദനം ആരംഭിച്ചു. വിപണന മേഖല വിപുലീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് ലിമിറ്റഡുമായുള്ള സംയുക്ത സംരംഭത്തിലൂടെ ഇ-സ്കൂട്ടറിന്റെ ഉൽപാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

89. ഭാവി ഇലക്ട്രിക് വാഹനങ്ങളിലാണ്. ആദ്യത്തെ പ്ലഗ് ആൻഡ് പ്ലേ ഇലക്ട്രിക് വാഹന നിർമ്മാണ കേന്ദ്രം യാഥാർഥ്യമാക്കും. 2, 3, 4 വീലറുകൾ, ഹെവി വാഹനങ്ങൾ എന്നിവയുടെ ബാറ്ററി നിർമ്മാണത്തിനുള്ള സൗകര്യം തിരുവനന്തപുരത്ത് സ്ഥാപിക്കും.

വിഎസ്എസ്സി, കെ-ഡിസ്ക്, റ്റിറ്റിപി, ട്രസ്റ്റ്പാർക്ക്, സി- ഡാക് മുതലായ സ്ഥാപനങ്ങൾ ചേർന്ന് കൺസോർഷ്യം ആരംഭിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദ്യഘട്ടമായി വി.എസ്.എസ്.സി യും റ്റിറ്റിപി യും സംയുക്തമായി ലിഥിയം ടൈറ്റനേറ്റ് പ്രോട്ടോടൈപ്പ് ബാറ്ററി വികസിപ്പിച്ചു. സി-ഡാകിന്റെ നേതൃത്വത്തിൽ ബാറ്ററി മാനേജ്മെൻറ് സിസ്റ്റം, ട്രസ്റ്റ് പാർക്കിന്റെ നേതൃത്വത്തിൽ ഇല്ക്ട്രിക് ഡ്രൈവ് എന്നിവ പുരോഗമിക്കുന്നു.

90. ഗാർഹിക വസ്തുക്കൾ, സൈക്കിളുകൾ, കളിപ്പാട്ടങ്ങൾ എന്നിവ (ചൈനീസ് ഉത്പന്നങ്ങൾ എന്ന് പൊതുവിൽ വിളിക്കപ്പെടുന്നവ) നിർമ്മിക്കുന്നതിനായി പാലക്കാട് ഒരു നിർമ്മാണശാല സ്ഥാപിക്കും. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ഇത് സഹായിക്കും.

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തി. രൂപരേഖ തയ്യാറായിവരുന്നു. പെട്രോകെമിക്കൽ പാർക്കിന്റെ ഭാഗമായി ഇത്തരം വസ്തുക്കൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

92. സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് മാതൃകാ ഭരണ ചാർട്ടർ രൂപീകരിക്കും.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്തരവാദിത്വത്തോട് കൂടിയുള്ള സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി പോൾ ആന്റണി ഐഎഎസ് (റിട്ട.) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നു.

93. പൊതുമേഖലാ ബോർഡുകൾ/ ഭരണസമിതികളിൽ സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരെ (സ്ഥാപനമേധാവി ഉൾപ്പെടെ കുറഞ്ഞത് മൂന്നിലൊന്ന് അംഗസംഖ്യയെങ്കിലും) ഉൾപ്പെടുത്തും.

ഓരോ സെക്ടറിലും ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക / മാനേജ്മെന്റ് / ഫിനാൻസ് മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഡയറക്ടർ ബോർഡ് അംഗങ്ങളായി നിയമിച്ചു.

94. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എസ്.സിക്കു പുറത്തുള്ള തസ്തികകളിലെ നിയമനങ്ങൾ കേന്ദ്രീകൃതമായി നടത്തുന്നതിനു പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കും.

പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ്

രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

95. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പള പരിഷ്കരണം സമയബന്ധിതമായി നടത്തുന്നതിന് പ്രത്യേക ശമ്പളകമ്മീഷനെ നിയമിക്കും. വിരമിക്കൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റുമായി ചേർന്നു പ്രത്യേക പദ്ധതി നടപ്പാക്കും.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള ഘടന ഏകീകരിച്ച് പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് ജി.ഒ(പി).നം.131/2020/ഫിൻ തീയതി 29.10.2022ന് പുറപ്പെടുവിച്ചു.

96. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ സമീപകാലത്ത് വലിയ പുരോഗതി കൈവരിക്കുകയുണ്ടായി. ഇതിനായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി. പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനങ്ങളെ നവീകരിച്ചു. ഇവയെല്ലാംമൂലം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മാനദണ്ഡങ്ങൾ കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് കോവിഡുകാലത്തെ അധിക വായ്പ അനുവദിക്കുകയുണ്ടായി. ഏകജാലക സംവിധാനം ഉറപ്പുവരുത്തും. ഇത്തരം നടപടികൾ കൂടുതൽ ശക്തിപ്പെടും. 2022ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ ആദ്യത്തെ പത്തു സംസ്ഥാനങ്ങളിൽ ഒന്നായി കേരളം ഉയരും. അഞ്ചു വർഷത്തിനുള്ളിൽ ഒന്നാം സ്ഥാനം കൈവരിക്കും.

സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി നടപ്പിലാക്കാൻ നിശ്ചയിച്ച 301 കർമ്മ പരിപാടികളിൽ 275 എണ്ണം പൂർത്തീകരിച്ചു. ഇത് കേന്ദ്രസർക്കാർ അംഗീകരിച്ചു. സംരംഭകരുമായി ബന്ധപ്പെട്ട സേവനങ്ങൾ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് നിയമപരമായ അധികാരമുള്ള ജില്ലാ സംസ്ഥാനതല കമ്മിറ്റികൾ നിലവിൽ വന്നു. വിവിധ വകുപ്പുകൾ സംരംഭകരുമായി നടത്തുന്ന പരിശോധനകൾ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലും സുതാര്യമായും നടത്തുന്നതിന് കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം കെ-സിസ് ഏർപ്പെടുത്തി. 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ സംരംഭകർക്ക് എല്ലാവിധ രേഖകളോടും കൂടി അപേക്ഷ നൽകിയാൽ 7 ദിവസത്തിനുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകുന്ന നിയമം പാസ്സാക്കി. കെ-സ്വിഫ്റ്റിൽ കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചു.

## ടൂറിസം

97. വിദേശ സഞ്ചാരികളുടെ എണ്ണം 2019ൽ 11.89 ലക്ഷമായിരുന്നു. 2025ൽ 20 ലക്ഷമാക്കും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 2019ൽ 1.83 കോടിയായിരുന്നു. ഇത് 2025ൽ 3.65 കോടിയാക്കും. അടങ്കൽ ഇരട്ടിയാക്കി ദേശീയമായും അന്തർദേശീയമായും മാർക്കറ്റിംഗ് വിപുലീകരിക്കും.

2021ൽ 75,37,617 പേരും 2022ൽ 1,88,67,414 പേരും 2023ൽ 2,18,71,641 പേരുമാണ് ആഭ്യന്തര വിനോദസഞ്ചാരികളായി കേരളം സന്ദർശിച്ചത്. 2022 വർഷത്തെ അപേക്ഷിച്ച് 15.92 ശതമാനം ആഭ്യന്തര സഞ്ചാരികളുടെ വർദ്ധനവ് 2023ൽ രേഖപ്പെടുത്തി.

2021 ൽ 60,487, 2022ൽ 3,45,549, 2023ൽ 6,49,057 വിദേശ വിനോദ സഞ്ചാരികൾ കേരളം സന്ദർശിച്ചു. 2022 വർഷത്തെ അപേക്ഷിച്ച് 87.83 ശതമാനം വിദേശ സഞ്ചാരികളുടെ വർദ്ധനവാണ് 2023ൽ രേഖപ്പെടുത്തിയത്.

98. ടൂറിസത്തിലെ സ്വകാര്യ നിക്ഷേപകർക്ക് വ്യവസായ മേഖലയ്ക്കു സമാനമായ എല്ലാ ആനുകൂല്യങ്ങളും നൽകും. പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നവർക്ക് പ്രത്യേക സഹായം നൽകും.

ടൂറിസത്തിന് വ്യവസായ മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. വ്യവസായ വകുപ്പിന്റെ സ്വിഫ്റ്റ് പോർട്ടലുമായും ഏകജാലക സംവിധാനവുമായും ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റാർ ഹോട്ടലുകൾക്ക് വൈദ്യുത സബ്സിഡി, കാരവൻ ടൂറിസത്തിൽ കാരവനുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നിവ ഉറപ്പാക്കി.

കേരള പാരമ്പര്യ മാതൃകയിൽ രൂപകൽപന ചെയ്തിട്ടുള്ളതും 50 വർഷത്തിലധികം പഴക്കമുള്ളതുമായ കെട്ടിടങ്ങൾക്ക് വകുപ്പ് പ്രത്യേകം ക്ലാസിഫിക്കേഷൻ നൽകി വരുന്നു ഇത്തരം കെട്ടിടങ്ങൾ സംരക്ഷിച്ച് ടൂറിസ്റ്റുകൾക്കായി നിലനിറുത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായമായി പരമാവധി 5 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

99. ഉത്തരവാദിത്വ ടൂറിസം നയം ശക്തിപ്പെടുത്തും. ഹോം സ്റ്റേകൾ പ്രോത്സാഹിപ്പിക്കും. പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കും. ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവരെ സജീവ പങ്കാളികളാക്കും.

ടൂറിസം രംഗത്തെ പങ്കാളിത്ത ടൂറിസം വികസനത്തിനും സ്ത്രീ സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്ത ടൂറിസം പ്രമോഷൻ സൊസൈറ്റി പദ്ധതികൾ ആവിഷ്കരിച്ചു. 25,188 രജിസ്റ്റേഡ് യൂണിറ്റുകളിലായി 1,50,776 ഗുണഭോക്താക്കളുണ്ട്. ഈ യൂണിറ്റുകളുടെ 2023–24 സാമ്പത്തിക വർഷത്തെ പ്രാദേശിക വരുമാനം 20 കോടി രൂപയാണ്. വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടപ്പിലാക്കി. മറവൻതുരുത്ത് വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചു.ഹോംസ്റ്റേ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോംസ്റ്റേകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധന ഒഴിവാക്കി.

100. അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ 2022 കോവിഡ് മുക്തവർഷമായി ആഘോഷിക്കും. പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

കോവിഡാനന്തര ടൂറിസത്തിൽ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. സുരക്ഷിത കേരളം സുരക്ഷിത ടൂറിസം, ചേഞ്ച് ഓഫ് എയർ തുടങ്ങിയ ക്യാമ്പയിനുകൾക്കൊപ്പം ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. കേരളത്തിലെ ടൂറിസം മേഖലയിൽ ടൂറിസം വകുപ്പ് നടത്തിയ ബയോബബിൾ പദ്ധതി മുൻനിർത്തി പ്രത്യേക പ്രചരണപദ്ധതികൾക്ക് രൂപം നൽകി. പ്രധാനമായും ഓൺലൈൻ, സോഷ്യൽ മീഡിയ ക്യാമ്പയിനാണ് വിദേശ വിപണിയിൽ പ്രധാനമായും നടത്തിയത്. ഡബ്ല്യൂ റ്റിഎം ലണ്ടൻ, ഫിറ്റ്ചർ സ്പെയിൻ തുടങ്ങിയ വിദേശ ടൂറിസം ഫെയറുകളിൽ പങ്കെടുത്തു.

101. കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തും. റിസോർട്ടുകളിലും ഹൗസ് ബോട്ടുകളിലും നിന്നുള്ള മാലിന്യങ്ങൾ കായലിൽ തള്ളാതിരിക്കാൻ വ്യവസ്ഥ ചെയ്യും. ഹൗസ്ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു സെപ്ടേജുകൾ സ്ഥാപിക്കും.

കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തുന്നതിലും, ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിലും തുറമുഖ വകുപ്പിന്റെ സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ടുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. പുരവഞ്ചികളിൽ നിന്ന് നേരിട്ട് മാലിന്യം സ്വീകരിച്ചു സംസ്കരിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കുമരകത്തെ കവണാറ്റിൻകരയിൽ പ്രവർത്തിച്ചു വരുന്നു.

ആലപ്പുഴ വട്ടക്കായലിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിന് 3.71 കോടി രൂപ അനുവദിച്ചു. കൈനകരിയിലും എച്ച് ബ്ലോക്കിലും സ്വകാര്യ പങ്കാളിത്തത്തോടുകൂടി 2 എസ്.ടി.പി കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

102. മുസരീസ്, ആലപ്പുഴ, തലശ്ശേരി എന്നിങ്ങനെ മൂന്ന് ടൂറിസം പൈതൃക പദ്ധതികളാണ് നിലവിലുള്ളത്. ഇവ മൂന്നിന്റെയും നിർമ്മാണം പൂർത്തീകരിക്കും.

മുസരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരുന്ന ചേരമാൻ പള്ളി, ഹോളിക്രോസ് ചർച്ച് ചേന്ദമംഗലം, പാലിയം ഊട്ടുപുര, കീഴ്ത്തളി മഹാദേവ ക്ഷേത്രം, ഐരാണിക്കുളം ശിവക്ഷേത്രം, തൃശൂർ, എറണാകുളം ജില്ലകളിലെ ആരാധനാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കൊടുങ്ങല്ലൂർ ക്ഷേത്രം മ്യൂസിയം കെട്ടിടം, പതിനെട്ടരയാളം, കനാൽ ഓഫീസ് തിരുവഞ്ചിക്കുളം, എന്നിവ പൂർത്തീകരിച്ചു. അക്കോമഡേഷൻ ബ്ലോക്ക് കൊടുങ്ങല്ലൂർ, ഗോതുരുത്ത് പാഴ്സോനെജ്, മുനക്കൽ ബീച്ച് എന്നിവയുടെ നവീകരണം പൂർത്തീകരിച്ചു വരുകയാണ്. ആലപ്പുഴ പൈതൃക പദ്ധതിയിലെ ആരംഭിച്ചിട്ടുള്ള 5 മ്യൂസിയങ്ങളിൽ യാൺ മ്യൂസിയം, കയർ ഹിസ്റ്ററി മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, ലിവിംഗ് കയർ മ്യൂസിയം, പോർട്ട് മ്യൂസിയം തുടങ്ങിയവയുടെ കെട്ടിടങ്ങളുടെ നവീകരണം പൂർത്തിയാക്കി.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി ഡെവലപ്പ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരളാ, ഡെവലപ്പ്മെന്റ് ഓഫ് മ്യൂസിയം ഓഫ്

ലിവിങ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി, ഡെവലപ്പ്മെന്റ് ഓഫ് യാൺ മ്യൂസിയം, റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് ഷെഡ് ബി കയർ കോർപ്പറേഷൻ ആന്റ് ക്യാന്റീൻ ബ്ലോക്ക് ഫോർ മ്യൂസിയം, സൈനേജസ് അറ്റ് ആലപ്പുഴ ഹെറിറ്റേജ് പ്രൊജെക്ടസ് എന്നീ പദ്ധതികൾ നടന്നുവരുന്നു.

തലശ്ശേരി പൈതൃക പദ്ധതിയിൽ സംസ്ഥാന ഫണ്ടുപയോഗിച്ചു പുരോഗമിക്കുന്ന രണ്ടാം ഘട്ട പദ്ധതികളിൽ സൈനേജ്, ജഗന്നാഥ ക്ഷേത്രം എന്നിവ ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചു. കിഫ്ബി വഴിയുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

103. തിരുവനന്തപുരം പൈതൃക പദ്ധതിയ്ക്ക് വിശദമായ ഡി.പി.ആർ തയ്യാറായിക്കഴിഞ്ഞു. കൊല്ലം, കോഴിക്കോട്, പൊന്നാനി, ആറന്മുള എന്നിവിടങ്ങളിൽക്കൂടി പൈതൃക ടൂറിസം പദ്ധതികൾ ആരംഭിക്കും. പൈതൃക ടൂറിസം പദ്ധതികൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തോടൊപ്പം ജനകീയ ചരിത്രവിദ്യാഭ്യാസ പദ്ധതികൾകൂടി ആയിരിക്കും.

തിരുവിതാംകൂർ പൈതൃക പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങളുടെ മുഖാവരണം ദീപാലങ്കാരം ചെയ്യൽ പ്രവൃത്തിയുടെ 27 ഘടകപ്രവൃത്തികൾ പൂർത്തിയായി.മറ്റ് പൈതൃക കെട്ടിടങ്ങളുടെ ദീപാലങ്കാര പ്രവർത്തികൾ പുരോഗമിക്കുന്നു. കോഴിക്കോട് തളീക്ഷേത്രം, കുറ്റിച്ചിറ കുളം, എന്നീ പൈതൃക സംരക്ഷണ പ്രവൃർത്തികൾ പൂർത്തീകരിച്ചു. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാംലകൃതമാക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകി.

104. പൈതൃക പദ്ധതികളുടെ തുടർച്ചയായി കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളേയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ്കരിക്കും.

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കൊല്ലം, ബേപ്പൂർ, പൊന്നാനി തുടങ്ങിയ തുറമുഖ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്പൈസ് റൂട്ട് പദ്ധതികളുമായി ബന്ധപ്പെട്ട പ്രാഥമിക പഠന പ്രവർത്തനങ്ങൾ ആരംഭിച്ചു.

105. കൽപ്പാത്തി, നൂറണി, കോട്ടായി, ചെമ്പൈ, കൊടുന്തുരപ്പുള്ളി, ചിറ്റൂർ, തിരുനെല്ലായി എന്നീ പ്രധാനപ്പെട്ട അഗ്രഹാരങ്ങളിൽ നിലവിലുള്ള പാരമ്പര്യ അഗ്രഹാര സംഗീത സാംസ്ക്കാരിക പൈതൃകങ്ങളെയും പാലക്കാട്ടെ തനത് കലാ സാംസ്ക്കാരിക പൈതൃകങ്ങളെയും ബന്ധിപ്പിച്ച് പൈതൃക സാംസ്ക്കാരിക വിനോദ സഞ്ചാര പദ്ധതി ആവിഷ്കരിക്കും.

കേരളത്തിലെ പ്രധാന അഗ്രഹാരങ്ങളിൽ ഒന്നായ കൽപാത്തിയുടെ തനത് പ്രത്യേകതകൾ, പൈതൃകം, കല, സംസ്കാരം, ജീവിതരീതികൾ മുതലായവ സംരക്ഷിക്കുന്നതിനും ഇവ പരിചയപ്പെടുവാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രാഥമിക പദ്ധതിരേഖ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് വഴി തയ്യാറാക്കി. കേന്ദ്രസർക്കാർ സ്കീം ആയ സ്വദേശ് ദർശൻ 2.0ൽ ഉൾപ്പെടുത്തി പരിഗണിക്കാൻ രണ്ട് ഘട്ടങ്ങളിലായി

മിനിസ്ട്രി ഓഫ് ടൂറിസം മുൻപാകെ പദ്ധതി നിർദേശങ്ങൾ അവതരിപ്പിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ അന്തിമ പട്ടിക ഗവൺമെന്റ് ഓഫ് ഇന്ത്യ തയ്യാറാക്കുന്നതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കും.

106. കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ മൂന്നാർ പട്ടണത്തിലെ ശുചിത്വം, താമസസൗകര്യങ്ങൾ, പഴയ ട്രെയിൻ സർവ്വീസിന്റെ പുനരുദ്ധാരണം, പ്ലാന്റേഷൻ ചരിത്ര മ്യൂസിയം, ഫാം ടൂറിസം തുടങ്ങിയവയെല്ലാമായി സംയോജിപ്പിച്ച് അത്യാകർഷകമാക്കും.

മൂന്നാറിന്റെ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കെ.ടി.ഐ.എൽനെ ചുമതലപ്പെടുത്തി. മൂന്നാർ റെയിൽ സംബന്ധിച്ച് കെ–റെയിൽ സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഫാം ടൂറിസം നെറ്റ് വർക്കിന്റെ പ്രവർത്തനം നടന്നുവരുന്നു.

107. മൂന്നാറിലെ കെ.എസ്.ആർ.ടി.സി വക മൂന്നേക്കറിൽ 100 കോടി രൂപ മുതൽമുടക്കിൽ ബജറ്റ് ഹോട്ടൽ ആരംഭിക്കും മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കും.

മൂന്നാറിലെ കെ.എസ്.ആർ.ടി.സി വക മൂന്നേക്കറിൽ 100 കോടി രൂപ മുതൽ മുടക്കിൽ ബജറ്റ് ഹോട്ടൽ ആരംഭിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി. സിയുമായി ചർച്ചകൾ നടന്നുവരുന്നു. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവൃത്തികളും പൂർത്തിയായി.

108. മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസനത്തിനു മുൻഗണന നൽകും. അന്തർദേശീയ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്, അഡ്വഞ്ചർ ടൂറിസത്തിന്റെ ആഭിമുഖ്യത്തിൽ മലബാർ റിവർ ഫെസ്റ്റ് എന്നിവ നടത്തിവരുന്നു. മലബാർ മലനാട് റിവർ ക്രൂയിസ് പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. മലബാർ ലിറ്ററി സർക്യൂട്ടും തലശ്ശേരി പൈതൃക പദ്ധതിയും മലബാറിന്റെ ടൂറിസം വികസനത്തിന് പ്രാധാന്യം നൽകി ആരംഭിച്ച പദ്ധതികളാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി കോഴിക്കോടും വയനാടും ബേക്കലിലും മികച്ച നിലവാരത്തിലുള്ള ടോയിലറ്റുകൾ നിർമ്മിച്ചു. ചാമ്പ്യൻസ് ബോട്ട് ലീഗ് മലബാറിലേക്ക് വ്യാപിപ്പിച്ചു. കണ്ണൂർ അഞ്ചരക്കണ്ടി പുഴയിലും കോഴിക്കോട് ബേപ്പൂരിലും ചെറുവള്ളങ്ങളുടെ മത്സരങ്ങൾ സംഘടിപ്പിച്ചു. മുഴുപ്പിലങ്ങാട് ധർമ്മടം ബീച്ച് വികസനം (കിഫ്ബി പദ്ധതി) പൂർത്തീകരണ ഘട്ടത്തിലാണ്.

ബി.ആർ.ഡി.സി. യിലെ റിസോർട്ട് ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്വകാര്യ നിക്ഷേപകരുടെ സഹായത്തോടെ താജ് ഗ്രൂപ്പ് ഉൾപ്പെടെ പുതിയ റിസോർട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ബേക്കൽ ബീച്ച് ഫെസ്റ്റിവൽ ധാരാളം ജനങ്ങളെ ആകർഷിക്കുന്ന പരിപാടിയാണ്. കെ.ടി. ഡി.സി. യുടെ ആഭിമുഖ്യത്തിൽ ബേക്കൽ ബീച്ചിൽ കാരവൻ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ബേക്കലിൽ പുതിയ ടൂറിസം വില്ലേജ് പദ്ധതിക്ക് അനുമതി നൽകി.

മലബാർ മേഖലയിലെ ചെറിയ പാർക്കുകൾ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പിൽഗ്രിം ടൂറിസം പദ്ധതികൾ, ഫുഡ് സ്ട്രീറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിലെ എൻ ഊര് ടൂറിസം പദ്ധതി വികസിപ്പിച്ചു. സ്വദേശി ദർശൻ 2.0ൽ ബേപ്പൂരിനെ ഉൾപ്പെടുത്തി. വയനാടിനെ മികച്ച വർക്ക് ഫ്രം ഹോളിഡേ ഡെസ്റ്റിനേഷനായി വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു.

109. ഉത്തര മലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം നടപ്പിലാക്കും. മൊത്തം 45 ബോട്ട് ടെർമിനലുകൾ ഇതിന്റെ ഭാഗമായി ഉണ്ടാകും. മുഴപ്പിലങ്ങാട്, ബേക്കൽ, ടൂറിസം പദ്ധതികൾ പൂർത്തീകരിക്കും.

മലബാർ മലനാട് റിവർ ക്രൂയിസിന്റെ സംസ്ഥാന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി പൂർത്തീകരിച്ചു. കേന്ദ്ര ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള ഘടകങ്ങൾ പുരോഗമിക്കുന്നു. 35 ബോട്ട് ടെർമിനലുകൾ പൂർത്തീകരിച്ചു. മുഴപ്പിലങ്ങാട്, ധർമ്മടം ബീച്ചുകളിലെ കിഫ്ബി മുഖേനയുള്ള വികസനപദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

110. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയെ പ്രത്യേക ടൂറിസം മേഖല/ഹൈവേ ആയി പ്രഖ്യാപിക്കും. അതോടനുബന്ധിച്ച് പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ ഏറ്റവും കുറഞ്ഞത് അൻപതോളം ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ജലപാത കടന്നുപോകാത്ത ജില്ലകളിലും ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ഓരോന്നിനും മാസ്റ്റർപ്ലാനുണ്ടാകും. ഇവിടങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ പ്രാദേശിക ഭക്ഷ്യ വിഭവങ്ങളുടെയും കരകൗശല വസ്തുക്കളുടെയും ഉല്പാദനവും വില്പനയും പ്രോത്സാഹിപ്പിക്കും.

തിരുവനന്തപുരം – കാസർകോഡ് ജലപാതയോടനുബന്ധിച്ചു വരുന്ന ടൂറിസം സാധ്യതകൾ കേരള വാട്ടർ വെയ്സ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് പരിശോധിച്ചുവരുന്നു. നടപ്പാതകളുടെ നിർമ്മാണം, കനാൽ ബ്യൂട്ടിഫിക്കേഷൻ, സീ വ്യൂ ഡെസ്ക്, പാർക്കിംഗ് സ്പെയ്സ്, റെന്റ് ഔട്ട് സ്പെയ്സ്, ലാന്റ് സ്കേപ്പ്ഡ് ഏരിയ, ബോട്ടുകളിൽ യാത്രചെയ്യാവുന്ന വാട്ടർ വേ ടണൽ മുതലായവ പദ്ധതിയിൽ ഉൾപ്പെടും. 13 ഇടങ്ങളിൽ സ്ഥലം അക്വയർ ചെയ്ത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിൽ വികസിപ്പിക്കും.

111. പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറായിട്ടുണ്ട്. റോഡ്, കുടിവെള്ളം, പൊതു ടോയ്‌ലറ്റുകൾ, മാലിന്യസംസ്കരണ സൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിത വൈദ്യുതി, താമസസൗകര്യം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാനുകൾ എല്ലാ ടൂറിസ്റ്റ് കേന്ദ്രത്തിലും തയ്യാറാക്കും. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തും.

ടൂറിസം വകുപ്പ് 14 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. ഇവ സർക്കാരിന്റെ പരിഗണനയിലാണ്. വർക്കല, മൂന്നാർ, മലമ്പുഴ എന്നീ കേന്ദ്രങ്ങളുടെ മാസ്റ്റർ

പ്ലാൻ തയ്യാറാക്കാൻ കെ.ടി.ഐ.എൽനെ ചുമതലപ്പെടുത്തി.

112. ടൂറിസം കേന്ദ്രങ്ങൾക്ക് ഒരു ഗ്രീൻ പ്രോട്ടോക്കോളുണ്ടാക്കും. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും. പ്ലാസ്റ്റിക് നിരോധിക്കും. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കുന്നതിന് ആധുനിക പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കും.

ഉത്തരവാദിത്ത ടൂറിസം മിഷൻ യുഎൻഡിപി ഐഎച്ച്ആർഎംഎൽ പദ്ധതി യുടെ ഭാഗമായി മൗണ്ട് ലാൻഡ്സ്കേപ്പിനുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കി. മൂന്നാർ മേഖല കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ മൂന്നാർ ഉൾപ്പെടെയുള്ള 10 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കർശനമായി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ തീരുമാനിച്ചു. ഈ മാതൃകയിൽ ബീച്ച് ടൂറിസം കേന്ദ്രങ്ങൾ, കായൽ ടൂറിസം കേന്ദ്രങ്ങൾ, മൈക്രോ ടൂറിസം കേന്ദ്രങ്ങൾ എന്നിവക്കായി ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രത്തിൽ മാലിന്യ സംസ്ക്കരണത്തിന് ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ബേക്കൽ വിനോദസഞ്ചാര പദ്ധതി പരമാവധി ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറച്ചു വരികയാണ്.

113. ആഗോള വാർഷിക ലിറ്ററി ഫെസ്റ്റിവെൽ, സംഗീതോത്സവം, നാടകോത്സവം, ചലച്ചിത്രോത്സവം തുടങ്ങിയവ കൂടുതൽ വിപുലമായി സംഘടിപ്പിക്കും.

ലിറ്ററി ഫെസ്റ്റിവൽ, നാടകോത്സവം, ചലച്ചിത്രോത്സവം എന്നിവ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു. ഇത്തരം ഫെസ്റ്റിവലു കളിലൂടെ വിനോദസഞ്ചാര സാധ്യത ടൂറിസം വകുപ്പ് ഉപയോഗപ്പെടു ത്തുന്നുണ്ട്. നിശാഗന്ധി സംഗീതോത്സവം പുനരാരംഭിക്കാൻ തീരുമാനിച്ചു.

114. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറായിട്ടുണ്ട്. ഇവയുമായി ബന്ധപ്പെടുത്തി ചുരുങ്ങിയ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന പ്രത്യേക ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകും.

കേരളത്തിലെ പൂരങ്ങളുടേയും പ്രധാനപ്പെട്ട ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറാക്കി. ഇവയുമായി ബന്ധപ്പെടുത്തി പ്രത്യേക ടൂറിസം പാക്കേജുകൾ സ്വകാര്യ ടൂർ ഓപ്പറേറ്റർമാരുടെ നേതൃത്വത്തിൽ നടപ്പാക്കി.

115. ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തും. ഓരോ മേഖലയിലെയും ടൂറിസ്റ്റ് ഗൈഡുകൾക്കു പ്രത്യേക പരിശീലനം നൽകും. ആയുർവേദം, യോഗ, കളരി, പ്രകൃതി ചികിത്സ എന്നിവ സമന്വയിപ്പിച്ച് ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ് കോഴ്സുകൾ വികസിപ്പിക്കും.

വിനോദസഞ്ചാര മേഖലയ്ക്കാവശ്യമായ ഗുണനിലവാരമുള്ള മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന്

കീഴിൽ കിറ്റ്സ്, എസ്.ഐ.എച്ച്.എം., എഫ്.സി.ഐ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈധഗ്ദ്യം ഉറപ്പുവരുത്തുന്നതിന് യോജിച്ച രീതിയിലുള്ള കോഴ്സുകൾ നടത്തിവരുന്നു.

116. നവംബർ മുതൽ മാർച്ച് പകുതി വരെ വിദേശ സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൺസൂൺ ടൂറിസവും ചാമ്പ്യൻസ് ലീഗ് വള്ളം കളിയും ഉപയോഗപ്പെടുത്തി ടൂറിസം സീസൺ വർഷം മുഴുവൻ നീട്ടും. ബോട്ട് ലീഗിലേയ്ക്ക് ചുണ്ടൻ വള്ളങ്ങൾക്കു പുറമേ മറ്റു ചെറുവള്ളങ്ങളെക്കൂടി ഉൾപ്പെടുത്തും.

മൺസൂൺ ടൂറിസം ഉൾപ്പെടുത്തി ടൂറിസം സീസൺ വർഷം മുഴുവൻ നീട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സമ്മർ വെക്കേഷൻ ക്യാമ്പെയ്ൻ വഴി ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. ഇതിനായി ഇതര സംസ്ഥാനങ്ങളിലും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും പ്രചാരണം നടത്തുന്നുണ്ട്.

117. കേരളത്തിലേയ്ക്ക് കൂടുതൽ നേരിട്ടുള്ള അന്തർദേശീയ വിമാന സർവ്വീസ് ആരംഭിക്കാൻ പരിശ്രമിക്കും. ടൂറിസ്റ്റ് കപ്പലുകളേയും ആകർഷിക്കാനാവും

കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി ക്രൂയിസ് ടൂറിസം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരള മാരിടൈം ബോർഡുമായി ചേർന്ന് യാത്രാ കപ്പലുകളുടെ സർവ്വീസ് ആരംഭിക്കലും ക്രൂയിസുകളെ ആകർഷിക്കുന്നതിന് ക്രൂയിസ് ടൂറിസം പദ്ധതി രൂപം നൽകലും അന്തിമഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി കൊച്ചി വെല്ലിംഗ്ട്ടൺ ഐലന്റ് വികസിപ്പിക്കുന്നതിന്റെ മാസ്റ്റർ പ്ലാൻ കെ.ടി.ഐ.എൽ തയ്യാറാക്കി.

118. കൊച്ചി ബിനാലെ ശക്തിപ്പെടുത്തും. സർക്കാർ ഉടമസ്ഥതയിൽ സ്ഥിരംവേദി ഉറപ്പുവരുത്തും. ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ആലപ്പുഴ കൊച്ചി ആഗോള ചിത്രപ്രദർശനം സംഘടിപ്പിക്കും.

കൊച്ചിൻ ബിനാലെയുടെ 6–ാംമത് എഡിഷന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

119. വിനോദസഞ്ചാരത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കും

വിനോദസഞ്ചാരത്തൊഴിലാളി ക്ഷേമനിധി ബോർഡിനായുള്ള കരട് ആക്ട് സർക്കാരിന്റെ പരിഗണനയിലാണ്.

120. ടൂറിസം മാർക്കറ്റിംഗിന് കൂടുതൽ പണം വകയിരുത്തും. പൊതുവായ പ്രചരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നൽകും.

ഡബ്ല്യൂ.റ്റി.എം., ഐറ്റിബി ബെർലിൻ എന്നീ അന്താരാഷ്ട്ര ടൂറിസം ബി 2

ബി മീറ്റുകളിൽ കേരളത്തിന്റെ പവലിയിൻ പ്രത്യേക ശ്രദ്ധ ആകർഷിച്ചു. ലണ്ടനിൽ നടന്ന ഡബ്ല്യൂ.റ്റി.എമ്മിൽ മികച്ച പവലിയനുള്ള അവാർഡ് കേരളം കരസ്ഥമാക്കി.

121. **കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം സർക്കാർ നൽകും.**

2022 മെയ് 05 മുതൽ 07 വരെ കേരളാ ട്രാവൽ മാർട്ട് 2022 എറണാകുളം ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ സംഘടിപ്പിച്ചു. രാജ്യത്തെ ഏറ്റവും മികച്ച ട്രാവൽ മാർട്ട് ആയ കേരള ട്രാവൽ മാർട്ടിനെ കൂടുതൽ മികച്ചതാക്കാൻ 7 കോടി രൂപ വകയിരുത്തി.

122. **ടൂറിസത്തിനു വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തും.**

2022–23ൽ 362.64 കോടി രൂപയും 2023–24ൽ 362.15 കോടി രൂപയും ബജറ്റ് വിഹിതമായി അനുവദിച്ചു.

123. **ഉത്തരവാദിത്ത ടൂറിസം നയം തുടരും. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ എല്ലാം കാരിയിംഗ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തും. ടൂറിസം മേഖലകളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് ഒരു സബ് പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനം നൽകും. അഡ്വഞ്ചർ ടൂറിസവും, തീർത്ഥാടന ടൂറിസവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ വികസിപ്പിക്കും.**

ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തിന്റെ ടൂറിസം നയമായി തുടരും. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം പരിശീലനം നൽകി വരുന്നു.

അഡ്വഞ്ചർ ടൂറിസം വികസനത്തിന്റെ ഭാഗമായി 7 ബീച്ചുകളിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജും വാഗമണിൽ ഗ്ലാസ് ബ്രിഡ്ജും സ്ഥാപിച്ചു. മലബാർ റിവർ ഫെസ്റ്റ്, വർക്കല ഇന്റർനാഷണൽ സർഫിംഗ് ഫെസ്റ്റിവൽ, പാരാഗ്ലൈഡിംഗ് ഇന്റർനാഷണൽ ഫെസ്റ്റിവൽ, ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, ഏഷ്യൻ മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് പൊൻമുടി, എം.ടി.ബി തുടങ്ങിയ പദ്ധതികൾ അഡ്വഞ്ചർ ടൂറിസം വഴി നടപ്പാക്കി വരുന്നു.

തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ അമിനിറ്റി സെന്ററുകൾ, ടോയ്‌ലറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും ചരിത്ര പ്രാധാന്യമുള്ള ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനും പദ്ധതികൾ നടപ്പാക്കിവരുന്നു. 'സ്വദേശ് ദർശൻ 1.0' സ്കീമിൽ അനുവദിച്ച ശ്രീപദ്മനാഭ, ആറന്മുള ആസ് എ സ്പിരിച്ച്വൽ സർക്യൂട്ട്, ശബരിമല, എരുമേലി, പമ്പ, സന്നിധാനം ആസ് എ സ്പിരിച്ച്വൽ സർക്യൂട്ട് എന്നീ പദ്ധതികളും, പ്രസാദ് സ്കീമിലെ ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനവും പൂർത്തീകരിച്ചു.

'സ്വദേശ് ദർശൻ 2.0' സ്കീമിൽ ഉൾപ്പെട്ട 'ചലഞ്ച് ബെയ്സ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്' പദ്ധതിയിൽ തലശ്ശേരി സ്പിരിചാൽ സ്കീം യാഥാർത്ഥ്യമാക്കു

ന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് 'തത്വമസി' പദ്ധതിയിൽ 43 പദ്ധതികൾക്കായി 973,681,847.00 രൂപ അനുവദിച്ചു.

124. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണം 2015-16 ൽ 82000 ആയിരുന്നു. ഇത് ഇപ്പോൾ 1.4 ലക്ഷമായി ഉയർന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണം 4.18 ലക്ഷത്തിൽ നിന്ന് 6.38 ലക്ഷമായി ഉയർന്നു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 3 ലക്ഷമായി ഉയർത്തും. 6 ലക്ഷം പേർക്ക് പുതിയതായി തൊഴിൽ നൽകും. ഇതിൽ ഒരു ലക്ഷം തൊഴിലവസരങ്ങൾ എങ്കിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായിട്ടുള്ളവയാകും.

2023 സാമ്പത്തിക വർഷം സർക്കാർ സംരംഭകവർഷം ആയി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ വിപുലങ്ങളായ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 1,39,840 സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. അതിലൂടെ 3,00,056 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 2023-24 സാമ്പത്തിക വർഷം 1,03,606 സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. അതുവഴി 7051.46 കോടി രൂപയുടെ നിക്ഷേപവും 2,18,249 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ 2,43,482 സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അതുവഴി 15,475.5 കോടി രൂപയുടെ നിക്ഷേപവും 5,18,373 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. 'സംരംഭകവർഷം പദ്ധതി' ബെസ്റ്റ് പ്രാക്ടീസായി കേന്ദ്രസർക്കാർ തെരഞ്ഞെടുത്തു. 2024-25 സാമ്പത്തിക വർഷവും പദ്ധതി തുടരും. സംസ്ഥാനത്തെ എം.എസ്.എം.ഇ.കളിൽ നിന്ന് തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇ.കളെ ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളാക്കി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള 'മിഷൻ 1,000 പദ്ധതി' വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു.

125. ഈ ലക്ഷ്യപ്രാപ്തിക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

- ചെറുകിട വ്യവസായങ്ങൾക്കു വേണ്ടിയുള്ള ഡെവലപ്പ്മെന്റ് ഏരിയകളും എസ്റ്റേറ്റുകളും സ്ഥാപിക്കും. നിലവിലുള്ളവയുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തും.
- സംരംഭകത്വ വികസന പരിപാടികൾ വിപുലീകരിക്കും.
- വായ്പാ സൗകര്യങ്ങൾ ഉദാരമാക്കും.
- പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പരിപാടിക്കു രൂപം നൽകും.

' സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ' പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഇതുവരെ 16 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി. കൂടുതൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

2021-22 വർഷം മുതൽ 2023-24 വർഷം വരെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 44.39 കോടി രൂപ ചെലവഴിച്ചു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ ഉദാരമാക്കുന്നതിനും പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനുമായി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി വഴി ഉൽപാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകിവരുന്നുണ്ട്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. 2023-24 വർഷം ഈ പദ്ധതി പ്രകാരം 256.02 ലക്ഷം രൂപ ചെലവഴിച്ചു.

സ്ട്രെസ്ഡ് എംഎസ്എംഇകളെയും ഡിഫഗ്ന്റ് എംഎസ്എംഇകളെയും പുനരുദ്ധരിക്കുന്നതിനു 31/3/2022 വരെ നിലവിലുണ്ടായിരുന്ന സ്കീം ഫോർ റിവൈവൽ ഓഫ് എംഎസ്എംഇസ് വിത്ത് സ്ട്രെസ്ഡ് അസെറ്റ്, ഡിഫഗ്ന്റ് എംഎസ്എംഇസ് ആൻഡ് കാഷ്യൂ പ്രോസസിംഗ് യൂണീറ്റ്സ് പദ്ധതികൾ സംയോജിപ്പിച്ച് പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി. 2023-24 വർഷം ഈ പദ്ധതി പ്രകാരം 40.31 കോടി രൂപ ചെലവഴിച്ചു.

എംഎസ്എംഇ യുണിറ്റുകളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള അസിസ്റ്റൻസ് ഫോർ മൈക്രോ ടു സ്മാൾ, സ്മാൾ ടൂ മീഡിയം സ്കെയിലിംഗ് അപ് ഓഫ് എംഎസ്എമീസ് പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. സംരംഭകർക്ക് അനായാസമായി വായ്പ്പ ലഭ്യമാക്കുന്നതിന് സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുമായി ചേർന്ന് കെൽസ് പദ്ധതി രൂപീകരിച്ചു.

## പ്രവാസികൾ

126. 1980 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക കുതിപ്പിന് ഏറ്റവും നിർണ്ണായകമായ സംഭാവന പ്രവാസി മലയാളികളിലൂടെയുള്ള വിദേശ പണവരുമാനമാണ്. കേരളത്തിൽ നിന്ന് കുടിയേറുന്നവരേക്കാൾ മടങ്ങി വരുന്നവരുടെ എണ്ണം കൂടുന്ന സ്ഥിതിവിശേഷം കോവിഡിനു മുന്നേ തന്നെ രൂപം കൊണ്ടിരുന്നു. യു.കെയിലേയ്ക്ക് 2700 നേഴ്സുമാരെ ബ്രിട്ടീഷ് കൗൺസിലുമായി സഹകരിച്ചുകൊണ്ടുള്ള പരിശീലന പരിപാടി ഇതിന് ഉദാഹരണമാണ്. ഇത്തരം നൈപുണ്യ പരിശീലനവും വിദേശ രാജ്യങ്ങളുമായിട്ടുള്ള ആശയവിനിമയത്തിനും സർക്കാർ മുൻകൈ എടുക്കും. പുതിയ തൊഴിൽ സാധ്യതയെ കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ അന്വേഷകർക്ക് എത്തിച്ച് കൊടുക്കുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവയാണ് മറ്റു നടപടികൾ.

ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി ജർമൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനുമായി സഹകരിച്ചു ഡിഗ്രി ഡിപ്ലോമ യോഗ്യതയുള്ള നഴ്സുമാർക്ക് ജർമൻ ഭാഷ പരിശീലനം നൽകി ജർമനിയിലേക്ക് റിക്രൂട്ട് ചെയ്ത് തുടങ്ങി കഴിഞ്ഞു. ട്രിപ്പിൾ വിൻ പ്രോഗ്രാമിന്റെ എഡിഷനുകൾ 4 ഇതിനകം നടത്തിയിട്ടുണ്ട്, കൂടാതെ അഞ്ചാം എഡിഷൻ 2024 ഏപ്രിൽ 9 മുതൽ 18 വരെ 310 നഴ്സുമാരിൽ തൊഴിൽ കരാർ ലഭിച്ചു ഇമിഗ്രേഷൻ പ്രക്രിയകൾ പുരോഗമിക്കുന്നു. നിലവിൽ 206 പേർ ഈ പദ്ധതിയിൻ കീഴിൽ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ പ്ലസ്ടു (സയൻസ്) പഠനത്തിനുശേഷം

ജർമ്മനിയിൽ നഴ്സിങ് ബിരുദ കോഴ്സുകൾക്ക് ചേരാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിനു 2024 ഫെബ്രുവരി 13-ന്, തുടക്കമായി തിരഞ്ഞെടുക്കപ്പെട്ട നഴ്സുമാർ ജർമൻ ഭാഷ പരിശീലനം നടത്തി വരുന്നു. ആദ്യ ബാച്ചില് 200 പേർക്ക് പരിശീലനം നൽകി വരുന്നു. നോർക്ക റൂട്സും U.K യിലെ HUMBER & NORTH YORKSHIRE, HEALTH PATNERSHIP, NAVIGO എന്നിവരുമായി ചേർന്ന് 4 കരിയർ ഫെയറുകൾ നടത്തി. ഏകദേശം 196 നഴ്സുമാർ ജോലിയിൽ പ്രവേശിച്ചു. കേരളത്തിലെ ആരോഗ്യ പ്രവർത്തകർക്ക് യു.കെ യിലെ വെയിൽസിൽ തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനായുള്ള ധാരണാപത്രം 01/03/2024ന്, ഒപ്പിട്ടു. ആദ്യഘട്ടത്തിൻ 250 പേരെ ഈ പദ്ധതിയിലൂടെ റിക്രൂട്ട് ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ന്യൂഫൗണ്ട്ലാൻഡുമായും ലാബ്രഡോറുമായും നോർക്ക 2023 ജൂൺ 30-ന് കരാറിൽ ഏർപ്പെടുകയും, 160 ഹെൽത്ത് പ്രൊഫഷണലുകളെ കാനഡയിലേക്ക് റിക്രൂട്ട് ചെയ്യുകയും ചെയ്തു. 2023 -24 സാമ്പത്തിക വർഷത്തിൽ നഴ്സ് / House maid എന്നീ വിഭാഗത്തിൽ 124 പേരെ റിക്രൂട്ട് ചെയ്തു.

വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജ് ന്റെ പ്രവർത്തനം തിരുവനന്തപുരത്തു ആരംഭിച്ചു German, English(IELTS, OET) എന്നീ ഭാഷകളിലാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. തൊഴിൽ ദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ കേന്ദ്രമായി പ്രസ്തുത പഠന കേന്ദ്രത്തെ പരിവർത്തനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിലുള്ള നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോഫ് ഫോറിൻ ലാംഗ്വേജസിന്റെ (എൻ.ഐ.എഫ്.എൽ) രണ്ടാമത്തെ കേന്ദ്രം 17/02/2024ന് കോഴിക്കോടും ഉദ്ഘാടനം ചെയ്തു.

വിദേശ തൊഴിൽദാതാവുമായി നേരിട്ടുള്ള അഭിമുഖം, അന്താരാഷ്ട്ര തലത്തിലെ അഭിമുഖങ്ങളിൽ പങ്കെടുക്കാനുള്ള പരിശിലനം, ആധുനിക സൗകര്യങ്ങളുള്ള നാല് സൗണ്ട് പ്രൂഫ് ക്ലാസ്സ് റൂമുകൾ എന്നിവയാണ് നോർക്കയുടെ രണ്ടാമത്തെ എൻ.ഐ.എഫ്.എൽ കേന്ദ്രമായ കോഴിക്കോട് ഒരു ക്കിയിട്ടുള്ളത്.

വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്കുള്ള സുരക്ഷിതമായ കുടിയേറ്റ കാര്യങ്ങളിൽ പ്രിന്റ്/ ആഡിയോ/വിഷ്വൽ മീഡിയ മുഖേന ശക്തമായ ബോധവത്ക്കരണം നടത്തി. കൂടാതെ സുരക്ഷിത തൊഴിൽ കുടിയേറ്റത്തിന് മാർഗ്ഗ നിർദ്ദേശം നൽകുക എന്ന ലക്ഷ്യം മുൻ നിർത്തി നഴ്സിംഗ് കോളേജുകൾ മുഖേന ജില്ലതലത്തിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

127. **പഞ്ചായത്തുകളും നഗരസഭകളും പ്രവാസി ഓൺലൈൻ സംഗമങ്ങൾ സംഘടിപ്പിക്കും. വിദേശത്തു നിന്നും മടങ്ങിവരുന്ന പ്രവാസികളുടെ ലിസ്റ്റും ആവശ്യങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ശേഖരിക്കുകയും ജില്ലാതല കർമ്മ പരിപാടിയായി ക്രോഡീകരിക്കുകയും ചെയ്യും.**

പ്രവാസി ഓൺലൈൻ സംഗമങ്ങൾ നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

128. **അഭ്യസ്തവിദ്യരുടെ ഡിജിറ്റൽ തൊഴിൽ പദ്ധതി, വായ്പാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിപാടി, സേവനദാതാക്കളുടെ മൾട്ടി ടാസ്ക് സംഘങ്ങൾ, വിപണന ശൃംഖല തുടങ്ങിയ തൊഴിൽ പദ്ധതികളെ പ്രവാസികൾക്കു പ്രത്യേക പരിഗണന നൽകി ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്കു രൂപം നൽകുകയും ചെയ്യും.**

ഡിജിറ്റൽ തൊഴിൽ പദ്ധതി കെ-ഡിസ്ക് വഴി നടപ്പിലാക്കി വരുന്നു. ആഗോളതലത്തിൽ ഫ്രീലാൻസ് ജോലികൾക്കായുള്ള സംരംഭങ്ങൾ സൃഷ്ടിക്കാൻ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ലബോറട്ടറി ഫോർ ഇന്നവേഷൻ സയൻസുമായി ചേർന്നു കൊണ്ടു നോളജ് ഇക്കണോമി മിഷൻ ഒരു പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്.

129. **പ്രവാസി ഡിവിഡന്റ് സ്കീമും പ്രവാസി ചിട്ടിയും കൂടുതൽ ആകർഷകമാക്കും.**

2019 ൽ ആരംഭിച്ച പ്രവാസി ഡിവിഡന്റ് പദ്ധതി പ്രവാസികൾക്ക് മെച്ചമുള്ള നിക്ഷേപ പദ്ധതിയായി സർക്കാർ നിലനിർത്തുകയും തുടരുകയും ചെയ്യുന്നു. പ്രവാസി ഡിവിഡന്റ് പദ്ധതി 315 കോടിയോളം രൂപ നിക്ഷേപം സ്വീകരിച്ച് കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ട്. 2019 ലെ നിക്ഷേപകർക്ക് പ്രതിമാസ ഡിവിഡന്റ് 2023 ജനുവരി മാസം മുതൽ നൽകി തുടങ്ങിയിട്ടുണ്ട്.

130. **ഉയർന്ന വിമാന നിരക്ക് ഉൾപെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിനെ കൊണ്ട് ഇടപെടുവിക്കുന്നതിനുള്ള തീവ്രശ്രമം നടത്തും. കുടിയേറ്റക്കാർക്ക് ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു സമഗ്ര കുടിയേറ്റ നിയമത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.**

ന്യായമായ വിമാന നിരക്ക് ലഭ്യമാക്കുന്നതിനായി പ്രവാസികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചാർട്ടേഡ് വിമാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. മുഖ്യമന്ത്രി ഈ വിഷയത്തിൽ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ ഗൾഫിലെ തുറമുഖങ്ങളിൽ കേരളത്തിലെ കുറഞ്ഞ ചെലവിൽ കപ്പൽ യാത്രാ യാഥാർത്ഥ്യമാക്കുവാനുള്ള നടപടികൾ കേരള Maritime ബോർഡ് ഉം നോർക്ക റൂട്ട്സും ചേർന്ന് മുന്നൊരുക്കങ്ങൾ നടത്തി വരുന്നു.

131. **പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കി തുടങ്ങിയിട്ടുണ്ട്. അത് പൂർത്തീകരിക്കും. സ്ഥിരമായി, വിദേശത്ത് പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകളെ മലയാളത്തേയും മലയാള സംസ്കാരത്തേയും പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള മലയാളം മിഷന്റെ പ്രവർത്തനം വിപുലീകരിക്കും.**

ലോകമെങ്ങുമുള്ള പ്രവാസി മലയാളികളുടെ വിവര ശേഖരണത്തിനായി ഒരു ഓൺലൈൻ പോർട്ടൽ നടപ്പിലാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്.

132. **ലോക കേരള സഭ വൻ വിജയമാണ്. കോവിഡാനന്തര കാലത്ത്**

വീണ്ടും ഇത്തരം സമ്മേളനം വർഷം തോറും വിളിച്ചു ചേർക്കും. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കും. വിദേശത്തുള്ള പ്രവാസി വ്യവസായവാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകും. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും.

മൂന്നാം ലോകകേരള സഭ 2022 ജൂണിൽ പൂർത്തിയായതിനു ശേഷം 2022 ഒക്ടോബറിൽ ലണ്ടനിൽ യു.കെ, യൂറോപ്പ് ലോകകേരള സഭയുടെ മേഖല സമ്മേളനം വിജയകരമായി സംഘടിപ്പിച്ചിരുന്നു. തുടർന്ന് അമേരിക്കൻ മേഖല സമ്മേളനം 2023 ജൂൺ മാസം ന്യൂയോർക്കിൽ വച്ച് വിജയകരമായി സംഘടിപ്പിച്ചിരുന്നു. നാലാം ലോകകേരള സഭ 2024 ജൂൺ 13 മുതൽ 15 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കി.

133. കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട്, രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ സ്കീം ഉണ്ടാക്കും. സാന്ത്വന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇൻഷുറൻസ് പദ്ധതിയും നിലവിലുണ്ട്. മൃതദേഹം വിമാനത്താവളത്തിൽ നിന്ന് കേരളത്തിലെ വീടുകളിലെത്തിക്കുന്നതിന് ആംബുലൻസ് സർവ്വീസും ഏർപ്പാടായി. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസികളുടെ മരണപ്പെട്ടവരുടെ ആശ്രിതർക്കും, രോഗബാധിതർക്കും ധനസഹായത്തിനായി സാന്ത്വന പദ്ധതി നടപ്പിലാക്കി വരുന്നു. തൊഴിൽ നഷ്ടമായി തിരികെ വന്നവർക്ക് വായ്പാ ധനസഹായത്തിനായി NDPREM, നോർക്കാ പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി എമർജൻസി റീപാട്രിയേഷൻ, എമർജൻസി ആംബുലന്സ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദേശത്തു ജോലി ചെയ്യുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷയ്ക്കുള്ള ക്രിട്ടിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

## ആധുനിക ചെറുകിട വ്യവസായം

134. പ്രവാസി നിയമസഹായ പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ജിസിസി രാജ്യങ്ങളിൽ 11 ലീഗൽ കൺസൾട്ടന്റുമാരുണ്ട്. ഈ പദ്ധതി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും.

നടപ്പിലാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലിചയ്യുന്ന പ്രവാസികൾക്കായി നിയമസഹായത്തിനായി പ്രവാസി നിയമ സഹായ സെൽ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടുതൽ ഫലപ്രദമാക്കാൻ വ്യക്തികൾക്ക് പകരം ലീഗൽ ഫേമുകളെ ഏർപ്പെടുത്താൻ തീരുമാനിച്ചു. പദ്ധതി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

135. വിദേശത്തു നിന്ന് തിരികെ വരുന്നവർക്ക് പ്രവാസി പുനരധിവാസ പദ്ധതി നോർക്ക ആരംഭിച്ചിട്ടുണ്ട്. പലിശ സബ്സിഡിയും മൂലധന സബ്സിഡിയും

അടക്കം 30 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കും.

നടപ്പിലാക്കിയിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കാനുള്ള നോർക്കാ- റൂട്ട്സിന്റെ പ്രവാസി ഭദ്രത വായ്പാ പദ്ധതി കുടുംബശ്രീ മുഖേനയും, KSFE, കേരള ബാങ്ക്, KSIDC തുടങ്ങിയ സർക്കാർ ഏജൻസിയുമായും ചേർന്ന് നടപ്പിലാക്കി വരുന്നു. കുടുംബശ്രീ മുഖേന 5834 സംരംഭങ്ങൾ ആരംഭിച്ചു. കെ.എസ്.എഫ്.ഇ മുഖേന 403 സംരംഭങ്ങൾ ആരംഭിച്ചു. കെ.എസ്.ഐ.ഡി.സി മുഖേന 4 സംരംഭങ്ങൾ ആരംഭിച്ചു. നിലവിൽ 8000-ലധികം സ്വയം തൊഴിൽ സംരംഭങ്ങൾ ഈ പദ്ധതിയുടെ കീഴിൽ നടന്നു വരുന്നു.

136. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും.

ചേർത്തലയിൽ റെസ്റ്റ്സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിന് പ്ലോട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ അനുമതി ഘട്ടത്തിലാണ്. ഓട്ടോകാസ്റ്റുമായും സിൽക്കുമായും ചേർന്നുള്ള സംയുക്ത സംരഭമാണ്. 1000 കോടി രൂപ മുതൽമുടക്കിൽ വികസിപ്പിച്ചെടുക്കുന്ന 30 കേന്ദ്രങ്ങളിൽ ആദ്യത്തേതാണിത്. കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ രണ്ട് 2 ലൊക്കേഷനുകൾ കണ്ടെത്തിയിട്ടുണ്ട്.

139. സംരംഭക തൽപരരായ പ്രവാസികളുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിന് മുമ്പേ തന്നെ ആശയവിനിമയം നടത്തുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കും. ട്രെയിനിംഗ്, വായ്പ, സർക്കാർ ക്ലിയറൻസ്, ജി ടു ബി ആൻഡ് ബി ടു ബി മീറ്റുകൾ തുടങ്ങിയ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കും.

നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 6000-ത്തോളം സംരംഭങ്ങൾ ഈ പദ്ധതിയുടെ കീഴിൽ ആരംഭിക്കുകയും 100 കോടിയിലധികം രൂപ സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

140. പ്രവാസികളുടെ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും. 28 സംഘങ്ങൾക്ക് ഇതിനകം സഹായം നൽകിയിട്ടുണ്ട്.

നടപ്പിലാക്കിയിട്ടുണ്ട്. ഇക്കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 67 പ്രവാസി സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന തലത്തിൽ ഒരു പ്രവാസി സഹകരണ സംഘത്തിന് രൂപം കൊടുത്തിട്ടുണ്ട്.

143. പ്രവാസി ക്ഷേമനിധി അംഗത്വം ഈ സർക്കാരിന്റെ കാലത്ത് 1.1 ലക്ഷത്തിൽ നിന്ന് 5.06 ലക്ഷമായി ഉയർന്നു. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. ക്ഷേമപെൻഷൻ 3,0003,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദേശത്തുള്ള പ്രവാസി ക്ഷേമ പെൻഷൻ 5,000 രൂപയായും നാട്ടിൽ മടങ്ങിയെത്തിയവരുടേത് 4,000 രൂപയായും ഉയർത്തും.

31.03.2023 ലെ കണക്കനുസരിച്ച് 7.71 ലക്ഷത്തോളം പ്രവാസി കേരളീയർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. 2022 ഏപ്രിൽ 1 മുതൽ ഏകീകൃത പെൻഷൻ നിരക്കായ 2000 രൂപയിൽ നിന്ന് 1 എ (വിദേശത്ത് തൊഴിലെടുക്കുന്ന 60 വയസ്സ് തികഞ്ഞവർ) വിഭാഗത്തിന് 3500 രൂപയായും 2 എ (കേരളത്തിന് പുറത്ത് എന്നാൽ ഇന്ത്യയ്ക്കകത്ത് ജോലി ചെയ്യുന്നവർ), 1 ബി (വിദേശത്തു നിന്നും മടങ്ങിയെത്തിയവർ) വിഭാഗത്തിന് 3000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

145. പ്രവാസി വകുപ്പിനായുള്ള ബജറ്റ് വിഹിതം ഇനിയും ഗണ്യമായി ഉയർത്തും. യു.ഡി.എഫ് സർക്കാരിനെ അപേക്ഷിച്ച് പ്രവാസി ക്ഷേമത്തിന്റെ മടങ്ങ് മൂന്ന് മടങ്ങ് ഉയർത്തിയിട്ടുണ്ട്.

2015-16 ലെ ബജറ്റ് വിഹിതം 23.34 കോടി രൂപയായിരുന്നു. 2024-25 സാമ്പത്തി കവർഷത്തിലെ ബഡ്ജറ്റിൽ 143.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

# II

# 15 ലക്ഷം ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കും

146. **1000 ജനസംഖ്യയ്ക്ക് പ്രതിവർഷം 5 വീതം തൊഴിലവസരങ്ങൾ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കാർഷികേതര മേഖലയിൽ സൃഷ്ടിക്കും. മൂന്നു രീതിയിലാണ് കാർഷികേതര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.**

ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങളിൽ സർക്കാർ വകുപ്പുകളെയും തൊഴിൽദായകരെയും സംരംഭകരെയും തൊഴിൽ തേടുന്നവരെയും കൂട്ടിയോജിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തൊഴിൽസഭകൾക്ക് രൂപം നൽകി. ഈ പ്രവർത്തനത്തിന്റെ തുടർച്ചയായി ഇതുവരെ 86,228 തൊഴിൽ സംരംഭങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 1,63,160 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

147. **ഒന്നാമത്തേത്, സൂക്ഷ്മ ചെറുകിട തൊഴിൽ സംരംഭ പ്രോത്സാഹന പരിപാടി. സഹകരണ സംഘങ്ങളിൽ നിന്നും മറ്റു സർക്കാർ ഏജൻസികളിൽ നിന്നും നൽകുന്ന വായ്പകളുടെ അടിസ്ഥാനത്തിലുള്ള ചെറുകിട സംരംഭങ്ങളും ഏകോപിപ്പിക്കും. ഇതിലേയ്ക്ക് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും വായ്പകൾ ഉറപ്പാക്കും. എല്ലാ ഏജൻസികളും ചേർന്ന് 8,000 കോടി രൂപയെങ്കിലും ഈ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി വായ്പ നൽകും.**

വിപണനം, ചെറുകിട വ്യവസായങ്ങൾ, തൊഴിൽ വൈദഗ്ധ്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 74,27,87,323 രൂപയുടെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കിയിട്ടുണ്ട്. വിപണന പ്രോൽത്സാഹ നത്തിനായി 38,61,27,636 രൂപയും തൊഴിൽ വൈദഗ്ധ്യ പോഷണത്തിന് 15,85,27441 രൂപയും ചെറുകിട വ്യവസായത്തിന് 19,81,32,246 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

148. **മൈക്രോ സംരംഭങ്ങൾക്കുള്ള വായ്പാ നടപടികൾ ലഘൂകരിക്കുകയും സബ്സിഡിയോടു കൂടിയ ഏകീകൃതമായ പലിശ നിരക്ക് കൊണ്ടുവരികയും ചെയ്യും. കുടുംബശ്രീ ജില്ലാ മിഷനുകൾ പരിശോധിച്ച് പരിശീലനവും മേൽനോട്ടവും നൽകി നടപ്പാക്കുന്ന പ്രോജക്റ്റുകൾക്ക് എക്രോസ് ദി കൗണ്ടർ വായ്പ ലഭ്യമാക്കും. ഈട് ആവശ്യമില്ല. ആഴ്ച തിരിച്ചടവ് ആയിരിക്കും.**

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ഏകീകൃത പലിശനിരക്ക് നാല് ശതമാനമായി നിജപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

149. കുടുംബശ്രീയുടെ മൈക്രോസംരംഭങ്ങൾ ക്ലസ്റ്ററുകളായി സംഘടിപ്പിക്കുന്നതാണ്. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട വിപണന ഏജൻസികൾ വിറ്റുവരവിന്റെ 10 ശതമാനമെങ്കിലും ഈ ക്ലസ്റ്ററുകളിൽ നിന്നോ കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ നിന്നോ വാങ്ങണമെന്ന് നിഷ്കർഷിക്കും.

കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശൂർ ജില്ലകളിൽ കറി പൗഡർ മേഖലയിൽ പ്രവർത്തി ക്കുന്ന 110 സംരംഭകരെ ഉൾപ്പെലടുത്തി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

150. രണ്ടാമത്തേത്, പ്രത്യേക നൈപുണി പോഷണ പരിപാടി. കുടുംബശ്രീ, ബ്ലോക്ക് ട്രെയിനിംഗ് കേന്ദ്രങ്ങൾ, അസാപ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരാണ് പരിപാടിയ്ക്ക് രൂപം നൽകുക. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിലിന് അല്ലെങ്കിൽ വേതനാധിഷ്ഠിത തൊഴിലിനുള്ള പ്രത്യേക സ്കീമുകൾ തയ്യാറാക്കുന്നതാണ്.

2023-24 കാലയളവിൽ യുവകേരളം പദ്ധതി മുഖേന 468 പേർക്കും ഡി ഡി യു ജി കെ വൈ പദ്ധതി പ്രകാരം 4,963 പേർക്കും ഉൾപ്പെടെ 5,391 പേർക്ക് നൈപുണി പോഷണവും 3,488 പേർക്ക് തൊഴിലും നൽകി. ആർസെറ്റികൾ മുഖാന്തിരം 10,690 പേർക്ക് പരിശീലനം നൽകി. 8,344 പേർ സംരംഭങ്ങൾ ആരംഭിച്ചു.

151. എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും സംരംഭക മാതൃകയിൽ ഒന്നോ അതിലധികമോ പ്ലംബർ, കാർപെന്റർ, ഇലക്ട്രീഷ്യൻ, മേസൺ, ഗാർഹികോപകരണങ്ങളുടെ റിപ്പയർ തുടങ്ങിയ പരിശീലനം സിദ്ധിച്ച സ്ത്രീകളുടെ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കും. കൊവിഡ് ഡിസ്ഇൻഫക്റ്റ് ടീമുകൾ, കെട്ടിട നിർമ്മാണ സംഘങ്ങൾ തുടങ്ങിയ തൊഴിൽ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

എല്ലാ ബ്ലോക്കുകളിലും മൾട്ടി ടാസ്കിൻ ടീമുകൾ രൂപികരിച്ചു. പംബ്ലർ, കാർപന്റർ, ഇലക്ട്രീഷ്യൻ, ഗാർഹീകോപകരണങ്ങളുടെ റിപ്പയറിയിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകി.

152. മൂന്നാമത്തേത്, തൊഴിൽ ശൃംഖല. കുടുംബശ്രീയുടെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിലുള്ള ജനകീയ ഹോട്ടൽ, പച്ചക്കറി വിപണനശാലകൾ, ഹോം ഷോപ്പുകൾ, സേവനഗ്രൂപ്പുകൾ, നാളികേര സംഭരണ സംസ്കരണ കേന്ദ്രങ്ങൾ, കോഓപ്പ് മാർട്ട് തുടങ്ങിയ സ്ഥാപനങ്ങളേയും സംരംഭങ്ങളേയും കണ്ണികളാക്കും. ഇവ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തും.

63 പച്ചക്കറി വിപണന ശാലകൾ ആരംഭിച്ചു. 18 ഹോം ഷോപ്പ് മാനേജ്മന്റ് ടീമിൽ നിന്നായി 2,392 ഹോം ഷോപ്പ് ഓണർമാർ പ്രവർത്തിച്ചുവരുന്നു.

153. അരി, വെളിച്ചെണ്ണ, ധാന്യമസാല പൊടികൾ, ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വികേന്ദ്രീകൃതമായി ഉൽപ്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കും. ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകൾ പ്രോത്സാഹിപ്പിക്കും.

കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശൂർ ജില്ലകളിൽ ധാന്യ മസാല പൊടികൾ

മേഖലയിൽ പ്രവർത്തിക്കുന്ന 110 സംരംഭകരുടെ 12 ഇനം ഉൽപ്പന്നങ്ങൾ സംസ്ഥാന തലത്തിൽ ഒരേ പായ്ക്കറ്റിൽ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിച്ചു. ഓപ്പൺ നെറ്റ്‌വർക്ക് ഡിജിറ്റൽ കൊമേഴ്സ് എന്ന ഏകീകൃത വിപണന സംവിധാനം വഴി 176 ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം സാധ്യമാക്കി.

154. വീടുകളിലോ വാണിജ്യ സ്ഥാപനങ്ങളിലോ ഇപ്പോൾ കല്യാണം പോലൊരു ചടങ്ങ് നടത്തുവാനുള്ള ഭാരിച്ച ചെലവും അധ്വാനവും കണക്കിലെടുത്ത്, പഞ്ചായത്ത് തലത്തിൽ പന്തൽ തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കും. പന്തലിൽ ഒരു സ്റ്റേജ്, ഭക്ഷണം നൽകാനുള്ള സ്ഥലം, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടും. അർഹരായവർക്ക് സൗജന്യവും നൽകും. കുടുംബശ്രീയുടെ ഒരു ആക്റ്റിവിറ്റി ഗ്രൂപ്പായിരിക്കും ഈ പദ്ധതി നടപ്പാക്കുക.

കുടുംബശ്രീയുടെ നേതൃത്വത്തിൽ 77 ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

## തൊഴിലുറപ്പ് പദ്ധതി

155. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരുടെ എണ്ണം 1314 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി ഉയർത്തും. ശരാശരി പ്രവൃത്തി ദിനങ്ങൾ 5055ൽ നിന്ന് 75 ആയി ഉയർത്തും. ഇതു ലക്ഷ്യം വെച്ചുകൊണ്ട് ലേബർ ബജറ്റുകൾ ക്രമീകരിക്കും.

2023-24ൽ 16.61 ലക്ഷം പേർക്ക് തൊഴിൽ ലഭിച്ചു. ശരാശരി തൊഴിൽ ദിനങ്ങൾ 67.69 ആണ്. തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് 75 ദിവസമോ പരമാവധി 100 ദിവസമോ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിച്ചു.

156. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിയ്ക്ക് രൂപം നൽകിക്കഴിഞ്ഞു. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. പെൻഷനും റിട്ടയർമെന്റ് ബെനിഫിറ്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും. 75 ദിവസം തൊഴിലെടുത്ത മുഴുവൻപേർക്കും ഫെസ്റ്റിവെൽ അലവൻസിന് അർഹതയുണ്ടാകും.

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആദ്യ യോഗം 2023 മാർച്ച് 1ന് ചേർന്നു. ക്ഷേമനിധി ബോർഡ് ആക്ട് 2021 നവംബർ 14ന് പാസാക്കി. 2022 ഡിസംബർ അഞ്ചിന് ഗസറ്റ് വിജ്ഞാപനം വഴി 2021 നവംബർ 15 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായി. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി. 75 ദിവസം തൊഴിലെടുത്ത 7,38,130 കുടുംബങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസായി 1,000 രൂപ വീതം നൽകി.

## അയ്യങ്കാളി പദ്ധതി

157. തൊഴിലുറപ്പു പദ്ധതി ഇന്ത്യയിൽ ഗ്രാമീണ മേഖലയിൽ മാത്രമാണുള്ളത്. ഇത് നഗരമേഖലയിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. അതുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി കേരളത്തിലെ നഗരങ്ങളിൽ

ആരംഭിച്ചത്. അയ്യങ്കാളി പദ്ധതിയുടെ അടങ്കൽ ഉയർത്തും.

അയ്യങ്കാളി പദ്ധതിക്ക് ബജറ്റിൽ എല്ലാ വർഷവും തുക വർദ്ധിപ്പിക്കുന്നുണ്ട്. 2023-24ൽ 150 കോടി രൂപയാണ് നീക്കിവെച്ചത്. 2024-25ൽ 165 കോടി രൂപയായി വർധിപ്പിച്ചു.

## കാർഷിക തൊഴിലവസരങ്ങൾ

161. കുടുംബശ്രീയുടെ 70,000 സംഘകൃഷി ഗ്രൂപ്പുകളിൽ ഇന്ന് 3 ലക്ഷം സ്ത്രീകൾക്ക് പണിയുണ്ട്. 2021-22ൽ സംഘകൃഷി ഗ്രൂപ്പുകളുടെ എണ്ണം ഒന്നരലക്ഷമാക്കും. അധികമായി ഒന്നേകാൽലക്ഷം പേർക്ക് തൊഴിൽ നൽകും. ഈ സംഘങ്ങൾക്കെല്ലാം കാർഷികവായ്പ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കും. ബ്ലോക്കുതലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചുകൊണ്ട് യന്ത്രപിന്തുണ ഉറപ്പു നൽകും.

ഭക്ഷ്യധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, ഏത്തവാഴ കൃഷി, ഫലവർഗങ്ങൾ, വാഴ കൃഷി, വാണിജ്യ അടിസ്ഥാനത്തിൽ പൂ കൃഷി, മത്സ്യ കൃഷി തുടങ്ങിയവ സംഘകൃഷി ഗ്രൂപ്പുകൾ ചെയ്തുവരുന്നു. 87,323 സംഘകൃഷി ഗ്രൂപ്പുകളിലായി 4,03,809 വനിതകൾ കാർഷിക മേഖലയിലൂടെ ഉപജീവനം കണ്ടെത്തിവരുന്നു.

## കയർ

164. കയർ വ്യവസായത്തിലെ ഉത്പാദനം 2015-16 ൽ 7,000 ടൺ ആയിരുന്നത് 28,000 ടണ്ണായി ഉയർന്നു. 2025 ആകുമ്പോഴേയ്ക്കും കയറുൽപാദനം 70,000 ടണ്ണായി ഉയർത്തും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ യന്ത്രവൽക്കരണം പൂർണമാകും. ചകിരി മില്ലുകളുടെ എണ്ണം 500 ഉം, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ എണ്ണം 10,000 ഉം, ഓട്ടോമാറ്റിക് ലൂമുകളുടെ എണ്ണം 300 ഉം ആയി ഉയരും.

1,500 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. 5 സംഘങ്ങളിൽ ഓട്ടോമാറ്റിക് മെഷീനുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 4 കയർ സംഘങ്ങളിലും കയർഫെഡിലുമായി 11 ഫുള്ളി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ചു.

കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊണ്ടു. കയർ ഫെഡിന്റെ താവം, മാമ്പറ്റ യൂണിറ്റുകളിൽ ആധുനിക ഡി.എഫ് മെഷീനറികൾ സ്ഥാപിക്കുന്ന പദ്ധതികൾ പുരോഗമിക്കുകയാണ്. കയർ കോർപറേഷനിൽ ആധുനിക സൗകര്യങ്ങളോടെ ട്രെയിനിങ് പ്രോഗ്രാം സെന്റർ സജ്ജീകരിച്ചു. കയർ ഭൂവസ്ത്രം ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള ലൂമുകൾക്കുള്ളതിന്റെ ഇരട്ടി ഉല്പാദന ശേഷിയുള്ളതും വില കുറവുള്ളതുമായ മാഗ്നെറ്റിക് ലൂം കെ. എസ്.സി.എം.എം.സി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

166. കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവത്കരണം ശക്തിപ്പെടുത്തും. ഉണക്കത്തൊണ്ടിന്റെയും ചകിരിച്ചോറിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങൾ

വ്യവസായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കും. വിവിധതരം കയർ കോമ്പോസിറ്റുകളും കൃത്രിമ രാസവസ്തുക്കളൊന്നും ഉപയോഗിക്കാത്ത ബോർഡുകളും വലിയ തോതിൽ ഉൽപാദിപ്പിക്കും. കേരളത്തെ ജിയോ ടെക്സ്റ്റൈൽസിന്റെ ഹബ്ബായി മാറ്റും.

ഉണക്കത്തൊണ്ടിൽ നിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ, പിത്ത് പ്രോസസിംഗ് യൂണിറ്റുകൾ, ബൈൻഡർലെസ് ബോർഡ്, കയർ കോമ്പോസിറ്റ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പുതിയ ഡിസൈനുകളും അതനുസരിച്ചുള്ള ഉത്പന്നങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ സഹകരണത്തിന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ധാരണാ പത്രത്തിൽ ഒപ്പു വച്ചു.

167. കയർ വ്യവസായത്തിന്റെ ചരിത്രപാരമ്പര്യത്തിലും കരവിരുതിലും വൈവിധ്യത്തിലും ഊന്നിക്കൊണ്ട് കയർ കേരള ബ്രാൻഡു ചെയ്യും. ഇതിന് ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ മ്യൂസിയങ്ങൾ സുപ്രധാന പങ്കുവഹിക്കും.

മുസരീസ് പ്രോജക്ട് ലിമിറ്റഡാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണം നടത്തിവരുന്നത്. കയർ ഫെഡും കയർ കോർപ്പറേഷനും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളും മ്യൂസിയത്തിന്റെ ഭാഗമാണ്. സിവിൽ വർക്കുകൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

168. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് ഇന്ത്യയിലെ കൺസ്യൂമർ ചെയിൻ സ്റ്റോറുകളുമായി ബന്ധം സ്ഥാപിക്കും. റോഡ്, മണ്ണുജല സംരക്ഷണം, ഖനികൾ, ഹിമാലയൻ മലഞ്ചരിവുകൾ, റെയിൽവേ, പ്രതിരോധം, എന്നിവിടങ്ങളിലെല്ലാം ജിയോ ടെക്സ്റ്റൈൽസ് ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒഡീഷയിലെ ഖനിയിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള പൈലറ്റ് പ്രോജെക്ടിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. എം.ജി.എൻ.ആർ.ഇ.ജി. എസ് പദ്ധതി പ്രകാരം, 2024 മാർച്ച് വരെ 60 ലക്ഷം ച.മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തു.

169. ഇതിന്റെയെല്ലാം ഫലമായി യന്ത്രവത്കൃത മേഖലയിൽ പുതുതായി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും. കയർപിരി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായത്തോടെ 300 രൂപ പ്രതിദിനം വാങ്ങിക്കൊണ്ടിരുന്ന സ്ഥാനത്ത് സബ്സിഡിയില്ലാതെ ശരാശരി 500-600 രൂപയായി തൊഴിലാളിയുടെ വരുമാനം ഉയരും.

2022–23 ൽ 500 എ.എസ്.എം (ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീൻ) സ്ഥാപിച്ചത് വഴി 550 തൊഴിലവസരം സൃഷ്ടിച്ചു. ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകളുടെ പ്രോഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2023–24 സാമ്പത്തിക വർഷം 13.58 കോടി രൂപ 18,847 തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് പദ്ധതിയിൽ വിതരണം ചെയ്തു.

170. കയർ സഹകരണ സംഘങ്ങളിൽ 2015–16 ൽ ശരാശരി വരുമാനം പ്രതിവർഷം 13,380 രൂപയായിരുന്നത് 2021–22 ൽ 50,000 രൂപ കവിഞ്ഞു. ഇത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഒന്നര ലക്ഷം രൂപയായെങ്കിലും ഉയർത്തും.

2022–23 വർഷം പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയിൽ 10.5 കോടി രൂപ കയർ സംഘങ്ങൾക്കായി അനുവദിച്ചു. 2023–24 വർഷം ഉല്പാദനവും വിപണന പ്രചോദനവും പദ്ധതിയിൽ 8.28 കോടി രൂപ വിതരണം ചെയ്തു.

171. 2020–21 ലെ വെർച്വൽ കയർ മേളയിൽ 750 കോടി രൂപയുടെ ഓഡറുകൾ ലഭിച്ചു. കയർ മേള കൂടുതൽ ആകർഷകവും വിപുലവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഡിസൈൻ കോൺക്ലേവ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു.

172. കയർ ഗവേഷണം വിപുലപ്പെടുത്തും. ഇതിനായി രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഉതകുംവിധം എൻ.സി.ആർ.എം.ഐ യെ ശക്തിപ്പെടുത്തും.

നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രമുഖ ഗവേഷണ സ്ഥാപനങ്ങളായ വാഗനിംഗൻ യൂണിവേഴ്സിറ്റി നെതർലാന്റ്, എൻ.ഐ.ഐ.എസ്.റ്റി.സി.എസ്.ഐ.ആർ, സി.ഡബ്ല്യു.ആർ.ഡി.എം, കുസാറ്റ് എന്നിവയുമായി ചേർന്ന് കയർ വ്യവസായ മേഖലയ്ക്ക് ആവശ്യമായ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചു. അകൗസ്റ്റിക് പാനൽ, ബൈന്റർ ലെസ്സ് ബോർഡ്സ്, കയർ കംപോസൈറ്റ് ബോർഡ്സ് എന്നീ ഉൽപ്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എൻ.സി.ആർ.എം.ഐ ആഭ്യന്തര ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി മൊബൈൽ ടെന്റർ കോക്കനട്ട് ക്രഷിംഗ് മെഷീൻ, പിയാറ്റ്കോൾ ഡോട്ട്സ്, ക്രഷ്ഡ് ടെന്റർ കോക്കനട്ട്, പോട്ടിംഗ് ഫില്ലർ ടെക്നോളജി എന്നിവ വികസിപ്പിച്ചെടുത്തു.

പുതിയതായി വികസിപ്പിച്ചെടുത്ത കയർ കൊണ്ടുള്ള ഗ്രോബാഗായ ഇ–കയർ ബാഗ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ ഫോമിലിന് കൈമാറി. ഖരമാലിന്യ സംസ്കരണത്തിന് വീടുകളിൽ ഉപയോഗിക്കാൻ കഴിയുന്ന ആക്ടീവ്പീറ്റ് എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു. കയർഫെഡ് / കെ.എസ്.സി.സി / കെ.സി.സി.പി.എൽ / ഡി.എഫ് യൂണിറ്റുകൾ മുഖാന്തിരം ഇതിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം നടക്കുന്നു. എൻ.ഐ.ഐ.എസ്.റ്റി.സി.എസ്.ഐ.ആറുമായി ചേർന്ന്

ബൈൻഡർലസ്സ് ബോർഡ്, ഇലക്ട്രിക്കൽ ഇൻസുലേറ്റർ എന്നിവ വികസിപ്പിച്ചു. പേറ്റന്റിംഗ് നടപടികൾ നടന്നുവരുന്നു.

## കശുവണ്ടി

173. കശുവണ്ടി കോർപറേഷനിലും കാപ്പെക്സിലുമായി അയ്യായിരം പേർക്ക് അധികമായി തൊഴിൽ നൽകി. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പതിനായിരം പേർക്കുകൂടി തൊഴിൽ നൽകും. ഫാക്ടറികൾ നവീകരിക്കുകയും ആധുനീകരിക്കുകയും ചെയ്യും. മിനിമം കൂലി പരിഷ്കരിക്കും.

ഫാക്ടറികളിൽ ആധുനികവത്ക്കരണവും നവീകരണവും നടത്തുന്നതിന് തുക അനുവദിച്ചു. ആദ്യഘട്ടത്തിൽ 1,250 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷനും ക്യാപെക്സും വഴി 785 പേർക്ക് തൊഴിൽ നൽകി. മിനിമം കൂലി 23% വർദ്ധിപ്പിച്ച് നൽകി. യന്ത്രവൽക്കരണം ഭാഗികമായി നടപ്പിലാക്കി.

174. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ബോർഡു വഴി പ്രതിവർഷം 30,000–40,000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യും. ആഫ്രിക്കൻ രാജ്യങ്ങളുമായി സംയുക്ത ബ്രാൻഡ് നെയിമിൽ കൊല്ലത്ത് കശുവണ്ടിപ്പരിപ്പ് സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായും. ആശാവഹമായ പ്രതികരണമാണ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്.

ഘാനയിൽ നിന്നും 5,000 മെട്രിക്ക് ടൺ തോട്ടണ്ടിയും ഐവറികോസ്റ്റിൽ നിന്നും 5,000 മെട്രിക്ക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യാനുള്ള കരാറിൽ ഒപ്പുവെച്ചു. കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് അനുവദിച്ച 43.55 കോടി രൂപയ്ക്ക് പുറമേ 33 കോടി രൂപ കൂടി അനുവദിച്ചു.

ടാൻസാനിയയുമായി തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള കരാർ ഒപ്പുവെക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചുവരുന്നു.

175. സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പിക്കും. അവർക്കുള്ള പലിശ സബ്സിഡി തുടരും. ബാങ്കുകളുമായി ചർച്ച ചെയ്ത് റിവൈവൽ പാക്കേജിനു രൂപം നൽകും.ഇത്തരം ഫാക്ടറികളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് സ്വകാര്യ വ്യവസായികൾക്ക് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022–23 ൽ 37 കോടി രൂപ അനുവദിച്ചു. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഹ്രസ്വകാല പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും 2 കോടി രൂപ നൽകി. തൊഴിലുടമ തൊഴിലാളികൾക്കായി നൽകിയ ഇ.എസ്.ഐ / പി.എഫിന്റെ തിരിച്ചടവിനായി 20 കോടി രൂപയും സ്ത്രീസൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 5 കോടി രൂപയും ഷെല്ലിംഗ് വിഭാഗങ്ങളിലെ നവീകരണത്തിന് 5 കോടി രൂപയും വകയിരുത്തി. സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പലിശ സബ്സിഡി പദ്ധതി വഴി 2022–23 വർഷം

220 ലക്ഷം രൂപ വിവിധ സംരംഭകർക്കായി അനുവദിച്ചു. 2023-24 സാമ്പത്തിക വർഷം 43.53 ലക്ഷം രൂപ വിതരണം ചെയ്തു.

176. ഉൽപാദനക്ഷമതയേറിയ ഹൈബ്രിഡ് ഇനങ്ങൾ ഉപയോഗപ്പെടുത്തി കശുവണ്ടി കൃഷി വ്യാപിപ്പിക്കും. തെങ്ങിന് ഇടവിളയായി ഉപയോഗിക്കാനുതകുന്ന കുള്ളൻ ഇനങ്ങളാണ് നടുക.

അധികം പൊക്കംവയ്ക്കാത്തതും പടരാത്തതും നിയിന്ത്രിച്ച് വളർത്താവുന്നതുമായ ഉൽപ്പാദനക്ഷമതയേറിയ കശുമാവ് തൈകൾ തെങ്ങിന് ഇടവിളയായും മറ്റു വിളകൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സ്ഥലങ്ങളിലും തരിശ് ഭൂമിയിലും നട്ടുപിടിപ്പിച്ച് ആഭ്യന്തരോത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

## കൈത്തറി

177. കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച ഏറ്റവും സുപ്രധാന നടപടി സ്കൂൾ യൂണിഫോം പദ്ധതിയാണ്. ഈ സ്കീം ശക്തിപ്പെടുത്തും. സമയത്ത് സംഘങ്ങൾക്ക് പണം നൽകും എന്നുറപ്പു വരുത്തും.

2021-22 ൽ 9.60 ലക്ഷം കുട്ടികൾക്കായി 42.10 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 99.40 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ ഭാഗമായി 6,200 നെയ്ത്തുകാർ പ്രവർത്തിച്ചു.

2022-23 ൽ 9.34 ലക്ഷം കുട്ടികൾക്കായി 42 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 99.09 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ ഭാഗമായി 6,222 നെയ്ത്തുകാർ പ്രവർത്തിച്ചു.

2023-24 ൽ 9 ലക്ഷം കുട്ടികൾക്കായി 39.80 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 81.26 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു.

178. കൈത്തറി റിബേറ്റ് കേന്ദ്ര സർക്കാർ നിർത്തലാക്കി. കേരളത്തിൽ റിബേറ്റ് സമ്പ്രദായം തുടരും. കൂടുതൽ ദിവസം റിബേറ്റ് അനുവദിക്കും.

2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ 112 റിബേറ്റ് ദിനങ്ങൾ അനുവദിച്ചു. 2022-23 ൽ 7,31,16,113 രൂപയും, 2023-24 ൽ 7,41,27,594 രൂപയും റിബേറ്റ് ഇനത്തിൽ വിതരണം ചെയ്തു.

179. നൂലിന്റെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കഴിനൂൽ സുലഭമാക്കുന്നതിനും കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്രങ്ങൾ സ്ഥാപിക്കും. സ്പിന്നിംഗ് മില്ലുകളിൽ ഹാങ്ങിയാൺ (കഴിനൂൽ) ഒരു നിശ്ചിത ശതമാനം ഉൽപാദിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും.

സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് മാൽകോടെക്സ്, കോമളപുരം സ്പിന്നിംഗ് മില്ലുകളിൽ കൈത്തറിയ്ക്ക് ആവശ്യമായ നൂൽ ഉൽപ്പാദിപ്പിക്കുന്നു.

180. സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്കു കൂടുതൽ പണം ലഭ്യമാക്കും. ബിനാമി സംഘങ്ങളെ നീക്കം ചെയ്യും.

കെൽട്രോണുമായി ചേർന്ന് കൈത്തറി സംഘങ്ങളുടെ ജിയോ ടാഗിംഗ് പൂർത്തിയാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചു.

181. ഹാൻവീവും ഹാൻടെക്സും സമൂലമായി പുനഃസംഘടിപ്പിക്കും. വിപണന ശൃംഖല ആകർഷകമാക്കും. ആർട്ടിസാൻസിനുള്ള പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും.

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചുവരുന്നു. ഹാൻവീവിന് മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചു. ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് നടപ്പിലാക്കി.

182. കൈത്തറി ഉൽപ്പന്നങ്ങളെ ഏറ്റവും ആകർഷകമായി രൂപകൽപ്പന ചെയ്യുന്നതിനും പുതുതലമുറയെ ആകർഷിക്കുന്ന ഡിസൈൻ രൂപീകരണത്തിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി സംസ്ഥാന തലത്തിൽ സീനിയർ ഡിസൈനർമാർ ഉൾക്കൊള്ളുന്ന ഉപദേശകസമിതി രൂപീകരിക്കും.

കൈത്തറി ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പു വരുത്തുന്നതിനും ഉല്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിനുമായി "കേരള കൈത്തറി മുദ്ര" തയ്യാറാക്കി. വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ ഷർട്ടുകൾ ഹാന്റെക്സ് വിപണിയിലിറക്കി. 2024-25 സാമ്പത്തികവർഷം 4 ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഖാദി

183. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കും. ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തും. റെഡിമെയ്ഡ് ഉൽപന്നങ്ങളിലേയ്ക്കുള്ള വൈവിദ്ധ്യവത്കരണം ശക്തിപ്പെടുത്തും. ഇതിന് ആധുനിക ഡിസൈൻ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തും. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനുള്ള പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തും. വരുമാന ഉറപ്പുപദ്ധതി വിപുലപ്പെടുത്തും.

ഖാദി നൂൽപ്, നെയ്ത്ത് (ചർക്ക, തറി) ഉപകരണങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് 10 ചർക്കകളുടെ നിർമ്മാണം പൂർത്തിയായി. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും യന്ത്രവൽക്കരണത്തിനും സൗരോർജ്ജം ഉപയോഗ പ്പെടുത്തുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചു.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഒട്ടുമിക്ക ജില്ലകളിലും ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നെയ്ത് വിപണിയിലിറക്കി. കസവ് സെറ്റുമുണ്ടും വിപണിയിലിറക്കി. ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു. ഖാദിയുടെ വൈവിദ്ധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ എന്നിവ

'പാപ്പിലിയോ' എന്ന ബ്രാന്റിൽ ലഭ്യമാക്കി. ആദ്യമായി ഖാദി കസവ് സാരികളും, 'കേരള ഖാദി സ്പൈസസ്' എന്ന പേരിൽ ഗ്രാമ വ്യവസായ ഉല്പന്നമായ സുഗന്ധവ്യഞ്ജനവും വിപണിയിലിറക്കി. ആയുർവേദ സസ്യങ്ങൾ, പഴങ്ങൾ, മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവയിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് പ്രകൃതിദത്ത നിറമുള്ള 'നാച്വറൽ സ്കിൻ കെയർ' ഖാദി വസ്ത്രങ്ങൾ ഉത്പാദിപ്പിച്ച് വിപണിയിലിറക്കി. 'സുഷുപ്തി' എന്ന പേരിൽ രണ്ടായി മടക്കി ഉപയോഗിക്കാവുന്ന പഞ്ഞിമെത്ത നിർമ്മിച്ച് വിപണിയിലിറക്കി.

ഖാദി പ്രചരണം വിപുലപ്പെടുത്തി. ബുധനാഴ്ച്ച ദിവസം ഖാദി / കൈത്തറി വസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുടെ മേലധികാരികളെ നേരിൽകണ്ട് ഖാദി പ്രചരണത്തിനായി എക്സിബിഷൻ / സെയിൽസ് എന്നിവ നടത്തിവരുന്നു.

മെഡിക്കൽ മേഖലയിലെ ഡോക്ടർമാർ, നേഴ്സുമാർ, മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാർത്ഥികൾ തുടങ്ങിയ ആരോഗ്യ പ്രവർത്തകർക്ക് ഖാദി ഓവർക്കോട്ടുകൾ നൽകിവരുന്നു. വിപണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ ഖാദി വിൽപ്പനയ്ക്ക് 30% വരെ റിബേറ്റ് അനുവദിച്ചുകൊണ്ട് ഖാദി മേളകൾ സംഘടിപ്പിക്കുന്നു. "ഖാദി ശബരി കിറ്റ്" പുറത്തിറക്കി. പുതിയതായി ആറ് ഷോറൂമുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ വിൽപ്പനയ്ക്ക് വിദേശത്തും അവസരം ഒരുക്കി. ആദ്യമായി ദുബായിലാണ് പരിപാടി സംഘടിപ്പിച്ചത്. ഖാദി ബോർഡിനു വേണ്ടി ഓൺലൈൻ ഷോപ്പിംഗ് കാർട്ട് മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചു നൽകുന്നതിന് ഒ.എൻ.ഡി.സി മുന്നോട്ടുവന്നു.

### 184. ഖാദി ഗ്രാമീണ വ്യവസായ സംഘങ്ങളെ പുനഃസംഘടിപ്പിക്കും. സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

ഖാദി ബോർഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 2023 ഏപ്രിൽ മുതൽ 2024 ജനുവരി വരെ 48 സംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു. 11 സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 93 സംഘങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചു.

സംരംഭകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 2023 ഒക്ടോബർ 09 മുതൽ 20 വരെ കുടിശ്ശിക നിവാരണ അദാലത്തുകൾ നടത്തി. പിഴപ്പലിശ ഒഴിവാക്കിയും പലിശയിൽ ഇളവ് നൽകിയുമാണ് അദാലത്ത് നടത്തിയത്.

### 185. 15 ലക്ഷം ഉപജീവനത്തൊഴിലുകളുമായി ബന്ധപ്പെടുത്തി പതിനായിരം ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കും.

ഗ്രാമീണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തൊഴിൽദായക പദ്ധതികളുമായി ബന്ധപ്പെട്ട് 2,214 യൂണിറ്റുകൾ ആരംഭിച്ചു. ഇതുവഴി 11,499 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

## മറ്റു പരമ്പരാഗത വ്യവസായങ്ങൾ

186. **കേരള ആർടിസാൻ ഡെവലപ്പ്മെന്റ് കോർപറേഷൻ പ്രാദേശിക ആർടിസാൻ യൂണിറ്റുകളുടെ അംബ്രല്ലാ സംവിധാനമായി വികസിപ്പിക്കും.**

19,533 പേർ കാഡ്കോയുടെ ലേബർ ഡേറ്റ ബാങ്ക് മുഖേന ആർട്ടിസാൻസ് രജിസ്ട്രേഷൻ നടത്തി. രജിസ്ട്രേഷൻ നടപടികൾ തുടരുന്നു.

187. **കരകൗശല വികസന കോർപറേഷൻ റോ മെറ്റീരിയൽ ബാങ്കും ഹാൻഡി ക്രാഫ്റ്റ് ഡിസൈൻ സെന്ററും ആരംഭിക്കും. കെൽപാം വൈവിദ്ധ്യവത്കരിക്കും. പനയുൽപ്പന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ വൈവിധ്യവൽക്കരണ പാക്കേജുകൾ നടപ്പിലാക്കും. പ്രീമിയം ഉൽപന്നശാലകൾ ആരംഭിക്കും. വർക്ക് ഷെഡുകൾ നവീകരിക്കും.**

കെൽപാമിന്റെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി വിവിധതരത്തിലുള്ള 7 കോള ഉത്പന്നങ്ങൾ ആരംഭിച്ചു. ജാഗറി യൂണിറ്റിന് ഭരണാനുമതി ലഭിച്ചു.

188. **കർഷകർ / തൊഴിലാളികൾ / കരകൗശലത്തൊഴിലാളികൾ എന്നിവർക്ക് ന്യായമായ വേതനം / വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും ഫെയർ ട്രേഡ് മാർക്കറ്റുകളിൽ വിപണി കണ്ടെത്തുന്നതിനും കേരള ഫെയർ ട്രേഡ് കോർഡിനേഷൻ അതോറിറ്റി ഉണ്ടാകും. ഇത് ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തേതായിരിക്കും.**

തുടർനടപടികൾ പരിശോധനയിലാണ്.

189. **സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പുനഃസംഘടന പൂർത്തിയാക്കും. ബാംബൂ പ്ലൈവുഡിന്റെ വിപുലമായ ഉൽപാദന ഫാക്ടറി സ്ഥാപിക്കും. അതുവഴി പനമ്പു നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയും.**

ടൈൽസ്, ലംബർ, ബാംബൂ പ്ലൈ എന്നിവയുടെ ഉത്പാദനം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് വരുന്നു. പദ്ധതിയിലൂടെ പനമ്പു നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയും.

190. **തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി മുള വച്ചുപിടിപ്പിക്കുന്നത് വ്യാപകമാക്കും. മരത്തിനു പകരം മുള എന്ന സമീപനത്തെ കെട്ടിട നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കും.**

മുളപ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന 14 ജില്ലകളിൽ 111.59 ഏക്കറിൽ മുളകൾ നട്ടു പിടിപ്പിച്ചു.

191. **തെങ്ങിൻതടി സംസ്കരണ ഫാക്ടറികൾ ആരംഭിക്കും.**

കുറ്റ്യാടി കെ.എസ്.ഐ.ഡി.സി നാളികേര വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

192. **കുട്ട, പായ, പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളെ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും.**

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല പ്രവർത്തകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കൽ ലക്ഷ്യമിട്ട് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. ദേശീയ – അന്തർ ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം സംസ്ഥാന ബാംബൂ മിഷൻ ഒരുക്കിക്കൊടുക്കുന്നു.

193. ഡാമുകൾ വ്യാപകമായി ഡീസിൽറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിലെ ചെളി കളിമൺ വ്യവസായത്തിന് ഉപയോഗപ്പെടുത്തും. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കും. മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുളള നടപടികൾ സ്വീകരിക്കും.

ചുള്ളിയാർ ഡാമിലെ മണൽ നീക്കൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കളിമൺ വിവിധ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

199. കൈത്തൊഴിലുകാർക്കു വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കും. വിവിധ ക്രാഫ്റ്റുകളെ അണിനിരത്തിക്കൊണ്ട് വെർച്വൽ എക്സിബിഷനുകൾ സംഘടിപ്പിക്കും.

മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന മുറയ്ക്ക് മികവുറ്റ കരകൗശല ഉത്പ്പന്നങ്ങൾ / ഉത്പാദകർ എന്നിവർക്ക് വിപണന സൗകര്യമൊരുക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

200. കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കും. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും ഉൽന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതുവഴി കഴിയും.

കോവളത്ത് ക്രാഫ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പ്രൊവിഷൻ നൽകിയിട്ടുണ്ട്. സാധ്യതയുള്ള ഇതര സ്ഥലങ്ങളിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

201. പരമ്പരാഗത വ്യവസായ ഉൽപന്നങ്ങളുടെ വിപണനത്തിന് ഫെയർ ട്രേഡ് ചാനലുകളെ ഉപയോഗപ്പെടുത്തും. പ്രധാന പരമ്പരാഗത വ്യവസായങ്ങളെ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കും. ഹെറിറ്റേജ് ഹോട്ടലുകളിൽ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ മിനിമം തോതിലെങ്കിലും നിർബന്ധമാക്കും.

പാരമ്പര്യമായി ചെയ്തുവരുന്ന കരകൗശല മേഖലയിൽ പെടുന്ന തൊഴിലുകൾ പരമ്പരാഗത തൊഴിലുകളാക്കി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വിവിധ തരം പദ്ധതികൾ കെ-ബിപ്പ് മുഖാന്തിരവുമായി വകുപ്പ് നടപ്പിലാക്കിവരുന്നു.

## നിർമ്മാണ മേഖല

202. നിർമ്മാണ മേഖലയിലെ മണൽ, കല്ല്, സിമെന്റ്, സ്റ്റീൽ തുടങ്ങിയവയുടെ ക്ഷാമവും വിലക്കയറ്റവും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. ഡാമുകളിലെ ആവാഹശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനം വിപുലപ്പെടുത്തും.

കെംഡലിന്റെ നേതൃത്വത്തിൽ മീങ്കര, വാളയാർ ഡാമുകളിലെ മണൽ നീക്കം ചെയ്യുന്ന പദ്ധതികൾ പുരോഗമിക്കുന്നു. മറ്റു ഡാമുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

204. സിമന്റിന് മേലുള്ള കുത്തക നിയന്ത്രണമാണ് വിലക്കയറ്റത്തിന് അടിസ്ഥാനം. ഇതിൽ ഇടപെടുന്നതിനുവേണ്ടി കേരളത്തിൽ സിമന്റ് ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉൽപാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉൽപാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും സിമന്റ് ഉൽപാദനം ഉയർത്തി മിതമായ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വാണിജ്യ മേഖല

206. വാണിജ്യ സർക്കാരിന്റെ നോഡൽ ഏജൻസിയായി വാണിജ്യ മിഷൻ രൂപീകരിച്ചു. 2021 മുതൽ ഇത് പൂർണമായും പ്രവർത്തനക്ഷമമാകും. 2025നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയിൽ നയത്തിന് രൂപം നൽകും.

വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കരട് കയറ്റുമതി നയം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023 ലെ പുതിയ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ വകുപ്പിന് കീഴിൽ പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

207. നാട്ടിൻപുറങ്ങളിലേയും നഗരങ്ങളിലേയും കമ്പോളങ്ങളിലേയും സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്ക് ബദലായി ഉയർത്തുകുയും ചെയ്യും. ഷോപ്പിംഗ് മാളിൽ എന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകും. കോഴിക്കോട് മിഠായി തെരുവിലും, തിരുവനന്തപുരത്ത് ചാല കമ്പോളത്തിലും നടത്തിയ ഇടപെടലുകൾ അവലോകനം ചെയ്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കും.

പ്രാദേശിക വിപണികളിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചു. സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലം / സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങൾ / എൻ.ജി.ഒകൾ / മാളുകൾ/ സൂപ്പർ മാർക്കറ്റുകൾ എന്നിവയുടെ സ്ഥലങ്ങളിൽ ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

209. വ്യാപാരിക്ഷേമ നിധി ഇപ്പോൾ സജീവമാണ്. കൂടുതൽ ഫണ്ട് ലഭ്യമാക്കും. പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

ക്ഷേമ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും എക്സ്ഗ്രേഷ്യ ആനൂകൂല്യങ്ങളും കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നു. ക്ഷേമനിധി അംഗങ്ങളുടെ മക്കളായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ അവാർഡ്, ചികിത്സാ ധനസഹായം, അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നത് പരിഗണനയിലാണ്. ബോർഡ് പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് അംശാദായം ഓൺലൈനിൽ അടക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

212. കേരള സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ജി.എസ്.ടിയുടെ ഘടന ചെറുകിട വ്യാപാരികൾക്ക് കൂടുതൽ അനുകൂലമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 40 ലക്ഷത്തിനു താഴെ വിറ്റുവരുമാനമുള്ളവർക്ക് നികുതിയില്ല. ഒന്നരക്കോടി രൂപ വരെ അനുമാന നികുതി കൊടുത്താൽ മതി. അഞ്ചുകോടി രൂപ വരെ വിറ്റുവരുമാനമുള്ളവർ ത്രൈമാസ റിട്ടേണുകൾ നൽകിയാൽ മതി. ജി.എസ്.ടി സംബന്ധിച്ച് ഇനിയുമുള്ള പരാതികൾ പരിഹരിക്കാൻ സർക്കാർ മുൻകൈകയെടുക്കും.

സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ജി.എസ്.ടിയുടെ ഘടന ചെറുകിട വ്യാപാരികൾക്ക് കൂടുതൽ അനുകൂലമാക്കാൻ കഴിഞ്ഞു. 40 ലക്ഷത്തിനു താഴെ വിറ്റുവരുമാനമുള്ളവർക്ക് നികുതിയില്ല. ഒന്നരക്കോടി രൂപ വരെ അനുമാന നികുതി കൊടുത്താൽ മതി. അഞ്ചുകോടി രൂപ വരെ വിറ്റുവരുമാനമുള്ളവർ ത്രൈമാസ റിട്ടേണുകൾ നൽകിയാൽ മതി.

213. വാറ്റ് ആംനസ്റ്റി കൂടുതൽ ഉദാരമാക്കും. 2021 ഓടെ വാറ്റിന്റെ ബാക്കി നിൽക്കുന്ന കുടിശ്ശികകൾ കൂടി അവസാനിപ്പിക്കുകയാണ് ലക്ഷ്യം.

ജി.എസ്.ടി നടപ്പാക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി നിയമങ്ങളിലെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം 2024 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

214. കൃത്യമായി നികുതി അടയ്ക്കുകയും നികുതി കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ ലൈസൻസുള്ള വ്യാപാരികൾക്ക് പ്രിവിലേജ് കാർഡ് നൽകും.

കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് ടാക്സ് പേയർ റേറ്റിംഗ് കാർഡ് നൽകിവരുന്നു.

# III
# ദാരിദ്ര്യനിർമ്മാർജ്ജനം

215. കേരളത്തിൽ ഇന്ന് പരമദരിദ്രരായ കുടുംബങ്ങളുടെ എണ്ണം 45 ലക്ഷത്തിലധികം വരില്ല. നിലവിലുള്ള ആശ്രയ ഗുണഭോക്താക്കളെയും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നോമിനേറ്റ് ചെയ്യുന്ന പുതിയ കുടുംബങ്ങളെയും ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ സർവ്വേ നടത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കും. ഇപ്പോൾ ആശ്രയ പദ്ധതിയിൽ 1.5 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി ഉള്ളത്. ഇവരിൽ അർഹതയുള്ളവരെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് 45 ലക്ഷം കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കും.

> സംസ്ഥാനത്തെ അതിദരിദ്രരെ സമഗ്രമായ സർവേയിലൂടെയും വിവിധ തലങ്ങളിലെ വിശദ പരിശോധനകളിലൂടെയും കണ്ടെത്തി. 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 19,489 വാർഡുകളിൽ അതിദാരിദ്ര്യ നിർണയ സർവേ നടത്തി. ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങളുടെ അതിതീവ്രതയാണ് മാനദണ്ഡമാക്കിയത്. ഇതനുസരിച്ച് 64,006 പേരാണ് അതിദാരിദ്ര്യ വിഭാഗത്തിലുള്ളത്. അതിദാരിദ്ര്യ നിർമാർജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 47.89% പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കി.

216. ഏറ്റവും ദരിദ്ര കുടുംബങ്ങളെ പ്രത്യേകമെടുത്ത് ഓരോന്നിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിന് ചെയ്യേണ്ടുന്ന കാര്യങ്ങളും അവയ്ക്കു വേണ്ടിവരുന്ന ചെലവും രേഖയാക്കുന്നതാണ് മൈക്രോപ്ലാനിംഗ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് -മുനിസിപ്പൽ തലത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് പേഴ്സൺസ് ടീമുകൾക്ക് പരിശീലനം നൽകും. നിലവിലുള്ള സ്കീമുകളെ പരമാവധി പ്ലാനുകളിൽ സംയോജിപ്പിക്കും. പ്രത്യേകമായി നിർദ്ദേശങ്ങൾക്കും രൂപം നൽകാം.

> ഓരോ വ്യക്തിയുടെയും ആവശ്യം അടിസ്ഥാനമാക്കിയാണ് മൈക്രോ പ്ലാൻ തയാറാക്കിയത്. സൂക്ഷ്മപരിശോധനക്ക് ശേഷം 56,821 മൈക്രോ പ്ലാനുകളാണ് ആവശ്യമായിവന്നത്. അതിൽ 30,658 പ്ലാനുകൾ തയ്യാറായി. പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കിവരുന്നു. 5,670 ഭവനരഹിതരായ അതിദരിദ്രരെ കൂടി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി. ഭൂരഹിത ഭവനരഹിതരായ 5,536 അതിദരിദ്രരെക്കൂടി ലൈഫ് ലിസ്റ്റിൽ കൂട്ടിച്ചേർത്തു. ആകെ 11,206 പേർ.

217. ജോലി ചെയ്യുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും നിവൃത്തിയില്ലാത്ത കുടുംബങ്ങൾക്ക് ഇൻകം ട്രാൻസ്ഫറായി മാസംതോറും സഹായം നൽകുന്നതിനും അനുവാദം ഉണ്ടാകും. അധിക ചെലവിന്റെ പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ബാക്കി കുടുംബശ്രീ വഴി

സർക്കാർ ലഭ്യമാക്കും.

2023-24ൽ 50 കോടി രൂപ ഗ്യാപ് ഫണ്ടായി അനുവദിച്ചു. തൊഴിൽ, പാർപ്പിടം എന്നിവക്കായി ഈ തുക ചെലവഴിച്ചു. ഭക്ഷണം, ആരോഗ്യസേവനം എന്നിവ ലഭിക്കേണ്ടവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ എന്നിവ വഴി അത് നൽകിവരുന്നു.

218. ഈ മൈക്രോ പ്ലാനുകൾ പഞ്ചായത്ത് / മുനിസിപ്പൽ ഭരണസമിതികൾ പരിശോധിച്ച് അംഗീകാരം നൽകിക്കഴിഞ്ഞാൽ കുടുംബശ്രീ വഴി നടപ്പാക്കും. പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെല്ലാം ഉറപ്പുവരുത്തും. അഞ്ചു വർഷംകൊണ്ട് ഇവരെ സ്ഥായിയായ രൂപത്തിൽ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റും.

3,529 പേർക്ക് ആധാർ കാർഡും 3,836 പേർക്ക് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും 5,132 പേർക്ക് റേഷൻ കാർഡും നൽകി. 1,378 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കി. 3,615 ആരോഗ്യ ഇൻഷ്വറൻസിൽ ഉൾപ്പെടുത്തി. 1,043 പേർക്ക് ബാങ്ക് അക്കൗണ്ട് നൽകി. 1,455 പേർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡ് നൽകി . 584 പേരെ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങളാക്കി. 345 പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡും 6 പേർക്ക് ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡും നൽകി.

256 പേർക്ക് പാചകവാതക കണക്ഷനും 57 പേർക്ക് വൈദ്യുതി കണക്ഷനും നൽകി. 22 പേർക്ക് പ്രോപ്പർട്ടി സർട്ടിഫിക്കറ്റ് നൽകി. ഭക്ഷണം ആവശ്യമുള്ള 26,449 പേർക്ക് ഭക്ഷണലഭ്യത ഉറപ്പാക്കി. അതിദരിദ്ര പട്ടികയിൽപ്പെട്ട 1,747 കുട്ടികൾക്ക് യാത്രാ പാസുകൾ വിതരണം ചെയ്തു. വരുമാനദായകമായ തൊഴിൽ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന "ഉജ്ജീവനം" പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിലൂടെ 3,608 കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

219. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും വ്യത്യസ്തമായി പട്ടികവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന നിരക്കിൽ ഉപപദ്ധതികൾക്ക് കഴിഞ്ഞ അഞ്ചുവർഷവും കേരളം പണം നീക്കിവയ്ക്കുകയുണ്ടായി. ഇതിൽ ഗണ്യമായ ഭാഗം തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ പട്ടികജാതിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തും.

പട്ടികവിഭാഗ ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന നിരക്കിലുള്ള തുകയാണ് സംസ്ഥാന ബജറ്റുകളിൽ സർക്കാർ നീക്കിവയ്ക്കുന്നുത്. സംസ്ഥാന ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിനായി സംസ്ഥാന ബജറ്റിന്റെ 9.81 ശതമാനം തുക വകയരുത്തുന്നു. 2023-24 ൽ 2,979.40 കോടി രൂപയാണ് പട്ടികജാതി ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയത്. 55% പട്ടികജാതി വികസന വകുപ്പ് മുഖേനയും 45% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് ചെലവഴിക്കുന്നത്. ഇതുവഴി പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ പട്ടികജാതിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

220. പട്ടികജാതി ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളും. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവ ഭൂരഹിതർക്ക് വിതരണം ചെയ്യും.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2021–22 ൽ 4,020 പേർക്കും 2022–23 ൽ 3,303 പേർക്കും 2023–24 ൽ 3,340 പേർക്കും ഉൾപ്പെടെ ആകെ 10,663 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനഹായം നൽകി.

221. ഭൂരഹിതർക്ക് വീടിനും ഭൂമിക്കും വേണ്ടി 10 ലക്ഷം രൂപ നൽകുന്ന പദ്ധതി വിപുലീകരിക്കും.

പട്ടികജാതി ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പ് മുഖേന പഞ്ചായത്ത് പരിധിയിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ മുഖേന 4 ലക്ഷം രൂപയും അനുവദിച്ച് വരുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് പരിധിയിൽ 5 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 6 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 7.5 ലക്ഷം രൂപയും അനുവദിക്കുന്നു. കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലായി 558 ദുർബല വിഭാഗ ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 29.51 കോടി രൂപ ധനസഹായം അനുവദിച്ചു.

222. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനുപുറമെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണയിക്കും. ഇവ ഒരു പാക്കേജായി നൽകുന്ന അംബേദ്കർ ഗ്രാമം പദ്ധതി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് നടപ്പിലാക്കും.

അംബേദ്കർ ഗ്രാമം പദ്ധതി സമഗ്രമായി പരിഷ്ക്കരിച്ച് 25 കുടുംബങ്ങളുള്ള സങ്കേതങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തി. വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾ ഏജൻസികൾക്കു പകരം ഗുണഭോക്താക്കൾക്കുതന്നെ നേരിട്ട് ചെയ്യാവുന്ന രീതിയിൽ പരിഷ്കരിച്ചു. വീടുകളുടെ പുനരുദ്ധാരണ ധനസഹായം 1.5 ലക്ഷത്തിൽ നിന്നും 2 ലക്ഷമായി വർദ്ധിപ്പിച്ചു. കൂടുതൽ സങ്കേത പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി വിപുലീകരിച്ചു. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൂടി നിർവ്വഹണ ഏജൻസിയായി ഉൾപ്പെടുത്തി. മുൻവർഷങ്ങളിലെ പൂർത്തീകരിക്കാത്ത 267 പദ്ധതികൾ പൂർത്തീകരിച്ചത് കൂടാതെ 2021 മുതൽ ഇതുവരെ 321 ഗ്രാമങ്ങളെക്കൂടി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി.

223. പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടേയും, കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഇത് പരിഹരിക്കുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കും

വാഹനസൗകര്യം കുറവായതും വന്യജീവികളുടെ അക്രമങ്ങൾ കാരണവും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് പ്രയാസം നേരിടുന്ന സ്ഥലങ്ങളിൽ സ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യവും വാഹനസൗകര്യവും ഏർപ്പെടുത്തി. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും, 85 പ്രീമെട്രിക് ഹോസ്റ്റലുകളും, 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലുകളിൽ മികച്ച താമസ, പഠന സൗകര്യം ഏർപ്പെടുത്തിയതു കൂടാതെ പഠനകാര്യങ്ങളിൽ സഹായിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. ഇത്തരത്തിലുള്ള സംവിധാനത്തിന്റെ ഫലപ്രദമായ വിനിയോഗം വഴി കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകരമായിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് തടയാൻ അധ്യാപകരുടെയും പി.ടി.എയുടെയും നേതൃത്വത്തിൽ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തുന്നു. സ്റ്റുഡന്റ് കൗൺസിലർമാർ, സോഷ്യൽ വർക്കർമാർ, പ്രമോട്ടർമാർ മുഖേനയും കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഇടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നു.

224. പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി പ്രീമെട്രിക്, പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകളെ ആധുനികവത്കരിക്കും. താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുക മാത്രമല്ല, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം എന്നിവ ഉറപ്പുവരുത്തും. കൂടുതൽ ട്യൂട്ടർമാരെ നിയോഗിക്കും. ഇവയുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തും.

പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി. എല്ലാ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് ലഭ്യമാക്കി. ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും മെസ്സ് അലവൻസ് വർദ്ധിപ്പിച്ചു. പഠനകാര്യങ്ങളിൽ സഹായിക്കുന്നതിന് എല്ലാ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

225. കിഫ്ബിയെക്കൂടി ഉപയോഗപ്പെടുത്തി മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് മികവുറ്റ സൗകര്യങ്ങൾ ഉറപ്പുവരുത്തും. ഇവയുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപീകരിക്കും.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിച്ചു. തിരുവനന്തപുരം തോന്നയ്ക്കലിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം പൂർത്തിയാക്കി. കോഴിക്കോട് ചക്കിട്ടപ്പാറയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു. സ്കൂൾ മാനേജ്മെന്റ് സമിതികൾ പുതിയ അധ്യയന വർഷത്തോടെ ആരംഭിക്കും.

226. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനസഹായങ്ങൾ ജീവിതച്ചെലവുമായി ബന്ധപ്പെടുത്തി വർധിപ്പിക്കും.

പ്രീമെട്രിക്, പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ നിലവിലുള്ള നിരക്കിന്റെ 20%

വർദ്ധിപ്പിച്ചു. വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസന്റീവ് വർധിപ്പിച്ചു. ഗവേഷണ വിദ്യാർത്ഥികളുടെ അപേക്ഷാ പ്രായപരിധി ഉയർത്തി. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപവരെ സ്കോളർഷിപ്പ് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 563 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകി.

227. **പട്ടികജാതി വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേക ഫിനിഷിങ് സ്കൂൾ ആരംഭിക്കും.**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 12 ഗവൺമെന്റ്, ഗവ. എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രത്യേക കോച്ചിംഗ് സംവിധാനം ഏർപ്പെടുത്തി.

228. **സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ. ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും.**

ഭക്ഷ്യ സിവിൽ സപ്ലൈ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

229. **പ്രാദേശിക സർക്കാരുകളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര വിലയിരുത്തലിനു വിധേയമാക്കി മാർഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും.**

5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി സങ്കേതമായി പരിഗണിച്ച് കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, ഡ്രൈനേജ്, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതുസൗകര്യങ്ങളേർപ്പെടുത്തുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിവരുന്നു. പട്ടികജാതി വിഭാഗ സമുദായ ശ്മശാനങ്ങളുടെ അറ്റകുറ്റപ്പണികൾ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചു. സാങ്കേതിക / പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരോ തൊഴിൽപരിശീലനം ലഭിച്ചവരോ ആയ പട്ടികജാതിവിഭാഗക്കാർക്ക് അപ്രന്റീസ് / ഇന്റേൺഷിപ്പ് പരിശീലനം നൽകൽ, പഠനം ഉപേക്ഷിച്ച പട്ടികജാതി വിഭാഗ കുട്ടികൾക്ക് റസിഡൻഷ്യൽ സൗകര്യത്തോടെയുള്ള ബ്രിഡ്ജ് കോഴ്സ് എന്നിവ പ്രൊജക്ടുകളായി ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്കുള്ള അനുമതി പരിഷക്കരിച്ചു.

230. **പട്ടികജാതി വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കും. പട്ടികജാതി സംരംഭങ്ങൾക്ക് വേണ്ടിയുള്ള സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി വിപുലീകരിക്കും.**

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകി. അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനായി ആരംഭിച്ച കേരളം എംപവർമെന്റ് സൊസൈറ്റി വഴി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ 212

സ്റ്റാർട്ടപ്പുകൾ പരിഗണിച്ചു. മെന്ററിങ്ങ് ഗ്രാന്റായി 40 ലക്ഷം രൂപ ചെലവഴിച്ചു.

231. **പട്ടികവിഭാഗ യുവജനങ്ങൾക്ക് നൈപുണ്യപോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് നൽകുന്നതിനുള്ള പദ്ധതി വഴി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും.**

ഡിജിറ്റൽ യൂണിവേഴ്സിറ്റി, ബേർഡ് വേൾഡ് വൈഡ് ഫ്ളൈറ്റ് സർവ്വീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നൂതന നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. 2022-23 ൽ മൂവായിരത്തോളം പേർക്ക് നൈപുണ്യപരിശീലനം നൽകി. സിവിൽ എഞ്ചിനീയറിംഗ് ബി.ടെക് / എം.ടെക് / ഡിപ്ലോമ / ഐ.റ്റി.ഐ യോഗ്യതയുള്ള 300 പേർക്ക് അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർമാരായി നിയമനം നൽകി. എം.എസ്.ഡബ്ല്യൂ യോഗ്യതയുള്ള 60 പേർക്ക് കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരായും എസ്.സി. പ്രൊമോട്ടർമാരായി 1,218 പേർക്കും അപ്രന്റീസ് ക്ലർക്കുമാരായി 240 പേർക്കും ലീഗൽ കൗൺസിലർമാരായി 18 പേർക്കും നിയമനം നൽകി. ജ്വാല പദ്ധതി വഴി 69 ലീഗൽ അസിസ്റ്റന്റുമാരേയും 14 ലീഗൽ കൗൺസിലർമാരേയും 3 ലീഗൽ കോ-ഓർഡിനേറ്റർമാരേയും 1 ലീഗൽ അഡ്വൈസറേയും നിയമിച്ചു. അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് കേരളം എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചു.

500 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക നിയമനനടപടി സ്വീകരിച്ച് കേരള പി.എസ്.സി വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകി. ഇതേ മാതൃകയിൽ 100 പേർക്ക് എക്സൈസ് ഗാർഡ് തസ്തിക നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

232. **പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ പ്രത്യേക കോടതികൾ സ്ഥാപിക്കും.**

നിലവിലുള്ള 4 കോടതികൾക്ക് പുറമെ, പട്ടികജാതി അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരത്തും തൃശ്ശൂരും സ്പെഷ്യൽ കോടതി പ്രവർത്തനം ആരംഭിച്ചു.

233. **പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സമൂലമായി പുനഃസംഘടിപ്പിക്കും പുനരുജ്ജീവിപ്പിക്കും. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള ഒരു സ്കീം ആവിഷ്കരിക്കുന്നതാണ്.**

സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളുടെ സമഗ്ര വികസനത്തിനായി സഹകരണ വകുപ്പുമായി ചേർന്ന് പുനർജ്ജനി പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികജാതി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി 2023-24 വർഷം 8 കോടി രൂപ ബജറ്റിൽ വകയിരുത്തി.

234. **പട്ടികവിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കും. ലൈഫ് മിഷനിൽ നിന്നും അടുത്ത വർഷം 52,000 കുടുംബങ്ങൾക്ക് വീട് നൽകും. തുടർന്നുള്ള വർഷങ്ങളിൽ മറ്റുള്ളവർക്കും നൽകും. പഠനമുറി പദ്ധതി**

വിപുലീകരിക്കും.

പട്ടികജ്ജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2021-22 വർഷം 278 കോടി രൂപയും 2022-23 ൽ 300 കോടി രൂപയും 2023-24 ൽ 195 കോടി രൂപയും ലൈഫ് മിഷന് കൈമാറി. 2021-22 ൽ 14,248 വീടുകളും 2022-23 ൽ 31,527 വീടുകളും 2023-24 ൽ 11,219 വീടുകളും ഉൾപ്പെടെ 56,994 വീടുകൾ അനുവദിച്ചു.

പഠനമുറി പദ്ധതിയിൽ 5 മുതൽ 7-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളേയും കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥികളേയും കൂടി ഉൾപ്പെടുത്തി. നിർവ്വഹണ രീതികളിൽ ഇളവുകൾ വരുത്തി. 2022-23 വർഷത്തിൽ 5,151 പഠനമുറികളും 2023-24 വർഷം 4,131 എണ്ണം പഠനമുറികളും ഉൾപ്പെടെ ആകെ 15,000 പഠനമുറികൾ അനുവദിച്ചു. ഭവന നവീകരണത്തിനായുള്ള സേഫ് പദ്ധതി വഴി 15,000 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## പട്ടികവർഗ്ഗക്ഷേമം

235. ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യത്തിനുള്ള അംബേദ്കർ പദ്ധതി വിപുലീകരിക്കും. ഊരുകളിലേക്കുള്ള റോഡുകൾ, കുടിവെള്ളം, വൈദ്യുതി സാധ്യമല്ലാത്തിടത്ത് സോളാർ സംവിധാനം, അംഗൻവാടികൾ, പാർപ്പിടം, പഠനവീട്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പുവരുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2017-18 മുതലുള്ള 92 സെറ്റിൽമെന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കരിച്ചു. പുതിയതായി തെരഞ്ഞെടുത്ത 139 സെറ്റിൽമെന്റുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു. വൈദ്യുതിയെത്താത്ത 84 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ 41 എണ്ണത്തിൽ വൈദ്യുതിയെത്തിച്ചു. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1,284 സെറ്റിൽമെന്റുകളിൽ 1099 എണ്ണത്തിൽ കണക്ടിവിറ്റി ലഭ്യമാക്കി. ഒരു വർഷത്തിനകം എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്ടിവിറ്റിയും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. അഗളിചാളയൂരിൽ സ്ഥാപിച്ച 3 സൗരോർജ്ജ പ്ലാന്റുകൾ വഴി ഊരുകൂട്ട സമിതിക്ക് 6 ലക്ഷം രൂപ വരുമാനം ലഭിച്ചു.

236. ലൈഫിൽ ഉൾപ്പെടുത്തി മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താല്പര്യവും മനസിലാക്കി കൊണ്ടായിരിക്കും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.

ലൈഫ് പദ്ധതിയിൽ 5,570 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് ഫേസ് 1ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ഏറ്റെടുത്ത 18,182 വീടുകളിൽ 17,400 വീടുകൾ പൂർത്തീകരിച്ചു. നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പ് 369.46 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചു. 2023-24 സാമ്പത്തിക വർഷം 25 കോടി രൂപ കൈമാറി. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള ധനസഹായം 6 ലക്ഷം രൂപയാക്കി ഉയർത്തി ഏകീകരിച്ചു.



ലൈഫ് പദ്ധതി

## 237. ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന് തരിശു ഭൂമി, മിച്ചഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നകുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതോടൊപ്പം 2005 ലെ വനാവകാശനിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വന ഭൂമി വിതരണം, വനാവകാശ നിയമം എന്നിവ പ്രകാരം 2,730 പട്ടികവർഗ്ഗക്കാർക്കായി 3,937.47 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാന്റ് ബാങ്ക് പദ്ധതി വഴി 241 കുടുംബങ്ങൾക്ക് 45.02 ഏക്കർ ഭൂമി വാങ്ങി നൽകി. 718 കുടുംബങ്ങൾക്ക് 243.80 ഏക്കർ നിക്ഷിപ്ത വനഭൂമി അവകാശ രേഖ നൽകി. വനാവകാശ നിയമപ്രകാരം കൂടുതൽ പേർക്ക് വ്യക്തിഗത അവകാശം നൽകുന്നതിന് തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ സർവ്വേ നടപടി പുരോഗമിക്കുന്നു.

തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷമായി നടന്നുവന്ന ഭൂസമരം അവസാനിപ്പിച്ച് 20 സെന്റ് മുതൽ 50 സെന്റ് വരെ കൈവശാവകാശ രേഖ നല്കി. തിരുവന്തപുരം ജില്ല എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ജില്ലയായി.

**238. ആദിവാസിമേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പദ്ധതി വ്യാപിപ്പിക്കും.**

അട്ടപ്പാടിയിൽ നടപ്പാക്കി വന്നിരുന്ന മില്ലറ്റ് വില്ലേജ്, നമത് വെള്ളാമൈ, ഹരിത രശ്മി എന്നീ പദ്ധതികളിലൂടെ പരമ്പരാഗത കൃഷി വ്യാപനം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലകളിൽ കൂടി പദ്ധതികൾ വ്യാപിപ്പിക്കും.

**239. ഗോത്രജീവിക പദ്ധതിപ്രകാരം കൂടുതൽ തൊഴിൽ ഗ്രൂപ്പുകൾക്ക് രൂപം നൽകും. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നൈപുണ്യ വികസനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പ്ലെയ്സ്മെന്റുകൾ നൽകുന്ന പദ്ധതി വിപുലപ്പെടുത്തും.**

ഗോത്രജീവിക പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട പരിശീലനങ്ങൾ പൂർത്തീകരിച്ചു. ഉന്നതി എംപവർമെന്റ് സൊസൈറ്റി വഴി നാനൂറിലധികം പേർക്ക് ഏവിയേഷൻ, ഓട്ടോമൊബൈൽ, ഡിജിറ്റൽ മീഡിയ മേഖലകളിൽ തൊഴിൽ ലഭ്യമാക്കി.

**240. കുടുംബാധിഷ്ഠിത മൈക്രോപ്ലാനിൽ, അർഹതപ്പെട്ട ഒരു ആദിവാസി കുടുംബവും വിട്ടുപോകില്ലായെന്നു ഉറപ്പുവരുത്തും. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ആരോഗ്യ കാർഡ്, തൊഴിൽ കാർഡ്, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവ ഉറപ്പുവരുത്തും.**

പരിശീലനം ലഭിച്ച പട്ടികവർഗ്ഗ പ്രമോട്ടർമാർ വഴി ശേഖരിക്കുന്ന കുടുംബ വിവരങ്ങൾ ഊര് അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യക്ഷേമ പെൻഷൻ കൂടാതെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ആരോഗ്യ കാർഡ്, തൊഴിൽ കാർഡ് എന്നിവ ഉറപ്പുവരുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി എബിസിഡി പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട്, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ പദ്ധതി പൂർത്തീകരിച്ചു. മറ്റു ജില്ലകളിൽ പുരോഗമിക്കുന്നു.

**241. ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗോത്രബന്ധു സ്കീമിൽ കൂടുതൽ മെന്റർ ടീച്ചർമാരെ നിയമിക്കും. സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തും. സാമൂഹ്യ പഠനമുറികൾ വിപുലപ്പെടുത്തും. കോളേജ് വിദ്യാഭ്യാസം മുടങ്ങുന്ന കുട്ടികൾക്ക് പ്രതേക പരിശീലനത്തിലൂടെയും താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സഹായം നൽകും.**

ഗോത്രബന്ധു പദ്ധതിപ്രകാരം വയനാട് (241), പാലക്കാട് (56), മലപ്പുറം (29) ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ച് കൊഴിഞ്ഞുപോക്കിന് തടയിട്ടു. പ്രൈമറിതല വിദ്യാഭ്യാസത്തിൽ മുന്നേറ്റമുണ്ടക്കി. വിദ്യാർത്ഥികളുടെ യാത്ര സൗകര്യം ഉറപ്പുവരുത്തുന്നതിന് വിദ്യാവാഹിനി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി വഴി 181 പഞ്ചായത്തുകളിലെ 684 സ്കൂളുകളിലെ 24,427 വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം ഏർപ്പെടുത്തി. സാമൂഹ്യ പഠനമുറികൾ 364 എണ്ണമായി വിപുലപ്പെടുത്തി.

242. വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിന് സഹായം നൽകും. സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കും. തറവില ഉറപ്പുവരുത്തും. ഗദ്ദിക വിപണന മേളകൾ, കയർ & ക്രാഫ്റ്റ് കടകൾ, വനശ്രീ യൂണിറ്റുകൾ എന്നിവ അതിനായി ഉപയോഗപ്പെടുത്തും.

കേരളീയം, ജില്ലതല മേളകൾ വഴി വിപണന സൗകര്യം ഏർപ്പെടുത്തി. എസ്.സി.എസ്.ടി. ഫെഡറേഷനുമായി സഹകരിച്ചും കേരള എംപവർമെന്റ് സൊസൈറ്റി വഴിയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കി.

243. കിഫ്ബി സഹായത്തോടെ റെസിഡൻഷ്യൽ സ്കൂളുകൾ നവീകരണം പൂർത്തിയാക്കും. ഇവിടങ്ങളിൽ താമസസൗകര്യം, ഭക്ഷണം, വിനോദസൗകര്യങ്ങൾ, പഠന സൗകര്യങ്ങൾ എന്നിവ ഉന്നത നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പുവരുത്തും. അധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർധിപ്പിക്കും. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിന് മുൻഗണന നൽകും.

റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവും പഠന നിലവാരവും അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. ആവശ്യത്തിന് അദ്ധ്യാപകരെയും ട്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നിയമനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകി. കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ പുതുതായി നിർമ്മാണം ആരംഭിച്ച രണ്ട് എം.ആർ.എസ്.കൾക്കു പുറമേ തിരുവനന്തപുരം കുറ്റിച്ചലിലെ എം.ആർ.എസ്.ന് സ്വന്തമായി ഭൂമി കണ്ടെത്തി. കിഫ്ബി സഹായത്തോടെ ഡിപിആർ തയ്യാറാക്കിവരുന്നു.


ഐ ടി എഡ്യുക്കേഷൻ

244. ആദിവാസി കുട്ടികൾക്കായുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

പ്രീമെട്രിക് / പോസ്റ്റ് മെട്രിക്

ഹോസ്റ്റലുകളെ യൂണിസെഫ് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു. കൂടുതൽ ടോയ്‌ലറ്റുകൾ, സോളാർ ലൈറ്റിംഗ്, സി.സി. ടി.വി. സൗകര്യം, ഫയർ & സേഫ്റ്റി സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തി. പ്രീമെട്രിക് ഹോസ്റ്റലുകളുടെ എണ്ണം 109 ആയും പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ എണ്ണം 12 ആയും വർദ്ധിപ്പിച്ചു.

245. **ആദിവാസി ഊരുകളിലെ സന്ദർശനത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, ഡിസ്പെൻസറികളും ആരംഭിക്കും. ആവശ്യമുള്ളവർക്ക് പ്രത്യേക പരിചരണം അങ്കൺവാടി വഴി ഉറപ്പാക്കും. അംഗൻവാടി വഴി കൃത്യമായി അയൺ ഗുളികകളുടെ വിതരണം ഉറപ്പാക്കും.**

പി.വി.റ്റി.ജി. കുടുംബങ്ങൾക്കായി പാലക്കാട് അട്ടപ്പാടി മേഖലയിൽ പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകളാരംഭിച്ചു. അംഗൻവാടികൾ വഴി അയൺ ഗുളികകളുടെ വിതരണം നടക്കുന്നു. വയനാട്ടിൽ സിഡാക്കുമായി സഹകരിച്ച് ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി വഴി സാമൂഹ്യ പഠനമുറികൾ കേന്ദ്രീകരിച്ച് ആരോഗ്യ പരിചരണം ഉറപ്പാക്കുന്നു.

246. **ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും. ആദിവാസി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും, കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയോഗിക്കുകയും ചെയ്യും. സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങൾ പഠിക്കുന്നതിനു വയനാട്ടിൽ റിസർച്ച് സെന്റർ സ്ഥാപിക്കും.**

എല്ലാ ഊരുകളിലും വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതിയില്ലാതിരുന്ന 84 പട്ടികവർഗ്ഗ സെറ്റിൽമെന്റിലുകളിൽ 41 ഇടങ്ങളിൽ വൈദ്യുതിയും ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതിരുന്ന 1284 സെറ്റിൽമെന്റിലുകളിൽ 1099 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയും ലഭ്യമാക്കി. ആരോഗ്യ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത് കൂടാതെ യൂണിസെഫ് സഹായത്തോടെ ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രിഷ്യനിസ്റ്റിനെ നിയമിച്ചും ഡിജിറ്റൽ ട്രൈബൽ ഏരിയ പദ്ധതി വഴിയും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം കോട്ടത്തറ ആശുപത്രിയിൽ ഉറപ്പാക്കി. ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യ സുരക്ഷയ്ക്കായി പാലക്കാട് ജില്ലയിൽ 'ഊരിന്റെ താരാട്ട്' എന്ന ശിശു സംരക്ഷണ പദ്ധതി നടപ്പാക്കിവരുന്നു. സിക്കിൾസെൽ രോഗികൾക്ക് ഒറ്റത്തവണ ധനസഹായമായി 2 ലക്ഷം രൂപ നൽകുന്ന പദ്ധതിക്ക് അനുമതി നൽകി. ഈ രോഗത്തെക്കുറിച്ചുള്ള ഗവേഷണത്തിനും അനുമതി നൽകി. സിക്കിൾ സെൽ അനീമിയ ബാധിതരായ കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണ ഉറപ്പാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക പരിശീലനം നടപ്പിലാക്കി.

247. **ഓരോ ഊരിലെയും കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസിനു മുകളിൽ പ്രായമുള്ള വൃദ്ധർ, 6 വയസിനു താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷക ഭക്ഷണം**

നൽകുന്നതിനുള്ള കമ്മ്യൂണിറ്റി കിച്ചണുകൾ കൂടുതൽ വ്യാപകമാക്കും.

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടപ്പാടിയിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

248. ആദിവാസി പ്രൊമോട്ടർമാർക്ക് ആറു മാസത്തിലൊരിക്കൽ പരിശീലനം നൽകും. അവരുടെ പ്രവർത്തനങ്ങളെ തുടർച്ചയായി അവലോകനം ചെയ്യും.

എല്ലാ പട്ടികവർഗ്ഗ പ്രമോട്ടർമാർക്കും 3 ദിവസത്തെ പരിശീലനം നൽകി. പ്രവർത്തനങ്ങളുടെ അവലോകനത്തോടൊപ്പം തുടർപരിശീലനവും ഓറിയന്റേഷനും പ്രൊമോട്ടർമാർക്ക് നൽകും.

249. ആദിവാസി ഊരുകൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകും. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കണമെന്നാണ് ചട്ടം. ഇത് പാലിക്കപെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സാമൂഹ്യ ഓഡിറ്റ് നിർബന്ധമാക്കും

തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൈക്രോ പ്ലാനുകൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യുന്നതിനൊപ്പം സാമൂഹ്യ പരിശോധനകൾ നിർബന്ധമാക്കുന്നതിമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

250. ഇടുക്കിയിലും വയനാടും ഓരോ ട്രൈബൽ കോളേജുകൾക്ക് അനുവാദം നൽകും

ഇടുക്കിയിൽ എയ്ഡഡ് കോളേജ് അനുവദിച്ച് ക്ലാസ്സുകളാരംരംഭിച്ചു. വയനാട്ടിൽ ആരംഭിക്കുന്നത് പരിശോധിച്ചുവരുന്നു.

## പരിവർത്തിത ക്രൈസ്തവർ

251. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും തുല്യമായ അളവിൽ നൽകും. യു.ഡി.എഫ്. കാലത്ത് വിദ്യാഭ്യാസ ആനുകൂല്യം 189 കോടി രൂപ കുടിശ്ശിക ഈ സർക്കാരാണ് കൊടുത്തത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് ഉറപ്പുവരുത്തും.

പട്ടിക ജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവ വിഭാഗം വിദ്യാർത്ഥികൾക്കും അനുവദിച്ചുവരുന്നുണ്ട്. 2023-24ലെ ബജറ്റ് വിഹിതം 40 കോടി രൂപ വകയിരുത്തി. കൂടാതെ 396.41 കോടി അഡീഷണൽ ഓതറൈസേഷൻ നൽകി. 2022-23 വരെയുള്ള കുടിശ്ശിക തീർത്തു.

252. ദളിത്, പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഠന സമിതിയെ നിയമിക്കും. മതന്യൂനപക്ഷ അവകാശം സ്കോളർഷിപ്പ് ഇവർക്കും ലഭ്യമാക്കും.

കേന്ദ്ര സർക്കാർ ഇതേ പ്രശ്നങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ ചെയർമാനായ സമിതിയെ നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ

ഈ സമിതിയുടെ റിപ്പോർട്ട് വന്നതിനു ശേഷം തുടർനടപടികൾ സ്വീകരിക്കും. ഒഇസി വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ മതന്യൂനപക്ഷ സ്കോളർഷിപ്പ് പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് അനുമതി നൽകി.

253. **പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർധിപ്പിക്കും. ദീർഘകാലം കുടിശ്ശികയായി കിടക്കുന്ന വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കും.**

2023–24 വർഷം 7 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം 2024–25ൽ 8 കോടി രൂപയായി വർധിപ്പിച്ചു. കോർപറേഷൻ കുടിശ്ശിക സംബന്ധിച്ച വിവര ശേഖരണം നടത്തിവരുന്നു. 2006 മാർച്ച് 31 ൽ കാലാവധി തീർന്ന 2023 മാർച്ച് വരെ കുടിശികയായ 173 വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കലും, മരണമടഞ്ഞ വായ്പക്കാരുടെ പലിശയും പിഴപ്പലിശയും മുതലുമടക്കം 25,000 രൂപ വരെ ഒഴിവാക്കിയും ഉത്തരവ് ഇറക്കി.

## പിന്നാക്ക സമുദായക്ഷേമം

254. **പിന്നാക്ക സമുദായ വികസന കോർപ്പറേഷന് കൂടുതൽ പണം ലഭ്യമാക്കുന്നതാണ്. സർക്കാർ ഗ്യാരണ്ടിയിൽ പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ വലിയ തോതിൽ വായ്പയെടുക്കാൻ സർക്കാർ സഹായിച്ചതുമൂലം കോർപ്പറേഷന്റെ പ്രവർത്തനം ഗണ്യമായി വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.**

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സർക്കാർ ഗ്യാരണ്ടി തുക വർധിപ്പിച്ച സാഹചര്യത്തിൽ കൂടുതൽ വായ്പ തുക കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ട്. കോർപ്പറേഷന്റെ പ്രവർത്തന മൂലധനം 150 കോടി രൂപയിൽനിന്നും 200 കോടി രൂപ യായി വർധിപ്പിച്ചു. കൂടുതൽ പണം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

255. **വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തും. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കും. പ്രായോഗികമായവ നടപ്പാക്കും.**

വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്ത് വിശ്വകർമ്മ പെൻഷൻ പദ്ധതിയിൽ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തി. തുക വർദ്ധിപ്പിച്ചു. സ്കിൽ ബാങ്ക് രൂപികരിക്കുന്നതിനും സർട്ടിഫിക്കേഷനുള്ള നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പ് വഴി ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ക്രാഫ്റ്റ് വില്ലേജ്, സ്പേഷ്യൽ എക്കണോമിക്ക് സോൺ എന്നിവയുടെ ശുപാർശ വ്യവസായ വകുപ്പ് വഴി പരിശോധിക്കാൻ തീരുമാനിച്ചു. അപ്രൈസർ നിയമനം, ക്രിമിലെയർ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഉത്തരവായി.

256. **നാടാർ സമുദായത്തെക്കുറിച്ചുള്ള ജസ്റ്റിസ് ഹരിഹരൻ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കും.**

ഹൈക്കോടതിയുടെ ഉത്തരവ് മൂലം റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിയ്ക്കാനായില്ല.

257. **ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ സമുദായങ്ങളുടെ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തും.**

ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ വിഭാഗങ്ങളുടെ പ്രശ്നങ്ങളെപറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ വകുപ്പിന് ചുമതല നൽകി.

258. **ആർട്ടിസാൻസ് വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കും. കൂടുതൽ ഫണ്ട് ലഭ്യമാക്കും. പരമ്പരാഗത ആർട്ടിസാൻസിന്റെ വൈദഗ്ധ്യ വികസനത്തിനും പുതിയ യന്ത്രോപകരണങ്ങൾ പരിശീലിക്കുന്നതിനും സ്കീമുകൾ ആവിഷ്കരിക്കും.**

വ്യവസായ വകുപ്പ് റോ മെറ്റീരിയൽ ബാങ്ക്, തൊഴിലാളികളുടെ ഡേറ്റാ ബാങ്ക്, വൈവിധ്യവൽക്കരണത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

259. **കുമാരപിള്ള കമ്മീഷൻ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സഹായം വർധിപ്പിക്കും.**

വിദ്യാഭ്യാസ സഹായം വർധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. മുൻവർഷങ്ങളിലെ ആനുകൂല്യങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ന്യൂനപക്ഷ ക്ഷേമം

261. **സച്ചാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായുള്ള പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കും. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് വർദ്ധിപ്പിക്കും, വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.**

കേരളത്തിൽ പാലോളി കമ്മിറ്റി മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷിതത്വം, വിദ്യാഭ്യാസ ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോഷർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ് ഭരണ നടപടികൾ എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി. വിധവകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി, വിവിധയിനം സ്കോളർഷിപ്പ് പദ്ധതികൾ, വിവാഹ പൂർവ്വ കൗൺസിലിംഗ്, പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം

എന്നിവ ഇതിൽ ഉൾപ്പെടുന്നു. ന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് എന്നീ വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി 24 സൗജന്യ യുവജന പരിശീലന കേന്ദ്രങ്ങളും, 32 യുവജന ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

## സ്കോളർഷിപ്പുകൾ

പൊതുവിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി 2021-22ൽ 18.52 കോടി രൂപ ചെലവഴിച്ചു. 22,006 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു. 2022-23ൽ 15.88 കോടി രൂപ ചെലവഴിച്ചു. 17,438 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു. 2023-24ൽ സ്കോളർഷിപ്പ് പദ്ധതികൾക്കായി 19.06 കോടി രൂപ ചെലവഴിച്ചു. 20,065 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

## നൂതന പദ്ധതികൾ

2021-22 സാമ്പത്തിക വർഷം വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി വിദേശ പഠന സ്കോളർഷിപ്പിന് ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 10 ലക്ഷം രൂപ വരെ നിരക്കിൽ 13 വിദ്യാർത്ഥികൾക്കായി 77,66,738 രൂപയുടെ സ്കോളർഷിപ്പ് അനുവദിച്ചു കൂടാതെ യുജിസി/സിഎസ്ഐആർ നെറ്റ് കോച്ചിംഗും, എൻ റ്റി എസ് സി കോച്ചിംഗും, പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി എന്നീ പുതിയ സ്കോളർഷിപ്പുകൾ ആവിഷ്കരിച്ചു. യുജിസി സിഎസ്ഐആർ, നെറ്റ് കോച്ചിങ്, എൻ ടി എസ് സി കോച്ചിങ് വഴി 547 വിദ്യാർത്ഥികൾക്കായി 5,29,450 രൂപ വിനിയോഗിച്ചു.

2022-23ൽ അസാപുമായി സഹകരിച്ച് തൊഴിൽ നൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കിവരുന്നു. വിദേശ പഠന സ്കോളർഷിപ്പിന് പലിശ ധനസഹായമായി ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 5 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിച്ചു. 73 വിദ്യാർത്ഥികൾക്ക് 53,44,503 രൂപ സ്കോളർഷിപ് ഇനത്തിൽ വിതരണം ചെയ്തു കൂടാതെ യുജിസി സിഎസ്ഐആർ, നെറ്റ് കോച്ചിങ്, വഴി 1000 വിദ്യാർത്ഥികൾക്കായി 14,91,254 രൂപ വിനിയോഗിച്ചു.

2023-24ൽ ഉന്നത പഠന കേന്ദ്രങ്ങളായ ഐഐറ്റി/ഐഐഎം/ഐഐ എസ്സി/ഐഎംഎസ്സി എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പുതിയ സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചു.

## ഇമ്പിച്ചിബാവ ഭവന/ പുനരുദ്ധാരണ പദ്ധതി

2021-22ൽ 624 വീടുകൾക്ക് ധനസഹായം നൽകി. മുൻ വർഷങ്ങളിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 50 വീടുകൾ പൂർത്തീകരിച്ചു. 334.82 ലക്ഷം രൂപ വിനിയോഗിച്ചു.

2022-23ൽ സാമ്പത്തിക 897 ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഫണ്ട് വിതരണം നടത്തി. 648 പുനരുദ്ധാരണ ഭവനങ്ങൾ പൂർത്തീകരിച്ചു. 241 ഭവനങ്ങൾ നിർമ്മാണം പുരോഗമിക്കുന്നു. മുൻ

വർഷത്തെ സ്പിൽ ഓവർ വിഭാഗത്തിൽ 99 ഭവനങ്ങൾ പൂർത്തീകരിച്ചു. 355.28 ലക്ഷം രൂപ ചെലവഴിച്ചു.

2023-24ൽ 342.6 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. സ്പിൽഓവർ പ്രവൃത്തികളുടെ പൂർത്തികരണത്തിന് 121.35 ലക്ഷം രൂപ ചെലവഴിച്ചു. 561 വീടുകൾ പൂർത്തീകരിച്ചു.

## പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം

2021-22ൽ 33 പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പരിഗണിച്ചു. 129.935 കോടി രൂപയുടെ 19 പ്രോജക്ടുകൾ അംഗീകരിച്ചു. ആദ്യഗഡുവായി 6441.76 ലക്ഷം രൂപ നൽകി. 2022-23ൽ 675.43 ലക്ഷം രൂപ വിനിയോഗിച്ചു.

## മോഡേണൈസേഷൻ

2021-22ൽ കോഴിക്കോട് യുവജന പരിശീലന കേന്ദ്രം, തലശ്ശേരി യുവജന പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ മൾട്ടി മീഡിയ പ്രൊജക്ടറുകൾ വാങ്ങി നൽകി. 2022-23ൽ യുവജന പരിശീലന കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിന് 12,45,702 രൂപയും 2023-24ൽ 63,36,418 രൂപയും ചെലവഴിച്ചു.

## സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം

2021-22ൽ 155 ക്യാമ്പുകൾക്കായി 93.186 ലക്ഷം രൂപ ചെലവഴിച്ചു. ഇതിന്റെ പ്രയോജനം 15,500 വിദ്യർത്ഥികൾക്ക് പ്രയോജനം ലഭിച്ചു. 2022-23ൽ 180 ക്യാമ്പുകൾക്കായി 75.71 ലക്ഷം രൂപ ചിലവഴിച്ചു. 18,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു. 2023-24ൽ 180 ക്യാമ്പുകൾക്കായി 73.37 ലക്ഷം രൂപ ചെലവഴിച്ചു.

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ രണ്ടു പുതിയ പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ പുതിയ സ്കോളർഷിപ്പ് പദ്ധതിക്കായി 20 കോടി രൂപ അനുവദിച്ചു. വാർഷിക വരുമാനം 2.50 ലക്ഷത്തിൽ കവിയാത്ത രക്ഷിതാക്കളുടെ മക്കൾക്കാണ് സ്കോളർഷിപ്പിന് അർഹത.

ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹ മോചിതർ എന്നീ ഗണങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതിയിൽ വായ്പ തുകയുടെ ഇരുപത് ശതമാനം സബ്സിഡിയായി നൽകും. പരമാവധി ഒരു ലക്ഷം രൂപ വരെയാണ് സബ്സിഡി നൽകുന്നത്. അറുപത് വയസ്സ് തികയാത്ത വാർഷിക വരുമാനം 2.50 ലക്ഷത്തിൽ കവിയാത്ത സ്ത്രീകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്. പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപ വികയിരുത്തി.

### ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ് വർദ്ധിപ്പിക്കൽ

2022-23ൽ ശമ്പള ഇനത്തിൽ 35,50,000 രൂപയും ശമ്പളേതര ഇനത്തിൽ 68,60,000 രൂപയും ചേർത്ത് 1,04,10,000 രൂപ വകയിരുത്തി. 2023-24ൽ 1,04,81,000 രൂപയും വകയിരുത്തി.

### വഖഫ് ബോർഡിനുള്ള ധനസഹായം

2021-22ൽ ബജറ്റ് വിഹിതമായ 72 ലക്ഷത്തിനു പുറമേ അഡീഷണൽ അലോട്ട്മെന്റായി 50 ലക്ഷം രൂപ അനുവദിച്ചു. 2022-23ൽ ബജറ്റ് വിഹിതമായ 72 ലക്ഷം രൂപ വകയിരുത്തി. 2023-24ൽ ബജറ്റ് വിഹിതമായി 79,20,000 രൂപ അനുവദിച്ചു.

262. **കോഴിക്കോട് നിലവിലുണ്ടായിരുന്ന ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കും.**

കോഴിക്കോട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് 2023 മുതൽ പുനഃസ്ഥാപിച്ചു.

263. **അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചു പിടിച്ച് നിയമാനുസൃതമായും ഫലപ്രദമായും വിനിയോഗിക്കും.**

അനധികൃത കൈയ്യേറ്റങ്ങൾ തടയുന്നതിനായി വഖഫ് വകുപ്പ് മന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു.

264. **അലീഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്റർ പൂർണരൂപത്തിൽ പ്രവർത്തനസജ്ജമാക്കാൻ സത്വര നടപടികൾ സ്വീകരിക്കും.**

കേന്ദ്ര സർവ്വകലാശാലയായ അലീഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്റർ പൂർണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

265. **ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കുന്നതിനു നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കും.**

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ന്യൂനപക്ഷ ക്ഷേമ വകുപ്പ് പൊതുഭരണ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി കമ്മറ്റി രൂപികരിച്ചു.

## മത്സ്യമേഖല

266. **ആഴക്കടലടക്കം മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ**

അക്വേറിയം റിഫോംസിന് വേണ്ടിയാണ് ഇടതുപക്ഷം നിലകൊള്ളുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തും. പിടിച്ച് കൊണ്ട് വരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തും. ഈ സമീപനത്തിനെതിരെ ആഴക്കടൽ മത്സ്യബന്ധനം വിദേശ ട്രോളറുകൾക്കു തുറന്ന് കൊടുക്കുകയാണ് നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ചെയ്തത്. ഇപ്പോൾ ബി.ജെ.പി സർക്കാർ ഒരു പടികൂടി മുന്നോട്ടുപോയി. തീരക്കടലിന് മേലുള്ള സംസ്ഥാന സർക്കാരുകൾക്കുള്ള നിയന്ത്രണ അവകാശങ്ങൾ കൂടി കവരാനാണ് ശ്രമിക്കുന്നത്. ബ്ലൂഇക്കോണമി നയരേഖയിൽ തീരക്കടലിലും ആഴക്കടലിലുമുള്ള ഖനനം കോർപ്പറേറ്റുകൾക്ക് അനുവാദം നല്കുകയാണ്. മത്സ്യസമ്പത്തിന്റെ സർവ്വനാശമായിരിക്കും ഇതിന്റെ ഫലം. ഇതിനെല്ലാം ഘടകവിരുദ്ധമാണ് ഇടതുപക്ഷത്തിന്റെ നിലപാട്. ഇതിനകം മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിനും മത്സ്യത്തിനു ന്യായവില ലഭ്യമാക്കുന്നതിനും കേരള മത്സ്യലേലം, വിപണനം ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുണ്ട്. അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ നിയമം കൊണ്ടുവരും.

> കേരള സംസ്ഥാനത്ത് മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷാംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിന് 'കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും' ആക്ട് 2021 നിലവിൽവന്നു. മത്സ്യത്തൊഴിലാളികളുമായും മേഖലയിലുള്ള മറ്റുള്ളവരുമായി ചർച്ച നടത്തി തയ്യാറാക്കിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ പരിശോധനക്ക് സമർപ്പിച്ചു.

267. മുരാരി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

> സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തിന്റെ ഫലമായി കേന്ദ്ര സർക്കാർ 2018 മുതൽ മത്സ്യബന്ധനം നടത്തുന്നതിന് വിദേശ ട്രോളറുകൾക്ക് എൽ.ഒ.പി അനുവദിക്കുന്നത് നിർത്തലാക്കി.

268. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് 2016ലെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നത് വീണ്ടും ആവർത്തിക്കുകയാണ്: ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിന് ബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നല്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കുന്നതിനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.'ഇതിന്റെ അടിസ്ഥാനത്തിൽ അവസാനത്തെ

ബജറ്റിൽ ഇതിനുള്ള ഒരു പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'ആഴക്കടൽ മത്സ്യബന്ധനത്തിന് ആധുനിക സംവിധാനങ്ങളോടെ 100 ആഴക്കടല് മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ അനുവദിക്കും. 25 ശതമാനം സബ്സിഡിയുണ്ടാകും. യൂണിറ്റ് ഒന്നിന് 1.7 കോടി രൂപയാണ് ചെലവ്.'ഇത്ര സുവ്യക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ ഇന്ന് യു.ഡി.എഫും ചില നിക്ഷിപ്ത താൽപ്പര്യക്കാരും ചേർന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കോലാഹലങ്ങൾ പരിഹാസ്യമാണ്.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവല്കൃകത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക, അവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നല്കി. അഞ്ച് ബോട്ടുകൾ കൈമാറി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന ജെഎൽജി ഗ്രൂപ്പുകൾ/ എസ്എച്ച്ജിഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവരാണ് ഗുണഭോക്താക്കൾ.

269. കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം, ജില്ല, മത്സ്യഗ്രാമം എന്നീ തലങ്ങളിലെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ഫലപ്രദമാക്കും.

സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിലെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു. പ്രവർത്തനം ആരംഭിച്ചു.

270. മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കും.

ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസം മൺസൂൺകാല ട്രോൾ ബാൻ നടപ്പിലാക്കി വരുന്നു.

271. തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീരസംരക്ഷണം, പുനരധിവാസം, ഹാർബർ, മാർക്കറ്റ് നവീകരണം, പാർപ്പിടം, വിദ്യാഭ്യാസ – ആരോഗ്യ നവീകരണം തുടങ്ങിയവയാണ് പാക്കേജിലുള്ളത്. ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങൾ പ്രത്യേക അവലോകന റിപ്പോർട്ടായി പ്രസിദ്ധീകരിക്കും. പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കും.

തീരസംരക്ഷണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം

മത്സ്യബന്ധന തുറമുഖത്തെ തെക്ക് ഭാഗത്ത് ഗ്രയോൺ നിർമ്മാണം (1,346.84 ലക്ഷം രൂപ) കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഗ്രയോൺ നിർമ്മാണം (348.31 ലക്ഷം രൂപ) തൃശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ ഗ്രയോൺ നിർമ്മാണം (685.64 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള സംരക്ഷണ പ്രവൃത്തികൾ (3,508 ലക്ഷം രൂപ) പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്ക് താഴംപള്ളി ഭാഗത്തെ ഗ്രയോൺ നിർമ്മാണ പ്രവൃത്തികൾക്കായി (2,651 ലക്ഷം ലക്ഷം) കരാറിൽ ഒപ്പുവെച്ചു. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നൂതന പദ്ധതിയായ ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ വാട്ടർ സ്ഥാപിക്കൽ പദ്ധതി (207.8 ലക്ഷം രൂപ) പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ 20 ഫ്ലാറ്റുകൾ (2 കോടി രൂപ), മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ലാറ്റുകൾ (12.8 കോടി രൂപ), നിർമ്മിച്ച് കൈമാറി. പൊന്നാനി ഹൗസിംഗ് സ്കീം രണ്ടാംഘട്ടം 100 യൂണിറ്റ് (14.33 കോടി രൂപ) നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടു. ഉണ്ണ്യാൽ ഹൗസിംഗ് സ്കീം 16 യൂണിറ്റ് (2.1 കോടി രൂപ) പ്രവൃത്തി പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി ഹൗസിംഗ് സ്കീം 144 യൂണിറ്റ് (23.2 കോടി രൂപ) നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ കോമൺഫെസിലിറ്റി സെന്ററിലെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. മുട്ടത്തറ ഹൗസിംഗ് സ്കീം 400 യൂണിറ്റ് (81 കോടി രൂപ) പ്രവൃത്തി പുരോഗമിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിൽ തലായ്, തൃശ്ശൂർ ജില്ലയിൽ ചേറ്റുവ, ആലപ്പുഴ ജില്ലയിൽ കായംകുളം, തോട്ടപ്പള്ളി, കൊല്ലം ജില്ലയിൽ താന്നി, തിരുവനന്തപുരം ജില്ലയിൽ മുതലപ്പൊഴി, പൂന്തുറ എന്നിവിടങ്ങളിൽ തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി അംഗീകാരം ലഭിച്ചു. മഞ്ചേശ്വരം തീരസംരക്ഷണ പദ്ധതി (13.47 കോടി രൂപ), തലായ് തീര സംരക്ഷണ പദ്ധതി (3.48 കോടി രൂപ), ചേറ്റുവ തീരസംരക്ഷണ പദ്ധതി (6.86 കോടി രൂപ) പൂർത്തീകരിച്ചു. കൊല്ലം താന്നി തീരസംരക്ഷണ പദ്ധതി (35.08 കോടി രൂപ) പൂർത്തീകരണഘട്ടത്തിലാണ്. പൂന്തുറ തീരസംരക്ഷണ പദ്ധതി (20.78 കോടി രൂപ) പുരോഗമിക്കുന്നു. മുതലപ്പൊഴി തീര സംരക്ഷണ പദ്ധതി (26.51 കോടി രൂപ) ആരംഭിച്ചു.

പരപ്പനങ്ങാടി മത്സ്യബന്ധന ഹാർബർ (112.21 കോടി രൂപ), ചെത്തി മത്സ്യബന്ധന ഹാർബർ (97.43 കോടി രൂപ) നിർമ്മാണം പുരോഗമിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ ജില്ലകളിലെ 34 സ്കൂളുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 23 പദ്ധതികൾ പുരോഗമിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിന് 137.81 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായി. 2 മാർക്കറ്റുകളുടെ പണി പുരോഗമിക്കുന്നു. 9 എണ്ണം ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. 13 എണ്ണം ടിഎസ് നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

272. കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. പൂന്തുറയിലെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പരീക്ഷണം വിജയിക്കുകയാണെങ്കിൽ ആ മാതൃകയൽ കേരളത്തിലുടനീളം തീരദേശ സംരക്ഷണത്തിനും പോഷണത്തിനും സ്കീമിനു രൂപം നല്കും. കിഫ്ബി ധനസഹായത്തോടെ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ആരംഭിച്ചിരിക്കുന്ന സ്കീം കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കടൽഭിത്തി നിർമ്മാണത്തിനു ട്രൈപോഡ്, ടെട്രാപോഡ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കും.

ജലസേചന വകുപ്പാണ് പ്രധാനമായും കടൽ ഭിത്തി നിർമ്മിക്കുന്നത്. 590 കിലോ മീറ്റർ വരുന്ന കേരള തീരത്ത് അതിശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ടെത്തി അവിടങ്ങളിൽ കടൽഭിത്തി നിർമ്മാണം ജലസേചന വകുപ്പ് നടത്തിവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോട്യൂബ് ഉപയോഗിച്ച് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചു. ആദ്യഘട്ടമായി പൈലറ്റ് പ്രോജക്ടായി പൂന്തുറ ഭാഗത്ത് 700 മീറ്റർ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമിക്കാൻ 20.78 കോടി രൂപയുടെ പുതുക്കിയ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമാക്കി. 100 മീറ്റർ ഭാഗം പൂർത്തീകരിച്ചു

273. തീരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താൽപര്യമുണ്ടെങ്കിൽ, അനുയോജ്യമായ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പുനർഗേഹം സ്കീമിനു രൂപം നൽകിയിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പാക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പകറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 482 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. ആലപ്പുഴ ജില്ലയിൽ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹില്ലിൽ 80 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പ് 2018ൽ നടത്തിയ സർവ്വേ പ്രകാരവും ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും 21,913 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8,845 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4,325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടി. 3,639 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ

പൂർത്തീകരിച്ചു. 2,246 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 752 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് നിന്ന് 113.75 കോടി രൂപയും ചെലവഴിച്ചു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യൂഎസ്എസ് കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറി.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് (204), തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ്-2 (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിരമാണത്തിന് ഭരണാനുമതി ലഭിച്ചു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

274. നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കും. യു.ഡി.എഫ് ഭരണകാലത്ത് ഒരു ഫിഷിംഗ് ഹാർബർ പൂർത്തീകരിച്ചു. പുതിയൊരെണ്ണം തുടങ്ങി. എന്നാൽ എൽ.ഡി.എഫ് ഭരണകാലത്ത് എട്ട് എണ്ണം പൂർത്തീകരിച്ചു. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു. പൊഴിയൂരിൽ പുതിയൊരു ഹാർബർ സ്ഥാപിക്കും.

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് 343.00 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി. നടപ്പ് സാമ്പത്തിക വർഷം (2024-25) പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തി.

275. ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തും. ഫിഷിംഗ് ഹാർബറുകളിൽ ശീതികരിച്ച സ്റ്റോറേജ് സൗകര്യങ്ങളും മാർക്കറ്റിംഗ് സൗകര്യങ്ങളും ഒരുക്കും.

2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിനനുസരിച്ച് 21 പ്രധാന ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനം ആരംഭിച്ചു.

276. **തീരദേശ ഹൈവേ പൂർത്തീകരിക്കും. ഇടറോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൂടുതൽ പണം അനുവദിക്കും.**

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതി ലഭിച്ച 78.756 കോടി രൂപയുടെ 149 റോഡുകളിൽ 92 എണ്ണം പൂർത്തിയായി. 50 എണ്ണം പുരോഗമിക്കുന്നു. 4 പ്രവൃത്തികളിന്മേൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 വർഷം 84 കോടി രൂപയുടെ 158 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 3 പ്രവൃത്തികൾ പൂർത്തിയായി. 53 എണ്ണം പുരോഗമിക്കുന്നു. 47 എണ്ണം ടെണ്ടർ ചെയ്തു. 54 എണ്ണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2023-24 വർഷം 88.2755 കോടി രൂപയുടെ 149 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 5 പ്രവൃത്തികൾ പൂർത്തിയായി. 79 എണ്ണം പുരോഗമിക്കുന്നു. 36 എണ്ണം ടെണ്ടർ ചെയ്തു. 28 എണ്ണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

277. **മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കും. മത്സ്യവിപണന സംസ്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും. മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനു കിഫ്ബി പിന്തുണയോടെ ഒരു സ്കീമിനു തുടക്കംകുറിച്ചു. അതു സമയബന്ധിതമായി പൂർത്തീകരിക്കും.**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായുള്ള വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യമനുസരിച്ച് ഉൾപ്പെടുത്തി. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്തും. 2 മാർക്കറ്റ് നിർമ്മാണ പ്രവത്തി പുരോഗമിക്കുന്നു. 9 എണ്ണം ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. 13 എണ്ണം ടിഎസ് നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനായി 142.16 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായി. ഒരു മാർക്കറ്റിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 10 എണ്ണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ വിവിധഘട്ടങ്ങളിലായി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീയാക്കിവരുന്നു.

278. **അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് മറൈൻ ആംബുലൻസുകൾ, സീ റെസ്ക്യൂ സ്ക്വാഡുകൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, സാഗര മൊബൈൽ ആപ്പ്, സാറ്റ്ലൈറ്റ് ഫോൺ, നാവിക് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കു ബോധവൽക്കരണം നടത്തും. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവപങ്കാളികളാക്കും. എല്ലാ മത്സ്യബന്ധന ബോട്ടുകളും വലുപ്പം കണക്കിലെടുക്കാതെ ഒരു ഉപഗ്രഹ ശൃംഖലയുമായി ബന്ധിപ്പിച്ച് അവയുടെ സുരക്ഷയ്ക്കായി നിരീക്ഷിക്കുന്ന ഒരു നെറ്റുവർക്ക് സൃഷ്ടിക്കും.**

അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന

മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കും ജീവൻ രക്ഷിക്കുന്നതിനുമായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങളിൽ മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുളള ബോധവത്കരണം നടത്തിവരുന്നു. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവ പങ്കാളികളാക്കുന്നതിന് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർസ്പോർട്സിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 100 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി 15 പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് സീ റെസ്ക്യൂ സ്കാഡുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

എല്ലാ മത്സ്യബന്ധന ബോട്ടുകളും സുരക്ഷയ്ക്കായി നിരീക്ഷിക്കുന്നതിന് ടെക്നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നു. സാറ്റലൈറ്റ് അധിഷ്ഠിത കമ്മ്യൂണിക്കേഷൻ സംവിധാനം മത്സ്യബന്ധന ബോട്ടുകളിൽ സജ്ജമാക്കുന്നതിന്റെ സാധ്യത പ്രയോജനപ്പെടുത്തും. 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചു. മുനമ്പം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 10 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ച് പ്രവർത്തിപ്പിച്ചുവരുന്നു.

279. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വെള്ളപ്പൊക്കത്തിലും മറ്റ് ദുരന്തങ്ങളിലും നൽകിയ സേവനങ്ങളെ ലോകമെമ്പാടും പ്രശംസിച്ചു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന ഒരു പുതിയ പാർട്ട്ടൈം റെസ്ക്യൂ വിഭാഗം സൃഷ്ടിക്കുകയും അവരുടെ സേവനങ്ങൾക്ക് ന്യായമായ പ്രതിഫലം നൽകുകയും ചെയ്യും. എപ്പോൾ വേണമെങ്കിലും സഹായിക്കാൻ തയ്യാറുള്ളതും ശരിയായ പദവി ചിഹ്നത്താൽ അലങ്കരിക്കപ്പെട്ടതുമായ കടലിന്റെ സൈനികർ നമ്മുക്ക് ഉണ്ടാകും.

9 തീരദേശ ജില്ലകളിലായി 60 യൂണിറ്റുകളിൽ ഉൾപ്പെടുത്തി 900 മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ടസിൽ 15 ദിവസത്തെ പരിശീലനം നല്കി കടൽ സുരക്ഷാ സ്കാഡ് രൂപീകരിച്ചു. 10 പേർ വീതമുള്ള 10 ഗ്രൂപ്പുകളായി തിരിച്ച് പ്രധാന ഹാർബർ കേന്ദ്രീകരിച്ച് ഇവരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

280. ജീവൻ നഷ്ടപ്പെടുന്ന നിർഭാഗ്യകരമായ അവസരത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നഷ്ടപരിഹാരമായി ഇൻഷ്വറൻസ് അടക്കം 20 ലക്ഷം രൂപ നല്കുകയും ബിരുദാനന്തര ബിരുദം വരെ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പൂർണമായി ഏറ്റെടുക്കുകയും ചെയ്യും.

മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന 20 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുമാറ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികളുടെ വിദ്യാഭ്യാസം പൂർണ്ണമായും ഏറ്റെടുത്ത് ധനസഹായം അനുവദിച്ചുവരുന്നു.

281. മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവർക്കും വീട്, സാനിട്ടറി കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ തീരദേശ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും. മാതൃകാ മത്സ്യഗ്രാമം പദ്ധതി



പുനർഗേഹം

പുനരാവിഷ്കരിക്കും. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും.

മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആർ.ഐ.ഡി.എഫ്, കിഫ്ബി, ഓഖി പുനരധിവാസം എന്നിവയിൽ നിന്നും മത്സ്യമേഖലയുടെ വികസനത്തിനായി തുക കണ്ടെത്തി പദ്ധതികൾ നടപ്പാക്കിവരുന്നു. വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3,041 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ഒരുക്കുന്നതിനും 1,199 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ചെല്ലാനം മത്സ്യഗ്രാമം പൈലറ്റായി എടുത്ത് പദ്ധതി ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി 2016 മുതൽ 2023 വരെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികൾ, പുനർഗേഹം പദ്ധതി, ലൈഫ് ഭവന പദ്ധതി എന്നിവ വഴി 12,590 മത്സ്യതൊഴിലാളികൾക്ക് സ്വന്തമായി ഭവനം അനുവദിച്ചു. ചെല്ലാനം ഉൾപ്പടെ സംസ്ഥാനത്തെ 9 മത്സ്യഗ്രാമങ്ങൾ സമഗ്രമായി ആധുനികവല്ക്കരിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾപ്പടെ 61.06 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി

282. ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കും. എല്ലാ തീരദേശ സ്കൂളുകളുടെയും സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റി നടപടി സ്വീകരിച്ചു തുടങ്ങി. ലൈബ്രറികൾ അടിസ്ഥാനമാക്കി പ്രതിഭാതീരം പരിഹാരബോധന പദ്ധതി നടപ്പാക്കും. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന ചെലവ് സർക്കാർ പൂർണ്ണമായും വഹിക്കും. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ ജില്ലകളിലെ 34 സ്കൂളുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 23 പദ്ധതികൾ പുരോഗമിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ ബി.ഐ.എഫ് ആന്റ് എച്ച്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2021–22 സാമ്പത്തിക വർഷം 2.44 കോടി രൂപയുടെ 4 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികൾക്കും 2020–21 സാമ്പത്തിക വർഷം 2 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികൾക്കും അംഗീകാരം നൽകി. പദ്ധതികളെല്ലാം പൂർത്തീകരിച്ചുവരുന്നു. 24.71 കോടി രൂപയ്ക്ക് വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ ഫിഷറീസ് സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ അഴിക്കൽ സ്കൂൾ പൂർത്തികരിച്ചു. മറ്റ് 3 എണ്ണം അവസാനഘട്ടത്തിലാണ്.

29.16 കോടി രൂപയ്ക്ക് തീരദേശ ജില്ലകളിലെ 18 ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പൂർത്തീകരിച്ചു. കൊല്ലം, കോഴിക്കോട് ജില്ലകളിലെ 2 ആരോഗ്യസ്ഥാപനങ്ങളിൽ 3.07 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പുരോഗമിക്കുന്നു. നായരമ്പലം ആയുർവേദ ആശുപത്രി, പെരിനാട് ആയുർവേദ ആശുപത്രി, പേരയം പി.എച്ച്.സി. കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചു. മറ്റ് രണ്ട് ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പുരോഗമിക്കുന്നു.

തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത ലൈബ്രറികൾ ഇലക്ട്രോണിക് പഠനത്തിനായി സജ്ജമാക്കുന്നതിനുള്ള 1.06 കോടി രൂപയുടെ പ്രതിഭാതീരം പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

283. മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയുള്ള കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടും.

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായി.

284. യാനങ്ങൾക്കു ഇൻഷ്വറൻസ് ഏർപ്പെടുത്തി. തൊഴിൽ ഉപകരണങ്ങൾക്കുകൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തും. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കുമുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു.

285. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക്

**അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. വിഴിഞ്ഞത്തെ പരാതികൾക്കു പരിഹാരമുണ്ടാക്കും.**

വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ആശ്വാസമേകുന്നതിനും പരാതി പരിഹരിക്കുന്നതിനും വിഴിഞ്ഞം പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി അഞ്ചംഗ ഉപജീവനാഘാത നിർണയ സമിതിയും തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായി അഞ്ചംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചു.

ചിപ്പി ലോബ്സ്റ്റർ വിഭാഗത്തിൽ 262 പേർക്ക് 12.36 കോടി രൂപ വിതരണം ചെയ്തു. കരമടി മത്സ്യബന്ധന വിഭാഗത്തിൽ 913 പേർക്ക് 54.24 കോടി രൂപ വിതരണം ചെയ്തു. പദ്ധതി നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശത്ത് പുലിമുട്ട് നിർമ്മാണം മൂലം ചുറ്റി വളഞ്ഞു പോകേണ്ടതിനാൽ 1,221 മത്സ്യത്തൊഴിലാളികൾക്ക് 27.18കോടി രൂപ വിതരണം ചെയ്തു. റിസോർട്ടിൽ ജോലി നഷ്ടപ്പെട്ട 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു. പദ്ധതി പ്രദേശത്തെ മത്സ്യവിഭവങ്ങൾ വിതരണം ചെയ്ത് ജീവിക്കുന്ന 4 സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപ വിതരണം ചെയ്തു.

ആകെ 2,640 ഗുണഭോക്താക്കൾക്കായി 99.94 കോടി രൂപ വിതരണം ചെയ്തു. വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്തിന്റെ ഭാഗമായി 508.214 കോടി രൂപയുടെ വിവിധ പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചു. സീ റാഞ്ചിങ്, തങ്ങൽ വള്ളം, കടൽസുരക്ഷാ ഉപകരണങ്ങൾ നൽകൽ, കരിയർ ഗൈഡൻസ്, വിവിധ പരിശീലന പരിപാടികൾ, ഒരു കുടുംബം ഒരു സംരംഭം, മത്സ്യ വിപണനത്തിനായി വാഹനം, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങിയവ വിവിധ പദ്ധതികൾ ഉൾപെടുന്നു.

**286. മത്സ്യകേരളം പദ്ധതി തുടരും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കും. കുളങ്ങളും ഡാമുകളും മാത്രമല്ല, വയലുകളിൽ സംയോജിത മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കും.**

ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജെഎംകെ – സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിവരുന്നു. ജെഎംകെ പദ്ധതികളിൽ ഉൾപ്പെടുത്തി സംയോജിത മത്സ്യകൃഷിയുടെ ഭാഗമായി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കി. 2023-24ൽ ഒരു നെല്ലും ഒരു മീനും പദ്ധതി 5,094 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി.

2020-21ൽ 34,987 മെട്രിക് ടൺ, 2021-22ൽ 37,520 മെട്രിക് ടൺ 2022-23ൽ 38,179 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിച്ചു. തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങി മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ പൊതുജലാശയങ്ങളിൽ മത്സ്യകൃഷി നടത്തി മത്സ്യോൽപ്പാദനം വർദ്ധിപ്പിച്ചു. മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുക ലക്ഷ്യമാക്കി ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി

സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതി നടപ്പിലാക്കി. ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 50 ഹെക്ടർ ജലാശയത്തിലും 40 വലവളപ്പുകളിലും മത്സ്യകൃഷി നടത്തുന്നതിന് 492 ലക്ഷം രൂപ വകയിരുത്തി. 12 ജലസംഭരണികളിൽ 80 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 3,575 പൊതുകുളങ്ങളിൽ കാർപ്പ് /തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

287. വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി ഒട്ടേറെ പുതിയ ഹാച്ചറികൾ ആരംഭിച്ചു. രണ്ടു ഹെക്ടർ വീതം വീതിയുള്ള 26 സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കക്ക പ്രജനനത്തിനും നടപടിയെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും. പൊതുജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യവിത്ത് നിക്ഷേപിക്കും. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കും.

തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, മഞ്ഞക്കൂരി, കറൂപ്പ്, കാരി, പച്ചിലവെട്ടി എന്നിവയ്ക്ക് ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നു. സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വേമ്പനാട് അഷ്ടമുടി കായലിൽ 25 മത്സ്യപ്രജനന കേന്ദ്രങ്ങളും 19 കക്ക പ്രജനന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശ മത്സ്യങ്ങളുടെ നിക്ഷേപവും പൊതുജലാശയങ്ങളിൽ നടപ്പിലാക്കിവരുന്നു.

കരിമീൻ, വരാൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തികവർഷം 377 കരിമീൻ വിത്തുൽപ്പാദന യൂണിറ്റും 162 വരാൽ വിത്തുൽപ്പാദന യൂണിറ്റും സ്ഥാപിച്ചു. യൂണിറ്റുകളിൽ നിന്നും 72.91 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചു.

288. മത്സ്യമേഖലയിൽ വരുമാനവർദ്ധനവിനു പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിയും മത്സ്യഫെഡും മുൻകൈയെടുത്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തും. മത്സ്യസംസ്കരണത്തിനു പ്രധാന ഹാർബറുകൾക്കു സമീപം വ്യവസായ പാർക്കുകൾ സ്ഥാപിക്കും.

നബാർഡ് ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖാന്തിരം ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. കൊച്ചിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ് വഴി മത്സ്യാ ഫെഡ് ഈറ്റ്സ് മത്സ്യാഫെഡ് ട്രീറ്റ്സ് എന്ന ബ്രാൻഡിൽ മീൻ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തി പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് മസാല മുതലായ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചു വിൽപന നടത്തിവരുന്നു.

289. മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു പെയ്ഡ്

സെക്രട്ടറിമാരെ നിയോഗിക്കുകയും കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുകയും ചെയ്തു. 2018-19ൽ പലിശ സബ്സിഡി നിലവിൽവരുന്നതിനുമുമ്പ് നല്കിയിട്ടുള്ളതും നിഷ്ക്രിയാസ്തികളായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പ് പദ്ധതി ആവിഷ്കരിക്കും.

മത്സ്യഫെഡിന്റെ വായ്പകളിന്മേൽ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. എൻസിഡിസി, എൻഎംസിഎഫ്ഡിസി, എൻഎം ഡിഎഫസി പദ്ധതികളിൽ ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ചു. 10 ജില്ലകളിൽ അദാലത്തുകൾ നടത്തി. തുടർന്ന് ലഭിക്കുന്ന അപേക്ഷകളിൻമേലും ജില്ലകളിൽ അദാലത്തുകൾ നടത്തി വായ്പ കണക്കാക്കി തീർപ്പാക്കിവരുന്നു.

290. ഓൺലൈൻ വ്യാപാരത്തിൻ ഇ-ഓട്ടോ വാങ്ങുന്നതിൻ വായ്പ മത്സ്യഫെഡ് നൽകും. 25 ശതമാനം സബ്സിഡി സർക്കാർ നൽകും. മത്സ്യബന്ധന തൊഴിൽ ഉപകരണങ്ങൾ വാങ്ങാൻ മത്സ്യഫെഡ് വഴിയുള്ള വായ്പകൾക്ക് 25 ശതമാനം സബ്സിഡി സർക്കാർ നല്കും.

മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇ-ഓട്ടോ നൽകുന്നതിന് മത്സ്യഫെഡ് എൻബിസിഎഫ്ഡിസി/എൻഎംഡിഎഫ് ടേം ലോൺ പദ്ധതി നടപ്പിലാക്കിവരുന്നു.

291. കയറ്റുമതിക്കാരിൽ നിന്ന് ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിക്കുന്നതിന് എതിരെയുള്ള വിധിക്ക് അപ്പീൽ നൽകി ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവു നേടിയെടുക്കാൻ ശ്രമിക്കും.

2018 ലെ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തു.

292. സി.ആർ.ഇസഡ് സോണിന്റെ പ്രവർത്തനം 50 മീറ്റർ പരിധിക്കു പുറത്ത് ഉദാരമാക്കിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും പട്ടയം വിതരണം ചെയ്യും.

2019ലെ നോട്ടിഫിക്കേഷൻ പ്രകാരം നോൺ ഡെവൽമെന്റ് സോൺ ഒഴികെയുള്ള പ്രദേശത്ത് നിലവിലുള്ള പ്ലിന്ത് ഏര്യക്ക് അനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനത്തിനോ ഭവനപുനർനിർമ്മാണത്തിനോ തടസ്സമില്ല. റവന്യൂ വകുപ്പ് മുഖേനയാണ് പട്ടയം നൽകുന്നത്. ഫിഷറീസിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

293. എ.പി.എൽ, ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കും.

എ.പി.എൽ. - ബി.പി.എൽ. വ്യത്യാസമില്ലാതെ സാമൂഹ്യസുരക്ഷാ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്നു.

294. തീരദേശത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കടലിനോട് ചേരുന്ന പൊഴികൾ ആഴംകൂട്ടി കല്ലുകെട്ടി സംരക്ഷിക്കും.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിക്കായി 28.60 കോടി രൂപയുടെയും

കാസർഗോഡ് ജില്ലയിലെ ഷിറിയയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിക്കായി 24.30 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചു. പുതിയങ്ങാടി റിവർ ട്രെയിനിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. ഷിറിയ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 12 മാസ കരാർ കാലാവധിക്ക് ഉടമ്പടിയിൽ ഏർപ്പെട്ടു.

295. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 6,000 രൂപയായി ഉയർത്തും. കേന്ദ്ര സർക്കാർ അവരുടെ വിഹിതം ഉറപ്പാക്കുന്നതിനു വലിയ മടിയാണ് കാണിക്കുന്നത്. 3,600 രൂപയ്ക്കു മുകളിലുള്ള തുക സംസ്ഥാന സർക്കാർ തന്നെ വഹിക്കണം.

സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 4,500 രൂപയായി വർദ്ധിപ്പിച്ച് നടപ്പാക്കിവരുന്നു.

296. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കും. 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നല്കും. ചെറുകിട ഇൻബോർഡ് യന്ത്രവൽകൃത വള്ളങ്ങൾക്കും ഇന്ധന സബ്സിഡി നൽകുന്നതാണ്.

കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ അധികമായി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഔട്ട് ബോർഡ് മോട്ടോർ യാനങ്ങൾക്ക് മത്സ്യഫെഡ് മുഖാന്തിരം ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡിയോടെ മണ്ണെണ്ണ നൽകിവരുന്നു.

മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ബദൽ ഇന്ധനം ഉപയോഗിക്കുന്ന എഞ്ചിനുകൾ വികസിപ്പിച്ച് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ എൻജിനുകൾ എൽപിജി എഞ്ചിനുകളാക്കി മാറ്റുന്നതിന് ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ എൽ. പി. ജി. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി.

## ഭിന്നശേഷിക്കാർ

297. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ കണക്ക് എടുക്കുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾക്കു പുറത്തുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളാനാവുന്നവിധം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്കൂൾ നിർബന്ധമാക്കും. ബഡ്സ് സ്കൂളുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തും. അധ്യാപകർക്കുള്ള വേതനം ഉയർത്തും. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹ്യമായ പരിചരണം ഉറപ്പുവരുത്തും.

ഭിന്നശേഷിക്കാർക്കുള്ള സഹായോപകരണങ്ങൾ വരുമാന പരിധി കണക്കിലെടുക്കാതെ ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം

നൽകി. പിന്നോക്ക പ്രദേശങ്ങളിൽ പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു.

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും ഐഡിയുഡി കാർഡ് നൽകുന്നതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. 89 വികേന്ദ്രീകൃത ക്യാമ്പുകളിലൂടെ 89,522 ഐഡിയുഡി ജനറേറ്റ് ചെയ്തു. ബഡ്സ് സ്കൂൾ അധ്യാപകരുടെ വേതനം ക്രമീകരിച്ചു.

298. **സർക്കാർ ഭിന്നശേഷിയെക്കുറിച്ച് അവകാശാധിഷ്ഠിത സമീപനം കൈക്കൊള്ളും. ഭിന്നശേഷികളുള്ള ആളുകളുടെ അവകാശം സംബന്ധിച്ച 2016ലെ ആക്ടിലെ (പിആർഡി ആക്ട്) വ്യവസ്ഥകൾ നടപ്പിലാക്കും. ഇതിനായുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തും.**

ഭിന്നശേഷി അവകാശ നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലുടെ പ്രചരണം നടത്തി വരുന്നു.

സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് (സിആർസിഎസ്) വെസ്റ്റിബുലാർ സയൻസസ്, ലാറിഞ്ചിയൽ, ആർട്ടിക്യുലേറ്ററി സയൻസസ് എന്നിവയ്ക്കായി പ്രത്യേക ലബോറട്ടറികൾ സ്ഥാപിച്ചു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ കേൾവിക്കുറവുള്ളവർക്കായി ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗേജ് കോഴ്സ് ആരംഭിച്ചു. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി ഓൺലൈൻ കോഴ്സ് ആരംഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിവിധ സംവിധാനങ്ങൾ ഒരുക്കി. ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന മെറിഹോം എന്ന പേരിൽ പുതിയ ഭവനവായ്പാ പദ്ധതി ആരംഭിച്ചു

ഭിന്നശേഷി നയം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്വരുന്നു .

സ്റ്റേറ്റ് ഫണ്ട് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് രൂപീകരിച്ചു കൊണ്ടും പ്രസ്തുത ഫണ്ട് മാനേജ് ചെയ്യുന്നതിനുള്ള ഭരണ സമിതി രൂപീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പടുവിച്ചു.

ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം ഉറപ്പാക്കി. സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് 4% സംവരണം നടപ്പിലാക്കുന്നതിനായി തസ്തികകൾ കണ്ടെത്തുന്നതിന് രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1,263 തസ്തികകൾ ഭിന്നശേഷി സംവരണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത തസ്തിക സർക്കാർ സർവ്വീസിന് പുറമെ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റ് നിർവ്വചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് സംവരണത്തിന് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% സംവരണം നടപ്പാക്കി.



ഭിന്നശേഷിക്കാർക്കുള്ള മുച്ചക്ര വാഹന വിതരണം

സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓൺ ഡിസബിലിറ്റീയും ജില്ലാ കമ്മിറ്റികളും രൂപീകരിച്ചു. ഭിന്നശേഷിക്കാരുടെ കേസുകൾ വേഗം തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സ്പെഷ്യൽ കോടതികൾ ഡെസിഗനേറ്റ് ചെയ്തു. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചു.

299. സ്കൂളുകളിലെ മൈൽഡ് മോഡറേറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി കൂടുതൽ കൗൺസിലേഴ്സിനെ നിയമിക്കുകയും കൂടുതൽ അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യും. വിദ്യാഭ്യാസ പ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തും. ഭിന്നശേഷിക്കാർക്കുള്ള ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കും.

ഹയർ സെക്കന്ററി പ്രവേശനത്തിന് 3 ശതമാനം സംവരണം നൽകിവരുന്നു. പരീക്ഷാ വിജയത്തിനായി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് 25 ശതമാനം ഗ്രേസ്സ് മാർക്ക് അനുവദിച്ചുവരുന്നു. കലോത്സവങ്ങളിൽ പങ്കെടുക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്ന ഗ്രേസ് മാർക്ക് 20/15/10 എന്നതിനുപകരം 25/20/15 ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2016ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള സംവരണം നടപ്പിലാക്കി.

300. ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളുകൾക്കുള്ള സഹായധനം ഗണ്യമായി ഉയർത്തും. അവർക്ക് സാധാരണ കുട്ടികളെപ്പോലുള്ള എല്ലാവിധ

സൗജന്യങ്ങളും ലഭ്യമാക്കും. 2021ൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായം 100 കോടി രൂപയായി ഉയർത്തും. എല്ലാ വർഷവും 20 ശതമാനം വീതം ധനസഹായം വർദ്ധിപ്പിക്കും. എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ച് ധനസഹായം നൽകും.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികളെ പോലുള്ള എല്ലാവിധ സൗജന്യങ്ങളും ലഭ്യമാക്കി. സ്പെഷ്യൽ സ്കൂൾ പാക്കേജിൽ ഉൾപ്പെടുത്തി കണ്ടിജൻസി ചെലവുകൾ നൽകിവരുന്നു. സ്പെഷ്യൽ സ്കൂളുകളെ എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ച് ധനസഹായം നൽകിവരുന്നു.

301. അനാഥരാകുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിന് എല്ലാ ജില്ലകളിലും അസിസ്റ്റീവ് ലിവിംഗ് സൗകര്യത്തോടെ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കും.

പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ (സഹജീവനം സ്നേഹ ഗ്രാമം) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

302. 80 ശതമാനം ഡിസബിലിറ്റിയുള്ള ഭിന്നശേഷിക്കാർക്ക് 10 ശതമാനം സാമൂഹ്യക്ഷേമ പെൻഷൻ കൂടുതൽ നൽകും. ഇവർക്ക് 600 രൂപ പ്രകാരമുള്ള രണ്ടാമതൊരു ക്ഷേമ പെൻഷനുകൂടി അർഹതയുണ്ടാവും.

600 രൂപ ലഭ്യമാകുന്ന രണ്ടാമത്തെ ക്ഷേമപെൻഷനുള്ള അർഹത നടപ്പിലാക്കി.

303. വികലാംഗ ക്ഷേമ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കും. ജില്ലാ കേന്ദ്രങ്ങളിൽ ഓഫീസ് അനുവദിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചലനപരിമിതിയുള്ള 2.63 ലക്ഷം പേർക്കും മുച്ചക്ര വാഹനമോ ഇലക്ട്രോണിക് വീൽചെയറോ ലഭ്യമാക്കും. ഭിന്നശേഷിക്കാർക്കായുള്ള മറ്റു സഹായ ഉപകരണങ്ങളും വിതരണം ചെയ്യും. കാഴ്ച വൈകല്യമുള്ളവർക്ക് വോയ്സ് എൻഹാൻസ്മെന്റ് സോഫ്ട് വെയറോടുകൂടിയ സ്മാർട്ട് ഫോൺ വിതരണം ചെയ്യും. ഭിന്നശേഷിക്കാർക്കുള്ള ഉപകരണ നിർമ്മാണ കേന്ദ്രം പ്രവർത്തനക്ഷമമാക്കും.

വികലാംഗക്ഷേമ കോർപ്പറേഷൻ പുന:സംഘടിപ്പിച്ചു. ഡയറക്ടർ ബോർഡിൽ ചെയർപേഴ്സൺ ഉൾപ്പെടെ 4 അനൗദ്യോഗിക ഡയറക്ടർമാർ ഭിന്നശേഷിക്കാരാണ്. കാസറഗോഡ് ജില്ലയിൽ പുതിയതായി ഓഫീസ് ആരംഭിച്ചു പ്രവർത്തിച്ചുവരുന്നു. മറ്റു ജില്ലകളിൽ ജില്ല ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശുഭയാത്ര, കാഴ്ച്ച പദ്ധതികൾ തുടർന്നു വരുന്നു. 2021–2022ൽ 592 ഗുണഭോക്താക്കൾക്കും 2022–2023ൽ 1,075 ഗുണഭോക്താക്കൾക്കും ഇലക്ട്രോണിക് വീൽ ചെയറും മറ്റ് സഹായോപകരണങ്ങളും വിതരണം ചെയ്തു.

സംസ്ഥാന ഭിന്നശേഷി കോർപ്പറേഷന്റെ കീഴിൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് കൊറ്റാമത്ത് നവീകരിച്ച കെട്ടിടത്തിൽ സ്ഥാപിച്ചു. കണ്ണൂരിൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്

ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

305. **സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം പൂർണ്ണമായും നടപ്പിലാക്കും. സുപ്രീംകോടതി വിധി പ്രകാരം ഇതിനുള്ള ബാക്ക് ലോഗ് ഇല്ലാതാക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കും.**

ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം ഉറപ്പാക്കി. സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് 4% സംവരണം നടപ്പിലാക്കുന്നതിനായി തസ്തികകൾ കണ്ടെത്തുന്നതിന് രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1,263 തസ്തികകൾ ഭിന്നശേഷി സംവരണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത തസ്തിക സർക്കാർ സർവ്വീസിന് പുറമെ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റ് നിർവ്വചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് സംവരണത്തിന് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% സംവരണം നടപ്പാക്കി.

306. **ഭിന്നശേഷിക്കാരുടെ ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ നൽകാനുതകുന്ന സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ഗർഭാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ തടയുന്നതിനുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശൈശവാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ കണ്ടെത്താനുള്ള പരിപാടികൾ, തുടർന്നുള്ള പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. അനുയാത്ര പദ്ധതിയെ വിപുലപ്പെടുത്തും. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെല്ലാം ഓട്ടിസം സെന്ററുകൾ സ്ഥാപിക്കും. നിപ്മറിന്റെ ഗവേഷണ സൗകര്യങ്ങൾ ശക്തിപ്പെടുത്തും. ശബ്ദപരിമിതർക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പദ്ധതി തുടരും. അനാമയം സമഗ്ര ഇൻഷ്വറൻസ് പ്രോഗ്രാം ആരംഭിക്കും.**

അനുയാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ പൂർത്തിയാക്കി. മറ്റ് ജില്ലകളിൽ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെത്തി തെറാപ്പി സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പ്രയാസം നേരിടുന്നവർക്കായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളിലെ കേൾവിവൈകല്യം നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനായി കാതോരം സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി നടപ്പാക്കിവരുന്നു. ശ്രുതിതരംഗം

പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം 84 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. ധ്വനി പദ്ധതി പ്രകാരം 29 കുട്ടികൾക്ക് 2022-2023ൽ സാമ്പത്തിക വർഷം 11.42 ലക്ഷം രൂപ ചെലവഴിച്ച് സ്പീച്ച് പ്രോസസ്സർ അപ്‌ഗ്രേഡ് ചെയ്തു നൽകി.

ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യ പരിശോധനക്കായി കണ്ണൂർ, കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിൽ ഇമ്മ്യൂണോ അനലൈസർ സ്ഥാപിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങളായ സീലിംഗ് ലിഫ്റ്റ് സ്ഥാപിക്കൽ, രോഗികളുടെ സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം, ഇതുമായി ബന്ധപ്പെട്ട രോഗനിർണ്ണയ സംവിധാനങ്ങളുടെ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

307. **രാജ്യത്തെ ആദ്യത്തെ പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമായി കേരളത്തെ ഉയർത്തുന്നതിനുള്ള സമയബന്ധിത പരിപാടി തയ്യാറാക്കും. സർക്കാർ ഫണ്ടുകൊണ്ട് പണിയുന്ന എല്ലാ പുതിയ കെട്ടിടങ്ങൾക്കും ഭിന്നശേഷിക്കാർക്കുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.**

എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ്, നിർമ്മിതി കേന്ദ്രം, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവ മുഖേന സംസ്ഥാനം ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി (ബാരിയർ ഫ്രീ കേരള) നടപ്പിലാക്കിവരുന്നു.

308. **ഭിന്നശേഷി സൗഹൃദ തദ്ദേശഭരണ സ്ഥാപനത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കും. അതിന്റെ അടിസ്ഥാനത്തിൽ പരിപാടി ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ സർക്കാർ സ്ഥാപനങ്ങളും പൊതുയിടങ്ങളും ബാരിയർ ഫ്രീയാക്കുന്നതിനു മുൻഗണന നൽകും.**

ഭിന്നശേഷിക്കാരുടെ സവിശേഷതകൾ പരിഗണിച്ച് ഭിന്നശേഷി സൗഹൃദമായ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കി

309. **കേരളം ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം എന്നീ വകുപ്പുകൾ ഏകോപിപ്പിക്കും.**

ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള പദ്ധതിരേഖ തയ്യാറായി വരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി എൻ.ജി.ഒകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ

എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതികൾക്കായി 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നൈപുണ്യ വികസന പരിശീലന പരിപാടികളും 18 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ പരിപാടിയുമാണ് പ്രചോദനം വിഭാവനം ചെയ്തിരിക്കുന്നത്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കായി ബ്ലോക്ക് ഓരോ പഞ്ചായത്തിലും ഒരു തൊഴിൽ പരിശീലന കേന്ദ്രത്തിന് ഈ പരിപാടി സാമ്പത്തിക സഹായം നൽകുന്നു

ആർദ്രം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ജനസൗഹൃദ സ്ഥാപനങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആർദ്രം സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി എല്ലാ ആശുപത്രികളേയും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രികളിലെ ഒ.പി വിഭാഗത്തെയും മറ്റ് സേവനങ്ങളെയും ഭിന്നശേഷി സൗഹൃദമായി പരിവർത്തനം ചെയ്തുവരുന്നു. ഇതോടൊപ്പം കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളും ഭിന്നശേഷി/വയോജന/സ്ത്രീ/ശിശു/ട്രാൻസ്ജെൻഡർ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ ജില്ലാ ആശുപത്രികളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാണ്. ഇതിനാവശ്യമായ ഉപകരണങ്ങളും, അടിസ്ഥാന സൗകര്യ വികസനവും സജ്ജീകരിച്ചിരിച്ചിട്ടുണ്ട്. ഭിന്നശേഷിസൗഹൃദ അംഗത്വ കാർഡ് പുറത്തിറക്കുന്ന ആദ്യസംസ്ഥാനമാണ് കേരളം.

310. **മാനസികാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സുരക്ഷ പോലുള്ള പ്രാദേശിക കമ്മ്യൂണിറ്റി മാനസികരോഗ പുനഃരധിവാസ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കും. അധിഷ്ഠിത പരിപാടികൾ ആവിഷ്കരിക്കും. ആത്മഹത്യ പ്രവണതകൾക്കെതിരെയുള്ള കൗൺസിലിംഗ് വിപുലപ്പെടുത്തും.**

വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം, കൗൺസിലിംഗ് തുടങ്ങിയ വയ്ക്കായി എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജെന്റർ ഡസ്കുകൾ സ്ഥാപിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ മേൽനോട്ടം കൂടി വഹിക്കുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എം.എസ്.ഡബ്ലിയു യോഗ്യതയുള്ള ഒരു കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററെ നിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

311. **എൻഡോസൾഫാൻ ദുരിതബാധിതർക്കു കോടതിവിധി പ്രകാരം ലഭ്യമാക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും.**

എൻഡോസൾഫാൻ ദുരിത ബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ (സഹജീവനം സ്നേഹ ഗ്രാമം) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

2016 മുതൽ 2023 വരെ വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് 456,19,38,884 (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻമ്പത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാല് കോടി) രൂപ ചെലവഴിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നു.

ഭവന ഭൂരഹിതരായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഭവന പദ്ധതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് 10 വർഷത്തെ വയസ്സിളവ്, എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് വൈദ്യുതി ബില്ലിൽ ഇളവ്, എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ/ലാബ് പരിശോധനകൾ, എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ/സ്വകാര്യ സ്പെഷ്യലിസ്റ്റ്/സൂപ്പർസ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേനയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എന്നിവ ഉറപ്പാക്കി.

സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നു. ആരോഗ്യകേരളം മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു.

314. ഭിന്നശേഷി ഗ്രാമസഭകൾ വിളിച്ചുചേർക്കും.

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുവാൻ ഭിന്നശേഷി ഗ്രാമസഭ നിർബന്ധമായും ചേരണമെന്നു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഭിന്നശേഷി ഗ്രാമസഭ ചേരാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന നിർദ്ദേശം ജില്ലാ ആസൂത്രണ സമിതിക്കും നൽകിയിട്ടുണ്ട്.

## വയോജനങ്ങൾ

315. വിപുലമായ വയോജന സർവ്വേ നടത്തും. അവരുടെ പ്രത്യേകതകളും സൗകര്യങ്ങളും ആവശ്യങ്ങളും സംബന്ധിച്ച് കണക്കുകൾ സെൻസസ് അടിസ്ഥാനത്തിൽ തയ്യാറാക്കും. പ്രായം, ജെൻഡർ, ഭിന്നശേഷി, പാർശ്വവൽക്കരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഇവരെ തരംതിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും ഓരോ വിഭാഗത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും. വിവിധ മേഖലകളിൽ വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

വയോജന സർവ്വേ നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിനുള്ള സഹായം തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ച വയോജനങ്ങൾക്ക് റീ എംപ്ലോയ്മെന്റ് എന്നിവ നടപ്പാക്കുന്ന പദ്ധതികൾ സായംപ്രഭ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.



ക്ഷേമ പെൻഷൻ

316. വയോജനങ്ങൾക്ക് മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാരുണ്യ അറ്റ് ഹോം പദ്ധതി നടപ്പാക്കും. കമ്പോള വിലയേക്കാൾ താഴ്ന്ന നിരക്കിൽ കാരുണ്യ ഫാർമസികളിൽ നിന്നാണ് മരുന്ന് എത്തിച്ചു കൊടുക്കുക.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വയോജന ങ്ങൾക്ക് മരുന്നുകളും, മറ്റനുബന്ധ സാമഗ്രികളും വീട്ടിലെത്തിച്ചു നൽകുന്ന' കാരുണ്യ@ഹോം' പദ്ധതി 2021 സെപ്തംബർ മാസത്തിൽ ആരംഭിച്ചു. പൊതുവിപണിയെക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, എയർബെഡ് മുതലായ അനുബന്ധ സാമഗ്രികളും കെഎംഎസ്സിഎല്ലിന്റെ മേൽനോട്ടത്തിൽ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തു വരുന്നു. ഈ വിലക്കിഴിവിനു പുറമെ, 1% അധിക കിഴിവും മുതിർന്ന പൗരന്മാർക്ക് നൽകിവരുന്നു.

ഇതുവരെ 892 പേർ രജിസ്ട്രേഷൻ നടത്തി. പ്രതിമാസം മരുന്ന് ആവശ്യപ്പെടുന്ന എല്ലാവർക്കും മരുന്നിന്റെ ലഭ്യത അനുസരിച്ചു വിതരണം നടത്തിവരുന്നു.

317. എല്ലാ വാർഡുകളിലും വയോക്ലബുകൾ ആരംഭിക്കും. മേൽനോട്ടം കുടുംബശ്രീയ്ക്കായിരിക്കും. നിലവിലുള്ള വായനശാലകളെയും വാടകയ്ക്കെടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്തും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള വയോജന അയൽക്കൂട്ടങ്ങൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക. പഞ്ചായത്ത്, മുനിസിപ്പൽ തലത്തിൽ ഇതിനായി ഒരു കുടുംബശ്രീ കോഓർഡിനേറ്റർ ഉണ്ടാകും.

27,000 വയോജന അയൽക്കൂട്ടങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ

പ്രവർത്തിക്കുന്നുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചുവരുന്നു

318. **സ്വകാര്യ വൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും.**

വിദ്യാഭ്യാസ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് അലോപ്പതി, ആയുർവേദ, ഹോമിയോ കോളജുകളിലെ മെഡിക്കൽ, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് നിർബന്ധിതമായ 2 ആഴ്ചത്തെ പരിശീലനം വൃദ്ധസദനങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് അലോപ്പതി, ആയുർവേദ, ഹോമിയോ വകുപ്പുകളുടെ അഭിപ്രായത്തിനായി നടപടി സ്വീകരിച്ചു. ദരിദ്രരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിന്റെ മാതൃകയിൽ ഫണ്ട് രൂപീകരിക്കൽ സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

319. **വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പികളും ആശുപത്രികളിൽ തുടങ്ങിയിട്ടുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തും. മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണ സഹായികൾ വിതരണം ചെയ്യും.**

സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയുടെ ഭാഗമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലിയുടെ ഭാഗമായും വയോജന ആരോഗ്യത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ,റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ പ്രധാന ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനു നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ക്ലിനിക്കുകളുടെ സുഗമമായ പ്രവർത്തനത്തിനായി തെരെഞ്ഞെടുത്ത ജില്ലകളിൽ ഒരു ഡോക്ടറുടേയും, എല്ലാ ജില്ലകളിലും സ്റ്റാഫ് നഴ്സിന്റെയും സേവനം ദേശീയ ആരോഗ്യ ദൗത്യം വഴി കരാറടിസ്ഥാനത്തിൽ ഉറപ്പാക്കി. 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾക്കൊപ്പമാണ് വയോജന ക്ലിനിക്കുകളും നടത്തപ്പെടുന്നത്.

എല്ലാ ജില്ലാ ആശുപത്രികളും കേന്ദ്രീകരിച്ചും പാലിയേറ്റിവ് കെയർ രോഗികൾക്കും, വയോജനങ്ങൾക്കുമായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 227 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം വയോജങ്ങൾക്ക് ലഭ്യമാണ്. ഇതിനാവശ്യമായ ഉപകരണങ്ങളും, അടിസ്ഥാന സൗകര്യ വികസനവും സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സജ്ജീകരിച്ചിരിച്ചിട്ടുണ്ട്.

സർക്കാർ തലത്തിലും, സർക്കാർ അംഗീകാരത്തിലും പ്രവർത്തിക്കുന്ന 716

വൃദ്ധസദനങ്ങളിലെ വയോജനങ്ങൾക്കായി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്ന മെഡിക്കൽ ക്യാമ്പുകൾ വർഷത്തിൽ മൂന്നുതവണ നടപ്പിലാക്കിവരുന്നു. ഇതിനായി പ്രത്യേക ഫണ്ട് സമാഹരിക്കുകയും വിവിധ സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി എല്ലാ ആശുപതികളേയും വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു. റാമ്പുകൾ, ഇരിപ്പിടങ്ങൾ, റയിലുകൾ, കുടിവെള്ളം, പ്രത്യേക ടോക്കൺ സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ പുതുതായി ആരംഭിക്കുന്ന കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രധാന ആശുപത്രികളിലും സജ്ജീകരിക്കുന്നത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

വയോജനങ്ങൾക്കാവശ്യമായ ക്യാലിപ്പറുകൾ, ട്രൈപ്പോഡുകൾ, വീൽചെയറുകൾ, കോർസെറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ വിതരണവും എല്ലാ ജില്ലകളിലും വൃദ്ധജനങ്ങൾക്കായി നടപ്പിലാക്കി വരുന്നു. കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ തുടങ്ങിയവയും ഓരോ സാമ്പത്തിക വർഷവും വിതരണം ചെയ്തുവരുന്നു.

എല്ലാവർഷവും ഒക്ടോബർ രണ്ടാം തീയ്യതി വിപുലമായ പരിപാടികളോടുകൂടി വയോജനദിനം ആചരിച്ചു വരുന്നു. മുതിർന്ന പൗരന്മാരെ ആദരിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, ഉല്ലാസയാത്രകൾ, വൃദ്ധജന സംഗമം തുടങ്ങിയ നിരവധി പരിപാടികളാണ് ഈ ദിനത്തോടനുബന്ധിച്ച് നടപ്പിലാക്കി വരുന്നത്.

പുതുക്കിയ പാലിയേറ്റിവ് കെയർ നയത്തിന് അനുസൃതമായി പാലിയേറ്റിവ് കെയർ സാന്ത്വന പരിചരണത്തിനോടൊപ്പം തന്നെ ഗൃഹസന്ദർശനത്തിന്റെ ഭാഗമായി വയോജന പരിചരണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളും, വോളന്റീയർമാരും ഉൾപ്പെടുന്ന സംഘങ്ങൾ ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധജനങ്ങളുടെ വീട്ടിൽ സാന്ത്വന പരിചരണവും, മാനസിക പിന്തുണയും നൽകി വരുന്നു. ഇതിനായി വിദ്യാലയങ്ങളിൽ സ്നേഹസഞ്ജീവനി എന്ന പദ്ധതി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

കൃത്രിമ ദന്തനിര വെച്ചു പിടിപ്പിക്കുന്ന മന്ദഹാസം പദ്ധതി സാമൂഹ്യനീതി വകുപ്പ് പുനരാരംഭിച്ചു.

320. സാന്ത്വനപരിപാലന ശൃംഖലയുടെ പ്രധാന വലയം വയോജനങ്ങളാണ്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പുരോഗികൾക്കും ഡിമൻഷ്യ, അൾസിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്കും പരിചരണം നൽകുന്നതിന് സാന്ത്വന പ്രവർത്തകർക്കു പരിശീലനം നൽകും.

സാന്ത്വന പരിചരണം നൽകുന്നവർക്ക് ആരോഗ്യവകുപ്പ് പരിശീലനം നൽകുന്നുണ്ട്.

2023–24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന പുതിയ പദ്ധതി കേരള സമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 1 കോടി രൂപ വകയിരുത്തി.

322. രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായുള്ള നിയമത്തിന്റെ (എം.ഡബ്ല്യു.പി.എസ്.സി. ആക്ട്) നടത്തിപ്പിനായുള്ള സംവിധാനങ്ങൾ പുനഃസംഘടിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. ഇതിന്റെ ഭാഗമായി മെയിന്റനൻസ് ട്രിബ്യൂണലിനെയും മെയിന്റനൻസ് ഓഫീസറെയും മുഴുവൻ സമയ ഉദ്യോഗസ്ഥരാക്കും.

മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന പരാതികൾ മോണിറ്റർ ചെയ്യുന്നതിന് ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എംഡബ്ല്യുപിഎസ്സി ആക്ടുമായി ബന്ധപ്പെട്ട മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി 5611 കേസുകൾ തീർപ്പാക്കി..

323. പൊതുയിടങ്ങളും കെട്ടിടങ്ങളും വയോജന സൗഹൃദമാക്കും. ഇതിനായി കേന്ദ്ര പി.ഡബ്ല്യൂ.ഡി ഭിന്നശേഷിക്കാർക്കായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മുതിർന്ന പൗരന്മാരെക്കൂടി ഉൾപ്പെടുത്തും.

ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലങ്ങൾ വയോജനങ്ങൾക്കും തടസ്സ രഹിതമായി ഉപയോഗിക്കാൻ കഴിയും.

324. സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ വയോജന കൗൺസിലുകൾക്കു രൂപം നൽകും.

വാഗ്ദാനം നടപ്പിലാക്കി. സംസ്ഥാന ജില്ലാ തലങ്ങളിൽ വയോജന കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു.

## ഭക്ഷ്യസുരക്ഷ

325. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തും.

മുൻഗണന കാർഡുകളുടെ വിതരണം: 4,21,832 മുൻഗണന കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായവർക്ക് തരംമാറ്റി വിതരണം നടത്തി.

ഓപ്പറേഷൻ യെല്ലോ പദ്ധതി: മുൻഗണന കാർഡ് സറണ്ടർ പദ്ധതിയുമായി സഹകരിക്കാതെ തുടർന്നും മുൻഗണന കാർഡുകൾ കൈവശംവച്ചിരുന്ന അനർഹരെ കണ്ടെത്തുന്നതിനായാണ് 'ഓപ്പറേഷൻ യെല്ലോ' പദ്ധതി ആരംഭിച്ചത്. 17,136 മുൻഗണനാ കാർഡുകൾ കണ്ടെത്തി. പിഴയായി 4,22,43,377 രൂപ ഇവരിൽ നിന്ന് ഈടാക്കി

പുതിയ കാർഡുകളുടെ വിതരണം: തെരുവോരത്ത് താമസിക്കുന്നവർക്കും വാടകയ്ക്ക് താമസിക്കുന്നവർക്കും ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിച്ചു. ഈ സർക്കാർ ചുമതലയേറ്റശേഷം 4,48,692 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ

കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി 7,729 പുതിയ കാർഡുകൾ വിതരണം ചെയ്തു.

**മുഴുവൻ അതിദരിദ്രർക്കും റേഷൻ കാർഡ് :** തദ്ദേശ സ്വയംഭരണ വകുപ്പ് അതിദരിദ്രരായി കണ്ടെത്തിയവരിൽ 5,132 പേർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുതു.

**ഒപ്പം പദ്ധതി:** റേഷൻകടയിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും വിജയകരമായി നടന്നുവരുന്നു.

**സഞ്ചരിക്കുന്ന റേഷൻകടകൾ:** വനമേഖലകൾ, എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങൾ, ആദിവാസി ഊരുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനായി 134 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം ലഭ്യമാണ്.

**കേരള സ്റ്റോർ (കെ-സ്റ്റോർ):** പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി മിനിബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ്, മിൽമ, സപ്ലൈകോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ റേഷൻ കടകളിൽ ലഭ്യമാക്കി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടി പുരോഗമിച്ചു വരുന്നു. വ്യവസായ, കൃഷി വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉത്പന്നങ്ങളും കെ-സ്റ്റോറുകളിലൂടെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. 448 റേഷൻകടകൾ കെ-സ്റ്റോറുകളായി പ്രവർത്തിച്ചുവരുന്നു. 467 റേഷൻകടകൾ കൂടി കെ-സ്റ്റോറുകളായി മാറ്റുന്ന നടപടി അന്തിമഘട്ടത്തിലാണ്.

**ആധാർ സീഡിംഗ്:** ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുടെ ആധാർ സീഡിംഗ് 96% ആയിരുന്നു. മുൻഗണനേതര വിഭാഗത്തിന്റെത് 94.12 ശതമാനവും. എല്ലാ വിഭാഗത്തിലുള്ള റേഷൻ കാർഡുകളുടെയും ആധാർ സീഡിംഗ് 100 ശതമാനത്തിലെത്തിച്ചു. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം.

**റേഷൻ കടയിലെ ഇപോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കൽ പദ്ധതി:** ഇപോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്ന സാഹചര്യത്തിൽ, ത്രാസ്സിലെ തൂക്കം കൃത്യമായാൽ മാത്രമെ ഇപോസ് മെഷീനിൽ നിന്ന് ബിൽ പ്രിന്റ് ചെയ്യുകയുള്ളു. റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്ന ഇപോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശാസ്ത്രീയ ഗോഡൗണുകളുടെ നിർമ്മാണം:** സംസ്ഥാനത്തെ 83 റേഷനിംഗ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ

ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോന്നി, കോഴഞ്ചേരി, കൊച്ചി, പീരിമേട്, ഉടുമ്പൻചോല, പയ്യന്നൂർ, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തി.

സോഷ്യൽ ഓഡിറ്റ്: ഭക്ഷ്യഭദ്രതാനിയമം 2016 അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിലുള്ള വിജിലൻസ് സമിതികൾ പുന:സംഘടിപ്പിച്ചു. റേഷൻകട തല സമിതികൾ ചേരുന്നതിന് അവയുടെ ഘടന പ്രയോഗിക തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു എന്നത് മനസ്സിലാക്കി ഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

റാഗി വിതരണം: റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ കൂടുതൽ പോഷക സമൃദ്ധമാക്കുന്നതിന് 'ഡൈവേഴ്സിഫിക്കേഷൻ ഓഫ് ഫുഡ് ബാസ്ക്കറ്റ് പദ്ധതി' നടപ്പിലാക്കാൻ തീരുമാനിച്ചു. 2022-23 വർഷം ഐക്യരാഷ്ട്ര സഭ ഇന്റർ നാഷണൽ ഇയർ ഓഫ് മില്ലറ്റ്സായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചെറുധാന്യങ്ങളുടെ പോഷകഗുണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി മുൻഗണന ഗുണഭോക്താക്കൾക്ക് റാഗി വിതരണം ആരംഭിച്ചു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ആദിവാസി മലയോര മേഖലയിലെ ഏകദേശം 948 റേഷൻകടകളിലെ കാർഡുടമകൾക്കും മറ്റിടങ്ങളിൽ ഒരു പഞ്ചായത്തിലെ ഒരു റേഷൻകടയിലൂടെയുമാണ് എഫ്.സി.ഐ വഴി ലഭ്യമാകുന്ന റാഗി പൊടി നൽകി വരുന്നത്.

സുജലം പദ്ധതി: സംസ്ഥാനത്തെ വിശപ്പ് രഹിതമാക്കൽ പദ്ധതിയുടെ തുടർച്ചയായി മിതമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'സുജലം' പദ്ധതി ആരംഭിച്ചത്. റേഷൻകടകളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപണനം ചെയ്യുന്ന കുടിവെള്ളം ലിറ്ററിന് 10 രൂപ നിരക്കിലാണ് ലഭ്യമാക്കുന്നത്.ആദ്യഘട്ടമെന്ന നിലയിൽ 5 ജില്ലകളിൽ നടപ്പാക്കി. എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റേഷൻ റൈറ്റ്സ് കാർഡ്: വൺ നേഷൻ വൺ റേഷൻ കാർഡ് പദ്ധതി പ്രകാരം സംസ്ഥാനത്ത് താമസിച്ചു വരുന്ന ആധാർ കാർഡുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇന്ത്യയിൽ എവിടെ നിന്ന് വേണമെങ്കിലും റേഷൻ കൈപ്പറ്റുവാനുള്ള സൗകര്യമുണ്ട്. എന്നാൽ ഏകദേശം 20 ലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന കേരളത്തിൽ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം കുറവാണ്. ആധാർ കാർഡും റേഷൻകാർഡുമുള്ള ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ റേഷൻ വിഹിതം കേരളത്തിൽ നിന്ന് കൈപ്പറ്റാൻ സഹായകമാകുന്ന വിധത്തിൽ അവർക്ക് റേഷൻ റൈറ്റ്സ് കാർഡ് നൽകുന്ന പദ്ധതിയാണിത് നാളിതുവരെ 5192 അതഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡ് നൽകിയിട്ടുണ്ട്.

പ്രൈസ് റിസർവ്വ് സെന്റർ, കേരള: അവശ്യഭക്ഷ്യവസ്തുക്കളുടെ പ്രതിദിന ചില്ലറ വില്പന വിലയും മൊത്തവില്പന വിലയും നിരീക്ഷിക്കുന്നതിനായി പ്രൈസ് മോണിറ്ററിംഗ് സെൽ സംവിധാനം സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്

ആസ്ഥാനത്ത് ആരംഭിച്ചു.

സംസ്ഥാനത്ത് 34 റേഷൻ കടകൾ പുതുതായി ആരംഭിച്ചു. വിശപ്പ് രഹിതം പദ്ധതിയുടെ ഭാഗമായി 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന 50 സുഭിക്ഷ ഹോട്ടലുകൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു.

326. കോൺഗ്രസ് ആവിഷ്കരിച്ച ദേശീയ പൊതുവിതരണ നയം കേരളത്തിലെ ബി.പി.എൽ പരിധിയിലെ ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽനിന്നു പുറത്താക്കുന്ന സ്ഥിതി സൃഷ്ടിച്ചു. യു.ഡി.എഫ് രൂപം നൽകിയ ലിസ്റ്റിൽ നിന്ന് അനർഹരായ 15 ലക്ഷം പേരെ നീക്കം ചെയ്തതിന്റെ ഫലമായി തുല്യ എണ്ണം അർഹരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. അർഹരായ മുഴുവൻ പേരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള പരിശ്രമം തുടരും. കേരളത്തിലെ മുൻഗണനാ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനു കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ഈ സർക്കാർ ചുമതലയേറ്റെടുത്തശേഷം അനർഹർ കൈവശം വച്ചുവന്നിരുന്ന 1,82,234 മുൻഗണനാ കർഡുകൾ ഉൾപ്പെടെ 4,21,837 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് തരം മാറ്റി വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1,54,80,040 പേരെ മാത്രമാണ് നിലവിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ട് നിരവധി തവണ കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയെ കാണുകയുണ്ടായി. എന്നാൽ അടുത്ത ജനസംഖ്യ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമെ ഇതു സംബന്ധിച്ച നടപടികളെ കുറിച്ച് ആലോചിക്കാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടി കേരള നിയസഭയിൽ പ്രമേയം പാസാക്കി

327. പൊതുകമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് 70 പുതിയ വിൽപ്പനശാലകൾ സിവിൽ സപ്ലൈസ് ആരംഭിച്ചു. 97 വിൽപ്പനശാലകളെ അപ്ഗ്രേഡ് ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമർഫെഡിനെയും ശക്തിപ്പെടുത്തും. സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖലയെ ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഉപയോഗപ്പെടുത്തും. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കും.

13 ഇനം അവശ്യസാധനങ്ങൾ 2016ലെ വിലയ്ക്ക് 2024 ഫെബ്രുവരി മാസം വരെ നൽകിവന്നിരുന്നു. എന്നാൽ കഴിഞ്ഞ 8 വർഷക്കാലമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാത്തത് സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുകയുണ്ടായി. വിഷയം പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ സമിതി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ 13 ഇനം സബ്സിഡി സാധനങ്ങളുടെ വില പൊതുവിപണിയിൽ നിന്നും 35 ശതമാനം സബ്സിഡി നൽകി വില പുതുക്കി നിശ്ചയിച്ച് ഉത്തരവായി. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ പുതിയതും നവീകരിച്ചതുമായ 95 സപ്ലൈകോ വിൽപ്പനശാലകൾ സംസ്ഥാനത്ത് പ്രവർത്തനം




കെ റൈസ്

ആരംഭിച്ചു. പുതിയതും നവീകരിച്ചതുമായ 10 സപ്ലൈകോ വിൽപനശാലകൾ ഉദ്ഘാടനത്തിന് സജ്ജമാണ്. ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്പെഷ്യൽ മാർക്കറ്റുകൾ നടത്തിവരുന്നു.

എന്റർപ്രൈസസ് റിസോർസ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കി: സപ്ലൈകോയുടെ പ്രവത്തനങ്ങൾ കൂടുതൽ സുതാര്യവും വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം സപ്ലൈകോയിലെ എല്ലാ വിൽപന ശാലകളിലും നടപ്പിലാക്കി. സെയിൽസ്, പർച്ചെയ്സ്, സ്റ്റോക്ക് പൊസിഷൻ എന്നിവ കേന്ദ്രീകൃതമായി മനസ്സിലാക്കുവാനും ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാനും എന്റർപ്രൈസസ് റിസോർസ് പ്ലാനിംഗ് സംവിധാനത്തിലൂടെ കഴിയും.

കെ-റൈസ്: പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ റൈസ് എന്ന ബ്രാൻഡിൽ അരി വിതരണം നടത്തി വരുന്നു. കാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ നൽകി വന്നിരുന്ന 10 കിലോ അരിയിൽ 5 കിലോ അരിയാണ് ശബരി കെ-റൈസ് എന്ന ബ്രാന്റിൽ നിലവിൽ നൽകി വരുന്നത്. ബാക്കി അഞ്ച് കിലോ ബ്രാന്റ് ചെയ്യാത്ത അരി സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപന ശാലയിൽ നിന്നും ഉപഭോക്താവിന് ലഭിക്കുന്നതാണ്.

328. കേരളത്തിലെ റേഷൻകട ശൃംഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി എൻ.ടു.എൻ കമ്പ്യൂട്ടറൈസേഷൻ, ഇപോസ് മെഷീനുകൾ, വാതിൽപ്പടി വിതരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഏത് കാർഡ് ഉടമയ്ക്കും ഏത് റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങാം. പരാതി പരിഹാരം സംവിധാനവും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ റേഷൻകടകളെ മറ്റ് അവശ്യഉൽപ്പന്നങ്ങൾകൂടി നിയന്ത്രിത വിലയ്ക്ക് വിൽക്കുന്നതിന് അനുവാദം നൽകും. ഇത് റേഷൻകടകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ വിപണന ശൃംഖലയെ നിലനിർത്തുന്നതിനും സഹായിക്കും.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി റേഷൻകടകളുടെ

പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി മിനിബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ഛോട്ടു ഗ്യാസ്, മിൽമ, സപ്ലൈകോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ റേഷൻ കടകളിൽ ലഭ്യമാക്കി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. വ്യവസായ കൃഷി വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉൽപന്നങ്ങളും കെ-സ്റ്റോറുകളിലൂടെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 402 റേഷൻകടകൾ കെ-സ്റ്റോറുകളായി പ്രവർത്തിച്ചുവരുന്നു. 513 റേഷൻകടകൾ കൂടി കെ-സ്റ്റോറുകളായി മാറ്റുന്ന നടപടി പൂർത്തീകരിച്ച്. സഞ്ചരിക്കുന്ന റേഷൻകടയുടെ സേവനം പട്ടിക വിഭാഗങ്ങൾ തിങ്ങിപാർക്കുന്ന കോളനികൾ, തീരദേശ മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. 134 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടയുടെ സേവനം ലഭ്യമാക്കി കഴിഞ്ഞു. റേഷൻകടയിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തി റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി എല്ലാ താലൂക്കുകളിലും വിജയകരമായി നടന്നുവരുന്നു.

329. ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്താൻ ഹോട്ടലുകൾ, പലചരക്കുകടകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവയ്ക്ക് ഔദ്യോഗിക റേറ്റിംഗ് നൽകുന്നതിനുള്ള സ്കീം ആരംഭിക്കും.

ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രാഥമികമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

330. ഇന്ത്യയെ പലരും വിശപ്പിന്റെ റിപ്പബ്ലിക് എന്നാണ് വിശേഷിപ്പിക്കുക. ഇങ്ങനെയൊരു രാജ്യത്ത് കേരളത്തെ വിശപ്പുരഹിത സംസ്ഥാനമാക്കി മാറ്റും. ജനകീയ ഹോട്ടലുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമാക്കുക മാത്രമല്ല, ജനസംഖ്യാനുപാതികമായി അവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും. പ്ലാന്റേഷൻ മേഖലയിൽ പ്രത്യേകമായി ജനകീയ ഹോട്ടലുകൾ സ്ഥാപിക്കും.

വിശപ്പുരഹിതം പദ്ധതിയുടെ ഭാഗമായി 50 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പദ്ധതിയാണിത്.

# IV

# കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും

331. **കൃഷിക്കാരുടെ വരുമാനം കാർഷികോൽപ്പാദന ക്ഷമത, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കും. ഇവിടങ്ങളിൽ എല്ലാമുള്ള ഏകോപിത പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന അഞ്ചു വർഷംകൊണ്ട് സൃഷ്ടിക്കും. ഇതു മോണിറ്റർ ചെയ്യുന്നതിന് എല്ലാ വർഷവും ശാസ്ത്രീയ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങളുടെ വരുമാന കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു വഴി ശേഖരിക്കും.**

മുഖ്യമന്ത്രി അദ്ധ്യക്ഷനായി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ രൂപീകരിച്ചു. കർഷക കുടുംബങ്ങളുടെ വരുമാനക്കണക്ക് ശാസ്ത്രീയമായി കണക്കാക്കുന്നതിന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

332. **ഏറ്റവും പ്രധാനപ്പെട്ടതാണ് കൃഷിയുടെ ഉൽപ്പാദനക്ഷമത ഉയർത്തലാണ്. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 45 ടണ്ണായി ഉയർത്തും. നാളികേരത്തിന്റെ ശരാശരി ഉൽപ്പാദനം 80 തേങ്ങയായി ഉയർത്തും. ഇതുപോലെ ഓരോ വിളകളുടെയും ഉൽപ്പാദനക്ഷമതയുടെ ടാർജറ്റുകൾ നിശ്ചയിക്കുകയും വിത്ത്, വളം, വെള്ളം, കാർഷികവൃത്തി എന്നിവയിലെ ശാസ്ത്രീയ ഇടപെടലുകളിലൂടെ കൈവരിക്കുകയും ചെയ്യും.**

നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2022-23ൽ 88,231.134 ഹെക്ടർ പാടശേഖരങ്ങൾക്ക് 48.92 കോടി രൂപയും 2023-24ൽ 82480.882 ഹെക്ടർ പാടശേഖരങ്ങൾക്ക് 57 കോടി രൂപയും ചെലവഴിച്ചു. നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക ലക്ഷ്യമാക്കി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. 2022-23ൽ 98 കേരഗ്രാമങ്ങളും 2023-24ൽ 50 കേരഗ്രാമങ്ങളും നടപ്പിലാക്കി. നാളികേര വികസനത്തിനായി 2022-23ൽ 47.861 കോടി രൂപയും 2023-24ൽ 39.74 കോടി രൂപയും ചെലവഴിച്ചു. നാളികേരത്തിന്റെ ഉൽപാദനക്ഷമത 2020 -21ൽ ഹെക്ടർ ഒന്നിന് 6,228 ആയിരുന്നു. 2022-23ൽ ഇത് 7,419ആയി ഉയർന്നു. പച്ചക്കറി കൃഷിയിൽ പ്രിസിഷൻ ഫാമിംഗ്, സങ്കരയിനം വിത്തുകളുടെ ഉല്പാദനം, ഉപയോഗം എന്നിവയിലൂടെ ഉല്പാദന ക്ഷമത ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

333. **കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ ജലസംഭരണികളും ജലനിർഗമനചാലുകളും മണ്ണുസംരക്ഷണ നിർമ്മിതികളും സൃഷ്ടിയ്ക്കുകയും പരിപാലിയ്ക്കുകയും**



വേണം. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ രീതിയിൽ ഉപയോഗപ്പെടുത്തും. നീർത്തട പ്ലാനുകളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ രൂപീകരിയ്ക്കും. വിള കലണ്ടറും പ്ലാനും തയാറാക്കും.

914 പഞ്ചായത്തുകളുടെ നീർത്തടാധിഷ്ഠിത പ്ലാനുകൾ പൂർത്തിയായി. 2018ലെ മഹാ പ്രളയത്തിനു മുൻപാണ് നീർത്തട മാസ്റ്റർ പ്ലാനുകൾ തയാറാക്കിയിട്ടുള്ളത്. പ്രളയാനന്തരം തോടുകൾ / ചെറുനീർച്ചാലുകൾ തുടങ്ങിയ ജല സ്രോതസ്സുകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ തയാറാക്കിയ നീർത്തട പ്ലാനുകൾ പരിഷ്കരിക്കൽ, മാസ്റ്റർപ്ലാൻ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ തയാറാക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

334. മണ്ണ് പരിശോധനാ ജലപരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുകയും സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബുകൾ വ്യാപിപ്പിക്കുകയും ചെയ്യും. എല്ലാ കൃഷിക്കാർക്കും മണ്ണ് ആരോഗ്യ കാർഡുകൾ നൽകും.

2021-22ൽ 78,963 മണ്ണ് ആരോഗ്യകാർഡുകളും 2022-23ൽ 1,25,881 മണ്ണ് ആരോഗ്യകാർഡകളും 2023-24ൽ 1,65,083 മണ്ണ് ആരോഗ്യ കാർഡുകളും നൽകി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ലാബുകളും 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളും പ്രവർത്തിച്ചുവരുന്നു. മണ്ണ് പര്യവേക്ഷണ വകുപ്പിനു കീഴിൽ സഞ്ചരിക്കുന്ന

ഒരു മണ്ണ് പരിശോധന ലാബ് ഉൾപ്പെടെ 6 മണ്ണ് പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നു. സൂക്ഷ്മ മൂലകങ്ങൾ പരിശോധിക്കുവാൻ കഴിയുന്ന 13 ലാബുകൾ കൃഷി വകുപ്പിനു കീഴിലും 5 ലാബുകൾ മണ്ണ് പര്യവേക്ഷണ വകുപ്പിനു കീഴിലും 14 ലാബുകൾ കേരള കാർഷിക സർവ്വകലാശാലയിലും പ്രവർത്തിച്ചുവരുന്നു.

335. പച്ചക്കറി, നെല്ല്, കിഴങ്ങു വർഗ്ഗങ്ങൾ, പഴങ്ങൾ, പാൽ, മുട്ട, മത്സ്യം, ഇറച്ചി ഇവയുടെ ഉൽപ്പാദനത്തിൽ ഒരു കുതിപ്പു സൃഷ്ടിക്കുന്നതിനുള്ള ജനകീയ യജ്ഞമാണ് സുഭിക്ഷ കേരളം പദ്ധതി. വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക ഏജൻസികളും ചേർന്നുള്ള ഏകോപിത പ്രവർത്തന ശൈലി മുന്നോട്ടു കൊണ്ടുപോകും. പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നു. 2022-23ൽ 1.14 ലക്ഷം ഹെക്ടറിലും 2023-24ൽ 1.1525 ലക്ഷം ഹെക്ടറിലും പച്ചക്കറികൃഷി വ്യാപിപിച്ചു. 2020-21ൽ പച്ചക്കറി ഉൽപാദനം 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2023-24ൽ ഇത് 17.217 ലക്ഷം മെട്രിക് ടണായി ഉയർന്നു.

336. സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള (പാർക്കുകൾ) സ്ഥാപിക്കും. സാധ്യമായ എല്ലാ മേഖലകളിലും മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം നടത്തുന്ന കമ്പനികൾ സ്ഥാപിക്കും. കൃഷിരംഗത്തേക്ക് വരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കും.

കൃഷി വകുപ്പ് സ്റ്റേറ്റ് സ്മോൾ ഫോർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി വിവിധ സംരംഭകരുടെ പദ്ധതികൾക്ക് ധന, സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഫുഡ് വാല്യൂ അഡീഷൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു. കേരള ഫുഡ് പ്ലാറ്റ്ഫോം പ്രോജക്ടിന്റെ ഭാഗമായി കെ-ഡിസ്ക് മുഖാന്തിരം വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധനയ്ക്കായി നടപടികൾ സ്വികരിച്ചുവരുന്നു.

മൂല്യവർദ്ധനവിലൂടെ ഉയർന്ന വരുമാനം കർഷകർക്ക് സ്വായത്തമാക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സഹായങ്ങളും ഉറപ്പാക്കുന്ന അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും വിപണന മൂല്യവർദ്ധന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. കർഷക ഉൽപാദക സംഘടന, കർഷക ഉല്പാദക കമ്പനി, കാർഷിക ബിസിനസ്സ്, അഗ്രിടെക് സ്റ്റാർട്ടപ്പ്, അഗ്രോ പാർക്ക് തുടങ്ങിയവയുടെ ശാക്തീകരണത്തിന് ലോകബാങ്ക് സഹായത്തോടെ 285 മില്ല്യൺ യു.എസ് ഡോളർ മുതൽമുടക്കിൽ കേരള ക്ലൈമറ്റ് റിസിലീയന്റ് വാല്യൂ ചെയിൻ മോഡനൈസേഷൻ കേര പദ്ധതി നടപ്പിലാക്കൻ സംസ്ഥാന വിഹിതമായി 100 കോടി രൂപ നൽകാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

337. കർഷക ക്ഷേമ ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൃഷിക്കാർക്കു പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യും.

കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടൽ പ്രവർത്തന

സജ്ജമാക്കി. 18,334 കർഷകർ രജിസ്റ്റർ ചെയ്തു.

338. കൃഷി ഭവൻ വഴിയുള്ള എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. തരിശ് ഭൂമി കണ്ടെത്തി അവിടെ കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും.

കർഷകർക്കും കർഷകത്തൊഴിലാളികൾക്കും 476 പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. 2022-23ൽ 7,116 ഹെക്ടറിലും 2023-24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു.

339. പച്ചക്കറികളുടെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കും. ഉത്തമകാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ട്രെയിസിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കും. വിഷാംശത്തിനും മായംചേർക്കലിനും എതിരെ കർശനമായ നടപടികൾ സ്വീകരിക്കും.

കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടുകൂടി 2 പെസ്റ്റിസൈഡ് റസിഡ്യൂ ലബോറട്ടറികൾ സ്ഥാപിച്ചു. പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് കേരളകാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി (തിരുവനന്തപുരം), കുമരകം (കോട്ടയം), വെള്ളാനിക്കര (തൃശ്ശൂർ), പടന്നക്കാട് (കാസർഗോഡ്) എന്നിവിടങ്ങളിലായി 4 പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. 2023-24ൽ 3961 സാമ്പിളുകൾ പരിശോധിച്ചു.

സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ജൈവകാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

340. കാർഷിക സർവകലാശാലയ്ക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കും. സർവ്വകലാശാലയിൽ കാർഷിക മേഖലയോടു ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ പുതിയതായി ആരംഭിക്കും. എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

കേരള കാർഷിക സർവ്വകലാശാലയിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 23.49 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചു. എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോൾ നിലങ്ങളിലെ ശാസ്ത്രീയ നെൽകൃഷിക്കായി പ്രോട്ടോകോൾ തയ്യാറാക്കി. കാർഷിക മേഖലയിലെ സംരംഭകത്വം പ്രത്സാഹിപ്പിക്കുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. 4,500 സ്റ്റാർട്ടപ്പുകൾക്ക് പരിശീലനം നല്കി. ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ സംസ്ഥാന നാളികേര മ്യൂസിയം ആരംഭിച്ചു. കാർഷിക സർവ്വകലാശാല വിവിധ വിഷയങ്ങളിലായി 1,520 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

341. കേരള ബാങ്കിന്റെ സ്ഥാപനം കാർഷിക വായ്പകൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നുണ്ട്. താഴ്ന്ന പലിശയ്ക്ക് വായ്പ

ലഭ്യമാക്കും. കാർഷിക മേഖലയിലേയ്ക്കുള്ള വായ്പകൾ കൃത്യമായി മോണിറ്റർ ചെയ്യും.

കാർഷികമേഖലയിൽ വായ്പാ വിതരണത്തിനുള്ള നടപടികൾ കേരള ബാങ്ക് കൈക്കൊണ്ടു. 2021-22ൽ കാർഷിക അനുബന്ധ മേഖലകളിലെ സ്ഥിര വിലയിൽ 4.6 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി.

342. കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം കമ്പനി, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കും.

കേരഫെഡിൽ ഉല്പന്ന വൈവിദ്ധ്യവല്കരണം നടപ്പിലാക്കി വരുന്നു. ഓയിൽ പാം കമ്പനി കഴിഞ്ഞ 2 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നു. വെയർ ഹൗസിംഗ് കോർപ്പറേഷൻ തലശ്ശേരി, മുതലമട, കൊഴിഞ്ഞാംപാറ എന്നിവിടങ്ങളിൽ പുതിയ വെയർ ഹൗസുകൾ സ്ഥാപിച്ചു. ഹോർട്ടികോർപ്പ് നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പുതുതായി 25 ഗ്രാമശ്രീ ഔട്ട് ലെറ്റുകൾ സ്ഥാപിച്ചു. തിരുവനന്തപുരം മാവേലിക്കര, ചേർത്തല, തൃശ്ശൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ ഓർഗാനിക് പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിച്ചു. തേനീച്ച വളർത്തലിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ചേർത്തലയിൽ സ്ഥാപിച്ചു.

## പച്ചക്കറി

343. രാജ്യത്ത് ആദ്യമായി പച്ചക്കറിക്ക് തറവില പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഇത് നടപ്പാക്കുന്നത് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള കോഓപ് മാർട്ടുകളും വിഎഫ്സികെയും വഴിയാണ്. എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലെയും കോഓപ് മാർട്ടുകൾ അവിടത്തെ കാർഷിക ഉൽപന്നങ്ങൾ വാങ്ങുകയും ചില്ലറ വിൽപന നടത്തുകയും ചെയ്യും. തറവില നടപ്പാക്കുന്നതിനുള്ള നഷ്ടം നികത്തുന്നതിന് കോഓപ്പ് മാർട്ടുകൾക്ക് 5 ലക്ഷം രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു ചെലവഴിക്കാം.

2020 നവംബർ മുതൽ പഴംപച്ചക്കറികൾക്ക് തറവില നൽകാൻ ആരംഭിച്ചു. 2022-23ൽ 145 ലക്ഷം രൂപയും 2023-24ൽ 93 ലക്ഷം രൂപയും ചിലവഴിച്ചു.

344. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽനിന്ന് സംഭരണം നടത്തുന്നതിനു വി.എഫ്.പി.സി.കെയ്ക്ക് പ്രത്യേക ധനസഹായം നൽകും.

വി.എഫ്.പി.സി.കെക്കായി 2022-23 ൽ 975 ലക്ഷം രൂപ ചെലവഴിച്ചു. 2023-24ൽ 2300 ലക്ഷം രൂപ വകയിരുത്തി. പദ്ധതിയുടെ ഭാഗമായി 14,820 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് പ്രോത്സാഹനം നൽകി. 1,50,000 ടൺ പച്ചക്കറി ഉല്പാദിപിച്ചു. വി.എഫ്.പി.സി.കെ യുടെ കർഷക വിപണികൾ വഴി 101.37 കോടി രൂപയുടെ 31,677 മെട്രിക് ടൺ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി.

345. ജൈവകൃഷിയടക്കമുള്ള ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് പച്ചക്കറിയുടെയും വാഴയുടെയും വിള വിസ്തൃതി 75,000 ഹെക്ടറായി

വർദ്ധിപ്പിക്കും. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പച്ചക്കറി ഉൽപ്പാദനം ഇരട്ടിയാകും. കേരള ഓർഗാനിക് ബ്രാൻഡ് പ്രചരിപ്പിക്കും.

ജൈവകൃഷി വ്യാപനം, മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് എന്നിവ വിപുലപ്പെടുത്തുന്നതിനായി ജൈവകാർഷിക മിഷൻ രൂപീകരിച്ചു. ഉത്തമ കാർഷിക മുറകൾ പാലിച്ചുകൊണ്ട് 31,305 ഹെക്ടറിൽ കൃഷി ചെയ്യുന്നു. ഇതിൽ 4,028 ഹെക്ടറിൽ വാഴ കൃഷിയും 4,379 ഹെക്ടറിൽ പച്ചക്കറി കൃഷിയും ഉൾപ്പെടുന്നു.

346. പച്ചക്കറി ഉൽപ്പാദന കേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും. എല്ലാ ബ്ലോക്കിലും മിച്ചപച്ചക്കറികൾ സൂക്ഷിക്കുന്നതിനുള്ള ചില്ലർ റൂം സർവ്വീസ് സഹകരണ ബാങ്കുകളോ, കാർഷിക ഏജൻസികളുമായോ ബന്ധപ്പെട്ട് സ്ഥാപിക്കും.

പച്ചക്കറി സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേരളത്തിലെ പ്രധാന നഗരങ്ങളിൽ പഴംപച്ചക്കറികളുടെ സംയോജിത വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 23.33 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകളും 5 മൂല്യവർദ്ധിത യൂണിറ്റുകളുടെയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. ആനയറ (തിരുവനന്തപുരം), കാക്കനാട് (എറണാകുളം) കണ്ണാറ (തൃശ്ശൂർ), മൂന്നാർ (ഇടുക്കി) എന്നിവിടങ്ങളിൽ പാക്ക് ഹൗസും ഇതോടനുബന്ധിച്ചുള്ള മീഡിയം ചില്ലർ സ്റ്റേറേജ് യൂണിറ്റുകളും നിർമ്മിച്ചുവരുന്നു. പച്ചക്കറികളുടെ സംഭരണ വിതരണത്തിനായി 19 റീഫർ വാനുകൾ ലഭ്യമാക്കി.

ചെറുകിട വിതരണ ശൃഖംല പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ 70 റീറ്റെയിൽ ഔട്ട് ലെറ്റുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. കണ്ണൂർ വിമാന താവളത്തിൽ 8.56 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന സെന്റർ ഫോർ പെരിഷബിൾ കാർഗോയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

347. നമ്മുടെ പുരയിടങ്ങളുടെ വലിപ്പം വളരെ ചെറുതാണ്. അതുകൊണ്ട് അയൽക്കൂട്ട ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കും. വിത്ത്, വളം തുടങ്ങിയവയുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂട്ടമായി നടത്തും.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി 23,423 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സംയോജിത കൃഷി നടപ്പാക്കിവരുന്നു.

348. നഗരകൃഷിയെ പ്രോത്സാഹിപ്പിക്കും. റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ടെറസ്, മുറ്റം കൃഷികളെ പ്രോത്സാഹിപ്പിക്കും. ഗാർഹിക മാലിന്യ കംപോസ്റ്റിങ്ങും നഗരകൃഷിയേയും സംയോജിപ്പിക്കും. ഫ്ലാറ്റുകളിലും മറ്റും മലിനജല പുനചംക്രമണം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.

നഗരകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷൻ വഴിയും പൊതുജനങ്ങൾക്ക് നേരിട്ടും കൃഷി ചെയ്യുന്നതിനാവശ്യമായ വിത്തുകളും, തൈകളും വിതരണം നടത്തി. 35,037 ചെടിച്ചട്ടി കൃഷി/ ലംബകൃഷി നടപ്പിലാക്കി.

349. വർഷംതോറും ഒരുകോടി ഫലവൃക്ഷതൈകൾ നടുന്നതിനുള്ള ദശവത്സര പരിപാടി 50,000 കോടി രൂപയുടെ അധിക വരുമാനം സംസ്ഥാനത്തു സൃഷ്ടിക്കും. കൃഷി വകുപ്പിന്റെ ഏജൻസികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നഴ്സറികൾ വഴിയാണ് ആവശ്യമായ നടീൽ വസ്തുക്കൾ കണ്ടെത്തുക. ഓരോ പഞ്ചായത്തിലും നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് പ്ലോട്ട് അടിസ്ഥാനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കും, മോണിറ്റർ ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ ഉൽപ്പാദന വർദ്ധനവിനായി അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.

ഒരു കോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കി. പദ്ധതികളുടെ ഭാഗമായി 1320 ഹെക്ടറിൽ ഫലവർഗ്ഗ വിസ്തൃതി വ്യാപിപ്പിച്ചു..

350. ഫലവൃക്ഷങ്ങൾക്കു മാത്രമല്ല, നെല്ല് അടക്കമുള്ള എല്ലാ വിളകളുടെയും വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തും. ഉയർന്ന ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള ഇനങ്ങൾ ലഭ്യമാക്കും. ഉപ്പുരസം കൂടുതലുള്ള ഭൂമിയിൽ കൃഷി ചെയ്യാവുന്ന നെല്ലിനങ്ങൾക്കും മറ്റും പ്രാധാന്യം നൽകും.

പൊക്കാളി കൃഷിക്ക് അനുയോജ്യമായ കൂടുതൽ വിത്തിനങ്ങൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ചിനം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി വിഎഫ്പിസികെ മുഖേന സ്വീകരിച്ചുവരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ തണ്ണിമത്തൻ, കുക്കുമ്പർ എന്നിവയുടെ സങ്കരയിനം വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയും സ്വീകരിച്ചിട്ടുണ്ട്.

## നെല്ല്

352. നെൽകൃഷിയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തരിശുരഹിത ഗ്രാമം പദ്ധതി സാർവ്വത്രികമാക്കും. പഞ്ചായത്തുകളുടെ മുൻകൈയിൽ റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യിക്കും.

2022–23ൽ 7,116 ഹെക്ടറിലും 2023–24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെ തരിശു രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു.

353. കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാ ബെയ്സ് സൃഷ്ടിക്കും. ഓരോ നെൽകൃഷി വയലും ജിപിഎസുമായി ബന്ധപ്പെടുത്തും. ഇതുവഴി തരിശ്ശുഭൂമി നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനു കഴിയും.

കേരള കൃഷി ഹബ് പോർട്ടലിന്റെയും വെബ് ആപ്ലിക്കേഷനുകളുടെയും സഹായത്തോടെ റിമോട്ട് സെൻസിംഗ് പ്രയോജനപ്പെടുത്തി നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതിയും തരിശു ഭൂമിയുടെ വിസ്തൃതിയും കൃത്യമായി കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

354. നെല്ലിന് കേന്ദ്രസർക്കാരിന്റെ സംഭരണ വില 18 രൂപ ആയിരിക്കുമ്പോൾ കേരളം നൽകുന്നത് 28 രൂപയാണ്. പാലക്കാട്ടെയും ആലപ്പുഴയിലെയും തൃശ്ശൂരിലെയും റൈസ് പാർക്കുകൾ പ്രവർത്തനക്ഷമമാകുന്നതോടെ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. നെല്ലിന്റെ സംഭരണവില കാലോചിതമായി വർദ്ധിപ്പിക്കും. സംഭരണവില കാലതാമസമില്ലാതെ കൃഷിക്കാർക്കു ലഭിക്കുമെന്ന് ഉറപ്പുവരുത്തും.

2022-23ൽ 7,48,403 ടൺ നെല്ല് കർഷകരിൽ നിന്നും സംഭരിക്കുകയും 2096 കോടി രൂപ സംഭരണവിലയായി നല്കുകയും ചെയ്തു. 2023-24 ൽ 7,31,183 മെട്രിക് ടൺ നെൽവിത്ത് സംഭരിക്കുകയും 2,026 കോടി രൂപ സംഭരണവിലയായി നല്കുകയും ചെയ്തു. 1,75,610കർഷകർക്ക് ഇതിന്റെ ഗുണം ലഭിച്ചു.

355. തരിശുരഹിത പഞ്ചായത്ത് സ്കീം വ്യാപകമാക്കും. ഹെക്ടറിന് 5,500 രൂപ വീതം നെൽകൃഷിക്കാർക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾ 5000 മുതൽ 10,000 രൂപ വരെ അധിക ധനസഹായവുമുണ്ട്. ഇതിനുപുറമേ ഹെക്ടറിന് 2000 രൂപ വീതം 40 കോടി രൂപ റോയൽറ്റിയായും നൽകുന്നു. ഇന്ത്യയിൽ ഏറ്റവും ഉയർന്ന തോതിലുള്ള സബ്സിഡി കേരളത്തിലാണ്. നിലവിലുള്ള റോയൽറ്റി കാലോചിതമായി പരിഷ്കരിക്കും.

2022-23ൽ 7,116 ഹെക്ടറിലും 2023-24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെ തരിശു രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വയലുകൾ സംരക്ഷിക്കുന്നതിനും ഉടമകൾക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ റോയൽറ്റി ആയി അനുവദിച്ച്വരുന്നു.

356. ഗ്രൂപ്പ് ഫാമിംഗിനെ പ്രോത്സാഹിപ്പിക്കും. ഗ്രൂപ്പ് ഫാമിംഗ് മേഖലയിൽ കാർഷിക സഹായങ്ങൾ കഴിയുന്നത്ര പാടശേഖര സമിതികൾ വഴിയാക്കും.

നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖര സമിതികൾ രൂപീകരിച്ച് കൃഷി ചെയ്തുവരുന്നു. പാടശേഖരങ്ങളുടെ ശാക്തീ കരണം ലക്ഷ്യമാക്കി പൊതുഞാറ്റടി തയ്യാറാക്കൽ, കാർഷിക യന്ത്രോ പകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർ ത്തനചിലവിനായി ഹെക്ടറിന് 360 രൂപ തോതിൽ ആനുകൂല്യം നല്കിവരുന്നു.

357. കർഷകത്തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകും. മെച്ചപ്പെട്ട സേവനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമെങ്കിൽ നേരിട്ട് കൃഷി ചെയ്യുന്നതിനും വേണ്ടി കാർഷിക കർമ്മസേനകൾ എല്ലാ പഞ്ചായത്തുകളിലും ആഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ആരംഭിക്കും.

കർഷകർക്കും കർഷകത്തൊഴിലാളികൾക്കും 476 പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. 2022-23 വർഷത്തിൽ പുതിയതായി 20ഉം 2023-24ൽ 22ഉം ആഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ 6,252 സേവന ദാതാക്കൾ പ്രവർത്തിച്ചുവരുന്നു.

358. കാർഷിക കർമ്മസേനകളും ആഗ്രോ സർവ്വീസ് സെന്ററുകളും വഴി നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം വ്യാപിച്ചിട്ടുണ്ട്. യന്ത്രങ്ങളുടെ നവീകരണത്തിന് പ്രത്യേക സംവിധാനമുണ്ടാക്കും. പൊക്കാളി പാടങ്ങൾക്ക് അനുയോജ്യമായ ഉഴവ്, കൊയ്ത്ത് യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ നടത്തും.

കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23ൽ 19,639 വ്യക്തിഗത കർഷകർക്കും 422 കർഷകഗ്രൂപ്പുകൾക്കും കാർഷികയന്ത്രങ്ങൾ നൽകി. 2023-24ൽ 35,500 വ്യക്തിഗത കർഷകർക്കും 50 കർഷകഗ്രൂപ്പുകൾക്കും കാർഷികയന്ത്രങ്ങൾ നൽകി.

359. ബ്ലോക്കുകളിലെ ആഗ്രോ സർവ്വീസ് സെന്ററുകൾ കൃഷിക്കാർക്കുവേണ്ട സേവനങ്ങളുടെയെല്ലാം ഏകജാലകമായി പ്രവർത്തിക്കും. കാർഷിക കർമ്മസേനകൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക.

കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2023-24 വർഷത്തിൽ പുതിയതായി 22 ആഗ്രോ സർവീസ് സെന്ററുകൾ (കൃഷിശ്രീ സെന്ററുകൾ) ആരംഭിച്ചു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ 6252 സേവന ദാതാക്കൾ നിലവിൽ പ്രവർത്തിച്ചു വരുന്നു.

## നാളികേരം

360. പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ ഊർജ്ജിതപ്പെടുത്തും. വർഷം തോറും എല്ലാ വാർഡുകളിലും 75 എണ്ണം വീതം തെങ്ങിൻ തൈകൾ വിതരണം ചെയ്യും. ഇങ്ങനെ ഒരു കോടി തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുകയാണ് ലക്ഷ്യം. ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയെ ഉത്തമ തൈകൾ സൃഷ്ടിക്കുന്നതിന് ഉപയോഗപ്പെടുത്തും.

കേരള നാളികേര കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 12.64 ലക്ഷം തെങ്ങിൻ തൈകളും. 2023-24ൽ 13.87431 ലക്ഷം തെങ്ങിൻ തൈകളും വിതരണം നടത്തി.

361. സർവ്വീസ് സഹകരണ ബാങ്കുകൾ കേരോൽപ്പന്ന മൂല്യവർദ്ധന വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ നേരിട്ടോ കർഷക ഫെഡറേഷൻ വഴിയോ നടത്തുന്നതിന് പ്രോത്സാഹിപ്പിക്കും. സർക്കാർ പ്രഖ്യാപിത

തറവില ഉറപ്പാക്കിക്കൊണ്ട് നാളികേരം സംസ്കരണ സംഘങ്ങൾ സംഭരിക്കും. കഴിവതും തെങ്ങുകയറ്റ സംഘങ്ങളെ ഉപയോഗപ്പെടുത്തി കൃത്യമായി തേങ്ങയിടുകയും ആവശ്യമായ കാർഷിക പരിചരണങ്ങൾ നൽകുകയും ചെയ്യും. ചകിരി കയർഫെഡ്ഡു വഴി ആദായവിലയ്ക്കു സംഭരിക്കും. വെളിച്ചെണ്ണയും മറ്റ് ഉൽപ്പന്നങ്ങളും പ്രാദേശിക കമ്പോളത്തിനു പുറമേ ബ്രാൻഡ് ചെയ്ത് പുറത്തു വിൽക്കുന്നതിനും ഏർപ്പാടുണ്ടാകും. മൂല്യവർദ്ധനയിലെ ലാഭത്തിൽ ഒരുപങ്ക് കൃഷിക്കാർക്കു ബോണസായി നൽകും.

കിലോയ്ക്ക് 32 രൂപയായിരുന്ന തേങ്ങയുടെ സംഭരണവില 34 രൂപയായി വർദ്ധിപ്പിച്ചു. 2023-24 വർഷത്തിൽ 16576.35 ടൺ പച്ചതേങ്ങ സംസ്ഥാന സർക്കാർ സംഭരിക്കുകയും 59.39 കോടി രൂപ 47361 കർഷകർക്കായി വിതരണം ചെയ്യുകയും ചെയ്തു. നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണത്തിൽ 2022-23സാമ്പത്തിക വർഷം 255 മെട്രിക് ടൺ കൊപ്രയും 2023-24 സാമ്പത്തിക വർഷം 1118.36മെട്രിക് ടൺ കൊപ്രയും കേരളത്തിലെ കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. സെൻട്രൽ വെയർ ഹൗസ് കോർപ്പറേഷൻ കൂടി കൊപ്രാ സംഭരണത്തിൽ പങ്കെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കേരള സർക്കാർ നല്കുന്ന പച്ചതേങ്ങയുടെ അടിസ്ഥാനവില ഉറപ്പാക്കുന്ന തിനായി കൊപ്ര സംഭരണത്തിൽ പങ്കെടുത്ത കർഷകർക്ക് നാഫെഡ് നല്കുന്ന 29.322 രൂപ/ കിലോ പച്ചതേങ്ങയ്ക്ക് പുറമേ സംസ്ഥാനം 4.678രൂപ/കിലോ പച്ചതേങ്ങയ്ക്ക് നല്കുന്നുണ്ട്.

ബ്ലോക്ക്തലത്തിൽ രൂപീകരിച്ചിട്ടുള്ള അഗ്രോസർവ്വീസ് സെന്ററുകൾ/ കൃഷിശ്രീ സെന്ററുകൾ/കാർഷിക കർമ്മസേന എന്നിവയിലെ അംഗങ്ങൾക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നല്കുകയും തെങ്ങുകയറ്റ യന്ത്രങ്ങൾ പ്രയോജനപ്പടുത്തുകയും ചെയ്തിട്ടുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ 'കേരളഗ്രോ' എന്ന കൃഷിവകുപ്പിന്റെ ബ്രാൻഡിൽ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മോൾ ഫാർമേഴ്സ് അഗ്രിബിസ്നസ്സ് കൺസോർഷ്യത്തിന്റെ മുഖേന 10 നാളികേര അധിഷ്ഠിത ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും 8 നാളികേര അധിഷ്ഠിത എം.എസ്.എം.ഇ കൾക്കും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കിവരുന്നു.

362. പഴയ തെങ്ങുകൾ വെട്ടിമാറ്റി താരതമ്യേന പൊക്കം കുറഞ്ഞ, ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള നാളികേര ഇനങ്ങൾ റീപ്ലാന്റ് ചെയ്യുന്ന സ്കീം വിപുലപ്പെടുത്തും. ടിഷ്യുകൾച്ചർ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കും. ഇടവിള കൃഷിയും ജലസേചനവും പ്രോത്സാഹിപ്പിക്കും.

നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക ലക്ഷ്യമാക്കി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. 2022-23ൽ 98 കേരഗ്രാമങ്ങളും 2023-24ൽ 50 കേരഗ്രാമങ്ങളും നടപ്പിലാക്കി. നാളികേര വികസനത്തിനായി 2022-23ൽ 47.861 കോടി രൂപയും 2023-24ൽ 39.74 കോടി രൂപയും ചെലവഴിച്ചു. നാളികേരത്തിന്റെ ഉൽപാദനക്ഷ മത 2020-21ൽ ഹെക്ടർ ഒന്നിന് 6,228 ആയിരുന്നു. 2022-23ൽ ഇത് 7,419ആയി ഉയർന്നു.

363. കൃഷിക്കാരുടെ ഉടമസ്ഥതയിൽ നാളികേര മൂല്യവർദ്ധിത വ്യവസായങ്ങളെ വളർത്തിയെടുത്തുകൊണ്ടു മാത്രമേ കൃഷിക്കാരുടെ വരുമാനം ഗണ്യമായി ഉയർത്താനാകൂ. ഇതിനായി സർവ്വീസ് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ നേരിട്ടോ കൃഷിക്കാരുടെ ഉടമസ്ഥതയിലോ നാളികേര ക്ലസ്റ്റർ സ്ഥാപിക്കും. ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ തേങ്ങയിടുന്നതിനും സംഭരിക്കുന്നതിനുമുള്ള സംവിധാനത്തിനു രൂപം നൽകും.

സ്മോൾ ഫാർമേഴ്സ് അഗ്രിബിസ്നസ്സ് കൺസോർഷ്യത്തിന്റെ മുഖേന 10 നാളികേര അധിഷ്ഠിത ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും 8 നാളികേര അധിഷ്ഠിത എം.എസ്.എം.ഇകൾക്കും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കിവരുന്നു.

364. ചകിരി, വെളിച്ചെണ്ണ, മറ്റു വ്യവസായ ഉൽപ്പന്നങ്ങളിൽ നിന്നുള്ള ആദായം വഴി താങ്ങുവിലയേക്കാൾ 23 രൂപ മൂല്യവർദ്ധനയിൽ നിന്ന് ബോണസായി കൃഷിക്കാർക്കു നൽകാനാവും.

നടപടികൾ പരിഗണനയിലാണ്

365. തെങ്ങുകയറ്റ തൊഴിലാളികളുടെ ഇൻഷുറൻസ് വിപുലപ്പെടുത്തും. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കും. അനുയോജ്യമായ തെങ്ങുകയറ്റ യന്ത്രം രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ സംഘടിപ്പിക്കും. തെങ്ങുകയറ്റ തൊഴിലാളികളുടെ സംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ച് യൂബർ മോഡലിൽ കൃഷിക്കാരുമായി ബന്ധപ്പെടുത്തും.

സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ഘടകം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ യൂബർ മോഡലിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരഗ്രാമം പദ്ധതിയുടെ ഭാഗമായി 2023-24 വർഷം 131 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷിവകുപ്പ് 2023 വർഷം സംഘടിപ്പിച്ച വൈഗ എക്സിബിഷന്റെ ഭാഗമായി ഹാക്കത്തോൺ നടത്തുകയും വിവിധ യന്ത്രങ്ങളുടെ രൂപകല്പന തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## റബ്ബർ

366. റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. റബറിന്റെ സംഭരണവില 250 രൂപയായി ഉയർത്തും. ഇതിലൊരു ഭാഗം കേന്ദ്രസർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രക്ഷോഭത്തിനു മുൻകൈയെടുക്കും.

റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി 50,000 രൂപയായി ഉയർത്തുന്നതിനും റബ്ബറിനെ താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തി കിലോയ്ക്ക് 250 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടു കേന്ദ്രസർക്കാരിന് കത്ത് നൽകി.

കേന്ദ്ര സർക്കാരിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി 2024-25 വർഷത്തിൽ 40,000 രൂപയായി

ഉയർത്തി. റബ്ബറിന്റെ താങ്ങുവില 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചു. കേര പദ്ധതിയിലും റബ്ബർ കൃഷിക്ക് സഹായധനം നൽകുന്നതിനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

367. റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തും. കോട്ടയത്ത് ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ ടയർ ഫാക്ടറി അടക്കമുള്ള റബർ പാർക്ക് സ്ഥാപിക്കും. കൃഷിക്കാരിൽ നിന്നും ലാറ്റക്സ് സംഭരിക്കുന്നതിന് അമുൽ മോഡലിൽ സഹകരണ സംഘം സ്ഥാപിക്കും. ലാറ്റക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ് സബ്സിഡിയും സൗജന്യ പാട്ടഭൂമിയും അനുവദിക്കും.

2021-22ൽ കോട്ടയം ആസ്ഥാനമാക്കി റബ്ബർ ഉൽപ്പാദന സൗകര്യം സൃഷ്ടിക്കാനുള്ള കമ്പനി രൂപീകരിച്ചു.

368. റോഡ് നിർമ്മാണത്തിൽ കേരളത്തിന്റെ മുൻകൈയിൽ റബർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കും. ദേശീയതലത്തിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

2021 മെയ് 21ന് ശേഷം ഏകദേശം 1,300 കി.മീ റോഡുകൾ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചു നിർമ്മിച്ചു.

## മറ്റു തോട്ടവിളകൾ

369. നാളികേരത്തിനെന്ന പോലെ താങ്ങുവില വയനാട്ടിലെ കാപ്പി കൃഷിക്കും താങ്ങുവില നടപ്പാക്കുന്നതാണ്. നിർദ്ദിഷ്ട ഗുണനിലവാരമുള്ള കാപ്പിക്ക് 90 രൂപയായിരിക്കും തറവില. ഈ കാപ്പിക്കുരു ബ്രാൻഡഡ് കാപ്പിപ്പൊടിയായി വിപണനം ചെയ്യുന്നതിനുള്ള വിപുലമായ പരിപാടി ആവിഷ്കരിക്കും. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സർക്കാർ നൽകും.

കാപ്പികുരുവിന് കമ്പോള വിലയെക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി കർഷകരിൽ നിന്നും സംഭരിച്ച് അംഗീകൃത സൊസൈറ്റികൾക്ക് നൽകുന്നു. വയനാട് പാക്കേജിന്റെ ഘടകമായാണ് ഇത് നടപ്പാക്കുന്നത്.

370. കിഫ്ബി മുതൽമുടക്കിൽ വയനാട് കോഫി പാർക്ക് സജ്ജമാകും. ഭൂരിപക്ഷം കൃഷിക്കാരുടെയും കാപ്പിക്കുരു അതോടെ തറവില അടിസ്ഥാനത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനമൊരുങ്ങും.

വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

371. അനിയന്ത്രിതമായ ഇറക്കുമതിമൂലം അടയ്ക്ക, കുരുമുളക്, ഏലം, തേയില തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ വലിയ അനിശ്ചിതത്വം ഉണ്ടാകുന്നുണ്ട്. ഇവയ്ക്ക് റബ്ബർ താങ്ങുവിലയുടെ മാതൃകയിൽ സംരക്ഷണം നൽകണമെന്ന് കേരളം ശക്തമായി കേന്ദ്രത്തോട് ആവശ്യപ്പെടും.

കുരുമുളകിനും ഏലത്തിനും താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട്

കേന്ദ്ര സർക്കാരിന് കത്ത് നല്കിയിട്ടുണ്ട്.

372. കുരുമുളകു പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കൊക്കോ, പഴവർഗ്ഗങ്ങൾ, തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള പാർക്കുകൾ സ്ഥാപിക്കുന്നതാണ്. വയനാട് മെഗാഫുഡ് പാർക്കും മുട്ടത്തെ സ്പൈസസ് പാർക്കും ഹൈറേഞ്ചിൽ ഫുഡ് പാർക്കും സ്ഥാപിക്കും. ഈ പാർക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി കാപ്പിയിലെന്നപോലെ ഈ വിളകൾക്കും സംഭരണവില നടപ്പിലാക്കും.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

375. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിച്ച് കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തേൻ ഗ്രാമങ്ങൾ സ്ഥാപിക്കും. തൃശ്ശൂരിലെ തേൻ പാർക്ക് പ്രവർത്തനക്ഷമമാക്കും. കാട്ടാനശല്യം പ്രതിരോധിക്കുന്നതിനു തേനീച്ചക്കൂടുകളുടെ ശൃംഖല പരീക്ഷിച്ചുനോക്കും.

തൃശ്ശൂർ കണ്ണറയിൽ കിഫ്ബി സഹായത്തോടെ ആരംഭിച്ച ബനാന ഹണി പാർക്കിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

376. എല്ലാ വിളകളുടെയും വിപണന ശൃംഖല പഠിക്കുകയും വിപണനത്തിനായുള്ള വിള അടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കും ഇതിനൊരു വിദഗ്ധ സമിതിയെ നിയോഗിക്കും. ഏലം പോലുള്ള വിളകളിൽ ഇ–ഓക്ഷൻ പ്രോത്സാഹിപ്പിക്കും. വ്യവസായ വകുപ്പിന്റെ കീഴിൽ പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ മേഖലയുടെ വിപണ ശൃംഖല ഉൾപ്പടെയുള്ള സമഗ്രമായ പഠനം നടത്തുന്നതിന് കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തി.

പ്ലാന്റേഷൻ ഉൽപന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിനും വിളകളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുമായി എറണാകുളം കലൂർ സ്റ്റേഡിയത്തിൽവച്ച് പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിച്ചു. കേരളത്തിലെ തോട്ടം ഉത്പന്നങ്ങൾ ലോകത്തിനുമുൻപിൽ പ്രദർശിപ്പിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനുമായി ന്യൂഡൽഹിയിലെ പ്രഗതിമൈതാനിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേയ്ഡ്ഫെയർ, ബാംഗ്ളൂർപാലസ് ഗ്രൗണ്ടിൽ നടന്നവേൾഡ് കോഫീകോൺക്ലേവ് എന്നിവയിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് പങ്കെടുക്കുകയും കേരളത്തിലെ തോട്ടംമേഖലയിലെ സംരംഭകർക്ക് പങ്കെടുക്കാൻ സൗകര്യം ഒരുക്കുകയും ചെയ്തു.

377. തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും താരതമ്യേന പിന്നോക്കം പോവുകയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും വൈവിധ്യവൽക്കരണത്തിലൂടെയും മൂല്യവർദ്ധിതതൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന്




പട്ടയ വിതരണം

ആവശ്യമായ അധികവരുമാനം കണ്ടെത്തിയേതീരൂ. തോട്ടം തൊഴിലാളികൾക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തും. പാർപ്പിടപദ്ധതി പൂർത്തീകരിക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കും. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ ആയികണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽനടത്തും. വ്യവസായവകുപ്പിന്റെ കീഴിൽ പ്രത്യേകപ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി 2024–25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വ്യവസായ വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്ന തോട്ടം ഉടമകൾക്ക് പ്രസ്തുത തുക സബ്സിഡി / പലിശ ഇളവായി അനുവദിക്കുന്നതിനായുള്ള പദ്ധതി തയ്യാറായിവരുന്നു.

## മലയോര കൃഷിഭൂമി

378. നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കൈയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി

പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തും.

നിയമ വിരുദ്ധമായി സർക്കാർ ഭൂമി കൈവശം വയ്ക്കുകയും സർക്കാർഭൂമി കയ്യേറുകയും ചെയ്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന 67 വൻകിട തോട്ട ഉടമകളെ കണ്ടെത്തുകയും 17 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ശേഷിക്കുന്ന കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിയമവിരുദ്ധമായി സർക്കാർ ഭൂമി കയ്യേറിയ വിവിധ കേസുകളിലായി 688.2 ഏക്കർ ഭൂമി ഒഴിപ്പിച്ച് സർക്കാർ ഏറ്റെടുത്തു.

379. 01.01.1977 ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ നാല് ഏക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകിത്തുടങ്ങി. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുവാനുള്ള നടപടി താമസമില്ലാത്ത പൂർത്തീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകും. പരിസ്ഥിതി ദുർബലപ്രദേശങ്ങളായി (ഇ.എസ്.എ) നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കും. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള കാർഷിക പ്രദേശങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമായ എല്ലാ കേസുകളിലും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. 1977ന് മുൻപ് കുടിയേറിയ കർഷകരോ അവരുടെ പിൻഗാമികളോ അജ്ഞത മൂലമോ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന തെറ്റിദ്ധാരണ മൂലമോ മറ്റു പലവിധ കാരണങ്ങളാലോ അപേക്ഷ നൽകാൻ കഴിയാതെ പോയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന വനം, റവന്യൂ വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിന്റെ പ്രത്യേക സാഹചര്യം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ലാത്ത അർഹതയുള്ള കുടിയേറ്റക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഉടൻ നടപടി സ്വീകരിക്കുമെന്നും കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിലേക്കുള്ള വിവരശേഖരണം നടന്നുവരുന്നു. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

380. ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നം പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകും. ജനങ്ങളുടെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചും അവരുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തിയായിരിക്കും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ 1964 ലെ ഭൂപതിവ് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തും.



പാറപ്പുറം റെഗുലേറ്റർ ബ്രിഡ്ജ്

ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 1960ലെ ഭൂപതിവ് നിയമ ഭേദഗതി 2023 സെപ്റ്റംബർ 14 ന് കേരള നിയമസഭ പാസ്സാക്കി. ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ജലസേചനം

381. കാർഷിക ലക്ഷ്യങ്ങൾ ആവശ്യമുള്ള കൈവരിക്കണമെങ്കിൽ ആവശ്യമായ സമയത്ത് ആവശ്യമുള്ള വെള്ളം അനിവാര്യമാണ്. ജലസേചനവകുപ്പ് നദീതട അടിസ്ഥാനത്തിലും വൻനീർത്തട അടിസ്ഥാനത്തിലുമുള്ള ആസൂത്രണമാണ് ഏറ്റെടുക്കുക. സൂക്ഷ്മ നിർത്തടങ്ങളുടെ ആസൂത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലായിരിക്കും. അവയോടു ബന്ധപ്പെടുത്തിയായിരിക്കും ചെറുകിട ജലസേചനം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

914 പഞ്ചായത്തുകളുടെ നീർത്തടാധിഷ്ഠിത പ്ലാനുകൾ പൂർത്തിയായി. 2018ലെ മഹാപ്രളയത്തിനു മുൻപാണ് നീർത്തട മാസ്റ്റർ പ്ലാനുകൾ തയാറാക്കിയിട്ടുള്ളത്. പ്രളയാനന്തരംതോടുകൾ / ചെറുനീർച്ചാലുകൾ തുടങ്ങിയ ജല സ്രോതസ്സുകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ തയാറാക്കിയ നീർത്തട പ്ലാനുകൾ പരിഷ്കരിക്കൽ, മാസ്റ്റർപ്ലാൻ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ തയാറാക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. നീർത്തട മാസ്റ്റർപ്ലാനുകൾ, നീരുറവ പദ്ധതിയുടെ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2023-24ൽ 89.57 കോടി രൂപയുടെ ചെറുകിട ജലസേചന പ്രവൃത്തികൾ പൂർത്തീകരിച്ചു.

382. **നിലവിലെ വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. അവ പൂർത്തീകരിച്ചശേഷമേ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയുള്ളൂ. അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട കബനി, ഭവാനി, പമ്പ, കാവേരി തടങ്ങളിലെ പദ്ധതികൾക്ക് മുൻഗണന നൽകും. ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കും. പുഴകളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് വേണ്ടി ശാസ്ത്രീയമായ പഠനത്തിൻറെ അടിസ്ഥാനത്തിൽ ചെക്ക്ഡാമുകളുടെയും റെഗുലേറ്റേഴ്സിൻറെയും ശൃംഖല പണിയും. ഭൂഗർഭജലം റീചാർജിംഗിന് പദ്ധതികൾ ആവിഷ്കരിക്കും. ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കൂടുതൽ കർശനമാക്കും.**

കെ.ഐ.ഐ.ഡി.സി 19 റെഗുലേറ്റർ പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. അതിൽ 12 പദ്ധതികൾക്കായി കിഫ്ബിയിൽ നിന്ന് ഏകദേശം 526.47 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. 3 പദ്ധതികൾ പൂർത്തീകരിച്ചു. 9 പദ്ധതികളുടെ നിർമാണം പുരോഗമിക്കുന്നു. പദ്ധതികൾ യാഥാർഥ്യ മാകുന്നതോടെ ഏകദേശം 10,000 ഹെക്ടറോളം ഭൂമിയിൽ കൃഷിക്കായി ജലലഭ്യത ഉറപ്പുവരുത്താനാകും. ഭൂഗർഭജല ലഭ്യത വർധിപ്പിക്കുകയും ഉപ്പുവെള്ളം കയറുന്നതു തടയുകയും ചെയ്യും.

കനാൽ പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിച്ച് 2025 ഡിസംബറോടുകൂടി പഴശ്ശി പദ്ധതി റീകമ്മീഷനിംഗ് നടത്തുന്നതിനും ബാണാസുരസാഗർ, കാരാപ്പുഴ മുതലായ മറ്റ് ജലസേചനപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു

അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട് കാവേരി നദീജല തർക്ക ട്രിബ്യൂണൽ, കബനി ഉപനദീതടത്തിനനുവദിച്ച 21 ടി.എം.സി. ജലത്തിൽ 11.51 ടി.എം.സി ജലത്തിന്റെ വിനിയോഗം സാധ്യമാക്കേണ്ടത് നിർദ്ദേശിക്കപ്പെട്ട 7 ഇടത്തരം ജലപദ്ധതികളിലൂടെയാണ്. കടമാന്തോട്, തൊണ്ടാർ എന്നീ പദ്ധതികളുടെ പ്രാരംഭപര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാവേരി നദീജലതർക്ക പരിഹാര ട്രിബ്യൂണലിന്റെ അന്തിമ വിധി പ്രകാരം കബനി ഉപനദീതടത്തിനനുവദിച്ച 21 ടി.എം.സി. ജലത്തിൽ 2.8 ടിഎംസി ജലം ഉപയോഗപ്പെടുത്തേണ്ടത് കാരാപ്പുഴ ഇടത്തരം ജലസേചന പദ്ധതിയിലൂടെയാണ്. കാരാപ്പുഴ ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലകളിലൂടെ 29.205 കി.മീ. ദൂരത്തിൽ ചരിത്രത്തിൽ ആദ്യമായി പൂർണ്ണതോതിൽ 2023 കാർഷിക സീസൺ മുതൽ ജല വിതരണം നടത്തിവരുന്നു. ഇതുമൂലം 636.53 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ സാധിച്ചു.

വയനാട് ജില്ലയിലെ ജലസേചന സൗകര്യം പരിപോഷിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത ബാണാസുര സാഗർ ജലസേചന പദ്ധതി സമയബന്ധിത മായി പൂർത്തികരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട് കാവേരി നദീജല തർക്കട്രിബ്യൂണൽ പാമ്പാർ ഉപനദീ തടത്തിനനുവദിച്ച 3 റ്റി.എം.സി ജലം ഫലപ്രദമായി ഉപയോഗിക്കുവാൻ വേണ്ടി വിഭാവനം ചെയ്തപദ്ധതികളിൽ 3 ഡാമുകളുടെ നിർമ്മാണമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ചെങ്കലാർ പദ്ധതിയിൽ

ഉൾപ്പെട്ട പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ലോവർ ചട്ടമൂന്നാർ ഡാമിന്റെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റമരം ഡാമിന്റെ പ്രാരംഭ പര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

383. ജലഗുണ നിലവാര സ്ഥാപനങ്ങളിലും അംഗികൃത കേന്ദ്രങ്ങൾസ്ഥാപിക്കും. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾ ലാബുകളിൽ ഇതിനുള്ള പൊതു സംവിധാനം ഒരുക്കും. മൂന്നാം നിരചാലുകൾ മുതലുള്ള വലിയ നീർച്ചാലുകളിൽ മഴക്കാല നീരൊഴുക്ക് തടസ്സപ്പെടുത്താത്ത തരത്തിലുള്ള ബന്ധാര മാതൃകയിലുള്ള സംഭരണികൾ നിർമ്മിക്കും. മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പാലക്കാട്ടെ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കും.

വരൾച്ചാ ബാധിത മഴനിഴൽ പ്രദേശമായ ചിറ്റൂർ മേഖലയിലെ പൊതുകുളങ്ങൾ നവീകരിക്കുന്നതിനായി ജലസേചനവകുപ്പ് ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി 27 പൊതുകുളങ്ങൾ നവീകരിച്ചു. കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിലൂടെ കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിൽ കല്ലട നദിക്ക് കുറുകെ ചെക്ക് ഡാം ആരംഭിച്ചു. 2.98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിച്ചു. അടുത്ത മഴക്കാലത്തിനു മുൻപ് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയും.

## ഡാം റീഹാബിലിറ്റേഷൻ പദ്ധതികൾ

അണക്കെട്ടുകളുടെ കാര്യക്ഷമമായ അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കുമായും ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റിന്റെയും, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും കോഫിനാൻസിംഗ് സഹായത്തോടെ ആവിഷ്കരിച്ച ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (ഡ്രിപ്) ഘട്ടം 2നു കേരള സർക്കാരിന്റെ 240 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. തിരഞ്ഞെടുത്ത 15 അണക്കെട്ടുകളായ മലമ്പുഴ, നെയ്യാർ, വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, പഴശ്ശി, ഭൂതത്താൻകെട്ട് ബാരേജ്, മണിയാർ ബാരേജ്, കാരാപ്പുഴ, മംഗലം എന്നിവയുടെ പുനരുദ്ധാരണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എ.എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നു. അധികമായി സ്ഥാപിച്ച 39 ഉപജില്ല ലാബുകളുടെ നവീകരണം പൂർത്തിയാക്കി. ഇവയിൽ 37 എണ്ണത്തിന് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ചു. 534 ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കാൻ ഭരണാനുമതി നൽകി. 207 സ്കൂളുകളിൽ സ്ഥാപിച്ചു. 26,721 ജല സാമ്പിളുകൾ ഈ ലാബിൽ പരിശോധിച്ചു.

384. കാർഷിക കലണ്ടർ അനുസരിച്ച് ജലസേചന പദ്ധതികളിലെ ജലവിതരണം കാര്യക്ഷമമാക്കും. കാഡയുടെ പ്രവർത്തനത്തെ സമഗ്രമായി പുനഃസംഘടിപ്പിക്കും. ബ്രാഞ്ച് കനാലുകൾ ഡിസ്ട്രിബ്യൂട്ടറീസ്, ഫീൽഡ്ബൂത്തുകൾ, തലക്കുളങ്ങൾ, മഴവെള്ള നിർഗമനതോടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് വലിയതോതിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന് പ്രാദേശിക മാസ്റ്റർപ്ലാൻ ഉണ്ടാകും. ചെറുകിട ജലസേചനപദ്ധതികളും ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് പോലുള്ള ജലവിനിയോഗ ക്ഷമത കൂടിയ നവീന ജലസേചന പദ്ധതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെല്ലാം പുനരുദ്ധരിക്കുന്നതാണ്

സംസ്ഥാനബജറ്റ് വിഹിതം, റീബിൽഡ് കേരള ഇൻഷ്യറ്റീവ് എന്നീ ഫണ്ടുകളുപയോഗിച്ച് കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ഏകദേശം 1300 ഏക്കർ പ്രദേശത്ത് ജലസേചനം ഉറപ്പാക്കാൻ സാധിക്കും.

മഴനിഴൽ പ്രദേശമായ പാലക്കാട് ജില്ലയിലും, ഇടുക്കി ജില്ലയിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി. 3.10 കോടി രൂപ മുതൽമുടക്കി കരടിപ്പാറ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

കെ. എം. മാണി കമ്മ്യൂണിറ്റി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാമാക്ഷി (53.72 ഏക്കർ), മുക്കം (196 ഏക്കർ), വണ്ടന്മേട് (65.56 ഏക്കർ), തിരുമാറാടി (150 ഏക്കർ), പഴയന്നൂർ (75 ഏക്കർ) എന്നീ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

442 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2023-24 സാമ്പത്തിക വർഷം 608 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

385. അന്തർസംസ്ഥാന നദീജല കരാറുകൾ കാലോചിതമായി പുനരവലോകനം ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾതുടരും. നദീ സംയോജന പദ്ധതിയിൽ പമ്പ, അച്ചൻകോവിൽആറുകളെ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും. ജലമലിനീകരണം ഇല്ലാതാക്കി നദികളെ പുനരുദ്ധരിക്കും. പമ്പ, ചാലിയാർ ആക്ഷൻപ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ഇതുപോലെ. ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികൾക്കായി പുനരുജ്ജീവന പദ്ധതിതയ്യാറാക്കും.

പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം – ഇന്ത്യയിലെ ആദ്യത്തെ നദീസംയോജന പദ്ധതികളിൽ ഒന്നായ പറമ്പിക്കുളം ആളിയാർ പദ്ധതി വഴി പെരിയാർ, ചാലക്കുടിപുഴ, ഭാരതപ്പുഴ എന്നീ മൂന്നുനദികളിലെ ജലം കേരളവും തമിഴ്നാടും പങ്കുവയ്ക്കുന്നുണ്ട്. 1970 മേയ് 29ന് നിലവിൽ വന്ന പി.എ.പി കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ച

ചെയ്യാനും കരാർ പുതുക്കുന്നതിനുമായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിച്ചു. ചർച്ചകൾ പുരോഗമിക്കുന്നു.

പമ്പ – അച്ചൻകോവിൽ – വൈപ്പാർ നദീസംയോജന പദ്ധതി– ദേശീയ ജലവികസന ഏജൻസി തയ്യാറാക്കിയ പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക്പദ്ധതി, പമ്പയിലേയും അച്ചൻ കോവിലിലുമുള്ള അധികജലം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് വഴിതിരിച്ചു കൊണ്ടു പോകുവാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ദേശീയ ജലവികസന ഏജൻസി നദീസംയോജന പദ്ധതിക്കായി തയ്യാറാക്കിയ പെനിൻസുലാർ കമ്പോണെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ അച്ചങ്കോവിൽ വൈപ്പാർ ലിങ്ക് പദ്ധതിക്കെതിരെ, കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്മതമില്ലാതെ പദ്ധതി നടപ്പിലാക്കിലെന്ന് നാഷണൽ വാട്ടർ ഡെവൽമെന്റ് ഏജൻസി ഉറപ്പുനൽകി.

മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും. – പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തമിഴ്നാടുമായി ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും പരിഗണിച്ചിരുന്നെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞില്ല. 128 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ ആശങ്കയും, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണവും എന്ന ഘടകങ്ങൾ മുൻനിർത്തി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആശയം പരിഗണിക്കണമെന്ന ആവശ്യം റിട്ട് ഹർജിയുടെ ഭാഗമായി കേരളം ബഹു. സുപ്രീം കോടതി മുൻപാകെ ആവശ്യപ്പെട്ടിരുന്നു. പുതിയ ഡാമിന്റെ സ്ട്രച്ചറൽ ഡിസൈൻ പൂർത്തിയായി ഡിപിആർ പുതുക്കൽ പുരോഗമിക്കുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്രവനം വകുപ്പിന്റെ അനുമതിയും അതോടൊപ്പം തമിഴ്നാടിന്റെ സമ്മതപത്രവും ആവശ്യമാണ്.

## സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണം

2023–24ൽ സാമ്പത്തിക വർഷം കരമന, പമ്പ, കടമ്പ്രയാർ, കല്ലായി, കരുവന്നൂർ, രാമപുരം, കുറ്റിയാടി, പെരിയാർ എന്നീ നദികളിലായി 10 പുനരുദ്ധാരണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കാനാമ്പുഴ അതിജീവന പദ്ധതി പൂർത്തീകരിച്ചു. ഇതിലൂടെ എളയാവൂർ, പെരിങ്ങളായി പാടശേഖരങ്ങളിലേക്കുള്ള ജലസേചനസൗകര്യം വർധിച്ചു. കാനാമ്പുഴയുടെ സൗന്ദര്യം വീണ്ടെടുത്തു.

386. **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തയാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ മുൻഗണന ക്രമത്തിൽ ഏറ്റെടുത്ത് നടപ്പാക്കും. സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തി സംരക്ഷിക്കുന്നതിനായി ഒരു തദ്ദേശസ്വയംഭരണ സ്ഥാപന**

തലത്തിൽ ഒന്ന് എന്ന നിലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ജല പരിശോധനാ ലാബുകൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. സംസ്ഥാനത്തെ എല്ലാ കിണറുകളിലെയും ജല ഗുണപരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ശുദ്ധീകരണ പ്രവർത്തനം നടത്തി ഉപയോഗം ഉറപ്പാക്കും.

സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസ്സുകളുടെയും ജലഗുണനിലവാരം ഉയർത്തുന്നതിനായി ജലസ്രോതസുകളിലെ മാലിന്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചു. 'തെളിനീരൊഴുകും നവകേരളം' എന്ന ഈ ക്യാമ്പയിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളിൽ നിന്നായി ജലസാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തി. ജി.ഐ.എസ് അടിസ്ഥാനമാക്കി പദ്ധതികളെ നീർത്തടാധിഷ്ഠിതമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## മൃഗപരിപാലനം

387. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവുണ്ടായി. കേരളം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചു കൊണ്ടിരിക്കുന്നതിനാൽ പാൽപ്പൊടി നിർമ്മാണം ഉൾപ്പെടെ മൂല്യവർദ്ധിത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി ഒരുക്കുന്നതാണ്. ഇതിനായി 'ഓപ്പറേഷൻ ഫ്ലഡ് കേരള' എന്ന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാലിന്റെ ഉൽപ്പാദനക്ഷമത 10.2 ലിറ്ററിൽ നിന്നും 14 ലിറ്ററായി ഉയർത്തും. 5,060 മൃഗങ്ങളുള്ള ആധുനിക ഡയറി ഫാമുകളെ പ്രോത്സാഹിപ്പിക്കും. ഇതിനുള്ള ഭരണപരമായ തടസ്സങ്ങൾ നീക്കും. പാൽ സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുമുള്ള സൗകര്യങ്ങൾ വിപുലീകരിക്കും. കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പുന:സംഘടിപ്പിച്ച് പശുകുട്ടിയുടെ ജനനം മുതൽ പരിപാലിക്കുകയും വളർച്ചായ്ക്ക് ആനുപാതികമായിട്ടുള്ള ഇൻസെന്റീവ് നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. അതിനൂതന സാങ്കേതികവിദ്യയായ സെക്സ്സോർട്ടഡ് സെമെൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജദാന പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കി. വ്യാവസായിക അടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീരകർഷകർക്കായി മിൽക്ക്ഷെഡ് വികസന പദ്ധതിയിലുൾപ്പെടുത്തി 5 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു. ആധുനിക ഡെയറി ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഫാമുകളെ പരിശീലന കേന്ദ്രങ്ങളാക്കിമാറ്റി. തീറ്റപ്പുൽകൃഷി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ്പദ്ധതി, പാൽഗുണ നിയന്ത്രണ ബോധവൽക്കരണ പദ്ധതികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണവും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കുന്ന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ക്ഷീര സംഘങ്ങളുടെ മൂലധനവർദ്ധന പദ്ധതികൾ എന്നിങ്ങനെയുള്ള പ്രധാന പദ്ധതികൾ പാൽ ഉൽപ്പാദന വർദ്ധനവിനായി ക്ഷീര വികസനവകുപ്പ് മുഖാന്തിരം

നടപ്പിലാക്കി വരുന്നു. പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമിയി മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിക്കുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘടത്തിലാണ്. റീപൊസിഷനിംഗ് മിൽമ 2023 കർമ പദ്ധതിയുടെ ഭാഗമായി മറ്റു ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായ ഡാർക്ക് ചോക്ലേറ്റുകൾ, ബട്ടർബിസ്കറ്റ്, ബട്ടർഡ്രോപ്സ്, ഇൻസ്റ്റന്റ് പുളിശേരിമിക്സ് പോലുള്ള ഒട്ടനവധി നൂതന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മിൽമ വിപണിയിൽ എത്തിച്ചു. അമുലിനുശേഷം ഡാർക്ക് ചോക്ലേറ്റ് അവതരിപ്പിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ സഹകരണ സ്ഥാപനമാണ് മിൽമ. കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിൽ നിന്നായി പ്രതിദിനം 1750 എം.റ്റി. ഗുണമേൻമയുള്ള കാലിത്തീറ്റ ഉൽപാദിപ്പിക്കാനുള്ള ശേഷിയുണ്ട്. സംസ്ഥാനത്തിന്റെ എല്ലായിടങ്ങളിലും ആവശ്യാനുസരണം ഗുണമേൻമയുള്ള കാലിതീറ്റ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ കേരള ഫീഡ്സിന് സാധിക്കുന്നുണ്ട്.

388. കന്നുകാലി – കോഴി വളർത്തൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കും. ഇതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളെ ഡയറി സ്റ്റാർട്ട് അപ്പ് ഗ്രാമങ്ങളായി രൂപാന്തരപ്പെടുത്തും. കൃഷി, മൃഗപരിപാലനം, മത്സ്യം, സംയോജിത കൃഷിയിൽ നിന്ന് 'സേഫ് ടു ഈറ്റ്' ഉൽപ്പന്നങ്ങളിലേയ്ക്കു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

യുവ കർഷകരായ സംരംഭകരെ ആകർഷിക്കുന്നതിന് സാമർട്ട് ഡയറി യൂണിറ്റ് ആരംഭിച്ചു. 50 കിടാരികൾ അടങ്ങുന്ന 16 യൂണിറ്റ് കിടാരി പാർക്കുകൾ സ്ഥാപിച്ചു. നബാർഡ് ധനസഹായത്തോടെ ചാലക്കുടിയിൽ കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു. സംരംഭ കത്വ വകസിന സെൽ രൂപികരിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

389. മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ ശക്തിപ്പെടുത്തും. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും. മിച്ചപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് മലബാറിൽ ഒരു ഫാക്ടറി സ്ഥാപിക്കുന്നതാണ്.

മിൽമയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് 2024–25ൽ 8.7 കോടി രൂപ അനുവദിച്ചു. മുൻ വർഷങ്ങളെ അപേക്ഷിച്ച് 1.2 കോടി രൂപ അധികമാണിത്. ക്ഷീരസഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 16.5 കോടിരൂപ ധനസഹായം അനുവദിച്ചു. ഈ സാമ്പത്തികവർഷം 22.5 കോടി രൂപയാണ് വകയിരുത്തിട്ടുള്ളത്. മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിക്കുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംഘങ്ങളുടെ സമുദ്ധരണത്തിനായി ഉണർവ്വ് പേരിൽ ക്ഷീരസംഘം ശാക്തീകരണ പദ്ധതി നടപ്പിലാക്കി.

390. രാത്രികാലമടക്കം കൃഷിക്കാർക്ക് വെറ്റിനറി സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ് വാഹനസൗകര്യമടക്കമുള്ള കേന്ദ്രങ്ങൾ ബ്ലോക്കുകളിൽ സ്ഥാപിക്കും. മൃഗചികിത്സയും ക്ഷീരകർഷകർക്കുള്ള

സേവനങ്ങളും വീട്ടുപടിയ്ക്കൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

എല്ലാ ബ്ലോക്കുകളിലും കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര നഗരസഭയിലും രാത്രികാല അടിയന്തിര മൃഗ ചികിത്സ സംവിധാനം ലഭ്യമാക്കി വരുന്നു. 29 ബ്ലോക്കുകളിൽ മൊബൈൽ വേറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചു. 63 കേന്ദ്രങ്ങളിൽ മിൽമയുടെ കേന്ദ്രീകൃത മൃഗ ചികിത്സ സംവിധാനം പ്രവർത്തിക്കുന്നു. ടെലി മെഡിസിൻ, മെഡിക്കൽ ക്യാമ്പുകൾ മുതലായ വെറ്ററിനറി സേവനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

391. കന്നുകുട്ടി പരിപാലനത്തിനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ രണ്ട് സ്കീമുകളാണുള്ളത്. രണ്ടരലക്ഷത്തോളം കന്നുകുട്ടികളെ ഈ പദ്ധതികളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ സ്കീമുകൾ വിപുലപ്പെടുത്തും. കുടുംബശ്രീ പശു, ആട് ഗ്രാമം പദ്ധതികൾ ശക്തിപ്പെടുത്തും. എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ സ്ഥാപിക്കും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഗോവർദ്ധിനി എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കന്നുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ അഹെൽ കർമസേന രൂപീകരിച്ച് കന്നുകുട്ടുകളുടെ വളർച്ച പരിശോധിച്ച് മരുന്നുകളും ധാധുലവണങ്ങളും വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കൽ പുരോഗമിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ 43 ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ഈ വർഷം 40 ഗ്രാമപഞ്ചായത്തുകളിലേക്ക്കൂടു പദ്ധതി വ്യാപിപ്പിക്കും. 16 കിടാരി പാർക്കുകൾ ആരംഭിച്ചു. ഈ വർഷം 10 എണ്ണംകൂടി ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

392. ചെറുകിട യൂണിറ്റുകളിൽ പാൽ കറക്കുന്നതിനുള്ള ലഘുകറവ യന്ത്രങ്ങൾ വ്യാപകമാക്കും. ഈ യന്ത്രങ്ങൾ കുറ്റമറ്റതാക്കും. ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും.

600 കറവയന്ത്രങ്ങൾ  ക്ഷീരകർഷകർക്ക് ലഭ്യമാക്കി. കറവയെന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തുടർന്നുവരുന്നു.

393. കേരളത്തിലെ കാലിത്തീറ്റ ഉൽപ്പാദന ശേഷി ഇരട്ടിയായി ഉയർത്തും. ഇതു മാത്രമാണ് ന്യായവിലയ്ക്ക് കൃഷിക്കാർക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള മാർഗ്ഗം. കാലിത്തീറ്റ സബ്സിഡി ഉയർത്തും. തീറ്റപ്പുല്ല് കൃഷി തൊഴിലുറപ്പ് ഉപയോഗിച്ച് വിപുലപ്പെടുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8.5 കോടി രൂപ തീറ്റപ്പുൽ കൃഷി വികസന പദ്ധതിക്ക് അനുവദിച്ചു. 6,350 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. 10.79 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉൽപാദിപ്പിച്ചു. കുടുംബശ്രീയുമായി സഹകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപനം പദ്ധതി നടപ്പിലാക്കിവരുന്നു.

394. കേരളീയരുടെ ഭക്ഷണത്തിൽ ഇറച്ചിക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇറച്ചിയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയ്ക്ക് ഒരു മിഷൻ

സെക്ടർ സ്ട്രാറ്റജിക് പ്ലാൻ' ഉണ്ടാക്കും. കന്നുകാലി, പന്നി, കോഴി, താറാവ് തുടങ്ങി ഓരോ ഇനങ്ങൾക്കും പ്രത്യേക പ്രവർത്തന പരിപാടിയുണ്ടാവും.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ കൊല്ലം ജില്ലയിലെ ഏരൂരിൽ ശാസ്ത്രീയ ഹൈടെക്ക് അറവുശാല പ്രവർത്തനം ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇടയാറിൽ ബീഫ് ഉൽപന്ന സംസ്കരണത്തിന് ബൊവൈൻ പ്ലാന്റും പോർക്ക് സംസ്കരണത്തിന് സൈ്വൻ പാന്റും സ്ഥാപിച്ചു. 2,500 കോഴികളെ സംസ്കരിക്കാവുന്ന കോഴിയിറച്ചി സംസ്കരണശാലയും ഇവിടെ പ്രവർത്തിക്കുന്നു. താറാവ്, മുയൽ, ആട് ഇറച്ചി സംസ്കരണശാലയിൽ പ്രവർത്തിച്ചുവരുന്നു. 2 മെട്രിക് മൂല്യവർധിത ഇറച്ചിയുൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയുന്ന പ്ലാന്റ് ഏരൂരിൽ ആരംഭിച്ചു.

396. കോഴിവളർത്തൽ മേഖലയിൽ അന്യസംസ്ഥാന ഹാച്ചറി ഉടമസ്ഥന്മാരുടെ നീരാളിപ്പിടുത്തം കുറയ്ക്കുന്നതിനു കേരളത്തിൽ കൂടുതൽ ഹാച്ചറികൾ ആരംഭിക്കും. രണ്ട് ബ്രീഡർ ഫാമുകൾ സ്ഥാപിക്കും. വികേന്ദ്രീകൃതമായ ചെറുകിട കോഴി വളർത്തൽ കേന്ദ്രങ്ങളോടൊപ്പം വൻകിട വാണിജ്യ അടിസ്ഥാനത്തിലുള്ള ബ്രോയിലർ ഫാമുകളും സ്ഥാപിക്കും.

മലപ്പുറം ജില്ലയിലെ എടവണ്ണയിൽ, ഹാച്ചറി നിർമ്മാണം അന്തിമഘട്ടത്തിലാണ്. കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഫാം, ഹാച്ചറി എന്നിവയ്ക്ക് പുതിയ മന്ദിരങ്ങൾ നിർമ്മിച്ചു. പ്രതിമാസം ഏകദേശം ഒന്നര ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ കോട്ടുക്കൽ ആധുനിക രീതിയിലുള്ള പൗൾട്രി കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

397. കേരള ചിക്കൻ ബ്രാൻഡിലുള്ള ഗുണമേന്മയേറിയ ഇറച്ചിയുടെ ചില്ലറ വിൽപ്പന ശൃംഖല പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും കുടുംബശ്രീയുടെയും ബ്രഹ്മഗിരി സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. 1,000 ഔട്ട്ലറ്റുകൾ സ്ഥാപിക്കും. ഇതിനായി പ്രത്യേക കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കും.

കേരള ചിക്കൻ പദ്ധതിയിൽ 203 ബ്രോയിലർ റിയറിംഗ് ഫാമുകൾ സ്ഥാപിച്ചു. കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ പ്രതിമാസം 50,000 ബ്രോയിലർ ചിക്കൻ അധികമായി ഉൽപാദിപ്പിക്കാനുള്ള ഷെഡ് സ്ഥാപിക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 65 വിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മറ്റ് ജില്ലകളിൽ വിപണന ഏജൻസികൾ ആരംഭിക്കന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

398. മുട്ടയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കും. മുട്ട ഉൽപ്പാദനം പ്രതിദിനം 75 ലക്ഷമായി ഉയർത്തും.

കെപ്കോയുടെ വിവിധ പദ്ധതികളായ കെപ്കോ ആശ്രയ, കെപ്കോ വനിതാ

മിത്രം, 100 കോഴിയും കൂടും പദ്ധതി, കുഞ്ഞ്കൈകളിൽ കോഴികുഞ്ഞ് പദ്ധതി മുതലായവയിലൂടെ മുട്ടയുൽപാദനം ഗണ്യമായി വർധിപ്പിച്ചു.

399. **താറാവ് കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കുട്ടനാട് താറാവ് ഗവേഷണ കേന്ദ്രം സ്ഥാപിക്കും. എല്ലാ താറാവുകളുടെയും വാക്സിനേഷൻ ഉറപ്പുവരുത്തും. സർവ്വയലൻസ് സമ്പ്രദായം ശക്തിപ്പെടുത്തും. ഇൻഷുറൻസ് നിർബന്ധമാക്കും.**

താറാവ് വസന്തക്കെതിരെ എല്ലാവർഷവും പ്രതിരോധ കുത്തിവെപ്പ് നൽകി വരുന്നു. രോഗ നിർണയം നടത്തുന്നതിന് ലബോറട്ടറി ശൃംഖലവഴി യുള്ള സർവയലൻസ് ശക്തിപ്പെടുത്തി.

400. **പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും. ഇതിനായി പ്രൊഡ്യൂസർ കമ്പനികളെ പ്രോത്സാഹിപ്പിക്കും.**

പാലിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഫ്ളേവറുകളിൽ പേഡകൾ, ഐസ്ക്രീമുകൾ, ഫ്ളേവേർഡ്മിൽക്ക്, യോഗർട്ട്, ചോക്കോബാർ, മിൽക്ക്‌ലോലി, സംഭാരം, ലെസി, ചോക്ലേറ്റുകൾ, മറ്റുഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ മിൽമ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. ഒരു ശ്രേണിതന്നെ മിൽമയ്ക്കുണ്ട്. മിൽമയുടെ പുതിയ പ്രീമിയം ചോക്ലേറ്റുകളായ മൂന്നുതരം ഡാർക്ക്ചോക്ലേറ്റുകൾ, ഡെലിസ മിൽക്ക് ചോക്ലേറ്റ്, മിൽമ ചോക്കോഫ്യൂൾ, ഒസ്മാനിയ ബട്ടർ ബിസ്ക്കറ്റ്, ബട്ടർഡ്രോപ്സ് എന്നിവ 2023 നവംബർ മുതൽ വിപണിയിൽ ലഭ്യമാക്കി. ഇൻസ്റ്റന്റ് പുളിശേരി മിക്സ് ആണ് ഏറ്റവും ഒടുവിൽ വിപണിയിൽ എത്തിച്ച മിൽമ ഉൽപ്പന്നം. കർഷകഉൽപ്പാദകസംഘ പ്രോൽസാഹന സ്ഥാപനം രൂപീകരിക്കുന്നതിന് 2024-25 സംസ്ഥാന ബഡ്ജറ്റിൽ 165.00 ലക്ഷം രൂപയും വകയിരുത്തി.

401. **വാക്സിനുകൾ, വിര മരുന്നുകൾ, രോഗനിർണയ കിറ്റുകൾ തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കും.**

തിരുവനന്തപുരം പാലോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കലിൽ നിന്നും ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ പന്നിപ്പനിക്ക് എതിരായ സെൽകൾച്ചർ വാക്സിൻ നിർമ്മാണം ആരംഭിച്ചു. 5 ബാക്റ്റീരിയൽ വാക്സിനുകളും 7 വൈറൽ വാക്സിനുകളും സ്ക്രീനിംഗ് ടെസ്റ്റുകൾക്കുള്ള റീഏജന്റും ഇവിടെ ഉൽപ്പാദിപ്പിച്ചുവരുന്നു.

മൃഗങ്ങൾക്കായുള്ള ആയുർവേദമരുന്നുകൾ മിൽമ നിർമ്മിച്ചുവരുന്നു. അകിടുവീക്കം പോലുള്ള രോഗങ്ങൾക്ക് ചിലവേറിയ ആന്റിബയോട്ടിക് ചികിത്സക്കുപകരം രോഗം നേരത്തെ തിരിച്ചറിഞ്ഞ് ആയൂർവേദ മരുന്ന് നൽകിയാൽ ചുരുങ്ങിയ ചെലവിൽ ചികിത്സ ഉറപ്പാക്കാനും രോഗം ഭേദമാക്കാനും സാധിക്കും. പശുക്കളിലെ അകിടുവീക്കം, ദഹനക്കേട്, അസിഡിറ്റി, വയറുപെരുപ്പം, പനി, വയറിളക്കം തുടങ്ങിയ രോഗങ്ങൾക്കുള്ള 8 ഔഷധങ്ങളാണ് മിൽമ പ്രചരിപ്പിക്കുന്നത്.

402. **അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കും. ഇതിനു കൂടുതൽ ലാബുകൾ സ്ഥാപിക്കും.**

അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ മൂന്ന് ഷിഫ്റ്റുകളായി സ്ഥിരം പാൽപരിശോധനാ സംവിധാനം മുഴുവൻ സമയവും പ്രവർത്തിക്കുന്നു. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ, മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ, 3 റീജിയണൽ ലാബുകൾ എന്നിവിടങ്ങളിൽ പരിശോധന സംവിധാനമുണ്ട്. മിൽമക്ക് സ്വന്തമായി എൻഎബിഎൽ അക്രിഡിറ്റേഷനുള്ള ലാബ് എറണാകുളത്ത് സ്ഥാപിച്ചു.

403. **ക്ഷീര സാന്ത്വനം, ഗോ സമൃദ്ധി എന്നീ കന്നുകാലി ഇൻഷുറൻസ് സ്കീമുകൾ വിപുലപ്പെടുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കും.**

ഗോസമൃദ്ധി സമഗ്രകന്നുകാലി ഇൻഷുറൻസ് പദ്ധതിക്കായി 2024-25ൽ സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തി. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിയ ക്ഷീര സാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ 18,000 കർഷകർ പങ്കാളികളായി.

404. **സങ്കരയിനങ്ങളുടെ വ്യാപനംമൂലം തനത് കന്നുകാലി ജനുസ്സുകൾക്ക് വംശനാശം വന്നുകൊണ്ടിരിക്കുകയാണ്. സങ്കരനയം തുടരുന്നതോടൊപ്പം തന്നെ തനതു കന്നുകാലി ജനസ്സുകളെ സംരക്ഷിക്കും. എല്ലാ കന്നുകാലികൾക്കും ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും.**

കാസർഗോഡ് കുള്ളൻ, വെച്ചൂർ തുടങ്ങിയ തദ്ദേശീയ കന്നുകാലി ജനസ്സുകളെ സംരക്ഷിക്കുന്നതിനു പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളും ഡിജിറ്റലായി സംയോജിപ്പിക്കാൻ ഇ-സമൃദ്ധ പദ്ധതി ലക്ഷ്യമിടുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി.

405. **ഓമനപക്ഷി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയവ പ്രോത്സാഹിപ്പിക്കും. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണിക്ക് ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കും.**

വ്യാവസായിക അടിസ്ഥാനത്തിൽ ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും ബ്രീഡിങ്ങും പെറ്റ്ഷോപ്പുകളുടെ ലൈസൻസിങ്ങും ഏകീകരിക്കുന്നതിന് സംസ്ഥാന മൃഗക്ഷേമ ബോർഡിന്റെ വെബ്സൈറ്റും വെബ് പോർട്ടലും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് നിയമങ്ങൾ സംബന്ധിച്ച കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്തു.

406. സ്കൂൾ പൗൾട്രി ക്ലബ്ബ് വിപുലപ്പെടുത്തും. കോഴി ഗ്രാമം പദ്ധതി വിപുലപ്പെടുത്തും.

സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി കെപ്കോ നടപ്പിലാക്കിവരുന്നു. കോഴി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെപ്കോ വനിതാമിത്രം, കെപ്കോ ആശ്രയ, ബ്ലോക്ക് തല കൂടും കോഴിയും പദ്ധതി, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞു എന്നീ പദ്ധതികൾ ആവിഷ്കരച്ചു.

407. കന്നുകാലി, പക്ഷി സമ്പത്തിനു പകർച്ചവ്യാധികളിൽ നിന്നും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബയോ സെക്യൂരിറ്റി ചട്ടക്കൂടിനു രൂപം നൽകും.

കന്നുകാലി പക്ഷി സമ്പത്തിനെ പകർച്ച വ്യാധികളിൽ നിന്ന് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വഴി രോഗപ്രതിരോധ വാക്സിനേഷൻ ക്യാമ്പയിനുകൾ നടത്തിവരുന്നു.

408. തെരുവ് നായ്ക്കളുടെ സംരക്ഷണം ഉറപ്പുവരുത്തി, ഇവയുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

19 എബിസി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 9 എബിസി സെന്ററുകൾ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. പുതുതായി 14 എബിസി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 200,81 എബിസി ശസ്ത്രക്രിയകൾ നടത്തി. നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെയും ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തെരുവ് നായ്കൾക്ക് പേവിഷപ്രതിരോധ കുത്തി വയ്പ് നൽകുന്നതിനുള്ള "റാബീസ് ഫ്രീ തിരുവനന്തപുരം" പദ്ധതി നടന്നുവരുന്നു. ഈ പദ്ധതി കൊല്ലം, തൃശൂർ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പേവിഷപ്രതിരോധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

# V

# പൊതുസേവനങ്ങൾ ലോകോത്തരമാക്കും

409. **കേരളത്തിന്റെ പെരുമ പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യ സംവിധാനവുമാണ്. എന്നാൽ ഇവയുടെ ഗുണനിലവാരം പ്രതീക്ഷകൾക്ക് അനുസരിച്ച് ഉയരാത്തത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. കഴിഞ്ഞ അഞ്ചു വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്, ഈ സേവനങ്ങളെ വീണ്ടും ആധുനിക കാലത്തിന് അനുയോജ്യമായ തരത്തിൽ മികവുറ്റതാക്കി എന്നുള്ളതാണ്. ഇനി അവയെ ലോകോത്തരമാക്കും.**

വിദ്യാഭ്യാസ രംഗത്ത് യൂറോപ്പിൽ മികവ് പുലർത്തുന്ന ഫിൻലാന്റ് പോലുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തി ഗുണവശങ്ങൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. ഫിൻലാന്റിൽ നിന്നും കേരളത്തിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി 6 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ധാരണപത്രത്തിന്റെ കരട് തയ്യാറാക്കി.

മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്കൂളുകളുടെ ഭൗതികസാഹചര്യ ങ്ങളിൽ ഉണ്ടായ വർദ്ധനവും അക്കാദമിക് രംഗത്തുണ്ടായ മേന്മയും സ്കൂളു കളിൽ 2023-24 അദ്ധ്യയന വർഷത്തലെ സ്കൂൾ പ്രവേശനത്തിൽ പ്രതിഫ ലിച്ചു. ഒന്നാം ക്ലാസ്സിൽ 2,98,067 കുട്ടികളെയും 2 മുതൽ 10 വരെ ക്ലാസ്സുകളിൽ 42,881 കുട്ടികളെയും അധികമായി എത്തിക്കാൻ കഴിഞ്ഞു. 2022-23 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 3,03,168 കുട്ടികളെയും 2 മുതൽ 10 വരെ ക്ലാസ്സുകളിൽ 1,19,970 കുട്ടികളും അധികമായി സ്കൂൾ പ്രവേശനം നേടി. ഫസ്റ്റ് ബെൽ & ഫസ്റ്റ് ബെൽ 2.0 ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചത് കുട്ടികൾ ഇപ്പോഴും പ്രയോജനപ്പെടുത്തുന്നു. പരീക്ഷാ കാലങ്ങളിൽ റിവിഷൻ കാര്യക്ഷമമായി നടത്താൻ ഈ സംവിധാനം ഉപകരിച്ചു. 150 ലധികം വിഷയങ്ങൾക്ക് ഓൺലൈൻ സംപ്രേഷണം നടത്തി.

410. **പൊതുവിദ്യാലയങ്ങളിൽ വന്ന ഗുണപരമായ മാറ്റത്തെ കേരളത്തിലെ രക്ഷിതാക്കൾ അംഗീകരിക്കുന്നു എന്നുള്ളതിന് തെളിവാണ് പൊതു വിദ്യാലയങ്ങളിലേയ്ക്ക് 6.8 ലക്ഷം കുട്ടികൾ പുതിയതായി കടന്നുവന്നത്. ഈ പ്രവണത ശക്തിപ്പെടുത്തും. ഇതിനായി വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് മുൻ ഗവൺമെന്റ് പിന്തുടർന്ന മാതൃക നിലനിർത്തുന്നതോടൊപ്പം അക്കാദമിക മികവിന് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മലയോര

പിന്നാക്ക മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠന വിടവ് പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകി. കാഴ്ചപരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായന പ്രതിസന്ധിക്ക് പരിഹാരമായി ശ്രുതി പാഠം എന്ന ഓഡിയോ ലൈബ്രറി പൂർത്തിയാക്കി. ഹയർ സെക്കൻഡറിലേതുൾപ്പെടെ എല്ലാപാഠപുസ്തകങ്ങളിലും ക്യു. ആർ. കോഡ് നൽകി. 2022–23 അദ്ധ്യായന വർഷം ഹയർ സെക്കൻഡറിയിൽ 79ഉം 2023–24ൽ 94ഉം പുതിയ താൽക്കാലിക ബാച്ചുകൾ അരംഭിച്ചു. പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തി. ഹയർ സെക്കൻഡറിയിൽ ക്ലസ്റ്റർ പരിശീലനങ്ങൾ പുനരാരംഭിച്ചു. എല്ലാ മേഖലയിലെയും അധ്യാപക പരിശീലനങ്ങൾ കാര്യക്ഷമമാക്കി. ഹയർ സെക്കണ്ടറിയിലേതു പോലെ റസിഡൻഷ്യൽ പരിശീലനങ്ങൾ മറ്റു വിഭാഗങ്ങൾക്കും ആരംഭിച്ചു. എം.ആർ.എസി.ലെ വിദ്യാർത്ഥികൾക്കായി ടെക്ടാലൻറ് പദ്ധതി നടപ്പിലാക്കി.

411. **100 ലക്ഷം ചതുരശ്രയടി സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയും. സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.**

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് രണ്ടു വർഷത്തിനുള്ളിൽ 488 സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ഹൈടെക്വൽക്കരണത്തിന്റെ ഭാഗമായി 1,09,823 ലാപ്ടോപ്പുകൾ വിതരണം ചെയ്തു. ഇവയിൽ 45,710 ഡിജിറ്റൽ ഉപകരണങ്ങൾ മലയോര പിന്നാക്ക മേഖലകളിലാണ് വിതരണം ചെയ്തത്.

412. **പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണിച്ചറിനുവേണ്ടിയുള്ള ഒരു സ്കീമിന് രൂപം നൽകും. പഴയ ഫർണിച്ചറുകൾ പുതുക്കി പുനരുപയോഗിക്കും. മുഴുവൻ സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കും. ലാബുകൾ നവീകരിക്കും.**

41 നവീകരിച്ച ലാബുകൾ ഉൽഘാടനം ചെയ്തു. 60 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആധുനികമായ സയൻസ് ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

413. **സ്ഥലസൗകര്യം ഒട്ടുമില്ലാത്ത സ്കൂളുകളുടെ സ്ഥലവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സ്കീമുണ്ടാകും. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തും.**

നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

414. **വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.**

ഐടി അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അധ്യാപക പരിശീലനം,

ജില്ലാ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം പോലെ പ്രത്യേക വിഷയങ്ങൾക്കുള്ള പരിപാടികൾ,

പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടിയുള്ള ശ്രദ്ധ

പോലുള്ള പരിപാടികൾ,

ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, തേൻകൂട് പോലുള്ള ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സ്കീമുകൾ,

അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ,

സെൽഫ് റിഫ്ലക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലേൺ പ്രോജക്റ്റ്, വിവിധതരം സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ,

കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ,

കലാകായിക വികസനത്തിനായുള്ള പരിപാടി.

2024–25 അദ്ധ്യയന വർഷത്തിൽ അധ്യാപകർക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടി നടത്തുന്നതാണ്. ഇതിലൂടെ 31,000 ഹയർ സെക്കണ്ടറി അധ്യാപകർക്കും 60,000 ഹൈസ്കൂൾ അധ്യാപകർക്കും പരിശീലനം ലഭിക്കും.

കമ്പ്യൂട്ടർ ഹാർഡ് വെയർ, കാര്യക്ഷമത പരിപോഷണം, വിഭവ നിർമ്മാണം, സഹായ സംവിധാനം എന്നീ പ്രധാന മേഖലകളിൽ അധ്യാപകർക്ക് പരിശീലനം നൽകി. സാങ്കേതിക മികവ് പുലർത്തുന്ന അധ്യാപകരെ ഐ.റ്റി. പഠനത്തിന് സജ്ജരാക്കുന്നുണ്ട്. സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന അധ്യാപകർക്ക് ഐ.റ്റി. പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. ഐ.സി.റ്റി. സാധ്യതകൾ കാര്യക്ഷമമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകുന്നതിന് ടെക്കി ടീച്ചർ പദ്ധതി നടപ്പിലാക്കി. പ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെയുള്ള അധ്യാപകർക്ക് പരിശീലനം നൽകി.

മധ്യ വേനലവധിക്കാലത്ത് എൽ.പി./യു.പി/ഹൈസ്കൂൾ തലത്തിലുള്ള അധ്യാപകരുടെ പരിശീലനം നടക്കും. ഈ വർഷവും എൽ.പി./ യു.പി./ഹൈസ്കൂൾ വിഭാഗത്തിലുള്ള അധ്യാപകർക്ക് റസിഡൻഷ്യൽ രീതിയിൽ പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറായി. വിദ്യാർത്ഥികൾക്ക് താരതമ്യേന പ്രയാസമായി ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങൾക്ക് പരിശീലനത്തിൽ കൂടുതൽ ശ്രദ്ധ നൽകും.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പിന്നോക്ക മേഖലകളിലെ അധ്യയനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.എം.സി., സമഗ്രശിക്ഷാ കേരളം തുടങ്ങിയ ഏജൻസികൾ പ്രത്യേക പഠനവും പദ്ധതികളും ആവിഷ്കരിച്ചു.

ഇടുക്കി, വയനാട് ജില്ലകളിലെ ഗോത്ര വിഭാഗം കുട്ടികൾക്കും എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികളിലെ കുട്ടികൾക്കും ഒന്നാണ് നമ്മൾ എന്ന ഓൺലൈൻ പരിപാടി നടപ്പിലാക്കി.

കാഴ്ച പരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധി പരിഹരിക്കുന്നതിന് ശ്രുതി പാഠം ഓഡിയോ ലൈബ്രറി

തയ്യാറാക്കി. ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന അധ്യാപകർക്ക് 'മുദ്രികാപാഠം' പരിശീലനം സംഘടിപ്പിച്ചു.

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളിൽ 336 കുട്ടികൾക്ക് വെർച്വൽ ക്ലാസ് സംവിധാനം ഒരുക്കി. മുൻകാലങ്ങളിൽ ടാബ് ലഭ്യമായ 2,000 കിടപ്പിലായ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി. ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1500 സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

കുട്ടികളിലെ കലാഭിരുചി വികസിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ കലാ ഉത്സവ് എന്ന പേരിൽ കലാ മത്സരങ്ങൾ നടത്തുന്നുണ്ട്. ഇത് ബ്ലോക്ക് തലം മുതൽ ദേശീയ തലം വരെ പല ഘട്ടങ്ങളിലായി നടത്തപ്പെടുന്നു. പ്രധാനമായും 9 കലാ ഇനങ്ങൾക്കാണ് കലാ ഉത്സവ് വേദി ആകുന്നത്.

പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കായി കരാട്ടെ, കുങ്ഫു പോലുള്ള മാർഷൽ ആർട്സ് പഠിക്കുന്നതിന് സംവിധാനം ഒരുക്കി. ഭിന്നശേഷി കുട്ടികൾക്ക് അവരുടെ ശാരീരിക ക്ഷമതയ്ക്ക് അനുസൃതമായ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുതുവരുന്നു.

42 സ്കൂളുകളിൽ ടിങ്കറിംഗ് ലാബ് സ്ഥാപിച്ചു. അധ്യാപകർക്ക് കുസാറ്റുമായി ചേർന്ന് രണ്ടു ദിവസത്തെ പരിശീലനം നൽകി. ടിങ്കറിംഗ് ലാബ് നിലവിലുള്ള സ്കൂളുകളിൽ റൈസെറ്റ് എക്സിബിഷൻ സംഘടിപ്പിച്ചു.

പാർശ്വവൽക്കൃത മേഖലയിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സേവാസ് പദ്ധതി ആരംഭിച്ചു.

ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയുടെ ഭാഗമായി ഹിമാചൽ പ്രദേശ് സന്ദർശന പരിപാടിയിൽ സംസ്ഥാനത്ത് നിന്ന് 25 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

**415. അടുത്തൊരു വർഷത്തിനുള്ളിൽ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പു വരുത്തും. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമികശേഷി കുട്ടി കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന് നിരന്തരമായ വിലയിരുത്തലായിരിക്കും പരീക്ഷകൾ.**

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും ആർജ്ജിക്കേണ്ട അറിവുകളും ശേഷികളും അതത് ഘട്ടത്തിൽ ആർജ്ജിക്കൽ ലഭ്യമാക്കി സമഗ്ര ഗുണമേന്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പ്രൈമറി സ്കൂൾ കുട്ടികൾക്ക് രസകരവും ആയാസകരവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമായി സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് വികസിപ്പിച്ചു.

1, 2 ക്ലാസുകളിലെ കുട്ടികൾക്ക് കളികളിലൂടെ അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കാനുള്ള ഉല്ലാസഗണിതം, 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് 'ഗണിതവിജയം

എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മാത്സ് പെഡഗോജിയിൽ നൂതന ആശയ പ്രവർത്തനമായി 100 വിദ്യായലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കി.

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുന്നതിനായി വായനയുടെ വസന്തം, വായന ചങ്ങാത്തം എന്നിവ നടപ്പിലാക്കി. കുട്ടികളുടെ സർഗ്ഗവാസന വളർത്തുന്നതിന് കുട്ടികളുടെ 50 രചനകൾ ഉൾപ്പെടുത്തി 'എഴുത്തുപച്ച' പ്രസിദ്ധീകരിച്ചു.

1 മുതൽ 9 വരെയുള്ള കുട്ടികളുടെ പരീക്ഷാ പേപ്പറുകൾ വിലയിരുത്തി അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഠന പിന്തുണ നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകി.

416. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. മധുരം മലയാളം, ഹലോ ഇംഗ്ലീഷ്, ഇക്യൂബ്ഡ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.

പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തി. 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുന്നതിനായി വായനയുടെ വസന്തം, വായന ചങ്ങാത്തം എന്നിവ നടപ്പിലാക്കി. കുട്ടികളുടെ സർഗ്ഗവാസന വളർത്തുന്നതിന് കുട്ടികളുടെ 50 രചനകൾ ഉൾപ്പെടുത്തി 'എഴുത്തുപച്ച' പ്രസിദ്ധീകരിച്ചു.

കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ കുട്ടികൾക്കായി അവരുടെ മാതൃഭാഷയായ മുതുവൻ ഭാഷയിൽ ഊന്നിക്കൊണ്ട് പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. കുട്ടിയുടെ പരിസരം, ഭക്ഷണം, ജീവിതരീതി, ആഘോഷം, സംസ്കാരം ഇവയിൽ ഊന്നിക്കൊണ്ട് ഉള്ള പാഠങ്ങളാണ് മുതുവൻ ഭാഷയിൽ തയ്യാറാക്കിയത്.

ബന്ധഭാഷാ എന്ന നിലയിൽ ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രൈമറി സ്കൂൾ കുട്ടികൾക്ക് രസകരവും ആയാസകരവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമായി സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് വികസിപ്പിച്ചു. ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് പദ്ധതി ആവിഷ്കരിച്ചു. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അധിക വായനയ്ക്കായി ഹലോ ഇംഗ്ലീഷ് സ്റ്റോറി പ്രസിദ്ധീകരിച്ചു.

ഹിന്ദി പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സ്കൂളുക സുരലീ ഹിന്ദി പദ്ധതി നടപ്പിലാക്കി.

417. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്ന നടപടി തുടരും. കുട്ടികളുടെ പഠന സമയം (അധ്യാപകവിദ്യാർത്ഥി ആശയവിനിമയ സമയം) 200 പ്രവൃത്തി ദിവസം (1000 മണിക്കൂർ)

ഉറപ്പുവരുത്തും.

കഴിഞ്ഞ വർഷം നടത്തിയത്: ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഖാദർ കമ്മിറ്റി ശുപാർശ ചെയ്തു റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ., ഹൈസ്കൂൾ, പ്രൈമറി എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ചു. പ്രിൻസിപ്പാളിനെ സ്കൂൾ മേധാവിയായി നിയമിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഭേദഗതി ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കി. ഏകീകൃത സ്പെഷ്യൽ റൂൾസിന്റെ കരട് സർക്കാരിൽ സമർപ്പിച്ചു. ഓരോ അദ്ധ്യയന വർഷവും കുറഞ്ഞത് 200 പ്രവൃത്തി ദിവസം ഉറപ്പാക്കാൻ വിദ്യാഭ്യാസ കലണ്ടറിന് രൂപം നൽകി.

418. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കളിപ്പാട്ടം എന്ന പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശു സൗഹൃദവുമാക്കും. പ്രീപ്രൈമറി സേവനവേതന നിരക്കുകൾ ഇനിയും മെച്ചപ്പെടുത്തും.

ഓരോ ജില്ലയിലും മൂന്ന് മാതൃകാ പ്രീപ്രൈമറി സ്കൂളുകൾ സജ്ജീകരിച്ചു. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് പിന്തുണ നൽകുന്നതിന് ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയവയ്ക്കായി 328 സ്കൂളുകൾക്ക് 1 ലക്ഷം രൂപ വീതവും സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിക്കുന്നതിന് 440 സ്കൂളുകൾക്ക് 10 ലക്ഷം രൂപ വീതവും സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിന് സ്കൂൾ ഒന്നിന് 15,000 രൂപ വീതവും സാങ്കേതിക വിദ്യാ സൗകര്യങ്ങൾ ഒരുക്കുന്നതിന് 11.09 കോടി രൂപ വീതവും നൽകി. കളിത്തോണി ആക്ടിവിറ്റി ബുക്കുകളുടെ രണ്ട് ഭാഗങ്ങൾ വിതരണം ചെയ്തു. 1.32 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. പ്രീസ്കൂൾ അധ്യാപകർക്ക് പ്രശിക്ഷ അധ്യാപക പരിശീലനം നൽകി. സ്കൂളുകളിൽ കുട്ടികൾക്കായി താലോലം ആക്ടിവിറ്റി കോർണർ ആരംഭിച്ചു. 2,000 പ്രീപ്രൈമറി നിപുൺ ക്ലാസ്സ് മുറികൾ പണിയുന്നതിന് നടപടി സ്വീകരിച്ചു.

419. ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ, സഹിതം തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടുതൽ മെച്ചപ്പെടുത്തും. എല്ലാ കുട്ടികൾക്കും കലാകായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.

കുട്ടികളിലെ ഗവേഷണ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കുസാറ്റുമായി ചേർന്ന് സ്ട്രീം എക്കോ സിസ്റ്റം പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. എം.ആർ.എസ് സ്കൂളുകളിൽ ടെക് ടാലന്റ് പ്രതിഭാ പോഷണ പരിപാടി നടപ്പാക്കി. ബയോ ഇൻഫർമേറ്റിക്സ്, നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,

വിഷ്വൽ ടെക്നോളജി, അറ്റ്മോസ്ഫറിക് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇതിന് തെരഞ്ഞെടുത്തത്.

ഡിജിറ്റൽ സംവിധാനത്തിലൂടെ ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലുള്ള ഓരോ കുട്ടിയ്ക്കും വ്യക്തിഗതശ്രദ്ധ നൽകാനും പഠന, പഠനാനുബന്ധ, സാമൂഹ്യ പശ്ചാത്തലവും പുരോഗതിയും വിശകലനം ചെയ്യാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റാ അനലിറ്റിക്സും പ്രയോജനപ്പെടുത്തി സഹിതം പോർട്ടൽ വികസിപ്പിച്ചു. നിർമ്മിത ബുദ്ധി ഉപയോഗിച്ച് യന്ത്രങ്ങൾ, ചെറിയ റോബോട്ടുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകാൻ സഹായിക്കുന്ന റോബോട്ടിക് കിറ്റുകൾ തിരഞ്ഞെടുത്ത സ്കൂളുകളിൽ വിതരണം ചെയ്തു. 42 ടിങ്കറിംഗ് ലാബുകളിൽ കുട്ടികളുടെ റോബോട്ടിക് എക്സിബിഷൻ സംഘടിപ്പിച്ചു.

വായന പ്രോത്സാഹിപ്പിക്കുന്നതിന് വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി 10 കോടി രൂപയുടെ പുസ്തകങ്ങൾ വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തു. ഇതിന്റെ ഭാഗമായി ഒന്നു മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്കായി വ്യത്യസ്ത നിലവാരത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. തമിഴ്, കന്നട, ഭാഷകളിലും പുസ്തകങ്ങൾ ലഭ്യമാക്കി. ഭിന്നശേഷി കുട്ടികളുടെ സാമൂഹികമായ പുരോഗതിയും ഉൾച്ചേർന്ന വിദ്യാഭ്യാസവും മുന്നിൽകണ്ട് ഏകദിന ചലച്ചിത്രോത്സവം സംഘടിപ്പിച്ചു.

420. **അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഖാദർ കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കും. അധ്യാപക പരിശീലനം കൂടുതൽ ഫലപ്രദമാക്കും. ഓൺലൈൻ രീതികൾ കൂടുതൽ സ്വീകരിക്കും.**

അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സീമാറ്റ്, എസ്.ഐ.എം.സി. എന്നീ ഏജൻസികളുടെ കൂട്ടായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപക പരിശീലനം ഫലപ്രദമാക്കി. ഹയർ സെക്കൻഡറി അധ്യാപക പരിവർത്തന പരിപാടി (എച്ച്.എസ്.എസ്.ടി.പി) തുടർന്നുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ 389 കരിയർ മാസ്റ്റർമാർക്ക് പരിശീലനം നൽകി. ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമ അധ്യാപകർക്കും വിദ്യാഭ്യാസ മാനേജ്മെൻറ് പരിശീലനം നൽകി. പുതുതായി നിയമനം ലഭിച്ച അധ്യാപകർക്ക് നവ അധ്യാപക പരിശീലനം നൽകി. എച്ച്.എസ്.എസ്.ടി.പി. മാതൃകയിൽ ഒന്നു മുതൽ പത്തു വരെയുള്ള അധ്യാപകർക്ക് റസിഡൻഷ്യൽ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 8,000 പ്രഥമ അധ്യാപകർക്ക് പരിശീലനം നൽകി. കൈറ്റ്– വിക്റ്റേഴ്സ് രണ്ടാം ചാനൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ വിദ്യാർത്ഥികളിലും ജിസ്യൂട്ട് ആപ്ലിക്കേഷൻ എത്തിച്ചു.

421. **ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതികൾ, പഠന വിഭവങ്ങൾ തയ്യാറാക്കൽ**

ഇവയുടെ ക്ലാസ് റൂം വിനിയോഗത്തിന് അധ്യാപകരെ പ്രാപ്തമാക്കൽ എന്നിവ ലക്ഷ്യമാക്കി അധ്യാപക ശാക്തീകരണ പരിപാടി ആവിഷ്കരിക്കും..

ജിസ്യൂട്ട് സംവിധാനം നടപ്പിലാക്കി. ഇത് ശരിയായി വിനിയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികളും പഠനവിഭവങ്ങൾ സൃഷ്ടിക്കലും അദ്ധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്തി. പുതുതായി 16,500 ലാപ്ടോപ്പുകൾ ലഭ്യമാക്കി. അധ്യാപകർക്ക് എ.ഐ. അധിഷ്ഠിത പരിശീലനം ആരംഭിച്ചു.

422. പുതിയ ആവശ്യങ്ങൾക്കു അനുയോജ്യമായ തരത്തിൽ ഐ.ടി.ഐ, പോളിടെക്നിക്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനങ്ങളുടെ പൊതു ചട്ടക്കൂട് മൊത്തത്തിൽ അഴിച്ചുപണിയും. സാങ്കേതിക വിദ്യാഭ്യാസം ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി സംവിധാനം ചെയ്യും.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 31 എൻ.എസ്.ക്യു.എഫ്. കോഴ്സുകൾക്ക് കാലാനുസൃതമായ മാറ്റംവരുത്തി. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ രണ്ടു തൊഴിൽ കോഴ്സുകൾ ആരംഭിച്ചു. എൻ.എസ്.ക്യു.എഫ്. ജോബ് റോളുകൾ ഡിജിറ്റലൈസ് ചെയ്തു.

423. എല്ലാ ജില്ലകളിലെയും അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പൂർത്തിയാക്കും. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐ.ടി.ഐകളും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുമായി ഹബ്ബ് ആന്റ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കും.

എല്ലാ സർക്കാർ വി.എച്ച്.എസ്.ഇ. സ്കൂളുകളിലും മികച്ച വൊക്കേഷണൽ ലബോറട്ടറികൾ സ്ഥാപിച്ചു. ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളും നാഷണൽ ക്വാളിറ്റി ഫ്രെയിംവർക്കിലേക്ക് മാറി. വി.എച്ച്.എസ്.ഇ സ്കൂളുകളിൽ പൈലറ്റ് പ്രോജക്ട് ആയി 14 സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു.

424. 10 സർക്കാർ ഐ.റ്റി.ഐ.കളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളുടെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

കിഫ്ബി ഫണ്ടുപയോഗിച്ച് ഐ.ടി.ഐ. കെട്ടിടങ്ങൾ നവീകരിച്ചുവരുന്നു.

ധനുവച്ചപുരം, കൊയിലാണ്ടി, ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, ഏറിയാട്, പേരാവൂർ, ചെറിയമുണ്ടം, കുറുമാത്തൂർ, ബേപ്പൂർ, കണ്ണൂർ (വനിത), ആരക്കുഴ, കൂത്തുപറമ്പ്, ചാക്ക, മണീട്, വേങ്ങൂർ, ആറ്റിങ്ങൽ, പള്ളിക്കത്തോട്, അരീക്കോട് ഐ.റ്റി.ഐ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

425. വി.എച്ച്.എസ്.ഇയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കും. എല്ലാ വി.എച്ച്.എസ്. ഇകളിലേയ്ക്കും എൻ.എസ്.ക്യു.എഫ് വ്യാപിപ്പിക്കും. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്കൂൾ വർക്ക്ഷോപ്പുകൾ സാർവ്വത്രികമാക്കും. ഉന്നതവിദ്യാഭ്യാസത്തിനു പോകാത്ത കുട്ടികൾക്ക് നാട്ടിലുള്ള വിവിധ തൊഴിലുകൾ ചെയ്യാൻ ആവശ്യമായ പരിശീലനം നൽകും.

വി.എച്ച്.എസ്.ഇ കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് വേണ്ടി തൊഴിൽ മേളകൾ സംഘടിപ്പിച്ചു. 3,904 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചു. എൻ.എസ്.ക്യൂ.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജോബ് റോളുകൾ പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

426. അക്കാദമികതലത്തിൽ അധ്യാപകരിൽ, പ്രത്യേകിച്ച് ഹയർ സെക്കണ്ടറി അധ്യാപകരിൽ, ഗവേഷണതൽപ്പരത വളർത്തുന്നതിനുള്ള കർമ്മപരിപാടികൾ ശക്തിപ്പെടുത്തും. എസ്.സി.ഇ.ആർ.റ്റി ഇതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതോടൊപ്പം സമീപത്തുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഗവേഷണബന്ധം വളർത്തിയെടുക്കും.

ഹയർസെക്കൻഡറി അധ്യാപക പരിവർത്തന പരിപാടിയുടെ ഭാഗമായി 120 ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി. 3,050 അധ്യാപകർക്ക് ഇതിലൂടെ പരിശീലനം നൽകി. അധ്യാപകരിൽ ഗവേഷണതൽപ്പരത വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് 2023 സംഘടിപ്പിച്ചു. ഹയർ സെക്കന്ററി അധ്യാപകർക്ക് മിനി റിസർച്ച് പ്രോഗ്രാം ആരംഭിച്ചു.

427. അധ്യാപക നിയമനം, തസ്തിക നിർണയം, സ്ഥലംമാറ്റം, പ്രൊമോഷൻ ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങൾ 2021 മുതൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാക്കും.

അധ്യാപക നിയമനം, തസ്തിക നിർണ്ണയം, സ്ഥലം മാറ്റം എന്നിവ പൂർണ്ണ തോതിൽ ഓൺലൈനായി നടന്നുവരുന്നു.

428. നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.

സ്കൂളുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്കൂൾ മാനുവലിന്റെ കരട് തയ്യാറാക്കി.

429. എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ഭൗതികസൗകര്യഭാഗം വലിയൊരളവിൽ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ അടുത്ത അധ്യായന വർഷത്തിൽ സമഗ്രമായി പരിഷ്കരിക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.

സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നു. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

430. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കാൻ സമഗ്ര ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ബി.ആർ.സികളിൽ ആരംഭിച്ചിട്ടുള്ള ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ ടെക്സ്റ്റ് വികസിപ്പിക്കും. കേൾവി പരിമിതിയുള്ള കുട്ടികൾക്കായി പ്രത്യേക പരിപാടി

തയ്യാറാക്കും. ഇത്തരം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനു വിവിധ വകുപ്പുകളുടെ കീഴിലുള്ള ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കും.

ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് സർവ്വേ സംഘടിപ്പിച്ചു. 168 ബി.ആർ.സി.കളിൽ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇവർക്ക് സ്പീച്ച് തെറാപ്പി, സെൻസസ് സ്റ്റിമുലെസേഷൻ തെറാപ്പി എന്നിവ ഉൾപ്പെടെ വിവിധ തെറാപ്പി സേവനങ്ങൾ ഉറപ്പുവരുത്തി. ശാരീരിക അവശത മൂലം സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത 8,245 കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തി. ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1,500 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചു.

കാഴ്ചപരിമിതരായ കുട്ടികൾക്ക് ബ്രയിൽ ലിപിയിലുള്ള പുസ്തകങ്ങൾ നൽകിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാനസിക ആരോഗ്യത്തിനും ബൗദ്ധികമായ ഉന്നമനത്തിനും ഉപകരിക്കുംവിധമുള്ള പഠനോപകരണങ്ങൾ നൽകിവരുന്നു.

431. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ഉദ്ഗ്രഥിക്കും.

എലമെന്ററി വിദ്യാഭ്യാസ കാര്യങ്ങളിലാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി പദ്ധതികളെ ഉദ്ഗ്രഥിക്കാനുള്ള സാധ്യതയുള്ളത്.

സിവിൽ വർക്കുകൾ, യൂണിഫോം, പാഠപുസ്തകങ്ങൾ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, പിന്നോക്ക മേഖലയിലെ കുട്ടികൾക്കുള്ള യാത്രാ സൗകര്യം ഒരുക്കൽ തുടങ്ങി എലമെന്ററി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക തലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. സമഗ്രശിക്ഷ കേരളത്തിന്റെ പദ്ധതികളിൽ എലമെന്ററി എഡ്യുക്കേഷൻ എന്ന ഘടകത്തിന്റെ 40 ശതമാനം ഫണ്ട് തദ്ദേശസ്ഥാപനങ്ങളാണ് വഹിക്കുന്നത്.

432. സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ്, എം.പി, എം.എൽ.എ തുടങ്ങിയ ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനുസൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.

എല്ലാ സ്കൂളുകളിലും സ്കൂൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുമ്പ് തയ്യാറാക്കിയിട്ടുള്ള സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ നിർദ്ദേശം നൽകി. നിലവിലുള്ള സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ പുനർവായന നടത്തി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

433. എയ്ഡഡ് സ്കൂളുകളിലെ പാചകപ്പുര മെച്ചപ്പെടുത്തുന്നതിന് പൊതുഫണ്ടുകൾ ഉപയോഗപ്പെടുത്താൻ അനുവാദം നൽകും. പ്രാദേശിക

പിന്തുണയോടെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉയർത്തും.

പാചകപ്പുര നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കി. പൂർവ്വ വിദ്യാർത്ഥികളെയും ജനപ്രതിനിധികളെയും സംഘടിപ്പിച്ച് അധികഫണ്ട് കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു. ഉച്ചഭക്ഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തി. എല്ലാ ജില്ലകളിലും സ്കൂൾ പരിസരത്ത് പച്ചക്കറിത്തോട്ടങ്ങൾ ആരംഭിച്ചു. ഇതിൽ നിന്നും വിളവെടുക്കുന്ന പച്ചക്കറികൾ അതത് സ്കൂളിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുന്നു.

434. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തെ മാറ്റും.

പാഠ്യപദ്ധതി പരിഷ്കരണത്തിൽ ആവശ്യമായ പരിഷ്കരണം വരുത്തി. സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഉറപ്പു വരുത്തണമെന്ന നിർദ്ദേശം നൽകി. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കളിസ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു.

കായിക വിദ്യാഭ്യാസത്തിനായി ലോവർ പ്രൈമറി തലത്തിൽ ഹെൽത്തി കിഡ്സ് പദ്ധതി രൂപീകരിച്ചു. കായിക യുവജനക്ഷേമ വകുപ്പിന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സ്കൂൾ ഗ്രൗണ്ടുകളുടെ നിർമ്മാണവും നവീകരണവും നടന്നുവരുന്നു.

435. പഠനസാമഗ്രികൾ, പാഠപുസ്തകം, കൈപ്പുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളിലൊന്ന്. ഇത് തുടർന്നും ഉറപ്പുവരുത്തും.

പാഠപുസ്തകങ്ങളുടെ ഒന്നാം വാല്യം മദ്ധ്യവേനൽ അവധിക്കാലത്ത് വിദ്യാർത്ഥികളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

436. സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവവൈവിദ്ധ്യോദ്യാന പദ്ധതി വിപുലപ്പെടുത്തും. ജൈവ പച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും. എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും.

ഉച്ചഭക്ഷണ പദ്ധതിയെ പോഷിപ്പിക്കുന്നതിനും കുട്ടികളിൽ കാർഷികസംസ്കാരം വളർത്തുന്നതിനും എല്ലാ സ്കൂളുകളിലും കിച്ചൺ ഗാർഡൻ ആരംഭിച്ചു.

437. ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനു ശേഷമുള്ള ഉന്നതപഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.

ഹയർ സെക്കന്ററി മേഖലയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും തുടർന്നുവരുന്ന കരിയർ ഗൈഡൻസ് പരിശീലന പരിപാടി ഒമ്പതാം ക്ലാസ് മുതൽ ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു.

438. പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, ഐടി@സ്കൂൾ എന്നിവയുടെ പ്രവർത്തനം വിദഗ്ധരുടെ പങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെടുത്തും.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.ഐ.ഇ.ടി, സാക്ഷരതാ മിഷൻ, കൈറ്റ്, എസ്.ഐ.എം.സി. തുടങ്ങിയവയുടെ പ്രവർത്തനം അതത് മേഖലയിലെ വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തിവരികയാണ്. കേരള പാഠ്യപദ്ധതി കരട് ചട്ടക്കൂട് വികസിപ്പിച്ചു. 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകം പരിഷ്കരിച്ചു. 2, 4, 6, 8, 10 ക്ലാസുകളിലേക്കുള്ള പുതിയ പുസ്തകങ്ങൾ തയ്യാറായി വരുന്നു.

439. ഐടി@സ്കൂളിനെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ അഥവാ കൈറ്റ് എന്നാക്കി സമൂലമായി പുനഃസംഘടിപ്പിച്ചു. അതിന്റെ വലിയ മാറ്റവും ഉണ്ടായിട്ടുണ്ട്. സ്കൂൾ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സൃഷ്ടിച്ചിട്ടുള്ള പുതിയ സൗകര്യങ്ങളുടെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു കൈറ്റ് നേതൃത്വം നൽകും.

കൈറ്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഓൺലൈൻ ഡിജിറ്റൽ പഠന പ്രവർത്തനങ്ങൾക്ക് നല്ല സ്വീകാര്യത ലഭിച്ചു. ജിസ്യൂട്ട്, വിക്ടേഴ്സ് ചാനലുകൾ പോലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി. വിക്ടേഴ്സിന്റെ രണ്ടാം ചാനൽ ആരംഭിച്ചു. സമഗ്ര പോർട്ടൽ കാലോചിതമായി പരിഷ്കരിച്ചു. കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കളും സ്കൂളും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കാനുമുള്ള മൊബൈൽ ആപ്പ് സജ്ജമാക്കി. സഹിതം മെന്ററിംഗ് പോർട്ടൽ, സമ്പൂർണ്ണ, സമ്പൂർണ്ണ പ്ലസ് ആപ്പുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി.

440. അൺ എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നവിധം സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരും. ഇതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകും. അധ്യാപകരുടെയും അനധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും സേവന വ്യവസ്ഥകൾക്ക് മാനദണ്ഡം നിശ്ചയിക്കുന്ന നിയമനിർമ്മാണം നിലവിൽ വന്നിട്ടുണ്ട്.

441. സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ കൂടുതൽ ശക്തിപ്പെടുത്തും. വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസം നേടിയെടുക്കാൻ കഴിയുന്ന സവിശേഷ പദ്ധതികൾ ആവിഷ്കരിക്കും.

ഡിജിറ്റൽ സാക്ഷരതാ ഉറപ്പാക്കുന്നതിന് ഈ-മുറ്റം ബോധവൽക്കരണ പരിപാടി ആരംഭിച്ചു. ആശാ വർക്കർമാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിലേക്ക് തുടർ വിദ്യാഭ്യാസ പദ്ധതി വ്യാപിപ്പിച്ചു.

സാക്ഷരതാ മിഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ എന്നിവയ്ക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

442. **സാക്ഷരതാമിഷൻ പ്രേരക്മാരെ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണ്. വർദ്ധിപ്പിച്ച അലവൻസ് ലഭിക്കുമെന്ന് ഉറപ്പു വരുത്തും. ഇവരുടെ അലവൻസ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കു സർക്കാർ അധികമായി ലഭ്യമാക്കും.**

സാക്ഷരതാ മിഷൻ പ്രേരക്മാരെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചു. അക്കാദമിക് പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിൽ തുടരുന്നു.

443. **എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും. പാചകത്തൊഴിലാളികൾ, പ്രീപ്രൈമറി അധ്യാപകർ/ആയമാർ എന്നിവരുടെ വേതനം ഉയർത്തും.**

എല്ലാ സ്കൂളിലും കൗൺസിലിംഗ് സേവനം ഉറപ്പാക്കുന്നതിന് ഓരോ വിദ്യാഭ്യാസ ജില്ലയിലും പ്രാപ്തരായ അദ്ധ്യാപകരെ തെരെഞ്ഞെടുത്ത് പരിശീലനം നൽകാൻ നടപടി കൈക്കൊണ്ടു.

## ഉന്നതവിദ്യാഭ്യാസം

444. **സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് ഇനിയുള്ള ലക്ഷ്യം. നാക് അക്രെഡിറ്റേഷൻ കേരളത്തിലെ എല്ലാ സർവ്വകലാശാലകളും 3.5 ശതമാനം ഗ്രേഡ് എങ്കിലും കൈവരിക്കണം. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഡിപ്പാർട്ടുമെന്റുകളും സ്കൂളുകളും ദേശീയ തലത്തിൽ അംഗീകാരം നേടും. കൂടാതെ രാജ്യത്തെ വിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റും.**

എട്ട് സർവകലാശാലകൾക്കും 359 കോളേജുകൾക്കും നാക് അക്രെഡിറ്റേഷൻ ലഭിച്ചു. ഇതിൽ 82 കോളേജുകൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണ് നാക് അക്രഡിറ്റേഷൻ ലഭിച്ചത്. കേരള, എം.ജി സർവകലാശാലകൾ എ++ ഗ്രേഡ് നേടി. കോഴിക്കോട്, കൊച്ചി, ശ്രീ ശങ്കര സർവകലാശാലകൾ എ+ ഗ്രേഡ് നേടി. അകിലേന്ത്യ അടിസ്ഥാനത്തിൽ 147 കോളേജുകൾക്ക് എ++ ഗ്രേഡുകൾ ലഭിച്ചപ്പോൾ കേരളത്തിലെ 21 കോളേജുകൾ അതിൽ ഉൾപ്പെട്ടു. 39 കോളേജുകൾക്ക് എ+ ഗ്രേഡും 62 കോളേജുകൾക്ക് എ ഗ്രേഡും നേടാനായി. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച നാല് വർഷ ബിരുദ പ്രോഗ്രാമുകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ കാലോചിതമായ മാറ്റങ്ങളോടെ പാഠ്യപദ്ധതി പരിഷ്കരണം നടന്നുവരുന്നു.

വിവിധ സർവകലാശാലകൾ വിദേശ സർവകലാശാലകളുമായി വിദ്യാർത്ഥി വിനിമയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ്

ആൻഡ് ലിബറൽ ആർട്സ്, എക്കണോമിക്സ്, അഗ്രികൾച്ചർ ആൻഡ് എക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കൊമേഴ്സ് ആൻഡ് മാനേജ്മെൻറ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി ആൻഡ് എൻജിനീയറിങ് എന്നീ പത്ത് വൈജ്ഞാനിക മേഖലകളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി.

445. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തണം. അഖിലേന്ത്യാ ശരാശരി 26 ശതമാനമാണ്. ഇപ്പോൾ കേരളത്തിലെ എൽറോൾമെന്റ് 37 ശതമാനമാണ്. പക്ഷെ ഇതിൽ പുറത്തു പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉൾപ്പെടില്ല. ഇതിന്റെ നിജസ്ഥിതി സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തും. ഇവരെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഒരു പക്ഷെ ഏതാണ്ട് 1,617 ലക്ഷം കുട്ടികൾ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത് 2022 ലക്ഷമായി ഉയർത്തും. ഇതിനായി 2021ൽ കോളേജുകൾ തുറക്കുമ്പോൾ 20000 പേർക്ക് അധിക പഠനസൗകര്യം ഉണ്ടാകും. 10 ശതമാനം സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യ വർദ്ധന. 2021-22ല് തെരഞ്ഞെടുത്ത കോളേജുകളിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ചുകളിലൂടെയും പരീക്ഷണാടിസ്ഥാനത്തിൽ പഠനസൗകര്യം ഒരുക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും പുതുതായി അനുവദിക്കപ്പെട്ടു. ഇവയിലൂടെ 30,000ലധികം വിദ്യാർത്ഥികൾക്ക് പഠന സൗകര്യം കൂടുതലായി ഉണ്ടായി. 35 സ്വകാര്യ കോളജുകളും പുതിയ ഒരു എയിഡഡ് കോളേജും അനുവദിച്ചിട്ടുണ്ട്.

446. സർവ്വകലാശാലകൾക്കുള്ളിൽ, കേരളത്തിലെ ശാസ്ത്ര പ്രതിഭകളുടെ പേരിൽ 30 ഓട്ടോണസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ദ്ധരെയോ പണ്ഡിതന്മാരെയോ സേർച്ച് കമ്മിറ്റി വഴി ദേശീയതലത്തിൽ നിന്ന് തെരഞ്ഞെടുത്തതിനു ശേഷം മാത്രമായിരിക്കും ഈ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ നടത്തുക. ഈ പ്രഗത്ഭ മേധാവികളുടെ കൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപാന്തരപ്പെടുക. ഇവയിൽ നല്ല പങ്കും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളോ ഇന്റർ ഡിസിപ്ലിനറി സെന്ററുകളോ ആയിരിക്കും.

7 പുതിയ അന്തർ സർവകലാശാല സെന്ററുകൾ ആരംഭിക്കാനുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചു.

447. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. കേരളത്തിന്റെ വിവിധ മേഖലകളുടെ വികസന ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കെഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ച ചെയ്താണ് സെന്ററുകൾ സംബന്ധിച്ച് തീരുമാനമെടുക്കുക.

167 കോടി രൂപ ചിലവിൽ സർവകലാശാലകളിൽ മൂന്നു മികവിന്റെ കേന്ദ്രങ്ങൾ

സ്ഥാപിക്കാൻ ഭരണാനുമതി നൽകി.

448 പ്രതിമാസം 50000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പ് ഉള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കും. അധികമായി ലബോറട്ടറികളും മറ്റു സൗകര്യങ്ങളുമൊരുക്കുന്നതിന് 50000 രൂപ വരെ ആവശ്യമെങ്കിൽ ലഭ്യമാക്കും. രണ്ടു വർഷത്തേക്കായിരിക്കും ഫെലോഷിപ്പ്. രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ധർക്കും ഈ ഫെലോഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ദേശീയ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പ്രത്യേകം പരസ്യം ചെയ്തായിരിക്കും ആളെ തെരഞ്ഞെടുക്കുക. ഫെലോഷിപ്പുകളുടെ വിഷയങ്ങൾ കേരളത്തിന്റെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് തീരുമാനിക്കുക.

172 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിച്ചു.

449 കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്. മേജർ സർവ്വകലാശാലകൾക്ക് പരമാവധി 125 കോടി രൂപ വീതവും മറ്റുള്ളവയ്ക്ക് 75 കോടി രൂപ വീതം അനുവദിക്കും. ലാബുകൾ, ക്ലാസ് മുറികൾ, സ്റ്റുഡന്റ് / ഫാക്കൽറ്റി ഹോസ്റ്റൽ, ഇന്റർനാഷണൽ ഹോസ്റ്റൽ എന്നിവയ്ക്കാണ് പണം അനുവദിക്കുക.

കിഫ്ബി ധനസഹായത്തോടു കൂടി അഞ്ചു സർവകലാശാലകളിൽ 363.85 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനാനുമതി നൽകി.

450 കേരള സാങ്കേതിക സർവകലാശാലക്കും മെഡിക്കൽ സർവ്വകലാശാലക്കും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിക്കും പുതിയ ആസ്ഥാന മന്ദിരങ്ങൾ പണിയും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് പുതിയ ആസ്ഥാന മന്ദിരം ലഭ്യമാക്കും.

സാങ്കേതിക സർവകലാശാല ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി. ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 8.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

451. ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തും.

ഉന്നത വിദ്യാഭ്യാസത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ 763 കോടി രൂപ വിവിധ പദ്ധതികളിലായി അനുവദിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 20 ശതമാനം വർദ്ധനവ്.

2023-24 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 900 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചു. ഡിജിറ്റൽ സർവകലാശാല,കേരള നോളജ് ഇക്കോണമി മിഷൻ, കെഡിസ്ക്, കെയ്സ്, സ്പേസ്, ലൈഫ് സയൻസ് പാർക്കുകൾ എന്നിവയ്ക്കനുവദിച്ച തുകക്കുപുറമേയാണിത്.

452. ഐ.ഐ.ഐ.ടി.എം.കെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തിയിട്ടുണ്ട്.

## ഇന്നവേറ്റീവ് ഗവേഷണത്തിനും സംരംഭകത്വ പ്രോത്സാഹനത്തിനും ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർണ്ണായക പങ്ക് വഹിക്കാനാവുംവിധം വികസിപ്പിക്കും.

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്ട് 2021 ഒക്ടോബറിൽ കേരള നിയമസഭ പാസാക്കി. യൂണിവേഴ്സിറ്റിക്ക് യുജിസി അംഗീകാരം ലഭിച്ചിട്ടുണ്ട്. എംടെക് പ്രോഗ്രാമുകൾക്ക് എഐസിടിഇ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഇന്ത്യ ഇന്നൊവേഷൻ സെൻറർ ഫോർ ഗ്രാഫീൻ എന്ന മികവിൻറെ കേന്ദ്രം 2022 മാർച്ചിൽ സ്ഥാപിച്ചു. ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രാഫീൻ പൈലറ്റ് പ്രോജക്ട് എന്നിവയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2022–24 കാലയളവിൽ 315 കുട്ടികൾ ഉഡഗ യുടെ വിവിധ പി.ജി കോഴ്സുകളിൽ അഡ്മിഷൻ നേടുകയുണ്ടായി. 2021–23 കാലയളവിൽ ഇത് 170 കുട്ടികളായിരുന്നു. പുതിയ MSc & M.Tech കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, യൂണിവേഴ്സിറ്റി ഓഫ് സീഗൻ ജർമനി, യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫോർഡ്, യൂണിവേഴ്സിറ്റി ഓഫ് മാഞ്ചസ്റ്റർ തുടങ്ങി വിവിധ വിദേശ സർവകലാശാലകളുമായി DUK ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ഇത് കൂടാതെ കേരളത്തിലും പുറത്തുമായി വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ധാരാളം എക്സ്റ്റേണൽ ഫണ്ടിംഗ് വിവിധ പ്രോജക്റ്റുകളിലൂടെയും അക്കാദമിക് റിസർച്ച് പ്രോജക്റ്റുകളിലൂടെയും DUK യ്ക്ക് ലഭിക്കുകയുണ്ടായി. അക്കാദമിക് ആൻറ് റിസർച്ച് ആക്ടിവിറ്റി കൂടാതെ ധാരാളം ട്രെയിനിങ് പ്രോഗ്രാമുകളും ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകൾക്കും മറ്റു ഓർഗനൈസേഷനുകൾക്കുമായി നടത്തി. രണ്ടാം ഘട്ട കൺസ്ട്രക്ഷൻ വർക്ക്പുരോഗമിക്കുന്നു. കൂടാതെ 27 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എക്സിക്യൂട്ടീവ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ് നൽകിയിട്ടുണ്ട്.

## 454 സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ ഫലങ്ങൾ അടുത്തു മനസ്സിലാക്കാനും പ്രധാന വിദേശ ഭാഷകളിൽ നമ്മുടെ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ സജ്ജമാക്കാൻ സർവ്വകലാശാലകളിൽ സംവിധാനം ഒരുക്കും.

നാലുവർഷ ബിരുദപ്രോഗ്രാമിന്റെ കരിക്കുലം പ്രകാരം എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകളുടെ ഭാഗമായി വിദേശഭാഷാ പഠനം ഉൾപ്പെടുത്താൻ തീരുമാനിച്ചു. പ്രസ്തുത കോഴ്സുകൾക്ക് ലഭിക്കുന്ന ക്രെഡിറ്റ് ബന്ധപ്പെട്ട ബിരുദ പ്രോഗാമിന്റെ ക്രെഡിറ്റ് ഘടനയിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായ റെഗുലേഷനുകൾ സർവകലാശാലകൾ നിർമിച്ചു.

## 455 ഓൺലൈനായുള്ള മൂക് മാതൃകയിലുള്ള കോഴ്സുകളുടെ സാധ്യതകൾ പൂര്ണ്ണമായും പ്രയോജനപ്പെടുത്തും. പരമ്പരാഗതമായ കോഴ്സുകളും മൂക് കോഴ്സുകളും മിശ്രമാക്കാവുന്നതാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി, കേരള സർവകലാ ശാലകൾ ഒൺലൈൻ കോഴ്സുകൾ നടത്തിവരുന്നു.

നാലുവർഷ ബിരുദപ്രോഗ്രാമിന്റെ കരിക്കുലം ഘടനയിൽ അധ്യയനം ബ്ലെൻഡഡ് മാതൃകയിൽ ആകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി

പരമ്പരാഗത കോഴ്സുകളുടെയും ഒൺലൈൻ കോഴ്സുകളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തും.

456 കേരളത്തിലെ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാദമിക് സഹകരണങ്ങളും പ്രോത്സാഹിപ്പിക്കും.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ, സർവകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഐ.എച്ച്.ആർ.ഡി, അസാപ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദേശ സർവകലാശാലകളും സ്ഥാപനങ്ങളുമായി കരാറുകളിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചു.

457 ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ സ്പോക്കൺ അറബി കോഴ്സുകൾക്കു പ്രാധാന്യം നൽകി ഒരു പഠനകേന്ദ്രം ആരംഭിക്കും.

ചരിത്രകാരനായിരുന്ന ഷെയ്ക്ക് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ കോഴിക്കോട് സർവകലാശാലയുടെ ആഭിമുഖ്യത്തിൽ പൊന്നാനി കേന്ദ്രമാക്കി ഒരു അന്താരാഷ്ട്ര സാംസ്കാരിക പഠന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

458 ഉന്നത വിദ്യാഭ്യാസ വ്യവസായ വികസന സഹകരണം ശക്തിപ്പെടുത്തും. ട്രാൻസ്ലേഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉന്നതവിദ്യാപീഠങ്ങൾ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, നൂതനവിദ്യാ പ്രോത്സാഹന പദ്ധതികൾ എന്നിവയൊക്കെയായിരിക്കും ഈ സഹകരണത്തിന്റെ മുഖ്യചാലുകൾ.

വിവിധ സർവകലാശാലകൾക്ക് കീഴിൽ 6 ട്രാൻസ്ലേഷണൽ റിസർച് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കിഫ്ബി ധനസഹായത്തോടു കൂടിയ പദ്ധതിക്ക് അനുമതി നൽകി. 37.59 കോടി രൂപയുടെ രണ്ടു കേന്ദ്രങ്ങൾക്ക് കിഫ്ബി ധനാനുമതി നൽകി.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 20 പോളിടെക്നിക്ക് കോളേജുകളിലായി 40 ഇൻഡസ്ട്രി ഓൺ കാമ്പസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമായി. ഇവയില് 11 സ്ഥാപനങ്ങളിലെ യൂണിറ്റുകൾ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ 75 ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ കോഴിക്കോട് ഗവ. പോളിടെക്നിക്ക് കോളേജ് നിർമ്മിച്ചു നൽകി.

459 അഫിലിയേറ്റഡ് കോളജുകളിലെ ക്ലാസ് മുറികൾ മുഴുവൻ ഡിജിറ്റലൈസ് ചെയ്യും. അസാപ്പിനായിരിക്കും ഇതിന്റെ ചുമതല.

അസാപ് സമർപ്പിച്ച പദ്ധതി നിർദ്ദേശം കിഫ്ബിയുടെ പരിഗണനയിലാണ്.

460 സർക്കാർ കോളജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ 512 കോടി രൂപ വീതം മുടക്കി വിപുലീകരിക്കും. നാക് അക്രെഡിറ്റേഷനുവേണ്ടിയുള്ള സൗകര്യങ്ങളൊരുക്കുന്നതിനു പ്രത്യേക ധനസഹായം നൽകും.

റൂസ 2 പ്രകാരമുള്ള നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 51 ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കിഫ്ബി ധനസാഹായത്തോടു കൂടി 447.46

കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് ധനാനുമതി ലഭിച്ചു. ഇതിൽ 23 എണ്ണം പൂർത്തീകരിച്ചു. സർക്കാർ കോളേജുകൾക്ക് നാക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി അന്തിമ ഘട്ടത്തിലാണ്.

462 **ഉന്നത വിദ്യാഭ്യാസ മേഖലയിലെ ബിരുദബിരുദാനന്തര പഠനത്തിനുള്ള കരിക്കുലം പരിഷ്കരിക്കും. വ്യത്യസ്ത വിഷയങ്ങളിലുള്ള നിപുണത വികസിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കും.**

കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി നാലുവർഷ ബിരുദ പ്രോഗ്രാമുകൾ 2024 മുതൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സർവകലാശാലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഇതിനോടനുബന്ധിച്ച് സർവ്വകലാശാലകൾ സിലബസുകളും റെഗുലേഷനുകളും തയാറാക്കി. സർവകലാശാലകളിലും കോളേജുകളിലും പാഠ്യപദ്ധതി പരിഷ്കരണ ശിൽപ്പശാലകൾ നടന്നുവരുന്നു.

463. **ഉന്നത വിദ്യാഭ്യാസത്തിന്റെ ഈ പരിവർത്തനത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സി.ഡബ്ല്യൂ.ഡി.ആർ.എം, കെ.എഫ്.ആർ.ഐ. നാറ്റ്പാക്ക് തുടങ്ങിയ സ്ഥാപനങ്ങളും സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സ്റ്റേറ്റിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്കു പൂർണ ഓട്ടോണമി നൽകുകയും കൗൺസിലിന്റെ ചുമതല ഏകോപനം, അവലോകനം, പൊതുദിശ നിർണയിക്കൽ എന്നിവയിൽ ഒതുക്കുകയും ചെയ്യും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലോകോത്തര സ്ഥാപനമാക്കും.**

ഗവേഷണ സ്ഥാപനങ്ങളുടെ ഓട്ടോണമി സംബന്ധിച്ച നടപടികൾ പരിഗണനയിലാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് മുഴുവൻ സമയ ഡയറക്ടറെ നിയമിച്ച് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ 88 വൈറസുകൾ ഡിറ്റക്റ്റ് ചെയ്യുവാനുള്ള സംവിധാനം ആരംഭിച്ചു. ബിഎസ് എൽ 3 ലാബ് സംവിധാനത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. പുതിയ കെട്ടിടവും 8 ലാബുകളും ഉദ്ഘാടനം ചെയ്തു.

464 **കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നല്കും. ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരമുള്ള ഇന്ത്യയിലെ ഏറ്റവും നല്ല ചലച്ചിത്ര പാഠശാലയാക്കി മാറ്റും.**

കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നൽകി. പ്രശസ്ത സംവിധായകൻ സയീദ് മിർസയെ ചെയർമാനായും പുനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ ഫിലിംസ് ഡീൻ ആയിരുന്ന പി ആർ ജിജോയിയെ ഡയറക്ടറായും നിയമിച്ചു.

മൂന്നു വർഷ പി.ജി ഡിപ്ലോമ കോഴ്സുകൾ പുനഃക്രമീകരിച്ചു.

465 പഠനത്തിനൊപ്പം വരുമാനം കൂടി ഉറപ്പാക്കാൻ സാധിക്കും വിധം ഏൺ ബൈ ലേൺ പദ്ധതി വിപുലീകരിക്കും.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ കോളേജുകളിൽ സോപ്പ് നിർമ്മാണം, കൂൺ കൃഷി, ഫുഡ് പ്രോസസ്സിംഗ് വിവിധ ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലൂടേയും വിപണനത്തിലൂടെയും വിദ്യാർത്ഥികൾ പഠനത്തോടൊപ്പം വരുമാനവും കണ്ടെത്തിവരുന്നു. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇലക്ട്രോണിക് സ്റ്റെബിലൈസർ, എൽഇഡിബൾബുകൾ, അലങ്കാര വിളക്കുകൾ മുതലായവയുടെ നിർമാണ-വിപണനത്തിലൂടെ വരുമാനം ആർജിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ പഠനത്തോടൊപ്പം വരുമാനവും കണ്ടെത്തുന്നുണ്ട്.

466 പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 60 ഇൻക്യുബേറ്റുകളുള്ള രണ്ട് ഇൻകുബേഷൻ സെന്ററുകളും, 160 സ്റ്റാർട്ടപ്പുകളും ഇൻക്യുബേറ്റ് ചെയ്തു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഐ.എച്ച്.ആർ.ഡി യുടെ കൊട്ടാരക്കര എൻജിനീയറിങ് കോളേജിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ടെക്നോളജി ഇൻക്യൂബേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ എൻജിനീയറിങ് കോളേജുകളിലും വിവിധ പോളിടെക്നിക് കോളേജുകളിലും ടെക്നോളോജിക്കൽ ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

467 വിവിധ സർവ്വകലാശാല ലൈബ്രറികളിലെ ഇ-റിസോഴ്സ് മറ്റിതര സർവ്വകലാശാലകളിലടക്കമുള്ള സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം നടപ്പാക്കും. സർവ്വകലാശാലകളിലെയും അഫിലേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കും. മികച്ച ഗ്രേഡ് ലഭിക്കുന്ന ഡിപ്പാർട്ട്മെന്റുകൾക്ക് പ്രത്യേക ധനസഹായം നല്കും.

ഇ-ജേർണൽ കൺസോർഷ്യം നിലവിൽ വന്നു. സർവ്വകലാശാലകളിലെയും അഫിലേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സാക് നിലവിൽവന്നു. സാക്കിന്റെ നേതൃത്വത്തിൽ സർവകലാശാലാ ഡിപ്പാർട്ട്മെന്റുകളെയും കോളേജുകളെയും ഗ്രേഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

468 ജ്ഞാനസമൂഹമായുള്ള കേരളത്തിന്റെ പരിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടേറെ ബഹുവിഷയ സ്പർശിയായ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. കല, സാംസ്കാരിക

മേഖലയിൽ ഇത്തരത്തിലുള്ള സ്ഥാപനമായിരിക്കും സ്കോപ്. ഇത് കേരളത്തിലും ഇന്ത്യയിലും അന്യരാജ്യങ്ങളിലുമുള്ള വിവിധ ശാസ്ത്ര, കലാ, സാഹിത്യ, വൈജ്ഞാനിക മേഖലകളിലെ പ്രഗത്ഭർക്ക് ഒത്തുകൂടി പ്രവർത്തിക്കാനുള്ള സംവിധാനമൊരുക്കും.

സ്കോപ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

469 സ്വാശ്രയ സ്ഥാപനങ്ങളിലെ അക്കാദമിക ഗുണമേന്മ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള അക്രെഡിറ്റേഷൻ സംവിധാനം ആരംഭിക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ പുതിയ കോഴ്സുകൾ അനുവദിക്കുക. ഇത്തരം സ്ഥാപനങ്ങളിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അവ ഫലപ്രദമാക്കും.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലുള്ള സാക് സ്വാശ്രയ സ്ഥാപനങ്ങളെ അക്രഡിറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

470 സർവ്വകലാശാലകളിലെ സിലബസ് കാലോചിതമായി പരിഷ്കരിക്കും. പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഓരോ സർവ്വകലാശാലയും അവരവരുടെ സിലബസ് നിർമ്മാണം പൂർത്തീകരിക്കും.

ബിരുദതല കരിക്കുലം പരിഷ്കരണ നടപടികൾ പൂർത്തിയായി. ഇതിന്റെ തുടർച്ചയായി വിവിധ സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 2024–25 അക്കാദമിക വർഷം മുതൽ സംസ്ഥാനത്തെ ബിരുദ പ്രോഗ്രാമുകൾ പൂർണമായും നാലു വർഷ ഘടനയിലേക്ക് മാറും.

471 കൂടുതൽ ഡോക്ടറൽ സീറ്റുകളും സ്കോളർഷിപ്പുകളും അനുവദിക്കും. ജ്ഞാനോൽപ്പാദനത്തിന് ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനു ബിരുദബിരുദാനന്തര കാലത്ത് വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കും. ഗവേഷണ മെത്തഡോളജിയിൽ പാർടൈം കോഴ്സുകൾ ആരംഭിക്കും.

വിവിധ സർവകലാശാലകളിൽ കരിക്കുലം പരിഷ്കരണ നടപടികൾ പൂർത്തിയായി. ഇതിന്റെ ഭാഗമായി സർവകലാശാലകൾ ഗവേഷണ രീതിശാസ്ത്രത്തിൽ പുതിയ കോഴ്സുകൾ തായാറാക്കി.

ഗവേഷകവിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുള്ള സ്കോളർഷിപ്പുകൾക്ക് പത്തു കോടി രൂപ അനുവദിച്ചു.

473 അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനു ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടികൾ കൂടുതൽ ലളിതമാക്കും. ഉദാരമായ സാമ്പത്തിക പിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകളെടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കും. ഷിഫ്റ്റ് അടിസ്ഥാനത്തിലോ അല്ലാതെയോ കോഴ്സുകൾ നടത്തുന്നതിന് കോളേജുകളുടെ ഗ്രേഡ്

കണക്കിലെടുത്തുകൊണ്ടായിരിക്കും.

സ്ഥാപനങ്ങളുടെ ഗ്രേഡ് അനുസരിച്ച് ഷിഫ്റ്റ് അടിസ്ഥാനത്തിൽ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണിക്കും. ഇപ്പോൾ നടന്നു വരുന്ന കരിക്കുലം പരിഷ്കരണത്തിന്റെ തുടർച്ചയായിട്ടായിരിക്കും അത്.

474 എല്ലാ കോളേജ് അധ്യാപകർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്‌ഡക്ഷൻ കോഴ്സുകൾ സംഘടിപ്പിക്കും. അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾക്കു വേണ്ടിയുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തും. മാനദണ്ഡങ്ങൾക്കനുസരിച്ച് പൂർണ്ണമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കും.

അധ്യാപകരുടെയും അനധ്യാപകരുടെയും സമഗ്ര പരിശീലനത്തിനായി വിഭാവനം ചെയ്തിട്ടുള്ള സെന്റർ ഓഫ് എക്സലെൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് സ്ഥാപിക്കൽ സർക്കാരിന്റെ പരിഗണയിലാണ്.

475 സർവ്വകലാശാലാ കേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണമായും നികത്തും. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണാസംവിധാനങ്ങളും സൃഷ്ടിക്കും.

കണ്ണൂർ സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു.

476 സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളായി മാറ്റും. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റലൈസ് ചെയ്യും. ലൈബ്രറി, പുസ്തകമെടുക്കുന്നതിനു മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠനകേന്ദ്രം കൂടിയാക്കി മാറ്റും. നൂറുകണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കുന്നതിന് ആവശ്യമായ വിശാലമായ ഹാളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാക്കും. സർവ്വകലാശാല, കോളേജ് ലൈബ്രറികളെ ഓൺലൈനായി ബന്ധിപ്പിക്കും.

കാൾനെറ്റിന്റെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു. കോളേജ് ലൈബ്രറികളെ ഒരു പൊതുവായ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ സർവകലാശാലകളുടെ സഹായത്തോടെ നടന്നുവരുന്നു.

477 സ്കോളർഷിപ്പ് ഫണ്ടിലേയ്ക് സർക്കാർ ഗ്രാന്റിന് പുറമേ സംഭാവനകളും എൻഡോവ്മെന്റുകളും ചേർത്ത് വിപുലീകരിക്കും. സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കും.

പ്രത്യേക ഫണ്ട് രൂപീകരിക്കൽ സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു

478 സർവ്വകലാശാല നിയമങ്ങൾ പുനരവലോകനം ചെയ്യുകയും അക്കാദമിക മികവിനു മുന്തൂക്കം നല്കിക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യും.

നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിയമ നിർമാണ / പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു.

479 പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസിനെ ആധുനികീകരിച്ചുകൊണ്ട് അലോട്ട്മെന്റ് പ്രക്രിയ ലളിതമാക്കും. ഇതുപോലെ വിവിധ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ, പ്രത്യേകിച്ച് എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവരുടെയും മിശ്രവിവാഹത്തിലുള്ളവരുടെയും നടപടി ക്രമങ്ങൾ ലളിതമാക്കും.

പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസ് ആധുനീകരിച്ച പുതിയ ഓഫീസിലേക്ക് മാറ്റി. 2024-25 വർഷം മുതൽ എൻജിനീയറിങ് പ്രവേശന പരീക്ഷ പൂർണമായും ഓൺലൈൻ സംവിധാനത്തിലാകും.

480 ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉറപ്പ് വരുത്തും. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പ് വരുത്തും.

നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയാറാക്കി വരുന്ന സർവകലാശാലാ നിയമഭേദഗതിയിൽ വിദ്യാർത്ഥികൾക്കുള്ള അവകാശ രേഖ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

481 കോളേജ് ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കും. അവയ്ക്ക് പ്രത്യേക ധനസഹായം അനുവദിക്കും.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോളേജ് ക്ലസ്റ്ററുകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗവേഷണ സൗകര്യങ്ങൾ പങ്കുവയ്ക്കുന്നത് സാധ്യമാക്കുന്നതിന് കേരള നെറ്റ്‌വർക്ക് ഫോർ റിസേർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ ഒരു മികവിന്റെ കേന്ദ്രം ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തനമാരംഭിച്ചു.

482 സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. സ്വാശ്രയ കോളേജുകളിൽ മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും നിയമനങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

നിയമ നിർമാണം പൂർത്തിയായി. കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ പരിശോധിനയിലാണ്.

483 കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾക്കെല്ലാം അക്രെഡിറ്റേഷൻ ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. തെരഞ്ഞെടുത്ത കോളേജുകളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആയി ഉയർത്തും.

എല്ലാ സർക്കാർ എൻജിനീയറിങ് കോളേജുകളിലെയും ആറു സർക്കാർ പോളിടെക്നിക് കോളേജുകളിലെയും ഭൂരിഭാഗം സർക്കാർ കോസ്റ്റ് ഷെയറിങ് കോളേജുകളിലെയും വിവിധ വകുപ്പുകൾ എൻബിഎ അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്. വട്ടിയൂർക്കാവ് സർക്കാർ പോളിടെക്നിക് കോളേജിലെയും

പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനീയറിങ് കോളേജിലെയും എല്ലാ വകുപ്പുകളും എൻബഎ അക്രെഡിറ്റേഷൻ നേടി. ഇവ ഉൾപ്പെടെ കേരളത്തിലെ 58 എൻജിനീയറിങ് കോളേജുകളിലെ 283 ബിരുദ പ്രോഗ്രാമുകൾക്കും എട്ടു കോളേജുകളിലെ 12 ബിരുദാനന്തര പ്രോഗ്രാമുകൾക്കും എൻബിഎ അക്രെഡിറ്റേഷൻ ലഭിച്ചു.

## പൊതുജനാരോഗ്യം

485. പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും. രോഗാതുരത കുറയ്ക്കുന്നതിലൂടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താനും ആരോഗ്യ ചെലവ് കുറച്ചുകൊണ്ടുവരാനുമാണ് ശ്രമിക്കുന്നത്.

### ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും

സംസ്ഥാനത്തെ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ കേരള ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി.

ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠനഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക മുതലായ ലക്ഷ്യങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റസിലിയൻസ് സ്ഥാപിക്കാൻ തത്വത്തിൽ അനുമതി നൽകി. നോഡൽ ഓഫീസറെ നിയമിച്ചു.

ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർസ് സെന്റർ കേരളയും എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു. 36 ഗവേഷണങ്ങൾ നടന്നുവരുന്നു. കൂടാതെ ഐ.സി.എം.ആർന്റെ ധനസഹായത്തോടെ 4 പദ്ധതികളും കെഎസ് എസിഎസ്/നാകോയുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നുവരുന്നു.

എസ്എച്ച്എസ്ആർസിയുടെ നേതൃത്വത്തിൽ ജീവിതശൈലീരോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആയുർവേദത്തിലെ അറിവുകളെ നൂതന ജൈവ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

486. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യും. രോഗികൾക്ക് കൃത്യമായി സബ്സെന്ററുകൾ വഴി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായൊരു ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.

ആർദ്രം മിഷൻ 2ന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടെയും അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കാനുള്ള "വാർഷിക ആരോഗ്യ പരിശോധന" ആരംഭിച്ചു. ആദ്യഘട്ട സ്ക്രീനിങ് പൂർത്തിയായി.

'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' ക്യാമ്പയിനിന്റെ ഭാഗമായാണ് 'ശൈലി' ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാ പ്രവർത്തകർ സർവേ നടത്തുന്നത്.

## ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുവാൻ ലക്ഷ്യമിട്ടാണ് എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തത്.

പുതിയ പകർച്ച വ്യാധികൾ, വർദ്ധിച്ചുവരുന്ന രോഗാതുരത, അതിവേഗം വർദ്ധിക്കുന്ന ജീവിത ശൈലീരോഗങ്ങൾ തുടങ്ങി പുതിയകാലഘട്ടത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ചു.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനമാർഗരേഖ, ക്ലിനിക്കൽ മാർഗരേഖ എന്നിവ പുറത്തിറക്കി.

487. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതോടെ പ്രാഥമികാരോഗ്യതലത്തിലെ പരിവർത്തനം പൂർത്തിയാക്കും. എല്ലായിടത്തും ഉച്ചകഴിഞ്ഞും ഒ.പിയും ലാബും ഫാർമസിയുമുണ്ടാകുമെന്ന് ഉറപ്പുവരുത്തും. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ട 886 സ്ഥാപനങ്ങളിൽ 683 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തിപ്പിച്ചു. 116 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര സൂചികയായ എൻക്യൂഎഎസ് സർട്ടിഫിക്കേഷൻ ലഭിച്ചു. കോഴിക്കോട് ജില്ലയിലെ കക്കോടി, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക്



റോബോട്ടിക് സർജറി

ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ പദവി ലഭിച്ചു.

488. ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ നടപ്പിലാക്കും. ആരോഗ്യ വകുപ്പിനെ മെഡിസിൻ, ആയുഷ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. മോഡേൺ മെഡിസിന് പബ്ലിക് ഹെൽത്ത്, ക്ലിനിക്കൽ സർവ്വീസസ്, മെഡിക്കൽ എഡ്യുക്കേഷൻ എന്നിങ്ങനെ മൂന്നു ഉപവിഭാഗങ്ങളുണ്ടാവും. പ്രാഥമിക, സാമൂഹിക, ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ, വിവിധ പൊതുജനാരോഗ്യ പരിപാടികളുടെ ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും. ക്ലിനിക്കൽ സർവ്വീസിൽ സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവ്വഹണ തസ്തികകളും പെടും. മെഡിക്കൽ കോളേജുകളിലുള്ളവരാവും മെഡിക്കൽ എഡ്യുക്കേഷൻ കേഡറിലുണ്ടാവുക.

ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കുന്നത് സംബന്ധിച്ച വിദഗ്ദ്ധ സമതിയുടെ റിപ്പോർട്ട് ചർച്ച ചെയ്ത് അന്തിമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

489. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളം ആരോഗ്യ ഇൻഷ്വറൻസിൽ നിന്ന് ആരോഗ്യ അഷ്വറൻസ് സമ്പ്രദായത്തിലേയ്ക്ക് മാറി. വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയായിരിക്കും ഇത് നടപ്പാക്കുന്നത്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം 42 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവെലന്റ്സ് ഫണ്ട്, കുട്ടികൾക്ക് സർക്കാർ ആശുപത്രിയിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനുള്ള ആരോഗ്യ കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പിലാക്കിവന്നിരുന്ന താലോലം, കുട്ടികളുടെ ക്യാൻസർ സുരക്ഷ, ശ്രുതി തരംഗം എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കിവരുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 'ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക പുരസ്കാരം, കൂടുതൽ തുക വിനിയോഗം, ഓരോ 1,000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, ഗുണഭോക്തൃ പരിധിയിൽപ്പെട്ട 90% കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡ് എങ്കിലും ഉറപ്പാക്കിയ സംസ്ഥാനം'എന്നീ വിഭാഗങ്ങളിൽ നാഷണൽ ഹെൽത്ത് അതോറിറ്റി നൽകുന്ന 5 ദേശീയ പുരസ്കാരങ്ങളും ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ വിഭാഗത്തിന് കീഴിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് 'അധികാരി ബ്രദേഴ്സ് ഗവേൺൻസ് നൗ 2023' പുരസ്കാരവും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ലഭിച്ചു.

490. **ഈ സ്കീമിൽ റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യമായി ചികിത്സ നൽകുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തും. ഡാറ്റാ ബെയ്സിൽ ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായവരെ ഉൾപ്പെടുത്തി സ്കീം വിപുലീകരിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ അല്ലാത്ത അർഹരായ കുടുംബങ്ങൾക്കുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി തുടരും.**

റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിനുള്ളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി (ഗോൾഡൻ അവർ) വിവിധ സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിശോധിച്ച് തയ്യാറാക്കിയ പ്രൊപ്പോസൽ ഗതാഗത വകുപ്പിന്റെ പരിഗണനയിലാണ്.

491. **ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടത്തിപ്പ് കാലതാമസം കൂടാതെ പൂർത്തിയാക്കും. ആക്ട് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ചെറുകിട, ഇടത്തരം ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കും. വിവിധ ചികിത്സയ്ക്കായി ചുമത്താവുന്ന ഫീസുകൂടി ഉൾപ്പെടുത്തും.**

2018ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. 12,924 സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നേടി. 3,844 സർക്കാർ സ്ഥാപനങ്ങളും, 9,080 സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിര രജിസ്ട്രേഷന് വേണ്ടിയുള്ള മോഡേൺ മെഡിസിൻ, ഡെന്റൽ, മെഡിക്കൽ ലബോറട്ടറി, ഡയഗ്നോസ്റ്റിക് സെന്റർ, ആയുർവ്വേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി, യോഗ പ്രകൃതിചികിത്സ എന്നീ

വിഭാഗങ്ങളുടെ മിനിമം സ്റ്റാൻഡേർഡ്സ് റിപ്പോർട്ട് അംഗീകച്ച് വിജ്ഞാപനം ചെയ്തു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിര രജിസ്ട്രേഷൻ ആരംഭിച്ചു.

പൊതുജനങ്ങൾക്കുളള പരാതികൾ പരിഹാരിക്കുന്നതിന് പരാതി പരിഹാര സമിതി രൂപീകരിച്ചു. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

492. സ്കൂൾ ആരോഗ്യ പദ്ധതി കൂടുതുൽ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതാണ്.

സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കാനുള്ള കരട് മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

493. വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കാൻ കരട് നിയമം തയ്യാറാക്കി.

494. വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.

എല്ലാ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന സൗഹൃദ ആശുപത്രികളാക്കാൻ നടപടി സ്വീകരിച്ചു. പരിഷ്കരിച്ച സാന്ത്വന നയം അടിസ്ഥാനപ്പെടുത്തി സമഗ്രമായ പാലീയേറ്റിവ് ആക്ഷൻ പ്ലാൻ തയ്യാറാക്കി. ഇതിന്റെ ഭാഗമായി അരികെ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചു. ആന്റിസ്കിഡ്ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചത്.

എല്ലാ പ്രധാന ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ച്വരുന്നു. സ്ത്രികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ തലങ്ങളിലുമുള്ള ആശുപത്രികളിൽ വെൽവുമൺ ക്ലിനിക്കുകൾ സജ്ജമാക്കനുള്ള പ്രവർത്തനം നടന്നുവരുന്നു. 227 സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ വയോജനക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിന് സ്റ്റാഫ് നഴ്സിന്റെയും, ഫിസിയോ തെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കി.

ജില്ലാ ആശുപത്രികളിൽ പാലിയേറ്റിവ് കെയർ രോഗികൾക്കും, വയോജനങ്ങൾക്കുമായി ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

716 വൃദ്ധസദനങ്ങളിലെ വയോജനങ്ങൾക്കായി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്ന മെഡിക്കൽ ക്യാമ്പുകൾ വർഷത്തിൽ മൂന്നുതവണ നടപ്പിലാക്കിവരുന്നു.

495. **വയോജനങ്ങൾക്കുള്ള ഫ്ലൂ, ന്യൂമോകോക്കൽ വാക്സിൻ പദ്ധതി നടപ്പാക്കുന്നതാണ്.**

വാക്സിൻ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുന്നതിനായി ഡോ: ബി ഇക്ബാൽ അധ്യക്ഷനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

496. **പൊതു ആശുപത്രികളിൽ കേരളത്തിലെ ക്യാൻസർ രോഗികളിൽ മഹാഭൂരിപക്ഷം പേർക്കും ചികിത്സാ സൗകര്യം ഉറപ്പാക്കും. ക്യാൻസർ പോലുള്ള ഗുരുതര രോഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. ബി.പി.എൽ കുടുംബങ്ങൾക്കു സൗജന്യ ചികിത്സ ഉറപ്പുവരുത്തും.**

ശൈലി ആപ്പ് വഴി കണ്ടെത്തിയ ക്യാൻസർ സാധ്യതയുള്ളവരെ ക്യാൻസർ പരിശോധനക്കായി റഫർ ചെയ്തുവരുന്നു. 9 ലക്ഷം പേരെ പ്രാഥമിക ക്യാൻസർ പരിശോധനക്ക് വിധേയമാക്കി. ക്യാൻസർ രോഗ സാധ്യത കണ്ടെത്തുന്നവരുടെ ക്ലിനിക്കൽ പരിശോധന നടത്താനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. കൂടുതൽ പരിശോധന വേണ്ട വ്യക്തികളുടെ സാമ്പിൾ പരിശോധിച്ച് ജില്ലാതല ഹബ്ബ് ലാബുകളിൽ എത്തിച്ച് പരിശോധിക്കുന്നതിനുള്ള ലാബ് ശൃംഖല എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. ക്യാൻസർ രോഗ നിർണയവും ചികിത്സയും ഏകോപിപ്പിക്കാൻ ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമായിവരുന്നു.

മലബാർ ക്യാൻസർ സെന്ററിലും റീജിയണൽ ക്യാൻസർ സെന്ററിലും ഡിജിറ്റൽ പത്തോളജി കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആർ.സി.സിയിൽ റോബോട്ടിക് സർജറി സംവിധാനം നടപ്പിലാക്കി

497. **പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കും. സ്തനാർബുദവും തൈറോയ്ഡ് ക്യാൻസറും കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ രണ്ട് ക്യാൻസറുകളെ സംബന്ധിച്ചും വിശദമായ ഗവേഷണം നടത്തുന്നതാണ്. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഗർഭാശയ ക്യാൻസർ തടയുന്നതിനുള്ള ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ നൽകുന്നതാണ്.**

സെർവിക്കൽ (ഗർഭാശയഗള) ക്യാൻസർ നിർമാർജ്ജനത്തിനായി വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി വിദ്യാർത്ഥിനികൾക്ക് സ്കൂളുകൾ മുഖേന വാക്സിനേഷൻ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

498. **ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.**

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് ഇൻഷുറൻസ് പദ്ധതിയിലെ

രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നു. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകട ഇൻഷുറൻസ് ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

499. കേരളത്തിൽ കാണുന്ന രോഗങ്ങൾക്കു വ്യക്തമായ ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും തയ്യാറാക്കേണ്ടതുണ്ട്. പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ് ലൈൻസ് തയ്യാറാക്കി നടപ്പാക്കുന്നതാണ്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സാധാരണയായി കാണപ്പെടുന്ന 52 രോഗങ്ങൾക്കുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷാ ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്കായുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറത്തിറക്കി. സാന്ത്വന പരിചരണത്തിനായുള്ള മാർഗ്ഗരേഖയും മാനസിക രോഗങ്ങളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള പദ്ധതികളായ ആശ്വാസം, സമ്പൂർണ്ണ മാനസികാരോഗ്യം, അമ്മ മനസ്സ് മുതലായ പദ്ധതികളുടെ മാർഗ്ഗരേഖകളും പ്രസിദ്ധീകരിച്ചു.

ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം എന്നിവയ്ക്കുള്ള ക്ലിനിക്കൽ പ്രോട്ടോക്കോൾ പ്രസീദ്ധികരിച്ചു.

ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ, ചെള്ള്പനി, എച്ച്1 എൻ1, കോവിഡ്, സിക്ക, നിപ്പ, മങ്കിപോക്സ്, ഹെപ്പറ്റൈറ്റിസ്, വയറിളക്ക രോഗങ്ങൾ, വേനൽ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ മുതലായവയ്ക്കുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു.

ആശുപത്രകൾക്കും ജീവനക്കാർക്കും നേരെയുള്ള ആക്രമണങ്ങൾ തടയാനും സുരക്ഷതത്വം ഉറപ്പാക്കാനുമുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ പ്രസിദ്ധീകരിച്ചു.

500. കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും. ഡോക്ടർമാർക്ക് കെഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോ കോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യനിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.

ഇ-സഞ്ജീവിനി ടെലിമെഡിസിൻ സേവനങ്ങൾ മികച്ച രീതിയിൽ നൽകി വരുന്നു. ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിലൂടെ രോഗികൾക്ക് നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന ഇ-സഞ്ജീവനി ഒ.പി.ഡിയും ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനവും ഉറപ്പാക്കുന്നു. പ്രതിദിനം ശരാശരി 800 മുതൽ 1000 പേർ വരെ ഇ-സഞ്ജീവിനി സേവനം

പ്രയോജനപ്പെടുത്തുന്നു.

ഇ-സഞ്ജീവനി കൺസൾട്ടേഷന് ശേഷം രോഗിക്ക് ലഭിക്കുന്ന ഇ-പ്രിസ്ക്രിപ്ഷൻ വഴി സർക്കാർ ആശുപത്രികളിൽ നിന്നും മരുന്ന് വാങ്ങാനും, ലാബ് പരിശോധനകൾ ചെയ്യാനും സാധിക്കും. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ്കെയർ സ്റ്റാഫ്, ആശവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർ ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം രോഗികൾക്ക് നൽകിവരുന്നു. കിടപ്പ് രോഗികളുടെ പരിചരണത്തിന് വേണ്ടിയും ഇ-സഞ്ജീവനി ഉപയോഗിച്ചു.

501. ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയായി ഉയർത്തും.

ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയാക്കി ഉയർത്തി.

502. കൊവിഡ് ചികിത്സ കേരളത്തിൽ പൂർണ്ണമായും സൗജന്യമായിരുന്നു. കൊവിഡ് വാക്സിനും അതുപോലെ തന്നെ സൗജന്യമായിരിക്കും.

ചികിത്സയും കോവിഡ് വാക്സിനും കേരളത്തിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സൗജന്യമായാണ് നൽകിയത്.

503. മെഡിക്കൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റായ പാലക്കാട്ടെ ഇമേജിന്റെ മാതൃകയിൽ ആവശ്യാനുസൃതം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. അതിനു പുറമേ മെഡിക്കൽ കോളേജുകളിലും വലിയ സർക്കാർ ആശുപത്രികളിലും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന സർക്കാർ, സർക്കാരിതര ആശുപത്രികളിൽ നിന്നുമുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ പാലക്കാട്ടെ ഇമേജുമായി അതത് ആരോഗ്യസ്ഥാപനങ്ങൾ ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ്. എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽനിന്നുള്ള ബയോമെഡിക്കൽ മാലിന്യം കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവ് പ്രകാരം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ശേഖരിക്കുകയും നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തു വരുന്നു.

504. പുതിയ കേരള പൊതുജനാരോഗ്യ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമ നിർമ്മാണ നടപടി സ്വീകരിക്കുന്നതാണ്. ഇന്നു നിലവിലിരിക്കുന്ന രണ്ടു പൊതുജനാരോഗ്യ നിയമങ്ങളിലെ (തിരുവിതാംകൂർ, കൊച്ചിയും മലബാറും) പ്രസക്തമായ വകുപ്പുകൾകൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ നിയമം വരുന്നതോടെ പഴയ രണ്ട് നിയമങ്ങളും ഇല്ലാതാകും.

2023ലെ പൊതുജനാരോഗ്യ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്.

505. കേരളത്തിൽ ഡോക്ടർമാരുടെ രജിസ്ട്രേഷൻ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ തിരുവിതാംകൂർ കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1953 ഉം മലബാർ പ്രദേശത്തുള്ളവരുടേത് മദ്രാസ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1914 ഉം പ്രകാരമാണ് നടത്തുന്നത്. തിരുവിതാംകൂർ കൊച്ചി ആക്ട് എല്ലാ വൈദ്യ വിഭാഗങ്ങളുടെയും രജിസ്ട്രേഷൻ നടത്തുമ്പോൾ മദ്രാസ് ആക്ട് ആധുനിക ചികിത്സകരുടേത് മാത്രമാണ് നടത്തുന്നത്. ഇതെല്ലാം പരിഗണിച്ചാണ് ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് തയ്യാറാക്കി നടപ്പിലാക്കുന്നത്.

2021ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്.

506. ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐക്യരാഷ്ട്രസഭയുടെ ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യവും ക്ഷേമവുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് നീതി ആയോഗിന്റെ ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായി ലഭിക്കുന്ന ഒന്നാം സ്ഥാനം.

ആർദ്രം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും എല്ലാ വ്യക്തികൾക്കും താങ്ങാവുന്നതും പ്രാപ്യമായതുമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

507. ആരോഗ്യ മേഖലയിലെ ജനകീയ ഇടപെടലിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പാലിയേറ്റീവ് നെറ്റ്‌വർക്ക്. ഇവയുടെ ഏകോപന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദഗ്ധ ചികിത്സാ പിന്തുണ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണ്. ഇപ്പോൾ സെക്കണ്ടറിതല പരിചരണം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്. പാലിയേറ്റീവ് മേഖലയിൽ കൂടുതൽ നേഴ്സുമാരെയും ഫിസിയോ തെറാപ്പിസ്റ്റുമാരെയും നിയോഗിക്കും. കിടപ്പുരോഗികൾക്ക് പരിചരണവും മരുന്നും ആവശ്യമുള്ളിടങ്ങളിൽ ജനകീയ ഹോട്ടലുകളിൽ നിന്ന് ഭക്ഷണവും ഉറപ്പുവരുത്തും.

പരിഷ്കരിച്ച സാന്ത്വന നയം അടിസ്ഥാനപ്പെടുത്തി സമഗ്രമായ പാലിയേറ്റിവ് ആക്ഷൻ പ്ലാൻ തയ്യാറാക്കി. ഇതിന്റെ ഭാഗമായി അരികെ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി നടപ്പിലാക്കിവരുന്നു.

പാലിയേറ്റീവ് സാന്ത്വന കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് 754 ആയുർവേദ ഡോക്ടർമാർക്കും 327 പാരാ മെഡിക്കൽ സ്റ്റാഫിനും പരിശീലനം നൽകി.

1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ ഡിപാർട്ട്മെന്റിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

സാന്ത്വന പരിചരണം ശാസ്ത്രീയമായി ചിട്ടപെടുത്തുന്നതിന് ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് ആരംഭിച്ചു. പാലിയേറ്റിവ് ദിനത്തോട് അനുബന്ധിച്ച് ഒരാഴ്ചത്തെ ഞാനും ഉണ്ട് പരിചരണത്തിന് ക്യാമ്പയിൻ സംഘടിപ്പിച്ചു.

പാലിയേറ്റീവ് കെയർ ലഭിക്കുന്ന രോഗികളിൽ തൊഴിൽപരമായി പുനരധിവാസിപ്പിക്കുവാൻ കഴിയുന്നവർക്ക് വേണ്ടി കുടുംബശ്രീയുമായി സഹകരിച്ച് കൊണ്ട് പ്രത്യേക പദ്ധതി ആരംഭിച്ചു.

509. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സ്കീം ഉണ്ടാക്കും. അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സഹായം നൽകും.

കേരളത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഏഴും (തൃശൂർ, പാലക്കാട് (2), ആലുവ, കോട്ടയം, പത്തനാപുരം, പിരപ്പൻകോട്, തിരുവനന്തപുരം), കോഴിക്കോട് ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ സഹായത്തോടുകൂടി ഒരു കേന്ദ്രത്തിലും എച്ച്.ഐ.വി അണുബാധിതർക്കായി പുനരധിവാസ കേന്ദ്രങ്ങൾ നടപ്പിലാക്കി വരുന്നു.

510. താലൂക്ക് ആശുപത്രിവരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും. കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഇരട്ടിയാക്കും. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കും. എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വിഭാഗമുണ്ടാവും. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സംവിധാനമുണ്ടാക്കും. ഇപ്രകാരം ഓരോ തലത്തിലും വേണ്ടുന്ന മിനിമം സൗകര്യങ്ങൾ എന്തെന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ ഉപകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രികൾ വരെ എല്ലാ ആശുപത്രികൾക്കും വേണ്ട മിനിമം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ഡയാലിസിസ് യൂണിറ്റുകളും ലേബർറൂമുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കാത്ത്ലാബ് സൗകര്യവും ഒരുക്കി. ആദ്യ ഘട്ടത്തിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളാണ് ജില്ലാതല ആശുപത്രികളിൽ ഘട്ടം ഘട്ടമായി നൽകിവരുന്നത്. ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചു.

512. കേരളത്തിലെ മൂവായിരത്തോളം വരുന്ന ക്ലിനിക്കുകളും ചെറുകിട

ആശുപത്രികളും നേരിടുന്ന സവിശേഷമായ പ്രശ്നങ്ങളെ പഠിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കും.

ക്ലിനിക്കുകളും ചെറുകിട ആശുപത്രികളും നേരിടുന്ന പ്രശ്നങ്ങൾ കേരള അസോസിയേഷൻ ഓഫ് സ്മോൾ ഹോസ്പിറ്റൽസ് ആൻഡ് ക്ലിനിക്സിന്റെ പ്രതിനിധികളുമായി ചർച്ച നടത്തി.

## മെഡിക്കൽ കോളേജ്

513. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി മെഡിക്കൽ കോളേജ്, ജില്ലാതാലൂക്ക് ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കും. പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കൂടുതൽ സ്പെഷ്യാലിറ്റി സർവ്വീസുകളും ആവശ്യമായ ആരോഗ്യ ജീവനക്കാരെയും നിയോഗിക്കും.

ആരോഗ്യ മേഖലയിൽ സംസ്ഥാനത്ത് പ്രാഥമിക തലം മുതൽ ത്രിതീയ തലം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് അഭൂതപൂർവ്വമായ വികസന മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്/ജില്ലാ/ ജനറൽ ആശുപത്രികൾ, ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തി 15,000 കോടിയിലധികം രൂപയുടെ നിർമ്മാണപ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നുണ്ട് .

സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം ലഭ്യമാകുന്ന ഫണ്ട്, എം.എൽ.എ, എം.പിമാരുടെ ആസ്തി വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ, എൻ.എച്ച്.എം വഴി ലഭിച്ച ഫണ്ട്. സി.എസ്. ആർ, നബാർഡ് തുടങ്ങി വിവിധങ്ങളായ ധന സ്രോതസ്സ് വഴി ലഭ്യമായ ഫണ്ട് ഉപയോഗിച്ചും സംസ്ഥാനത്തുട നീളമുള്ള ഉപകേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രി വരെയും, ക്യാൻസർ കെയർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ആരോഗ്യവകുപ്പിന് കീഴിലുള്ള 32 ആശുപത്രികൾക്കായി 470 കോടി രൂപയും, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ 3 പ്രോജക്റ്റുകൾക്കായി 77 കോടി രൂപയും ഉൾപ്പെടെ മൊത്തം 35 പ്രോജക്റ്റുകൾക്കായി 547 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നബാർഡ് ധനസഹായം ഉപയോഗപ്പെടുത്തി നടന്ന് വരുന്നു.

സംസ്ഥാനത്തെ ക്യാൻസർ കെയർ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി വിഹിതം, കിഫ്ബി ധനസഹായം തുടങ്ങിയവ ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാരണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററിന്റെ 3 പ്രൊജക്റ്റുകൾക്കായി മൊത്തം 644 കോടി രൂപയുടെയും, എറണാകുളത്തുള്ള കൊച്ചിൻ ക്യാൻസർ

കെയർ റിസർച്ച് സെന്ററിനായി 384.34 കോടി രൂപയുടെയും കിഫ്ബി ധനസഹായത്തോടു കൂടിയുള്ള നിർമ്മാണ പ്രവർത്തി കൾക്കായുള്ള ഭരണാനുമതി നൽകുകയുണ്ടായി. മലബാർ ക്യാൻസർ സെന്ററിനായി മൊത്തം 530 കോടി രൂപയുടെയും, കൊച്ചിൻ ക്യാൻസർ കെയർ റിസർച്ച് സെന്ററിനായി 450 കോടി രൂപയുടെയും (ഉപകരണങ്ങളുൾപ്പെടെ) സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുകയും നിർമ്മാണ പ്രവർത്തികൾ നടന്നു വരികയുമാണ്. തിരുവനന്തപുരത്തുള്ള ആർ.സി.സിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 187.22 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ടുള്ള 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ പൂർത്തിയായി പ്രവർത്തനം ആരംഭിക്കാൻ കഴിയും

ആരോഗ്യമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ 1,005 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു.

മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. അപകടങ്ങളാലും രോഗം ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനവും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തികൾ നടന്നു വരുന്നുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി വഴി 29.77 കോടി രൂപയുടെ അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മികച്ച ട്രോമാകെയർ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 124.95 കോടിയുടെ ഭരണാനുമതി നൽകുകയും ഇതിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 51.29 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 50 കോടി രൂപ മുതൽ മുടക്കി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ ഐ.പി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കി. ഇടുക്കി മെഡിക്കൽ കോളേജിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചു. 92 കോടി രൂപ മുതൽമുടക്കി റെസിഡൻഷ്യൽ ഫെസിലിറ്റി ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഹോസ്റ്റൽ കെട്ടിടവും, അധ്യാപക ക്വാർട്ടേഴ്സും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി.

തൃശൂർ മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മി

ക്കുന്നതിനായി 277.76 കോടി രൂപയുടെ സാമ്പത്തികാനുമതിനൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. അമ്മയും കുഞ്ഞും ബ്ലോക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കി നിർമ്മിക്കുന്നതിന് 285.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി ബ്ലോക്ക് പുതിയത് നിർമ്മിക്കുന്നതിന് 187.5 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 218 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി വഴി ലഭ്യമായതിന്റെ ഭാഗമായി മെഡിക്കൽ കോളേജിന് ആവശ്യമായ ക്വാർട്ടേഴ്സ്, ആശുപത്രി ബ്ലോക്കിന്റെ രണ്ടാം ഘട്ടം, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ മുതലായവ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി വിദ്യാർത്ഥികൾക്ക് താമസത്തിനായി വിട്ടു നൽകിയിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ഉപകരണങ്ങളും, ഓപ്പറേഷൻ തീയറ്ററുകൾ സജ്ജീകരിക്കുന്നതിനുമായി 19.5 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും, ടി നിർമ്മാണ / വാങ്ങൽ നടപടികൾ പുരോഗമിച്ചു വരുന്നതിന്റെ ഭാഗമായി 3 ഓപ്പറേഷൻ തീയേറ്റർ പൂർത്തിയാക്കുകയും, ബ്ലഡ് ബാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്, ഇത് കൂടാതെ വിദ്യാർത്ഥികൾക്കാവശ്യമായ ഫർണിച്ചറും, ലാബ് ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിന്റെ പുരോഗതിയ്ക്കായി 368.74 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിച്ചു വരുന്നു. നിർമ്മാണം അവസാനഘട്ടത്തിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി 717 കോടി രൂപയുടെ അനുമതി നല്കുകകയും, ഇതിൽ 58 കോടി രൂപയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ കോളേജിലെ 6 പ്രധാന റോഡുകളും, യാത്രാക്കാർക്ക് പരിഹരിക്കുന്നതിനായി നിർമ്മിച്ച മേൽപ്പാലത്തിന്റെയും നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 194.32 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.റ്റി ബ്ലോക്ക്, ഓപ്പറേഷൻ തീയറ്റർ കം സർജിക്കൽ വാർഡ് എ, എസ്.എ.റ്റിയിൽ പുതിയ പീഡിയാട്രിക് ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു. ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇമേജിയോളജി വിഭാഗത്തിൽ ആധുനിക ഉപകാരണങ്ങൾ വാങ്ങുന്നതിന് 43.75 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത്

മിഷന്റെ ഫണ്ട് വഴി നിർമ്മിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 12.38 കോടി രൂപ കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ സർജിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി 228 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി ധനാനുമതി നൽകുകയും, ആയതിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവിടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 268.60 കോടി രൂപയുടെ അനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് അതിവേഗം പുരോഗമിച്ച് വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 36 കോടി രൂപ (നബാർഡ്) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 10 കോടി രൂപ നബാർഡ് വഴി അനുമതി ലഭ്യമാക്കി ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തനസജ്ജമായി. 30 കോടി രൂപ (നബാർഡ്) മുതൽ മുടക്കി നിർമ്മിക്കുന്ന ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമായിവരുന്നു. 14.81 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന അഡ്മിനിട്രേറ്റീവ് കം ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. 29.47 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.

പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ 103.86 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു, ഇതിൽ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് മുതലായവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്, ഓഡിറ്റോറിയത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിന് 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് 38 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കുള്ള താമസ സൗകര്യം ഒരുക്കുന്നതിനായി 29 കോടി രൂപ മുതൽ മുടക്കി ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായി വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിൽ 25 കോടി

രൂപ മുതൽ മുടക്കി നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്കിൽ ഒ.പി ചികിത്സ ആരംഭിച്ചിട്ടുണ്ട്. ന്യൂറോ വിഭാഗത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മാനന്തവാടി താലൂക്ക് തവിഞ്ഞാൽ പഞ്ചായത്ത് പരിധിയിലുള്ള ബോയ്സ് ടൗണിലെ ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം യാഥാർഥ്യമാക്കി ടി ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് കഴിഞ്ഞ വർഷം നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ സ്പെഷ്യാലിറ്റി വിഭാഗം അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി യഥാക്രമം 34.74 കോടി, 34.92 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

514. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വയംഭരണം നൽകുന്നതിനെ സംബന്ധിച്ച് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കി നടപ്പാക്കും. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രസിദ്ധീകരണങ്ങളെയും പ്രോത്സാഹിപ്പിക്കും.

മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിന് അക്കാദമിക് പ്രസിദ്ധീകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച്‌വരുന്നു. ഇതിനായി എസ്.ബി.എം.ആർന് സംസ്ഥാനതല ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

516. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കും. നേഴ്സിംഗ് പാസ്സായവർക്ക് വിദേശഭാഷാ നൈപുണിയിലടക്കം ഫിനിഷിംഗ് കോഴ്സുകൾ വിപുലപ്പെടുത്തും. വിദേശ ആശുപത്രികളുമായി ഇക്കാര്യത്തിൽ സഹകരിക്കും.

പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ 60 സീറ്റുകൾ വീതമുള്ള നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. നിലവിലുണ്ടായിരുന്ന നഴ്സിംഗ് കോളേജുകളിൽ 92 ബി.എസ്.സി നഴ്സിംഗ് സീറ്റ് വർദ്ധിപ്പിച്ചു. ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവടങ്ങളിൽ 60 സീറ്റോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. തിരുവനന്തപുരം ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ ഭാഗമായി 100 വിദ്യാർത്ഥികളടങ്ങുന്ന പുതിയ ബാച്ച് ജനറൽ ആശുപത്രി ക്യാമ്പസ്സിൽ ആരംഭിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സിമെറ്റിന്റെ കീഴിൽ നെയ്യാറ്റിൻകര, വർക്കല,

കോന്നി, നൂറനാട്, താനൂർ, തളിപ്പറമ്പ, ധർമ്മടം എന്നിവടങ്ങളിൽ 60 വിദ്യാർത്ഥികളടങ്ങുന്ന നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ എം.എസ്.സി മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സ് ആരംഭിച്ചു

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചു.

അന്തർദേശീയ തലത്തിൽ ജോലി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നേഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു. ആരോഗ്യ സർവ്വകലാശാല പുതിയ കോളേജുകൾക്കായി താൽക്കാലിക അഫിലിയേഷൻ നൽകിയിട്ടുണ്ട്.

517. **മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്ട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രോയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസിട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഫാർമസി കോളേജുകളിൽ ഡി.ഫാം, എം.ഫാം എന്നിവയും പി.എച്ച്.ഡി പ്രോഗ്രാമും ആരംഭിക്കും.**

കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം ഇൻഫെക്ഷ്യസ് ഡിസീസസ്സ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജെൻസി മെഡിസിൻ പി.ജി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെനൈറ്റിക്സ്, ജെറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ ഡിപ്പാർട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. അതി നൂതനമായ ചികിത്സാരീതി നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ആരംഭിക്കുന്നതിന് അധ്യാപകതസ്തികകൾ സൃഷ്ടിച്ചു.

മെഡിക്കൽ കോഴ്സുകൾ നടന്നുവരുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പുതിയ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എമർജൻസി മെഡിസിൻ വിഭാഗത്തിനും നിയോനെറ്റോളജി വിഭാഗത്തിനും അധ്യാപക തസ്തിക സൃഷ്ടിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിച്ചു.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ റൂമറ്റോളജി വിഭാഗത്തിനായി അധ്യാപക തസ്തിക സൃഷ്ട്ടിച്ചു.

കൊല്ലം മെഡിക്കൽ കോളേജിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോസർജറി, പ്ലാസ്റ്റിക് സർജറി, എന്നീ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുന്നതിനു അധ്യാപക തസ്തിക സൃഷ്ടിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിൽ കാർഡിയോളജി, കാർഡിയോ തൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുന്നതിനു അധ്യാപക തസ്തിക സൃഷ്ടിച്ചു.

ആലപ്പുഴ, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്ലാസ്റ്റിക് സർജറി വിഭാഗം പുതുതായി ആരംഭിച്ചു ഇതിനായി ആവശ്യമായ അധ്യാപക തസ്തിക സൃഷ്ടിച്ചു നിയമനം നടത്തി.

മഞ്ചേരി, കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജുകളിൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.

മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിനും അംഗീകാരം നിലനിർത്തുന്നതിനും പുതിയ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുന്നതിനുമായി 262 അധ്യാപകതസ്തികകൾ സൃഷ്ടിച്ചു.

ഈ സർക്കാർ കാലയളവിൽ 80 മെഡിക്കൽ, പി.ജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി.

തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നടപ്പാക്കി.

സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ എസ്.എം.എ ക്ലിനിക് ആരംഭിച്ചു. തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.

### 518. ക്യാൻസർ സെന്ററുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പാക്കും.

സംസ്ഥാനത്ത് മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ ആണ് ഉള്ളത്. ഈ സ്ഥാപനങ്ങളുടെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്കു ഏകികൃത മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ 'കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-2030' എന്ന മാർഗ്ഗ നിർദ്ദേശരേഖ പുറത്തിറക്കി. ഈ സ്ട്രാറ്റജി അനുസരിച്ചു കേരളത്തിലെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു അപെക്സ് ബോഡി സർക്കാർ രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മൂന്നു കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ അംഗങ്ങൾ ആയി ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയും രൂപീകരിച്ചു. കൂടാതെ മൂന്നു കാൻസർ സെന്ററുകളും തമ്മിൽ കൂടുതൽ ഏകോപനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മൂന്നു കാൻസർ സെന്ററുകളിലെയും ഡയറക്ടർമാരെ മൂന്നു സെന്ററുകളിലെയും ഗവേർണിംഗ് ബോഡിയിലും എക്സിക്യൂട്ടിവ് കമ്മിറ്റിയിലും അംഗങ്ങളാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

### 519. മെഡിക്കൽ കോളേജുകളും അവ സേവിക്കുന്ന ജില്ലകളും ഒരു യൂണിറ്റായി പരിഗണിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഡി.എം.ഒ, ജനപ്രതിനിധികൾ എന്നിവരടങ്ങിയ സമിതി രൂപീകരിക്കും.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡി.എം.ഒ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളിൽ

ആശുപത്രി വികസന സമിതികൾ പ്രവർത്തിച്ച്വരുന്നു.

521. പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. പത്തോളജി, മൈക്രോ ബയോളജി, ഇമ്മ്യൂണോളജി ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ സൗകര്യം ഈ ലാബുകളിൽ ഉണ്ടായിരിക്കും.

കാസർഗോഡ് ജില്ലയിൽ പുതിയ ഡിസ്ട്രിക് ഇന്റഗ്രേഡറ്റ്ഡ് പബ്ലിക് ഹെൽത്ത് ലാബ് ആരംഭിച്ചു. ഇതോടെ സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ലാബുകളുടെ എണ്ണം 10 ആയി. കോട്ടയം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പബ്ലിക് ഹെൽത്ത് ലാബിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.

522. ലബോറട്ടറി, ഇമേജിംഗ് ഫിസിഷ്യൻമാരും സാങ്കേതിക വിദഗ്ധരുമുൾപ്പെട്ട ഒരു ക്ലിനിക്കൽ ഡയഗ്നോസ്റ്റിക് ടെക്നോളജി കൗൺസിൽ രൂപീകരിക്കുന്നതാണ്. രോഗനിർണ്ണയ സേവനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെയും നിലവാര സൂചകങ്ങളുടെയും പാലനം ഈ കൗൺസിൽ കാലാകാലങ്ങളിൽ വിലയിരുത്തും.

അലൈഡ് ഹെൽത്ത് കെയർ മേഖലയിലെ വിദ്യാഭ്യാസത്തിന്റെയും സേവനങ്ങളുടേയും നിലവാരം നിയന്ത്രിക്കുന്നതിനും, സ്ഥാപനങ്ങളുടെ വിലയിരുത്തലിനും, ഒരു കേന്ദ്ര രജിസ്റ്ററിന്റെയും സംസ്ഥാന രജിസ്റ്ററിന്റെയും പരിപാലനത്തിനുമായി വന്നിട്ടുള്ള ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫെഷൻസ് ആക്ട് 2021 എന്ന കേന്ദ്ര ആക്ട് പ്രകാരം സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുകയും കൗൺസിലിലേക്കുള്ള സെക്രട്ടറി ഉൾപ്പടെയുള്ള തസ്തികകൾ സൃഷ്ടിച്ചും കൗൺസിലിന്റെ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. സംസ്ഥാന അലൈഡ് ഹെൽത്ത് കൗൺസിലിന്റെ സെക്രട്ടറിയേയും സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥനേയും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഭൂരിഭാഗം അംഗങ്ങളെയും നിയമിച്ചു കഴിഞ്ഞു. ബാക്കിയുള്ള അംഗങ്ങളുടെ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും പ്രവർത്തനനിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

523. കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ഡ്രഗ് ഫോർമുലറി സമിതിയെ നിയോഗിക്കുന്നതാണ്. സർക്കാർ ഫാർമസ്യൂട്ടിക്കൽ സയൻസസ് കോളേജുകളെ ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ചുമതലപ്പെടുത്തുന്നതാണ്. ഇതിനു പുറമേ ഔഷധങ്ങളെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ന്യൂസ് ലെറ്ററുകളും പ്രസിദ്ധീകരിക്കും

കേരള സ്റ്റേറ്റ് ഡ്രസ്സ് ഫോർമുലറി 2023 തയാറാക്കി.

524. ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആരംഭിക്കും.

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ എൻഎസ്എസ് യൂണിറ്റുകൾ 58 ഗ്രാമങ്ങൾ ദത്തെടുത്ത് ആരോഗ്യ ബോധവൽകരണ പ്രവർത്തനങ്ങളും സൗജന്യ രോഗനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു.

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, കോഴിക്കോട് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പൊതുജനങ്ങളുടെ അറിവിലേക്കായി ഗവേഷണത്തിന്റെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു വിതരണം ചെയ്തിട്ടുണ്ട്.

## ആയുഷ്

525. **രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും. ആയുർവേദ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സി.സി.ഐ.എം. നിബന്ധനകൾ അനുസരിച്ച് മെച്ചപ്പെടുത്തും.**

സംസ്ഥാനത്തെ 2,328 ആയുഷ് സ്ഥാപനങ്ങളിലൂടെ കോവിഡ് വ്യാപനം ചെറുക്കുന്നതിന് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. 1206 ആയുർരക്ഷാ ക്ലിനിക്കുകളിലൂടെ കോവിഡ് പ്രതിരോധത്തിന് ആയുർവേദ ഔഷധങ്ങൾ 42.5 ലക്ഷം പേർക്ക് വിതരണം ചെയ്തു. കോവിഡ് ബാധിതരായ 6.5 ലക്ഷം പേർക്കും കോവിഡാനന്തര ക്ലേശങ്ങളുള്ള 9.3 ലക്ഷം പേർക്കും ചികിത്സ ലഭ്യമാക്കി.

കോവിഡ് വ്യാപനത്തെ ചെറുക്കുന്നതിന് ഏകദേശം 2 കോടി പേർക്ക് ഹോമിയോപ്പതി മരുന്നുകൾ ലഭ്യമാക്കി. 'കരുതലോടെ മുന്നോട്ട്" എന്ന പ്രത്യേക പദ്ധതിയിലുടെ സ്കൂളുകളിലൂടെ വിദ്യാർത്ഥികൾക്ക് ഹോമിയോപ്പതിയിലെ പ്രതിരോധ ഔഷധങ്ങൾ വിതരണം ചെയ്തു.

40 ഓളം വരുന്ന പ്രത്യേക യോഗ പദ്ധതികളിലുടെയും യോഗ – നാച്ചുറോപ്പതി ചികിത്സാ സ്ഥാപനങ്ങളിലൂടെയും കോവിഡ് കോവിഡാനന്തര പാർശ്വഫലങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക യോഗപരിശീലനം ലഭ്യമാക്കി.

ജീവിത ശൈലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആയുഷ് വകുപ്പ് 1,000 ആയുഷ് യോഗ ക്ലബുകൾ ആരംഭിച്ചു.

150 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അംഗീകാരം ലഭ്യമാക്കി. 6 ജില്ലകളിൽ നടത്തി വന്നിരുന്ന ആയുർവേദ സാന്ത്വന ചികിത്സ പദ്ധതിയായ'സ്നേഹധാര'മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ആയുർവേദ ചികിത്സ രംഗം ശക്തിപ്പെടുത്തുന്നതിന് 116 തസ്തികകൾ സൃഷ്ടിച്ചു. 610 ആയുഷ് ഡിസ്പെൻസറികളെ കൂടി ഹെൽത്ത് & വെൽനെസ് സെന്ററുകൾ ആക്കി മാറ്റി ഇതോടെ ഹെൽത്ത് & വെൽനെസ്സന്റെറുകളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 700 ആയി. ഈ സ്ഥാപനങ്ങളിൽ എല്ലാം യോഗ ഡെമോൺസ്ട്രേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി,

കൊട്ടാരക്കര, അടൂർ എന്നിവിടങ്ങളിൽ ആയുഷ് ഇന്റഗ്രേറ്റഡ് ആശുപത്രികൾ ആരംഭിക്കുന്നതിനു അനുമതി നൽകി.

ഹോമിയോപ്പതി വകുപ്പിൽ പുതുതായി 40 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

വർക്കല ഗവൺമെന്റ് പ്രകൃതി ചികിത്സ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 16.65 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. 29 യോഗ വെൽനെസ്സ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. വെൽനസ്സിനും ചികിത്സക്കും ഒരുപോലെ പ്രാധാന്യം നൽകി 25 പുതിയ ഒ.പി പഞ്ചകർമ്മ സെന്ററുകൾ ആരംഭിച്ചു. 'ആയുർ വിദ്യ' എന്ന ആയുഷ് മേഖലയിലെ ദേശീയ സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. ആയുർ വിദ്യ അടക്കം 7 ദേശീയ ആയുഷ് ആരോഗ്യ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിനു കീഴിൽ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ സി.സി.ഐ.എം മാനദണ്ഡമനുസരിച്ചു പുതിയ അനിമൽ ഹൗസ് ഒന്നാം നിലയുടെ പ്രവർത്തികൾ പൂർത്തിയാക്കി. രണ്ടാം നിലയുടെ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 20.82 ഏക്കർ സ്ഥലം കൈമാറി.

526. കണ്ണൂരിലെ ആയുർവേദ ഗവേഷണ ഇൻസിസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ആയുർവേദത്തെ തെളിവധിഷ്ഠിതമായും ശാസ്ത്രീയമായും വികസിപ്പിക്കും.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തങ്ങൾ 50% പണി പൂർത്തിയായി. ഈ പദ്ധതിക്കായി കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടത്തിൽ 'പ്രോജെക്ട് ഫെസിലിറ്റേഷൻ സെന്റർ & പെരിഫെറൽ മാനുസ്ക്രിപ്റ്റ് യൂണിറ്റ് സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

527. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അയൽക്കൂട്ട കൃഷി ആരംഭിക്കും. കാടുകളിൽ നിന്നും മറ്റും ഔഷധങ്ങൾ ശേഖരിക്കുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്കു രൂപം നൽകും. സമാനമായ രീതിയിൽ ഹോമിയോപതി ഔഷധികൾക്ക് ആവശ്യമായ ഔഷധ കൃഷിയും പ്രോത്സാഹിപ്പിക്കും.

ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ, കർഷകർ, കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ ഔഷധ നിർമ്മാതാക്കളുമായി മുൻകൂട്ടി തയ്യാറാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 850 ഹെക്ടറിൽ ഔഷധസസ്യ കൃഷി വ്യാപിപ്പിച്ചു. 500 കർഷകർ ഇതിന്റെ ഗുണഭോക്താക്കൾ ആണ്. ഇതിലേക്കായി 1.70 കോടി രൂപ ധനസഹായമായി നൽകി. കൂടാതെ ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനായി 30 ധാരണാപത്രങ്ങൾ ഒപ്പ് വച്ചു. കണ്ണൂരിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ

കഴിഞ്ഞ സാമ്പത്തിക വർഷം 30 ഏക്കറിൽ കുറുന്തോട്ടി കൃഷി വിജയപ്രദമായി നടപ്പിലാക്കി. 8 ടൺ കുറുന്തോട്ടി സംഭരിച്ചു. ഇതിലൂടെ കുടുംബശ്രീ അംഗങ്ങൾക്കും കർഷകർക്കുമായി ഏകദേശം 10 ലക്ഷം രൂപ ലഭ്യമായി. ഈ സാമ്പത്തിക വർഷം 100 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിക്കും.

ഹോമിയോപ്പതി മരുന്നുകൾക്ക് ആവശ്യമായ ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള ഹോമിയോപ്പതി ഔഷധ നിർമ്മാതാക്കളായ ഹോമ്കോയും സംസ്ഥാന മെഡിസിനൽ പ്ലാന്റ് ബോർഡും സഹകരിച്ച് ഹോമ്കോയിലെ ഔഷധ സസ്യതോട്ടത്തിന്റെ പുനരുജ്ജീവനത്തിന് 29.6 ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചു. ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആയുഷ് ആരോഗ്യസ്ഥാപനങ്ങളിൽ 300 ഔഷധത്തോട്ടങ്ങൾ നിർമ്മിച്ചു.

ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 5 മോഡൽ നഴ്സറികളും, 5 ചെറുകിട നഴ്സറികളും പ്രവർത്തിച്ചു വരുന്നു. ഒരു വർഷം 15 ലക്ഷം ഗുണമേന്മയുള്ള തൈകൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാൻ സാധിക്കും.

പൊതുജനങ്ങൾക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും ഔഷധസസ്യങ്ങളെ നേരിൽ കണ്ടുപഠിക്കുന്നതിനും അടുത്തറിയുന്നതിനുമായി 4 മാതൃകാ ഔഷധ തോട്ടങ്ങൾക്ക് അംഗീകാരം നൽകി. (ഔഷധി സബ് സെന്റർ പരിയാരം, കണ്ണൂർ സർവകലാശാല, കാർഷിക സർവ്വകലാശാല അമ്പലവയൽ, ഫോറസ്ട്രി കോളേജ് തൃശ്ശൂർ)

അശ്വഗന്ധ (അമുക്കുരം)യുടെ കൃഷിയും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ അശ്വഗന്ധ ക്യാമ്പെയിൻ നടപ്പിലാക്കി.പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട അശ്വഗന്ധയുടെ കൃഷിയും നഴ്സറിയും അനുബന്ധപ്രവർത്ത നങ്ങളും നടപ്പിലാക്കിവരുന്നു.

കർഷകർ ഉൽപാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി ഇടുക്കി, കോഴിക്കോട്, തൃശൂർ ജില്ലകളായി 4 സംഭരണ കേന്ദ്രങ്ങളും, 4 ഉണക്കുപുരകളും 3 കളക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു

വിദ്യാർത്ഥികളെ ഔഷധസസ്യങ്ങളെ കുറിച്ച് ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി 35 സ്കൂളുകളിൽ ഔഷധ ഉദ്യാനങ്ങൾ തയ്യാറാക്കി. 2023–24 സാമ്പത്തിക വർഷം 100 സ്കൂളുകൾക്ക് ഔഷധ ഉദ്യാനം നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകി.

528. ആയുർവേദ ഔഷധനിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കും. മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്ത് രാസചേരുവ കൃത്യമായി രേഖപ്പെടുത്തി വിപണനം ചെയ്യാൻ നടപടിയെടുക്കും. അശാസ്ത്രീയ ഔഷധ ഉപയോഗം തടയും.

ശാസ്ത്രീയമായ കൃഷിയും സംഭരണവും വിപണനവും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതി രൂപികരിച്ചു.

529. ഔഷധനിർമ്മാണ ടെക്നീഷ്യൻ കോഴ്സ്, ഔഷധ സംഭരണ പരിശീലനം,

ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്നീഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കും. ഇതിൽ പരമ്പരാഗത വൈദ്യമേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന നൽകും.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ആയുർവേദ ഫാർമസിസ്റ്റ്, നേഴ്സ്, തെറാപ്പിസ്റ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

530. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദഹോമിയോ ഡിസ്പെൻസറികൾ ഉറപ്പുവരുത്തും.

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ/ആശുപത്രികൾ ഉണ്ട്. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാതിരുന്ന 35 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും നാഷണൽ ആയുഷ്മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിച്ചു. ഇതോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം യാഥാർഥ്യമായി.

531. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കും.

ഹോമിയോപ്പതി വകുപ്പിന് കീഴിൽ വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കും മാത്രമായി ഡോക്ടർമാരുടെ പ്രത്യേക സംഘം രൂപീകരിച്ച് ഹോമിയോപതിക് എവി ഡെൻസ് ബേസ്ഡ് അഡ്വാൻസ്ഡ് റിസേർച്ച് ആൻഡ് ട്രയിനിംഗ് പദ്ധതിയ്ക്ക് തുടക്കമിട്ടു

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ഹോമിയോപ്പതി ഗവേഷണ സ്ഥാപനമായ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയും സംസ്ഥാന ഹോമിയോപ്പതി വകുപ്പുമായി സഹകരിച്ച് ആർ.സി.റ്റി പഠനം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു. ഹോമിയോപ്പതിയിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി 1.35 കോടി രൂപ ഹോമിയോപ്പതി മെഡിക്കൽ കോളേജ് വകുപ്പിന് അനുവദിച്ചു.

532. സിദ്ധ യുനാനി സമ്പ്രദായങ്ങൾക്ക് പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

6 കേന്ദ്രങ്ങളിൽ 10 മുതൽ 50 വയസുവരെയുള്ള സ്ത്രീകളുടെ പരിപൂർണ്ണ ആരോഗ്യത്തിന് വേണ്ടിയുള്ള സിദ്ധ ചികിത്സാ പദ്ധതിയായ 'മഗിളർ ജ്യോതി' ആരംഭിച്ചു. കാസർഗോഡ് ചീമേനി ഗവ. ആയുർവേദ ആശുപത്രിയിൽ പ്രത്യേക സിദ്ധ യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കി.

കാസർഗോഡ് യുനാനി ഗവ. ഡിസ്പെൻസറിയിൽ 20.16 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി.

45 സിദ്ധ സ്ഥാപനങ്ങളിലൂടെ കോവിഡ് പ്രതിരോധത്തിന് കബാസുര കുടിനീർ വിതരണം ചെയ്തു. കോവിഡിനും കോവിഡാനന്തര പ്രശ്നങ്ങൾക്കുമുള്ള സിദ്ധ ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കി.

4 സിദ്ധ ഡോക്ടർമാരുടെയും 2 യുനാനി ഡോക്ടർമാരുടെയും താത്കാലിക തസ്തികകൾ സൃഷ്ടിച്ചു. സിദ്ധ യുനാനി ചികിത്സ സമ്പ്രദായങ്ങളിലൂടെ ജീവിത ശൈലി രോഗങ്ങളുടെ സങ്കീർണത തടയുന്നതിനും കൈകാര്യ ചെയ്യുന്നതിനും ഫലപ്രദവും സമഗ്രവും കുറഞ്ഞ പാർശ്വഫലങ്ങളുള്ളതുമായ ചികിത്സകൾ നൽകുന്നതിന് തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലായി 2 യുനാനി ചികിത്സ കേന്ദ്രങ്ങളും പാലക്കാട് ഇടുക്കി ജില്ലകളിലായി 2 സിദ്ധ ചികിത്സാകേന്ദ്രങ്ങളും അനുവദിച്ചു. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 3 സിദ്ധ തെറാപ്പി യൂണിറ്റുകളും കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിലായി 3 യുനാനി തെറാപ്പി യൂണിറ്റുകളും അനുവദിച്ചു. മലപ്പുറം ജില്ലയിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രി ചേലമ്പ്രയിൽ 1 യുനാനി മെഡിക്കൽ ഓഫിസറുടെയും മൾട്ടിപർപ്പസ് വർക്കറുടെയും സേവനം ലഭ്യമാക്കി.

## കുടിവെള്ളം

533. **എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തും. ജൽജീവൻ മിഷൻ വഴി 21 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കും. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഗ്രാമതലത്തിൽ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയായിരിക്കും ഈ പദ്ധതി നടപ്പാക്കുക**

സംസ്ഥാനത്ത് 37.14 ലക്ഷം ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാണ്

ഈ പദ്ധതിയുടെ ഭാഗമായി, എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗനവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കി. പദ്ധതി പുരോഗതി സംബന്ധിച്ച പഞ്ചായത്തുതല വിശദാംശങ്ങൾ വാട്ടർ അതോറിട്ടിയുടെ വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്.

ജലഗുണനിലവാര പരിശോധനക്കായി സ്ഥാപിച്ച ലാബുകളിൽ 83 ലാബുകൾക്ക് എൻഎബിഎൽ അംഗീകാരം ലഭിച്ചു.

534. **ജലവിതരണ പദ്ധതികളുടെ സമ്പൂർണ്ണ കണക്കെടുപ്പ് ജലനിധി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് എത്രയും വേഗം പൂർത്തിയാക്കും. സ്രോതസിന്റെ ശേഷി, ലഭ്യത,യഥാർത്ഥ്യത്തിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ വിലയിരുത്തുന്നതിന് സംസ്ഥാനവ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തും**

## സുസ്ഥിരതാ പദ്ധതി

കെ.ആർ.ഡബ്ല്യു.എസ്സ്.എ, ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട 227 ഗ്രാമപഞ്ചായത്തുകളിൽ 5,884 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. മറ്റു നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ കണക്കെടുപ്പും സോഷ്യൽ ഓഡിറ്റിങ്ങും

പുരോഗമിക്കുന്നു. 400 ഗ്രാമപഞ്ചായത്തുകളിലായി 7,652 കുടിവെള്ള പദ്ധതിക്കളുടെ ആസ്തി വിവര ശേഖരണം പൂർത്തിയായി.

535. നഗരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ബ്രഹത് പദ്ധതികൾ അനിവാര്യമാണ്. പഴയ പദ്ധതികൾ പലതും കിഫ്ബി വഴി പുനരുദ്ധരിക്കുന്നുണ്ട്. ജലജീവൻ മിഷൻ സ്കീമും ഇതിനായി ഉപയോഗപ്പെടുത്തും

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി കുടിവെള്ള വിതരണ പ്രവർത്തികൾ വിഭാവനം ചെയ്തു. 887.293 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു.

കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ വൻകിട പദ്ധതികളിൽ പ്രധാന നഗരങ്ങളിലെ ബദൽ കുടിവെള്ള സംവിധാനം, കുടിവെള്ളപദ്ധതിയുടെ വിപുലീകരണം, വിതരണശൃംഖലകളുടെ ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. 702.08 കോടി രൂപയുടെ 22 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. 150.94 കോടി രൂപയുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന 47 പ്രവർത്തികൾ പൂർത്തീകരിച്ചു. മറ്റു പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

അമൃത് 2.0 പദ്ധതിയിൽ 4.475 കോടി രൂപയുടെ 4 കുടിവെള്ള വിതരണ പ്രവർത്തികളും 1.197 കോടി രൂപയുടെ 6 സീവറേജ് പ്രവർത്തികളും പൂർത്തീകരിച്ചു.

536. കേരള വാട്ടർ അതോറിറ്റിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കൊപ്പം വിതരണനഷ്ടം കുറയ്ക്കുന്നതിനും നടപടികൾ ഉണ്ടാവും. സർക്കാർ ധനസഹായം വർദ്ധിപ്പിക്കും

2021-22 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ (പദ്ധതിയേതര വിഹിതം) ഇനത്തിൽ 321.06 കോടി രൂപയും 2022-23ൽ 353.16 കോടി രൂപയും 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 357.28 കോടി രൂപ വകയിരുത്തി.

കേരള വാട്ടർ അതോറിറ്റി കെഎസ്ഇബിക്കു 31.10.2023 വരെ നൽകുവാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയും പലിശയും ഉൾപ്പെടെ 2068.00 കോടി രൂപ നിബന്ധനകൾക്കു വിധേയമായി സർക്കാർ ഏറ്റെടുത്തു.

ദീർഘകാല കുടിശികകൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. 107.95 കോടി രൂപ പിരിച്ചെടുത്തു.

537. ജലനിധി പദ്ധതികളിൽ ഒരു ഭാഗം പല കാരണങ്ങൾകൊണ്ടും നിർജ്ജീവമായിട്ടുണ്ട്. അവ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കും

സുസ്ഥിരതാ പദ്ധതി കെ.ആർ.ഡബ്ല്യൂ.എസ്സ്.എ., ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പിലാക്കി കൈമാറിയ പദ്ധതികളിൽ 30% ശതമാനത്തോളം

കുടിവെള്ള പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

538. കേരളത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസെന്ന നിലയ്ക്ക് കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും. നാല് മാസത്തിലൊരിക്കൽ കിണറുകൾ ശുദ്ധീകരിക്കുകയും ഗുണനിലവാരത്തെക്കുറിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും.

ജല ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ജല ജീവൻ മിഷൻ ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധന നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8090 കിണറുകൾ റീച്ചാർജ്ജ് ചെയ്തു. 15,931 കിണറുകൾ നിർമ്മിച്ചു. ഗ്രാമീണ മേഖലയിലെ 11,446 വ്യക്തിഗത കുടുംബങ്ങൾക്കുവേണ്ടി നിർമ്മിച്ച മഴവെള്ള സംഭരണികളിൽ നിന്നും അധികമായി പുറത്തേക്ക് ഒഴുകുന്ന ജലം കിണറുകളുടെ ജല പരിപോഷണത്തിനും ഭൂജല സംവർദ്ധനത്തിനും ഉപയോഗപ്പെടുത്തുന്നു. 3,464 വ്യക്തിഗത കിണറുകൾ മഴവെള്ളം ശേഖരിച്ച് ജലപരിപോഷണം (കിണർ റീചാർജ്ജിങ്ങ്) നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു. 383 ഗാർഹിക കിണറുകൾക്ക് ആൾമറ, പ്ലാറ്റ് ഫോം, മഴ വെള്ളം ശേഖരിച്ചുള്ള റീ ചാർജ്ജിംഗ് സംവിധാനങ്ങൾ തുടങ്ങിയവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

539. കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ളം വാണിജ്യാടിസ്ഥാനത്തിൽ ഇറക്കും.

കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ള പദ്ധതി അരുവിക്കരയിൽ പൂർത്തീകരിച്ചു. പെരുവണ്ണാമൂഴി ജലശുദ്ധീകരണ ശാലയുടെ സമീപം കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 25 കോടി രൂപയുടെ പ്രാഥമിക റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചു.

540. പകുതി വഴിയിൽ നിർമ്മാണം നിലച്ചിരിക്കുന്ന സ്വീവേജ് പ്രധാന നഗരങ്ങളിലെ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. വികേന്ദ്രീകൃതമായ സ്വീവേജ് സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കും. മലിനജലം ഓടകൾ വഴി ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നത്. ഇതുവഴി തടയാനാകും.

107 എംഎൽഡി ശേഷിയുള്ള മുട്ടത്തറ സീവറേജ് ട്രീറ്റ്മെന്റ്പ്ലാന്റ്, 5 എംഎൽഡി ശേഷിയുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീവറേജ് പ്ലാന്റ്, കൊച്ചി ഏളംകുളത്തെ 5 എംഎൽഡി പ്ലാന്റ്, ഗുരുവായൂർ ചക്കുംകണ്ടത്തു പ്രവർത്തിക്കുന്ന 3 എംഎൽഡി പ്ലാന്റ് എന്നിങ്ങനെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 4 സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

കോഴിക്കോട് കോർപോർഷനിൽ 27 എംഎൽഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും സീവറേജ് നെറ്റ്‌വർക്കിനുമായി 172.9 കോടി രൂപയുടെ അമൃത് 2.0 പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പാർപ്പിടം

541. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കും. ലൈഫ് മിഷൻ 2021-22ൽ 1.5 ലക്ഷം വീടുകൾ നിർമ്മിക്കും. ഇതിൽ 60,000ത്തോളം വീടുകൾ പട്ടികവിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കുമായിരിക്കും. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അവർക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

ആകെ 5,03,610 വീടുകൾ അനുവദിച്ചതിൽ 4,03,811 വീടുകൾ പൂർത്തീകരിച്ചു. (ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,41,680 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2016-21 അധികാരത്തിലിരുന്ന സർക്കാർ 2,62,131 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.) 92,948 ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി കരാറിൽ ഏർപ്പെട്ടു. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30,117 ഗുണഭോക്താക്കളും പട്ടികവർഗിത്തിൽപ്പെട്ട 4,811 ഗുണഭോക്താക്കളും മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ട 4,186 ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

542. ലൈഫ് മിഷന്റെ അടുത്ത ഘട്ടത്തിലെ പ്രത്യേകത ഭൂരഹിതർക്കു വീട് നൽകലാണ്. അവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകും. അതോടൊപ്പം സ്വന്തമായി സ്ഥലം വാങ്ങി വീട് വയ്ക്കാൻ തയ്യാറുള്ളവർക്ക് 10 ലക്ഷം രൂപ വീതം നൽകും.

ഭൂരഹിത ഭവനരഹിതർക്കായി നിർമ്മിച്ച കണ്ണൂർ ജില്ലയിലെ കടമ്പൂർ (44 ഫ്ലാറ്റുകൾ), കോട്ടയം ജില്ലയിലെ വിജയപുരം (44 ഫ്ലാറ്റുകൾ), ഇടുക്കി ജില്ലയിലെ കരിമണ്ണൂർ (42), കൊല്ലം ജില്ലയിലെ പുനലൂർ (44 ഫ്ലാറ്റുകൾ) എന്നീ നാല് ഭവനസമുച്ചയങ്ങൾ ഉദ്ഘാടനം ചെയ്തു. 12 ഭവന സമുച്ചയങ്ങളിലൂടെ 886 ഭൂരഹിത/ ഭവനരഹിത കുടുംബങ്ങളെ പുനരധിവാസിപ്പിച്ചു. ഭൂരഹിതർക്ക് വീട് നിർമിക്കാൻ ഭൂമി സംഭാവനയായി സ്വീകരിക്കുന്ന "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ 15.88 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു.

543. ലൈഫിനു വേണ്ടിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തിരിച്ചടവു ഭാരം വികസന ഫണ്ടിന്റെ 20 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പരിധിയിൽ എത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധിക തിരിച്ചടവ് സർക്കാർ വഹിക്കും.

നടപടികൾ സ്വീകരിച്ചുവരുന്നു.

544. കർശനമായ ധനകാര്യ നിയമങ്ങളുടെ പേരിൽ നിരവധി ആളുകൾ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുന്നു. കേരളത്തിൽ, 'കിടപ്പാടം അവകാശം' എന്ന നിയമം നടപ്പാക്കും. അതിന്റെ അടിസ്ഥാനത്തിൽ ബദൽ



ലൈഫ് പദ്ധതി ഫ്ളാറ്റ്

സംവിധാനങ്ങളില്ലാതെ ആരെയും വീടുകളിൽനിന്ന് പുറത്താക്കാനാവില്ല.

നിയമ നിർമ്മാണം പരിഗണനയിലാണ്.

## കായികരംഗം

547. കിഫ്ബി പിന്തുണയോടു കൂടി എല്ലാ ജില്ലകളിലും 450 കോടി ചെലവിൽ ബഹു ഉദ്ദേശ്യ ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കും. കിഫ്ബി വഴി എൺപതോളം ചെറുകിട സ്റ്റേഡിയങ്ങൾ നിർമ്മിക്കും. മൂന്നാറിലെ സാഹസിക അക്കാദമി വികസിപ്പിക്കും. ഇടുക്കിയിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെൻററും സ്റ്റേഡിയവും പൂർത്തീകരിക്കും. തിരുവനന്തപുരത്തും കൊച്ചിയിലും ഉള്ളതുപോലെ കോഴിക്കോട് ഒരു ഇൻറർനാഷണൽ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കും

കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ ഫണ്ടും ഉൾപ്പെടെ 1,900 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം കായിക മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കിഫ്ബി ധനസഹായത്തോടെ 100 കോടി ചെലവിൽ 19 സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 355 കോടി രൂപയുടെ 26 പ്രവൃത്തികൾ പുരോഗമിക്കുന്നു. 153 കോടി രൂപയ്ക്ക് സാങ്കേതികാനുമതി ലഭ്യമായ 9 പ്രവൃത്തികളിൽ 5 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ചാലക്കുടി, കൊടുമൺ, നീലേശ്വരം, തൃത്താല, തലശ്ശേരി, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ, താനൂർ, പുനലൂർ, വടകര,

മേപ്പയ്യൂർ, നടുവണ്ണൂർ, നെടുങ്കണ്ടം എന്നിവിടങ്ങളിൽ കായികസമുച്ചയങ്ങൾ പൂർത്തിയായി. കാസർഗോഡ്, വയനാട്, തൃശൂർ, കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ജില്ലാ കായികസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഇടുക്കിയിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പദ്ധതിക്കായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി.

548. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ജനങ്ങൾക്ക് ഒത്തുകൂടുന്നതിനും ലഘുവ്യായാമം ചെയ്യുന്നതിനും പാർക്ക് പോലെയുള്ള പൊതുയിടങ്ങൾ ഉണ്ടാക്കും. സ്കൂളുകളിലും പൊതു ഇടങ്ങളിലും ലഭ്യമായ സ്ഥലം നവീകരിച്ച് മൽസര യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കും

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 124 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായി. 4 ഇടങ്ങളിൽ പ്രവൃത്തി തുടങ്ങി. ഒരെണ്ണം പൂർത്തിയായി. 120 ഇടങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് 60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി ലഭിച്ചു.

549. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 108 വിവിധതരം സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കോളേജ് ഹോസ്റ്റലുകളിൽ വോളീബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ഹാൻഡ്ബോൾ, നെറ്റ്ബോൾ, ഹോക്കി കായികയിനങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വച്ച കായിക താരങ്ങളെ ഉൾപ്പെടുത്തി. ഉന്നത നിലവാരം പുലർത്തുന്ന കായിക താരങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി ഗ്രാസ്റൂട്ട് ലെവലിൽ കുട്ടികളെ തിരഞ്ഞെടുത്ത് അത്‌ലറ്റിക്സ്, നീന്തൽ, ഹോക്കി, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, അണ്ടർ 14 വനിതാ ഫുട്ബോൾ, വോളിബോൾ പരിശീലനം നൽകിവരുന്നു.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിനായി സ്പോർട്സ് സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

എൻ.ഐ.എസ് പൂർത്തിയാക്കിയവരും അന്താരാഷ്ട്ര പരിശീലന മികവ് തെളിച്ചവരുമായ പരിശീലകരെ വിവിധ അക്കാദമികളിൽ നിയമിച്ചു. അക്കാദമികളിലെ പരിശീലകരെ ആധുനിക പരിശീലന സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്നതിനായി റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിച്ചു.

550. കായിക ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടി കേരളത്തിലെ എല്ലാ വിഭാഗങ്ങൾക്കും കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിന് കേരള കായികക്ഷമതാ മിഷൻ വിദ്യാഭ്യാസ തദ്ദേശ സ്വയംഭരണ ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ ആരംഭിക്കും.

കായിക ക്ഷമതാ മിഷന് ഭരണാനുമതി നൽകി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.



അബു ചാത്തുക്കുട്ടി സ്റ്റേഡിയം

551. **സ്പോർട്സ് മെഡിസിന് മെഡിക്കൽ കോളേജുകളിൽ പ്രത്യേക സംവിധാനം സൃഷ്ടിക്കും**

കായിക താരങ്ങൾക്ക് ശാസ്ത്രീയവും കൃത്യവുമായ വൈദ്യസഹായം ലഭ്യമാക്കുന്നതിനു വേണ്ടി കണ്ണൂർ, തൃശൂർ ജില്ലകളിൽ ഓരോ സ്പോർട്സ് സയൻസ് സെന്റർ ആരംഭിച്ചു. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ സ്പോർട്സ് മെഡിസിൻ സെന്റർ സ്ഥാപിക്കാൻ ബജറ്റിൽ തുക വകയിരുത്തി.

552. **എല്ലാ പ്രധാന കളികളിലും ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കും. സംയുക്ത സർവകലാശാല ടീമിനെ തെരഞ്ഞെടുക്കുകയും അവരെ ഇതിൽ പങ്കാളികളാക്കുകയും ചെയ്യും. ഫുട്ബോളിൽ അന്തർദേശീയ ടീമുകൾ പങ്കെടുക്കുന്ന ടൂർണമെന്റ് സംഘടിപ്പിക്കും.**

കൊവിഡാനന്തരം സംസ്ഥാനത്ത് കൂടുതൽ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇന്ത്യ ആദ്യമായി വേദിയായ ഏഷ്യൻ മൗണ്ടൻ ബൈക്കിങ്ങ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ സംഘടിപ്പിച്ചു. ഇരുപതോളം രാജ്യങ്ങൾ പങ്കെടുത്തു. ഫെഡറേഷൻ കപ്പ് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ്, ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് എന്നിവ ആദ്യമായി കേരളത്തിൽ നടത്തി.

സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ ഗംഭീരമായി സംഘടിപ്പിച്ചു.

അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച രണ്ട് ഇന്ത്യ ഗ്രാന്റ്പ്രീ

അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുകളും ആദ്യ ദേശീയ ജമ്പ്സ് ചാമ്പ്യൻഷിപ്പും ദേശീയ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പും തിരുവനന്തപുരത്ത് നടന്നു.

ഓരോ ജില്ലയിലെയും മികച്ച അണ്ടർ 17 ടീമുകളെ പങ്കെടുപ്പിച്ച് സി എം ഗോൾഡ്കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. സ്പോർട്സ് കൗൺസിൽ നേതൃത്വത്തിൽ കോളേജ് ഗെയിംസ് സംഘടിപ്പിച്ചു.

553. **കായികപ്രതിഭകളെ കുട്ടിക്കാലത്തേ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തും. കുട്ടികളുടെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനുള്ള പ്ലേ ഫോർ ഹെൽത്ത്, ഫുട്ബോൾ ടാലൻറുകളെ കണ്ടെത്താനുള്ള കിക്കോഫ്, നീന്തലിനുള്ള സ്പ്ലാഷ്, ടെന്നീസിനുള്ള എയ്സ് തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും**

### ഗോൾ

ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. 25 കുട്ടികൾ വീതമുള്ള 33 സെന്ററുകളിലായി പരിശീലനം നടന്നുവരുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഫുട്ബോൾ പരിശീലന പദ്ധതിയായ ഗോളിന്റെ അടുത്ത ഘട്ടം നടപ്പാക്കുന്നതിനുള്ള 140 നിയമസഭാ മണ്ഡലങ്ങളിലെ പരിശീലന കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പ്, പരിശീലകർക്കുള്ള പരിശീലനം എന്നിവ പൂർത്തിയാക്കി.

### ഹെൽത്തി കിഡ്സ് പ്രോഗ്രാം

കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായിക യുവജന കാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായിക യുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. സ്കൂളുകളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ജൂഡോക്ക

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ 10 കേന്ദ്രങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കുക. 8 മുതൽ 11 വയസ്സ്വരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകാനുദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകും. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് , ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ

നടത്തി കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

### പഞ്ച്

വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും ബോക്സിംഗിനായി ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. സംസ്ഥാന സ്പോർട്സ് സ്കൂളുകളിലും പദ്ധതിയിലെ കുട്ടികൾ സെലക്ഷൻ കരസ്ഥമാക്കി സെലക്ഷൻ ട്രയൽ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

### കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം

കായികതാരങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഒളിമ്പിക്സ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാനാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഓരോ സാമ്പത്തിക വർഷത്തിലും കുറഞ്ഞത് 10 എലൈറ്റ് കായിക താരങ്ങൾക്കെങ്കിലും സാമ്പത്തിക സഹായം നൽകും. അന്താരാഷ്ട്ര ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിവുള്ള യുവപ്രതിഭകളെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിന് പ്രമുഖ കായികതാരങ്ങളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ടാലന്റ് സെർച്ച് കമ്മിറ്റിയും സെലക്ഷൻ കമ്മിറ്റിയും രൂപീകരിക്കും.

554. സ്പോർട്സ് കൗൺസിലിന്റെ പുനഃസംഘടന പൂർത്തീകരിക്കും. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ ഘടകങ്ങൾ രൂപീകരിക്കും

തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു.

555. കേരളത്തിലെ പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിക്കും

കെഎസ്ഇബിയുടെ വോളിബോൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ ടീമുകളും കേരള പോലീസിന്റെ ഫുട്ബോൾ, ബാസ്ക്റ്റ്ബോൾ ടീമുകളും സജീവമാണ്. പൊതുമേഖല സ്ഥാപനങ്ങൾ ചേർന്ന് ടീം രൂപീകരിക്കൽ ചർച്ച പുരോ ഗമിക്കുന്നു.

556. കേരളത്തിലെ സ്പോർടസ് ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കും. ഗ്രേഡ് തിരിച്ച് ലൈബ്രറികൾക്ക് എന്നപോലെ ധനസഹായം നൽകും.

തദ്ദേശ സ്ഥാപനതല സ്പോർസ് കൗൺസിലുകളുടെ ഭാഗമായി പ്രാദേശിക സ്പോർട്സ് ക്ലബുകൾ രജിസ്റ്റർ ചെയ്തുവരുന്നു.

557. **കളരിപ്പയറ്റ്, വുഷു, തായ്ക്കോണ്ടോ, കരാട്ടെ എന്നീ ആയോധനകലകൾ പ്രോൽസാഹിപ്പിക്കും**

കളരിപ്പയറ്റിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ സഹകരണത്തോടെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 14 ജില്ലകളിൽ നിന്നുമുള്ള കളരി പരിശീലനവുമായി ബന്ധപ്പെട്ട സമ്പ്രദായങ്ങൾ, ശൈലികൾ, കളരി ചികിൽസയുമായി ബന്ധപ്പെട്ട പ്രാഥമികവിവരങ്ങൾ, കളരി ആയുധങ്ങളുടെ ചിത്രങ്ങൾ, പരിശീലകരുടെ ഡയറക്ടറി, കളരിപ്പയറ്റുമായി ബന്ധപ്പെട്ട പദങ്ങളുടെ ഡയറക്ടറി തുടങ്ങിയവ ഉൾപ്പെടുത്തി 11 അധ്യായങ്ങൾ ഉൾപ്പെടുന്ന 611 പേജുകളുള്ള ഗ്രന്ഥമാണ് പ്രസിദ്ധീകരിച്ചത്.

558. **സ്പോർടസ് ഡയറക്ടറേറ്റിന്റെയും സ്പോർടസ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഇവയേയും വിവിധ അസോസിയേഷനുകളെയും ഒരു കുടക്കീഴിലാക്കാൻ കായികഭവൻ സ്ഥാപിക്കും.**

കായികഭവന്റെ ആദ്യഘട്ട നിർമ്മാണത്തിനായി 8.5 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. രണ്ടാം ഘട്ട നിർമ്മാണത്തിന് 10.63 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി.

559. **നിലവിലുള്ള കായികവിദ്യാഭ്യാസ പാഠ്യപദ്ധതി പുന:ക്രമീകരിക്കുകയും പഠനനിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.**

കായികവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപീകരിക്കൽ പുരോഗമിക്കുന്നു. സ്പോർട്സ് സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കായിക യുവജനകാര്യ വകുപ്പ് വിവിധ കർമ്മ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനു പുറമെ പഠന നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കി.

560. **ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കും. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ രണ്ട് സ്പോർട്സ് ഡിവിഷനുകൾ കൂടി ആരംഭിക്കും**

ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളും കായിക ഉപകരണങ്ങളും ഓരോ കായിക ഇനത്തിനും വിദഗ്ദ്ധരായ പരിശീലകരെയും ലഭ്യമാക്കി. ജി. വി രാജ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്, ഹോക്കി ടർഫ്, ബാസ്കറ്റ്ബോൾ കോർട്ട്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, ജൂഡോ മാറ്റ്, ബോക്സിങ് റിങ്, ഇവക്കെല്ലാം ആവശ്യമായ കായിക ഉപകരണങ്ങൾ, സ്കൂൾ ഹോസ്റ്റൽ ലാബുകൾ, മെസ് എന്നിവ മെച്ചപ്പെടുത്തി. ജി.വി രാജാ സ്പോർട്സ് സ്കൂളിൽ കായിക വകുപ്പ് ഏർപ്പെടുത്തിയ സൗകര്യങ്ങൾ പരിഗണിച്ച് കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തു. ഈ പദ്ധതിയുടെ

ഭാഗമായി അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിങ് എന്നീ ഇനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി കേന്ദ്ര ഫണ്ടും അനുവദിച്ചു.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ പെൺകുട്ടികൾക്കുമാത്രമുള്ള സ്പോർട്സ് സ്കൂൾ ആയി ഉയർത്തി. വോളിബോൾ കോർട്ട്, ബാസ്കറ്റ്ബാൾ കോർട്ട് എന്നിവ ഒരുക്കി. പുതിയ ഹോസ്റ്റൽ നിർമ്മിച്ചു. കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റും വർഷാവർഷം അനുവദിക്കുന്നുണ്ട്.

ഗവണ്മെന്റ് ബോയ്സ് എച്ച്.എസ്.എസ് കുന്നംകുളത്ത് കായിക താരങ്ങളെ പ്രവേശിപ്പിക്കുന്നതിന് ഏഴാം തരത്തിലും എട്ടാം തരത്തിലും 30 വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു.

കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്കൂളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്പോർട്സ് സ്കൂൾ ആയി ഉയർത്തുന്നതിന് കിഫ്ബി 25 കോടി രൂപ അനുവദിച്ചു.

561. സ്പോർടസ് ക്വാട്ടയിൽ 2010 മുതൽ 2014 വരെയുള്ള നിയമനങ്ങൾ ഇപ്പോഴാണ് കുടിശിക തീർത്ത് നിയമനം നടത്തിയത്. അതുപോലെ തന്നെ ദേശീയ ഗെയിംസിൽ വിജയികളായിട്ടുള്ളവർക്ക് നിയമനം നൽകി. സ്പോർടസ് ക്വാട്ട വർദ്ധിപ്പിക്കുന്നതാണ്.

കഴിഞ്ഞ 7 വർഷത്തിനിടെ സ്പോട്സ് ക്വാട്ടയിൽ റെക്കോഡ് നിയമനം നടന്നു. ഈ കാലയളവിൽ 703 കായികതാരങ്ങൾക്ക് നിയമനം നൽകി.

സ്പോർടസ് ക്വാട്ട നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 249 പേർക്കാണ് നിയമനം ലഭിക്കുക. നിയമന നടപടികൾ ഉടൻ ആരംഭിക്കും.

562. സ്പോർട്സ് ക്വാട്ടയിൽ നിയമിതരായ സ്പോർട്സ് താരങ്ങളുടെ പരിശീലന മികവും സേവനവും ബഹുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ ജോലി സമയം ക്രമീകരിക്കുന്നതിന് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കും

സ്പോർടസ് ക്വോട്ട നിയമനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുഭരണ വകുപ്പ് സെക്രട്ടറിയും കായികവകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു. സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും മറ്റും സംബന്ധിച്ചും വിശദമായ ചർച്ചകൾക്കു ശേഷം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

## ഭാഷ, കല, സംസ്കാരം, മാധ്യമം

563. എല്ലാ ജില്ലകളിലും കിഫ്ബി സഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും. ഇവിടെ ഗാലറി, സംഗീതശാല, നാടകശാല എന്നിവ നിർബന്ധമായും ഉണ്ടാവും. കലാകാരന്മാർക്ക് ഒത്തുചേരുന്നതിനും റിഹേഴ്സലുകൾ നടത്തുന്നതിനും മറ്റും ഇടമുണ്ടാവണം. ഓരോ ജില്ലയിലെയും സവിശേഷതകൾ കണക്കിലെടുത്തായിരിക്കും ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുക. ഇക്കാര്യത്തിൽ കലാകാരന്മാരുടെ അഭിപ്രായം കൂടി

ആരായും. അവർക്ക് സാംസ്കാരിക സമുച്ചയത്തിന്റെ നടത്തിപ്പിലും പങ്കാളിത്തമുണ്ടായിരിക്കും.

കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം ഉൽഘാടനം ചെയ്തു. പാലക്കാട്, കാസർഗോഡ് ജില്ലകളിലെ സമുച്ചയ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം, കോട്ടയം, കണ്ണൂർ, എന്നിവിടങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

564. നവ വനിതാ സംവിധായകരുടെയും പട്ടികവിഭാഗ സംവിധായകരുടെയും പ്രോത്സാഹനത്തിനുള്ള ധനസഹായം തുടരും. അമച്വർ നാടക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കീം തുടരും. ഓരോ വർഷാരംഭത്തിലും അപേക്ഷ ക്ഷണിക്കുകയും, കലാസംഘത്തിന്റെ മുൻപരിചയത്തിന്റെയും സ്ക്രിപ്റ്റിന്റെയും അടിസ്ഥാനത്തിലായിരിക്കും ധനസഹായം നൽകുക. യുവ കലാകാരന്മാർക്കുള്ള 1000 ഫെലോഷിപ്പ് തുടരും.

വനിതാ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകർക്കായുള്ള സിനിമ പദ്ധതി നടന്നുവരുന്നു. വനിതാ വിഭാഗത്തിൽ 4 ചിത്രങ്ങൾ പൂർത്തികരിച്ചു. പ്രസ്തുത ചിത്രങ്ങൾ തിയേറ്റർ റിലീസ് ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെലടുന്ന സംവിധായകരുടെ 2 ചിത്രങ്ങൾ റിലീസിനായി തയ്യാറായി. 2021-22 ബഡ്ജറ്റ് പ്രകാരമുള്ള 3 ചിത്രങ്ങൾ പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റേജിലാണ്. നാലാമത്തെ ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ ആരംഭിക്കും. യുവകലാകാരന്മാർക്കുള്ള 1,000 ഫെലോഷിപ്പ് പദ്ധതി തുടരുന്നു.

565. കലാകാരന്മാരുടെ വാസനയും നൈപുണിയും പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാകമ്പോളവുമായി ബന്ധിപ്പിക്കുന്നതിനും റൂറൽ ആർട് ഹബുകൾ തുടങ്ങും. സാംസ്കാരികത്തെരുവ്/പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിന് സ്കീം ആരംഭിക്കും.

കേരളീയ കലാകരകൗശല പെരുമയെ നിലനിർത്തുവാനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ നിർവഹണ ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലത്തിനെ നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

40 ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. 2022-23 വർഷം 127.5 ലക്ഷം രൂപയും 2023-24 വർഷം 146.97 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി സർക്കാർ അനുവദിച്ചു.

566. സ്കൂൾ ലൈബ്രറികളെല്ലാം വിപുലീകരിക്കും. ഇതോടൊപ്പം ക്ലാസ് റൂം ലൈബ്രറികളും സൃഷ്ടിക്കും. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാൻ ഇതു സഹായിക്കും. ഇതിനായുള്ള വായനയുടെ വസന്തം ക്യാമ്പയിൻ ശക്തിപ്പെടുത്തും.

വായനയുടെ വസന്തം ക്യാമ്പയിനിന്റെ ഭാഗമായി ക്ലാസ്സ് തല





വായനാപ്രോത്സാഹന പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂൾ ലൈബ്രറികൾ വിപുലീകരിക്കുന്നതിനായി 6,54,133 പുസ്തകങ്ങൾ ലഭ്യമാക്കി. പുസ്തകങ്ങൾ സൂക്ഷിക്കാൻ റാക്ക് ഇല്ലാത്ത 203 വിദ്യാലയങ്ങൾക്ക് റാക്ക് ലഭ്യമാക്കി.

569. സാഹിത്യ അക്കാദമി വഴി പ്രാദേശിക സാഹിത്യസമിതികൾ, കലാ സാംസ്കാരിക സംഘടനകൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം നൽകും. ഇതിനുള്ള മാനദണ്ഡങ്ങൾക്ക് അടിയന്തരമായി രൂപം നൽകും. സാമ്പ്രദായരീതികളിൽ നിന്ന് വ്യത്യസ്തമായി ലിറ്റററി ഫെസ്റ്റിവെലുകൾ കേരളത്തിൽ സംഘടിപ്പിക്കും. മലയാള ഭാഷയിലെ ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേയ്ക്കും ലോകഭാഷകളിലേയ്ക്കും തർജ്ജിമ ചെയ്യാൻ പരിപാടി തയ്യാറാക്കും.

സാഹിത്യ അക്കാദമി വഴി പ്രാദേശിക സാഹിത്യസമിതികൾ, കലാ സാംസ്കാരികസംഘടനകൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം നൽകിവരുന്നു. 2024 ലിറ്റററി ഫെസ്റ്റിൽ വിജയകരമായി സംഘടിപ്പിച്ചു. വിവിധ മലയാള കവിതകളുടെ ഇംഗ്ലീഷ് വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചു.

570. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ ലോകത്തെ നാടൻ കലകളെയും കലാകാരന്മാരെയും ഉൾപ്പെടുത്തി അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവൽ സംഘടിപ്പിക്കും. തെരഞ്ഞെടുത്ത നാടൻപാട്ടു സംഘങ്ങൾക്കും നാടൻകലാ സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കും.

അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു. ഫോക്‌ലോർ അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

571. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിനു സ്ഥിരം വേദിയുണ്ടാക്കും. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും, പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ ധനസഹായം നൽകും.

സ്ഥിരം വേദിയ്ക്കായി സ്ഥലം കണ്ടെത്താൻ പ്രാഥമിക നടപടികൾ കൈക്കൊണ്ടു. പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

572. ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനുളള ധനസഹായം ലഭ്യമാക്കും. കൊച്ചി ബിനാലേയ്ക്കുള്ള ധനസഹായം തുടരും. ആലപ്പുഴയിൽ ലോകമേ തറവാട് ചിത്രോത്സവം സംഘടിപ്പിക്കും.

ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനും കൊച്ചി ബിനാലേക്കും ധനസഹായം ലഭ്യമാക്കിവരുന്നു.

573. കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും, അനുബന്ധ ക്യാമ്പസ് ആരംഭിക്കും.

കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് സാംസ്കാരിക സർവകലാശാലയാക്കിമാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിന്നു.

574. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനിടയിൽ ഒട്ടേറെ മ്യൂസിയങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നിരവധി എണ്ണം തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇവയെ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മ്യൂസിയം കമ്മീഷനെ നിയോഗിക്കും.

കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ എ.കെ.ജി. മ്യൂസിയം നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കിന്നു.

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടം ഉദ്ഘാടനം ചെയ്തു.

ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊട്ടാരത്തിന്റെ മുഖമണ്ഡപം, നാലുകെട്ട്, മറ്റ് കെട്ടിടങ്ങൾ എന്നിവ പുനർനിർമ്മിച്ചു. ഇതിനായി 1.94 കോടി രൂപ ചെലവഴിച്ചു.

ട്രാംവെ മ്യൂസിയം സജ്ജീകരണം പശ്ചിമഘട്ട മലനിരകളിൽ നിന്ന് മരങ്ങളുൾപ്പെടുന്ന വന ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിന് ബ്രിട്ടീഷുകാർ സ്ഥാപിച്ച ട്രാംവെയുടെ അവശിഷ്ടങ്ങൾ ചാലക്കുടിയിൽ ശേഷിക്കുന്നുണ്ട്. ഇവയെ സംരക്ഷിച്ച് മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. സ്ഥലം ജലസേചന വകുപ്പിൽ നിന്ന് പുരാവസ്തുവകുപ്പിന് കൈമാറി. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾ പൂർത്തീകരിച്ചു.

മണ്ണടി വേലുത്തമ്പി ദളവ പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.



മാനവീയം വീഥി

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമായി മലപ്പുറം തിരൂരങ്ങാടിയിലുള്ള ചരിത്ര പ്രസിദ്ധമായ ഹജ്ജൂർ കച്ചേരി മന്ദിരം 54 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു. ഈ വർഷത്തെ ബജറ്റിൽ പൈതൃക മ്യൂസിയങ്ങളുടെ വികസനത്തിന് 5.5 കോടി രൂപ വകയിരുത്തി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം 2 കോടി രൂപ ചെലവിൽ സജ്ജീകരിച്ച് നാടിന് സമർപ്പിച്ചു.

കോഴിക്കോടിന്റെ ചരിത്രം പറയുന്ന മ്യൂസിയം കോർപ്പറേഷൻ പൈതൃക മന്ദിരത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് കോർപ്പറേഷൻ ഓഫീസായി പ്രവർത്തിച്ചിരുന്ന പൈതൃക മന്ദിരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരാവസ്തുവകുപ്പിന്റെ മേൽനോട്ടത്തിൽ ആരം ഭിച്ചു. കോർപ്പറേഷന്റെ പൈതൃക മന്ദിരത്തിൽ കോഴിക്കോട് നഗരത്തിന്റെ ചരിത്രം ദൃശ്യവൽക്കരിക്കുന്ന മ്യൂസിയം കോർപ്പറേഷന്റെ സഹകരണത്തോടെ സജ്ജീകരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ പരോഗമിക്കുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരം കൊട്ടാരത്തിൽ തിരുവിതാംകൂറിന്റെയും കേരള സംസ്ഥാനത്തിന്റെയും ചരിത്രം പ്രതിപാദിക്കുന്ന മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുനൽകി.

ഫറോക്ക് കോട്ടയിലെ രണ്ടാം ഘട്ട ഉദ്ഖനനം പൂർത്തിയാക്കി. മലബാർ ടിപ്പുവിന്റെ അധീനതയിലായിരുന്ന കാലത്തെക്കുറിച്ചുള്ള തെളിവുകൾ ശേഖരിക്കാൻ ഈ ഉദ്ഖനനത്തിലൂടെ കഴിഞ്ഞു. ശേഷിക്കുന്ന പ്രദേശത്ത് മൂന്നാം ഘട്ടമായി ഉദ്ഖനനം നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഫറോക്ക് കോട്ടയിൽ മൂന്നാം ഘട്ട

ഉദ്ഖനന പ്രവൃത്തികൾ നിർവഹിക്കും.

വൈദേശിക വാണിജ്യബന്ധങ്ങളുടെ തെളിവുകൾ അവശേഷിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായിയിൽ പ്രാഥമിക പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ അന്വേഷണത്തിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി മാടായിയിലെ ഉദ്ഖനന പ്രവൃത്തികൾ നിർവ്വഹിക്കും.

മ്യൂസിയം കമ്മീഷൻ രൂപീകരിക്കാൻ നടപടി ആരംഭിച്ചു. മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും സന്ദർശകരെ കൂടുതൽ ആകർഷിക്കുന്നതിനും പ്രാദേശിക സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാക്കി മാറ്റുന്നതിനും വകുപ്പുകളുടെ പൂർണ്ണ നിയന്ത്രണത്തിൽ മ്യൂസിയം സൗഹൃദസമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

577. കെഫോൺ പദ്ധതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തും.

കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

579. ജനപങ്കാളിത്തോടുകൂടി പുരാവസ്തുരേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും സംരക്ഷിക്കുകയും ചെയ്യും.

നിരണം പള്ളിയിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള രേഖകളിൽ 8,138 പേജുകളുടെയും കണ്ണൂർ ഇംഗ്ലീഷ് പള്ളിയിലെ രേഖകളിൽ 10,277 പേജുകളുടെയും ശാസ്ത്രീയ സംരക്ഷണം നടത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായി 27,50,271 രൂപ ചെലവഴിച്ചിട്ടുണ്ട്.

580. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. കേരളത്തിനു പുറത്തുള്ള മലയാളികൾക്ക് മലയാളം പഠിക്കാനുള്ള വിപുലമായ സംവിധാനങ്ങൾ മലയാളം മിഷൻ വഴി ഏർപ്പെടുത്തും. അതിഥിതൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന പദ്ധതി ഊർജ്ജിതമാക്കും.

മലയാളം മിഷൻ വിപുലീകരണത്തിന്റെ ഭാഗമായി ചാപ്റ്ററുകളുടെ എണ്ണം 60 ൽ നിന്ന് 96 ആയി വർധിപ്പിച്ചു. അതിഥി തൊഴിലാളികൾക്ക് മലയാള പഠനത്തിനായുള്ള അനന്യമലയാളം പദ്ധതി ആരംഭിച്ചു. പൈലറ്റ് ആദ്യ ഘട്ടത്തിൽ കഴക്കൂട്ടം മണ്ഡലത്തിൽ 100 അതിഥി തൊഴിലാളികളെ 32 മണിക്കൂറുകളുള്ള 16 ക്ലാസുകളിലൂടെ മലയാള ഭാഷയിൽ സാക്ഷരരാക്കുകയാണ് ലക്ഷ്യം. ഇതിനായി സമീപനരേഖ, കരിക്കുലം, കൈപ്പുസ്തകം എന്നിവ തയാറാക്കി. അധ്യാപകർക്ക് പരിശീലനം നല്കി. പഠിതാക്കളുടെ പട്ടിക തയാറാക്കിവരുന്നു.

583. കേരളത്തിലെ ആദിവാസി പശ്ചാത്തലമുള്ള സ്കൂളുകളിൽ പ്രീപ്രൈമറി തലത്തിലും പ്രൈമറി തലത്തിലും ഗോത്ര ഭാഷകളെ പഠനവിഷയമെന്ന നിലയിലും പഠന മാധ്യമം എന്ന നിലയിലും വികസിപ്പിക്കാൻ ശ്രമിക്കും.

**കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭാഷാ അവകാശം സംരക്ഷിക്കും.**

പഠന മാധ്യമമായി ഗോത്ര ഭാഷകളെ പരിഗണിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ചോലനായ്ക്ക ഭാഷയിൽ വായന കാർഡ് വികസിപ്പിച്ചു. ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ഗോത്ര ഭാഷയിൽ ആരംഭിച്ച് മലയാളത്തിലേക്ക് ഭാഷാ പരിവർത്തനം നടത്താൻ സഹായിക്കുന്ന പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. ചെമ്പകത്തൊഴു കുടിയിൽ ഗോത്ര ഭാഷയിൽ പഠനം നടത്താൻ അവസരമൊരുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

585. **എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിക്കാനും ഗവേഷണം നടത്താനും ഉതകുന്ന സ്ഥാപനമെന്ന നിലയിൽ മലയാള സർവ്വകലാശാലയെ വികസിപ്പിക്കുന്നതിന് ശ്രമിക്കും. ഇതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം എന്നിവയുമായി ചേർന്നുകൊണ്ടുള്ള പ്രസിദ്ധീകരണ സംവിധാനം ഏർപ്പെടുത്തും.**

വിജ്ഞാനവിനിമയം ലക്ഷ്യമിട്ട് സംസ്ഥാന സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയും സഹകരിച്ച് നിരവധി അക്കാദമിക പ്രവർത്ത്നങ്ങൾക്ക് തുടക്കമിടുന്നതിന് ധാരണ പത്രം ഒപ്പുവച്ചു. സമൂഹശാസ്ത്ര ചിന്തകൾ, സാംസ്കാര പൈതൃക പഠനം, ഹസ്ത ലിഖിത വിജ്ഞാനീയം, ക്ഷേമവും വികസനവും, വിവർത്തന സാഹിത്യം, താരതമ്യ സാഹിത്യം, ചലച്ചിത്ര പ്രസ്ഥാനം, ചലച്ചിത്ര സിദ്ധാന്തങ്ങൾ, ചലച്ചിത്ര നിർമ്മാണം, കാലാവസ്ഥാ പഠനം, ഫോക്‌ലോർ പഠനം, ഇലക്ട്രോണിക് മാധ്യമ പഠനം, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ എന്നീ 13 ലഘുവിജ്ഞാന കോശങ്ങളും, പരിസ്ഥിതി വിജ്ഞാനകോശവും മലയാളം സർവകലാശാലയുടെ സഹായത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

# VI

# രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യമുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തും

586. കഴിഞ്ഞ അഞ്ചു വർഷക്കാലം അവലോകനം ചെയ്യുമ്പോൾ ഏറ്റവും നിർണ്ണായകമായ വഴിമാറ്റം ഉണ്ടായിട്ടുള്ളത് പശ്ചാത്തലസൗകര്യ സൃഷ്ടിയിലാണെന്നു കാണാം. ഈ അഭൂതപൂർവ്വമായ വർദ്ധന ബജറ്റിലെ വകയിരുത്തലിനേക്കാൾ ബജറ്റിനു പുറത്താണ് ഉണ്ടായിട്ടുള്ളത്. കിഫ്ബിയാണ് ഇതിന് സഹായിച്ചത്. യു.ഡി.എഫും കേന്ദ്ര ഏജൻസികളും ചേർന്ന് കിഫ്ബിയെ അട്ടിമറിക്കുന്നതിനു ശ്രമിക്കുകയാണ്. കിഫ്ബിയെ സംരക്ഷിക്കും. കിഫ്ബി മുന്നോട്ടു വച്ചിട്ടുള്ള 63000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ പ്രോജക്ടുകൾ തുടരണമെന്നുണ്ടെങ്കിൽ ഇടതുപക്ഷം വിജയിച്ചേതീരൂ.

സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിരവധി റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപാലങ്ങൾ, ഐ.ടി. മേഖലയിൽ ടെക്നോപാർക്കിന്റെ വികസനം, ടെക്നോളജി ഇന്നോവേഷൻ സോൺ വിപുലീകരണം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം, പൊതുജനാരോഗ്യ രംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, കുടിവെള്ള വിതരണ പദ്ധതികൾ, ജലസേചനത്തിനായി തടയണകൾ, microirrigation മൈക്രോ ഇറിഗേഷൻ പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, തീര സംരക്ഷണം, മൽസ്യബന്ധന തുറമുഖങ്ങൾ, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലായി 70,792 കോടി രൂപയുടെ 962 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു.

587. ഇത്രയേറെ തുകയ്ക്കുള്ള ഭീമൻ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ള അനുഭവം നമുക്ക് ഇല്ലാത്തതുകൊണ്ട് ചില പ്രോജക്ടുകളിൽ കാലതാമസം വരുന്നുണ്ട്. ഇതുപരിഹരിക്കാനായി പ്രോജക്ടുകൾ നടത്തിപ്പിനായുള്ള എസ്.പി.വികളെ ശക്തിപ്പെടുത്തും. വിശദവും കൃത്യവുമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് അവയെ പ്രാപ്തമാക്കും.

എസ്.പി.വികളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

588. ഭാവിയിലെ രണ്ടു ദശാബ്ദത്തെയെങ്കിലും വർഷംതോറുമുള്ള വരുമാനവും (സർക്കാരിന്റെ നികുതി വിഹിതവും ആദായദാന പ്രോജക്ടുകളുടെ തിരിച്ചടവും) ബാധ്യതകളും (വായ്പകളുടെ തിരിച്ചടവും കരാറുകാരുടെ ബില്ലുകൾക്കു നൽകാനുള്ള തുകയും) നിരന്തരം താരതമ്യപ്പെടുത്തികൊണ്ടാണ് കിഫ്ബി പ്രോജക്ടുകൾ അനുവദിക്കുന്നത്. ഒരുവർഷംപോലും ബാധ്യതകൾ വരുമാനത്തേക്കാൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. അതുകൊണ്ട്

പലരും ഭയപ്പെടുന്നതുപോലെ കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിനുമേൽ വന്നു പതിക്കില്ല. ഈ നിതാന്തജാഗ്രത തുടരും.

കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ സർക്കാരിന്റേതല്ല. വരുമാനത്തിൽ നിന്നും തിരിച്ചടവ് ഉറപ്പുവരുത്താനുള്ള ജാഗ്രത കിഫ്ബി നിരന്തരം പാലിക്കുന്നുണ്ട്.

589. ഡയറക്ടർ ബോർഡിന്റെയും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മിറ്റിയുടെയും അവലോകനത്തിന്റെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ കിഫ്ബിയുടെ പ്രവർത്തനത്തെ ഇനിയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

നടപടികൾ സ്വീകരിക്കുന്നുണ്ട്.

## വൈദ്യുതി

590. മികച്ച പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് എ റേറ്റിങ്ങ് ലഭിച്ച ഒരു വൈദ്യുതി യൂട്ടിലിറ്റിയായി മാറാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബിയെ പൊതുമേഖലയിൽ നിലനിർത്തി ഇന്ത്യയിലെ ഏറ്റവും മികച്ച വൈദ്യുതി യൂട്ടിലിറ്റി ആക്കി മാറ്റും. സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും ചെലവ് ചുരുക്കിയും മാനവവിഭവ ശേഷി പരമാവധി കാര്യക്ഷമമാക്കിയും എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ലഭ്യമാക്കും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ച നില നിർത്തും.

വൈദ്യുതി നിയമ ഭേദഗതിയുടെ വെളിച്ചത്തിൽ വിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ ഉള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലയിൽ ഒറ്റ കമ്പനിയായി തുടർന്നുപോകുന്ന കെഎസ്ഇബിഎൽ സാമ്പത്തികമായും പ്രവർത്തന മികവിലും മത്സര രംഗത്ത് കിടപിടിക്കുന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തു വരുന്നത്. അനാവശ്യ ചെലവുകൾ ചുരുക്കി മാനവിഭവശേഷി കാര്യക്ഷമമായി പുനർവിന്യസിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 61.17 കോടി രൂപ ചെലവഴിച്ച് 54,454 ബിപിഎൽ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകി. 2022 –23 സാമ്പത്തിക വർഷം മുതൽ 2026–27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തി.

വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട് ഇവയിൽ 29 ഇടങ്ങളിൽ വൈദ്യുതീകരണം നടത്തി. 14 സങ്കേതങ്ങളിൽ വൈദ്യുതീകരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രിഡ് വൈദ്യുതീകരണം സാധ്യമല്ലാത്ത സങ്കേതങ്ങളിൽ സോളാർ വൈദ്യുതീകരണം നടപ്പിലാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തി. 5 സങ്കേതങ്ങളിൽ സൗരോർജ്ജ വൈദ്യുതീകരണം പൂർത്തീകരിച്ചു.

591. ആഭ്യന്തര വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കും. വൈദ്യുതി ഉൽപ്പാദന മേഖലയിൽ 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ടം രണ്ടു വർഷത്തിനുള്ളിൽ ആരംഭിക്കും. 3000 കോടി രൂപയാണ് ഇതിനു ചെലവു വരിക. നിർമ്മാണത്തിലിരിക്കുന്ന 156 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ ഉടനടി പൂർത്തിയാക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉൽപാദനം 752.55 മെഗാവാട്ട് വർദ്ധിപ്പിച്ചു. അതിൽ 48.55 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളും (അപ്പർ കല്ലാർ, പെരിങ്ങൽകുത്ത്, പെരുവണ്ണാമൂഴി, ആനക്കാംപോയിൽ,അരിപ്പാറ, മുക്കൂടം, ദേവിയാർ) 704 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളും ഉൾപ്പെടുന്നു. 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ 40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കും. ഈ പദ്ധതികൾ ഉൾപ്പടെ 211 മെഗാ വാട്ടിന്റെ പുതിയ ജലവൈദ്യുതി പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു.

800 മെഗാവാട്ടിന്റെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി, 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി എന്നിവയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറായിവരുന്നു. മൂഴിയാർ ജലവൈദ്യുത പദ്ധതിയുടെ സെക്കൻഡ് സ്റ്റേജ് എന്ന നിലയ്ക്ക് 300 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയുടെ പ്രൊജക്റ്റ് ഫീസിബിലിറ്റി റിപ്പോർട്ട് പൂർത്തിയായി. 1935 മെഗാവാട്ട് ശേഷിയുള്ള 38 പദ്ധതികൾ പര്യവേക്ഷണം / നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എനർജി മാനേജ്മെന്റ് സെന്റർ എസ്എച്ച്പി സെൽ മുഖേന 3 ചെറുകിട ജലവൈദ്യുത പദ്ധതികൾ (ആനക്കാംപൊയിൽ, അരിപ്പാറ, മുക്കുടം) വഴി 16.5 മെഗാവാട്ട് സ്ഥാപിത ശേഷി ഗ്രിഡിൽ യോജിപ്പിക്കുകയും വൈദ്യുതി ഉത്പാദിപ്പിക്കുകയും ചെയ്തു. ഇഎംസിയുടെ നേതൃത്വത്തിൽ 12.5 മെഗാവാട്ടിന്റെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കരാറിൽ ഏർപ്പെട്ടു.

592. 2040 വരെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് ട്രാൻസ്ഗ്രി ഡ്. 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിക്കുള്ള വൈദ്യുതി കൊച്ചി-ഇടമൺ ഇടനാഴിയിലൂടെ കൊണ്ടുവരാനാകും. എന്നാൽ ഇത് കേരളത്തിലുടനീളം എത്തിക്കണമെങ്കിൽ 400 കെവിയുടെ ട്രാൻസ്മിഷൻ ലൈൻ പൂർത്തീകരിക്കണം. ഇതാണ് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി. ഇതിന്റെ ആദ്യഘട്ടമായി 400 കെ.വി പവർഹൈവേ കോഴിക്കോട് വരെ പൂർത്തീകരിച്ചിട്ടുണ്ട്. വയനാട്, കാസർഗോഡ് 400 കെ.വി സബ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ച് പവർ ഹൈവേ കർണാടകയിലെ ഉഡുപ്പിയിലേയ്ക്ക് ദീർഘിപ്പിക്കും. സംസ്ഥാനത്തു പുതുതായി ഏഴ് 400 കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കും. 220 കെ.വി ശൃംഖല ശക്തിപ്പെടുത്തും. ഘട്ടംഘട്ടമായി സബ്സ്റ്റേഷനുകൾ ഓട്ടോമേറ്റ് ചെയ്തു നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഇത്തരം നടപടികളിലൂടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്തും. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും. ഇതോടെ പവർകട്ട് പഴങ്കഥയാകും.



400 കെ വി ഗ്യാസ് സബ്സ്റ്റേഷൻ

ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 400 കെവിയുടെ മൂന്നു സബ്സ്റ്റേഷനുകളും, 220 കെവിയുടെ 22 സബ്സ്റ്റേഷനുകളും, 3,670 കെഎം ഹൈ വോൾട്ടേജ് ലൈനുകളും ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. കോട്ടയം സബ്സ്റ്റേഷൻ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുടെ ഭാഗമായ 400 കെ.വി വയനാട്– കാസർഗോഡ് ലൈൻ നിർമ്മാണം പുരോഗമിക്കുന്നു. ഈ ലൈനിനോട് അനുബന്ധിച്ച വയനാട് 400 കെ വി സബ്സ്റ്റേഷനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് (കരിന്തളം) 400 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം യുകെറ്റിഎൽ കമ്പനി കേന്ദ്ര സർക്കാരിന്റെ റ്റിബിസിബി വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ കോട്ടയം 400 കെ വി സബ്സ്റ്റേഷൻ, പതിനൊന്നു 220 കെ.വി സബ്സ്റ്റേഷനുകളും(കോതമംഗലം, മഞ്ചേരി, ചാലക്കുടി, കലൂർ, ആലുവാ, കുന്നമംഗലം, പള്ളിവാസൽ, ഏറ്റുമാനൂർ, വിഴിഞ്ഞം, തലശ്ശേരി, കുന്നംകുളം), 1855 സർക്യൂട്ട് കി. മി (ഫേസ് 1 – 1789 സർക്യൂട്ട് കി മി, ഫേസ് 2 – 12 സർക്യൂട്ട് കി മി 110 കെ വി ഭൂഗർഭ കേബിൾ ഉൾപ്പെടെ 66 സർക്യൂട്ട് കി മി) ഇച്ച്റ്റി ലൈനുകൾ എന്നിവ പൂർത്തിയാക്കി.

593. സൗരോർജ്ജത്തിൽ നിന്നും 1000 മെഗാവാട്ട് ലഭ്യമാക്കാനുള്ള പദ്ധതി ലക്ഷ്യത്തിലേക്കെത്തുകയാണ്. അടുത്ത ഘട്ടമായി പുനരുപയോഗ ഊർജ്ജ സ്രോതസുകളായ ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് മുതലായവയിൽ നിന്നുമായി 3000 മെഗാവാട്ട് അധികമായി ലഭ്യമാക്കും.



സോളാർ പദ്ധതി

ഒരു ലക്ഷം പുരപ്പുറങ്ങളിൽ സൗരോർജ്ജ ഉൽപാദനം സാധ്യമാക്കും. 2025 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 40 ശതമാനം പുനരുപയോഗ ഊർജ്ജത സ്രോതസുകളിൽ നിന്ന് ലഭ്യമാക്കും.

സംസ്ഥാനത്ത് ആകെ 1009.29 മെഗാവട്ട് സ്ഥാപിത ശേഷിയാണ് നിലവിലുള്ളത്. ഇതിൽ 730.47 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ നിലയങ്ങളും 278.82 മെഗാവാട്ട് ശേഷിയുള്ള ഭൗമോപരിതല സൗരോർജ്ജ നിലയങ്ങളും ഉൾപ്പെടുന്നു.

ഈ സർക്കാരിന്റെ കാലത്ത് 704 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തിയാക്കി. പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയിലൂടെ 46,999 പുരപ്പുറങ്ങളിൽ നിന്ന് 195.85 മെഗാവാട്ട് ഉത്പാദനം നടത്തിവരുന്നു. കാസർഗോഡ് സോളാർ പാർക്കിന് 100 മെഗാവാട്ട് ഉത്പാദിപ്പിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കി. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. കാറ്റിൽ നിന്നും 70.2 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത്. അഗളി, കഞ്ചിക്കോട്, ഒഴലപ്പതി, രാമക്കൽമേട് എന്നീ സ്ഥലങ്ങളിൽ നിന്ന് 102 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

594. വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്ന ദ്യുതി പദ്ധതിയിലൂടെ വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറക്കാനും വിതരണ നഷ്ടം 8 ശതമാനത്തിലേയ്ക്ക് താഴ്ത്താനുമായി. ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. വിതരണ നഷ്ടം അന്തർദ്ദേയശീയ നിലവാരത്തിലേക്ക് കുറയ്ക്കാനും വൈദ്യുതി തടസ്സങ്ങൾ അളക്കുന്ന സയ്ദി/സയ്ഫി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 10,000 കോടി രൂപ മുതൽ മുടക്കിൽ ദ്യുതി രണ്ടാം ഘട്ടം ആരംഭിക്കും. വിതരണ ശൃംഖലയുടെ വിശ്വാസ്യത

വർദ്ധിപ്പിക്കാൻ ഗ്രാമങ്ങളിൽ അടക്കം റിംഗ് സംവിധാനം നടപ്പാക്കും. സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ, കേബിളുകൾ എന്നിവ കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കെ–ഫോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് ഗ്രിഡ് പദ്ധതി നടപ്പാക്കും. ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്ററുകളിലേക്ക് മാറും.

ദ്യുതി 1 ൽ 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ദ്യുതി 2 ലെ പ്രവൃത്തികൾ ആരംഭിച്ചു. ഇവയിൽ 746.76 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 4,519 കി മി 11 കെ വി ലൈനും 10,218 കി മി എൽ ടി ലൈനും പുതുതായി നിർമിച്ചു. അപ്ഗ്രഡേഷൻ ഉൾപ്പെടെ 6,158 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 37,956 കി മി എൽ.ടി ലൈനും 1,899 കി മി 11 കെ വി ഒച്ച് ലൈനും റി കണ്ടക്ടറിങ് നടത്തി. 3,590 കി മി എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി.

595. വൈദ്യുതി അപകടങ്ങൾ കുറക്കുന്നതിന് നടപടി സ്വീകരിക്കും. പുതുതായി നിർമ്മിക്കുന്ന വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കും.

ദ്യുതി പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള 977 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ദ്യുതി 2 ൽ ഉൾപ്പെടുത്തി സുരക്ഷയ്ക്കായി 2,131 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 173 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയതായി നിർമിക്കുന്ന എല്ലാ ലൈനുകളും കവചിത ലൈനുകൾ ഉപയോഗിച്ച് മാത്രമേ നിർമ്മിക്കാവൂ എന്ന് നിർദേശം നൽകി.

596. ഊർജ്ജക സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ നടത്തും. ഫിലമെന്റരഹിത കേരളം പദ്ധതിയുടെ തുടർച്ചയായി ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ, ട്യൂബ് ലൈറ്റുകൾ, ബി.എൽ.ഡി.സി ഫാനുകൾ മുതലായവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും. സ്ഥാപനങ്ങളിൽ ഊർജ്ജവ ഓഡിറ്റ് നിർബന്ധമാക്കും.

ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി ജനകീയ ബോധവൽക്കരണ ക്യാമ്പുകൾ ഇഎംസിയുടെ സഹായത്തോടെ നടത്തിവരുന്നു.

ഫിലമെന്റ് രഹിത കേരളംപദ്ധതിയിൽ 19.98 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. 115.26 ലക്ഷം എൽഇഡി ബൾബുകൾ 14.7629 ലക്ഷം ഉപഭോക്താക്കൾക്കായി വിതരണം ചെയ്തു. നിലാവ് പദ്ധതിയിൽ 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ എൽഇഡിയിലേക്ക് മാറ്റി.

597. വൈദ്യുതി സംബന്ധിച്ച വിവിധ സേവനങ്ങൾ ഒരു ഫോൺ വിളിയിൽ വാതിൽപ്പടിയിൽ എത്തിക്കുന്ന പദ്ധതി നടപ്പിലായി. ഇതിന്റെ തുടർച്ചയായി എല്ലാ സേവനങ്ങളും ഒൺലൈൻ വഴിയും മൊബൈൽ ആപ്പുകൾ വഴിയും ഉപയോക്താക്കളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കും.

“സേവനങ്ങൾ വാതിൽപ്പടിയിൽ” പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ

തുടക്കമിട്ടു. പുതിയ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടു പോയി രേഖകൾ കൈപ്പറ്റും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാകാവുന്നതാണ്.

598. **കെ.എസ്.ഇ.ബിയുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള വിപുലവും ആകർഷകവുമായ പദ്ധതികൾ ആരംഭിക്കും.**

കേരളാ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള വ്യക്തത വരുത്തുന്നതിലേക്കായി വനം, റവന്യൂ, വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത സമിതിയെ നിയോഗിച്ചു. കേരളാ ഹൈഡൽ ടൂറിസം സെന്ററിനെ കെ.എസ്.ഇ.ബി.എൽന്റെ ഉപകമ്പനി ആക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കേരള ഹൈഡൽ ടൂറിസം സെന്ററിൽ വിവിധ വികസന പ്രവർത്തനങ്ങളുടെ ഫലമായി മുൻ വർഷങ്ങളെ അപേക്ഷിച്ച് വലിയ തോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനായി.

599. **കേരളത്തിലെ എല്ലാ പ്രധാന റോഡുകളിലും വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യാനുള്ള സംവിധാനം വ്യാപകമാക്കും. ഇ-ഓട്ടോറിക്ഷകൾ, ടാക്സി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മൈക്രോ ചാർജ്ജിംഗ് സ്റ്റേഷനുകൾ നടപ്പാക്കും.**

വൈദ്യുതി വാഹനങ്ങൾക്കായി എല്ലാ ജില്ലകളിലും സംസ്ഥാന ഗതാഗത വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും ഫണ്ടുപയോഗിച്ച് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എല്ലും 15 എണ്ണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് അനർട്ടും സ്ഥാപിച്ചു. ഇതിനു പുറമേ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലുമായി 1,169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളും കെ.എസ്.ഇ.ബി.എൽ തയ്യാറാക്കി.

അനെർട്ടും, ഇ.ഇ.എസ്.ൽഉം സംയുക്തമായി ചേർന്ന് ഗവ. ഓഫീസുകളിലായി 13 ചാർജ്ജിംഗ് സ്റ്റേഷനുകളും അനെർട്ട് 7 സോളാർ ഇവി ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു.

സംസ്ഥാന സർക്കാർ പബ്ലിക് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ സൗരോർജ്ജ വൽക്കരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നു. ഒരു കിലോ വാട്ടിന് 20,000 രൂപ മുതൽ, 50 കിലോവാട്ട് ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിന് 10 ലക്ഷം രൂപ വരെ ഇ വി ചാർജ്ജിംഗ് സ്റ്റേഷനുകൾ സൗരോർജ്ജവൽക്കരിക്കുന്നതിന് സബ്സിഡി നൽകുന്നു. ഇതിന്റെ ഭാഗമായി 8 സ്വകാര്യ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകി. 19 സ്വകാര്യ സ്ഥാപനങ്ങൾക്ക് / വ്യക്തികൾക്ക് മെഷീൻ സബ്സിഡി നൽകി.

തിരുവനന്തപുരത്തെ സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗര പരിധിയിലെ പൊതു സ്ഥലങ്ങളിൽ 13 ഫാസ്റ്റ് പബ്ലിക് ഇവി ചാർജ്ജിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കാൻ അനെർട്ട് പദ്ധതി തയ്യാറാക്കി. 7 ചാർജ്ജിംഗ്

സ്റ്റേഷനുകളുടെ നിർമാണം പുരോഗമിക്കുന്നു.

അനെർട്ടും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്മെന്റും ചേർന്ന് എംവിഡി ഓഫീസുകളിൽ 15 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. 3 ചാർജിംഗ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. 12 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമാണം പുരോഗമിക്കുന്നു.

600. അക്ഷയ ഊർജ്ജ വികസനത്തിന് അക്ഷയ ഊർജ്ജക്കമ്പനി രൂപീകരിക്കും. ഈ കമ്പനിയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം കൂട്ടിയിണക്കി അക്ഷയ ഊർജ്ജ വികസനത്തിന് കൂട്ടായ സംരംഭങ്ങൾ സംരംഭങ്ങൾ ആരംഭിക്കും.

അക്ഷയ ഊർജ്ജ വികസനത്തിന് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

601. ഊർജ്ജ ഓഡിറ്റിംഗ് വ്യാപകമാക്കി ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കും. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

ഇഎംസിയുടെ നേതൃത്വത്തിൽ 380 സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

602. പ്രസരണ നഷ്ടം 3.7 ശതമാനമായും വിതരണ നഷ്ടം 8.7 ശതമാനമായും ഇതിനകം താഴ്ന്നു കഴിഞ്ഞു. ഇത് ഇനിയും കുറയ്ക്കും. രാജ്യത്തെ ഏറ്റവും കുറവ് വിതരണ-പ്രസരണ നഷ്ടമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റും.

ആർഡിഎസ്എസ്, ദ്യുതി, ട്രാൻസ്ഗ്രിഡ് 2.0 എന്നീ പദ്ധതികളുടെ പൂർത്തീകരണത്തോടെ വൈദ്യുത പ്രസരണ വിതരണ നഷ്ടം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറാൻ കഴിയും.

603. തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡിയിലേയ്ക്കു മാറ്റുന്നതിനുള്ള നിലാവ് പദ്ധതി രണ്ടു വർഷംകൊണ്ടു പൂർത്തീകരിക്കും. ഫിലമന്റ് ഫ്രീ പദ്ധതി പൂർത്തീകരിക്കും.

ഇതിനോടകം 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ എൽഇഡിയിലേക്ക് മാറ്റി.

## പൊതുമരാമത്ത്

604. പൊതുമരാമത്തിൽ കിഫ്ബി, റീബിൽഡ്, കെ.എസ്.റ്റി.പി, ആനിറ്റി സ്കീമുകൾ അടക്കം ഏതാണ്ട് 25,000 കോടി രൂപയുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത അഞ്ചു വർഷം മറ്റൊരു 20,000 കോടി രൂപയുടെ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകും.

പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കെ.എസ്.റ്റി.പി, ആനിറ്റി സ്കീമുകൾ അടക്കം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 17,496.72 കോടി രൂപയുടെ 1,314 റോഡ്, പാലം പ്രവൃത്തികൾക്ക് ഭരണാനുമതി / കിഫ്ബി ധനസഹായത്തിൽ സാമ്പത്തികാനുമതി നൽകി.



ഫെറോക് പാലം

605. എൽ.ഡി.എഫ് സർക്കാർ 2016-21 കാലഘട്ടത്തിൽ 7,700 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകൾ ബി.എം & ബി.സി നിലവാരത്തിൽ നവീകരിച്ചു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 15,000 കിലോമീറ്റർ റോഡുകൂടി ബി.എം & ബി.സി നിലവാരത്തിൽ നവീകരിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5,656 കി.മീ റോഡുകൾ ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തി.

606. മലയോര ഹൈവേ മുഴുവൻ ജില്ലകളിലൂടെയുള്ള കണക്ടിവിറ്റി പൂർത്തിയാക്കും. മലയോര മേഖലയുടെ വികസനത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതാണ്. കാസർഗോഡ്, കൊല്ലം ജില്ലകളിലെ രണ്ട് റീച്ചുകൾ 71.10 കിലോമീറ്റർ 256.43 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. 805.33 കോടിയുടെ 212.37 കിലോമീറ്റർ വരുന്ന 13 റീച്ചുകൾ മറ്റു ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾ കൂടി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കും.

മലയോര ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. മലയോര ഹൈവേയുടെ 793.68 കി.മീ. പ്രവൃത്തിയാണ് കെ.ആർ.എഫ്.ബി മുഖാന്തരം നടപ്പിലാക്കുന്നത്. 488.63 കി.മീ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 297.595 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മി റോഡിന്റെ പ്രവൃത്തി പൂർത്തിയായി. ബാക്കിയുള്ള 305.05 കി.മീ റോഡിന് സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.



മലയോര ഹൈവേ

607. റോഡു പ്രവൃത്തികളിൽ പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിക്കുന്നത് ഇരട്ടിയാക്കും. 503 കിലോമീറ്റർ റോഡിൽ പ്ലാസ്റ്റിക് മാലിന്യവും 2,646 കിലോമീറ്റർ റോഡിൽ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമെനും 50.400 കിലോമീറ്റർ റോഡിൽ ജിയോ ടെക്സ്റ്റയിലും ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇവയുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 852 കി.മീ റോഡ് നിർമാണത്തിൽ പ്ലാസ്റ്റിക്, 1,804 കി.മീ റോഡ് നിർമാണത്തിൽ സ്വാഭാവിക റബ്ബർ, 128 കി.മീ + 6,000 സ്ക്വയർ മീറ്റർ റോഡ് നിർമാണത്തിൽ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ചിട്ടുണ്ട്.

608. ഇതോടൊപ്പം ആധുനിക സാങ്കേതികവിദ്യകളായ കോൾഡ് ഇൻ പ്ലേസ് റീസൈക്കിളിംഗ് (മില്ലിംഗ്), സോയിൽ സ്റ്റെബിലൈസേഷൻ രീതികളിലുള്ള നിർമ്മാണം 107.70 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലം ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ തിരുവനന്തപുരത്തും ആലപ്പുഴയിലും പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുകയാണ്. ഇത്തരം ആധുനിക സാങ്കേതികവിദ്യകൾ എല്ലാ ജില്ലകളിലും ചെയ്യും.

ആലപ്പുഴ ജില്ലയിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചു. കോൾഡ് ഇംപ്ലെയ്സ് റീസൈക്ലിംഗ്, സോയിൽ സ്റ്റെബിലൈസേഷൻ രീതി അനുയോജ്യമായ റോഡുകളിൽ നടപ്പിലാക്കി. 2021 മെയ് മാസത്തിനു ശേഷം 10.74 കി.മീറ്ററിൽ സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജിയും 10.24 കി.മീറ്ററിൽ ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് സാങ്കേതികവിദ്യയും



മാഹി ബൈപാസ്

10 കി.മീറ്ററിൽ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് സാങ്കേതികവിദ്യയും 3.39 കി.മീറ്ററിൽ ജിയോ സെൽ സാങ്കേതികവിദ്യയും 12.17 കി.മീറ്ററിൽ പി.ക്യൂ.സി സാങ്കേതികവിദ്യയും 28.95 കി.മീറ്ററിൽ എഫ്.ഡി.ആർ സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി.

609. ദേശീയപാത 66 ന്റെ വികസനം - ആറുവരിപ്പാത വികസനം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്നും 2016-21 കാലഘട്ടത്തിൽ സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ വഴി ഇപ്പോൾ യാഥാർത്ഥ്യമാവുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25 ശതമാനം സംസ്ഥാനം നൽകാമെന്നു സമ്മതിച്ചതുകൊണ്ടാണ് ഇപ്പോൾ ദേശീയപാത വികസനം നടക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസ്, നീലേശ്വരം റെയിൽവേ മേൽപ്പാലം, കഴക്കൂട്ടം മേൽപ്പാലം, പാലൊളി-മൂരാട് പാലങ്ങൾ എന്നിവ പ്രവൃത്തി നടക്കുന്നത്. കോഴിക്കോട് ബൈപ്പാസ്, തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, പേരോൾ-തളിപ്പറമ്പ്, തളിപ്പറമ്പ്-മുഴപ്പിലങ്ങാട്, അഴിയൂർ-വെങ്ങളം, രാമനാട്ടുകര-കുറ്റിപ്പുറം, കുറ്റിപ്പുറം-കാപ്പിരിക്കാട്, കൊറ്റൻകുളങ്ങര-കൊല്ലം ബൈപ്പാസ്, കൊല്ലം ബൈപ്പാസ്-കടമ്പാട്ടുകോണം എന്നിവ ടെണ്ടർ നടപടി അന്തിമഘട്ടത്തിലാണ്. ബാക്കി മൂന്നു ഭാഗങ്ങൾകൂടി ഭൂമിയെടുപ്പ് പൂർത്തിയാക്കി തുടർ നടപടിയുണ്ടാകും. പ്രസ്തുത പ്രോജക്ട് പൂർത്തീകരണത്തിനുള്ള ഇടപെടലുകൾ നടത്തും.

ദേശീയ പാത 66 ന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുന്നു. എല്ലാ റീച്ചുകളിലും കരാറുകാരെ നിശ്ചയിച്ച് പ്രവർത്തനങ്ങളിലേക്ക് കടന്നു. 2025 ഓടെ ദേശീയ പാതാ വികസനം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

നീലേശ്വരം റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ്, കഴക്കൂട്ടം

മേൽപ്പാലം, തിരുവനന്തപുരം–കാരോട് ബൈപ്പാസ് തമിഴ്നാട് അതിർത്തി വരെ ഗതാഗതത്തിന് തുറന്നുകൊടുത്തു.

തിരുവനന്തപുരം–വിഴിഞ്ഞം–പാരിപ്പള്ളി ഔട്ടർ റിംഗ് റോഡിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകി. ദേശീയപാതാ അതോറിറ്റിയാണ് നിർമ്മാണം നടത്തുക.

കുതിരാനിലെ രണ്ട് ടണലുകൾ ഗതാഗതത്തിന് തുറന്നുകൊടുത്തു.

610. തേനി–മൂന്നാർ–കൊച്ചി (എൻ.എച്ച് 85), വാളയാർ–വടക്കഞ്ചേരി (എൻ.എച്ച് 54), തൃശ്ശൂർ–ഇടപ്പള്ളി (എൻ.എച്ച് 544), കോഴിക്കോട്–മലപ്പുറം–പാലക്കാട് (എൻ.എച്ച് 966), തിരുവനന്തപുരം–കൊട്ടാരക്കര–കോട്ടയം–അങ്കമാലി, കൊല്ലം–ചെങ്കോട്ട (എൻ.എച്ച് 744), എന്നിവ നാലുവരിപ്പാത ആക്കാനുള്ള നടപടികൾ സ്വീകരിക്കും.

തേനി–മൂന്നാർ–കൊച്ചി 124.636 കിമീ നീളത്തിലുള്ള ദേശീയപാത 85 ന്റെ വികസന പ്രവൃത്തി പുരോഗമിക്കുന്നു. വാളയാർ–വടക്കഞ്ചേരി, തൃശ്ശൂർ–ഇടപ്പള്ളി 6 വരിയാക്കുന്നതിന്റെയും തിരുവനന്തപുരം – കൊട്ടാരക്കര – കോട്ടയം – അങ്കമാലി 205.12 കിമീ നീളമുള്ള ഗ്രീൻഫീൽഡ് പാതയുടെയും കൊല്ലം–ചെങ്കോട്ട എടമൺ സ്ട്രെച്ചിന്റെയും വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പുരോഗമിക്കുന്നു. കൊട്ടാരക്കര ബൈപ്പാസിന് കിഫ്ബി അനുമതി ലഭ്യമായിട്ടുണ്ട്.

611. ദേശീയപാത പ്രവൃത്തികളെല്ലാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകൃത പദ്ധതിയിൽ ഉള്ളതാണ്. പക്ഷെ, ഇവയുടെ സ്ഥലമെടുപ്പിനു വേണ്ടിവരുന്ന ചെലവിൽ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധനയാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇത്തരമൊരു ദുർവ്വഹമായ ഭാരം വഹിക്കേണ്ടി വന്നാലും ദേശീയപാതാ വികസനം മുന്നോട്ട് കൊണ്ടുപോകും.

ദേശീയപാത 66 ന്റെ ഭൂമി ഏറ്റടുക്കൽ ചിലവിന്റെ 25% സംസ്ഥാന സർക്കാർ വഹിച്ചു. ഇതിനായി 5,580.73 കോടി രൂപ ദേശീയപാതാ അതോറിറ്റിക്ക് കൈമാറി. ദേശീയപാത 744, എറണാകുളം ബൈപാസ് (ദേശീയപാത 544 ന്റെ ഭാഗം) എന്നിവയുടെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കൽ ചിലവിന്റെ 25% തുക നൽകുന്നതിന് പകരമായി നിർമ്മാണ വസ്തുക്കളുടെ സംസ്ഥാന ചരക്കുസേവന നികുതി / റോയൽറ്റി എന്നിവ ഒഴിവാക്കണം എന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടു. ഈ ആവശ്യം സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

612. കിഫ്ബി വഴി 72 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ആർ.ബി.ഡി.സി.കെയെ എസ്.പി.വി ആയി തീരുമാനിച്ചിട്ടുണ്ട്. 10 എണ്ണം ടെണ്ടർ കഴിഞ്ഞു. കരാർ വച്ചു. 27 എണ്ണം കേരള റെയിൽ ഡെവലപ്പമെന്റ് കോർപ്പറേഷനേയും ഏൽപ്പിച്ചിരിക്കുന്നു. പ്രധാന വീഥികളിൽ ലെവൽ ക്രോസുകളില്ലാത്ത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കും.

കിഫ്ബി വഴി ആർ.ബി.ഡി.സി.കെ.എൽ മുഖേന നടപ്പിലാക്കുന്ന 72 റെയിൽവേ

മേൽപ്പാല നിർമാണ പ്രവർത്തിയിൽ 4 എണ്ണം പൂർത്തീകരിച്ചു. 9 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കിയുള്ളവയുടെ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഒരു പ്രവൃത്തി ഒഴിവാക്കിയിട്ടുണ്ട്.


തലശ്ശേരി - മാഹി ബൈപാസ്

കെ.ആർ.ഡി.സി.എൽ മുഖേന നടപ്പിലാക്കുന്ന 27 റെയിൽവേ മേൽപ്പാല നിർമാണ പ്രവൃത്തിയിൽ 1 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കിയുള്ളവയുടെ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**613.ഗ്രീൻ പ്രോട്ടോക്കോൾ രീതി സർക്കാരിന്റെ കെട്ടിട നിർമ്മാണത്തിൽ വ്യാപകമാക്കും.**

എസ്.റ്റി.പി, റെയ്ൻ വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക്, ഇന്റർലോക്ക്, പി.പി.സി, വുഡ് വേസ്റ്റ്സ്, കോൺക്രീറ്റ് വേസ്റ്റ് എന്നിവ ഉൾപ്പെടുത്തി മലിനീകരണം കുറയ്ക്കുന്നതിനും പ്രകൃതി വിഭവങ്ങളുടെ ഒപ്റ്റിമൈസേഷൻ ചെയ്യുന്നതിനും വേണ്ടിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ രീതി സർക്കാരിന്റെ കെട്ടിട നിർമ്മാണത്തിൽ വ്യാപകമാക്കിവരുന്നു. ഗ്രീൻ ബിൽഡിങ് പ്രകാരം നടപ്പിലാക്കിയ പൊതുമരാമത്തിന്റെ ആദ്യ പദ്ധതിയാണ് പത്തനംതിട്ട ജില്ലാ കളക്ടറുടെ ഔദ്യോഗിക വസതി നിർമ്മാണം. പി.ഡബ്ല്യു.ഡിയ്ക്ക് മാത്രമായുള്ള ഗ്രീൻ ബിൽഡിംഗ് പോളിസി തയ്യാറായി വരുന്നു.

**614. പൊതുമരാമത്തു വകുപ്പിന് കീഴിലെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് എൻ.എബി.എൽ അക്രെഡിറ്റേഷൻ 2021 ഫെബ്രുവരിയിൽ ലഭിച്ചു. ഇന്ത്യയിൽ ഒരു സർക്കാർ സ്ഥാപനത്തിന് ആദ്യമായാണ് ഈ അംഗീകാരം. പ്രസ്തുത കെ.എച്ച്.ആർ.ഐയെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനു നടപടി സ്വീകരിക്കും. ഇന്ത്യയിലെ ഉന്നത സാങ്കേതിക/ അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് സർവ്വീസിലുള്ളവർക്കും പുറത്തുള്ളവർക്കും പരിശീലന പരിപാടികൾ നടപ്പാക്കും.**

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 125 ടെസ്റ്റുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചു. ഐ.ഐ.ടി മദ്രാസുമായി ചേർന്ന് കാഥോഡിക് സംരക്ഷണം ഉപയോഗിച്ച് തീരദേശ പാലങ്ങളുടെ പുനരുദ്ധാരണത്തിന് അറ്റകുറ്റപ്പണി

തന്ത്രങ്ങൾ വികസിപ്പിക്കാൻ കടലുണ്ടി പാലത്തിൽ പഠനം നടത്തി.

എഞ്ചിനീയറിംഗ് പ്രശ്നങ്ങളിൽ ഫീൽഡ് എഞ്ചിനീയർമാരെ പിന്തുണയ്ക്കുന്ന തിനായി കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും ഏജൻസി കൾക്കും കൺസൾട്ടൻസി സേവനങ്ങൾ ചെയ്തുവരുന്നു. 2021–23 കാലയളവിൽ 109 സേവനങ്ങൾ പൂർത്തീകരിച്ചു. ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡാറ്റ ശേഖരണം നടപ്പിലാക്കാൻ തുടങ്ങി. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഐ.ടി തിരുപ്പതി, ഐ.ഐ.ടി മദ്രാസ്, എൻ.ഐ. ടി കോഴിക്കോട് മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കെ എസ് ആർ ടി സി

615. കെ.എസ്.ആർ.ടി.സി നിലനിർത്തുന്നതിന് പ്ലാൻ ഫണ്ട് അടക്കം കഴിഞ്ഞ അഞ്ചുവർഷം 6,000 ത്തോളം കോടി രൂപ ചെലവഴിച്ചു. കെ.എസ്. ആർ.ടി.സിയെ ഒരു മിനിമം സബ്സിഡിയുടെ അടിസ്ഥാനത്തിൽ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാകും വിധം പുനഃസംഘടിപ്പിക്കും. ദൗർഭാഗ്യവശാൽ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കണമെന്നും, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെല്ലാം ഇല്ലാതാക്കുന്നതിനുള്ള മോട്ടോർ വാഹന നിയമ ഭേദഗതി അനുകൂലിക്കുകയും ചെയ്യുന്ന ബി.ജെ.പി, യു.ഡി.എഫിനോടൊപ്പം ചേർന്ന് പാക്കേജിന് തുരങ്കം വയ്ക്കുകയാണ്.

2016–21 കാലയളവിൽ ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തന ചെലവുകൾ ക്കായി സർക്കാർ 4,923.58 കോടി രൂപ അവനുവദിച്ചു. 2021–24 മാർച്ച് വരെ 5,537.89 കോടി രൂപ അനുവദിച്ചു. ഇതിനുപുറമെ 2016–21 കാലയളവിൽ പദ്ധതി വിഹിതമായി 48.95 കോടി രൂപയും 2021–24 മാർച്ച് വരെ 165.34 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വായ്പാ ധനസഹായം, പദ്ധതിവിഹിതം എന്നീ ഇനങ്ങളിലായി കെ.എസ്. ആർ.ടി.സി.യ്ക്ക് 10,675.76 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

616. ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ ഉറപ്പുവരുത്തും. കുടിശികകളെല്ലാം തീർക്കും. കെ.എസ്.ആർ.ടി.സി സ്വയം പര്യാപ്തമാകും വരെ ബാങ്ക് കൺസോർഷ്യം വായ്പകൾ സർക്കാർ തിരിച്ചടയ്ക്കും. മുടങ്ങിക്കിടക്കുന്ന ശമ്പള പരിഷ്കരണം നടപ്പാക്കും. കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

പെൻഷൻ വിതരണത്തിനായി 2020–21 സാമ്പത്തിക വർഷത്തിൽ 726.91 കോടി രൂപയും 2021–22 ൽ 898.81 കോടി രൂപയും 2022–23 ൽ 781.81 കോടി രൂപയും 2023–24 ൽ 1,007.47 കോടി രൂപയും ചേർത്ത് ആകെ 3,415 കോടി രൂപ ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചു.

617. കിഫ്ബിയുടെ ധനസഹായം ലഭിക്കുന്നതിനാവശ്യമായ വിധത്തിൽ പുതിയൊരു കമ്പനി സ്വിഫ്റ്റിന് രൂപം നൽകി. കെ.എസ്.ആർ.ടി.സി പുതിയ കമ്പനി നൽകുന്ന എല്ലാ സേവനങ്ങൾക്കും ഫീസ് ഈടാക്കുന്നതാണ്.

**ആദായത്തിൽ ഒരു വിഹിതവും നൽകും. 10 വർഷത്തിനുള്ളിൽ മുഴുവൻ ആസ്തികളും കെ.എസ്.ആർ.ടി.സിയിൽ ലയിപ്പിക്കും.**

സ്വിഫ്റ്റിലൂടെ 434 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. ഇതിൽ 165 എണ്ണം ഇലക്ട്രിക് ബസ്സുകളാണ്. ഇലക്ട്രിക് ബസ്സുകളിൽ 2 ഡബിൾ ഡക്കർ ഉൾപ്പെടെ 115 എണ്ണം സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമാക്കിയവയും 50 എണ്ണം കിഫ്ബി ധനസഹായത്തോടെ വാങ്ങിവയുമാണ്. സ്വിഫ്റ്റിൽ 1,363 പേരെ ഡ്രൈവർ കം കണ്ടക്ടർമാർ, ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ നിയമിച്ചു.

**618. 3000 ബസ്സുകൾ പ്രകൃതി സൗഹൃദമായ സി.എൻ.ജി/എൽ.എൻ. ജി എഞ്ചിനുകളിലേയ്ക്ക് മാറ്റുന്നതുവഴി പ്രതിമാസം 25 കോടി രൂപ ഇന്ധനച്ചെലവ് ലാഭിക്കും. കിഫ്ബിയിൽ നിന്ന് 1000 പുതിയ ബസുകൾ അനുവദിക്കും.**

3000 ഡീസൽ ബസ്സുകൾ സി.എൻ.ജി. യിലേക്ക് പരിവർത്തനം നടത്തുന്നതിന് മുന്നോടിയായി 5 ഡീസൽ ബസ്സുകൾ പരീക്ഷണാടിസ്ഥാനത്തിൽ സി.എൻ. ജി. യിലേക്ക് പരിവർത്തനം നടത്തി. കുറഞ്ഞത് 6 മാസക്കാലയളവിൽ പരീക്ഷണാർത്ഥത്തിൽ സർവ്വീസ് നടത്തിയെങ്കിൽ മാത്രമേ സി.എൻ.ജി. ബസ്സുകളുടെ പ്രവർത്തന മികവ് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. കിഫ്ബി ധനസഹായമായ 359 കോടി രൂപയിൽ നിന്ന്, സിറ്റി സർക്കുലർ സർവീസുകൾക്കായി 57.50 കോടി രൂപയ്ക്ക് 50 ഇലക്ട്രിക് ബസുകൾ ചാർജിംഗ് ഫെസിലിറ്റി ഉൾപ്പെടെ വാങ്ങും. അതിൽ 25 ബസ്സുകളുടെ ഫ്ളാഗ് ഓഫ് കർമ്മം 01/08/2022ൽ നിർവ്വഹിച്ചു. നിലവിൽ 50 ഇലക്ട്രിക് ബസുകൾ KSRTC സിറ്റി സർക്കുലർ സർവീസ് ആയി സർവീസ് നടത്തുന്നുണ്ട്. ദീർഘദൂര സർവീസുകൾക്കായി മേൽപ്പറഞ്ഞ കിഫ്ബി ധനസഹായമായ 359 കോടി രൂപയുടെ ബാക്കി തുകയിൽനിന്ന് 170 ഇലക്ട്രിക് ബസുകളും 262 ഡീസൽ സൂപ്പർക്ലാസ് ബസുകളും വാങ്ങുന്നതിനുള്ള പരിഷ്കരിച്ച പദ്ധതിരേഖ സർക്കാരിന്റെയും കിഫ്ബിയുടെയും അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബി ധനസഹായമായ 455 കോടി രൂപ വിനിയോഗിച്ച് 250 ഇലക്ട്രിക് ബസുകളും 250 ഡീസൽബസുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിക്കുന്ന തടക്കമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**619. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചിട്ട് വക മാറ്റിയ തുകയും മെഡിക്കൽ ആനുകൂല്യം തുടങ്ങിയവയുടെ കുടിശ്ശികകളും പുതിയ ധനകാര്യ വർഷാരംഭം കൊടുത്തുതീർക്കും. ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കും.**

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ എൽ.ഐ.സി, എസ്. എൽ.ഐ, ജി.ഐ.എസ് തുകകൾ 2023 നവംബർ മാസം വരെ ഒടുക്കി.

**620. കെ.എസ്.ആർ.ടി.സിയുടെ ബസ് സ്റ്റാൻഡിനോടൊപ്പമോ അല്ലാതെയുള്ള ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സമുച്ചയങ്ങൾ പണിയും.**

ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, കോട്ടയം – ബസ് ടെർമിനൽ ആന്റ് ടോയിലറ്റ് ബ്ലോക്ക്, പാലക്കാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, ചാത്തന്നൂർ ഡിപ്പോ യാർഡ്, കരുനാഗപ്പള്ളി ഡിപ്പോ ഓഫീസ്




കെ എസ് ആർ ടി സി പ്രീമിയം ബസ്

കെട്ടിടം (ഒന്നാംനില), ആലുവ ഡിപ്പോ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ ഉദ്ഘാടനം ചെയ്തു. പൊന്നാനി ഡിപ്പോയിലെ യാർഡ്, പാപ്പനംകോട് ബസ് ഡിപ്പോയിലെ ഇലക്ട്രിക് ബസുകളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു. പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

### 622. ഗ്യാരേജുകളും, വർക്ഷോപ്പുകളും നവീകരിക്കും.

അടിസ്ഥാനസൗകര്യ വികസനത്തിനും ഗ്യാരേജുകളും വർക്ഷോപ്പുകളും നവീകരിക്കുന്നതിനുമായി 34.82 കോടി രൂപ അനുവദിച്ചു. സുൽത്താൻ ബത്തേരി ജില്ലാ വർക്ക്ഷോപ്പ്, ചാത്തന്നൂർ ഗ്യാരേജ് നവീകരണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

### 623. കെ.എസ്.ആർ.ടി.സിയുടെ മാനേജ്മെന്റ് സമൂലം പുനഃസംഘടിപ്പിക്കും. ബസ്സുകളുടെ മൈലേജ്, ഫ്ലീറ്റ് യൂട്ടിലൈസേഷൻ, റിപ്പയർ ചെയ്ത് പുറത്ത് ഇറക്കാനുള്ള സമയം, അപകടനിരക്ക് തുടങ്ങിയവയെല്ലാം ദേശീയ ശരാശരിയിലേക്ക് ഉയർത്തും.

കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഭരണപരവും സാമ്പത്തികപരവുമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ച് പരിചയമുള്ള ഉദ്യോഗസ്ഥരെ ഭരണ, വിജിലൻസ്, ഫിനാൻസ് വിഭാഗം മേധാവികളായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ഇതിനുപുറമെ വിവിധ സുപ്രധാന തസ്തികകളിൽ ഉയർന്ന യോഗ്യതയും, പരിചയ സമ്പത്തുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിയമനങ്ങളിലൂടെ കോർപ്പറേഷന്റെ മാനേജീരിയൽ നടപടികൾ മെച്ചപ്പെടുന്നുണ്ട്.

624. **കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ ബസ് റൂട്ടുകളും ഓട്ടവും ക്രമീകരിക്കും.**

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചു.

കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് അടിസ്ഥാനത്തിലുള്ള വരുമാനം പരിശോധിച്ച് ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ നടപടികൾ സ്വീകരിച്ചു. സിറ്റി സർവ്വീസുകൾ പുനഃക്രമീകരിച്ചു. ഈ നടപടികളിലൂടെ പ്രതികിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കാനായി.

അപകടങ്ങൾ ഒഴിവാക്കുന്നതിനായി സമഗ്രമായ പദ്ധതി തയ്യാറാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരും ഗതാഗതരംഗത്തെ വിദഗ്ദ്ധരും ഉൾപ്പെടുന്ന സമിതി രൂപീകരിച്ചു. യൂണിറ്റ് തല സമിതി രൂപീകരിച്ച് കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

625. **കെ.എസ്.ആർ.ടി.സിയുടെ വായ്പ മുഴുവൻ ഓഹരി മൂലധനമായി മാറ്റും. പലിശ എഴുതിത്തള്ളും.**

2008-09 മുതൽ 2013-14 വരെ കെ.എസ്.ആർ.ടി.സി സർക്കാരിലേക്ക് തിരിച്ചടക്കേണ്ട 1090,75,97,833 രൂപയുടെ വായ്പാ കുടിശ്ശിക സർക്കാർ ഓഹരിയാക്കി മാറ്റി. പലിശയും, പിഴപ്പലിശയും ഉൾപ്പെടെയുള്ള തുകകൾ എഴുതിത്തള്ളാൻ തത്വത്തിൽ തീരുമാനിച്ചു.

## തുറമുഖം

626. **ഒരു പുതിയ വൻകിട ഹാർബറിന്റെ നിർമ്മാണത്തിനു തുടക്കം കുറിക്കും. അഴീക്കൽ ഒരു നദീമുഖ ഹാർബറാണ്. ഇതിന് 14.5 മീറ്റർ ആഴത്തിൽ 3,698 കോടി രൂപ ചെലവിൽ ഒരു ഔട്ടർ ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടി മലബാർ ഇന്റർനാഷണൽ പോർട്ട് എന്നൊരു കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞു.**

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ പുതിയ ഗ്രീൻഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനും തുറമുഖാധിഷ്ഠിത വ്യവസായ മേഖലയും പ്രത്യേക സാമ്പത്തിക മേഖലയും വികസിപ്പിക്കുന്നതിനുമായി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചു. കമ്പനിയുടെ സാങ്കേതിക കൺസൾറ്റന്റ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി സൂക്ഷ്മമായി പരിശോധിച്ചു. പദ്ധതിയുടെ സാമ്പത്തിക ഘടനയിലും ഫണ്ടിംഗിലും സർക്കാരിന് ശുപാർശകൾ നിർദ്ദേശിക്കാനായി രൂപീകരിച്ച എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

627. **വിഴിഞ്ഞം ഇന്റർനാഷണൽ സീ-പോർട്ട് നിർമ്മാണത്തെ കോവിഡും പ്രകൃതിദുരന്തങ്ങളും ബാധിച്ചിട്ടുണ്ട്. എങ്കിലും ബ്രേക്ക് വാട്ടർ നിർമ്മാണവും**



വിഴിഞ്ഞം ഹാർബർ

**ലാന്റ് റിക്ലമേഷനും ഒഴികെ ബാക്കിയെല്ലാ ഘടകങ്ങളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം കാർഗോ ടെർമിനൽ പ്രധാന ക്രൂ ചെയ്ഞ്ച് കേന്ദ്രമായി മാറിക്കഴിഞ്ഞു. രണ്ടു വർഷത്തിനുള്ളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീ-പോർട്ട് നിർമ്മാണം പൂർത്തീകരിക്കും.**

തുറമുഖ പദ്ധതിയുടെ കൺസഷണറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി അതിവേഗം മുന്നോട്ട് പോവുകയാണ്. ഡ്രഡ്ജിംഗ് റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പദ്ധതിയുടെ പ്രധാന യന്ത്രോപകരണങ്ങളായ ക്രെയിനുകൾ 2023 ഒക്ടോബർ മാസം മുതൽ കപ്പൽ മാർഗ്ഗം വിഴിഞ്ഞത്ത് എത്തിച്ചു. ഇതിനോടകം 4 ഷിപ്പ് ടു ഷോർ ക്രെയിനുകളും 1 യാർഡ് ക്രെയിനും തുറമുഖത്ത് സ്ഥാപിച്ചു.

തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള ഇന്ററിം ഐ.എസ്.പി.സി കംപ്ലയിൻസ് സർട്ടിഫിക്കറ്റ് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും ലഭിച്ചു. 2024 ഡിസംബർ മാസത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാംഘട്ടം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങൾക്കായുള്ള പാരിസ്ഥിതികാഘാത പഠനങ്ങൾക്കായുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചു; പഠനം പൂർത്തിയാക്കി.

തുറമുഖാനുബന്ധ ജോലികൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ പരിശീലനം ഉറപ്പാക്കുന്നതിന് വിഴിഞ്ഞത്തെ അസാപ് സ്കിൽ പാർക്കിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2,698 മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരമായി 107 കോടിയിൽപരം രൂപ വിതരണം ചെയ്തു. പ്രദേശവാസികൾക്ക് കുടിവെള്ള വിതരണത്തിനായുള്ള പദ്ധതി 9.07 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു.

പദ്ധതി പ്രദേശത്തെ മാലിന്യസംസ്ക്കരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും 2.22 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു.

### 628. കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയെ ഉപയോഗപ്പെടുത്തി കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കും.

കൊല്ലം തുറമുഖം സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തി 101 മീറ്റർ നീളമുള്ള പാസഞ്ചർ ബർത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗേറ്റ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചു.

ബർത്ത്, ക്രെയിനുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തുറമുഖത്ത് ഏർപ്പെടുത്തി. കൊല്ലത്ത് മത്സ്യബന്ധന ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ ഷിപ്പ് റിപ്പയർ യൂണിറ്റും തുറമുഖത്ത് ഫ്ളോട്ടിംഗ് ഡ്രൈഡോക്കും സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബേപ്പൂർ തുറമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് 11.8 കോടി രൂപ ചെലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഡ്രഡ്ജിംഗ് നടത്തുന്നതിന് പാരസ്ഥിതികാഘാത പഠനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബേപ്പൂർ തുറമുഖത്തെ 4 ലൈൻ റോഡ് വഴി നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി സാഗർമാലയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. തുറമുഖത്ത് എക്സിം ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഐ.എസ്.പി.എസ് സർട്ടിഫിക്കേഷൻ ലഭ്യമായി.

തുറമുഖ വികസനത്തിനായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ ക്യാന്റീൻ കം ഡോർമിറ്ററി നിർമ്മിക്കുന്നതിന് 1.46 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. വാർഫിന്റെ രണ്ട് വശങ്ങളിലും 150 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കി സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ഉൾനാടൻ ജലഗതാഗതം

### 629. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് പുതിയ ബോട്ടുകൾ വാങ്ങുകയും പഴയവ നവീകരിക്കുകയും ചെയ്യും.

ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ വിപുലപ്പെടുത്തുന്നതിനും പഴയ ബോട്ടുകൾ പിൻവലിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ബോട്ടുകൾ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 2023-24 സാമ്പത്തിക വർഷം 3 ബോട്ടുകൾ നിർമ്മിച്ചു. 10 ബോട്ടുകൾ നവീകരിച്ചു.

### 630. പശ്ചിമ കനാൽ ശൃംഖലയുടെ ഒന്നാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയ്ക്കുള്ള 26 കിലോമീറ്റർ കനാലുകൾ പുതുതായി കുഴിച്ചുകൊണ്ടിരിക്കുകയാണ്. ഇവയും കനാലുകളുടെ വീതി




കൊച്ചി വാട്ടർ മെട്രോ

കൂട്ടുന്ന പ്രവർത്തനങ്ങളും 2022 ൽ പൂർത്തീകരിക്കും.

മാഹി – വളപട്ടണം റീച്ചിന്റെ 58.51 കിലോമീറ്റർ കനാലിൽ 26 കിലോമീറ്റർ ദൈർഘ്യം വരുന്ന 3 റീച്ചുകളുടെ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വടകര – മാഹി പാതയിൽ മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് പ്രവൃത്തി നടന്നുവരുന്നു. കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു. അതിൽ റീച്ച് 2, 4, 5 പ്രവൃത്തി പൂർത്തീകരിച്ചു.

631. മെയിൻ കനാലിനു പുറമെ ആയിരത്തിൽപ്പരം കിലോമീറ്റർ ഫീഡർ കനാലുകളുടെ നവീകരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും.

ഫീഡർ കനാലുകളുടെ നവീകരണം വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു. പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി.

632. കൊച്ചിയിലെ വാട്ടർ മെട്രോയുടെ 19 ബോട്ട് ജെട്ടികളുടെ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാംഘട്ടമായി 19 എണ്ണം 2022 ൽ പൂർത്തീകരിക്കും.

വാട്ടർ മെട്രോയുടെ 8 ടെർമിനലുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ഇതിൽ 5 എണ്ണത്തിൽ ഫ്ളോട്ടിംഗ് പോൺടൂൺസ് ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. 6 ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 9 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. 15 ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഹൈക്കോർട്ട്–വൈപ്പിൻ, വൈറ്റില–കാക്കനാട് റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിച്ചു.



തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻ

## റെയിൽവേ

633. **കൊച്ചി മെട്രോയുടെ പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള എക്സ്റ്റൻഷനും കലൂർ സ്റ്റേഡിയം മുതൽ കാക്കനാട് ഐ.ടി സിറ്റി വരെയുള്ള റെയിൽപ്പാതയുടെ നിർമ്മാണവും 2022 ൽ തീരും. കൊച്ചി മെട്രോ പദ്ധതി പൂർത്തീകരിക്കും.**

കൊച്ചി മെട്രോയുടെ ഫേസ് 1-ന്റെ അവസാനഘട്ടം ആയ എസ്എൻ ജംഗ്ഷൻ – തൃപ്പൂണിത്തുറ സ്ട്രെച്ച് പൂർത്തിയായി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു.

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെയുള്ള രണ്ടാം ഘട്ടത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. കലൂർ മുതൽ പാലാരിവട്ടം വരെയുള്ള ഭാഗത്തു ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. പാലാരിവട്ടം ഇൻഫോപാർക് റീച്ചിന്റെ വയഡക്റ്റ് നിർമാണത്തിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു.

634. **തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ ഡി.പി.ആർ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. കേന്ദ്രാനുമതി ലഭിച്ചാൽ നടപ്പാക്കും.**

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നേതൃത്വത്തിലാണ് നടപ്പാക്കുക. 2017-ലെ പുതുക്കിയ മെട്രോ നയത്തിന്റെ ഭാഗമായി പരിഷ്കരിച്ച ഡി.പി.ആർ സമർപ്പിക്കുന്നതിന് ആവശ്യമായ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിവരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ

എന്നീ മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. നിർമ്മാണ പ്രവർത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടം മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ 95 ശതമാനം പൂർത്തിയായിട്ടുണ്ട്.

635. ശബരിമല എയർപോർട്ടിന്റെയും ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിലെ എയർ സ്ട്രിപ്പുകളുടെയും ഡി.പി.ആർ തയ്യാറാക്കികൊണ്ടിരിക്കുന്നു. ഇവ ഏറ്റെടുക്കും.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിക്ക് ഹൈക്കോടതിയിൽ സ്റ്റേ നിലവിലുണ്ട്. സ്റ്റേ നീക്കാനുള്ള നിയമനടപടികൾ നടത്തിവരുന്നു.

636. 60,000 കോടി രൂപയുടെ സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽ പദ്ധതി കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം വഴിയാണ് നടപ്പാക്കുന്നത്. പരിസ്ഥിതി പഠനവും ആവശ്യമായ അനുമതികളും വാങ്ങി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

സിൽവർ ലൈൻ പദ്ധതിക്ക് റെയിൽവേ ബോർഡ്, ധനകാര്യ മന്ത്രാലയത്തിന്റെ സർക്കുലർ പ്രകാരം നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകാരം നൽകിയിരുന്നു. അതനുസരിച്ചുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

637. കെ.ആർ.ഡി.സി മുൻകൈയിൽ തലശേരി മൈസൂർ, നിലമ്പൂർ നാഞ്ചങ്കോട് റെയിൽ ലൈനുകൾ നിർമ്മിക്കും.

കർണ്ണാടക ഭാഗത്തുള്ള ഭൂസർവ്വേയിൽ കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിട്ടുണ്ട്. കർണ്ണാടകവുമായി നടന്ന ഉദ്യോഗസ്ഥതല ചർച്ചയിൽ പദ്ധതി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കർണ്ണാടക ആവശ്യപ്പെട്ടതിൻ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

638. ശബരിമലയുടെ ദേശീയ പ്രാധാന്യം പരിഗണിച്ച് റെയിൽവേയുടെ ചെലവിൽ ശബരിപാത നിർമ്മിക്കണമെന്ന നമ്മുടെ ആവശ്യം ചെവികൊള്ളാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. ഈ പശ്ചാത്തലത്തിൽ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഏതാണ്ട് 2000 കോടി രൂപയിലധികം വരുന്ന തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കും.

അങ്കമാലി – ശബരി റെയിൽ പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ദക്ഷിണ റെയിൽവേയുടെ 2024-25 ലെ പിങ്ക് ബുക്ക് പ്രകാരം 100 കോടി വകയിരുത്തിയിട്ടുണ്ട്. ഇത്

സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിൽ കേന്ദ്രറെയിൽ മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്.

639. കേരള പുനർനിർമ്മാണ പദ്ധതിയിൽ 7,192 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3,909 കോടി രൂപയുടെ പ്രോജക്റ്റുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കുകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുക.

2021-22 സാമ്പത്തികവർഷത്തിൽ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 539.45 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

## വ്യോമഗതാഗതം

640. കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിദേശരാജ്യങ്ങളിൽ നിന്നും നേരിട്ടുള്ള കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കും. ശബരി എയർപോർട്ടിന്റെ നിർമ്മാണം ഊർജ്ജിതപ്പെടുത്തും.

കോവിഡ് കാലത്തിനു മുമ്പുണ്ടായിരുന്ന വിമാന സർവ്വീസുകൾ നിലനിർത്താനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. 2023 മാർച്ച് മുതൽ പ്രതിവാരം 1,484 സർവ്വീസുകൾ നടത്തുന്നുണ്ട്. 278 സർവ്വീസുകൾ വർദ്ധിച്ചു. 664 രാജ്യാന്തര സർവ്വീസുകളും 820 ആഭ്യന്തര വിമാന സർവ്വീസുകളുമാണ് ഇപ്പോൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും നടത്തുന്നത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും കോവിഡിനു മുമ്പ് ഉണ്ടായിരുന്ന ചില ആഭ്യന്തര അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

641. നിരന്തരമായ ശ്രമങ്ങൾ നടത്തിയിട്ടും കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനം നിശ്ചലമാണ്. വിമാനത്താവളത്തിന്റെ ശേഷി ഇരട്ടിയാക്കാൻ ആവശ്യമെങ്കിൽ സർക്കാർ അതിനെ ഏറ്റെടുക്കുകയോ പങ്കാളിയാവുകയോ ചെയ്യും.

കോഴിക്കോട് വിമാനത്താവളത്തിന്റെ RESA വികസനത്തിന് ആവശ്യമായി വരുന്ന സ്ഥലത്ത് സാമൂഹികാഘാത പഠനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഇടനാഴികളും ഹബ്ബുകളും

642. കൊച്ചി, പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോർ പൂർത്തീകരിക്കും. ചെന്നൈ ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ഇതിനെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം പങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് കമ്പനിയാണ് ഈ പ്രോജക്റ്റ് നടപ്പാക്കുക. 10,000 കോടി നിക്ഷേപവും 22,000 പേർക്ക് നേരിട്ട് ജോലിയും ലഭ്യമാകും. കിഫ്ബി സഹായത്തോടെ പാലക്കാടും കൊച്ചിയിലും 2321 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ആദ്യ ഘട്ടത്തിൽ തന്നെ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി (ഗിഫ്റ്റ് സിറ്റി)' എന്ന

ഹൈടെക് സർവ്വീസുകളുടെയും ഫിനാൻസിന്റെയും ഹബ്ബ് അയ്യമ്പുഴയിൽ 220 ഹെക്ടറിൽ സ്ഥാപിക്കും.

കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി ഐ.എം.സി പുതുശ്ശേരി സെൻട്രലിൽ 974.1 ഏക്കറും ഐ.എം.സി കണ്ണംപ്പാറയിൽ 299 ഏക്കറും ഭൂമി ഏറ്റെടുത്തു. ഇതിനകം 1,344 കോടി രൂപ ചെലവഴിച്ചു. നാഷണൽ ഇൻഡസ്ട്രി യൽ കോറിഡോർ ഡെവലപ്പ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് ബോർഡ് 3 ലാന്റ് പാഴ്സലുകൾ ഉൾപ്പെടെ ഐ.എം.സി പാലക്കാടിന് 3,815 കോടി രൂപ പദ്ധതി ചെലവ് അംഗീകരിച്ചു. ഇതിൽ 1,790 കോടി രൂപയുടെ ഓഹരി വിഹിതം അനുവദിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഗ്ലോബൽ സിറ്റി കൊച്ചി പദ്ധതിയുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് നിയമിച്ച കൺസൾട്ടന്റ് പ്രാരംഭ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി 299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

643. മലബാറിന്റെ വികസനം ലക്ഷ്യമിട്ട് നമ്മുടെ മുൻകൈയിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന കൊച്ചി, മംഗലാപുരം വ്യവസായ ഇടനാഴിയാണ്. ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. അതിനിടയിൽ കണ്ണൂർ വിമാനത്താവളത്തിന്റെ സമീപത്ത് 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 12,000 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ വിമാനത്താവളത്തിന്റെ സമീപ പ്രദേശത്ത് കിൻഫ്രാ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് 11 പാർസലുകളിൽ ആയി ഏകദേശം 5,000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി രണ്ട് പാർസലുകളിൽ പെട്ട 59 ഏക്കർ ഭൂമി ഏറ്റെടുത്തു. മറ്റൊരു പാർസലിൽപ്പെട്ട 500 ഏക്കർ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടിയിലാണ്. നാലാമത്തെ പാർസലിൽപ്പെട്ട 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യ ഗഡുവായി 272 കോടി രൂപ കിൻഫ്ര റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 7 പാർസലുകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

644. ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടപ്പാക്കും. വിഴിഞ്ഞം തുറമുഖത്തോടു ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിനു കിഴക്കു ഭാഗത്തുകൂടെ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 78 കിലോമീറ്റർ ദൈർഘ്യമുള്ള ആറുവരി പാതയും അതിന്റെ ഇരുവശങ്ങളിലുമായി 10,000 ഏക്കറിൽ നോളഡ്ജ് ഹബ്ബുകൾ, വ്യവസായ പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയുടെ ഒരു വമ്പൻ ശൃംഖലയും സ്ഥാപിക്കാനാണ് പദ്ധതി. ഇതിനായുള്ള കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ നിർദ്ദിഷ്ട മേഖലയിൽ ആര് ഭൂമി വിൽക്കുന്നതിനു തയ്യാറായാലും കമ്പോളവിലയ്ക്ക് വാങ്ങാൻ കമ്പനി സന്നദ്ധമാകും. വില ലാന്റ് ബോണ്ടായി നൽകാം. റെഡി ക്യാഷ് വേണ്ടവർക്ക് അതും നൽകും. ഭൂമി വിൽക്കാൻ താൽപ്പര്യമില്ലാത്തവർക്ക് ലാന്റ് പൂളിംഗ് പദ്ധതിയിൽ പങ്കാളികളാവാം. കൈവശം വയ്ക്കുന്ന ഭൂമിയ്ക്ക് 10 വർഷംകൊണ്ട്

നാലിരട്ടി വില വർദ്ധന ഉറപ്പുനൽകും. അല്ലെങ്കിൽ നാലിരട്ടി വിലയ്ക്ക് കമ്പനി വാങ്ങാൻ തയ്യാറാകും. കമ്പനി ഏറ്റെടുക്കുന്ന ഭൂപ്രദേശത്ത് പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പുവരുത്തി ഇൻവെസ്റ്റേഴ്സിനു കൈമാറും. 25000 കോടി രൂപയുടെ നിക്ഷേപവും 2.5 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

ദേശീയ പാത അതോറിറ്റിയും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പാക്കുന്ന വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെ 80 കി.മീ ദൈർഘ്യത്തിലുള്ള തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് എൻ.എച്ച്.എ.ഐയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇരുവശത്തും സർവ്വീസ് റോഡുകൾ, മീഡിയൻ എന്നിവ ഉൾപ്പെടെ 45 മീറ്റർ വീതിയിലാണ് ഈ പാത നിർമ്മിക്കുന്നത്. പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

645. കൊച്ചിയെ ഒരു സൈബർവാലി ആക്കും. വായു, കടൽ, ഉൾനാടൻ ജല, റെയിൽ, റോഡ് ഗതാഗത സൗകര്യങ്ങളുള്ള ഇന്ത്യയുടെ സൂപ്പർ ഐ.ടി നഗരമായി കൊച്ചി മാറും. ജി.സി.ഡി.എ, ജി.ഐ.ഡി.എ, കാക്കനാട് പ്രദേശം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് കൊച്ചിയെ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും സുസ്ഥിര വികസനവുമുള്ള നഗരമാക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കൃഷി, മെഷീൻ ലേണിംഗ്, സ്പേസ് തുടങ്ങിയ ഭാവി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പദ്ധതികൾക്കു പ്രാധാന്യം നൽകും.

കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. 1,136.83 കോടി രൂപ അടങ്കൽ ഉള്ള ഈ പ്രോജക്ട് പൂർത്തിയാകുമ്പോൾ 30 ബോട്ട് ജെട്ടികൾ ഉണ്ടാകും. നിലവിൽ 5 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. കൊച്ചി മെട്രോ ഫേയ്സ് 2 ന്റെ ഭൂമി ഏറ്റെടുക്കൽ, റോഡ് വീതി കൂട്ടൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫേയ്സ് 1(എ) പേട്ട എസ്.എൻ ജംഗ്ഷൻ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫേയ്സ് 1(ബി) എസ്.എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ 2023 ൽ തന്നെ ഉദ്ഘാടനത്തിന് സജ്ജമാകും.

647. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി എല്ലാ പ്രമുഖ നഗരങ്ങളിലേയ്ക്കും വ്യാപിപ്പിക്കും.

സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായി. ഇതോടെ 14 ജില്ലകളിലും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

## പ്രധാന കിഫ്ബി പദ്ധതികൾ

648. കിഫ്ബി 43,250 കോടി രൂപയുടെ 889 പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ വ്യവസായ പാർക്കുകൾക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 20,601 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 21,081 കോടി രൂപയുടെ 484 പ്രോജക്റ്റുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 18994 കോടി രൂപയുടെ 435 പ്രോജക്റ്റുകൾ പണി തുടങ്ങുകയോ അവാർഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. ഈ പ്രോജക്റ്റുകൾ

മുഴുവൻ അടുത്ത അഞ്ചു വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കും. ഭൂമിയും ഏറ്റെടുക്കും. ഇത് കേരളത്തിലെ പശ്ചാത്തലസൗകര്യങ്ങളെ ഇന്ത്യയിലെ ഏറ്റവും മികച്ചതാക്കി മാറ്റും.

കിഫ്ബി 65,872.57 കോടി രൂപയുടെ 1101 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ദേശീയ പാതയുടെ സ്ഥലമേറ്റെടുപ്പിനും വ്യവസായ പാർക്കുകൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി ഏറ്റെടുക്കുന്നതിന് 23,172.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 65,872.57 കോടി രൂപയുടെ 1108 പദ്ധതികൾക്ക് അംഗീകാരം നൽകി. ഇവയിൽ 23,548 കോടി രൂപയുടെ 660 പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 22,055 കോടി രൂപയുടെ 593 പദ്ധതികളുടെ പ്രവർത്തി തുടങ്ങുകയോ അവാർഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്.

649. ഇവയിൽ ഏറ്റവും പ്രധാനം പൊതുമരാമത്ത് മേഖലയിലെ 389 റോഡ്, പാലം, ഓവർബ്രിഡ്ജുകൾ, കെട്ടിടങ്ങൾ തുടങ്ങിയ 18,043 കോടി രൂപയുടെ പ്രോജക്ടുകളാണ്. 67 റെയിൽ ഓവർ ബ്രിഡ്ജുകളുണ്ട്. ഇവ വേഗത്തിൽ തീർക്കാൻ 1,215 പാലങ്ങൾ പാക്കേജായിട്ടാണ് ടെണ്ടർ വിളിക്കുന്നത്. പ്രീഫാബ്രിക്കേറ്റഡ് വിദ്യകൾ ഉപയോഗിച്ച് വേഗത്തിൽ പണി തീർക്കുന്നതിന് ഇത് സഹായിക്കും. റോഡുകൾ നവീന നിർമ്മാണ രീതികൾ ഉപയോഗിച്ചുകൊണ്ടുള്ളവയാണ്. അതുപോലെ പാലങ്ങൾ, വാസ്തുശിൽപ്പ ചാതുരിയോടു കൂടിയുള്ളവയാണ്. റോഡുകളിൽ ഏറ്റവും പ്രധാനം മലയോര ഹൈവേയും തീരദേശ ഹൈവേയുമാണ്.

പൊതുമരാമത്ത് മേഖലയിൽ റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ, റെയിൽ ഓവർ ബ്രിഡ്ജുകൾ, ജംഗ്ഷൻ വികസനം, ടണൽ, അടിപ്പാത എന്നീ സെക്ടറുകളിലായി 500 പദ്ധതികളിലായി 32,294 കോടി രൂപയ്ക്കുള്ള ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 7,645 കോടി രൂപയുടെ 246 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 6717 കോടി രൂപയുടെ 213 പ്രവൃത്തികളുടെ വർക്ക് അവാർഡ് ചെയ്തു. 19,859 കോടി രൂപയുടെ 290 പ്രവൃത്തികൾ/സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു. 2,693 കോടി രൂപയുടെ 73 പ്രവൃത്തികൾ പൂർത്തീകരിച്ചു. 143 പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് വിവിധ ഘട്ടങ്ങളിൽ അവലോകനം ചെയ്തുവരുന്നു.

മൊത്തം 1166 കി.മീ ദൈർഘ്യമുള്ള മലയോരപാതയിൽ കിഫ്ബി ഫണ്ടിങ് ഉപയോഗിച്ച് നടപ്പാക്കുന്ന 793 കിലോമീറ്ററിൽ 52 സ്ട്രെച്ചുകളിലായി 736 കിലോമീറ്റർ റോഡിന് ധനാനുമതി നൽകിയിട്ടുള്ളതാണ്. ഇതിൽ 31 സ്ട്രെച്ചുകളിലായി 482 കിലോമീറ്ററിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 24 സ്ട്രെച്ചുകളിലായി 404 കിലോമീറ്ററിൽ പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഇതിൽ 6 സ്ട്രെച്ചുകളിലായി 159 കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയായി.

തീരദേശ ഹൈവേയിൽ 474 കിലോമീറ്ററിൽ 8 സ്ട്രെച്ചുകളിലായി 37.42 കിലോമീറ്റർ റോഡിന് സ്ഥലമേറ്റെടുപ്പും നിർമ്മാണച്ചെലവും ഉൾപ്പെടെയും, 24 സ്ട്രെച്ചുകളിലായി 436.40 കിലോമീറ്റർ റോഡിന്റെ സ്ഥലമേറ്റെടുപ്പിന് മാത്രമായും ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 21 കിലോമീറ്ററിൽ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റു 2 സ്ട്രെച്ചുകളിലെ 19 കിലോമീറ്ററിൽ പ്രവൃത്തി പുരോഗമിച്ച്

വരുന്നതും കോരപ്പുഴ പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തീരദേശ ഹൈവേയുടെ ഭാഗമായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് 194 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

എടപ്പാൾ, കുണ്ടന്നൂർ ജംഗ്ഷൻ, വൈറ്റില മേൽപ്പാലങ്ങൾ പൂർത്തിയാക്കി. കിഫ്ബി വഴി നിർവ്വഹണം നടത്തുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട 10 എണ്ണത്തിൽ 9 എണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നു. ഗുരുവായൂർ ഓവർബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിച്ചു. മാളിയേക്കൽ ഓവർബ്രിഡ്ജ് നിർമ്മാണം ഈ മാസം പൂർത്തീകരിക്കും.

650. **ആരോഗ്യ മേഖലയിൽ 4240 കോടി രൂപയുടെ 57 പ്രോജക്ടുകളുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാതാലൂക്ക് ആശുപത്രികൾ എന്നിവയാണ് ഇതിൽ മുഖ്യപങ്ക്. 44 ഡയാലിസിസ് യൂണിറ്റുകളും 5 കാത്ത് ലാബുകളും പൂർത്തിയായിട്ടുണ്ട്.**

കിഫ്ബി ധനസഹായത്തോടു കൂടിയുള്ള ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മെഡിക്കൽ കോളേജുകൾ, ജനറൽ–ജില്ലാ–താലൂക്ക് ആശുപത്രികൾ ഉൾപ്പെടുന്ന നൂറിൽപ്പരം പദ്ധതികൾക്കായി ഏകദേശം 14,500 കോടി രൂപക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 86 പദ്ധതികൾക്കായി 6185 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനവും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തികൾ നടന്നു വരുന്നുണ്ട്.

651. **പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിനു 2350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 793.5 കോടി രൂപയും കിഫ്ബിയിൽ നിന്നു ചെലവഴിക്കുന്നു. മോഡൽ റെസിഡന്റ്ഷ്യൽ സ്കൂളുകൾക്കും മറ്റും വേണ്ടി 182 കോടി രൂപയുടെ 10 പ്രോജക്ടുകളും അംഗീകരിച്ചിട്ടുണ്ട്.**

പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിന് 2,350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 786 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 901 സ്കൂളുകളാണ് കിഫ്ബി മികവിന്റെ കേന്ദ്രങ്ങളാക്കാൻ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. അതിൽ 468 സ്കൂളുകളുടെ നിർമാണം ഇതിനകം പൂർത്തിയായി കഴിഞ്ഞു. 433 കെട്ടിടങ്ങൾ നിർമാണത്തിന്റെയും ടെണ്ടർ നടപടികളുടെയും വിവിധ ഘട്ടങ്ങളിലാണ്.

652. **ഉന്നതവിദ്യാഭ്യാസ മേഖലയിൽ 1906 കോടി രൂപയുടെ 50 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. 51 ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും, 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും, 8 പോളിടെക്നിക്കുകളുടെയും, 5 ഹെറിറ്റേജ് കോളേജുകളുടെയും, 5 യൂണിവേഴ്സിറ്റികളുടെയും നവീകരണം ഇതിൽ ഉൾപ്പെടുന്നു.**

ഉന്നതവിദ്യാഭ്യാസം ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 52 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും 6 എഞ്ചിനീയറിംഗ് കോളേജുകൾക്കും

5 യൂണിവേഴ്സിറ്റികൾക്കും 8 പോളിടെക്നിക് കോളേജുകൾക്കും 5 ഹെറിറ്റേജ് കോളേജുകൾക്കും യൂണിവേഴ്സിറ്റി/കോളേജുകളിൽ ഹോസ്റ്റൽ/ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ തുടങ്ങിയ പദ്ധതികൾക്കുമായി നാളിതുവരെ ആകെ 1826 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ നാളിതുരെ 237 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതും 500 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ബാക്കിയുള്ളവയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

653. **വിവരവിനിമയ മേഖലയിൽ 5.5 ലക്ഷം ചതുരശ്രയടി പാർക്കുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. മൊത്തം 351 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ട് 1061 കോടി രൂപയുടെ കെഫോൺ ആണ്.**

കിഫ്ബി മുഖാന്തിരം വിവരവിനിമയ മേഖലയിൽ 5.5 ലക്ഷം ചതുരശ്രയടി പാർക്കുകളാണ് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. കളമശ്ശേരി ടെക്നോളജി ഇന്നോവേഷൻ സോണിൽ ഐ.ടി കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. 215.13 കോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഒന്നാമത്തെ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ ഇൻറീരിയർ ഫർണിഷിംഗ് വർക്കുകൾ നടന്നുവരുന്നു. ജൂണോടുകൂടി പൂർത്തീകരിക്കും. രണ്ടാമത്തെ കെട്ടിടത്തിന്റെ പണികൾ സെപ്റ്റംബറിൽ പൂർത്തീകരിക്കും.

തിരുവനന്തപുരം ടെക്നോസിറ്റിയിൽ രണ്ടുലക്ഷം ചതുരശ്രയടി ഐ.ടി കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കി. കെട്ടിടത്തിന്റെ ഇൻറീരിയൽ ഫർണിഷിംഗ് വർക്കുകളും പൂർത്തീകരിച്ചു ടെക്നോപാർക്കിലെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### കെ–ഫോൺ

കെ–ഫോൺ പദ്ധതിയും അതിൻറെ അന്തിമഘട്ടത്തിലേക്ക് നീങ്ങിയിരിക്കുകയാണ്. 94 ശതമാനം പുരോഗതി ഇതിനോടകം കൈവരിച്ചിട്ടുണ്ട്. ആകെ മൊത്തത്തിലുള്ള 375 പോയിൻറ് ഓഫ് പ്രസൻസ് സ്റ്റേഷനുകളിൽ 374 എണ്ണത്തിന്റെയും പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള പോയിന്റ് ഓഫ് പ്രസൻസ് സ്റ്റേഷനുകളുടെ പണികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ 26573 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും 16738 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് വിനിയോഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

654. **വൈദ്യുതി മേഖലയിൽ ട്രാൻസ് ഗ്രിഡ് 2.0 യുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുന്നു. 5200 കോടി രൂപയാണ് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നത്.**

ഊർജ്ജ മേഖലയിൽ കിഫ്ബി മുഖാന്തിരം ട്രാൻസ് ഗ്രിഡ് 2.0 പദ്ധതികൾക്കായി 5200 കോടി രൂപയാണ് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. ഇവയിൽ ആകെ 2916 കോടി രൂപയുടെ ട്രാൻസ് ഗ്രിഡ് പദ്ധതികൾക്ക് കിഫ്ബി

അന്തിമ അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പൂർത്തീകരണം അതിവേഗം പുരോഗമിച്ചു വരുന്നു. നാളിതുവരെ 1693.13 കോടി രൂപ ട്രാൻസ് ഗ്രിഡ് പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ട്രാൻസ് ഗ്രിഡ് പദ്ധതികൾക്ക് വായ്പയായാണ് കിഫ്ബി തുക അനുവദിക്കുന്നത്.

655. സ്പോർട്സ് മേഖലയിൽ 773 കോടി രൂപയുടെ 38 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 44 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും.

സ്പോർട്സ് മേഖലയിൽ 886 കോടി രൂപയുടെ 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 44 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും. ഇതിൽ 16 സ്റ്റേഡിയങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. 18 സ്റ്റേഡിയങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

656. കുടിവെള്ള പദ്ധതികൾക്കും മറ്റു ജലവിഭവ പ്രൊജക്ടുകൾക്കുമാണ് വലിയ തുക വകയിരുത്തിയിട്ടുള്ള മറ്റൊരു മേഖല. 87 പ്രൊജക്ടുകളിലായി 5222 കോടി രൂപയാണ് കിഫ്ബിയിൽ നിന്നും ചെലവഴിക്കുന്നത്.

ജലസേചനവകുപ്പിന് കീഴിലുള്ള 30 റെഗുലേറ്ററുകളുടെ നിർമാണത്തിന് കിഫ്ബി വഴി 600 കോടി രൂപ പ്രഖ്യാപിച്ചു. 19 റെഗുലേറ്ററുകളുടെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചു. 12 എണ്ണത്തിന് അംഗീകാരം ലഭിച്ചു. 3 പദ്ധതികൾ പൂർത്തീകരിച്ചു.

657. ബജറ്റിൽ പ്രഖ്യാപിച്ചതും ഇപ്പോൾ പ്രോജക്ട് അപ്രൈസൽ ഘട്ടങ്ങളിലോ ഇരിക്കുന്നതുമായ പ്രോജക്ടുകൾ ആകെ എടുത്താൽ 6000, 7000 കോടി രൂപ കൂടി വരും. കൂടുതൽ പ്രോജക്ടുകൾ കിഫ്ബിയിൽ ഏറ്റെടുക്കുന്നത് ഗൗരവമായ ധനവിശകലനത്തിന്റെ അടിസ്ഥാനത്തിലേ നടത്തൂ. ഒരു ഘട്ടത്തിലും കിഫ്ബിയുടെ ആസ്തികളേക്കാൾ ബാധ്യതകൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തും. ബി.ജെ.പി കേന്ദ്രസർക്കാരും യു.ഡി.എഫും ഒരുപോലെ കിഫ്ബിയെ എതിർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഭരണത്തുടർച്ച ഉണ്ടെങ്കിൽ മാത്രമേ കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാനാകൂ. കിഫ്ബിയെ സംരക്ഷിക്കുമെന്നും വിപുലപ്പെടുത്തുമെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി വോട്ടർമാർക്ക് ഉറപ്പുനൽകുന്നു.

കിഫ്ബി പദ്ധതികളായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും മന്ത്രിസഭാ അംഗീകാരം നേടിയതുമായ പദ്ധതികളിൽ നിലവിൽ ഏകദേശം 12,000 കോടി രൂപയുടെ വിവിധ പദ്ധതികൾ കിഫ്ബിയുടെ അവലോകനത്തിലാണ്.

# VII

# തദ്ദേശഭരണം പുതിയ വിതാനത്തിലേക്ക് ഉയർത്തും

658. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള കർമ്മപദ്ധതി മുന്നോട്ടു വയ്ക്കുകയാണ്. തദ്ദേശഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുവന്ന യു.ഡി.എഫ് സർക്കാർ ഇല്ലാതാക്കിയ അനുഭവമാണുള്ളത്. ഇതിനു വിരാമമിട്ടുകൊണ്ട് എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുക മാത്രമല്ല ജീവനക്കാർക്ക് ഏകീകൃത കേഡർ സൃഷ്ടിച്ചിരിക്കുകയാണ്. ഈ പരിവർത്തനം പൂർത്തിയാക്കും, സ്ഥായിയാക്കും.

ഏകീകൃത വകുപ്പിലെ ജീവനക്കാർക്കായുള്ള വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളും നഗരസഭകളും വെവ്വേറെ വകുപ്പുകളാൽ വിഭജിക്കപ്പെട്ടിരുന്ന അവസ്ഥ ഇല്ലാതായി.

വിവിധ മുൻ വിഭാഗങ്ങളിലെ ജീവനക്കാരെ വിന്യസിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകൾ എന്നിവ രൂപീകരിച്ചു. ഏകീകൃത ഓഫീസ് സംവിധാനം നിലവിൽ വന്നു. പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി പുതിയ ഇ-ഓഫീസ് സംവിധാനമായ ഇ-എൽ.എസ്.ജി.ഡി വികസിപ്പിച്ചു. വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തതുപ്രകാരം ഒരേ കേഡറിലെ ജീവനക്കാരുടെ ഇന്റർട്രാൻസ്ഫറബിലിറ്റി നടപ്പിലാക്കി. സ്ഥലം മാറ്റം നടപടികൾ സുതാര്യമാക്കുന്നതിന് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കി.

## പതിനാലാം പഞ്ചവത്സര പദ്ധതി

659. പതിനാലാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ ഇതിനു പ്രാരംഭമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ തങ്ങളുടെ പ്രദേശത്ത് ഉണ്ടായ മാറ്റങ്ങളെയും വികസന നേട്ടങ്ങളെയും പരിഹരിക്കേണ്ട പ്രശ്നങ്ങളെയുംകുറിച്ച് സമഗ്രമായ ഒരു അവലോകനം തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും അടുത്ത പഞ്ചവത്സര പദ്ധതിക്കു രൂപം നൽകുക.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേക്കുള്ള പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുന്നതിനും കഴിഞ്ഞ 25 വർഷത്തെ പ്രവർത്തന ങ്ങൾ വിലയിരുത്തുന്നതിനും വിശദമായ മാർഗരേഖ പുറപ്പെടുവിച്ചു.

660. ഏറ്റവും മികച്ച പ്രകടനവും റിപ്പോർട്ടുകളും തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പങ്കാളിത്ത പഠനപരമ്പരയ്ക്ക് രൂപം നൽകുന്നതാണ്.

പഞ്ചായത്ത് ലേർണിംഗ് സെന്റർ എന്ന പേരിൽ 19 ഗ്രാമ പഞ്ചായത്തുകളിൽ പങ്കാളിത്ത പഠന പരമ്പര ആരംഭിച്ചു.

661. ഡി.പി.സി ശക്തിപ്പെടുത്തുകയും പദ്ധതികളുടെ മോണിറ്ററിംഗിന് അധികാരപ്പെടുത്തുകയും ചെയ്യും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭമായി ജില്ലാ പദ്ധതികൾ പരിഷ്കരിക്കും. മാർച്ച് മാസം ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് വാർഷിക പദ്ധതികൾ തയ്യാറാകുമെന്ന് ഉറപ്പുവരുത്തും.

ഡി.പി.സികൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. പദ്ധതികളുടെ മോണിറ്ററിങ് ചുമതല ഡി.പി.സികൾക്ക് നൽകി. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

662. കോവിഡിന്റെ പശ്ചാത്തലത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനും ഗ്രാമസഭയും വികസന സെമിനാറും നടത്തുന്നതിനും നൂതന ഐ.റ്റി സംവിധാനങ്ങളെ ഉപയോഗപ്പെടുത്തും.

കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളും ഗ്രാമസഭകളും വാർഡ് സഭകളും വാർഡ് കമ്മിറ്റികളും വികസന സെമിനാറുകളും മറ്റ് മീറ്റിങ്ങുകളും ഓൺലൈനായി കൂടുന്നതിന് നിർദ്ദേശം നൽകി.

ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ അവശതയനുഭവിക്കുന്നവർ, സ്ഥലത്തില്ലാത്തവർ, പ്രവാസികൾ (മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവരടക്കം) തുടങ്ങിയവരുമായി ഓൺലൈൻ കൂടിയാലോചനകൾ നടത്തണമെന്ന് നിർദ്ദേശിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് തുടങ്ങിയവ നിർവഹിക്കുന്നതിന് കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

663. ആറാം ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്ന ഡെവലപ്പ്മെന്റ് ഗ്രാന്റിലും മെയിന്റനൻസ് ഗ്രാന്റിലും ജനറൽ പർപ്പസ് ഗ്രാന്റിലുമുള്ള വർദ്ധന സർക്കാർ ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ഇനി തുടർന്നുള്ള റിപ്പോർട്ടുകളിൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും ക്രിയാത്മകമായി നടപ്പാക്കും.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്ന്, രണ്ട് റിപ്പോർട്ടുകൾ പരിശോധിച്ച് സർക്കാർ തീരുമാനം എടുത്തു. നടപടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മെയിൻറനൻസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6.50 ശതമാനമായും ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 4.00 ശതമാനമായും വർദ്ധിപ്പിച്ചു. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതം 1 ശതമാനം വർദ്ധിപ്പിച്ച് സംസ്ഥാന പദ്ധതി അടങ്കലിന്റെ

26 ശതമാനമായി ഉയർത്തി. തുടർന്ന് ഓരോ വർഷവും, കമ്മീഷൻ ശുപാർശ ചെയ്തതുപോലെ, 0.5 ശതമാനം വീതം വർദ്ധിപ്പിക്കുന്നുണ്ട്. ഇപ്പോൾ ഇത് (2024–25ൽ) 28.9 ശതമാനമായി വർദ്ധിപ്പിച്ചു. മെയിൻറനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിച്ചു.

664. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ജി.എസ്.ടി നടപ്പാക്കിയതിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വിനോദ നികുതി നഷ്ടം സർക്കാർ നികത്തും.

01.04.2023 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി പ്രതിവർഷം അഞ്ച് ശതമാനം വർദ്ധനവ് വരുത്തി പരിഷ്കരിക്കുന്നതിന് ഉത്തരവ് നൽകി. പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. കെട്ടിട നിർമ്മാണ അനുമതിക്കുള്ള ഫീസ് നിരക്ക് കാലാനുസൃതമായി പരിഷ്കരിച്ചു. ജി.എസ്.റ്റി നിലവിൽ വന്നതോടെ പിൻവലിച്ചിരുന്ന വിനോദനികുതി പുനസ്ഥാപിച്ചു. നികുതി പിരവ് കാര്യക്ഷമമാക്കിയതിലൂടെ ലഭിക്കേണ്ട നികുതി തുക 2021–22ൽ 116 തദ്ദേശ ഭരണ സ്ഥാപനങ്ങളും 2022–23ൽ 137 തദ്ദേശഭരണ സ്ഥാപനങ്ങളും പൂർണമായും പിരിച്ചെടുത്തു.

665. എല്ലാ പഞ്ചായത്തുകളിലും എഞ്ചിനീയർമാരെ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ ഓവർസിയർമാരുടെ തസ്തികകളും സൃഷ്ടിച്ചു. പുനർവിന്യാസത്തിലൂടെയോ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെയോ രണ്ട് തസ്തികകൾ വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതാണ്.

നൽകിയിട്ടുണ്ട്.

666. യു.ഡി.എഫ് സർക്കാർ വെട്ടിക്കുറച്ച മൈനർ ഇറിഗേഷൻ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം പുന?സ്ഥാപിക്കും.

പരിഗണനയിലാണ്.

## ജനകീയതയും സുതാര്യതയും

667. ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും. അയൽക്കൂട്ടങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും അതുപോലെ കീഴ്ത്തല സാമൂഹ്യ കൂട്ടായ്മകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തുകയാണ് ഇതിനുള്ള മാർഗ്ഗം.

അയൽക്കൂട്ടങ്ങളെയും റസിഡന്റ്സ് അസോസിയേഷനുകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തി. ഗ്രാമസഭയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സംവാദാത്മകത ഉറപ്പുവരുത്തുന്നതിനുമായി 'ഗ്രാമസഭാ പോർട്ടൽ' വികസിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗരേഖയിൽ ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദേശം നൽകി. പ്രവാസി ഗ്രാമസഭ, യുവജന ഗ്രാമസഭ, ഓൺലൈൻ ഗ്രാമസഭ തുടങ്ങിയ വിവിധ മാതൃകാ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

668. വാർഡിലെ ഏതെങ്കിലുമൊരു പൊതുസ്ഥാപനത്തെ ഗ്രാമസേവാ കേന്ദ്രമായി പ്രവർത്തിപ്പിക്കും.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകി. വാതിൽപടി സേവനം നടപ്പാക്കി.

669. പി.റ്റി.എ, എസ്.എം.സി, ആശുപത്രി വികസന സമിതി തുടങ്ങിയ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്തും. വാർഡ് വികസനസമിതികൾ ശക്തിപ്പെടുത്തും.

ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. വിവിധ തലങ്ങളിൽ പരിശീലനം നൽകി.

670. ആസൂത്രണത്തിലും നിർവ്വഹണത്തിലും സന്നദ്ധാടിസ്ഥാനത്തിലുള്ള വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പുവരുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടാകും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി രൂപംകൊടുത്തിട്ടുള്ള തദ്ദേശസ്ഥാപനതല ആസൂത്രണ സമിതിയിൽ വിദഗ്ധരെ ഉൾപ്പെടുത്തുന്നുണ്ട്. ആസൂത്രണ സമിതിയിൽ അദ്ധ്യക്ഷനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും കൺവീനറും ഒഴികെ ബാക്കി എല്ലാ അംഗങ്ങളും ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധരാണ്.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ അതത് വിഷയ മേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെടുന്നു. വിദഗ്ദ്ധരിൽ ഒരാളായിരിക്കും വർക്കിംഗ് ഗ്രൂപ്പ് ഉപാദ്ധ്യക്ഷൻ.

ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുള്ള വിഷയമേഖലാ വിദഗ്ദ്ധർ അടങ്ങിയ ജില്ലാ റിസോഴ്സ് സെന്ററുകളുടെ സേവനം പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്.

671. എല്ലാ സേവനങ്ങളും പൗരന്റെ അവകാശമെന്നത് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. പൗരവകാശരേഖ പ്രസിദ്ധീകരിക്കുക മാത്രമല്ല അതു നടപ്പാക്കിയതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കുമെന്ന് ഉറപ്പുവരുത്തും.

എല്ലാ ഗ്രാമ പഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. പൗരാവകാശ രേഖയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകളും ഗ്രാമസഭ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്.

672. സമഗ്ര അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വ) നിയമം പാസ്സാക്കും.

സമഗ്ര അക്കൗണ്ടബിലിറ്റി നിയമം സംബന്ധിച്ച നടപടികൾ പരിശോധനയിലാണ്.

## ഭരണനിർവ്വഹണം

673. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാണോ എന്നതു സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തും.

സർവയലൻസ് ഓഡിറ്റ്, റീ സർട്ടിഫിക്കേഷൻ പ്രോസസ് എന്നിവ നടന്നുവരുന്നു.

674. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളുടെ സൗകര്യങ്ങളും വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള ഓരോ മേഖലയ്ക്കും ഗുണമേന്മാ സൂചികകൾ നിജപ്പെടുത്തുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവ നേടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന ഉപാധിയായി നടപ്പിലാക്കിവരുകയാണ്. ഇതിനായി 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെയും 9 തീമുകളായി സംഗ്രഹിച്ച് ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രാദേശിക വിലയിരുത്തൽ സൂചകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് വിവര ശേഖരണം നടത്തി പഞ്ചായത്ത് വികസന സൂചിക തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതു സംബന്ധിച്ച് വിശദമായ പ്രവർത്തന മാർഗരേഖകൾ കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കി പരിശീലനം നല്കി വരുന്നുണ്ട്.

675. കൈമാറിക്കിട്ടിയ കീഴ്ത്തട്ട് സ്ഥാപനങ്ങളും തദ്ദേശഭരണവും തമ്മിലുള്ള ഇതുവരെയുള്ള അനുഭവങ്ങളെ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ പരിശോധിച്ച് കൂടുതൽ ഏകോപനവും പ്രാദേശിക മുൻകൈയ്യും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും.

കൂടുതൽ ഏകോപനം ഏർപ്പെടുത്തുന്നതിനുള്ള മാർഗരേഖ ചീഫ് സെക്രട്ടറി പുറപ്പെടുവിച്ചു. ഏകോപനം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടി ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

676. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റോഡ് അടക്കമുള്ള ആസ്തി രജിസ്റ്റർ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കും. മുനിസിപ്പിലാറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിക്ഷിപ്തമായിട്ടുള്ള ആറ്, തോട്, റോഡ് പുറംപോക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ ഭൂരജിസ്റ്റർ തയ്യാറാക്കും. തരിശു നിലത്തിന്റെ രജിസ്റ്റർ കൃഷിഭവന്റെ സഹായത്തോടെ തയ്യാറാക്കും.

റോഡുകളുടെ ജി.ഐ.എസ് അധിഷ്ഠിത വിവരശേഖരം തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ആസ്തികളുടെ വിവരശേഖരണം ആരംഭിക്കും.

## ഇ-ഗവേണൻസ്

677. ഇ-ഗവേണൻസിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഇന്റർനെറ്റ് കണക്ടിവിറ്റി വഴി എല്ലാ പഞ്ചായത്തുകളെയും ബന്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള വിവിധ സേവനങ്ങളുടെ സോഫ്ടുവെയറുകളെല്ലാം ഏകോപിപ്പിച്ച് ഒറ്റവിവര വ്യൂഹമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കും. എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയെല്ലാം സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് കെ-സ്മാർട്ട് വികസിപ്പിച്ചു. ആദ്യഘട്ടമെന്ന നിലയിൽ നഗര സഭകളുടെ സേവനങ്ങളാണ് കെ-സ്മാർട്ടിൽ ലഭ്യമാകുക. ഓൺലൈനിൽ 250 സേവനങ്ങൾ കെ-സ്മാർട്ട് വഴി ലഭ്യമാണ്.

## നീർത്തടാധിഷ്ഠിത ആസൂത്രണം

678. ജനകീയാസൂത്രണകാലം മുതൽ പറഞ്ഞുവരുന്നതാണെങ്കിലും നീർത്തടാധിഷ്ഠിത ആസൂത്രണം ഇതുവരെ നടപ്പാക്കാനായിട്ടില്ല. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഈ അലംഭാവത്തിനു നൽകേണ്ടി വരുന്ന വിലയെക്കുറിച്ച് സദാ ഓർമ്മിപ്പിക്കുന്നു. കാട്ടാക്കട തളിപ്പറമ്പ് മാതൃകയിൽ നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ കാമ്പയിൻ സംഘടിപ്പിക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും സംയുക്ത സംരംഭമായി നീരുറവ് പദ്ധതിയിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും സമഗ്ര നീർത്തട പ്ലാൻ തയാറാക്കിയിട്ടുണ്ട്. ഏപ്രിൽ 30ന് ഇത് പൂർത്തീകരിക്കും.

679. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നീരുറവ് പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുണ്ട് .

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ 354 ഗ്രാമപഞ്ചായത്തുകളിൽ "ജലബജറ്റ്" പദ്ധതി, 230 ഗ്രാമപഞ്ചായത്തുകളിൽ ഉരുൾപൊട്ടൽ സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി "മാപത്തോൺ" എന്നീ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ ഈ പഞ്ചായത്തുകളിൽ ഏറ്റടുത്ത 13,747 ജല സംരക്ഷണ പ്രവർത്തനങ്ങളിൽ 10,033 എണ്ണം പൂർത്തീകരിച്ചു. ഈ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നുള്ള ഫീൽഡ്തല കണ്ടെത്തലുകൾ നീരുറവ് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും

വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളും ജല സംരക്ഷണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

680. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നീർത്തട സ്കീമുകൾ ഭാവിയിൽ ഈ അടിസ്ഥാനരേഖയെ ആസ്പദമാക്കിവേണം. ഇതിന് ഉതകുന്ന രീതിയിൽ എല്ലാവരും പങ്കാളികളായിക്കൊണ്ടുവേണം ഈ നീർത്തട രേഖകൾ തയ്യാറാക്കാൻ.

എൻആർജിഎസുമായി ചേർന്ന് കില നീർത്തട രേഖകൾ തയാറാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

681. കൊവിഡ് കടന്നുവന്നതുമൂലം പ്രാദേശിക ദുരന്തനിവാരണ റിപ്പോർട്ടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നീർത്തട വികസന രേഖയ്ക്കു വേണ്ടി ശേഖരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമാക്കുന്നതിന് ഒരു കർമ്മസമിതിയെ നിയോഗിക്കേണ്ടതാണ്.

Disaster Management Plan ൽ പുതുക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

682. 50,000 കിലോമീറ്റർ തോടുകളും 2,000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കും. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തും.

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 29,138.62 കിമീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 3,008 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 4,636 കുളങ്ങൾ നിർമ്മിച്ചു. മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45,736 കിമീ ഉൾപ്പെടെ 74,874.62 കിമീ നീർച്ചാലുകൾ വീണ്ടെടുത്തു.

683. പച്ചത്തുരുത്തുകളുടെ വിസ്തൃതി 529 ഏക്കറിൽ നിന്നും 5,000 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കും

856.23 ഏക്കർ വിസ്തൃതിയിൽ 2,950 പച്ചതുരുത്തുകൾ സ്ഥാപിച്ചു

684. 5000 ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കും,

ഇതിനകം 1434 ഹരിതസമൃദ്ധി വാർഡുകൾ പ്രഖ്യാപിച്ചു.

685. എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കും.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി. 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചു. ഇവിടുത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 26,721 ജല സാമ്പിളുകൾ ഈ ലാബുകളിൽ പരിശോധിച്ചു.

686. മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റിനു രൂപം നൽകും. എല്ലാ വലിയ കുളങ്ങളും മാതൃകാപരമായി വെട്ടി വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കും.

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ 40 ബ്ലോക്കുകളിൽ ഉൾപ്പെട്ട 354 ഗ്രാമപഞ്ചായത്തുകളിൽ "ജലബജറ്റ്" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ശുചിത്വകേരളം

687. 2021-22ൽ വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ ശുചിത്വ പദവിയിലേയ്ക്കു നീങ്ങാൻ കഴിയണം.

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം 87 ശതമാനവും ഹരിതകർമ്മസേനകൾക്കുള്ള യൂസർ ഫീ കളക്ഷൻ 68 ശതമാനവുമായി ഉയർത്തി. വാതിൽപ്പടി ശേഖരണം വർദ്ധിച്ചതിന്റെ ഫലമായി മിനി 17,393 മിനി എം.സി.എഫ്, 1,247 എം.സി.എഫ്, 164 ആർ.ആർ.എഫ് എന്നിവ സ്ഥാപിച്ചു. ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 36,510 ആയി വർദ്ധിച്ചു. 3,64,259 ജൈവ കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തു. 65535 കമ്പോസ്റ്റ് പിറ്റുകൾ, 634 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്, 488 മണ്ണിര കമ്പോസ്റ്റ് പ്ലാന്റ്, 144 വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ, 1412 തുമ്പൂർമുഴി പ്ലാന്റുകൾ, 3939 തുമ്പൂർമുഴി ബിന്നുകൾ, 59718 സോക്ക് പിറ്റുകൾ എന്നിവ നടപ്പിലാക്കി. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി പഞ്ചായത്തീ രാജ്, മുനിസിപ്പാലിറ്റി നിയമവ്യവസ്ഥയിൽ ഉൾപ്പെടുത്തി. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി. ഡംപ് സൈറ്റുകൾ വൃത്തിയാക്കി സ്നേഹാരാമങ്ങൾ സൃഷ്ടിച്ചു. സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 56 പ്രോജക്റ്റുകൾക്ക് തുക വകയിരുത്തി. 1,003 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതമിത്രം ആപ്ലിക്കേഷൻ വഴി മാലിന്യ ശേഖരണ പ്രകിയ ഡിജിറ്റൽവൽക്കരിച്ചു.

688. 501 പഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്ക്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വ മാനദണ്ഡ പദവിയിൽ എത്തിക്കും.

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

689. വടകര, കുന്നംകുളം, തളിപ്പറമ്പ് മാതൃകയിൽ സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യസംഭരണവും വേർതിരിക്കലും സംസ്ക്കരിച്ച് വിപണനം നടത്തലുമാണ് ലക്ഷ്യം. അപ് സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങളുടെ സംഭരണവും വേർതിരിക്കലും സംസ്കരിക്കലും

വിപണനത്തിന്റെ ഭാഗമായി ഹരിതകർമ്മസസേനയുടെ പ്രവർത്തനത്തെ ബിസിനസ് മോഡൽ ആക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. ആഘോഷങ്ങൾ, പൊതുപരിപാടികൾ, വിവിധ യോഗങ്ങൾ തുടങ്ങിയവ നടത്തുമ്പോൾ ഉപയോഗിക്കുന്ന വസ്തുക്കൾ പരമാവധി അപ് സൈക്കിൾ, റീസൈക്കിൾ ചെയ്യുന്നവയാണെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. ഇതിന്റെ തുടർച്ചയായി അപ് സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങളുടെ പ്രദർശനം ജില്ലകളിൽ സംഘടിപ്പിച്ചു.

690. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പാക്കും.

മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനായി വലിച്ചെറിയൽമുക്ത കേരളം ക്യാമ്പയിനിന് തുടക്കം കുറിച്ചു. "മാലിന്യമുക്തം നവകേരളം" മുദ്രാവാക്യം ഉയർത്തി മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ, 941 ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലായി ദിവസേന 10,044 ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഗ്രീൻ പ്രോട്ടോകോൾ, ജില്ലാതല എൻഫോഴ്സ്മെന്റ്, തദ്ദേശ തല വിജിലൻസ് ടീം, ഹരിത ക്യാമ്പയിനുകൾ എന്നിവയ്ക്ക് രൂപം നൽകി.

691. 2025 ഓടെ സെപ്റ്റേജ് മാലിന്യം ഉൾപ്പടെ ദ്രവമാലിന്യ സംസ്കരണം എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും നടപ്പാക്കും.

ദ്രവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള ആശുപത്രികൾ, മാർക്കറ്റുകൾ, ഹോസ്റ്റലുകൾ, ആഡിറ്റോറിയം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനതലത്തിലും സാമൂഹ്യതലത്തിലുമായി വികേന്ദ്രീകൃത പദ്ധതികൾക്ക് തുടക്കം കുറിച്ചു. അതിന്റെ ഭാഗമായി 6 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തീകരിച്ചു. 11 എണ്ണത്തിന്റെ പ്രവർത്തനം നടന്നുവരുന്നു. കക്കൂസ് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഒരു ജില്ലയിൽ കുറഞ്ഞത് 2 വീതം ദ്രവമാലിന്യ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമ പ്രദേശങ്ങളിൽ 25 പദ്ധതികൾക്കും നഗരപ്രദേശങ്ങളിൽ 9 പദ്ധതികൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായി.

692. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും.

802 ടൺ സ്ലോട്ടർ വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള മാലിന്യം സംസ്കരിക്കുന്നതിനുള്ള 40 പ്ലാന്റുകൾ പ്രവർത്തിക്കുന്നു. 3 പ്ലാന്റുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു.

693. സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 12,688 സർക്കാർ സ്ഥാപനങ്ങൾക്ക് ഗ്രീൻ ഗ്രേഡിംഗ് നൽകി. എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും

ഗ്രീൻ ഗ്രേഡിംഗ് നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഗ്രീൻ ഗ്രേഡിംഗ് നടത്തുന്നതിന് നടപടികൾ ആരംഭിച്ചു.

694. ദേശീയ, സംസ്ഥാന പാതയ്ക്ക് അരികിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകൾ പോലുള്ള കേന്ദ്രങ്ങളുടെ സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ സമ്പൂർണമാക്കും. ഇവ സ്ത്രീ സൗഹൃദപരവും പരിസ്ഥിതി സൗഹൃദപരവുമാണെന്ന് ഉറപ്പു വരുത്തും.

ഉന്നത ശുചിത്വ നിലവാരവും വിശ്രമസൗകര്യങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുന്ന വിശ്രമ സങ്കേതങ്ങളായി ടേക്ക് എ ബ്രേക്ക് പദ്ധതി ആവിഷ്കരിച്ചു. 1,167 പൊതുശൗചാലയങ്ങൾ ദേശീയ, സംസ്ഥാന പാതകൾക്ക് സമീപത്തും, പൊതു മേഖലാ സ്ഥാപനങ്ങളുടെ സമീപത്ത് സ്ഥാപിച്ചു. 343 പൊതുശൗചാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇവ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഓൺലൈൻ ട്രാക്കിംഗ് സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചു.

695. ഹരിതകർമ്മ സേനകൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് തുടർന്നും നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടാകും. ജൈവവളം ഹരിതമിത്രം ബ്രാൻഡിൽ വിപണിയിലിറക്കും.

ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം 1,0000 രൂപ മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രസ്തുത വേതനം ലഭിച്ചില്ലെങ്കിൽ വേതന വിടവ് നികത്താൻ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി നൽകി.

696. റീജിയണൽ ലാന്റ് ഫില്ലുകളുടെ എണ്ണം വർദ്ധിപ്പിക്കും. മെഡിക്കൽ കോളേജ്, ജില്ലാ താലൂക്ക് ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയുടെ ഭാഗമായി സയന്റിഫിക് ലാന്റ്ഫിൽ കേന്ദ്രങ്ങളും ബയോ മെഡിക്കൽ വേസ്റ്റ് പരിപാലന സംവിധാനങ്ങളും കൂടുതൽ സജ്ജമാക്കുന്നതിനുള്ള ആസൂത്രണം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി 5 സ്ഥലങ്ങളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

697. മോഡൽ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിംഷ് വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കും.

കൺസ്ട്രഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് നിർമ്മാജനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

698. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം ഉറപ്പാക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ശ്മശാനം നിർമ്മിക്കുന്ന

തിനുള്ള നടപടികൾ ആരംഭിച്ചു.

699. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങൾക്ക് ഗ്രീൻ സർട്ടിഫിക്കേഷൻ. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്തുകൾ 2000 ഏക്കറിലേക്ക് വ്യാപിപ്പിക്കും.

ഗ്രീൻ ഓഡിറ്റിംഗിനുള്ള കരട് മാർഗരേഖ തയ്യാറായിട്ടുണ്ട്. സർക്കാർ ഓഫീസുകൾക്കു ഗ്രീൻ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രോട്ടോകോൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## നഗരവികസനം

700. അതിവേഗത്തിൽ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ അതനുസരിച്ചുള്ള ആസൂത്രിതമായ പരിഗണന നഗരവികസന മേഖലയ്ക്ക് ലഭിച്ചിട്ടില്ല. അമൃത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. നഗരങ്ങൾക്കുള്ള ലോകബാങ്കിന്റെ ശുചിത്വപരിപാടി, ഫിനാൻസ് കമ്മീഷന്റെ പ്രത്യേക ധനസഹായം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തും. മുനിസിപ്പാലിറ്റിയുടെ പെൻഷൻ പ്രതിസന്ധിയ്ക്ക് പരിഹാരം കാണും. എല്ലാ നഗരങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

കേരളത്തിൽ നഗരവൽക്കരണത്തിന്റെ സവിശേഷത ഉൾക്കൊണ്ടുള്ള നഗരനയം രൂപീകരിക്കാൻ കമ്മീഷൻ രൂപീകരിച്ചു. അമൃത് (ഒന്ന്) പദ്ധതിയിൽ ഒൻപത് നഗരങ്ങളിലായി 2,033 കോടി രൂപ അടങ്കലുള്ള 1,012 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 874 പദ്ധതികൾ പൂർത്തീകരിച്ചു.

ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി. 2,400 കോടി രൂപയാണ് അടങ്കൽ.

നഗരസഭകളിലെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. 23 മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിച്ചു. 22 മാസ്റ്റർ പ്ലാനുകൾ തയാറായിവരുന്നു.

# VIII

# കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കും

701. നീർത്തട അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രമായ പദ്ധതികൾ ജനകീയ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ രൂപം നൽകലാണ് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സര പദ്ധതി തയ്യാറെടുപ്പിന്റെ മുഖ്യ പ്രവർത്തനം. ഇതിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും വൃഷ്ടി പ്രദേശത്തെ ഖരജല മാലിന്യ സംസ്കരണത്തിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കും.

ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ വനം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു.

702. പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുകയും അടുത്ത അഞ്ച് വർഷം കൊണ്ടു നേടേണ്ട വൈവിധ്യ പോഷണത്തിനുള്ള പ്രാദേശിക പരിപാടി തയ്യാറാക്കുകയും ചെയ്യും.

1,034 ജൈവവൈവിധ്യ രജിസ്റ്ററുകൾ പൂർത്തീകരിച്ചു. 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം. സി) കൾ രൂപീകരിച്ചു. പ്രാദേശിക കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഫലവൃക്ഷ, ഔഷധ സസ്യ വ്യാപനത്തിലൂടെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ ആരംഭിച്ചു. 11 ജൈവ വൈവിധ്യ ഉദ്യാനങ്ങളുടെ നിർമ്മാണം നടപ്പിലാവുന്നു.

705. നിയമവിരുദ്ധ നിലം നികത്തലുകൾക്ക് നേരെ കർശന നടപടിയെടുക്കും. ഭൂപരിധി നിയമം ബിനാമി ഇടപാടുകളിലൂടെ ലംഘിക്കുന്നതിന് തടയിടും.

നിയമവിരുദ്ധ നിലം നികത്തലിനെതിരെ കർശന നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നു. ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ച ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമായി യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി. ആധാർ നമ്പരുമായി ബന്ധിപ്പിച്ചിട്ടുള്ള ഈ സംവിധാനത്തിലൂടെ ഒരാളിന്റെ പേരിൽ കേരളത്തിൽ എവിടെ ഭൂമി ഉണ്ടായിരുന്നാലും അതെല്ലാം ഒറ്റ തണ്ടപ്പേരിൽ ലഭ്യമാകും.

706. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ പശ്ചിമഘട്ടത്തിനു സുപ്രധാന സ്ഥാനമുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും

പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും. ഇതിനൊരു മാതൃകയാവും ഇടുക്കി, വയനാട് പാക്കേജ്ജുകൾ.

പരിസ്ഥിതിലോല മേഖലകളെ കണ്ടെത്താനുള്ള മാപ്പിംഗ് പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ജനങ്ങളുടെ ജീവനോപാധികളെയും പാർപ്പിടാവകാശത്തെപ്പറ്റിയുമുള്ള ആവശ്യങ്ങളും പരാതികളും കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് നടക്കുന്നത്. ഇടുക്കി, വയനാട് പാക്കേജ്ജുകളിലെ നിർദ്ദേശങ്ങളിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മറ്റു വകുപ്പുകളുമായി ഏകോപിതമായ രീതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

707. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

ബോർഡിന്റെ നിയമന ചട്ടങ്ങൾ രൂപീകരിച്ച് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു. നിലവിലെ ഒഴിവുകൾ നികത്തി ബോർഡ് പുനഃസംഘടിപ്പിച്ചു. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

## ഇ-വാഹനങ്ങൾ

709. കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോറിക്ഷകൾ ഉൽപ്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്തു തുടങ്ങി. ഇ-ഓട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കും.

സർക്കാരിന്റെ ഇലക്ട്രിക് നയത്തിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് വിലയുടെ 25% തുക (പരമാവധി 30,000 രൂപ വരെ) സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. 10,000 ഓട്ടോറിക്ഷകൾക്കാണ് സബ്സിഡി നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്.

710. വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിലുടനീളം കെ.എസ്.ഇ.ബി സ്ഥാപിക്കും.

കേരളത്തിൽ ഇ-മൊബിലിറ്റി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 77 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബിയും അനർട്ടും ചേർന്ന് സ്ഥാപിച്ചു. 1,166 പോൾ മൗണ്ടഡ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചു. വിവിധയിനം വാഹനങ്ങൾ ചാർജ്ജ് ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ അന്തിമഘട്ടത്തിലാണ്.

711. സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി.യിലേയ്ക്ക് പൂർണ്ണമായി കിഫ്ബി ധനസഹായത്തോടെ മാറ്റും. വൈദ്യുതി ചെലവിൽ വരുന്ന ലാഭത്തിൽ നിന്ന് ഏതാനും വർഷങ്ങൾകൊണ്ട് തുക കിഫ്ബിക്ക് തിരിച്ചടയ്ക്കും.

'നിലാവ്' പദ്ധതിയിൽ ഉൾപ്പെടുത്തി 3,62,787 തെരുവ് വിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റി.

714. നിലവിലുള്ള ഓട്ടോറിക്ഷകൾ, ടാക്സികൾ ഗ്യാസിലേയ്ക്കു മാറ്റുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി പമ്പുകളിൽ ഗ്യാസ് ലഭ്യമാക്കും.

9 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) സി.എൻ.ജി സ്റ്റേഷൻ വഴി ഗ്യാസ് ലഭ്യമാക്കി. എല്ലാ ജില്ലകളിലും സി.എൻ.ജി സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

715. സൈക്കിൾ ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. റോഡുകളിൽ സൈക്കിൾ ട്രാക്കുകൾ സ്ഥാപിക്കും. ഒഴിവു ദിവസങ്ങളിൽ ചില റോഡുകൾ സൈക്കിളിനും കാൽനട യാത്രക്കാർക്കും മാത്രമായി റിസർവ്വ് ചെയ്യും. സൈക്കിൾ വാങ്ങുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സൈക്കിൾ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കും. വർഷത്തിൽ ഒരു ദിവസം സൈക്കിളിംഗ് ദിനമായി ആചരിക്കുകയും കേരളത്തിന്റെ ഒററ്റം മുതൽ മറ്റേയറ്റം വരെ വിപുലമായ റിലേ സൈക്കിളിംഗ് സംഘടിപ്പിക്കുകയും ചെയ്യും.

തീരദേശ ഹൈവേയുടെ ഭാഗമായി സൈക്കിൾ ട്രാക്കുകൾ നിർമ്മിച്ചുവരുന്നു. ഏഷ്യൻ മൗണ്ടെൻ സൈക്കിളിംഗ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ സംഘടിപ്പിച്ചു. അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റിന്റെ ഭാഗമായി കാസർഗോഡു മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു.

## നിർമ്മാണ പ്രവർത്തികൾ

717. പരിസ്ഥിതി സൗഹൃദമായ കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം രൂപീകരിക്കും. ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിനും ജലസംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദമായ നിർമ്മാണരീതികൾ അവലംബിക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾക്കു രൂപം നൽകും.

കൃത്യമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

718. പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും പ്രാദേശിക കെട്ടിട നികുതിയിലും വൈദ്യുതി താരിഫിലും ഇളവുകൾ നൽകും.

പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് ഗ്രീൻ റിബേറ്റ് നൽകാനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

719. പാറഖനനമടക്കം കേരളത്തിന്റെ ഖനിജങ്ങൾ പൊതു ഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനം കൊണ്ടുവരികയും ചെയ്യും.

മൈനിംഗുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പൂർണ്ണമായും ഇ–ഓഫീസിലേക്ക് മാറുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇതുവഴി എല്ലാ അനുമതികളും ഓൺലൈൻ വഴിയാക്കും. നൽകിയ അനുമതികളുടെ മുഴുവൻ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാകും. പാറഖനനമടക്കമുള്ള ഖനിജങ്ങളുടെ പ്രവർത്തനങ്ങൾ ഡ്രോൺ പോലുള്ള നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഏകോപിപിക്കും. സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

720. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിത ഉൽപാദനത്തിനുവേണ്ടി കരിമണൽ ഖനനം

നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

കെ.എം.എം.എല്ലിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി രൂപീകരണ നടപടികൾ പുരോഗമിക്കുന്നു.

## വനം

721. വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്നതിനുമുള്ള പദ്ധതി ഊർജ്ജിതമായി നടപ്പാക്കി. അടുത്ത അഞ്ചു വർഷംകൊണ്ട് മുഴുവൻ ജണ്ടകളും കെട്ടിത്തീർക്കും. ഇതോടെ അതിർത്തിത്തർക്കങ്ങൾ ഒഴിവാക്കാനും സ്വകാര്യ ഭൂമിക്ക് എൻ.ഒ.സി നൽകാനും കഴിയും. വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്ത് രേഖപ്പെടുത്തും.

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിനും സ്വകാര്യ ഭൂമികൾക്ക് എൻ.ഒ.സി. നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാത്തതാക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി വനാതിർത്തി മേഖലകളുടെ സർവ്വേ പുരോഗമിച്ചുവരുന്നു.

722. വനമേഖലയിലെ കാമ്പ് മേഖലകൾ അസ്പർശിത ഉൾവനങ്ങളായി നിലനിർത്തും.

അധിനിവേശ സസ്യങ്ങൾ വ്യാപകമാകുന്നത് സ്വാഭാവിക വനത്തിന് ദോഷകരമാണ് എന്ന് കണ്ടെത്തിയതിനാലും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതു മൂലവും അത്തരം സസ്യങ്ങൾ നീക്കം ചെയ്തുവരുന്നു. ശോഷിത വനപ്രദേശങ്ങളിൽ തദ്ദേശീയ ഇനങ്ങളായ സസ്യങ്ങൾ മാത്രം നട്ടുപിടിപ്പിക്കുകയും തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംരക്ഷിത വനപ്രദേശങ്ങളിലെ കോർ ഏരിയകൾ മാനുഷിക ഇടപെടൽ ഉണ്ടാകാത്തവിധത്തിൽ അസ്പർശ വനങ്ങളായി നിലനിർത്തിവരുന്നു.

723. തടി ആവശ്യം നിറേവറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കും. വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുകയും ചെയ്യും.

കാലാവസ്ഥാവ്യതിയാനം മൂലം പരിസ്ഥിതിക്കും വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷങ്ങൾ പരിഹരിക്കാൻ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (ഹരിതഭാരത ദൗത്യം) നടത്തിപ്പിനായി 2,697.554 ലക്ഷം രൂപ ചെലവഴിച്ചു.

വനാശ്രിതരായ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം 38,19,172 ഏക്കർ വനഭൂമി വിതരണം ചെയ്തു. 28,681 എണ്ണം ടൈറ്റിലുകൾ നൽകി.

സാമൂഹികാവകാശങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ 258 ടൈറ്റിലുകൾ വിതരണം ചെയ്തു. 74 വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.

724. **വനങ്ങൾക്ക് പുറമേ കണ്ടൽക്കാടുകൾ, കാവുകൾ, നദീതീര സ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയുമൊക്കെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.**

നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനോടൊപ്പം പുതിയതായി 16 ഏക്കർ വിസ്തൃതിയിൽ കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

കാവുകളുടെ സംരക്ഷണത്തിനായി 2021–22 ൽ 63 കാവുകൾക്കായി 15.75 ലക്ഷം രൂപയും 2022–23 ൽ 54 കാവുകൾക്കായി 13.50 ലക്ഷം രൂപയും ധനസഹായമായി നൽകി. 2023–24 ൽ 51 കാവുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

725. **മൃഗങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് അലർട്ട് സിസ്റ്റം വ്യാപമാക്കും. ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. കൂടുതൽ ഫോറസ്റ്റ് മിനി ടെണ്ടർ വാഹനങ്ങൾ ലഭ്യമാക്കും.**

കാട്ടുതീ സംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുന്നതിന് ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ വനം വകുപ്പ് ജീവനക്കാരും താല്ക്കാലിക വാച്ചർമാരുമായി 6,128 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ, മുന്നറിയിപ്പുകൾ എന്നിവ യഥാസമയം അറിയിക്കുന്നതിനായി സർക്കിൾ, ഡിവിഷൻ, റെയ്ഞ്ച്, സ്റ്റേഷൻ തലത്തിൽ ഫയർ കണ്ട്രോൾ റൂമുകൾ സജ്ജമാക്കി. അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നൽകി.

726. **വന്യജീവി ആക്രമണങ്ങൾ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീഷണിയായിട്ടുണ്ട്. ഈ സംഘർഷം ലഘൂകരിക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.**

വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജനവാസ പ്രദേശങ്ങളിലെ ശല്യക്കാരായ കാട്ടുപന്നി കളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാനത്തെ വന്യജീവി ആക്രമണം സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള നാശനഷ്ടങ്ങൾക്ക് 2023 ഡിസംബർ മാസം വരെ ലഭ്യമായ അപേക്ഷകളിന്മേൽ നഷ്ടപരിഹാരത്തുക അനുവദിച്ചു.

വന്യജീവി ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി. വിവിധ സർക്കിളുകളിലായി 891 താൽക്കാലിക വാച്ചർമാരെ നിയമിച്ചു. പഞ്ചായത്ത് അടിസ്ഥാനത്തിൽ 264 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. ഇവയെ ശക്തിപ്പെടുത്താനും കൂടുതൽ ജനജാഗ്രതാ സമിതി രൂപീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വനമേഖലകളിൽ

1,434 കുളങ്ങളും 574 വയലുകളും സംരക്ഷിച്ചുവരുന്നുണ്ട്.

728. വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഗ്രാന്റീസ് തുടങ്ങിയ പുറം മരങ്ങൾ പിഴുതുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും. ഇതുപോലെ പ്രകൃത്യാ സസ്യജാലങ്ങൾക്ക് ഭീഷണിയായി പെരുകുന്ന പുറംകളകൾ ഇല്ലാതാക്കും. ഉൾക്കാട്ടിൽ താമസിക്കുന്നവർ സന്നദ്ധരെങ്കിൽ അവരെ പുനരധിവസിപ്പിക്കും.

സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി വിദേശയിനം സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 5,031 ഹെക്ടർ സ്ഥലത്ത് പ്രവൃത്തികൾ പുരോഗമിക്കുന്നു. 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ നീക്കം ചെയ്തു. തെരഞ്ഞെടുത്ത വനമേഖലകൾ സ്വാഭാവിക വനങ്ങളാക്കി. അടുത്ത 8 വർഷത്തിനുള്ളിൽ 14,000 ഹെക്ടർ സ്ഥലത്ത് ഇക്കോറെസ്റ്റോറേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.

## കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ്

729. പരിസ്ഥിതി പുനഃസ്ഥാപനത്തിനും സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 2500 കോടി രൂപയുടെ സമഗ്ര വികസന പാക്കേജ് കുട്ടനാട്ടിൽ നടപ്പാക്കും.

രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

730. ജനകീയ ക്യാമ്പയിനിലൂടെ കായൽ ശുചീകരിക്കും. യന്ത്രസഹായത്തോടെ കായൽ ചതുപ്പുകളിലെ ചെളി കട്ടകുത്തി ഉപയോഗപ്പെടുത്തി പുറം ബണ്ടുകൾക്കു വീതി കൂട്ടി സംരക്ഷിക്കുന്നതിനുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കും. തോടുകളുടെയും കാനാലുകളുടെയും പുനരുദ്ധാരണത്തിനു തൊഴിലുറപ്പ് പദ്ധതിയും വലിയ തോതിൽ ഉപയോഗപ്പെടുത്തും.

ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം, ബ്യൂട്ടിഫിക്കേഷൻ എന്നീ പദ്ധതികൾക്കായി 96.509 കോടി രൂപയുടെ ഭരണാനുമതി നൽകി. കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ടു പയോഗിച്ച് 54.15 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തികളിൽ ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണവും പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 41 കോടി രൂപയുടെ നിർമ്മാണം ആരംഭിച്ചു.

കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങൾക്ക് ചുറ്റുമുള്ള കായലുകളിൽ നിന്നും കനാലുകളിൽ നിന്നും ചെളി നീക്കം ചെയ്യൽ, വേമ്പനാട് കായലിലെ പഴുക്കനിലക്കായലിന്റെ ശുചീകരണവും ആഴം കൂട്ടലും, തിരുവാർപ്പ് പഞ്ചായത്തിലെയും കോട്ടയം മുനിസിപ്പാലിറ്റിയിലെയും ജെ ബ്ലോക്ക്, എഫ് ബ്ലോക്ക്, തിരുവായിക്കരി പാടശേഖരങ്ങൾക്കും ചുറ്റും ഔട്ടർ ബണ്ടിന്റെ നിർമ്മാണം എന്നിവയ്ക്കായുള്ള ഡി.പി.ആർ കിഫ്ബിയ്ക്കു സമർപ്പിച്ചു.

രണ്ടാം കുട്ടനാട് പാക്കേജ് 2019 ൽ പ്രഖ്യാപിച്ചതിനു ശേഷം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 2019-23 കാലയളവിൽ 3,021.71 ലക്ഷം രൂപയുടെ 91 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ കരിപ്പയിൽ ചാലിന്റെ പുനരുജ്ജീവനം, വെള്ളായണി കായൽ സംരക്ഷണ പ്രവൃത്തികൾ, കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ കോട്ടുകാൽ വലിയതോട് നവീകരണം, പൂത്തലം മുതൽ കാരിച്ചാൽ കായൽ വരെ തോട് ശുചീകരണം എന്നീ പ്രവൃത്തികളാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

731. **കായലിന്റെയും തോടുകളുടെയും ആവാഹശേഷി വർദ്ധിക്കുന്നതു വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും അരൂർ പോലുള്ള പ്രദേശങ്ങളിലെ വേലിയേറ്റ സമയത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സഹായിക്കും.**

പെരിയാറിലേക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി പ്രധാന കൈവഴികൾ, തോടുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ എക്കൽ, ചെളി, മറ്റു വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിന് ഓപ്പറേഷൻ വാഹിനി 2023 പദ്ധതിയിൽ ഉൾപ്പെടുത്തിയ 38 പ്രവൃത്തികളിൽ ആലുവ, അങ്കമാലി, പറവൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ, കൊച്ചി, വൈപ്പിൻ, തൃക്കാക്കര എന്നീ മണ്ഡലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

732. **പമ്പ - അച്ചൻകോവിൽ നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി ലീഡിംഗ് ചാനലിന് ആഴം കൂട്ടും. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്തും. ഏസി കനാലിന്റെ പുനരുദ്ധാരണം പൂർത്തീകരിക്കും.**

ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ തോട്ടപ്പള്ളി മുതൽ വീയപുരം വരെയുള്ള ലീഡിംഗ് ചാനലിന്റെ തീരസംരക്ഷണത്തിനായി 70.30 കോടി രൂപയുടെ 2 പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്.

733. **കുട്ടനാട് ശുചിയായി തുടരണമെങ്കിൽ ചുറ്റുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കണം. സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. സീവേജ് സംസ്കരിക്കാതെ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നതു തടയണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനൊരു ബൃഹത് പദ്ധതി തയ്യാറാക്കണം.**

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി പ്ലാൻ, നോൺ പ്ലാൻ, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 112.4 കോടി രൂപയുടെ 166 പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്. 113 എണ്ണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലാണ്.

734. **കുട്ടനാട് കുടിവെള്ള പദ്ധതിയും താലൂക്ക് ആശുപത്രി വികസനവും ആലപ്പുഴ**

ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണവുമെല്ലാം ഈ പാക്കേജിന്റെ ഭാഗമാണ്. കുട്ടനാട് താറാവ് ഹാച്ചറി ആരംഭിക്കും. താറാവ് കൃഷിക്കാർക്ക് പകർച്ചവ്യാധി ഇൻഷ്വറൻസ് ഏർപ്പെടുത്തും.

കുട്ടനാട് കുടിവെള്ള പദ്ധതിയിൽ ഒന്നാം ഘട്ടമായി 70 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. മൂന്ന് പാക്കേജിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതിക്കായി റെയിൽവേ ലൈൻ ക്രോസിങ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വയനാട് കാർബൺ ന്യൂട്രൽ കോഫി

736. കൃഷിക്കാരുടെ വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് മുഖ്യവിളയായ കാപ്പി ബ്രാൻഡ് ചെയ്തു വിൽക്കുന്നതിന് വിപുലമായൊരു പദ്ധതി ആവിഷ്കരിക്കും. ഇതിനായി കോഫി പാർക്ക് സ്ഥാപിക്കും. ഇത്തരത്തിൽ സംസ്കരണത്തിനായി സംഭരിക്കുന്ന കാപ്പി 90 രൂപ വിലയ്ക്കു സംഭരിക്കും. ജൈവ സാങ്കേതിക നേട്ടങ്ങളെ ഉപയോഗപ്പെടുത്തി ഈ മേഖലയിലെ സാധ്യതകളെ വിപുലപ്പെടുത്തും.

കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുന്നതിനായി ഹബ് & സ്പോക്ക് മോഡലിൽ പദ്ധതി നടപ്പിലാക്കാൻ 20 ഏക്കർ ഭൂമി വൈത്തിരി താലൂക്കിൽ കല്പറ്റ വില്ലേജിൽ കണ്ടെത്തി. എസ്.പി.വി. ആയ കേരള കോഫി ലിമിറ്റഡിന്റെ പേരിൽ ഭൂമി വാങ്ങൽ സർക്കാരിന്റെ പരിഗണനയിലാണ്.

കേരള കോഫി ലിമിറ്റഡ് കമ്പനിയുടെ ആഭിമുഖ്യത്തിൽ കാപ്പി കർഷകരെ സംഘടിപ്പിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. 2024-25 വർഷം 2,500 കാപ്പി കർഷകരെ സംഘടിപ്പിച്ചു പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

737. മരം നടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്കിംഗ് നടപ്പിലാക്കും. മരം വച്ചുപിടിപ്പിക്കുന്ന കൃഷിക്കാർക്ക് മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയെന്ന അടിസ്ഥാനത്തിൽ ആന്വിറ്റി വായ്പയായി നൽകുന്നതാണ് പദ്ധതി.

ട്രീ ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി 7 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചു.

738. ഇതുപോലെ മറ്റു പഴവർഗ്ഗങ്ങളും സുഗന്ധദ്രവ്യങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റും. ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കും. ഇതോടൊപ്പം ജില്ലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭൗതിക സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി പ്രഖ്യാപിച്ച 7,000 കോടി രൂപയുടെ വയനാട് സമഗ്ര വികസന പാക്കേജ് നടപ്പിലാക്കും.

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനം വകുപ്പ് 'ഇക്കോ ടൂറിസം' നടപ്പാക്കിവരുന്നു. 71 അംഗീകൃത ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും

ഏകോപിപ്പിക്കുന്നതിനും കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരണത്തിനുള്ള കരട് ബില്ല് സർക്കാരിന്റെ പരിശോധനയിലാണ്.

## ഹൈറേഞ്ച്

740. തേയില, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെയും ചക്ക പോലുള്ള പഴവർഗ്ഗങ്ങളുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക, ഇവയുടെ അടിസ്ഥാനത്തിലുള്ള കാർഷിക സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുക, ഇവ രണ്ടും ചെയ്യുമ്പോൾ പ്രകൃതി സന്തുലനാവസ്ഥ സംരക്ഷിക്കുക എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കിയുടെ പശ്ചാത്തല സാമൂഹ്യ സൗകര്യങ്ങളടക്കമുള്ള മുഖ്യമന്ത്രി പ്രഖ്യാപിച്ച 12,000 കോടി രൂപയുടെ സമഗ്ര പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കും. മുട്ടത്ത് സ്പൈസസ് പാർക്കും, ഹൈറേഞ്ചിൽ മെഗാ ഫുഡ് പാർക്കും സ്ഥാപിക്കും. പ്രകൃതിസൗഹൃദമായ രീതിയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര മേഖല വിപുലപ്പെടുത്തുന്നതിനും ഈ പാക്കേജ് ലക്ഷ്യമിടുന്നുണ്ട്. സ്ഥായിയായ വികസനത്തിന് പുതിയൊരു മാതൃക ഇടുക്കിയിൽ സൃഷ്ടിക്കും.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

741. ഇടുക്കിയിലെ കൃഷിക്കാരുടെ ഉപാധിരഹിതമെന്ന പട്ടയമെന്ന ദീർഘകാല ആവശ്യം അംഗീകരിച്ചുകൊണ്ട് 1964 ലെ ഭൂമി പതിവുചട്ടങ്ങൾ ഭേദഗതി ചെയ്തു. കൈവശത്തിലുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി. കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്നതിൽ കൈമാറ്റത്തിനുള്ള കാലാവധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശ ഭൂമി പതിച്ചു കിട്ടുകയാണെങ്കിൽ ഈ ഭൂമികൾ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണ്. ഈ ഭൂമികൾ സർക്കാരിലും ധനകാര്യസ്ഥാപനങ്ങളിലും റബർ, ടീ ബോർഡുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിനു സൗകര്യമൊരുക്കി. പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കു നൽകി. പട്ടയം ലഭിച്ച ഭൂമികൾ വനം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കി.

742. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഇടുക്കി ജില്ലയിൽ 37,815 പട്ടയങ്ങൾ വിതരണം ചെയ്തു. മറ്റൊരു 15,000 പട്ടയങ്ങൾ കൂടി വിതരണത്തിനു തയ്യാറായിട്ടുണ്ട്. പട്ടയം ലഭിക്കാത്ത കൈവശഭൂമിയുള്ള കൃഷിക്കാർക്ക് വായ്പയടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സഹകരണ മേഖല വഴി സ്വീകരിക്കും. അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കും.

ഇടുക്കി ജില്ലയിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള

നടപടി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതുതായി 10,686 പട്ടയങ്ങൾ വിതരണം ചെയ്തു. ബാക്കി അപേക്ഷകളിന്മേൽ പട്ടയവിതരണം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## മലബാറിന്റെ പിന്നോക്കാവസ്ഥ

744. 1957 ലെ സർക്കാരിന്റെ കാലത്താണ് മലബാറിലെ വിദ്യാഭ്യാസ, ആരോഗ്യ, വ്യവസായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടികൾ ആരംഭിക്കുന്നത്. പിന്നീട് നടപ്പാക്കിയ ഭൂപരിഷ്കരണം മലബാറിലെ സാമൂഹ്യ ജീവിതത്തെ മുന്നോട്ടുനയിക്കുന്നതിന് ഇടയാക്കി. വർത്തമാനകാലത്ത് കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവൃത്തികളിലൂടെ മലബാർ മേഖലയിൽ വലിയ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ തുടരും. ടൂറിസം വികസനത്തിൽ മലബാറിനു പ്രത്യേകം പ്രാമുഖ്യം നൽകും.

എൻ.എച്ച് 66 ന്റെ വികസനം മലബാർ മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. മലബാറിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി വയനാട് ടൂറിസം ക്യാമ്പയിൻ നടത്തി. ബേപ്പൂർ മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മലനാട് മലബാർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. മുഴപ്പിലങ്ങാട് ആധുനിക സൗകര്യങ്ങളുള്ള കെ.റ്റി.ഡി.സി ഹോട്ടലിന്റെ നിർമ്മാണം ആരംഭിച്ചു.

# IX

# കേരളത്തെ സ്ത്രീ സൗഹൃദമാക്കും

746. 2016 ലെ പ്രകടനപത്രികയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18 ശതമാനമായി ഉയർത്തുമെന്നു പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20 ശതമാനത്തിനു മുകളിലാണ്. അഭൂതപൂർവ്വമായ തൊഴിലവസര സൃഷ്ടി വാഗ്ദാനത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ കേരളത്തിലെ സ്ത്രീകളായിരിക്കും. തൊഴിൽ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന്റെ ഫലമായി സ്ത്രീകളുടെ തൊഴിലില്ലായ്മ ഗണ്യമായി കുറയ്ക്കുന്നതിനും തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനും സാധിക്കും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 24 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തും.

ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സംസ്ഥാന സർക്കാരിന്റെയും ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 600.73 കോടി രൂപ വിതരണം ചെയ്തു 57,575 വനിതകൾക്ക് നേരിട്ടും 84,387 പേർക്ക് പരോക്ഷമായും തൊഴിലവസരം സൃഷ്ടിച്ചു.

സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി അസാപ്, കെയ്സ് മുഖേന തൊഴിൽ പരിശീലനം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പിന് കഴിഞ്ഞ സാമ്പത്തികവർഷം 77,07,715 രൂപ അനുവദിച്ചു. 627 പേർ പരിശീലനത്തിനായി രജിസ്റ്റർ ചെയ്തു. 167 പേർ പരിശീലനം പൂർത്തീകരിച്ചു.

747. ജെൻഡർ ബജറ്റിംഗ് വികസന പ്രവർത്തനങ്ങളിലെ സ്ത്രീ പരിഗണന ഗണ്യമായി ഉയർത്താൻ സഹായിച്ചു. 2016–17 ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവുമായിരുന്നു. 2021–22 ലെ ബജറ്റിൽ ഈ തുക 1,347 കോടി രൂപയാണ്. പദ്ധതി വിഹിതം 6.54 ശതമാനമായി ഉയർന്നു. അഞ്ചു വർഷംകൊണ്ട് വനിതാവിഹിതം 10 ശതമാനമായി ഉയർത്തും. പൊതുസ്കീമുകളിൽ സ്ത്രീകൾക്കുള്ള പ്രത്യേക വിഹിതം കൂടി കണക്കിലെടുക്കുകയാണെങ്കിൽ സ്ത്രീകളുടെ വിഹിതം ഇപ്പോൾ 19 ശതമാനമായിരിക്കുന്നത് 25 ശതമാനമായെങ്കിലും ഉയർത്തും.

ജെൻഡർ ബജറ്റിംഗിന്റെ ഭാഗമായി 2023–24 സാമ്പത്തിക വർഷത്തെ ബജറ്റിൽ സ്ത്രീകളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കായി 21.12% തുക നീക്കിവച്ചു.

748. കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലയിലും നൈപുണ്യ വികസനത്തിൽ ഗൗരവമായ ജെൻഡർ ഗ്യാപ് നിലനിൽക്കുന്നു. ഇത് കുറയ്ക്കാൻ സ്ത്രീകളുടെ നൈപുണ്യ വികസനത്തിലൂന്നും. പരിശീലന കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കും. ജെൻഡർ വാർപ്പ് മാതൃകയ്ക്കപ്പുറമുള്ള നൈപുണി പ്രോത്സാഹിപ്പിക്കും.

സ്ത്രീകളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് അസാപ്, കെയ്സ് മുഖേന തൊഴിൽ പരിശീലനം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പിന് കഴിഞ്ഞ സാമ്പത്തികവർഷം 77,07,715 രൂപ അനുവദിച്ചു. 627 പേർ പരിശീലനത്തിനായി രജിസ്റ്റർ ചെയ്തു. 167 പേർ പരിശീലനം പൂർത്തീകരിച്ചു. ജെൻഡർ പാർക്കിലെ പരിശീലന പരിപാടികളിൽ 100 പേർ പങ്കെടുത്തു.

വനിതാ വികസന കോർപ്പറേഷൻ മുഖേന 3,963 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനവും, 502 നഴ്സുമാർക്ക് അപ്സ്കില്ലിംഗ് പരിശീലനവും, ഇംഗ്ലീഷ് ഭാഷാ പരിശീലനവും നൽകി.

749. എല്ലാ ഹൈസ്കൂളുകളിലും റെസ്റ്റ് റൂം ഒരുക്കും. പാഠപുസ്തകങ്ങളിലെ ജെൻഡർ പ്രതിപാദനത്തെക്കുറിച്ച് വിലയിരുത്തും.

അങ്കണവാടി കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം, പത്താം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ എന്നിവയുടെ ജെൻഡർ ഓഡിറ്റിംഗ് പൂർത്തീകരിച്ചു.

750. കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അന്തർദേശീയമായി തന്നെ കെയർ ഇക്കോണമിയിൽ വിപുലമായ ജോലി സാധ്യതകൾ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിനു നഴ്സിംഗ്, വയോജന പരിചരണം, ഭിന്നശേഷി പരിചരണം തുടങ്ങിയ തൊഴിലുകളിൽ വിപുലമായ തോതിൽ സ്ത്രീകൾക്ക് പരിശീലനം നൽകും.

അന്തർദേശീയ തലത്തിൽ ജോലി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി 375 നഴ്സുമാർക്ക് അഡ്വാൻസ്ഡ് നഴ്സിംഗ് സ്കിൽ പരിശീലനം, വിദേശ ഭാഷാ പരിശീലനം എന്നിവ നൽകി. ഡൊമിസിലറി നഴ്സിംഗ് കെയർ ഡിപ്ലോമ കോഴ്സ് ആരംഭിച്ചു.

751. 9 കെ.എസ്.ഐ.ഡി.സി കിൻഫ്രാ പാർക്കുകളിലും വിമൻ ഫെസിലിറ്റേഴ്സ് സെന്റർ സ്ഥാപിക്കും. കെ.എസ്.ഐ.ഡി.സിയിൽ പ്രത്യേക വിമൻ എന്റർപ്രണർ മിഷൻ ഉണ്ടാകും.

കിൻഫ്ര പാർക്കുകളിൽ സ്ഥാപിക്കുന്ന വിമൺ ഫെസിലിറ്റേറ്റ് സെന്ററിന്റെ ആദ്യ പദ്ധതി തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ പൂർത്തീകരിച്ചു. കെ.എസ്.ഐ.ഡി.സിയുടെ ചേർത്തലയിലേയും കണ്ണൂരിലേയും ഐ.സി.ജികളിൽ വനിതാ ജീവനക്കാർക്ക് സഹായകരമായി ക്രഷുകൾ ഒരുക്കി.

752. സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കും. സ്ത്രീകളുടെ വീട്ടുജോലി ഭാരം ലഘൂകരിക്കുകയാണ് ലക്ഷ്യം. ഇതിനായി, എല്ലാ വീടുകളിലും ആദ്യം വാഷിംഗ് മെഷീനും പിന്നീട് ഗ്രൈൻഡറും പിന്നെ റഫ്രിജറേറ്ററും ഉള്ള ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഇ സ്മാർട്ട് കിച്ചൺ ചിട്ടികൾ ആരംഭിക്കുന്നതാണ്. യന്ത്രഗാർഹികോപകരണങ്ങളുടെ പാക്കേജുകളുടെ വില തവണകളായി ഏതാനും വർഷംകൊണ്ട് അടച്ചു തീർത്താൽ മതി. പലിശ മൂന്നിലൊന്നു വീതം ഗുണഭോക്താവ്, തദ്ദേശഭരണ സ്ഥാപനം, സർക്കാർ എന്നിവർ പങ്കിട്ടെടുക്കും. കുടുംബശ്രീ വഴിയാണെങ്കിൽ മറ്റ് ഈടുകളുടെ ആവശ്യമില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.എഫ്.ഇ, കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനം നടന്നു വരുന്നു.

753. വനിതാ വകുപ്പിന്റെ രൂപീകരണം ഒരു നാഴികക്കല്ലായിരുന്നു. വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ജെൻഡർ കൗൺസിൽ രൂപീകരിക്കുന്നതാണ്. വനിതാ വകുപ്പ് ജില്ലാതലത്തിൽ വിപുലീകരിക്കും.

വിവിധ വകുപ്പുകളിലെ ജൻഡർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജെൻഡർ കൗൺസിൽ രൂപീകരിച്ച് 27.09.2022 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

754. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതാണ് ജെൻഡർ പാർക്ക്. ഇപ്പോൾ ഒരു പതിറ്റാണ്ടു പിന്നിടുമ്പോൾ ജെൻഡർ പാർക്കിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണത്തോടുകൂടി ഒരു പുതിയ മാനം കൈവരിക്കുകയാണ്. ജെൻഡർ പാർക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

നഗരങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നതിനായി യു.എൻ വുമൻസിന്റെയും യു.കെയിലെ കാർഡിഫ് യൂണിവേഴ്സിറ്റിയുടെയും ജെൻഡർ പാർക്കിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ജെൻഡർ ലൈബ്രറി, മ്യൂസിയം എന്നിവയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു.

ഡിജിറ്റൽ പാഠശാല പദ്ധതിയിൽ പരിശീലക പരിശീലകരായി വനിതാ ശിശുവികസന വകുപ്പിലെ സി.ഡി.പി.ഒ സൂപ്പർവൈസർ വിഭാഗത്തിൽ നിന്ന് 341 പേർക്ക് പരിശീലനം നൽകി. കോമൺ ജെൻഡർ മൊഡ്യൂൾ ഫ്രെയിംവർക്ക് തയ്യാറാക്കൽ ശില്പശാലകൾ സംഘടിപ്പിച്ചു.

755. വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭ പദ്ധതി, പൊതുയിടങ്ങൾ സ്ത്രീ സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടുതൽ ശക്തമാക്കും.

സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭ പദ്ധതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിത വികസന കോർപ്പറേഷൻ മുഖേന 35,015 പേർക്ക് 339.98 കോടി രൂപ വായ്പ നൽകി. പൊതുയിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് ഷീ-ടോയ്‌ലറ്റുകൾ, ഹ്രസ്വകാല താമസത്തിന് സെയ്ഫ് സ്റ്റേ പദ്ധതി പ്രകാരം 27 നഗരങ്ങളിലായി 137 ബെഡ്ഡുകൾ എന്നിവയൊരുക്കി.

756. വനിതാ കമ്മീഷനെ ശക്തിപ്പെടുത്തും. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യും.

വനിതാ കമ്മീഷന്റെയും ജാഗ്രതാ സമിതിയുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 106 പരിശീലന പരിപാടികൾ

സംഘടിപ്പിച്ചു. മികച്ച പ്രകടനം കാഴ്ചവച്ച 4 തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 25,000 രൂപയുടെ കാഷ് അവാർഡ് വിതരണം ചെയ്തു.

757. സ്ത്രീകൾക്കെതിരായ സൈബർ ആക്രമണത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളും.

സ്ത്രീകൾക്കെതിരായ എല്ലാത്തരത്തിലുള്ള സൈബർ ഭീഷണികളും, കുറ്റകൃത്യങ്ങളും തടയുന്നതിനും കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാനത്ത് സൈബർ ഓപ്പറേഷൻസ് എന്നൊരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

758. സ്ത്രീപീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനും പൊലീസ് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും

പോക്സോ ആക്ട് 2012 പ്രകാരം, പോക്സോ കേസുകളുടെ അന്വേഷണം സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും പോക്സോ കേസുകൾ അന്വേഷിക്കുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി. ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീ പീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനുമായി കഴിഞ്ഞ 3 വർഷങ്ങളിലായി 8,410 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീനലനം നൽകി.

## കുടുംബശ്രീ

759. കുടുംബശ്രീ വഴിയുള്ള വായ്പ 12,000 കോടി രൂപയിൽ നിന്ന് 20,000 കോടി രൂപയായി ഉയർത്തും.

ലിങ്കേജ്, ബൾക്ക് ലോണുകൾ 27,244 കോടി രൂപയായി ഉയർത്തി.

760. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കും. ഇതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളുടെ മാപ്പിംഗ് നടത്തും. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ഉപയോഗപ്പെടുത്തി സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെക്കുറിച്ചുള്ള സമ്പൂർണ വിവരശേഖരണം നടത്തും. ഇതു സംബന്ധിച്ച് പൂരിപ്പിച്ച് നൽകുന്ന ചോദ്യാവലിയുടെ രഹസ്യസ്വഭാവം പൂർണ്ണമായും ഉറപ്പുവരുത്തും.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ക്രൈം മാപ്പിംഗ് തയ്യാറാക്കൽ തുടരുന്നു.

761. ക്രൈം മാപ്പിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ നിർബന്ധമായും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തും. പൊതു പ്രോജക്ടുകളിലും സ്ത്രീ പരിഗണന ഉറപ്പുവരുത്തും.

പ്രോജക്ടുകൾ തയ്യാറാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കും.

762. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

19,326 വാർഡുകളിൽ ജാഗ്രതാസമിതിയുടെ ഭാഗമായി വിജിലൻസ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.

763. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കുള്ള രണ്ട് സുപ്രധാന പിന്തുണാ സംവിധാനങ്ങളാണ് നിർഭയ ഷോർട്ട്-സ്റ്റേ ഹോമുകളും കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കും. ഇവ രണ്ടിന്റെയും പ്രവർത്തനം വിപുലീകരിക്കും.

എല്ലാ ജില്ലകളിലും അട്ടപ്പാടി ബ്ലോക്കിലും 'സ്നേഹിത' പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നുവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 6,749 കേസുകൾ കൈകാര്യം ചെയ്തു. 1,292 സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകി. അതിക്രമങ്ങൾ കുറയ്ക്കുന്നതിന് പ്രാദേശിക തലത്തിൽ സ്നേഹിതയുടെ നേതൃത്വത്തിൽ കാമ്പയിനുകൾ നടത്തിവരുന്നു.

764. 45 ലക്ഷം അംഗങ്ങളാണ് ഇന്നു കുടുംബശ്രീയിലുള്ളത്. എന്നാൽ ഇവരുടെ വീടുകളിലെ യുവതികൾക്ക് വേണ്ടത്ര പ്രാതിനിധ്യമില്ലായെന്ന ഒരു പ്രശ്നം ഗൗരവമായി ഉയർന്നുവരുന്നുണ്ട്. യുവതികൾക്കുവേണ്ടി ഓക്സിലറി യൂണിറ്റുകൾ ആരംഭിക്കും. ഇത് കുടുംബശ്രീയുടെ അംഗത്വത്തിൽ ഒരു കുതിച്ചുചാട്ടം 2021-22ൽ സൃഷ്ടിക്കും.

18 വയസ് മുതൽ 40 വയസ് വരെയുള്ള യുവതികളെ ഉൾപ്പെടുത്തി 19,548 ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചു. ഇതുവഴി 3,03,749 യുവതികൾ കുടുംബശ്രീയുടെ ഭാഗമായി.

765. 2015-16 ൽ കുടുംബശ്രീക്ക് സർക്കാർ നൽകിയത് 75 കോടി രൂപയാണ്. 2021-22 ൽ അത് 260 കോടി രൂപയായി ഉയർന്നു. കുടുംബശ്രീയുടെ ബജറ്റ് വിഹിതം 500 കോടി രൂപയായി ഉയർത്തും.

2024-25 സാമ്പത്തിക വർഷം ബജറ്റ് വിഹിതം 265 കോടി രൂപയായി ഉയർത്തി.

## ശിശുക്ഷേമം

767. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള സ്മാർട്ട് അങ്കണവാടികൾ വിപുലീകരിക്കും. തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.

83 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി 84 അങ്കണവാടികളിൽ പ്രത്യേക സൗകര്യം ഒരുക്കി. ഭിന്നശേഷിക്കാരായ കുട്ടികളെ തുടക്കത്തിലേ തിരിച്ചറിയുന്നതിനായി സി.ഡി.പി.ഒമാർക്കും സൂപ്പർവൈസർമാർക്കും പരിശീലനം നൽകിവരുന്നു.

768. അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കും.

അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കു

ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന് പുനർനാമകരണം ചെയ്ത് കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൗമാരക്കാർക്കും സ്ത്രീകൾക്കും പഠനാവശ്യത്തിനും മറ്റ് വിജ്ഞാന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിന് തിരഞ്ഞെടുത്ത 1,230 അങ്കണവാടികൾക്കു വൈഫൈ കണക്ഷൻ നൽകി.

**769. ശിശുസൗഹൃദ മാതൃകാ ഗ്രാമപഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകും. ഇതിനു വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കും.**

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ ബാലസുരക്ഷാ സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്നതിനും മാനദണ്ഡങ്ങൾ ആവിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

**770. കുട്ടികൾക്കു നേരെയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിക്കും. ബോധവൽക്കരണം ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.**

കുട്ടികൾക്കുനേരേയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. കൗമാരക്കാരായ കുട്ടികളെ അതിക്രമങ്ങൾ പ്രതിരോധിക്കാനും സ്വാഭിമാനം വർദ്ധിപ്പിക്കാനും സ്വയം ശാക്തീകരിക്കുന്നതിനുമായി ആയോധന പരിശീലനം നൽകുന്ന 'ധീര പദ്ധതി' നടപ്പാക്കി. എല്ലാ ജില്ലകളിലും 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീതം തെരഞ്ഞെടുത്ത് 10–15 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്ക് ആയോധന പരിശീലനം നൽകുന്ന പദ്ധതിയാണിത്.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായും ലൈംഗികാതിക്രമങ്ങൾ, സൈബർ ആക്രമണങ്ങൾ, ചൂഷണം, അപകടകരമായ തൊഴിൽ, കടത്തൽ തുടങ്ങിയ കുട്ടികൾ അഭിമുഖീകരിക്കുന്ന അപകടസാധ്യതകൾ സംബന്ധിച്ച് 'കുഞ്ഞാപ്പ്' മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിൽ ബാല സംരക്ഷണ സമിതികളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**771. ജനനം മുതൽ 18 വയസ്സുവരെ കുട്ടികൾ നേരിടുന്ന എല്ലാ തീവ്രരോഗങ്ങൾക്കും രോഗങ്ങളുടെ തോത് അനുസരിച്ച് പ്രതിവിധി നൽകുന്നതിനുള്ള ഹൃദ്യം, മിഠായി, ധ്വനി തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും.**

ജനനം മുതൽ 18 വയസ്സുവരെ കുട്ടികളുടെ ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 4,526 ഗുണഭോക്താക്കൾക്ക് 53.22 കോടി രൂപ ചിലവിൽ സൗജന്യചികിത്സ ലഭ്യമാക്കി.

773. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹ്യവും ആയ ആരോഗ്യം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി നേതൃത്വത്തിൽ 'കുട്ടികളുടെ കേരളം' പദ്ധതി ജനകീയ ക്യാമ്പയിനായി നടപ്പാക്കും.

കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതിയുടെ 4 ഘട്ടങ്ങൾ പൂർത്തിയാക്കി. നാലാം ഘട്ടത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മറ്റുമായി 2,500 പേർക്ക് പരിശീലനം നൽകി. സമഗ്ര ശിക്ഷാ കേരളം, എസ്.സി.ഇ.ആർ.ടി എന്നിവയുമായി സഹകരിച്ച് സ്കൂൾ അധ്യാപകർക്ക് ആദ്യഘട്ട പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 7 നിയമസഭാ മണ്ഡലങ്ങൾ ബാലസൗഹൃദമാക്കാൻ പരിശീലന പരിപാടികളും സെമിനാറുകളും നടത്തി.

## ട്രാൻസ്ജെൻഡർ

774. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡറിന് പ്രത്യേക പരിഗണന നൽകാനുതകുന്ന നിലയിലുള്ള ട്രാൻസ്ജെൻഡർ പോളിസിക്കു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കും.

775. ട്രാൻസ്ജെൻഡർമാർക്ക് സ്വയംതൊഴിലിന് പലിശ, സബ്സിഡിയോടുകൂടിയ വായ്പകൾ, എല്ലാ ജില്ലകളിലും ഹ്രസ്വകാല താമസത്തിനായി ട്രാൻസ്ജെൻഡർ ഹോമുകൾ, പ്രത്യേക ഭവനവായ്പ, പഠനത്തിനു കൂടുതൽ സ്കോളർഷിപ്പുകൾ എന്നിവ അനുവദിക്കും.

776. വിദഗ്ദ്ധ സേവനം നൽകാനുള്ള സൗകര്യമൊരുക്കുന്നതാണ്.

സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കിവരുന്ന 'മഴവിൽ' സമഗ്ര പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

### വർണ്ണം

വിദൂര വിദ്യാഭ്യാസത്തിലൂടെ ഡിഗ്രി / പി.ജി കോഴ്സുകൾ പഠിക്കുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് ഒരു വർഷം 24,000 രൂപ വരെ ധനസഹായമായി അനുവദിക്കുന്ന പദ്ധതി.

### പിയർ സപ്പോർട്ട് പ്രാക്ടീസ്

ട്രാൻസ്ജെൻഡർ വ്യക്തികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് ആത്മഹത്യാ പ്രവണത, വിഷാദം, അമിത ഉത്കണ്ഠ എന്നിവ പ്രതിരോധിക്കുന്നതിന് ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് കൗൺസിലിംഗ് പരിശീലനം നൽകി പിയർ കൗൺസിലർമാരാക്കി പരിവർത്തിപ്പിക്കുന്ന പരിശീലന പരിപാടി.

## ട്രാൻസ് ജെൻഡർ കലോൽത്സവം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാഭിരുചിയും സർഗ്ഗവാസനയും പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പരിപാടി.

## യത്നം

മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പരമാവധി 40,000 രൂപ വരെ നൽകും.

## കരുതൽ

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര ധനസഹായം നൽകുന്ന പദ്ധതി.

## ദുരന്ത നിവാരണ പരിശീലന പരിപാടി

പ്രകൃതിദുരന്തങ്ങൾ, അടിയന്തിര സാഹചര്യം എന്നിവയെ അതിജീവിക്കുന്നതിന് കേരളാ ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യനീതി വകുപ്പും ചേർന്ന് ട്രാൻസ് ജെൻഡർ / ക്വിയർ വ്യക്തികൾക്കായി ദുരന്ത നിവാരണ പരിശീലനം നൽകി.

## റിസോഴ്സ് പൂൾ

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക പുനരധിവാസത്തിനും പുരോഗതിക്കുമായി നൽകിവരുന്ന ബോധവൽക്കരണ പരിപാടിയുടെ വിപുലീകരണത്തിന് നിയമ വിദഗ്ദ്ധർ, ഡോക്ടർമാർ, ജെൻഡർ വിഷയ വിദഗ്ദ്ധർ / ട്രാൻസ്ജെൻഡർ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ച് ജില്ലകളിൽ റിസോഴ്സ് പൂൾ രൂപീകരിച്ചു.

## സംരംഭകത്വ വികസന പരിശീലന പരിപാടി

സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയുടെ ഭാഗമായി 14 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 5 ദിന സംരഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. വിജയകരമായി പരിശീലനം പൂർത്തീകരിച്ച വ്യക്തികൾക്കു സ്വയം തൊഴിൽ വായ്പയുടെ ആദ്യ ഗഡു തുക അനുവദിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം 51 പേർക്കും 2 ഗ്രൂപ്പുകൾക്കും വായ്പ അനുവദിച്ചു.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹ്രസ്വകാല താമസസൗകര്യം ഒരുക്കുന്ന ഷോർട് സ്റ്റേ ഹോം പദ്ധതി പ്രകാരം ട്രാൻസ്മെന്നിനായി തിരുവനന്തപുരത്തും ട്രാൻസ് വിമണിനായി എറണാകുളത്തും ട്രാൻസ്ജെൻഡർ കെയർഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.

# X

# ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും

777. ബജറ്റിൽ ധനദൃഢീകരണ നയങ്ങൾ പിന്തുടരും. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കും. ധനക്കമ്മി 2022-23 മുതൽ മൂന്നു ശതമാനത്തിൽ നിലനിർത്തും. ഇതു സാധിക്കണമെങ്കിൽ റവന്യൂ വരുമാനം പ്രതിവർഷം 15 ശതമാനമെങ്കിലും ഉയരേണ്ടിവരും. 2006-2011 ഇടതുപക്ഷ സർക്കാരിന്റെ കാലത്തെന്ന പോലെ 20 ശതമാനം വർദ്ധനയാണ് ലക്ഷ്യമിടുക.

അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണ്. ധനക്കമ്മി 2023-24 ൽ 2.44 ശതമാനത്തിലേക്ക് ചുരുങ്ങി. റവന്യൂ കമ്മി 0.88 ശതമാനമായും കുറഞ്ഞിട്ടുണ്ട്. തനത് നികുതി വരുമാനം 2020-21 ൽ 47,000 കോടി രൂപയായിരുന്നു. 2021-22 ൽ 58,340 കോടി രൂപയായും 2023-24 ൽ 71,968 കോടി രൂപയായും ഉയർന്നു. 23.35 ശതമാനം വർദ്ധനവ്.

778. ബജറ്റിനുള്ളിലെ മൂലധനച്ചെലവ് ഗണ്യമായി ഉയർത്തും. റവന്യൂ കമ്മി കുറയ്ക്കുന്നതിന്റെ ലക്ഷ്യം ഇതാണ്. സംസ്ഥാന വരുമാനത്തിന്റെ രണ്ടു ശതമാനമായി മൂലധനച്ചെലവ് ഉയർത്തുകയാണ് ലക്ഷ്യം.

2023-24 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മൂലധന ചെലവ് 16,985 കോടി രൂപയാണ്. ബജറ്റ് അടങ്കൽ 16,728 കോടി രൂപയായിരുന്നു. ബജറ്റ് അടങ്കലിനേക്കാൾ മൂലധന ചെലവ് ഉയർത്താൻ തനത് വർഷം കഴിഞ്ഞിട്ടുണ്ട്. 2022-23 ലെ മൂലധന ചെലവ് ആഭ്യന്തര വരുമാനത്തിന്റെ 1.72 ശതമാനമാണ്. കിഫ്ബി വഴി നടത്തിയിട്ടുള്ള ചെലവ് കൂടി ഉൾപ്പെടുത്തിയാൽ മൂലധന ചെലവ് ആഭ്യന്തര വരുമാനത്തിന്റെ 2 ശതമാനത്തിലും അധികമാണ്.

## നികുതിഭരണം

779. ജി.എസ്.ടി സംസ്ഥാനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമാണെന്നു മാത്രമല്ല, വരുമാനം പ്രതീക്ഷയ്ക്കനുസരിച്ച് ഉയരുകയുമുണ്ടായില്ല. ജി.എസ്.ടിയിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്കാരങ്ങൾക്കു വേണ്ടി കേരളം ശക്തമായ നിലപാടുകൾ സ്വീകരിക്കും.

ജി.എസ്.ടിയിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്കാരങ്ങൾക്ക് വേണ്ടി ശക്തമായ നിലപാടുകൾ ജി.എസ്.ടി കൗൺസിലിൽ കേരളം സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖല, വെളിച്ചെണ്ണയുടെ നികുതി വർദ്ധനവ്, ജി.എസ്.ടി അപ്പലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം, ഓൺലൈൻ ഗെയിമുകൾ ഉൾപ്പെടെയുള്ള ചൂതാട്ടങ്ങൾക്ക് 28% നികുതി, ചൂതാട്ടത്തിന്റെ മുഖവിലയ്ക്ക് ജി.എസ്.ടി തുടങ്ങിയ വിഷയങ്ങളിൽ കേരളം ശക്തമായി ഇടപെട്ടു. കേരളത്തിന്റെ

ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തിന്റെ താൽപര്യം മുൻനിർത്തിയുള്ള തീരുമാനങ്ങൾ ജി.എസ്.ടി കൗൺസിലിലുണ്ടായി.

ജി.എസ്.ടിയുടെ സംസ്ഥാന വിഹിതം 60 ശതമാനമാക്കണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും കേന്ദ്ര സർക്കാരോ ജി.എസ്.ടി കൗൺസിലോ എടുത്തിട്ടില്ല.

ജി.എസ്.ടി നിരക്കുകൾ പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്തു. തുടർ ചർച്ചകൾക്കും നടപടികൾക്കുമായി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഉൾപ്പെട്ട മന്ത്രിതല സമിതി ജി.എസ്.ടി കൗൺസിൽ രൂപീകരിച്ചു. സമിതിയുടെ ഇടക്കാല റിപ്പോർട്ട് ജി.എസ്.ടി കൗൺസിലിൽ സമർപ്പിച്ചു.

780. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തും : നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഓഫീസുകൾ നവീകരിക്കും. തേർഡ് പാർട്ടി വിവരങ്ങളും ഡാറ്റാ അനാലിസിസും ഉപയോഗപ്പെടുത്തും.

ജി.എസ്.ടി സംവിധാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഉദ്യോഗസ്ഥരുടെ പ്രവർത്തനരീതിയും നികുതിപിരിവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുനഃസംഘടന പൂർത്തീകരിച്ചു.

പൊതുജനങ്ങളിലും നികുതിദായകരിലും ജി.എസ്.ടി അവബോധം വളർത്താൻ വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ, പത്രക്കുറിപ്പുകൾ, പത്രപ്പരസ്യങ്ങൾ, എഫ്.എം റേഡിയോ പരസ്യങ്ങൾ, ടി.വി പരസ്യങ്ങൾ, സോഷ്യൽ മീഡിയാ ക്യാമ്പയിനുകൾ എന്നിവ നടത്തിവരുന്നു. ബില്ല് ചോദിച്ച് വാങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പരസ്യങ്ങളും ബോധവൽക്കരണ ക്യാമ്പയിനുകളുടെയും ഫലമായി ബില്ല് ചോദിച്ച് വാങ്ങാൻ പൊതുജനങ്ങളെ പ്രേരിപ്പിച്ചു.

ബ്രാൻഡിംഗിന്റെ ഭാഗമായി ജി.എസ്.ടി വകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന് പുതിയ ടാഗ്‌ലൈനും ലോഗോയും വികസിപ്പിച്ചു. വകുപ്പിന്റെ എല്ലാ ബോധവൽക്കരണ ക്യാമ്പയിനുകളിലും നവീകരിച്ച ലോഗോയും ടാഗ്‌ലൈനും ഉപയോഗിച്ചുവരുന്നു.

കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ വികസിപ്പിച്ച ലക്കി ബിൽ മൊബൈൽ ആപ്പ് വഴി ബഹുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകൾ നേരിട്ട് വകുപ്പിന് ലഭ്യമാകും. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നത്. ലക്കി ബിൽ ആപ്പിൽ അപ്‌ലോഡ് ചെയ്യപ്പെടുന്ന ബില്ലുകൾക്ക് നറുക്കെടുപ്പിലൂടെ പ്രതിദിന, പ്രതിവാര, പ്രതിമാസ സമ്മാനങ്ങളും ബമ്പർ സമ്മാനവും നൽകും.

എല്ലാ ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി. 80,000 തേർഡ് പാർട്ടി വിവരങ്ങൾ പരിശോധിച്ച് ജി.എസ്.ടി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു.

നികുതി നിർണ്ണയത്തിൽ ഡേറ്റാ അനാലിസിസ് സംവിധാനം നടപ്പാക്കി.

ചരക്കുസേവന നികുതി നിയമം നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന നികുതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ കുടിശ്ശികയായ നികുതി അടച്ചുതീർക്കൽ ലക്ഷ്യമിട്ട് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

781. വാഹനപരിശോധന ശക്തിപ്പെടുത്തും. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സംവിധാനം നടപ്പിലാക്കും. ഉദ്യോഗസ്ഥർക്കു വേണ്ടി മൊബൈൽ ആപ്പുകൾ രൂപകൽപന ചെയ്യും. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ വാഹനങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും.

ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

782. ഇ-ഇൻവോയ്സ് നടപ്പാക്കും. വ്യാജബില്ലിനെതിരെയുള്ള നടപടികൾ ശക്തമാക്കും. റിവ്യൂ സംവിധാനം ശക്തിപ്പെടുത്തും. ഇതിലൂടെ തെറ്റായ നികുതി നിർണ്ണയങ്ങൾ പരിശോധിക്കുവാനും നികുതി നിർണ്ണയത്തിൽ കൃത്യത കൊണ്ടുവരാനും സാധിക്കും. റിട്ടേൺ പരിശോധന ശക്തിപ്പെടുത്തും. ഇ-ഓഫീസ് നടപ്പാക്കും.

ജിഎസ്ടിയിൽ ഇ-ഇൻവോയ്സിങ് നടപ്പിലാക്കിയിട്ടുണ്ട്. 5 കോടിയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവ് ഉള്ളവർക്ക് ബിടുബി ഇ-ഇൻവോയ്സിങ് നിർബന്ധമാണ്. വ്യാജ ബില്ലിനെതിരെ ശക്തമായ നടപടികൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സ്വീകരിച്ചു. നികുതി വെട്ടിപ്പ് നടത്തിയവരെ ജി.എസ്.ടിനിയമ പ്രകാരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് അറസ്റ്റ് ചെയ്തു. റിവ്യൂ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പ് ആസ്ഥാനത്തു റിവ്യൂ സെൽ സ്ഥാപിച്ചു. എല്ലാ ജില്ലകളിലെയും ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

783. നികുതിദായകരോട് സൗഹൃദപരമായ സമീപനം സ്വീകരിക്കും. അപ്പീലുകളുടെ കോർട്ട് ഫീ കുറയ്ക്കും. നികുതിദായക റിപ്പോർട്ട് കാർഡ് നടപ്പാക്കും. ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളടക്കം കാര്യക്ഷമമാക്കാൻ കഴിയും. അപ്പലേറ്റ് ട്രിബ്യൂണൽ ആരംഭിക്കും. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചത് വഴി വകുപ്പിലെ ജീവനക്കാർക്ക് നികുതിദായകരോട് കൂടുതൽ സൗഹൃദപരമായി ഇടപെടാനുള്ള അവസരം സൃഷ്ടിച്ചു. 2021 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം ജി.എസ്.ടിയുമായി ബന്ധപ്പെട്ട അപ്പീലുകളിന്മേലുള്ള കോർട്ട് ഫീസ് പരമാവധി ഇരുപതിനായിരം രൂപയായി കുറച്ചു. 2023 ലെ കേരള ഫിനാൻസ് ബിൽ പ്രകാരം കേരള പൊതുവിൽപന നികുതിനിയമം, കേരള മൂല്യവർധിത നികുതി നിയമം, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം എന്നിവ പ്രകാരമുള്ള അപ്പീലുകൾക്ക് പരമാവധി കോർട്ട് ഫീസ് ഇരുപതിനായിരം രൂപയാക്കി കുറച്ചിട്ടുണ്ട്. കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് ടാക്സ് പേയർ റേറ്റിംഗ് കാർഡ് നൽകിവരുന്നു.

784. ഇൻഫോർമർ സ്കീം നടപ്പിലാക്കും.

ഇൻഫോർമർ സ്കീം നടപ്പിലാക്കി.

785. 2021 ൽ വാറ്റിന്റെ ലഗസി കുടിശ്ശികകൾ തീർക്കും. നികുതി വകുപ്പ് പൂർണ്ണമായും ജി.എസ്.ടിക്കുവേണ്ടി പുനഃസംഘടിപ്പിക്കും.

വാറ്റ് ലെഗസി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക തീർപ്പാക്കലിന് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി. കേരള ഫിനാൻസ് ബില്ല് അപ്പീൽ നടപടികൾ ലളിതമാക്കി.

786. വാറ്റ് നികുതി കുടിശ്ശികക്കാർക്കായി സമഗ്രമായ ആംനസ്റ്റി പദ്ധതി ഒരു വർഷം കൂടി ഉദാരമായി തുടരും. 2022 ൽ വാറ്റ് സംബന്ധിച്ചിട്ടുള്ള പുതിയ പരിശോധനകളെല്ലാം അവസാനിപ്പിക്കും.

ആംനസ്റ്റി പദ്ധതി 2022 ലും തുടർന്നു. വാറ്റ് സംബന്ധിച്ച പുതിയ പരിശോധനകൾ അവസാനിച്ചു.

787. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനുമായി സഹകരിച്ച് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാന്സ് ആന്റ് ടാക്സേഷനുമായി സഹകരിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

788. എൽ.എൻ.ജി / സി.എൻ.ജിയുടെ മേലുള്ള വാറ്റ് നികുതി തമിഴ്നാടിന് തുല്യമായി 5 ശതമാനമായി കുറയ്ക്കും.

എൽഎൻജി / സിഎൻജി എന്നിവയിന്മേലുള്ള വാറ്റ് നികുതി 5% ആയി കുറച്ചിട്ടുണ്ട്.

789. എഫ്.എ.സി.റ്റി പോലുള്ള സ്ഥാപനങ്ങൾക്കും സിറ്റി ഗ്യാസ് പ്രോജക്ടിനും ഗാർഹികോപഭോക്താക്കൾക്കും ഈ നികുതിയിളവ് ബാധകമാക്കും.

ബാധകമാക്കിയിട്ടുണ്ട്.

791. നിയമവകുപ്പുമായി ആലോചിച്ച് കേരള മണി ലെൻഡിംഗ് ആക്ടിൽ യുക്തമായ ഭേദഗതികൾ വരുത്തും.

കേരള മണി ലെൻഡിംഗ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കേരള ബാങ്ക്

792. സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവ സമാഹരണം അപര്യാപ്തമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നൂതനങ്ങളായ നടപടികൾ കഴിഞ്ഞ സംസ്ഥാനത്തെ അഞ്ചു വർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾക്ക് വികസനത്തിൽ നിർണായകമായ പങ്കു വഹിക്കാൻ

കഴിയും. ഇതിലേറ്റവും പ്രധാനം കിഫ്ബിയാണ്. കിഫ്ബി പശ്ചാത്തല സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപത്തിനാണെങ്കിൽ കേരള ബാങ്കാവട്ടെ കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തന മൂലധനമടക്കം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ളതാണ്.

കാർഷിക വായ്പകൾക്ക് പുറമേ വ്യവസായ സംരംഭങ്ങൾക്കും റീട്ടെയിൽ സ്ഥാപനങ്ങൾക്കുമായി കെ.ബി മിത്ര, കെ.ബി ജി.എസ്.ടി മിത്ര, കെ.ബി പ്രവാസി ഭദ്രത, കെ.ബി സുവിധ പ്ലസ്, കെ.ബി യുവമിത്ര, കെ.ബി സുവിധ കിരൺ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കി. ക്ഷീര കർഷകരുടെ ഉന്നമനത്തിനായി ക്ഷീര മിത്ര വായ്പാ പദ്ധതി ക്ഷീര സംഘടനയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. വനിതാ സംരംഭകർക്കും തൊഴിലാളികൾക്കും ഷീ ടൂവീലർ എന്ന പേരിൽ ഇരുചക്ര വാഹന വായ്പ നടപ്പിലാക്കിയിട്ടുണ്ട്.

793. ബാങ്കിന്റെ എൻ.പി.എ റിസർവ്വ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കുറയ്ക്കും.

എൻ.പി.എ 7% ത്തിൽ എത്തിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

794. എൻ.ആർ.ഐ ഡെപ്പോസിറ്റിനുള്ള അനുമതി ആർ.ബി.ഐയിൽ നിന്നും വാങ്ങും.

നിഷ്ക്രിയാസ്തി ഘട്ടം ഘട്ടമായി കുറച്ചു കൊണ്ടുവന്ന് റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന എൻ.പി.എ ശതമാനം കൈവരിക്കുവാനും മാനദണ്ഡ ങ്ങൾക്കനുസൃതമായി എൻ.ആർ.ഐ ഡെപ്പോസിറ്റിന് അപേക്ഷിക്കുന്ന താണെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്.

795. കൃഷിക്കും കാർഷിക വ്യവസായ സംരംഭങ്ങൾക്കുമുള്ള വായ്പ വർദ്ധിപ്പിക്കും.

വായ്പാ കാലതാമസം ഒഴിവാക്കി കർഷകരുടെ സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിനായി കിസാൻ മിത്ര കെ.സി.സി വായ്പകൾ നൽകുന്നു. കാർഷിക അനുബന്ധ വായ്പയായി 2023-24 സാമ്പത്തിക വർഷം കേരള ബാങ്ക് 2,299 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കും ബാങ്കിൽ നിന്നും 1,723 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തതോടുകൂടി 75,345 സംരംഭകർക്കായി 3,925 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

നബാർഡ് ധനസഹായത്തോടു കൂടി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി പാക്സ് ആസ് എം.എസ്.സി പദ്ധതി പ്രകാരം 4% പലിശ നിരക്കിൽ 201 പദ്ധതികൾക്കായി 434.07 കോടി രൂപ അനുവദിച്ചു. കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിനിമയം, വിപണനം എന്നിവ മെച്ചപ്പെടുത്തി സാധാരണക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള മൂല്യവർദ്ധിത സംരംഭങ്ങൾക്കായി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി പ്രകാരം 200.52 കോടി രൂപ കേരള ബാങ്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

## സഹകരണം

### 796. പ്രാഥമിക സഹകരണ ബാങ്കുകളെ അട്ടിമറിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പ്രതിരോധം ഉയർത്തും.

കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടി ചേർത്ത് 194 എൻ എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകി. നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകി. കേന്ദ്ര സർക്കാർ നടപടികൾ കൈക്കൊണ്ടില്ല. നികുതി വകുപ്പ് നിലപാടിനെതിരെ വിവിധ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചു. 194 എ പ്രകാരം റ്റി.ഡി.എസ് ഈടാക്കണമെന്ന വ്യവസ്ഥ ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ഇതിനെതിരെയും സ്റ്റേ നേടിയിട്ടുണ്ട്.

### 797. അപ്പെക്സ് ബാങ്കു വഴി കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇടപാടുകാരെ പങ്കാളിയാക്കും. എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്കു ലഭ്യമാക്കും.

### 798. കോർ ബാങ്കിംഗിന്റെ ഭാഗമാകുന്നതോടെ സഹകരണ ബാങ്കുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാങ്കറാക്കി ഉയർത്തും.

സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇ-ടെണ്ടറിൽ പങ്കെടുത്ത് റ്റി.സി.എസ് സമർപ്പിച്ച ബിഡിന്മേലുള്ള തുടർനടപടികൾ പൂർത്തിയായിട്ടുണ്ട്.

റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ്‌വെയർ കേരള ബാങ്കിന്റെ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിങ് സംവിധാനങ്ങളായ എ.റ്റി.എം സൗകര്യം, നെഫ്റ്റ്, ആർ.റ്റി.ജി.എസ് ബാങ്കുകൾ തമ്മിലുള്ള ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### 799. പച്ചക്കറി തറവില നടപ്പിലാക്കുന്നതിനുള്ള കോ-ഓപ്പ് മാർട്ടുകൾ അതിവേഗത്തിൽ സാർവ്വത്രികമാക്കും.

പച്ചക്കറി തറവില നടപ്പാക്കുന്നതിന് കോപ്മാർട്ടുകൾ സാർവത്രികമാക്കുന്നതിനായി 251 പ്രാഥമിക സഹകരണ സംഘങ്ങളെ തിരഞ്ഞെടുത്തു. 116 പ്രാഥമിക കാർഷിക സംഘങ്ങൾക്ക് കാർഷിക വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ട്. 66 പ്രാഥമിക കാർഷിക സംഘങ്ങൾ സമാഹരിക്കുന്ന കാർഷിക വിഭവങ്ങളുടെ വിപണി ഉറപ്പാക്കുന്നതിന്

പദ്ധതി തയ്യാറാക്കി. 13 സംഘങ്ങൾ പദ്ധതി നടപ്പാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി. 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വിലയും പദ്ധതി നടത്തിപ്പ് രീതിയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

800. **നാളികേര സംഭരണ സംസ്കരണത്തിലേക്ക് പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കും.**

കൊപ്രയുടെ താങ്ങുവില പദ്ധതി – 2024 പ്രകാരം കർഷകരിൽ നിന്നും കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. 30 സഹകരണ സംഘങ്ങൾ തനതായി നാളീകേരം സംഭരിച്ചും അല്ലാതെയും വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചുവരുന്നു.

## കെ എസ് എഫ് ഇ

803. **2015–16 ൽ കെ.എസ്.എഫ്.ഇയുടെ ടേണോവർ 28,960 കോടി രൂപയായിരുന്നത് 2020–21 ൽ 51,000 കോടി രൂപയായി. ഇത് ഒരു ലക്ഷം കോടി രൂപയായി ഉയർത്തും.**

2020–21 ൽ കെ.എസ്.എഫ്.ഇയുടെ ടേണോവർ 51,000 കോടി രൂപയായിരുന്നു. 2022–23 ൽ 69,153 കോടി രൂപയായി. 2023–24 ൽ ടേണോവർ 81,279 കോടി രൂപയായിട്ടുണ്ട്.

804. **പുതിയ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കും. മടങ്ങിയെത്തിയ പ്രവാസികൾക്ക് പരിഗണന നൽകി 3,000 ബിസിനസ് പ്രമോട്ടർമാരെ നിയമിക്കും.**

കെ.എസ്.എഫ്.ഇ പ്ലാനിംഗ് വകുപ്പിന്റെ ഉപവിഭാഗമായി ചീഫ് ജനറൽ മാനേജരുടെ കീഴിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചു. ബിസിനസ്സ് പ്രമോട്ടർമാരെ നിയമിക്കൽ പുരോഗമിക്കുന്നു.

805. **കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകും.**

കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയെങ്കിലും ഐ.ആർ.ഡി.എ നിബന്ധനകൾ മൂലം 2023 ഒക്ടോബർ 23 മുതൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനാവില്ല. പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് പഠനം നടത്തിവരികയാണ്.

806. **പ്രവാസി ചിട്ടി ടേണോവർ 25,000 കോടി രൂപയായി ഉയർത്തും. ഓൺലൈൻ അധിഷ്ഠിത നിവാസി ചിട്ടികൾ തുടങ്ങും.**

ഈ ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങൾ സജീവമായി തുടരുന്നു.

807. **കുടിശിക നിവാരണ പദ്ധതി തുടരും.**

പ്രത്യേക പദ്ധതിയായ 'സഞ്ജീവനം' മുഖേന കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ തുടരുന്നു. ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും

## സ്റ്റേറ്റ് ഇൻഷുറൻസ്

**810. കുടുംബശ്രീ, സഹകരണസംഘങ്ങൾ, തൊഴിലുറപ്പ്, ക്ഷേമനിധികൾ തുടങ്ങി സർക്കാരുമായി ബന്ധപ്പെട്ട മേഖലകളിൽ ഇൻഷ്വറൻസ് പ്രവർത്തനം വ്യാപിപ്പിക്കും.**

നടപടികൾ സ്വീകരിച്ചുവരുന്നു.

**813. വി.എസ്. അച്യുതാനന്ദൻ അധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രത്യേക സംവിധാനമുണ്ടാക്കും.**

കമ്മീഷൻ സമർപ്പിച്ചിട്ടുള്ള 13 റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതിയെ നിയോഗിച്ചിരുന്നു. പരിശോധന പൂർത്തിയാക്കിയ 7 എണ്ണത്തിൽ 2,6,7,9 റിപ്പോർട്ടുകൾക്ക് മന്ത്രിസഭ അംഗീകാരം നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 4, 12 റിപ്പോർട്ടുകളിൽ തീരുമാനമെടുക്കുന്നത് പരിശോധിച്ചുവരുന്നു. പതിമൂന്നാമത് റിപ്പോർട്ട് ചീഫ് സെക്രട്ടറിതല സമിതിയുടെ പരിഗണനയിലാണ്. ഉദ്യോഗസ്ഥ തല പരിശോധന പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചുവരികയാണ്.

# XI

# അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും ഭരണപരിഷ്കാരം

814. ജനസൗഹാർദ്ദപരമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ അനുഭവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. പങ്കാളിത്ത പെൻഷൻ അവലോകന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. കോവിഡ്19 പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിലെ ഫയൽ തീർപ്പാക്കൽ പുനരവലോകനം ചെയ്യും. തീർപ്പാക്കാൻ നിലവിലുള്ള ഫയലുകൾ കുറഞ്ഞത് 40 ശതമാനം ആറുമാസത്തിനുള്ളിൽ തീർപ്പാക്കാനായി തീവ്രയജ്ഞ ഫയൽ തീർപ്പാക്കൽ പദ്ധതി 2021 ൽ ആരംഭിച്ച് നടപ്പിലാക്കും.

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ തുടർ പരിശോധനയ്ക്ക് മൂന്നംഗ കമ്മിറ്റി രൂപികരിച്ചു. മറ്റ് സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠന വിധേയമാക്കും. സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ജീവനക്കാരുടെ പുനർവിന്യാസത്തിന്റെ കാര്യത്തിൽ സെക്രട്ടറിയേറ്റ് തലത്തിൽ നടപടി സ്വീകരിച്ചു. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചു.

815. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കാസ്) രൂപീകരണം അവസാനഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തിന്റെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയിൽ ഗുണകരമായ മാറ്റം ഇതു വരുത്തുമെന്നു തീർച്ചയാണ്. 2021ൽ തന്നെ കാസിന്റെ ഭാഗമായുള്ള നിയമനം നടക്കും.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ 105 പേർ ഉൾപ്പെട്ട പ്രഥമ ബാച്ചിന്റെ ഒന്നര വർഷത്തെ പരിശീലനം പൂർത്തിയാക്കി വിവിധ വകുപ്പുകളിൽ സേവനം അനുഷ്ടിച്ചുവരികയാണ്.

816. ഭരണനിർവ്വഹണ മാന്വലുകളും സർവ്വീസ് ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കും. ഭരണപരിഷ്കാര കമ്മീഷൻ ഇതുസംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് നടപടി സ്വീകരിക്കും.

ഭരണപരിഷ്കാരകമ്മീഷൻറിപ്പോർട്ടിന്മേലുള്ളനടപടിപുരോഗമിച്ചുവരികയാണ്.





817. എല്ലാ വകുപ്പുകളിലും ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർ ഓഫീസ്, ഇമെയിൽ സംവിധാനം നടപ്പാക്കി. ഓൺലൈൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കും. ഇഗവേർണൻസ്, എംഗവേർണൻസ് മുൻനിർത്തിയുള്ള ചട്ട പരിഷ്കരണം കൊണ്ടുവരും.

നടപടികൾ പുരോഗമിച്ചുവരികയാണ്.

818. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ജനങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തും. ജനങ്ങളുടെ സൗകര്യത്തിനായി സേവനകേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും ശക്തിപ്പെടുത്തും. എല്ലാ വീടുകളിലും ലാപ്ടോപ്പും ഇന്റർനെറ്റും എത്തുന്നതോടെ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിലാകും. സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകും.

സർക്കാർ സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കി. ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള കെ-ഫോൺ പദ്ധതി പുരോഗമിച്ചുവരുന്നു. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ ഓൺലൈൻ സേവനം ഉറപ്പാക്കി. കെ-സ്മാർട്ട് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ഓൺലൈനായി നടപ്പാക്കി.

819. പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. സോഫ്ടുവെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകുടെയും വിവിധയിനം ഫയലുകളുടെയും നീക്കത്തിനു വേണ്ടിവരുന്ന സമയം തുടർച്ചയായി അവലോകനം ചെയ്യും.

ഫയൽ തട്ടുകൾ കുറച്ചുകൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

820. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും, മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി പരിശോധിച്ച് നയപരമായി അംഗീകരിക്കാവുന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും. ഇതിനുള്ള ഒരു അഞ്ചുവർഷ കാര്യപരിപാടി നിയമമന്ത്രാലയം തയ്യാറാക്കും.

കാലഹരണപ്പെട്ട 105 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2021ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 23.08.2022ൽ നിയമസഭ പാസ്സാക്കുകയും 13.09.2022ൽ കേരള റദ്ദാക്കലും ഒഴിവാക്കലും നിയമം പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

821. പാർശ്വവൽകൃത സമൂഹങ്ങൾക്കും സ്ത്രീകൾക്കും പൂർണ്ണ പൗരാവകാശം ഉറപ്പാക്കും. ഇതിനായി വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമഗ്ര പൗരാവകാശ സംരക്ഷണനിയമം പാസ്സാക്കും.

പരിശോധിച്ചുവരുന്നു.

822. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം ഫലപ്രദമായിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇതുപോലെ പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നടപടിക്രമം രൂപപ്പെടുത്തും. കുടിശ്ശിക വരുന്ന പരാതികൾ അദാലത്തു വഴി തീർപ്പുണ്ടാക്കും.

പരാതി പരിഹാര സംവിധാനം എല്ലാ വകുപ്പുകളിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. നവകേരള സദസ്സിന്റെ ഭാഗമായി പരാതി പരിഹാരത്തിന് പ്രത്യേക നടപടികൾ സ്വീകരിച്ചു.

823. എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനുള്ളിൽ സർക്കാർ തലത്തിൽ തീർപ്പുണ്ടാക്കുന്നതിന് സംവിധാനമൊരുക്കും. ഏതെങ്കിലും പരാതികളോ ആവശ്യങ്ങളോ നിരസിക്കപ്പെട്ടാൽ നീതിനിഷ്ഠമായ തീർപ്പ് ഉറപ്പാക്കാനും വ്യക്തത വരുത്താനും ജനപ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാതല സമിതികൾ രൂപീകരിക്കും. 30 ദിവസത്തെ കാലയളവിനപ്പുറത്തേക്ക് പോകുന്ന ഏത് പ്രശ്നവും പരിഹാരത്തിനായി ജനപ്രതിനിധി ഉൾപ്പെടുന്ന സമിതിയിലേക്ക് റഫർ ചെയ്യപ്പെടും.

നടപടി സ്വീകരിച്ചുവരുന്നു.

824. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുകയും ഫലപ്രദമായ പൊതു പരിഹാര സംവിധാനം യാഥാർത്ഥ്യമാക്കുകയും കോൺടാക്റ്റ് പോയിന്റുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യും. സ്വയം ഉടമസ്ഥതയിലുള്ള 2,500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സമിതി തലത്തിൽ അംഗീകാരം ലഭിക്കും. 10 സെന്റ് വരെയുള്ള ഭൂമിയുടെ പരിവർത്തനം ആർ.ഡി.ഒ തലത്തിൽ നടന്നത് വില്ലേജ് ഓഫീസ് തലത്തിൽ നടത്താൻ

കഴിയും. മലിനീകരണം ഇല്ലാത്ത എല്ലാ സ്വയം തൊഴിൽ സ്ഥാപനങ്ങൾക്കും/ കമ്പനികൾക്കും സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും.

അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെയും, നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കിയും സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കെതിരെ സീറോ ടോള റൻസ് എന്ന നയമാണ് സർക്കാരിനുള്ളത്. അഴിമതി കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വിജിലൻസ് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

## അഴിമതിവിമുക്ത കേരളം

825. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിനു വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഇഗവേണൻസ് ഇതിനു സഹായിക്കും. അഴിമതിക്കെതിരെ ബഹുജന ക്യാമ്പയിൻ നടത്തും.

അഴിമതിരഹിത ഭരണ സംവിധാനത്തിന്റെ ഭാഗമായി ഇസേവനങ്ങൾ, നടപടി ലഘൂകരിക്കൽ എന്നീ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

826. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

സംസ്ഥാനത്തു നിന്നും അഴിമതി പൂർണമായും നിർമാർജ്ജനം ചെയ്യുന്നതിനായി നടപ്പാക്കിവരുന്ന 'zero tolerance to corruption" എന്ന നയത്തിന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നത്.

അഴിമതി കേസുകളിൽ വിചാരണ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് കൊല്ലം ആസ്ഥാനമാക്കി പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിന് അനുമതി നൽകി. ഇവിടെ ജില്ലാ ജഡ്ജി ഉൾപ്പെടെയുള്ള 11 തസ്തികകളും സൃഷ്ടിച്ചു.

വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയതിന്റെ ഫലമായി കൈക്കൂലി കയ്യോടെ പിടികൂടുന്ന ട്രാപ് കേസുകളുടെ എണ്ണം 2023 ൽ സംസ്ഥാനത്ത് സർവകാല റെക്കോർഡിലെത്തി. 55 ട്രാപ് കേസുകളിലായി 60 സർക്കാർ ഉദ്യോഗസ്ഥരെയും ഏജന്റുമാരായി പ്രവർത്തിച്ച 4 പേരെയും അറസ്റ്റ് ചെയ്തു തുറുങ്കിലടച്ചു. വിവിധ സർക്കാർ വകുപ്പുകളിലായി 17 സംസ്ഥാനതല പരിശോധനകൾ ഉൾപ്പെടെ 1,948 മിന്നൽ പരിശോധനകൾ നടത്തി. 161 വിജിലൻസ് കേസുകളും 96 വിജിലൻസ് എൻക്വയറികളും 42 പ്രാഥമികാന്വേഷണങ്ങളും 109 രഹസ്യാന്വേഷണങ്ങളും രജിസ്റ്റർ ചെയ്തു.

തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 5 വിജിലൻസ് ഓഫീസുകൾക്കായി മുട്ടത്തറയിൽ അഞ്ച് നിലകളിലായി പണിയുന്ന കെട്ടിടത്തിന്റെ രണ്ടാംഘട്ട പ്രവൃത്തി ആരംഭിച്ചു. കേസന്വേഷണത്തിന് പുതിയ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ

ത്തോടെ ഡിജിറ്റൽ ക്യാമറകളും രഹസ്യനിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും മറ്റ് അത്യാധുനിക ഉപകരണങ്ങളും സജ്ജമാക്കി.

ഇ-ഗവേണൻസിന്റെ ഭാഗമായി കടലാസുരഹിത ഓൺലൈൻ സംവിധാനങ്ങളും സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിന് IAPS സംവിധാനവും ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കാൻ വീഡിയോ കോൺഫറൻസ് സംവിധാനവും ഏർപ്പെടുത്തി.

വിവിധ വകുപ്പുകളിലെ വിജിലൻസ് ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഉന്നത നിലവാരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അഴിമതിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിജിലൻസ് സോഷ്യൽ മീഡിയ സെല്ലിന്റെ നേതൃത്വത്തിൽ നവമാധ്യമ സാധ്യതകളും ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു.

827. മന്ത്രിമാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റേയും മറ്റു പൊതുപ്രവർത്തകരുടെയും സ്വത്തു വിവരങ്ങളെക്കുറിച്ച് ജനങ്ങൾക്കു സുതാര്യവും വിശ്വാസയോഗ്യവുമായ രീതിയിൽ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

സ്വത്ത് വിവരങ്ങൾ അറിയിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

828. ഇ-ടെണ്ടറും ഈപ്രൊക്വയർമെന്റും നിർബന്ധമാക്കിക്കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ജെമ്മിനെയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവ എല്ലാ സർക്കാർ, അർദ്ധസർക്കാർ ഏജൻസികൾക്കും നിർബന്ധമാക്കും.

ഇ-ടെണ്ടർ പ്രാവർത്തികമാക്കിയിട്ടുണ്ട്.

## യൂണിഫോമ്ഡ് ഫോഴ്സസ്

831. ഏറ്റവും നല്ല ക്രമസമാധാന നിലയുള്ള സംസ്ഥാനമായിട്ട് കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷം സ്വീകരിച്ച നടപടികളുടെ ഫലമാണിത്. പ്രളയകാലത്തും കോവിഡ് പ്രതിരോധ പ്രവർത്തനത്തിലും ഉൾപ്പെടെ ജനകീയസേന എന്ന നിലയിൽ പ്രവർത്തിക്കുവാൻ ഈ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും.

പോലീസിനെ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള കാര്യക്ഷമമായ ഒട്ടേറെ ഇടപെടലുകൾ സർക്കാർ നടത്തിവരികയാണ്. സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി സൈബർ ഓപ്പറേഷൻസ് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചു. ആകെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 1930 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

ഈ ടോൾ ഫ്രീ നമ്പർ ഡിജിറ്റൽ പേയ്മെന്റ് നെറ്റ് വർക്കിലെ പ്രധാന ബാങ്കുകൾ/ വാലറ്റുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന തിനാൽ കബളിപ്പിക്കപ്പെട്ട തുക കുറ്റവാളികളുടെ കൈകളിൽ എത്തുന്നതിനു മുന്നേ ബാങ്ക് അക്കൗണ്ടുകളിൽ തന്നെ തടഞ്ഞുവയ്ക്കുന്നതിന് പോലീസിന് സാധിക്കുന്നു. ഈ തുക സമയബന്ധിതമായി പരാതിക്കാർക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യറും സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തന മികവും ഉയർത്തുന്നതിനായി വിവിധ വിഭാഗങ്ങളിലായി 503 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഡ്രോണുകൾ സൃഷ്ടിച്ചേക്കാവുന്ന സുരക്ഷാ ഭീഷണി മറികടക്കുന്നതിനും അവയെ കണ്ടെത്തി തകർക്കുന്നതിനും ഡ്രോൺ ഫോറൻസിക് ലാബ് ആന്റിഡ്രോൺ സംവിധാനം വികസിപ്പിച്ച രാജ്യത്തെ ആദ്യ സേനയാണ് കേരളാ പോലീസ്.

ഇതിനുപുറമെ ഡ്രോൺ ഫോറൻസിക് ലാബ് ഓപ്പൺസോഴ്സ് ടൂളിനെ അടിസ്ഥാനമാക്കി ഡ്രോൺ എക്സ് എന്ന പേരിലൊരു ഫോറൻസിക് സോഫ്റ്റ് വെയറും വികസിപ്പിച്ചെടുത്തു. ഇതുപയോഗിച്ച് ഡ്രോണുകളുടെ ഫ് ളൈറ്റ് ലോഗ്, നിർമ്മാണ സവിശേഷതകൾ, ബാറ്ററി, മീഡിയ സ്റ്റോറേജ്, ജിപിഎസ് ഡാറ്റ തുടങ്ങിയവ വേഗത്തിൽ കണ്ടെത്താനാകും.

832. **വർഗീയ പ്രചരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുമുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈര്യജീവിതം ഉറപ്പാക്കും.**

സംസ്ഥാനത്തിന്റെ സ്വൈരജീവിതം തകർക്കാൻ ശ്രമിക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സമയബന്ധിതമായി ശേഖരിക്കാൻ സംസ്ഥാന ഇന്റെലിജൻസ് വിഭാഗത്തിന് സാധിച്ചു. ഇതുവഴി സമയോചിതമായ മുന്നറിയിപ്പുകൾ നൽകുന്നതിനും വർഗ്ഗീയ സ്വഭാവമുള്ള പ്രവർത്തനങ്ങളെ മുളയിലെ നുള്ളി സാമുദായിക ഐക്യം സംരക്ഷിക്കുന്നതിനും സാധിക്കുന്നുണ്ട്. തീവ്രവാദം, സൈബർ കുറ്റകൃത്യങ്ങൾ, വഞ്ചന, സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെയും കൂട്ടായ്മകളുടെയും ആശയവിനിമയങ്ങളും പ്രവർത്തനങ്ങളും നിരീക്ഷിക്കുന്ന തിനും ഡിജിറ്റൽ ഡാറ്റ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ടെക്നിക്കൽ ഇന്റലിജൻസ് യൂണിറ്റ് രൂപീകരിച്ചു.

ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്നൊരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഗുണ്ടാപ്രവർത്തനം, മയക്കുമരുന്ന് വിൽപന എന്നിവയിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പ, പിഐറ്റി എൻഡിപിഎസ് എന്നിവ വഴി കരുതൽ നടപടികളും സ്വീകരിച്ചുവരുന്നു.

833. **ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു പൂർണ്ണതയിൽ എത്തിക്കും. എല്ലാ**

**പോലീസ് സ്റ്റേഷനുകളിലും രണ്ടിനും പ്രത്യേക സംവിധാനങ്ങൾ ഉണ്ടാകും.**

സംസ്ഥാനത്ത് ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ വൈക്കം, കടുത്തുരുത്തി പോലീസ് സ്റ്റേഷനുകളെ വിഭജിച്ച് മാഞ്ഞൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി.

സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനും സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുമായി ക്രൈംബ്രാഞ്ചിനു കീഴിൽ സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചു. നിലവിൽ 4133 കേസുകൾ ഈ വിഭാഗം അനേഷിച്ചു വരുന്നു. വളരെ ചുരുങ്ങിയ സമയം കൊണ്ട് 680 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി. അതോടൊപ്പം കുറ്റവാളികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിന് ബഡ്സ് ആക്ട് പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

834. **സോഷ്യൽ പോലീസിംഗ് ഡയറക്ടേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് തുടങ്ങിയ സംവിധാനങ്ങളെ ഇതിനു കീഴിൽ കൊണ്ടുവന്ന് വിപുലപ്പെടുത്തും. ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇനി എല്ലായിടത്തും ജനമൈത്രിയുടെ ജനകീയതയും ശൈലിയും ഉറപ്പുവരുത്തും. പൊലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കും.**

കേരള പോലീസിന്റെ നേതൃത്വത്തിൽ സാമൂഹിക പ്രസക്തിയുള്ള പദ്ധതികളെ ഒരു കുടക്കീഴിൽ അണിനിരത്തി സോഷ്യൽ പോലീസിംഗ് ഡിവിഷൻ രൂപീകരിച്ചു. കേവലം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും മാത്രം നിർവഹിച്ചു പോന്നിരുന്ന പോലീസ്, ജനങ്ങളുടെ സമ്പൂർണ്ണമായ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കിവരികയാണ്.

ഹോപ്പ് പദ്ധതി: വിവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നവരും എസ്.എസ്.എൽ.സി പ്ലസ് ടു പരീക്ഷയിൽ പരാജയപ്പെട്ടവരുമായ കുട്ടികൾക്ക് മാനസിക പിന്തുണ നൽകി, പഠനവഴിയിലേക്ക് തിരികെ എത്തിച്ച് അവരെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ പോലീസിംഗ് വിഭാഗം നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഹോപ്പ്. മികച്ച ഫാക്കൽറ്റികൾ ഉൾപ്പെടുന്ന 320 അധ്യാപകരുടെ നേതൃത്വത്തിൽ 87 ലേണിങ് സെന്റർ വഴി സമഗ്രമായ ക്ലാസുകൾ നൽകിവരുന്നു. 2017-ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഇതുവരെ 4,820 വിദ്യാർത്ഥികൾ പരീക്ഷകൾ എഴുതി. ഇവരിൽ 3,249 വിദ്യാർത്ഥികൾ പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്.

ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്റർ: കുട്ടികളിൽ വളർന്നുവരുന്ന സ്മാർട്ട്ഫോൺ, ഇന്റർനെറ്റ് ദുരുപയോഗത്തിന് കാര്യക്ഷമമായ പരിഹാരം കാണുന്നതിനായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ പോലീസ് ജില്ലകളിൽ സോഷ്യൽ പോലീസിംഗ് ഡിവിഷന്റെ നേതൃത്വത്തിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചു. വിദഗ്ധ പരിശീലനം ലഭിച്ച സൈക്കോളജിസ്റ്റ്, കോഡിനേറ്റർ എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. ഈ സെന്ററുകൾ മുഖേന 31.03.2024 വരെ 555 കുട്ടികൾ കൗൺസിലിംഗിന് വിധേയരായി. ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ എല്ലാ ജില്ലകളിലേക്കും

വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ചിരി ഹെൽപ് ലൈൻ (9497900200):** കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിച്ച്, അവർക്ക് സുരക്ഷിതവും ആനന്ദകരവുമായ കുട്ടിക്കാലം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആരംഭിച്ച പദ്ധതിയാണ് ചിരി ഹെൽപ് ലൈൻ. 2020ൽ ആരംഭിച്ച ഈ പദ്ധതി വളരെ ഫലപ്രദമായ കുട്ടികൾ ഉപയോഗിച്ചു വരുന്നു. നാളിതുവരെ 56,618 പേരാണ് പ്രശ്നപരിഹാരത്തിനായി ചിരി ഹെൽപ് ലൈന്റെ സേവനം പ്രയോജനപ്പെടുത്തിയത്.

**ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ:** കുട്ടികൾക്ക് പ്രത്യേക സുരക്ഷയും കരുതലും ഉറപ്പാക്കുന്നതിനായി 2017–ൽ ആരംഭിച്ച പദ്ധതിയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ. ഇന്ന് സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാണ്. നാളിതുവരെ പതിനായിരത്തിലേറെ പോലീസ് ഉദ്യോഗസ്ഥർക്ക് ശിശു സൗഹൃദ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെ കൂടുതൽ ശിശുസൗഹൃദ പ്രവർത്തനങ്ങളിൽ പോലീസ് ഏർപ്പെട്ടുവരുന്നു.

**സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്:** കേരള പോലീസിന്റെയും വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും ഓട്ടോ/ടാക്സി ഡ്രൈവർ, വ്യാപാരികൾ എന്നിവരുടെ കൂട്ടായ്മയിൽ സ്കൂൾ കുട്ടികൾക്ക് ഒരു സംരക്ഷണ വലയം എന്ന ലക്ഷ്യത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് പദ്ധതി നടപ്പാക്കിവരുന്നു.

**ഡൊമസ്റ്റിക് കോൺഫ്ലിക്ട് റെസല്യൂഷൻ സെന്റർ:** കുടുംബങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വഴി സ്ത്രീകളിലും കുട്ടികളിലും സൃഷ്ടിക്കപ്പെടുന്ന മാനസിക സംഘർഷങ്ങൾ കൗൺസിലിങ്ങിലൂടെ പരിഹരിച്ച് കുടുംബത്തിനുള്ളിൽ സമാധാനവും സന്തോഷവും നിലനിർത്തുക എന്നതാണ് ഡി.സി.ആർ.സിയുടെ ലക്ഷ്യം. കേരളത്തിലെ 20 പോലീസ് ജില്ലകളിലായി 41 കൗൺസിലർമാർ വനിത സെല്ലിന്റെ നേതൃത്വത്തിൽ ഇതിനായി പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**സെൽഫ് ഡിഫെൻസ് ട്രയിനിംഗ് ടീം:** തൊഴിലിടങ്ങളിലും യാത്രാവേളകളിലും പൊതുയിടങ്ങളിലും അപ്രതീക്ഷിതമായി ഉണ്ടാവുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ സ്ത്രീകൾക്ക് ആത്മവിശ്വാസവും അറിവും നൽകുന്ന പരിപാടിയാണിത്. കലാലയങ്ങൾ, സ്കൂളുകൾ, കുടുംബശ്രീകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് ഇതിനോടകം 17 ലക്ഷത്തിലധികം വിദ്യാർഥിനികൾക്കും സ്ത്രീകൾക്കും പരിശീലനം നൽകിയിട്ടുണ്ട്.

**പ്രശാന്തി ഹെൽപ് ലൈൻ (9497900035):** വാർദ്ധക്യത്തിൽ വയോജനങ്ങൾ അനുഭവിക്കുന്ന ഏകാന്തതയും ഒറ്റപ്പെടലും വഴി ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ വിഷമതകൾ പങ്കുവെക്കുന്നതിനും മരുന്നുകളും മറ്റ് അടിയന്തര സഹായങ്ങളും അവർക്ക് ലഭ്യമാകുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് പ്രശാന്തി ഹെൽപ് ലൈൻ. വയോജന സംരക്ഷണത്തിൽ കാര്യക്ഷമമായ പങ്കുവഹിക്കാൻ ഈ സംവിധാനത്തിനു സാധിക്കുന്നുണ്ട്.

**റെയിൽവേ ജനമൈത്രി പദ്ധതി:** റെയിൽവേ യാത്രക്കാരുടെ സംരക്ഷണത്തിനും

ട്രെയിനുകൾ കേന്ദ്രീകരിച്ചിട്ടുള്ള മനുഷ്യക്കടത്ത്, ലഹരിവസ്തുക്കളുടെ കടത്ത് എന്നിവ തടയുന്നതിനും ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ജനമൈത്രി ബീറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി കേരളത്തിലെ 13 റെയിൽവേ പോലീസ് സ്റ്റേഷനുകളിൽകൂടി ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. റെയിൽവെ ജനമൈത്രി ബീറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടുകൂടി റെയിൽവേ എം-ബീറ്റ് സമ്പ്രദായം നടപ്പിൽവരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് യാത്രാവേളകളിൽ അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ തൽസമയം ട്രെയിനിൽ ഡ്യൂട്ടിയിലുള്ള റെയിൽവെ ജനമൈത്രി ബീറ്റ് ഉദ്യോഗസ്ഥനെ അറിയിച്ച് സത്വര നടപടികൾ കൈക്കൊള്ളുന്നതിനു ഈ സംവിധാനം തികച്ചും ഫലപ്രദമാണ്.

835. ക്രമസമാധാനപാലനം തങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ സഹകരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കും. പോലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും. പിരിച്ചുവിടൽ അടക്കമുള്ള കർശന നടപടികൾ ലോക്കപ്പ് അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കും.

ജനങ്ങളോട് മാന്യമായും മര്യാദയോടെയും പെരുമാറുന്നതിന് പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും (520 പോലീസ് സ്റ്റേഷൻ) ലോക്കപ്പുകളിലും സിസിറ്റിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്രിമിനൽകേസിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. 2016 മുതലുള്ള കാലയളവിൽ ഗുരുതര ക്രിമിനൽ കേസിൽ ഉൾപ്പെട്ട 105 പോലീസ് ഉദ്യാഗസ്ഥരെ പിരിച്ചുവിടുന്നതിനു നടപടി സ്വീകരിച്ചു.

836. പോലീസ് സേനാംഗങ്ങളുടെ കായികപരവും കലാപരവുമായ ശേഷികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ മേളകൾ സംഘടിപ്പിക്കും. പോലീസ് ബാന്റ് സംവിധാനത്തിനോടൊപ്പം ഓർക്കസ്ട്രയും രൂപീകരിക്കും പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഫുട്ബോൾ അക്കാദമി ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

പോലീസ് സേനാംഗങ്ങളുടെ കലാപരമായ ശേഷികളെ ഉപയോഗപ്പെടുത്തി ജനമൈത്രി ഡ്രാമാ-ഓർക്കസ്ട്ര ടീം രൂപീകരിച്ച് പൊതുസമൂഹത്തിൽ ബോധവത്ക്കരണം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു. കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത, മദ്യ-മയക്കുമരുന്ന് ദുരുപയോഗം, സൈബർ ലോകത്തെ ചതിക്കുഴികൾ, ട്രാഫിക് ബോധവത്കരണം, സ്ത്രീകൾ നേരിടുന്ന വിവിധ വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളിൽ ഇവർ സംസ്ഥാനവ്യാപകമായി നാടകങ്ങളും സംഗീതാത്മക പരിപാടികളും അവതരിപ്പിച്ചുവരുന്നു. 2023 ജനുവരി മുതൽ 2024 മാർച്ച് 31 വരെ 115 വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. വിവിധ കായിക ഇനങ്ങളിലും കേരളാ പോലീസിന് ടീം രൂപീകരിച്ചിട്ടുണ്ട്. ഫുട്ബോൾ അക്കാദമി ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു.

837. കേരള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ വ്യാപകമായി നടപ്പാക്കും. നല്ലൊരു പങ്ക് സ്കൂളുകൾ ഇന്ന് സ്വന്തം ചെലവിലാണ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നത്. മൂന്നു വർഷം ഇങ്ങനെ പ്രവർത്തിച്ച എല്ലാ സ്കൂളുകൾക്കും ധനസഹായം ഉറപ്പുവരുത്തും.

കുട്ടികളിൽ പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യപ്രതിബദ്ധതയും വളർത്തിയെടുക്കുന്നതിനായി രൂപീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി തികച്ചും കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. നിലവിൽ 997 സ്കൂളുകളിലായി 88,000 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം നേടിവരുന്നു. നാളിതുവരെ രണ്ടര ലക്ഷത്തോളം യോദ്ധാക്കളെ എസ്.പി.സി മുഖേന വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

838. സംസ്ഥാനത്ത് വനിതാ ബറ്റാലിയൻ സ്ഥാപിച്ചു. മൊത്തം പോലീസ് സേനയുടെ 15 ശതമാനം എന്ന നിരക്കിലേയ്ക്ക് വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും. സ്ത്രീസുരക്ഷയുടെ ഭാഗമായി സ്വയംപ്രതിരോധ പരിശീലനം, സൈബർ പ്രതിരോധത്തിന് ടച്ച് സ്ക്രീൻ കിയോസ്കുകൾ, കൂടുതൽ പിങ്ക് കൺട്രോൾ റൂമുകൾ, തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പദ്ധതികൾ കേരളാപോലീസ് നടപ്പിലാക്കിവരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയാണവ.

സ്ത്രീധന പീഡനം, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നിലവിലുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, സ്ത്രീസുരക്ഷ മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിൽ ഫലപ്രദമായി തീർപ്പുകൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. വനിതാസെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം സന്നദ്ധസംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

839 സംസ്ഥാനത്ത് വ്യവസായ സംരക്ഷണസേന രൂപീകരിച്ചിട്ടുണ്ട്. ആവശ്യം കണക്കിലെടുത്ത് കൂടുതൽ തസ്തിക സൃഷ്ടിക്കും.

അതീവ സുരക്ഷാമേഖലയായ സെക്രട്ടേറിയേറ്റിലും ഹൈക്കോടതിയിലും സുരക്ഷാചുമതല ഇതിനകം എസ്.ഐ.എസ്.എഫിനെ പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയുടെ വികസനം അടുത്ത ഘട്ടത്തിലേയ്ക്ക് കടക്കുകയും കൂടുതൽ ഇടങ്ങളിലേയ്ക്ക് സംരക്ഷണസേനയുടെ സേവനം ആവശ്യപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് അധിക തസ്തികകളും സൃഷ്ടിക്കുന്നതാണ്.

840. ട്രാഫിക് അപകടം കുറയ്ക്കുന്നതിന് ട്രാഫിക് പൊലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. പരിശീലനം ശക്തിപ്പെടുത്തും. ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനത്തെ കൂടുതലായി ഉപയോഗപ്പെടുത്തും. ഇതുവഴി അഴിമതിക്കുള്ള സാധ്യത കുറയ്ക്കാനാകും.

സംസ്ഥാനത്ത് വാഹന യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും റോഡ് നിയമങ്ങൾ പാലിച്ച് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന് ആവശ്യമായ അവബോധം ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, കേരളാ പോലീസിന്റെ സോഷ്യൽ മീഡിയ പേജുകൾ എന്നിവ വഴി നടത്തിവരുന്നു. ഇതിനായി 'ഓപ്പറേഷൻ ശുഭയാത്ര' എന്നൊരു പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുംപുറമേ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതാത് പോലീസ് സ്റ്റേഷനുകളെ ഏൽപ്പിച്ചുകൊണ്ട് ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും യൂണിറ്റുകളേയും ട്രാഫിക് എൻഫോഴ്സ്മെന്റിന് മാത്രമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി 2012-ൽ വാഹനാപകട നിരക്ക് ലക്ഷത്തിന് 527 ആയിരുന്നത് 2023-ൽ ലക്ഷത്തിന് 291 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

841. ഓൺലൈനായി പോലീസിന് പരാതിയും അപേക്ഷയും നൽകാനുള്ള സംവിധാനം വിപുലീകരിക്കും. സ്വീകരിച്ച നടപടിയും പൊലീസ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യുവാൻ കഴിയുന്ന സംവിധാനം ഒരുക്കും.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ സിറ്റിസൺ സർവ്വീസ് ഉൾപ്പെടുത്തി കേരള പോലീസ് തയ്യാറാക്കിയ രണ്ട് ആപ്ളിക്കേഷനുകളാണ് തുണ പോൽ-ആപ്പ് എന്നിവ. പൗരന്മാർക്ക് വിവിധതരം പോലീസ് സേവനങ്ങളും വിവരങ്ങളും എത്തിക്കുന്നതിനു ഇവ സഹായകരമാണ്. സ്മാർട്ട് ഫോൺ വഴി ഈ രണ്ടു ആപ്ലിക്കേഷനുകളും പൊതുസമൂഹം ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. നിലവിൽ പോലീസിനു ലഭിക്കുന്ന 90 ശതമാനത്തിലേറെ അപേക്ഷകളും ഈ ആപ്പുകൾ വഴിയാണ്. ട്രാഫിക് ഫൈനുകൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

842. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്യാമറകൾ, ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ, സ്മാർട്ട് പൊലീസ് സ്റ്റേഷനുകൾ എന്നിവയൊക്കെ ഉൾപ്പെടുന്ന പ്രത്യേക ഡിജിറ്റൽ പോലീസിങ് വിങ് ഉണ്ടാക്കും.

കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യങ്ങൾ നടന്ന കൃത്യസ്ഥലങ്ങളുടെ ഹോട്സ്പോട്ടുകൾ രേഖപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യയായ നിർമ്മിതബുദ്ധി കേരള പോലീസ് ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. എന്നാൽ, നിർമ്മിതബുദ്ധിയുടെ ഉപയോഗം സൃഷ്ടിച്ചേക്കാവുന്ന സ്വകാര്യതയുടെ ലംഘനം, മനുഷ്യാവകാശ ലംഘനം എന്നിവ ഒഴിവാക്കി, ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ സംവിധാനം എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്ന കാര്യത്തിൽ വിശദമായ പരിശോധന നടത്തിവരുന്നു.

843. എല്ലാ പഞ്ചായത്തിനോടും ചേർന്ന് ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ

ഉണ്ടാക്കും. ചെറിയ മോഷണങ്ങൾ, ഗാർഹിക പീഡനം, പൊതുവായ പരാതികളുടെ രജിസ്ട്രേഷൻ തുടങ്ങി സാധാരണ വിഷയങ്ങൾ എല്ലാം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾക്ക് കൈകാര്യം ചെയ്യാൻ കഴിയും. പോലീസ് മേഖലയിലെ സർവ്വീസ് പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചുകഴിഞ്ഞു. സംസ്ഥാന സർവ്വീസിൽ നിന്നു ഓൾ ഇന്ത്യാ സർവ്വീസിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പരമാവധി സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പോലീസുമായി ബന്ധപ്പെട്ട സീനിയോരിറ്റി തർക്കങ്ങൾ എല്ലാം പരിഹരിച്ച്, സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്. ഐപിഎസ് സെലക്ഷനുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ നിലനിന്നിരുന്ന കാലതാമസം ഇപ്പോഴില്ല. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികളെല്ലാം കൃത്യസമയത്തു തന്നെ കേന്ദ്രസർക്കാരിന് നൽകിവരുന്നുണ്ട്.

844. ജയിലുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കും. തവനൂർ സെൻട്രൽ ജയിൽ പൂർണ്ണമായും തുറന്നു പ്രവർത്തിപ്പിക്കും. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സാർവ്വത്രികമാക്കും.

ജയിലുകളിലെ തടവുകാരുടെ ആധിക്യം പരിഹരിക്കുന്നതിന് പുതിയ ജയിലുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ജയിലുകളിൽ അഡീഷണൽ ബ്ലോക്കുകൾ, സെല്ലുകൾ എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. കണ്ണൂർ കൂത്തുപറമ്പിൽ പുതിയ സബ് ജയിൽ പ്രവർത്തനമാരംഭിച്ചു. ചീമേനി തുറന്ന ജയിലിൽ പുതിയ ബാരക്ക് നിർമ്മാണവും, മലപ്പുറം തവനൂരിൽ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിന്റെ നിർമ്മാണവും പൂർത്തിയാക്കി. മാനസികരോഗികളായ തടവുകാരെ പാർപ്പിക്കുന്നതിന് വിയ്യൂർ, കണ്ണൂർ ജയിലുകളിലെ ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി. തിരുവനന്തപുരം ജയിലിലെ നിർമ്മാണ പ്രവർത്തനത്തിനു തുടക്കമായി.

തടവുകാരെ വീഡിയോ കോൺഫറൻസിലൂടെ കോടതിക്കു മുമ്പിൽ ഹാജരാക്കുന്നതിനുള്ള സംവിധാനം 374 കോടതി ലൊക്കേഷനുകളും 53 ജയിൽ സ്ഥാപനങ്ങളിലായി 86 ലൊക്കേഷനുകളും ഉൾപ്പെടെ 460 ഇടങ്ങളിൽ സ്ഥാപിച്ചു. പുതുതായി പ്രവർത്തനമാരംഭിച്ച 28 പോക്സോ കോടതികളിലും വീഡിയോ കോൺഫറൻസ് സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്.

845. ജയിലിലെ ഭക്ഷണനിർമ്മാണ യൂണിറ്റ് വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി വിപുലപ്പെടുത്തും. ഇതിലൂടെ നേടുന്ന അധികവരുമാനം ജയിൽ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തും.

ജയിലുകളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റ്, മാനുഫാക്ചറിംഗ് യൂണിറ്റ്, മറ്റ് സേവനമേഖലകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതത്തിൻറെ 50 ശതമാനം പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ടായി ഉപയോഗപ്പെടുത്തിവരുന്നു. ഇതു പ്രകാരം കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഫ്രീഡം ഫുഡ് ഫാക്ടറിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനും ജനറേറ്റർ

സ്ഥാപിക്കുന്നതിനും യന്ത്രോപകരണം വാങ്ങുന്നതിനും തിരുവനന്തപുരം ജില്ലാ ജയിലിലെ ഡ്രെയിനേജ് സംവിധാനം നവകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചു.

846. **ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിനു ആധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും കൂടുതൽ ലഭ്യമാക്കും. നിലവിലുള്ള ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഫയർ ആൻഡ് റെസ്ക്യൂ ട്രെയിനിങ്ങിനെ വന്യജീവി ആക്രമണങ്ങൾ ഉൾപ്പടെയുള്ളവയെ കൈകാര്യം ചെയ്യാവുന്ന വിധത്തിൽ കുറെക്കൂടി വിപുലമാക്കും.**

സംസ്ഥാനത്ത് ആദ്യമായി 85 വനിതാ ഫയർ & റെസ്ക്യൂ ഓഫീസർമാർ അഗ്നി രക്ഷാസേനയുടെ ഭാഗമായി മാറിയ വർഷമാണ് 2023-24. അതോടൊപ്പം പുതുതായി സൃഷ്ടിച്ച തസ്തികകളടക്കം 436 അഗ്നിരക്ഷാ ഉദ്യോഗസ്ഥരുടെയും അഗ്നിരക്ഷാ ഡ്രൈവർമാരുടെയും പരിശീലനം നടന്നു വരുന്നു.

ആധുനിക സൗകര്യങ്ങളുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 6 ഡി.സി.പി ടെണ്ടറുകൾ, 13 ഫയർ ടെണ്ടറുകൾ, 35 ഫസ്റ്റ് റെസ്പോൺസ് വാഹനങ്ങൾ എന്നിവയും 739 വാക്കി ടോക്കി ഹാൻഡ് സെറ്റുകൾ, 23 ഡിജിറ്റൽ മൊബൈൽ റേഡിയോകൾ, മനുഷ്യപ്രവേശനം അസാധ്യമായ അഗ്നിശമന മേഖലകളിൽ പ്രവർത്തിക്കുന്നതിനായി 2 റോബോട്ടിക് ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ സ്ക്യൂബയുമായി ബന്ധപ്പെട്ട 200 ഓളം അനുബന്ധ ഉപകരണങ്ങളും ജീവൻരക്ഷാ ഉപകരണങ്ങളും വാങ്ങുകയുണ്ടായി.

ഇതിനുപുറമെ കരുനാഗപ്പള്ളി, കാട്ടാക്കട, മട്ടന്നൂർ, കൊല്ലങ്കോട്, പെരിങ്ങോം, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു.

847. **ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന സിവിൽ ഡിഫൻസ് വോളന്റിയർമാരെ സജ്ജമാക്കും. ഓരോ സ്റ്റേഷനിലും 50 പേരുടെ യൂണിറ്റാണ് രൂപീകരിക്കുന്നത്.**

അഗ്നിരക്ഷാ വകുപ്പിന് കീഴിൽ പരിശീലനം പൂർത്തിയാക്കിയ 6200 സിവിൽ ഡിഫൻസ് വോളന്റിയർമാർ, 4500 ആപ്ത മിത്ര വോളന്റിയർമാർ എന്നിവർ നിലവിലുണ്ട്. 2023-24 സാമ്പത്തിക വർഷം ജില്ലകളിൽ ഡിസ്ട്രിക്ട് സിവിൽ ഡിഫൻസ് കൺട്രോൾ സെന്റർ രൂപീകരിച്ചു. 3200 പുതിയ സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് പരിശീലനം നൽകിവരുന്നു. ഒപ്പം 1000 സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് റിഫ്രഷൻ പരിശീലനവും നീന്തൽ പരിശീലനവും നൽകി വരുന്നു.

848. **അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടും.**

ഹോം ഗാർഡുകളുടെ ശമ്പള വർദ്ധനവിനുള്ള നടപടികൾ പരിശോധനയിലാണ്. ഇവർക്ക് സ്വയരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

849. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് 54,781 അബ്കാരി കേസുകളും, 18,486 എൻ ഡി പി എസ് കേസുകളും എടുത്തിട്ടുണ്ട്.ഈ കേസുകളിൽ 53,635 ലിറ്റർ സ്പിരിറ്റ്, 19,061 ലിറ്റർ ചാരായം,10,44,115 ലിറ്റർ കോട,11,221 കിലോഗ്രാം കഞ്ചാവ്, 22.010 കിലോഗ്രാം എം ഡി എം എ, 10,696 ലിറ്റർ വ്യാജമദ്യം, 55.804 കിലോഗ്രാം ഹാഷിഷ് ഓയിൽ, 91,630 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.5,989 കഞ്ചാവ് ചെടികൾ നശിപ്പിക്കുകയും ചെയ്തു

നല്ല രീതിയിൽ കേസുകൾ നടത്തിയതിനാൽ 2023-24 കാലയളവിൽ എക്സൈസ് വകുപ്പ് എടുത്ത കേസുകളിൽ കഞ്ചാവ് കടത്ത്, കണ്ടെത്തലുകൾ എന്നിവയിലെ 246 കേസുകളിൽ 10 വർഷത്തിലധികം കഠിന തടവും ശിക്ഷയും വിധിച്ചു. മയക്കുമരുന്നുമായി ബന്ധപ്പെട്ട 14 കേസുകളിൽ ശിക്ഷ ഉറപ്പാക്കി.

അന്യസംസ്ഥാനങ്ങളിൽ നിന്ന് ഊടുവഴികളിലൂടെയുള്ള മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും കടത്ത് തടയുന്നതിന് കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ എണ്ണം നാലായി വർദ്ധിപ്പിച്ചു.

850. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വാഹന പരിശോധനയും ട്രാഫിക് നിയന്ത്രണങ്ങളും അനിവാര്യമാണ്. മോട്ടോർ വാഹന വകുപ്പ് ഈ ലക്ഷ്യത്തോടെ ഒരു പരിധിവരെ വിപുലീകരിച്ചിട്ടുണ്ട്. ഇത് പൂർത്തീകരിക്കും.

വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെയും അതുമൂലമുണ്ടാകുന്ന മരണങ്ങളുടെയും പശ്ചാത്തലത്തിൽ കൂടുതൽ വാഹന പരിശോധനയും ട്രാഫിക് നിയന്ത്രണങ്ങളും അനിവാര്യമാണ്. അതിലേക്കായി സേഫ് കേരള പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ നിരവധി 'Special Drive' കൾ നടത്തുകയും ആയതുമായി ബന്ധപ്പെട്ട് റോഡുപയോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി കഴിഞ്ഞു.

സേഫ് കേരള പദ്ധതിയുടെ ഭാഗമായുള്ള Fully Automated Enforcement സംവിധാനം കൂടി പൂർണ്ണ സജ്ജമായി പ്രവർത്തനക്ഷമമാകുമ്പോൾ അപകട നിരക്ക് ക്രമാനുസൃതമായി കുറയുമെന്ന് തന്നെ പ്രതീക്ഷിക്കുന്നു. സേഫ് കേരള പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തുടനീളം Automatic Number Plate Recognition (ANPR), Artificial Intelligence (AI) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾക്കധിഷ്ഠിതമായ 726 ഓളം ക്യാമറകൾ സ്ഥാപിച്ച് വിവിധ ഗതാഗത കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള എറണാകുളം, കോഴിക്കോട് ജില്ലകളിലെ രണ്ട് കൺട്രോൾ റൂമുകൾ ഉൾപ്പെടെ 14 ജില്ലകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ആക്സിഡന്റ് ക്ലസ്റ്ററുകൾ ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തുന്നതിനും മൊബൈൽ നാവിഗേഷൻ ആപ്പ് വഴി ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ചുള്ള വിവരം മുൻകൂറായി

റോഡ് ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. റോഡ് നിയമങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽ ക്കരിക്കുന്നതിനും അഭിലക്ഷണീയമായ റോഡ് ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജനങ്ങൾക്കിടയിൽ റോഡ് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും വീഡിയോ പ്രദർശനങ്ങളും നടത്തിവരുന്നു.

## മറ്റു റെഗുലേറ്ററി വകുപ്പുകൾ

851. **കോർബാങ്കിംഗ് സംവിധാനത്തെ അടിസ്ഥാനമാക്കി ട്രഷറി ഇടപാടുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. സമഗ്രമായ സെക്യൂരിറ്റി ഫംങ്ഷൻ ഓഡിറ്റ് പൂർത്തീകരിക്കും. ഐ.റ്റി വിഭാഗത്തെ ശക്തിപ്പെടുത്തും.**

ട്രഷറികളിൽ ഉപയോഗിക്കുന്ന 19 ഇൻട്രാനെറ്റ് ആപ്ലിക്കേഷനുകളുടെയും സെക്യൂരിറ്റി ഓഡിറ്റ് എസ്.റ്റി.ക്യു.സി മുഖാന്തിരം പൂർത്തിയാക്കി. വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഐ.എസ്.ഒ 27001-2013 നടപ്പിലാക്കുന്നതിന്റെ പ്രാഥമിക പരിശീലനം പൂർത്തിയാക്കി. തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജീവനക്കാർക്ക് ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ പരിശീലനം ലഭ്യമാക്കി. ട്രഷറി ആസ്ഥാനത്തും മുഴുവൻ ട്രഷറികൾക്കും ആവശ്യമായ സാങ്കേതിക സപ്പോർട്ട് നൽകുന്നതിന് വിദഗ്ദ്ധരായ ജീവനക്കാരെ നിയമിച്ചു. വകുപ്പിൽ ഉപയോഗിക്കുന്ന ഡാറ്റാബേസ് പരിപാലിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 7 ജീവനക്കാർക്ക് ഐ.ബി.എം മുഖാന്തിരം പരിശീലനം നൽകി.

852. **വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ട് വില്ലേജുകളാക്കി മാറ്റും. ഭൂരേഖകളെല്ലാം അഞ്ചു വർഷംകൊണ്ട് ഡിജിറ്റലൈസ് ചെയ്യുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതി തയ്യാറാക്കും.**

സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളും സ്മാർട്ട് വില്ലേജുകളാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 698 വില്ലേജുകൾക്ക് വിവിധ പദ്ധതികളിലായി ഭരണാനുമതി നൽകി. നിലവിൽ 478 വില്ലേജോഫീസുകൾ സ്മാർട്ട് നിലവാരത്തിലേക്കുയർത്തി.

853. **കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 1.64 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു. 30,000 ത്തോളം പട്ടയങ്ങൾ വിതരണത്തിനു തയ്യാറാണ്. മലയോരങ്ങളിലും കടലോരങ്ങളിലും മറ്റു പുറംപോക്കുകളിലും താമസിക്കുന്നവർക്ക് നിയമചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് മുഴുവൻ സാധ്യമായ പട്ടയങ്ങളും വിതരണം ചെയ്യും.**

അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനായി പട്ടയമിഷൻ പ്രഖ്യാപിച്ച് നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,53,103 പട്ടയങ്ങൾ വിതരണം ചെയ്തു.

854. **സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുകയും ആധുനീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട ദുരന്ത വിശകലനവും പ്രവചനവും സാധ്യമാക്കുന്ന രീതിയിൽ സാങ്കേതിക കഴിവ് ഉയർത്തും.**



സ്മാർട്ട് വില്ലേജ് ഓഫീസ്

പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് വിശകലനം നടത്താൻ സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ 25 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. എല്ലാ താലൂക്കിലും എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിച്ചു. ദുരന്ത നിവാരണ ചുമതല വികേന്ദ്രീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി നൽകി. കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. പ്രളയ ഭൂപടം, ഓറഞ്ച് ബുക്ക് എന്നിവ പ്രസിദ്ധീകരിച്ചു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്. ഇതിനായി വിദഗ്ധരുടെ സേവനവും അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

### 856. രജിസ്ട്രേഷൻ കെട്ടിട നവീകരണം പൂർത്തിയാക്കും. പഴയ ലെഗസി റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്തു സംരക്ഷിക്കും.

കെട്ടിട നവീകരണവും ജില്ലകളിലെ രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചുവരുന്നു.

### 857. ലീഗൽ മെട്രോളജി വകുപ്പിലെ ലബോറട്ടറി കാലിബറേഷൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.

എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ നിർമ്മിച്ച തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറി, ഫ്ളോമീറ്റർ കാലിബറേഷൻ ലബോറട്ടറി, സ്ഫിഗ്മോമാനോമീറ്റർ കാലിബറേഷൻ ലബോറട്ടറി, വാട്ടർ മീറ്റർ കാലിബറേഷൻ ലബോറട്ടറി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു. എറണാകുളത്ത് പ്രവർത്തിക്കുന്ന ഗോൾഡ് അസ്സെയിംഗ് ലാബിന് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ അനെർട്ട് മുഖേന

സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിലേക്കായി സുതാര്യം മൊബൈൽ ആപ്ലിക്കേഷന്റെ നവീകരിച്ച പതിപ്പ് പുറത്തിറക്കി.

858. **സർക്കാർ പ്രസ്സുകൾ ആധുനീകരിക്കും.**

നടപടികൾ പുരോഗമിച്ചുവരുന്നു.

859. **കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പ്രവർത്തനക്ഷമമാക്കും.**

കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്.

860. **കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒറ്റ കേന്ദ്രത്തിൽ സേവനം ഉണ്ടായിരിക്കും. ഇത് സർക്കാർ സേവനങ്ങളെ സുസംഘടിതമാക്കുന്നതിന് സഹായിക്കും. വൈദ്യുതി, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സിവിൽ സപ്ലൈസ് ഓഫീസ്, ആർ.ടി.ഒ, രജിസ്ട്രേഷൻ, നികുതി അടവ്, പോലീസും ഫൈനും എന്നിങ്ങനെ എല്ലാം ഒറ്റ കേന്ദ്രത്തിൽ പ്രവർത്തിക്കും. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ വിവിധ ഓഫീസുകൾ കയറി ഇറങ്ങുന്ന സാഹചര്യം ഇതുമൂലം ഒഴിവാകും.**

കെ-സ്മാർട്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കി വരുന്നു.

861. **എല്ലാ സർക്കാർ സേവനങ്ങളും സാധ്യമാകുന്നിടത്തെല്ലാം ഹോം ഡെലിവറി വഴി നൽകും. മുതിർന്ന പൗരന്മാർക്കും രോഗികൾക്കും വികലാംഗർക്കും ഇത് സൗജന്യമായിരിക്കും.**

മസ്റ്ററിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വാതിൽപ്പടി സേവനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

## ഭരണഘടനാ സ്ഥാപനങ്ങൾ

862. **ജില്ലാ കോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം കൂടി കണക്കിലെടുത്ത് ഇനിയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കും.**

കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ചീഫ് ജസ്റ്റിസ് 3 ജഡ്ജിമാർ അടങ്ങുന്ന ഒരു കമ്മിറ്റി ഹൈക്കോടതി രൂപീകരിച്ചിട്ടുണ്ട്. മലയാളത്തിൽ വിധി എഴുതാൻ തയ്യാറുള്ള ജുഡീഷ്യൽ ഓഫീസർമാരുടെ എണ്ണവും ഇക്കാര്യത്തിൽ പരിശീലനം ആവശ്യമുള്ള ജുഡീഷ്യൽ ഓഫീസർമാരുടെ എണ്ണവും ഹൈക്കോടതി തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലയാളത്തിൽ വിധി ന്യായങ്ങൾ എഴുതാനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഹൈക്കോടതി ഓഫീഷ്യൽ മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി വിധി മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ അനുയോജ്യമായ സോഫ്റ്റ് വെയർ ആപ്പുകൾ/ ടൂളുകൾ ഉപയോഗിക്കാമെന്ന് ഹൈക്കോടതിയുടെ ഉന്നതതല ഐടി സംഘം ശിപാർശ

ചെയ്തിട്ടുണ്ട്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് അഡ്വാൻസ് കമ്പ്യൂട്ടിംഗ് (സിഡാക്) സാക്ഷിമൊഴി എടുക്കുന്ന ആവശ്യത്തിനായി Customized Malayalam/ English Speech to Text Handwritting Recoganition സിസ്റ്റത്തിനായുള്ള POC (Proof of Concept) വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

863. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവ് നികത്തും. ആവശ്യമെങ്കിൽ കൂടുതൽ കോടതികൾ അനുവദിക്കും.

പോക്സോ നിയമപ്രകാരമുള്ള കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുകയും സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ അനുവദിക്കുകയും ചെയ്തു. ഇതിൽ 55 കോടതികൾ ആരംഭിച്ചു.

സംസ്ഥാനത്ത് പുതുതായി 7 കുടുംബകോടതികൾ അനുവദിച്ചു. പ്രസ്തുത കോടതികളിലേക്ക് 21 തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്. 7 കുടുംബകോടതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ വിചാരണയ്ക്ക് തിരുവനന്തപുരത്തും തൃശൂരിലുമായി രണ്ട് പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചു. പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയ്ക്ക് 10.06.2022 ൽ അനുമതി നൽകി. ഗവൺമെന്റ് കരാറുകളിൽ സർക്കാരോ മറ്റേതെങ്കിലും കക്ഷിയോ തമ്മിലുള്ള തർക്കം തീർപ്പാക്കുന്നതിന് അനുവദിച്ച ആർബിട്രേഷൻ കോടതിയുടെ പ്രവർത്തനത്തിനായി 9 തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകി. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് കേസുകളുടെ വിചാരണയ്ക്കായി കൊല്ലത്ത് ഒരു പ്രത്യേക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കാൻ അനുമതി നൽകി. പോപ്പുലർ ഫിനാൻസ് തട്ടിപ്പ് കേസ് വിചാരണ ചെയ്യുന്നതിനായി ഒരു പ്രത്യേക കോടതി ആലപ്പുഴയിൽ 9 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് അനുവദിച്ചു.

864. 10 കോടതി സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി. 20 കോടതി സമുച്ചയങ്ങൾ കൂടി നിർമ്മാണം പൂർത്തിയാക്കും. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി വർദ്ധിപ്പിക്കും.

വിവിധ കോടതി കെട്ടിടസമുച്ചയങ്ങളുടെ നിർമ്മാണങ്ങൾക്കായും അറ്റകുറ്റപണികൾക്കുമായും 13.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർമ്മാണ ഘട്ടത്തിലാണ്. കായംകുളം, മഞ്ചേരി, കട്ടപ്പന, തൊടുപുഴ കോടതി സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായി. വടകര, മലപ്പുറം, ചാവക്കാട്, മാവേലിക്കര, കാസർഗോഡ് എന്നീ കോടതി സമുച്ചയങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്.

865. പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺലൈൻ പരീക്ഷാ സൗകര്യം വിപുലപ്പെടുത്തും.

ആസ്ഥാന ഓഫീസിലും പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ,

പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലാ ഓഫീസുകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ അംഗീകൃത എഞ്ചിനീയറിംഗ് കോളേജുകളിലെ സൗകര്യങ്ങൾ കൂടി ഉപയോഗപ്പെടുത്തി ഓൺലൈൻ പരീക്ഷ വിപുലമാക്കിയിട്ടുണ്ട്.

866. പി.എസ്.സി പരീക്ഷ, മൂല്യനിർണ്ണയം, നിയമനം എന്നിവ നടത്തുവാൻ ചലനാത്മകവും പൂർണ്ണതോതിൽ യന്ത്രവത്കൃതവുമായ 'ഡൈനാമിക് ഫുള്ളി ഓട്ടോമേറ്റഡ്' സംവിധാനം സൃഷ്ടിക്കും. ഏറ്റവും കുറഞ്ഞ മനുഷ്യ ഇടപെടലോടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും മൂല്യനിർണ്ണയം നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമനം നടത്തുകയും ചെയ്യും. ചലനാത്മകമായ ഈ പി.എസ്.സി സംവിധാനം തടസ്സമില്ലാതെ കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യും.

പി.എസ്.സിയിൽ വാർഷിക പരീക്ഷാ കലണ്ടർ നടപ്പിലാക്കി. 2022 ഡിസംബർ വരെ വിജ്ഞാപനം ചെയ്ത തസ്തികകളുടെ പരീക്ഷ 2023 ൽ പൂർത്തിയാക്കി. 2023 ജനുവരി മുതൽ ഡിസംബർ വരെ വിജ്ഞാപനം ചെയ്ത തസ്തികക ളുടെ പരീക്ഷ 2024 ൽ പൂർത്തിയാക്കും. യൂണിഫോംഡ് തസ്തികകളുടെ തെര ഞ്ഞെടുപ്പ് വാർഷികമാക്കി. സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എസ്ഐ റാങ്ക് ലിസ്റ്റ് കാലാവധി തീരുന്ന തൊട്ടടുത്ത ദിവസം തന്നെ പുതിയ ലിസ്റ്റും പ്രസിദ്ധീകരിക്കും. 20.05.2023 മുതൽ 17.05.2024 വരെ 37,124 പേർക്ക് നിയമന ശിപാർശ നൽകാനായി. ഇക്കാലയള വിൽ 1341 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാനുമായി.

867 സർക്കാർ, അർദ്ധ സർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾക്ക് രൂപം നൽകുകയും നിയമനങ്ങൾ പി.എസ്.സിക്കു വിടുകയും ചെയ്യും.

ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് എന്നിവിടങ്ങളിൽ ഇതിനോടകം സ്പെഷ്യൽ റൂളുകൾ നിലവിൽ വന്നിട്ടുണ്ട്. സി-ആപ്റ്റ് സ്പെഷ്യൽ റൂൾ ഉടൻ അംഗീകരിക്കും. സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്പെഷ്യൽ റൂൾ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. ലൈബ്രറി കൗൺസിൽ നിയമനം പി.എസ്.സിക്കു വിടുന്നത് അന്തിമ ഘട്ടത്തിലാണ്.

## സംസ്ഥാന ഭാഗ്യക്കുറി

869. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ അന്യസംസ്ഥാന ഭാഗ്യക്കുറികൾക്ക് പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ല. എന്നാൽ ജി.എസ്.ടി നിയമത്തിൽ വരുത്തിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേയ്ക്ക് കടന്നുവരാൻ ഭാഗ്യക്കുറി മാഫിയ പരിശ്രമിക്കുകയാണ്. ഇവർക്കെതിരെ നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും സ്വീകരിക്കും. ഭാഗ്യക്കുറി തൊഴിലാളികളെയും ജനങ്ങളെയും അണിനിരത്തി ലോട്ടറി മാഫിയയെ ചെറുക്കും.

ജി.എസ്.റ്റി നടപ്പാക്കിയതിനുശേഷം നിയമവിരുദ്ധ ഇതര സംസ്ഥാന

ലോട്ടറിയുടെ കടന്നുവരവ് തടയാൻ കർക്കശമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ നിയമഭേദഗതി നടപ്പിലാക്കായിട്ടുണ്ട്. ഇത്തരം ടിക്കറ്റുകൾ വിൽക്കുന്നതിൽ നിന്നും കേരള ലോട്ടറി ഏജന്റുമാരെ സർക്കാർ വിലക്കിയിട്ടുമുണ്ട്.

870. ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കു നൽകിക്കൊണ്ട് കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഉറപ്പാക്കണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിലിൽ കേരളം മുന്നോട്ടുവെച്ചു. ഈ നിലപാടിന് പൊതു അംഗീകാരം നേടിയെടുക്കാനും സാധിച്ചു.

871. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾക്കുള്ള വിഹിതം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 40 ശതമാനമായിരുന്നു. അത് ഇപ്പോൾ 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. കൂടുതൽ സമ്മാനങ്ങൾ നൽകുകയും കമ്മീഷൻ ഉയർത്തുകയും ചെയ്യും.

ഭാഗ്യക്കുറികളുടെ സമ്മാനങ്ങളുടെ എണ്ണം കൂട്ടുന്നത് നടപ്പാക്കിവരികയാണ്. 2023 വിഷു ബമ്പർ ഭാഗ്യക്കുറിയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. 25 കോടി രൂപയുടെ ഏറ്റവും വലിയ ഒന്നാം സമ്മാനവുമായി തിരുവോണം ബമ്പർ 2022 ലും 2023 ലും നടത്തി. കമ്മീഷൻ ഉയർത്തി നൽകി.

872. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി 'ലൈഫ് ബംബർ ഭാഗ്യക്കുറി' നടത്തും. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

ലോട്ടറി വെൽഫെയർ അംഗങ്ങൾക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിലേക്കായി 2021 ലെ വിഷു ബമ്പർ ലൈഫ് ബമ്പറായാണ് നടത്തിയിരുന്നത്. പ്രസ്തുത ലോട്ടറി നടത്തിപ്പിൽ നിന്നും മറ്റു ചെലവുകളെല്ലാം കുറവ് ചെയ്ത് ഭവന നിർമ്മാണ സഹായത്തിനുള്ള ലാഭ വിഹിതം നൽകുന്നതിനുള്ള നടപടികളിലാണ്.

2023–24 സാമ്പത്തിക വർഷത്തിൽ പെൻഷൻ ഉൾപ്പടെ വിവിധ ആനുകൂല്യങ്ങളിലായി 32 കോടി രൂപ ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്തു. 2022–23 ൽ 31.41 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയത്. സ്വന്തമായി കടയോ കച്ചവട സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപ്പനയ്ക്കായി ബീച്ച് അംബ്രലകൾ വിതരണം ചെയ്യുന്നു. അംഗപരിമിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ട്രൈ സ്കൂട്ടർ വിതരണം, തൊഴിലാളികൾക്ക് യൂണിഫോം വിതരണം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ്, അംഗങ്ങൾ മരണപ്പെട്ടാൽ അവകാശിക്ക് മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, പ്രത്യേക ചികിത്സാ പദ്ധതി, വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയവ നൽകുന്നു.

873. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകും. ഇതിന് ആവശ്യമായ ചട്ടഭേദഗതികൾ കൊണ്ടുവരും.

ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ അവരുടെ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകാൻ സർക്കാർ ഉത്തരവ് നൽകി. ഇതിൻ പ്രകാരം സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ മോഡിഫിക്കേഷൻ നടത്തി.

## ദേവസ്വം

874. ദേവസ്വം ബോർഡുകൾ കോവിഡിനെ തുടർന്ന് വലിയ പ്രതിസന്ധിയിലാണ്. വരുമാനം സാധാരണഗതിയിൽ ആകുന്നതുവരെ കമ്മി സർക്കാർ ഖജനാവിൽ നിന്നും നികത്തും.

ദേവസ്വം ബോർഡുകൾക്കും പത്മനാഭ സ്വാമി ക്ഷേത്രത്തിനും സർക്കാർ ഖജനാവിൽ നിന്നും ഈ കാലയളവിൽ 325.53 കോടി രൂപ നൽകി.

875. ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ, മാസ്റ്റർപ്ലാൻ തുടങ്ങിയവ പൂർത്തിയാക്കുന്നതിന് സമയബന്ധിത പരിപാടി നടപ്പാക്കും.

ശബരിമലയുടെയും അനുബന്ധ പ്രദേശങ്ങളുടെയും 50 വർഷത്തെ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. 141.35 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി. 2023-24 സാമ്പത്തിക വർഷം 13,79,50,000 രൂപയുടെ ഭരണാനുമതി നൽകി. തുടർ നടപടികൾ പുരോഗമിക്കുന്നു.

126.94 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലക്കൽ, എരുമേലി, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

876. പൈതൃക മൂല്യമുള്ള പ്രധാനപ്പെട്ട അമ്പലങ്ങൾ പഴമയിൽ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കും.

പൈതൃക മൂല്യമുള്ള ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിന് പുരാവസ്തു, ടൂറിസം വകുപ്പുകളുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മലബാർ ദേവസ്വം ബോർഡ് ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു.

877. ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അവിടുത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കുന്നതിനുള്ള വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീമിന് രൂപം നൽകും. ഇവർക്കായി പ്രത്യേക ക്ഷേമനിധിയും ഏർപ്പെടുത്തും.

സ്വകാര്യ ക്ഷേത്രങ്ങളിലെ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായി. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ സ്വകാര്യ ക്ഷേത്രങ്ങ

ളിലെ ജീവനക്കാർക്കും അംഗമാകാവുന്നതാണ്. സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുമായി ദേവസ്വം വകുപ്പിന്റെ പരിധിയിൽ പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായുള്ള വിവര ശേഖരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

## സംസ്ഥാന ആസൂത്രണ ബോർഡ്

878. പഞ്ചവത്സര പദ്ധതി ആസൂത്രണം മുന്നോട്ട് കൊണ്ടുപോകുന്ന ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനതല ആസൂത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ അംഗീകരിച്ചിട്ടുണ്ട്. 2024–25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ 39971.65 കോടി രൂപയാണ്.

879. പതിനാലാം പഞ്ചവത്സര പദ്ധതി ആഗോളതലത്തിൽ വിദഗ്ധരുടെയും കേരളത്തിലെ ജനവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കും.

കേരളത്തിലെ ആസൂത്രണ വികസന പ്രക്രിയകളെക്കുറിച്ച് ആഗോളതലത്തിൽ അറിയപ്പെടുന്ന വിദഗ്ധർ കേരളീയം 2023 ന്റെ ഭാഗമായി വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അവ ക്രോഡീകരിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംവരണനയം

880. പട്ടികജാതി – പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണം. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പുവരുത്താനും കഴിയണം. അതോടൊപ്പം മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സർക്കാർ തുടരും. നാലു പതിറ്റാണ്ടിലേറെയായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചുവരുന്ന ഈ സംവരണനയത്തെ ഉയർത്തിപ്പിടിക്കും.

നിലവിൽ പട്ടികജാതി – പട്ടികവർഗ്ഗക്കാർക്കും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സംവരണം അതേപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

881. പട്ടികജാതി – പട്ടികവർഗ്ഗ സംവരണം സ്വകാര്യ മേഖലയിലേയ്ക്കു കൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.

ദേവസ്വം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക – അനധ്യാപക നിയമനങ്ങളിൽ പി.എസ്.സി. മാതൃകയിൽ സംവരണം നടപ്പാക്കി. സ്വകാര്യ മേഖലയിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നത് പരിശോധിച്ചുവരുന്നു.

882. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ

ലഭിക്കണമെന്നത് ന്യായമാണ്. പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഇത് നടപ്പിലാക്കാനാവണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാനുള്ള ഇടപെടൽ നടത്തും.

ഇത് സംബന്ധിച്ച് പ്രത്യേകമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി റിട്ട. ചീഫ് ജസ്റ്റിസ് ശ്രീ. കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായുള്ള ഒരു കമ്മീഷനെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളും.

## മദ്യനയം

883. മദ്യാസക്തിക്കെതിരെ ശക്തമായ പ്രചാരണവും നിയന്ത്രണവും കൊണ്ടുവരും. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക.

മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിനിന്റെ മൂന്ന് ഘട്ടം പൂർത്തിയായി. നാലാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വസ്തുക്കൾ സംബന്ധിച്ച പരാതികൾ അറിയിക്കുവാനുള്ള നമ്പരുകൾ അടങ്ങിയ പോസ്റ്ററുകളും ബോർഡുകളും വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച് രഹസ്യ വിവരശേഖരണം ശക്തിപ്പെടുത്തി.

മയക്കുമരുന്ന് കുറ്റകൃത്യത്തിനെതിരെ നിയമ നടപടികൾ കൂടുതൽ കർശനമാക്കി. മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. ആവർത്തിച്ച് മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളാകുന്നവർക്ക് ഉയർന്ന ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്ഥിരമായി മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

884. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി വിമുക്തി മിഷനു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

ലഹരിവസ്തുക്കൾ വർജ്ജിക്കുന്നതിനായി പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്താനുള്ള പരിപാടികൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. 2022 ഒക്ടോബർ 2 മുതൽ സംസ്ഥാനത്ത് നോ ടു ഡ്രഗ്സ് (NO TO DRUGS) എന്ന പേരിൽ ലഹരിക്കെതിരെ വ്യാപകമായി പ്രചരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, എക്സൈസ്, പോലീസ്, ഐ&പി.ആർ.ഡി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളെയും, എല്ലാ രാഷ്ട്രീയ പാർട്ടികളെയും, ജാതി-മത-സാമൂഹിക-സാംസ്കാരിക

സംഘടനകളെയും കുടുംബശ്രീ, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ് എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് പ്രചാരണം സംഘടിപ്പിച്ചത്.

885. 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മേഖലാ കൗൺസിലിംഗ് സെന്ററുകൾക്കും രൂപം നൽകും.

വിമുക്തിമിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പതിനാല് ജില്ലകളിലും സർക്കാർ ജില്ലാ / താലൂക്കാശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു. വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന 2018 നവംബർ മുതൽ 2024 മാർച്ച് വരെ 1,17,786 പേർക്ക് ഒ.പിയിലും 9,763 പേർക്ക് ഐ.പിയിലും ചികിത്സ നൽകി.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ മേഖലാ കൗൺസിലിംഗ് സെന്ററുകൾ വഴി നേരിട്ടും ടെലഫോൺ മുഖാന്തിരവും സൗജന്യ കൗൺസിലിംഗ് ലഭ്യമാണ്. മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന 18,611 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 25 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസലിംഗും ചികിത്സയും നൽകിവരുന്നു.

886. മദ്യം പോലെ സാമൂഹ്യഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും. സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശക്തമാക്കും.

നോ ടു ഡ്രഗ്സ് ക്യാമ്പയിൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. ലഹരിവിരുദ്ധ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി തെളിവാനം വരയ്ക്കുന്നവർ കൈപ്പുസ്തകം തയ്യാറാക്കി. ഈ കൈപ്പുസ്തകത്തെ ആസ്പദമാക്കി വിവിധ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

30 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കായിക ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്തു. 1,000 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളോടനുബന്ധിച്ച് 'ടീം വിമുക്തി' എന്ന പേരിൽ ഖോ ഖോ, ഹാൻഡ് ബോൾ, വോളിബോൾ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിൽ കായിക ടീമുകൾ രൂപീകരിച്ച് മത്സരങ്ങൾ സംഘടിപ്പിച്ചു.

സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന 'നേർവഴി' പദ്ധതി വഴി 180 വിദ്യാർത്ഥികൾക്ക് കൗൺസലിങ്ങ് നൽകി. അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി 'കരുതൽ', 'കവചം' എന്നീ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തു. ലഹരിവിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചു.

കോളേജ് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിന് കാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

## ജീവനക്കാർ

888 ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ അനോമലി സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം പരിശോധിക്കുന്നതിന് അനോമലി കമ്മിറ്റിയെ നിയോഗിക്കും. ക്യാബിനറ്റു തലത്തിൽ തന്നെ ചർച്ച ചെയ്ത് പരാതികൾക്കു പരിഹാരം കാണും.

അനോമലി കമ്മിറ്റി റിപ്പോർട്ട് ഉന്നതതല സമിതിയുടെ അന്തിമപരിഗണനയിലാണ്.

889 പങ്കാളിത്ത പെൻഷൻ റിപ്പോർട്ട് സമർപ്പിച്ചയുടനെ തന്നെ പരിശോധിച്ച് ജീവനക്കാരുടെ താത്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കും.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരികയും വിശദമായി പരിശോധിക്കുന്നതിനായി ഉന്നതതല സമിതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

## തൊഴിൽനയം

890. മിനിമം കൂലി 700 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്ത്രീപുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

1948 ലെ മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തി 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചു. ഇതിൽ മീഡിയാ സെക്യൂർ, റ്റി.എം.റ്റി സ്റ്റീൽ ബാർസ് എന്നീ രണ്ട് മേഖലകളുടെ മിനിമം വേതനം ആദ്യമായി നിശ്ചയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് വേതനം നിശ്ചയിക്കുമ്പോൾ ലിംഗസമത്വം ഉറപ്പാക്കുന്നുണ്ട്.

മിനിമം വേതനം നിശ്ചയിക്കുന്നതിനും കാലോചിതമായി അവ പുതുക്കുന്നതിനുമായി മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിലുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള നിർമ്മാണ മേഖല, ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിൽ നിലവിലെ പ്രതിദിന വേതനം 700 രൂപയ്ക്ക് മുകളിലാണ്. നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലെ വേതനം മറ്റ് സംസ്ഥാനങ്ങളിലെ വേതനത്തെ അപേക്ഷിച്ച് മൂന്നിരട്ടിയാണ്. 2023 മുതൽ മിനിമം കൂലി പുതുക്കി നിശ്ചയിച്ച ഹോസ്റ്റൽ മേഖല, ആനകളുടെ പരിപാലനവും സംരക്ഷണവും മേഖല, ടിംബർ കട്ടിങ് മേഖല, ടിംബർ & പ്ലൈവുഡ് വ്യവസായ മേഖല, മോട്ടോർ ബോട്ട് ഒഴികെയുള്ള ജലഗതാഗത മേഖല തുടങ്ങിയ ഒട്ടുമിക്ക എല്ലാ മേഖലകളിലും പ്രതിദിന വേതനം 700 രൂപ വരത്തക്ക രീതിയിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രതിമാസ സ്ഥാപന

പരിശോധനകളിലൂടെ തൊഴിലാളികൾക്ക് തുല്യജോലിയ്ക്ക് തുല്യവേതനം ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു.

892. അതിഥി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അവർക്ക് റേഷൻ കാർഡ്, ആരോഗ്യ കാർഡ്, ഇൻഷ്വറൻസ് തുടങ്ങിയവ ഉറപ്പുവരുത്തും. അവരുടെ താമസ കേന്ദ്രങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതു സൗകര്യങ്ങൾ സൃഷ്ടിക്കും.

ആവാസ് പദ്ധതി വഴി അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ച് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി വഴി മരണാനന്തര ആനുകൂല്യം, അപകട മരണ ആനുകൂല്യം, ആശ്വാസ ധനസഹായം, ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, ടെർമിനൽ ആനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, മൃതദേഹങ്ങൾ അവരുടെ നാട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള ധന സഹായം എന്നിവ നൽകിവരുന്നു.

അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിന് അതിഥി പോർട്ടൽ നിലവിലുണ്ട്. അതിഥി തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

കേരളത്തിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഹോസ്റ്റൽ സൗകര്യം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് അപ്നാ ഘർ. പാലക്കാട്, കിനാലൂർ എന്നിവിടങ്ങളിൽ അപ്നാ ഘർ ആരംഭിച്ചു. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ പുതുതായി അപ്നാ ഘർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും വൃത്തിയും സുരക്ഷിതത്വവുമുള്ള താമസസൗകര്യം ഉറപ്പാക്കുന്നതിന് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (ആലയ്) ആവിഷ്ക്കരിച്ചു.

893. എൻ.ബി.എഫ്.സികളിലെ ജീവനക്കാരുടെ തൊഴിലും മിനിമം വേതനവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ നോൺ ബാങ്കിംഗ് സെക്ടറിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. തൊഴിൽപരമായ പരാതികളിന്മേൽ ജില്ലാ ലേബർ ഓഫീസർമാർ ഇടപെട്ട് പരാതി പരിഹരിച്ചുവരുന്നു.

894. ലേബർ കമ്മീഷണറേറ്റ് വിപുലീകരിച്ചു പുനഃസംഘടിപ്പിക്കും.

നടപടി സ്വീകരിച്ചു വരുന്നു.

895. ക്ഷേമനിധികളുടെ ഭരണച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് സമാനമായവയുടെ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരും.

നടപടി സ്വീകരിച്ചു വരുന്നു.

896. **ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും. നിലവിലുള്ള സാമൂഹ്യസുരക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തും.**

സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരെയുള്ള ദുർവിനിയോഗം, ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവയിൽ നിന്നും സംരക്ഷണത്തിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുമായി ദേശീയ പട്ടികവർഗ്ഗ കമ്മീഷന്റെ നിർദ്ദേശാനുസരണം കേരള ഡൊമിസ്റ്റിക് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ബില്ല് 2020 (കരട്) തയ്യാറാക്കി. കരട് ബില്ല് ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുന്നതിന് ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു.

897. **ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും.**

നോക്കുകൂലി ആവശ്യപ്പെട്ടാൽ അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചുമട്ടു തൊഴിലാളി നിയമത്തിലെ ആക്ടിലും റൂളിലും ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു. ചുമട്ടുതൊഴിലാളി സമൂഹത്തിന്റെ പ്രതിബദ്ധതയെ ചോദ്യം ചെയ്യുന്ന നോക്കുകൂലി എന്ന ദുഷ് പ്രവണതക്കെതിരെ 'നോ നോക്കുകൂലി 2021' ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

'നവശക്തി 2023' പരിപാടിയിലൂടെ സൂക്ഷ്മതയും സ്കില്ലും ആവശ്യമുള്ള ഇലക്ട്രോണിക്, മെഡിക്കൽ സാമഗ്രികളുടെ കയറ്റിറക്കിന് തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലനം നൽകിവരുന്നു. ചുമട്ടുതൊഴിലാളികളുടെ ഇടയിൽ ലഹരി ഉപയോഗത്തിനെതിരെ അവബോധമുണ്ടാക്കുന്നതിന് ഒരു മാസക്കാലം നീണ്ടുനിന്ന 'അവബോധന 2022' സംഘടിപ്പിച്ചു.

899. **വിവിധ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും നടപടി സ്വീകരിക്കും.**

2015 വർഷം മുതൽ കോവിഡ് കാലഘട്ടമൊഴികെ കൊല്ലത്ത് പ്രവർത്തിച്ചുവരുന്ന തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കയർ, കശുവണ്ടി, മത്സ്യസംസ്കരണം, പാക്കിങ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗനിർണ്ണയ സർവേകൾ നടത്തിവരുന്നു. തൊഴിൽ ദാതാക്കൾ മുഖേന തുടർചികിത്സ ഉറപ്പാക്കുന്നു.

ഹസാർഡസ് ഫാക്ടറികളിലും അപകടകരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഫാക്ടറികളിലും വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ സമയബന്ധിതമായി പരിശോധനകളും ചികിത്സയും നടത്തിവരുന്നതിനു പുറമെ ഫാക്ടറി

മാനേജ്മെന്റിന്റെ ആവശ്യാനുസരണം എല്ലാ വിഭാഗങ്ങളിലുമുള്ള ഫാക്ടറികളിലും പ്രീഎംപ്ലോയ്മെന്റ്, പീരിയോഡിക്കൽ, ആനുവൽ പരിശോധനകളും നടത്തുന്നുണ്ട്. ഇ-സഞ്ജീവനി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗങ്ങൾ സംബന്ധിച്ച സംശയനിവാരണം നടത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

900. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾക്കെതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുക. തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തും. നിയമങ്ങൾ പരിഷ്കരിച്ച് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പു വരുത്തും.

നടപടി സ്വീകരിച്ചു വരുന്നു.

# പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്ക് പുറമെ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

## മാലിന്യത്തിൽ നിന്നും സമ്പത്ത് ഉൽപാദിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി

വ്യവസായ വകുപ്പുമായി ചേർന്ന് നടപടികൾ ആരംഭിച്ചു. അൻപതോളം സംരംഭകരെ ഈ മേഖലയിൽ എംപാനൽ ചെയ്തിട്ടുണ്ട്. ഇ–വേസ്റ്റ് പുനഃചംക്രമണം ചെയ്യുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് പരിശീലനം നൽകാൻ തീരുമാനിച്ചു. ഈ മേഖലയിലെ സംരഭക പ്രോത്സാഹനത്തിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കുടുംബശ്രീയുടെ ലഞ്ച് ബെൽ

കുടുംബശ്രീ സംരംഭകർ തയാറാക്കുന്ന ഉച്ചഭക്ഷണം ഓൺലൈൻ ഡെലിവറി സംവിധാനത്തിലൂടെ ആവശ്യക്കാരിലേക്ക് എത്തിക്കുന്ന പദ്ധതിയാണ്  കുടുംബശ്രീയുടെ "ലഞ്ച് ബെൽ." കുടുംബശ്രീ പോക്കറ്റ് മാർട്ട് എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി വെജ്/നോൺ വെജ് ഭക്ഷണം ഓർഡർ ചെയ്യാം. തുടക്കത്തിൽ തിരുവനന്തപുരത്ത് പി.എം.ജി, പട്ടം, സ്റ്റാച്യു, ആയുർവേദ കോളേജ് എന്നിവിടങ്ങളിലെ ഓഫീസുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## കെ ഫോർ കെയർ

വിദഗ്ധ പരിശീലനം നേടിയ പ്രൊഫഷണൽ എക്സിക്യൂട്ടീവുകൾ മുഖേന വിവിധ ഗാർഹിക പരിചരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് കെ ഫോർ കെയർ.  വയോജന–ശിശു പരിപാലനം, രോഗീ പരിചരണം, ഭിന്നശേഷി പരിപാലനം, പ്രസവ ശുശ്രൂഷ എന്നിങ്ങനെ ദൈനംദിന ജീവിതത്തിൽ ഒരു കുടുംബത്തിന് മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്ന മേഖലകളിൽ സേവനം നൽകുന്നു. തൃശ്ശൂർ ജില്ലയിൽ 30 പേരടങ്ങിയ ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കി.

## ക്വിക്ക് സെർവ്

നഗരങ്ങളിൽ വിവിധ സേവനങ്ങളേകുന്ന പ്രൊഫഷണൽ ടീമാണ് ക്വിക്ക് സെർവ്. വീട്ടുജോലി, ഗൃഹ ശുചീകരണം, പാചകം, കിടപ്പുരോഗികളുടെയും കുട്ടികളുടെയും വൃദ്ധരുടെയും പരിചരണം, പ്രസവാനന്തര ശുശ്രൂഷ, കാർ വാഷ് തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കാനുള്ള പരിശീലനങ്ങളും നൽകിവരുന്നു. 16 നഗരങ്ങളിൽ ക്വിക്ക് സെർവ്  ടീമുകൾ രൂപീകരിച്ചു.

## കഫെ കുടുംബശ്രീ പ്രീമിയം

പൊതുജനങ്ങൾക്ക് എല്ലാവിധ നൂതന സൗകര്യങ്ങളും ഒരുക്കി നൽകുന്ന ഭക്ഷണശാലകളുടെ ശൃംഖലയായ കഫെ കുടുംബശ്രീ പ്രീമിയത്തിന് അങ്കമാലി, ഗുരുവായൂർ, വയനാട്ടിലെ മേപ്പാടി എന്നിവിടങ്ങളിൽ  തുടക്കമിട്ടു. സൂക്ഷ്മ സംരംഭ മേഖലയിൽ കുടുംബശ്രീയുടെ ശ്രദ്ധേയമായ ഇടപെടലാണ് കഫെ കുടുംബശ്രീ. കുടുംബശ്രീ സംരംഭകർക്ക്  മെച്ചപ്പെട്ട വരു

മാനം ഉറപ്പുവരുത്തുന്നതിനും പ്രീമിയം സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായാണ് പ്രീമിയം കഫെകൾക്ക് കുടുംബശ്രീ തുടക്കമിട്ടിരിക്കുന്നത്.

## കെ ലിഫ്റ്റ് 24

ഒരു അയൽക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് ഒരു സംരംഭം/തൊഴിൽ എന്ന കണക്കിൽ ഉപജീവന മാർഗ്ഗം സൃഷ്ടിച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള ഉപജീവന ക്യാമ്പയിനാണ് കെ ലിഫ്റ്റ് 24. കുടുംബശ്രീ ലൈവ്‌ലിഹുഡ് ഇനീഷ്യേറ്റീവ് ഫോർ ട്രാൻഫോർമേഷൻ (കെ ലിഫ്റ്റ് 24) എന്ന ഈ ക്യാമ്പയിനിലൂടെ അയൽക്കൂട്ടാംഗങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് പുറമേ പാലിയേറ്റീവ് ഗുണഭോക്താക്കൾ, ഭിന്നശേഷിക്കാർ എന്നിവർക്കും ഉപജീവനം ലഭ്യമാക്കും.

## ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്

പമ്പാ നദീതടവുമായി ബന്ധപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശീലനവും സാങ്കേതികസഹായവും നൽകി.

## വൻകിട ജലസേചന പദ്ധതികൾ

പഴശ്ശി പദ്ധതിയുടെ 404 കി.മീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയിലെ കനാലിന്റെയും സ്ട്രക്ച്ചറുകളുടേയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോരയാർ മുതൽ വരട്ടയാർ വരെ കനാൽ ദീർഘിപ്പിച്ച് ബന്ധപ്പെട്ട പ്രദേശങ്ങളിലേക്ക് ജലസേചനം നടത്തുന്നതിനുള്ള നിർമ്മണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടമായി വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡാം ഡിസിൽറ്റേഷൻ

മീങ്കര, വാളയാർ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കമ്പാലത്തറ, വെങ്കലക്കയം, കുന്നംപിടാരി ഏരിയകളുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

## കേരള അഗ്രോ ബിസിനസ്സ് കമ്പനി

കാർഷിക മേഖലയിലെ മൂല്യവർദ്ധനവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനവും ലക്ഷ്യമാക്കി ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുന്നതിനായി കേരള അഗ്രോ ബിസിനസ്സ് (KABCO) കമ്പനി രൂപീകരിച്ചു.

## ഞങ്ങളും കൃഷിയിലേയ്ക്ക്

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി. അതിന്റെ ഭാഗമായി ഇതുവരെ 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

## കേരളാഗ്രോ

'കേരളാഗ്രോ' എന്ന കൃഷി വകുപ്പിന്റെ ഏകീകൃത ബ്രാൻഡിൽ കാർഷികോല്പന്നങ്ങൾ നേരിട്ടും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് തുടക്കം കുറിച്ചു.

## കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (KERA).

കാലാവസ്ഥാവ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യ ശൃംഖല നവീകരിക്കുന്നതിനുമായി സംസ്ഥാനത്തെന്റെ കാർഷികമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലോകബാങ്ക് സഹായാത്തോടെയുള്ള പദ്ധതിയാണ് കേര.

## സെന്റർ ഓഫ് എക്സലൻസ്

മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ്  ഓഫ് ഹോർട്ടികൾച്ചർ (M.I.D.H) പദ്ധതിയുടെയും സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെയും സഹായത്തോടെ, ഇൻഡോ-ഡച്ച്  കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ്) വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ  സ്ഥാപിച്ചു.

## റാപ്പിഡ് റെസ്പോൺസ് ടീം

നെല്ല് സംഭരണവേളയിൽ  ഈടാക്കുന്ന കിഴിവ്, കൊയ്ത്ത് മെതിയെന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത എന്നിവ സംബന്ധിച്ചുള്ള പരാതികൾ സമയബന്ധിതമായി പരിഗണിക്കുന്നതിന് കൃഷി വകുപ്പിലെയും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.

## ഏകീകൃത കാർഷിക വിവര ഹബ്ബും, ഡിജിറ്റൽ കർഷക സേവന പ്ലാറ്റ് ഫോമും

കാർഷിക മേഖലയുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തി ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കർഷകർക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും സുതാര്യമായും വേഗത്തിലും  കാര്യക്ഷമമായും നൽകുകയെന്ന ലക്ഷ്യത്തോടെ കേരളാ കൃഷി ഹബ് ആരംഭിച്ചിട്ടുണ്ട്.

## കാർബൺ തുലിത കൃഷി

ആലുവ വിത്തുൽപാദന ഫാം രാജ്യത്തെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമായി പ്രഖ്യാപിച്ചു. ഇതിന്റെ തുടർച്ചയായി അടുത്ത ഘട്ടത്തിൽ തെരെഞ്ഞെടുത്ത 13 ഫാമുകളെയും ആതിരപ്പള്ളി ട്രൈബൽ മേഖലെയും കാർബൺ ന്യൂട്രൽ ആക്കി മാറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായി വിവിധ ഏജൻസികളുമായി ധാരണാപത്രം ഒപ്പു വച്ചു.

## വിള ഇൻഷുറൻസ് പരിരക്ഷ

വനാതിർത്തിയോടു ചേർന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ തർക്കങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകൾക്ക് വിള ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി.

## വന്യമൃഗാക്രമണം

കാർഷിക വിളകളെ വന്യമൃഗാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് RKVY പദ്ധതി നടപ്പിലാക്കി.

## തീരദേശസംരക്ഷണപഠനം

ശക്തമായ തീരശോഷണം നേരിടുന്ന കേരള തീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് (കൊല്ലംകോട്, ശംഖുമുഖം. ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി കാപ്പാട്. തലശ്ശേരി വലിയപറമ്പ) പ്രത്യേകമായും കേരളതീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് തീരസംരക്ഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസിനു കീഴിലുള്ള ചെന്നൈ ആസ്ഥാനമായ 'നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ' എന്ന സ്ഥാപനവുമായി പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. സംസ്ഥാനത്ത കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാ ക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ അനുസരിച്ച് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സോളാർ സിറ്റി പദ്ധതി

രാജ്യത്തെ പ്രധാന നഗരങ്ങളെ സൗരോർജ്ജവത്കരിക്കുക എന്ന ആശയം ലക്ഷ്യമിട്ട് കൊണ്ടുള്ള സോളാർ സിറ്റി പദ്ധതി തിരുവനന്തപുരത്ത് നടപ്പിലാക്കി. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നഗരത്തിലെ 500ൽ പരം പൊതു കെട്ടിടങ്ങളിൽ 16 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു.

## 'അംഗൻ ജ്യോതി' പദ്ധതി

2050 ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാകുന്നതിന്റെ ഭാഗമായി അങ്കണവാടികളെ സമ്പൂർണ്ണ ഊർജ്ജ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കി.

## സ്മാർട്ട് ട്രാവൽ കാർഡ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഗമമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി നടപ്പിലാക്കി.

## ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ്

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

## ടിക്കറ്റിതര വരുമാന പദ്ധതികൾ

കെ.എസ്.ആർ.ടി.സി.യുടെ 48 ഡിപ്പോകൾ കേന്ദ്രീകരിച്ച് ബസ്സുകൾ വഴി കൊറിയർ ആന്റ് ലോജിസ്റ്റിക്സ് സംവിധാനം നടപ്പിലാക്കി. കേരളത്തിന് പുറത്ത് കോയമ്പത്തൂരും, നാഗർകോവിലിലും ലോജിസ്റ്റിക്സ് കൗണ്ടറുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡക്കർ ബസിൽ സൈറ്റ് സീയിംഗ് തിരുവ

നന്തപുരം, തലശ്ശേരി എന്നീ നഗരങ്ങളിൽ നടത്തി വരുന്നു. ഇരുപതിനായിരത്തിലധികം വിനോദ സഞ്ചാരികൾ ഈ സൈറ്റ് സീയിംഗ് സർവ്വീസ് ആസ്വദിച്ചു കഴിഞ്ഞു. വിനോദ സഞ്ചാരികളുടെ ആവശ്യപ്രകാരം വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

## ജനത സർവ്വീസ്

കുറഞ്ഞ നിരക്കിൽ ഹ്രസ്വദൂര യാത്രക്കാർക്ക് എ.സി ബസ് സൗകര്യം ഒരുക്കുന്നതിനായി ആരംഭിച്ച ജനത സർവ്വീസുകൾ തലസ്ഥാനത്തെ ഓഫീസുകളിൽ എത്തുന്നവർക്ക് സഹായകരമാകുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്നും രാവിലെ ആരംഭിച്ച് തിരുവനന്തപുരത്തേക്കും തിരികെയും സർവ്വസ് നടത്തുന്ന രീതിയിലാണ് സർവ്വീസുകൾ ക്രമീകരിച്ചിരിക്കുന്നത്.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത കാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമലംഘനങ്ങളും റോഡപകടങ്ങളും നിരന്തരമായി നിരീക്ഷിക്കുകയും നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്തു വരുന്നു.

സ്മാർട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എൻഫോഴ്സ്മെന്റ് പരിശോധനകൾക്കായി 200 ഡാഷ്ബോർഡ് ക്യാമറകൾ 15.28 ലക്ഷം രൂപ ചെലവിൽ വകുപ്പിന്റെ വാഹനങ്ങളിൽ സ്ഥാപിച്ചു.

ഇ-മൊബിലിറ്റി പ്രമോഷന്റെ ഭാഗമായി ഇ-ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഓട്ടോറിക്ഷ ഒന്നിന് 30,000 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നുണ്ട്.

പി.വി.സി കാർഡുകളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിംഗ് ലൈസൻസും അച്ചടിച്ച് നൽകുന്ന നടപടികൾ ആരംഭിച്ചു. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് എന്നിവയുടെ കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്കായി വകുപ്പ് കേന്ദ്രീകൃത വെബ് അപ്ലിക്കേഷൻ 'പരിവാഹൻ' നടപ്പിലാക്കി.

## ഡെസ്റ്റിനേഷൻ ചലഞ്ച്

സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റായി മാറ്റുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിന് ഒരു ടൂറിസം കേന്ദ്രം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## ഹെലി ടൂറിസം

സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് ചുരുങ്ങിയ സമയം കൊണ്ട് സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിന് ലക്ഷ്യമിട്ട് ഹെലി ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു.

പ്രോഗ്രസ് റിപ്പോർട്ടിന്റെ പൂർണ്ണരൂപം www.keralacm.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
പ്രോഗ്രസ് റിപ്പോർട്ടിനെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈൻ ആയി അറിയിക്കുന്നതിന് പുറമെ താഴെ പറയുന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അറിയിക്കാവുന്നതാണ്.

മുഖ്യമന്ത്രി
മൂന്നാം നില,നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001

രണ്ടാം പിണറായി വിജയൻ
സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട്

2023 - 2024

## എൽ ഡി എഫ് പ്രകടനപത്രികയിലെ 900 വാഗ്ദാനങ്ങളുടെ നിർവ്വഹണപുരോഗതി

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Printed and Published by T.V. Subhash IAS, Director Information & Public Relations Department on behalf of Government of Kerala and Printed at Kerala Books and Publications Society, Kochi 30. Published from Information Public Relations Department, Government of Kerala Government Secretariate, Thiruvananthapuram 695001
Copies: 500 For Free Circulation